# വിമതരതിയുടെ ആവിഷ്കാരം ആധുനിക മലയാളസാഹിത്യത്തിൽ

(മാധവിക്കുട്ടി, പി. പത്മരാജൻ, കെ. പി. രാമനുണ്ണി, ഇന്ദു മേനോൻ എന്നിവരുടെ രചനകളെ മുൻനിർത്തിയുള്ള പഠനം)

കോഴിക്കോട് സർവകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി
സമർപ്പിക്കുന്ന ഗവേഷണ പ്രബന്ധം


**ഷീജ വി. കെ.**

ഗവേഷണ കേന്ദ്രം

**മലയാളവിഭാഗം**
**ശ്രീ നീലകണ്ഠ ഗവ. സംസ്കൃത കോളേജ്**
**പട്ടാമ്പി**



ജനുവരി 2017

# Delineation of Ultra Irotica in Modern Malayalam Literature

## (With special references to the works of Madhavikkutty, P.Padmarajan, K.P Ramanunni and Indu Menon)

Thesis submitted under the Department of Malayalam
S.N.G.S.College Pattambi
for the Award of Doctor of Philosophy

SHEEJA V.K.

DEPARTMENT OF MALAYALAM
S.N.G.S. COLLEGE
PATTAMBI

JANUARY 2017

# സത്യവാചകം

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെലോഷിപ്പിനോ അതുപോലുള്ള മറ്റെന്തെങ്കിലും ടൈറ്റിലിനോ അംഗീകാരത്തിനോ എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ ബോധിപ്പിക്കുന്നു.

പട്ടാമ്പി

**ഷീജ വി.കെ.**

**ഡോ. പി. മുരളീധർ**
**അസോസിയേറ്റ് പ്രൊഫസർ**
**(റിട്ടയേർഡ്)**
**മലയാളവിഭാഗം**
**എസ്.എൻ.ജി.എസ്. കോളേജ്**
**പട്ടാമ്പി**

## സാക്ഷ്യപത്രം

**'വിമതരതിയുടെ ആവിഷ്കാരം ആധുനിക മലയാളസാഹിത്യത്തിൽ (മാധവിക്കുട്ടി, പി. പത്മരാജൻ, കെ.പി. രാമനുണ്ണി, ഇന്ദു മേനോൻ എന്നിവരുടെ രചനകളെ മുൻനിർത്തിയുള്ള പഠനം)'** എന്ന വിഷയത്തെ അധികരിച്ച് **ഷീജ വി.കെ.** സമർപ്പിച്ച പ്രബന്ധം പരീക്ഷകർ നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി പരിഷ്കരിച്ച കോപ്പിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പട്ടാമ്പി

**ഡോ. പി. മുരളീധർ**

**ഡോ. പി. മുരളീധർ**
**അസോസിയേറ്റ് പ്രൊഫസർ**
**(റിട്ടയേർഡ്)**
**മലയാളവിഭാഗം**
**എസ്.എൻ.ജി.എസ്. കോളേജ്**
**പട്ടാമ്പി**

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **'വിമതരതിയുടെ ആവിഷ്കാരം ആധുനിക മലയാളസാഹിത്യത്തിൽ (മാധവിക്കുട്ടി, പി. പത്മരാജൻ, കെ.പി. രാമനുണ്ണി, ഇന്ദു മേനോൻ എന്നിവരുടെ രചനകളെ മുൻനിർത്തിയുള്ള പഠനം)'** എന്ന പ്രബന്ധം **ഷീജ വി.കെ.** എന്റെ മാർഗനിർദ്ദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പട്ടാമ്പി

**ഡോ. പി. മുരളീധർ**

# കൃതജ്ഞത

നിസ്സീമമായ പ്രോത്സാഹനത്തിലൂടെയും സ്നേഹപൂർണമായ നിർദ്ദേശങ്ങ ളിലൂടെയും ഈ പ്രബന്ധം തയ്യാറാക്കാൻ സഹായിച്ച എന്റെ ഗവേഷണമാർഗ ദർശി ഡോ.പി.മുരളീധർ സാറിനോട് എനിക്ക് തീരാത്ത കടപ്പാടുണ്ട്.

വിഷയവ്യാപ്തിയെ കൈയടക്കത്തോടെ കൈകാര്യം ചെയ്യാൻ സഹായിച്ച കാലിക്കറ്റ് യൂണിവേഴ്സിറ്റി മലയാളം ഡിപ്പാർട്ട്മെന്റ് മുൻവകുപ്പുമേധാവി ഡോ. എം.എൻ.കാരശ്ശേരി, ഡോ. പി.പവിത്രൻ എന്നിവരോടുള്ള നന്ദി വാക്കുകളിലൊ തുക്കാൻ ആവുന്നതല്ല.

ശ്രീ നീലകണ്ഠ ഗവ:സംസ്കൃത കോളേജിലെ മലയാളവിഭാഗം മേധാവി ഡോ. ജയപ്രകാശ്, ഡോ. പി.ഗീത, ഡോ. എച്ച്.കെ.സന്തോഷ് എന്നിവരോടും മറ്റ് അധ്യാപകരോടും എനിക്ക് നിസ്സീമമായ സ്നേഹവും കടപ്പാടുമുണ്ട്.

പരിശ്രമങ്ങൾകൊണ്ടും പ്രാർത്ഥനകൾകൊണ്ടും ഒപ്പംനിന്ന്, ദത്തശേഖരണ ത്തിന് ഏറെ സഹായിച്ച ശ്രീനന്ദുവിനോടുള്ള പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. അഭിമുഖത്തിന് നിറഞ്ഞമനസ്സോടെ സഹകരിച്ച കെ.പി രാമനുണ്ണി, 'ഗേ' എന്ന് സ്വയം പരിചയപ്പെടുത്തിയ വിനു, അശോകൻ, ജോയ്, പ്രേം എന്നിവരോടും ഹിജഡാക്കമ്മ്യൂണിനെക്കുറിച്ച് വിവരങ്ങളും അനുഭവങ്ങളും പങ്കുവെച്ച സൂര്യ, ഹരിണി എന്നിവരോടും സഹായാത്രിക പ്രോഗ്രാം കോ-ഓർഡിനേറ്റർ ബീനാ അനീഷ്, ആക്ടിവിസ്റ്റും കോളം റൈറ്ററുമായ ശീതൾശ്യാം തുടങ്ങി മറ്റ് അനേകം സുഹൃത്തുക്കൾക്കും എന്റെ കുടുംബാംഗങ്ങൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

**ഷീജ വി.കെ**

# ഉള്ളടക്കം


| | | പുറം |
|---|---|---|
| **ആമുഖം** | | 1 – 5 |
| **അദ്ധ്യായം 1** | **വർഗ്ഗം, ലിംഗം, പദവി : വിമതലൈംഗിക സമുദായവും രൂപീകരണവും** | 6 – 59 |
| 1.1 | ശരീരവും ലൈംഗികതയും | 6 |
| 1.2 | വിമതലൈംഗികസമുദായരൂപീകരണം | 18 |
| 1.2.1 | ലൈംഗികസ്വത്വം | 18 |
| 1.2.1.1 | ലെസ്ബിയൻ (സ്ത്രീസ്വവർഗ്ഗാനുരാഗി) | 19 |
| 1.2.1.2 | ഗേ (പുരുഷ സ്വവർഗ്ഗാനുരാഗി) | 27 |
| 1.2.1.3 | ബൈ സെക്ഷ്വൽ (ദ്വിലൈംഗികർ) | 33 |
| 1.2.2 | ലിംഗപദവി | 39 |
| 1.2.2.1 | അപരലിംഗർ (Trans Gender) | 39 |
| 1.2.2.2 | ട്രാൻസ്സെക്ഷ്വൽ | 39 |
| 1.2.2.2.1 | എഫ്.ടു. എം (F2M) ഫീമെയിൽ ടു മെയിൽ (ട്രാൻസ്മെൻ) | 40 |
| 1.2.2.2.2 | എം. ടു. എഫ് (M2F) മെയിൽ ടു ഫീമെയിൽ | 40 |
| 1.2.2.3 | ഇന്റെർസെക്സ് | 42 |
| 1.2.3 | സാമുദായിക പദവി | 42 |
| 1.2.3.1 | ഹിജഡ | 42 |
| 1.2.3.2 | കോത്തി | 54 |
| 1.2.3.3 | ജോഗപ്പ | 54 |
| 1.2.3.4 | പാന്തി | 54 |
| 1.2.3.5 | എം. എസ്.എം | 55 |
| 1.2.3.6 | സഖീബേബിമാർ | 55 |
| 1.2.3.7 | അറവാണി | 55 |
| 1.2.3.8 | ഡബിൾഡെക്കേഴ്സ് | 55 |
| **സംഗ്രഹം** | | 56 |
| **അദ്ധ്യായം രണ്ട്** | **വിമതലൈംഗികത - പ്രാചീനവും മതാത്മകവുമായ പരാമർശങ്ങൾ, ആധുനികകാലത്ത് നേരിടുന്ന വെല്ലുവിളികൾ** | 60 – 100 |

| | | |
|---|---|---|
| 2.1 | വിമതരതിയുടെ പ്രാചീനത | 60 |
| 2.2 | പ്രാചീനവും മതപരവുമായ പരാമർശങ്ങൾ | 65 |
| 2.3 | വിമതലൈംഗികത പ്രകൃതിജന്യവീക്ഷണം | 77 |
| 2.4 | വിമതലൈംഗികർ നേരിടുന്ന വെല്ലുവിളികൾ | 81 |
| 2.5 | വിമതലൈംഗികതയും ഇന്ത്യൻ നിയമവ്യവസ്ഥയും | 87 |
| 2.6 | വിമതലൈംഗികരുടെ അവകാശബോധം | 90 |
| **അദ്ധ്യായം മൂന്ന്** | **വിമതരതിയുടെ ആവിഷ്കാരം - പി. പത്മരാജൻ, കെ. പി. രാമനുണ്ണി എന്നിവരെ മുൻനിർത്തി പുരുഷരചനകളിലുള്ള പഠനം** | 101-166 |
| 3.1 | പി. പത്മരാജൻ | 102 |
| 3.2 | കെ. പി. രാമനുണ്ണി | 108 |
| 3.3 | വൈക്കം മുഹമ്മദ് ബഷീർ | 121 |
| 3.4 | തകഴി ശിവശങ്കരപ്പിള്ള | 124 |
| 3.5 | വി.ടി. നന്ദകുമാർ | 131 |
| 3.6 | പ്രമോദ് രാമൻ | 138 |
| 3.7 | ബി. മുരളി | 145 |
| 3.8 | വി. ദിലീപ് | 149 |
| 3.9 | വി.ആർ. സുധീഷ് | 152 |
| 3.10 | മറ്റ് കഥാപരാമർശങ്ങൾ | 156 |
| **സംഗ്രഹം** | | 160 |
| **അദ്ധ്യായം നാല്** | **വിമതരതിയുടെ ആവിഷ്കാരം - മാധവിക്കുട്ടി, ഇന്ദുമേനോൻ എന്നിവരെ മുൻനിർത്തി സ്ത്രീരചനകളിലുള്ള പഠനം** | 167-218 |
| 4.1 | മാധവിക്കുട്ടി | 168 |
| 4.2 | ഇന്ദുമേനോൻ | 180 |
| 4.3 | സാറാജോസഫ് | 194 |
| 4.4 | സന്ധ്യ വി. സതീഷ് | 203 |
| 4.5 | സി.എസ്. ചന്ദ്രിക | 205 |
| 4.6 | കെ.ആർ. മീര | 206 |
| 4.7 | മറ്റ് കഥാപരാമർശങ്ങൾ | 208 |
| **സംഗ്രഹം** | | 212 |
| **അദ്ധ്യായം അഞ്ച്** | **വിമതലൈംഗികത ജീവിതം, അനുഭവം - ആത്മകഥകളിൽ** | 219-248 |
| 5.1 | മാധവിക്കുട്ടി -എന്റെ കഥ | 219 |

| | | |
|---|---|---|
| 5.2 | ജറീന - ഒരു മലയാളി ഹിജഡയുടെ ആത്മകഥ | 222 |
| 5.3 | ശ്രീനന്ദു -ഇടം തേടി | 228 |
| 5.4 | സിസ്റ്റർ ജസ്മി- ആമേൻ | 233 |
| 5.5 | രാജു വിപരീതം | 237 |
| 5.6 | രേവതി - ഒരു ഹിജഡയുടെ ആത്മകഥ | 240 |
| **സംഗ്രഹം** | | 244 |
| **നിഗമനം** | | 249-256 |
| **ഗ്രന്ഥസൂചി** | | 257-266 |
| **അനുബന്ധ ഒന്ന്** | **അഭിമുഖസംഭാഷണങ്ങൾ** | 267-291 |
| **അനുബന്ധം രണ്ട്** | **ചിത്രങ്ങൾ** | |

# ആമുഖം

ചരിത്രപരമായി ഏറ്റവും വിദൂരമായ വേരുകളുള്ള ഒരു മണ്ഡലമാണ് വിമത ലൈംഗികതയുടേത്. അതോടൊപ്പം ചരിത്രസാഹചര്യങ്ങളിലൂടെ വികസ്വരവും ചലനാത്മകവുമാണത്. മനുഷ്യവംശത്തിന്റെ ആദിമകാലം മുതൽ സുസ്ഥിരമായി തുടരുന്നതല്ല ലൈംഗികത. ശാരീരികവും മാനസികവും ചരിത്രപരവുമായ വളർച്ച യിലൂടെ കടന്നുപോന്ന ലൈംഗികത സ്വാഭാവികമായും അധികാരത്തെകൂടി ഉള്ളട ക്കുന്നു. എന്നാൽ ഇന്നും ലൈംഗികത എന്ന വിഷയത്തെ മലയാളി കൈകാര്യം ചെയ്യുന്നത് തികച്ചും യാഥാസ്ഥിതികരീതിയിൽ വിജാതീയ ലൈംഗികതയിൽ അധിഷ്ഠിതമായ സംസ്കാരബോധത്തോടെയാണ്. ഇതിനുപുറമേ ലൈംഗിക വാഞ്ഛയെ നിർവ്വചിക്കാനും നടപ്പാക്കാനുമുള്ള ഉത്തമമാതൃക ഉഭയലൈംഗികത യാണെന്ന് നമ്മുടെ സദാചാരം ഉദ്ഘോഷിച്ചു. ലൈംഗികവാഞ്ഛ നിയന്ത്രിക്കാ നുള്ള മുഖ്യമാർഗം ആത്മനിയന്ത്രണവും അച്ചടക്കവുമാണെന്ന് അത് വിധിച്ചു. ഉഭ യലൈംഗികതയ് പുറത്തുള്ളവരെ സമൂഹം സദാചാരത്തിന്റെ പേരുപറഞ്ഞ് ഒറ്റപ്പെ ടുത്തി. അവൻ/അവൾ എന്ന പരികല്പനയ്ക്കു പുറത്തുള്ളതെല്ലാം സമൂഹത്തിന്റെ ഭീതിപദങ്ങളിലേക്ക് മാറ്റപ്പെട്ടു. അങ്ങനെ പാർശ്വവത്കരിക്കപ്പെട്ടവർ ഒരു നിശ്ശബ്ദസമൂഹമായി രൂപം കൊണ്ടു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ വ്യക്തിയുടെ ലൈംഗിക സംസ്കാരാഭിമുഖ്യത്തിൽ സ്വത്വം, ആനന്ദം, സമ്മതം ലൈംഗികാഭിമുഖ്യങ്ങളുടെ തിരഞ്ഞെടുപ്പ് തുടങ്ങിയ പരമ്പരാഗതമായി രാഷ്ട്രീയരഹിതമെന്നു ഗണിക്കപ്പെ ടുന്ന പ്രശ്നങ്ങൾക്ക് രാഷ്ട്രീയചായ്‌വ് നിലവിൽവന്നു. ആത്മരതി, സ്വവർഗ്ഗരതി, സ്വതന്ത്രരതി എന്നിവയ്ക്ക് ചർച്ചാവേദികളിൽ ഇടംകിട്ടി. നാളിതുവരെയും പേരി ല്ലാത്ത ചില പ്രണയബന്ധങ്ങൾ ഉറക്കെ സംസാരിക്കാൻ തുടങ്ങി. ലൈംഗിക താത്പര്യത്തിന്റെ പേരിൽ സമൂഹത്തിന്റെ അരികുകളിലേക്ക് തള്ളിമാറ്റപ്പെട്ട് നിശ ബ്ദരാക്കിയ സമുദായങ്ങൾക്കും സംസാരിക്കാൻ കഴിയുന്ന സഹിഷ്ണുതയുടേ തായ ഒരു സമുദായം രൂപപ്പെടാൻ തുടങ്ങി. സംസാരിക്കുക എന്നത് തങ്ങളുടെയും ജന്മാവകാശമാണെന്ന് ആ നിശ്ശബ്ദസമുദായവും സമൂഹത്തെ ഓർമ്മപ്പെടുത്തി. ആ ഓർമ്മപ്പെടുത്തലിനും നിലനിർത്തലിനും നിയമസഹായം ആവശ്യമായി വന്നു.

അവിടെ പാർശ്വവത്കൃതസമൂഹമായ ലൈംഗികന്യൂനപക്ഷക്കാരുടെ പരസ്യപ്പെട ലിന്റെ സാദ്ധ്യതകളാണ് ഉയർന്നുവന്നത്. ഭിന്നലൈംഗികത ഒരു അശ്ലീലവിഷയമല്ല എന്നും കേവലം ശരീരസംബന്ധമായ വിഷയമായി അതു മാറുന്നില്ല എന്നും വാക്കുകളെയും ബിംബങ്ങളെയും ഫാന്റസികളെയും സിനിമയെയും സ്വത്വ ത്തെയും അധികാരത്തെയും ജീവിതശൈലിയെയും സാഹിത്യത്തെയും സമൂഹ ത്തെയും ഉൾക്കൊള്ളിക്കുവിധം അതിന് വ്യാപകത്വമുണ്ടെന്നും വന്നു. ഭിന്നലൈം ഗികരുടെ സാമൂഹികജീവിതം, രാഷ്ട്രീയചർച്ചയിൽ കേന്ദ്രവിഷയമാകുംവിധം വികാസം പ്രാപിച്ചു

നിയമത്തിലും സമൂഹത്തിലും സംസ്കാരത്തിലും നിറഞ്ഞുനിൽക്കുന്ന 'വിജാതീയലൈംഗികത'* യെ മറികടക്കുന്ന ജീവിതരീതി പിന്തുടർന്ന, ലൈംഗിക മാനദണ്ഡങ്ങളെ വെല്ലുവിളിക്കുന്ന താൽപര്യങ്ങളെ 'വിമതലൈംഗികത' എന്ന വാക്കുകൊണ്ടാണ് കേരളത്തിലെ ആദ്യ സ്വവർഗ്ഗലൈംഗികത പഠനഗ്രന്ഥമായ 'മിഥ്യകൾക്കപ്പുറം-സ്വവർഗ്ഗലൈംഗികതകേരളത്തിൽ (2004) എന്ന പുസ്തകത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നത്. ഹിജഡകൾ (HIJARA) കോത്തികൾ (KOTHIES), ഗേ (GAY), ലെസ്ബിയൻ (LESBIAN) ദ്വിലൈംഗികർ (BISEXUALS) തുടങ്ങിയവ വിഭാഗങ്ങളെ ഉൾപ്പെടുത്തിയുള്ള പഠനമാണത്. സമാനവിഭാഗങ്ങളെ ഉൾപ്പെടു ത്തിയുള്ള പഠനമായതിനാൽ ഈ പ്രബന്ധത്തിലും 'വിമതലൈംഗികർ' എന്ന വാക്ക് വിജാതീയലൈംഗികതയെ നിരാകരിച്ച് ഒന്നിച്ചുകൂടിയ സമുഹത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. വിമതലൈംഗികർ സ്വലിംഗത്തിൽപ്പെട്ടവരുമായി ശാരീരികവേഴ്ച നടത്തുന്നവരായതുകൊണ്ട് സ്വവർഗ്ഗരതിക്കാർ എന്ന വാക്കും രാഷ്ട്രീയചർച്ചാപദമായ ലൈംഗികന്യൂനപക്ഷങ്ങൾ എന്ന വാക്കും ഈ പ്രബന്ധ ത്തിൽ പരസ്പരപൂരകങ്ങളായി ഉപയോഗിക്കുന്നു.

'വിമതം' എന്ന വാക്കിന് പരമ്പരാഗതമായി അംഗീകരിക്കപ്പെടാത്തത് പൊതുസമൂഹം വിലക്കുകൾ ഏർപ്പെടുത്തിയത്, വെറുക്കപ്പെട്ടത് എന്നിങ്ങനെ യുള്ള അർത്ഥകല്പനകളാണ് ശബ്ദതാരാവലി നൽകിയിരിക്കുന്നത്. സമാനരീതി യിലുള്ള അർത്ഥകല്പനകളിലൂടെയാണ് സാമ്പ്രദായികരീതിയിലുള്ള സങ്കൽപ ത്തിൽനിന്നു ഭിന്നമായി ലൈംഗികസുഖം തേടുന്ന എല്ലാ രതിബന്ധങ്ങളെയും

---

* സ്ത്രീയും പുരുഷനും തമ്മിലുള്ള സംഭോഗം

മലയാളിയുടെ പൊതുബോധം അടയാളപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മറഞ്ഞിരിക്കുന്നതിനുപകരം തങ്ങളുടെ അവകാശത്തിനുവേണ്ടി ശബ്ദമുയർത്തിയ വിമതലൈംഗികന്റെ ജീവിതവും ലൈംഗികപ്രവണതകളും സാമൂഹികസ്ഥാനവും എന്താണെന്ന് വിമതലൈംഗികതയ്ക്ക് ബദൽ ലൈംഗികത, വേറിട്ട ലൈംഗികത എന്നീ അർഥകല്പനകൾ നൽകി പരിശോധിക്കേണ്ടത് ആധുനികകാലഘട്ടത്തിന്റെ ആവശ്യകതയായി മാറിയിരിക്കുന്നു. പ്രത്യേകിച്ചും വിമതലൈംഗികർ പൊതുസമൂഹത്തോട് തങ്ങളുടെ പ്രണയവും ജീവിതവും വെല്ലുവിളികളും നിറഞ്ഞ ജീവിതത്തിൽനിന്ന് ദയാവധം** ആവശ്യപ്പെട്ട് ഹരജി നൽകിയിരിക്കുന്ന ഇന്നത്തെ സാമൂഹികസാഹചര്യത്തിൽ. പ്രകൃതിവിരുദ്ധരെന്ന് മുദ്രകുത്തപ്പെട്ട വിമതലൈംഗികരുടെ സാമൂഹിക-സാംസ്കാരിക ജീവിതത്തെ നമ്മുടെ സാഹിത്യകൃതികൾ എങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നു എന്ന് വിമതലൈംഗികരിൽനിന്ന് വ്യത്യസ്തമായ ലൈംഗികജീവിതസാഹചര്യങ്ങളിൽനിന്ന്കൊണ്ട് നോക്കിക്കാണുകയും വിമതലൈംഗികതയെക്കുറിച്ച് പഠിക്കുകയും പരിശോധിക്കുകയുമാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

സാമൂഹികവിലക്കുകളെ ധിക്കരിച്ച് ഒരുമിച്ച് താമസിക്കാൻ തീരുമാനിക്കുന്ന പെൺകുട്ടികൾ, സ്വവർഗ്ഗാഭിനിവേശത്തിന്റെ ലോകത്ത് കുറ്റബോധം കലർന്ന ഒറ്റപ്പെടലിനു വിധേയമായി ആത്മഹത്യക്കു ശ്രമിക്കുന്ന കുമാരീകുമാരൻമാർ, സമൂഹത്തിന്റെ പരിഹാസത്തിൽ മനംനൊന്ത് സ്ത്രീയായോ പുരുഷനായോ ജീവിക്കേണ്ടതെന്നറിയാതെ, അന്യസംസ്ഥാനങ്ങളിലേക്ക് പലായനം ചെയ്യുന്ന ഹിജഡകൾ, ആണായും പെണ്ണായും സ്വഭാവരൂപീകരണം നടത്തി ലൈംഗികതയുടെ ഭിന്നലോകം ആസ്വദിക്കുന്ന കോത്തികൾ, പുരുഷനിൽനിന്നും സ്ത്രീയിൽനിന്നും ഒരേപോലെ രതിമൂർച്ഛ നേടാൻ കഴിയുന്ന ദ്വിലൈംഗികർ തുടങ്ങി ഈ പ്രബന്ധത്തിന് വിഷയീഭവിച്ച വിമതരതിക്കാർ ലൈംഗികതയുടെ വ്യത്യസ്തമായലോകം ഉൾക്കൊള്ളുന്നു. ലൈംഗികസ്വാതന്ത്ര്യം എന്ന ഏകരൂപമായ അവസ്ഥയിൽനിന്നുകൊണ്ടുമാത്രം വിമതലൈംഗികതയെക്കുറിച്ചോ ലൈംഗികന്യൂനപക്ഷങ്ങളെക്കുറിച്ചോ പഠിക്കാൻ സാധിക്കില്ല. യുക്തിസഹിതം സ്വയംബോധത്തോടെ ആവിഷ്കരിച്ചിട്ടുള്ള വ്യക്തമായ രാഷ്ട്രീയവും ആശയങ്ങളും വിമതലൈംഗികസിദ്ധാന്ത

** കല്ക്കി സുബ്രഹ്മണ്യം ദയാവധം ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ച് ഹർജി നൽകിയിരുന്നു.

ങ്ങളും (Queer theory)* ഉണ്ടെന്നിരിക്കേ അത്തരം പശ്ചാത്തലങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠനമാണ് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്. ശൈശവചൂഷണരതി, മൃഗരതി, ശവരതി എന്നീ രതിരീതികൾ വിമതരതിയുടെ ഭാഗമായി ഈ പ്രബന്ധത്തിൽ ഉൾപ്പെടുത്തുന്നില്ല.

**പഠനപരികല്പന (Hypothesis)**

മനുഷ്യലൈംഗികതയെ നിയന്ത്രിക്കുന്നത് മതം, ഭരണം, നിയമം, സംസ്കാരം എന്നീ അധികാരസ്ഥാപനങ്ങളാണ്. എന്നാൽ മനുഷ്യരുടെ ലൈംഗികസ്വത്വം പുരുഷൻ/സ്ത്രീ എന്ന് എന്നന്നേക്കുമായി ഉറപ്പിക്കപ്പെട്ടതല്ല. നിരന്തരപരിണാമിയും തിരഞ്ഞെടുപ്പുകൾക്ക് സാധ്യതയുള്ളതുമായ ഒന്നാണത്. വസ്ത്രധാരണരീതി, സമൂഹത്തിൽ വ്യക്തിനിർവഹിക്കുന്ന പങ്ക്, തൊഴിൽവിഭജനം, പരിശീലിപ്പിക്കപ്പെട്ട പെരുമാറ്റം എന്നീ മാർഗങ്ങളിലൂടെ സമൂഹം ഒരു വ്യക്തിയിലെ സ്ത്രീത്വത്തെയോ, പുരുഷത്വത്തെയോ അടയാളപ്പെടുത്തുന്നു. നൂറു ശതമാനവും വിമതലൈംഗികരോ ഭിന്നവർഗ്ഗലൈംഗികരോ ആയവർ അതിവിരളമായേ ഉണ്ടാവു. ഒരു ജീവിതകാലത്തിനിടയിൽ തന്നെ ലൈംഗികാഭിമുഖ്യത്തിന്റെ കാര്യത്തിൽ മാറ്റം വരുത്തുന്നവരും അപൂർവ്വമല്ല. എതിർലിംഗവിഭാഗത്തിലെ വ്യക്തികളോടു മാത്രമേ ലൈംഗികബന്ധത്തിൽ ഏർപ്പെടാവൂ എന്നുപറയുന്നതിന് യുക്തിയില്ല. ഒരു സ്ത്രീയും പുരുഷനും പരസ്പരപൂരകങ്ങളാകുന്നതുപോലെ സ്വലിംഗരമിക്കും ദ്വിലിംഗരമിക്കും പരസ്പരപൂരമാകാം. അത് വ്യക്തിപരമായ വ്യത്യാസങ്ങളുടെയും സമാനതകളുടെയും ഫലമാണ്. ഓരോ മനുഷ്യനും വ്യത്യസ്തനാണെന്നതുപോലെ ഓരോ മനുഷ്യന്റെ ലൈംഗികതാല്പര്യവും

---

* വിമത ലൈംഗികവിഭാഗങ്ങളെ കുറിച്ചുള്ള പഠനങ്ങൾ എല്ലാം തന്നെ ക്യൂർ സിദ്ധാന്തത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്. 1991ൽ തെരേസ ഡിലോറേറ്റിസെന്ന ചിന്തകയാണ് 'ക്യൂർ' എന്ന വാക്ക് ആദ്യമായി ഉപയോഗിക്കുന്നത്. അധികാരസംവിധാനങ്ങൾക്ക് പുറത്തുനിൽക്കുന്നത് എന്ന അർഥത്തിൽ പ്രയോഗിക്കപ്പെട്ട 'ക്യൂർ' അധികാരഘടനയോടുള്ള പ്രതിഷേധത്തെ കുറിക്കുവാനായി ഉപയോഗിക്കുന്നു. ജൂഡിത്ത് ബട്ലർ ലിയോബർസാനി, ഏഡ്രിയൻ റിച്ച് എന്നിവർ ക്യൂറിനെ സംബന്ധിച്ച നിലപാടുകൾ വിപുലമാക്കുകയും അവ സക്രിയമായ ചർച്ചകൾക്കായി അവതരിപ്പിക്കുകയും ചെയ്തു. 1990ൽ ജൂഡിത്ത് ബട്ലർ ആവിഷ്കരിച്ചു. വിമതലൈംഗികരിൽനിന്നു ഭിന്നമായ പൊതുസമൂഹത്തിന്റെ സാമ്പ്രദായിക സങ്കല്പങ്ങളായ ലിംഗം, ലൈംഗികത, തൃഷ്ണ എന്നിവയിലുള്ള ചേർച്ചയില്ലായ്മയെ ക്വീർ തിയറി ഉൾകൊള്ളുന്നു. ഈ തിയറി എൽ.ജി.ബി.ടി യുമായി ബന്ധപ്പെട്ടിരിക്കുന്നു. രതി പ്രകൃതിക്ക് വേണ്ടിയോ ശരീരത്തിനു വേണ്ടിയോ എന്ന ചോദ്യമാണിവർ ഉയർത്തുന്നത്.

Queer theory : "mismatches between sex gender and desire-Judith Butler" e.g:- cross dressing, intersex.

വൈചിത്ര്യം ഉൾക്കൊള്ളുന്നതാണ്. ജനിതകപരമായ ഹോർമോൺ വ്യതിയാനം, സാമൂഹികവും സാമ്പത്തികവുമായ ചുറ്റുപാടുകളുടെ സ്വാധീനം എന്നിവ ഒരു വ്യക്തിയിൽ വിമതരതിയുടെ സാധ്യതകൾ സൃഷ്ടിക്കാവുന്നതാണ്. അനുകൂല മായ ചുറ്റുപാടിൽ ഒരു വ്യക്തിയിൽ ബോധപൂർവ്വമോ അല്ലാതെയോ തലപൊ ക്കുന്ന ശക്തമായ ലൈംഗികതാത്പര്യം വ്യക്തിയെ വിമതരതിയിലേക്ക് നയിക്കാം. പലപ്പോഴും അത്തരംബന്ധങ്ങൾ എതിർലിംഗ ഇണകൾക്ക് പകരം വെക്കലുകളാ ണ്.

**പൂർവ്വപഠനങ്ങൾ**

1. രേഷ്മാഭരദ്വാജ് എഡിറ്റുചെയ്ത 'മിഥ്യകൾക്കപ്പുറം-സ്വവർഗ്ഗലൈംഗികത കേരളത്തിൽ' (2004).
2. കേരളത്തിലെ ട്രാൻസ് ജെൻഡറുകളുടെ ജീവിതം പരിചയപ്പെടുത്തുന്ന പി. സുരേന്ദ്രന്റെ ദേവദാസികളും ഹിജഡകളും (2011).
3. പ്രച്ഛന്ന സ്വവർഗ്ഗലൈംഗികത കേരളസമൂഹത്തിലും മലയാളസാഹിത്യ ത്തിലും മാതൃകകളെ അവലംബമാക്കിയുള്ള പഠനം (പ്രബന്ധം-ഡോ.പി. എ.ഷാൻ, കോഴിക്കോട് സർവ്വകലാശാല, 2016).
4. ലൈംഗികന്യൂനപക്ഷങ്ങളുടെ ചരിത്രവും രാഷ്ട്രീയവും അന്വേഷിക്കുന്ന രശ്മി ജി. അനിൽ കുമാർ കെ.എസ്. എന്നിവർ ചേർന്ന് തയ്യാറാക്കിയ 'വിമത ലൈംഗികത: ചരിത്രം,സിദ്ധാന്തം, രഷ്ട്രീയം' (2016).

മുകളിൽ പറഞ്ഞ കൃതികളിൽ ആധുനിക മലയാളസാഹിത്യത്തെ വിമതസിദ്ധാന്തത്തോട് ബന്ധപ്പെടുത്തിയുള്ള പഠനമല്ല നടത്തിയിട്ടുള്ളത്. ഒന്ന്, രണ്ട്, നാല് കൃതികൾ വിമതവിഭാഗങ്ങളെ പരിചയപ്പെടുത്തുകയോ, മരണകാ രണങ്ങൾ അന്വേഷിച്ചുകൊണ്ടുള്ള അഭിമുഖം നടത്തുകയോ ആണ് ചെയ്തിരി ക്കുന്നത്. പി.എ.ഷാനിന്റെ ഗവേഷണപ്രബന്ധം ഫ്രോയിഡിന്റെ മനഃശാസ്ത്ര വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പ്രച്ഛന്നമായ സ്വവർഗ്ഗലൈംഗികതയെ ക്കുറിച്ചുള്ളതുമാണ്

**പഠനത്തിന്റെ പ്രസക്തി**

ലൈംഗിക താത്പര്യത്തിലുള്ള വ്യത്യാസത്തിന്റെ പേരിൽ ലൈംഗികന്യൂന പക്ഷങ്ങളെ മനുഷ്യരായി പരിഗണിക്കാതെ അടിസ്ഥാനരഹിതമായി വെറുപ്പുകാണിക്കുന്ന സാമൂഹികമനോഭാവം അവർക്കെതിരായ എല്ലാ ഹിംസകൾക്കും നീതീകരണമേകുകയാണ്. പ്രകൃതി യാതൊരുവിധ ലൈംഗികതയ്ക്കും എതിരല്ല എന്ന് സൂക്ഷ്മനിരീക്ഷണങ്ങളും പൂർവപരാമർശങ്ങളും വ്യക്തമാക്കുന്നു.[†] എന്നിട്ടും പ്രകൃതിവിരുദ്ധമെന്ന് മുദ്രകുത്തി പൊതുസമൂഹവും പത്രമാധ്യമങ്ങളും വിമത ലൈംഗികരെ മാറ്റിനിർത്തുന്നു. അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനാൽ കേരളത്തിൽനിന്നും പലായനം ചെയ്യുകയോ ലൈംഗികസ്വത്വം വെളിപ്പെടുത്താതെ സമൂഹത്തിൽനിന്ന് മറഞ്ഞുനിൽക്കേണ്ടിവരികയോ ചെയ്യുന്നു. മനുഷ്യാവകാശ-രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ അജണ്ടയിൽ മുൻഗണന നൽകേണ്ട ഒന്നായി വിമതലൈംഗികാവകാശങ്ങൾ മാറേണ്ടത് ഈ പശ്ചാത്തലത്തിൽ അടിയന്തരസ്വഭാവമാർജ്ജിക്കുന്നു. പ്രകൃതിവിരുദ്ധരെന്ന് മുദ്രകുത്തി വിമതലൈംഗികരുടെ മനുഷ്യാവകാശങ്ങൾ ആർക്കും ന്യായമായി ലംഘിക്കാമെന്ന അന്തരീക്ഷം നിലനിർത്തപ്പെടുന്നതിനാൽ നിരന്തര ഭയത്തിലും ആത്മനിന്ദയിലും അദൃശ്യതയിലും കഴിയാൻ സ്വവർഗ്ഗപ്രേമികൾ നിർബന്ധിതരാവുന്നുണ്ട്. അടിച്ചേൽപ്പിക്കപ്പെടുന്ന ഭിന്നവർഗ്ഗലൈംഗികതയുടെ പേരിൽ നിരന്തര അതിക്രമങ്ങളാണ് വിമതലൈംഗികർക്കുനേരേ ഉണ്ടാവുന്നത്. ഭീഷണികൾ, നിയമവിരുദ്ധമായ തടവ്, പോലീസ് നടത്തുന്ന അതിക്രമങ്ങൾ തുടങ്ങിയവ പൗരസമൂഹത്തിന്റെ അസഹിഷ്ണുതയിൽ വേരുകളാഴ്ത്തിയിട്ടുള്ളവയാണ്. രണ്ടുപേർക്ക് ഒന്നിച്ചു ജീവിക്കാനുള്ള സാഹചര്യം നിഷേധിക്കുന്നത് മനുഷ്യാവകാശലംഘനമാണെന്നുള്ള തിരിച്ചറിവ് ഇന്നും നമ്മുടെ സമൂഹത്തിനോ സാഹിത്യത്തിനോ നിയമവ്യവസ്ഥിതികൾക്കോ കൈവന്നിട്ടില്ല. അത്തരം സാഹചര്യത്തിൽ വിമതലൈംഗികതയെ മനുഷ്യത്വപരമായ വീക്ഷണകോണിൽ പഠിക്കേണ്ടതുണ്ട്. കൃത്യമായ ചരിത്ര-സാമൂഹിക -സാംസ്കാരിക ചട്ടക്കൂടുകൾക്കകത്ത് നിലനിൽക്കുന്ന ഒരു അസ്തിത്വബോധം വിമതലൈംഗികതയ്ക്ക് ഉണ്ടെന്നിരിക്കേ അത് തിരിച്ചറിയുകയും പൊതുസമൂഹം അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. അത്തരം അവബോധത്തിനുവേണ്ടി ആധുനിക

---

[*] റിച്ചാർഡ് കൊളിൻസിന്റെ ലൈംഗികവാസനയുടെ ഉത്പത്തി വാത്സ്യായനന്റെ കാമസൂത്രംപോലുള്ള ലൈംഗികവിചാര ഗ്രന്ഥങ്ങൾ.

മലയാള സാഹിത്യകൃതികളെ മുൻനിർത്തി പഠിക്കുന്നു എന്നതാണ് ഈ പ്രബന്ധ ത്തിന്റെ പ്രസക്തി.

**പഠനമേഖല**

വിമതരതി പരാമർശമുള്ള കൃതികൾ ധാരാളമുണ്ടെങ്കിലും ആധുനിക മല യാളസാഹിത്യത്തിലെ മുഖ്യധാരാഎഴുത്തുകാരിൽ വ്യത്യസ്ത വീക്ഷണ കോണിൽ വ്യത്യസ്തകാലഘട്ടത്തെ പ്രതിനിധീകരിക്കുന്ന മാധവിക്കുട്ടി (സ്ത്രീ, ചന്ദനമരങ്ങൾ, നപുംസകങ്ങൾ, ചതി-കഥകൾ, അമാവാസി-നോവൽ), കെ.പി.രാമ നുണ്ണി (സൂഫിപറഞ്ഞകഥ, ചരമവാർഷികം-നോവൽ, കുറ്റവുംശിക്ഷയും, കഥ-കഥാപാത്രം,കഥാകൃത്ത്-കഥകൾ), പി. പത്മരാജൻ (നമ്മൾ നഗ്നകൾ, നിങ്ങളുടെ താവളങ്ങൾ നിങ്ങൾക്ക്, മഞ്ഞുകാലത്തെ കാക്ക - കഥകൾ), ഇന്ദു മേനോൻ (ലെസ്ബിയൻ പശു, മഴയുടെ ചെറിയ കാലടയാളങ്ങൾ, ജലത്തിലൂടെ നടക്കുന്ന കന്യകമാർ, ചില സ്വപ്നങ്ങളിൽ സീതാലക്ഷ്മിയുടെ കറുത്തമുടിയിഴ, മൃതിനിർവ്വേദം, ഹിജഡയുടെകുട്ടി-കഥകൾ) എന്നിവരുടെ വിമത പ്രണയാവി ഷ്കാരങ്ങളെ മുൻനിർത്തി ബഷീർ (ശബ്ദങ്ങൾ), തകഴി (ജീവിതം സുന്ദരമാണ് പക്ഷേ-നോവൽ, ചങ്ങാതികൾ, സാഹോദര്യം-കഥകൾ), വി.ടി.നന്ദകുമാർ (രണ്ട് പെൺകുട്ടികൾ-നോവൽ), സാറാ ജോസഫ് (ആളോഹരി ആനന്ദം-നോവൽ), പ്രമോദ് രാമൻ(നപുംസകങ്ങളുടെ പത്തുപടവുകൾ, ഒരു ബ്രാക്കറ്റിൽ എത്ര പേർക്ക് ജീവിക്കാം, രതിമാതാവിന്റെ പുത്രൻ, ചേദാംശജീവിതം-കഥകൾ), വി. ആർ.സുധീഷ് (വിമതലൈംഗികം, വെള്ളത്തണ്ട്, പിണഞ്ഞവൾ-കഥകൾ), വി.ദിലീ പ് സ്വവർഗം-കഥ), ബി.മുരളി (ലെസ്സി, ഹരിതവൈശീകം, മഞ്ജുള-കഥകൾ), ജി.ആർ.ഇന്ദുഗോപൻ (ഉറങ്ങാതിരിക്കൂ കള്ളനെ പിടിക്കാം-കഥ) സന്ധ്യ വി സതീഷ് (വീണ്ടും രണ്ട് പെൺകുട്ടികൾ-നോവൽ), സി.എസ്.ചന്ദ്രിക (ലേഡീസ് കമ്പാർട്ട്മെന്റ്, കനി-കഥകൾ), കെ.ആർ.മീര (കമിങ്ങ് ഔട്ട്-കഥ) എന്നീ കൃതി കളെ ഉൾപ്പെടുത്തി, കേരളത്തിന്റെ സാംസ്കാരിക പരിസരത്തിനകത്തു നിൽക്കുന്ന ഒരു എഴുത്തുകാരൻ/എഴുത്തുകാരി വിമതരതിയെ ആവിഷ്കരിച്ചിരി ക്കുന്നത് എപ്രകാരമാണ് എന്നുള്ള പഠനത്തോടൊപ്പം ആത്മകഥാരചനകളിൽ വിമതലൈംഗിക ജീവിതം, അനുഭവം എന്നിവ എങ്ങനെ രേഖപ്പെടു ത്തിയിരിക്കുന്നൂ എന്ന് പഠിക്കാൻ മാധവിക്കുട്ടി (എന്റെ കഥ), ജറീന (ഒരുമലയാളി ഹിജഡയുടെ ആത്മകഥ), ശ്രീനന്ദു (ഇടംതേടി-ഒരു ട്രാൻസ്ജെൻഡറിന്റെ

ആത്മകഥ), രേവതി (ഒരു ഹിജഡയുടെ ആത്മകഥ), രാജു (വിപരീതം ഗർഭപാത്രമുള്ള പുരുഷന്റെ സാഹസികജീവിതം) സിസ്റ്റർ ജസ്മി (അമേൻ) എന്നിവരുടെ ആത്മകഥകളിൽനിന്ന് നിഷേധി, പ്രകൃതിവിരുദ്ധൻ, മൂന്നാം ലിംഗക്കാരൻ, നപുംസകം എന്നീ പേരുകളാൽ പരിഹസിക്കപ്പെട്ടവർ തങ്ങളുടെ ജീവിതസാഹചര്യങ്ങളെ എങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നു എന്നും കുടുംബമടങ്ങുന്ന പൊതുസമൂഹത്തിൽ അവർ നേരിടേണ്ടിവന്ന വെല്ലുവിളികൾ എന്തെല്ലാമായിരുന്നു എന്നുമുള്ള പഠനത്തിലൂടെ വിമതലൈംഗിക ജീവിതാ വസ്ഥകളെക്കുറിച്ചും വിമതലൈംഗികാവിഷ്ക്കാരത്തിൽ ഉൾച്ചേർന്നിരിക്കുന്ന എഴുത്തുകാരുടെ മനോഭാവത്തെക്കുറിച്ചും കേരളത്തിന്റെ സംസ്കാരബോധമണ്ഡ ലത്തിൽനിന്നുകൊണ്ട് വിമതലൈംഗികന്റെ ജീവിതം അവൻ നിയമപരമായി നേര ടുന്ന വെല്ലുവിളികൾ എന്നീ സാഹചര്യത്തെ മുൻനിർത്തി പഠിക്കുന്നു.

**പഠനരീതി**

വിജാതീയലൈംഗികരിൽ നിന്ന് വ്യത്യസ്തമായി, പൊതുസമൂഹത്തിന്റെ സാമ്പ്രദായിക സങ്കല്പങ്ങളായ ലിംഗം, ലൈംഗികത, ആഗ്രഹം എന്നിവയിലുള്ള വിമതലൈംഗികന്റെ പ്രവൃത്തിയിലെ ചേർച്ചയില്ലായ്മയാണ് ക്വീർ തിയറി (Queer Theory) ഉൾക്കൊള്ളുന്നത്. രതി സമൂഹത്തിനുവേണ്ടിയോ ശരീരത്തിനുവേ ണ്ടിയോ അതോ പ്രകൃതിക്കുവേണ്ടിയോ എന്ന ചോദ്യമാണിവർ ഉയർത്തുന്നത്. വിമതലൈംഗികർക്കിടയിലെ ഇത്തരം ചോദ്യങ്ങൾ മലയാളസാഹിത്യകൃതികളിൽ ഉന്നയിക്കപ്പെടുകയോ, അടയാളപ്പെടുത്തപ്പെടുകയോ ചെയ്യുന്നുണ്ടോ എന്ന് അന്വേഷിക്കുന്നതിനോടൊപ്പം മലയാളിയുടെ സാംസ്കാരികബോധം വിമതലൈം ഗികന്റെ ഇച്ഛ, ജീവിതം, പ്രവൃത്തി എന്നിവ എങ്ങനെ വിലയിരുത്തുന്നു എന്നു മുള്ള വിഷയം ഗവേഷണരീതിശാസ്ത്രത്തിന്റെ പരിധിയിൽപ്പെടുത്തി പഠനം നട ത്തുന്ന രീതിയാണ് ഈ പ്രബന്ധത്തിൽ അവലംബിച്ചിരിക്കുന്നത്.

**പ്രബന്ധഘടന**

**ആമുഖം**

**അദ്ധ്യായം ഒന്ന്:-** വർഗ്ഗം, ലിംഗപദവി, ലൈഗികത: വിമതലൈംഗികസമുദായവും രൂപീകരണവും (ചരിത്രപരതയും സാമൂഹികതരംതിരിവുകളും പരിശോധിക്കുന്നു).

**അദ്ധ്യായം രണ്ട്:-** വിമതലൈംഗികത പ്രാചീനവും മതാത്മകവുമായ പരാമർശങ്ങൾ, ആധുനികകാലത്ത് നേരിടുന്ന വെല്ലുവിളികൾ (വിമതലൈംഗികത പ്രാചീനവും പൗരാണികവുമായ രേഖപ്പെടുത്തലുകൾ, പുരാണേതിഹാസങ്ങൾ, മതഗ്രന്ഥങ്ങളിലെ പരാമർശങ്ങൾ എന്നിവയെ ആസ്പദമാക്കിയുള്ള പഠനവും വിമതലൈംഗികത പ്രകൃതിജന്യ/പ്രകൃതിവിരുദ്ധവീക്ഷണം, വിമതലൈംഗിക സമുദായത്തിനെതിരെയുള്ള അവകാശലംഘനങ്ങൾ, മനുഷ്യാവകാശങ്ങൾ ക്കായുള്ള പ്രതിഷേധ ശബ്ദങ്ങൾ, വിമതലൈംഗിക കൂട്ടായ്മകളെയും വിശകലനം ചെയ്യുന്നു).

**അദ്ധ്യായം മൂന്ന് :-** വിമതരതിയുടെ ആവിഷ്കാരം - പി.പത്മരാജൻ, കെ.പി.രാമനുണ്ണി എന്നിവരുടെ കൃതികളെ സവിശേഷമായെടത്ത് പഠനം നടത്തുന്നതിനോടൊപ്പം തകഴി, ബഷീർ, വി.ടി.നന്ദകുമാർ, ബി.മുരളി പ്രമോദ്രാമൻ, വി.ആർ.സുധീഷ്, വി.ദിലീപ് എന്നിവരുടെ രചനകളെയും സാമാന്യമായും പഠിക്കുന്നു.

**അദ്ധ്യായം നാല്:-** വിമതരതിയുടെ ആവിഷ്കാരം- മാധവിക്കുട്ടി ഇന്ദുമേനോൻ എന്നിവരുടെ കൃതികളെ സവിശേഷമായെടുത്ത് പഠനം നടത്തുന്നതിനോടൊപ്പം സാറാജോസഫ്, സന്ധ്യ വി. സതീഷ്, സി.എസ്.ചന്ദ്രിക, കെ.ആർ.മീര എന്നിവരുടെ രചനകളെയും സാമാന്യമായി പഠിക്കുന്നു.

**അദ്ധ്യായം അഞ്ച്**:- വിമതലൈംഗിക ജീവിതം അനുഭവം ആത്മകഥകളിൽ മാധവിക്കുട്ടി (എന്റെ കഥ), ജറീന (ഒരുമലയാളി ഹിജഡയുടെ ആത്മകഥ), ശ്രീനന്ദു(ഒരു ട്രാൻസ്ജൻഡറിന്റെ ആത്മകഥ), രേവതി (ഒരു ഹിജഡയുടെ ആത്മകഥ), രാജു (വിപരീതം ഗർഭപാത്രമുള്ള പുരുഷന്റെ സാഹസികജീവിതം), സിസ്റ്റർജസ്മി (ആമേൻ) എന്നിവയിൽ ചിത്രീകരിച്ചിരിക്കുന്ന വിമതലൈംഗിക അനുഭവങ്ങളെയും വിമത ജീവിതത്തെയും കുറിച്ച് പഠിക്കുന്നു.

**നിഗമനം**

വിമതലൈംഗികത കേന്ദ്രപ്രമേയമായി കഥകളും നോവലുകളും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. വിമതലൈംഗികപ്രവണതകൾ പ്രകടമാക്കുന്ന രചനകൾ എല്ലാംകൂടി ഒരു പ്രബന്ധത്തിന്റെ വിഷയപരിധിയിൽ ഒതുക്കാൻ

കഴിയില്ല. പ്രാഥമിക ആകരങ്ങളുടെ അഭാവം നിമിത്തം ഇന്റർനെറ്റിന്റെ പഠനസാധ്യതകളെ ഉൾപ്പെടുത്തിയതോടൊപ്പം ആനുകാലികങ്ങളിലൂടെ വരുന്ന പഠനസ്വഭാവമുള്ള ലേഖനങ്ങൾ ഉപയോഗപ്പെടുത്തുകയും അഭിമുഖങ്ങളിൽനിന്നും മറ്റ് ചർച്ചാവേദികളിൽനിന്നും അഭിപ്രായരൂപീകരണം നടത്തി അത് പഠനത്തിന്റെ മുന്നോട്ടുള്ള പോക്കിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**ഗ്രന്ഥസൂചി**

**അനുബന്ധം ഒന്ന്**

**അഭിമുഖസംഭാഷണങ്ങൾ**

എഴുത്തുകാർ, വിമതലൈംഗികപ്രതിനിധികൾ എന്നിവരുമായി നടത്തിയ അഭിമുഖം ചേർത്തിരിക്കുന്നു.

1. കെ. പി. രാമനുണ്ണി
2. ശ്രീനന്ദു
3. ശീതൾ ശ്യാം
4. അരുൺ
5. രാജശേഖരൻ

**അനുബന്ധം രണ്ട്**

വിമിതലൈംഗികജീവിതം നയിക്കുന്നവരെന്ന് സ്വയം വെളിപ്പെടുത്തിയവരുടെ ചിത്രങ്ങൾ.

# അദ്ധ്യായം ഒന്ന്

# വർഗ്ഗം, ലിംഗം, പദവി:
# വിമതലൈംഗികസമുദായവും രൂപീകരണവും

ജിവിതത്തെ നിർണ്ണയിക്കുന്ന മനസ്സിന്റെയും ശരീരത്തിന്റെയും ശക്തി ലൈംഗികതയിൽ അന്തർലീനമാണ്. ലൈംഗികതയേയും അതിന്റെ ആഴത്തിലുള്ള ഇടപെടലിനെയും ഒഴിച്ചുനിർത്തിക്കൊണ്ട് ജീവിതത്തെ നിർവ്വചിക്കാൻ സാധ്യമല്ല. ലൈംഗികത ജീവിതത്തിന്റെ സമസ്തതലങ്ങളിലും സ്വാധീനം ചെലുത്തുന്നുണ്ട്. ഒരാളുടെ, അത് സ്ത്രീയാവട്ടെ, പുരുഷനാകട്ടെ, ഉഭയലിംഗത്തിൽപ്പെടുന്ന ആളാവട്ടെ ശരീരചലനത്തിൽത്തുടങ്ങി മനോവ്യാപാരത്തിന്റെ സൂക്ഷ്മതലത്തിൽവരെ ലൈംഗികത ഒരു പ്രധാനഘടകമായി ഇടപെടുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. ഇത്തരമൊരു അവസ്ഥാവിശേഷത്തിന്റെ സാമൂഹികമായ പരിമിതികളും പരിധികളും ആഴത്തിൽ ആലോചിക്കേണ്ട വിഷയങ്ങളാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ തന്നെ സാംസ്കാരികപഠിതാക്കളും ലിംഗപദവിയെ സംബന്ധിച്ച പഠനങ്ങളുമായി മുന്നേറുന്നവരും ഈ വിഷയത്തിൽ ശ്രദ്ധേയമായ സംഭാവന നൽകിയിട്ടുണ്ട്. ഫ്രോയിഡിൽനിന്ന് (Sigmund Freud ) ആരംഭിക്കുന്ന മനഃശ്ശാസ്ത്രസിദ്ധാന്തങ്ങളും ശരീരശാസ്ത്രത്തെ സംബന്ധിക്കുന്ന അനേകം പഠനങ്ങളും ഒരേപ്രകരണത്തിൽ സംബന്ധിച്ച ഒരു ഇടം കൂടിയാണ് ലിംഗ-ലൈംഗിക ജീവിതത്തിന്റേത്.

## 1.1 ശരീരവും ലൈംഗികതയും

രണ്ട് പ്രധാന വസ്തുതകളാണ് ലൈംഗികതയെ രൂപപ്പെടുത്തുന്നത്. നമ്മാളാര്? നമ്മളെന്ത്? എന്ന നിലയിലുള്ള ആത്മവത്താവിചാരങ്ങളും ആരോഗ്യം, സമ്പത്ത്, സാമൂഹികസാഹചര്യങ്ങൾ എന്നിവയെല്ലാം ചേർന്ന് വരുന്ന സാമൂഹിക സത്താ വിചാരങ്ങളുമാണവ. മുകളിൽ സൂചിപ്പിച്ച രണ്ട് വസ്തുതകളും തമ്മിൽ ആഴത്തിൽ ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ ലൈംഗികതയെ ശരീരവുമായി ചേർത്ത് വായിക്കേണ്ടിവരുന്നു. ലൈംഗികതയും സമൂഹവും, ലൈംഗികതയും വ്യക്തിയും എന്നീ രണ്ട് ചിന്താവിഷയങ്ങൾ ഇവിടെ രൂപപ്പെടും. എന്നാൽ ലൈംഗി

കതയും വ്യക്തിയും എന്നതിനെ ലൈംഗികതയും സമൂഹവും എല്ലായ്പ്പോഴും മറികടക്കുന്നു. ഒരു വ്യക്തിയുടെ ആരോഗ്യം, ശുചിത്വപരിപാലനം, സാമ്പത്തിക ഉന്നമനം ജീവിതത്തിന്റെ നാനാതലങ്ങളിലുമുള്ള വളർച്ച എന്നിവയിൽ സമൂഹത്തിന്റെ ഇടപെടൽ ഉണ്ടാവുന്നതിനാൽ സദാചാരപരമായ ജീവിതത്തിലും തത്തുല്ല്യമായ ഇടപെടലുണ്ടാവും. ഈ ഇടപെടലിനെ സമൂഹത്തിന് വ്യക്തിയിലുള്ള സ്വാധീനമാണ് നിർണ്ണയിക്കുന്നത്. ഇത്തരം സ്വാധീനം വ്യക്തിയുടെ ജീവിതത്തെ ക്രമവിരുദ്ധമായി നിയന്ത്രിക്കുന്നതിനോടൊപ്പം അയാളുടെ/അവളുടെ ലൈംഗികാവബോധത്തെയും ബാധിക്കുന്നുണ്ട്. ഒരാളുടെ ശാരീരികജീവിതത്തെ അയാൾക്ക്/അവൾക്ക് ഇഷ്ടാനുസരണം രൂപപ്പെടുത്താനാവില്ല എന്നും അതിന് ഒരു പൊതുനിയമാവലി സമൂഹം കാലാകാലങ്ങളിൽ അനുവർത്തിക്കാൻ നിർബന്ധിക്കുന്നുമുണ്ടെന്ന് നിസ്സംശയം പറയാനാവും.

വിക്ടോറിയൻ സംസ്കൃതിയാണ് ഈ അലിഖിതനിയമങ്ങളുടെ കാലമായി സൂചിതമാകുന്നത്. ഈ കാലഘട്ടത്തെ മാനുഷിക ജീവിതത്തിലെ സദാചാര ബോധങ്ങളുടെ കാലഘട്ടമെന്നും ലൈംഗികതയിൽ ഊന്നിയ സദാചാരബോധം മനുഷ്യനിൽ, വിശേഷിച്ച് പുരുഷനിൽ ഊന്നിയ ഘട്ടമെന്നും വിശേഷിപ്പിക്കാം.

വിവിധതരത്തിലുള്ള വിലക്കുകൾ പല കാലഘട്ടത്തിലും ലൈംഗികചിന്തകൾക്കെതിരെ രൂപപ്പെട്ടിരുന്നു, അത് സംബന്ധിച്ചുള്ള ചർച്ചകൾ എക്കാലത്തും സജീവമായിരുന്നു. വിക്ടോറിയൻ കാലഘട്ടത്തിൽ പോലും ശരീരത്തെക്കുറിച്ചുള്ള അവബോധത്തിൽ തങ്ങളുടെ തലമുറ കൊണ്ടാടിപ്പോന്ന മനോവിചാരങ്ങളുടെ നേർക്ക് ആരും മുഖംതിരിച്ചു നിന്നിട്ടില്ല. ഫ്രഞ്ച് വിപ്ലവവും അതിന്റെ സാംസ്കാരികപ്രതികരണങ്ങളും മധ്യവർഗ്ഗ ബൂർഷ്വാസിയെ രൂപപ്പെടുത്തിയെടുത്തതോടുകൂടി തൊഴിൽ, തൊഴിലിടങ്ങളിലെ സ്ത്രീകൾ, അവരുടെ പെരുമാറ്റസംഹിതകളിലെ കുലീനത, ലൈംഗികമായ ഇടപെടൽ എന്നിവ അക്കാലത്ത് ചോദ്യംചെയ്യപ്പെടുകയോ പുനഃപരിശോധനയ്ക്കു വിധേയമാക്കുകയോ ചെയ്തു.

ആയിരത്തിതൊള്ളായിരത്തിഅൻപതുകളിൽ, ലൈംഗികതയെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ നടന്നിരുന്നു. ഈ അന്വേഷണത്തിൽ സവിശേഷശ്രദ്ധ പിടിച്ചുപറ്റിയത് വിമതലൈംഗികതയായിരുന്നു. വിമതലൈംഗികത അന്ന് കുടുംബത്തിനു പുറത്തുള്ള ഒരു വിഷയമായിരുന്നില്ല. കുടുംബത്തെകൂടി ഉൾപ്പെടുത്തുന്ന

അല്ലെങ്കിൽ കുടുംബം കൂടി ഉൾക്കൊള്ളുന്ന ഒരു സാദ്ധ്യതയായിരുന്നു. അറുപതുകളിലാവട്ടെ ഈ സാദ്ധ്യത കുറേക്കൂടി സ്വതന്ത്ര സമ്മതത്തിന്റെ തലത്തിലേക്ക് വിമതലൈംഗികതയെ ഉയർത്തിക്കൊണ്ടുവന്നു. ശരീരനിഷ്ഠമായ ലൈംഗികത എന്ന ബോധമായിരുന്നു ഇതിനുള്ളിൽ പ്രവർത്തിച്ചത്. സമൂഹത്തിന്റെ നിലവിലുണ്ടായിരുന്ന ലൈംഗികചിന്തയുടെ ഏകാധിപത്യമനോഭാവത്തെ സാമൂഹിക മനഃശ്ശാസ്ത്രം ചോദ്യംചെയ്യാൻ തുടങ്ങിയതും ഇക്കാലത്തുതന്നെ. എഴുപതുകളിലേക്കും എൺപതുകളിലേക്കും എത്തുമ്പോഴേക്കും മുൻ ദശകങ്ങളിൽ നിലവിലിരുന്ന വ്യവസ്ഥിതികളെ അനേകംപേർ ചോദ്യം ചെയ്തു തുടങ്ങി. കുടുംബവ്യവസ്ഥയുടെ തകർച്ച ഒരു രാഷ്ട്രീയപ്രശ്നമായി രൂപപ്പെടുന്നത് ഇക്കാലത്താണ്. പുരുഷലൈംഗികതയും സ്ത്രീലൈംഗികതയും വിമതലൈംഗികതയുടെ പശ്ചാത്തലമായി കൈകോർക്കുന്നതും ഇക്കാലത്തുതന്നെ. സ്ത്രീവാദവും വിമത ലൈംഗികവാദവും ശക്തമായി. കാലാകാലങ്ങളായി സമൂഹത്തിന്റെ ബോധമനസ്സിൽ ഇടംനേടിയ ധാരണകൾ തകിടം മറിയാൻ തുടങ്ങി. ലൈംഗികതയും സദാചാരവും തമ്മിലുള്ള സംവാദം ആരംഭിക്കുന്നത് ഈ ബിന്ദുവിലാണ്. പരസ്പരബന്ധിതവും എന്നാൽ വ്യത്യസ്തങ്ങളുമായ കാരണങ്ങളാണ് ഈ സംവാദത്തെ മുന്നോട്ട് നയിക്കുന്നുണ്ട്.

സ്ത്രീ പുരുഷബന്ധം, ലൈംഗികാവബോധത്തിലുള്ള വ്യത്യാസങ്ങളും വ്യതിയാനങ്ങളും മുതിർന്നവരും കുട്ടികളുമായുള്ള ബന്ധങ്ങൾ, വർഗ്ഗ/വർണ്ണ/ ലിംഗവ്യത്യാസങ്ങൾ എന്നിവയെല്ലാംതന്നെ ഈ സംവാദത്തെ മുന്നോട്ട് നയിച്ച കാരണങ്ങളാണ്. കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളിൽ വിശേഷിച്ചും ഈ ചർച്ചകൾ മുന്നോട്ട് വെയ്ക്കുന്ന ഒരു പ്രധാനവസ്തുത ലൈംഗികതാസംബന്ധിയായ ഏതൊരു ചർച്ചയും സമൂഹത്തിന്റെ പ്രകൃതത്തെ വ്യക്തമാക്കുന്നു എന്നതാണ്.

### 1.1.2 വർഗ്ഗവ്യത്യാസവും ലിംഗപദവിയും

വർഗ്ഗവ്യത്യാസം ആധുനികലോകത്ത് ലൈംഗികതയെ നിയന്ത്രിക്കുന്നു എന്ന ചിന്ത പുതുമയാർന്നതല്ല. കഴിഞ്ഞ ഇരുനൂറു വർഷക്കാലത്തെ ചരിത്രം അത് സൂക്ഷ്മമായി വ്യക്തമാക്കുന്നുണ്ട്. ബൂർഷ്വാസിയുടെ ചിഹ്നത്തെക്കുറിച്ച് പറയുമ്പോൾ പോൾ മിഷേൽ ഫൂക്കോ (Paule Michel Foucault, 1926- 1984) ഈ വസ്തുത അടിവരയിട്ട് സാധൂകരിക്കുന്നുണ്ട്. 'വർഗ്ഗപരമായ വ്യത്യാസങ്ങളിൽ

ഉത്കണ്ഠകൾ പെരുകുമ്പോൾ കുലീനതയുടെ ചിഹ്നമായി സദാചാരബോധവും താഴ്ന്നവർഗ്ഗത്തിന്റെ ചിഹ്നമായി സദാചാരമില്ലായ്മയും ചിന്താമണ്ഡലത്തെ ഭരിച്ചു'[1] എന്നാണ് നിരീക്ഷിക്കുന്നത്. അതുകൊണ്ടാണ് വിക്ടോറിയൻ സദാചാര മൂല്യങ്ങളിൽ ഊന്നിക്കൊണ്ട് കുലീനത വിലയിരുത്തപ്പെട്ടത്. സ്ത്രീ-പുരുഷന്മാരിൽ, പ്രത്യേകിച്ച് സ്ത്രീകളിൽ, സ്വകാര്യജീവിതത്തെ ചിട്ടപ്പെടുത്തുമ്പോൾ സാമൂഹികനിയമങ്ങൾ കർക്കശമായതും വിവാഹേതര- സ്വാഭാവികേതര- ലൈംഗികതയെ മുൻനിർത്തി നല്ലത്, ചീത്ത എന്ന സാമൂഹികവിഭജനം സംഭവിച്ചതും ഈ വിലയിരുത്തലിന്റെ ഫലമായിട്ടായിരുന്നു. സമൂഹം മുന്നോട്ടുവെച്ച ഈ നിയമാവലി വളരെ ശക്തം തന്നെയായിരുന്നു. എന്നാൽ സമൂഹത്തിനുള്ളിൽ വർഗ്ഗ-വർണ്ണ വ്യത്യാസമില്ലാതെ തന്നെ ഈ നിയമാവലികൾ അക്ഷരംപ്രതി പാലിക്കപ്പെട്ടിരുന്നു എന്ന് ഇതിനർത്ഥമില്ല. മധ്യവർഗ്ഗമായിരുന്നു ഈ നിയമാവലികളുടെ ഇരകൾ. എന്നാൽ അധഃസ്ഥിത തൊഴിലാളിവർഗ്ഗം മധ്യവർഗ്ഗമൂല്യങ്ങളോട് ശക്തമായി ഇടഞ്ഞുനിന്നിരുന്നു. കാലങ്ങളായി തങ്ങളുടെ പൂർവികന്മാർ പിന്തുടർന്നുപോന്ന നയങ്ങൾ വലിയ വ്യത്യാസങ്ങളില്ലാതെ പിന്തുടർന്നുപോരാൻ ഇവർക്ക് ആയിട്ടുണ്ട്.

പലതരത്തിലുള്ള ഘടനാവ്യത്യാസങ്ങളിലൂടെയാണ് ഈ ലൈംഗികതാബോധവും ലൈംഗികതാപ്രയോഗവും തൊഴിലാളിവർഗ്ഗത്തിനിടയിൽ പ്രവർത്തിച്ചതെന്നും ഇരുപതാം നൂറ്റാണ്ടിലും ഇതിനെ അടിസ്ഥാനമാക്കി ജീവിക്കാൻ ഇവരെ പ്രാപ്തരാക്കിയതെന്നും ഫൂക്കോ നിരീക്ഷിക്കുന്നുണ്ട്. മദ്ധ്യവർഗ്ഗത്തിൽനിന്നു ഭിന്നമായ ഘടനകളായിരുന്നു ഇവ എന്നതിന് അർത്ഥം അവർ 'ചീത്ത' എന്നല്ല അതൊരു വർഗ്ഗത്തിന്റെ ജീവിതത്തെ നിർണയിച്ച പ്രധാനഘടകമായിരുന്നു എന്നാണ് ബോധ്യപ്പെടുന്നത്. വർഗ്ഗവും ലൈംഗികതയും പരസ്പരം കെട്ടുപിണഞ്ഞ് കിടക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചിന്തകളിൽ ഭ്രമാത്മകതപോലും ഇടപെടുമെന്ന് കരുതണം. കാരണം ഉപരിവർഗ്ഗത്തിലെ മനുഷ്യരെക്കാൾ ഒരർത്ഥത്തിൽ തൊഴിലാളിവർഗ്ഗത്തിലെ സ്ത്രീ പുരുഷൻമാർ പ്രകൃതിയോട് കൂടുതൽ ചേർന്നു നില്ക്കുന്നു. ഭൂമിശാസ്ത്രപരമായ, മതപരമായ, തൊഴിൽപരമായ ഘടകങ്ങൾ ലൈംഗികതയിൽ ഒഴിവാക്കാനാവാത്ത ബന്ധനിർണയശക്തികളാവുന്നു ലൈംഗികസ്വഭാവത്തിൽ ഇത്തരം നിർണായകമായ ഇടപെടലുകളുണ്ട്. ഉദാഹരണത്തിന് സ്വയംഭോഗത്തോടും പരപുരുഷ/പരസ്ത്രീബന്ധങ്ങളോടും വിമതരതിയോ

ടുമുള്ള സമീപനത്തിൽ വന്ന മാറ്റം തന്നെ പ്രധാനം. പഴയതിൽനിന്നു വ്യത്യസ്ത മായി ഒരയഞ്ഞ നിലപാടിലേക്ക് പുതിയ സമൂഹം വന്നിട്ടുണ്ട് എന്ന് വ്യക്തമാണ്. പക്ഷേ, ലിംഗപദവിയുള്ള ചർച്ചകളിലേക്ക് എത്തുമ്പോൾ കാണുന്ന വസ്തുത കുറ ച്ചുകൂടി വ്യത്യസ്തമാണ്.

### 1.1.3 ലിംഗപദവി

ലിംഗപദവി ഒരു പ്രധാന വേർതിരിവാണ്. ലിംഗപദവി കണക്കിലെടുക്കു മ്പോൾ പുരുഷനു ലഭിക്കുന്ന സ്ഥാനമോ പദവിയോ സ്ത്രീക്കു ലഭിക്കുന്നില്ല. പതി നെട്ടാം നൂറ്റാണ്ടിൽ രാഷ്ട്രീയ- സാമ്പത്തിക-സാംസ്കാരികമേഖലകളിൽ ഉണ്ടായ അടിസ്ഥാനപരമായ മാറ്റം ലൈംഗികതയെക്കുറിച്ചും ലിംഗപദവിയെക്കുറിച്ചുമുള്ള സമീപനങ്ങളിൽ കാതലായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യകാലംവരെയുള്ള ലിംഗലൈംഗികപദവി ചരിത്രം പരിശോധിക്കുമ്പോൾ സ്ത്രീ-പുരുഷശരീരങ്ങളുടെ സാംസ്കാരിക നിർമ്മിതിയിൽ അടിസ്ഥാനപരമായ മാറ്റം സംഭവിച്ചുട്ടുണ്ടെന്ന് നിരീക്ഷിച്ചത് അമേരിക്കൻ ചരിത്രകാരനായ തോമസ് ലാക്വയർ (Walter Thomas Laqueur, 1945) ആണ്.[2] ചരിത്രത്തിൽ ഒളിച്ചവെക്ക പ്പെട്ടതോ മറിച്ചുവെക്കപ്പെട്ടതോ ആയ വസ്തുതയാണ് വിമതലൈംഗികത. സ്ത്രീ-പുരുഷബന്ധങ്ങളിലെ സ്വാഭാവികതയും അസ്വാഭാവികതയും ആഴത്തിൽ ചർച്ചയ്ക്ക് വിധേയമാകുമ്പോഴും സ്ത്രീ- പുരുഷൻ എന്ന ദ്വന്ദത്തിൽ നിന്ന് മാറി ചിന്തിക്കാൻ സമൂഹത്തിന്റെ സാംസ്കാരികനിർമ്മിതി അനുവദിക്കാറില്ല. അതു കൊണ്ടുതന്നെ പ്രകൃതിജന്യമായി ഉടലെടുക്കുന്ന വിമതലൈംഗികതാൽപര്യം മനു ഷ്യർക്ക് കാഴ്ചക്ക് അപ്പുറത്തേക്ക് മാറ്റിനിർത്തേണ്ടുന്ന വിഷയമായി മാറി. ഉത്തരാ ധുനികതയുടെ ചിന്താപരിസരങ്ങളിൽ ഫെമിനിസം ഇടംപിടിച്ചുതുടങ്ങിയപ്പോൾ സ്ത്രീക്കു നേരെയുള്ള അടിച്ചമർത്തലിനെതിരായുള്ള രാഷ്ട്രീയപ്രതികരണം എന്നോണം ഫെമിനിസ്റ്റുകൾക്കിടയിൽ വിമതലൈംഗിക ചിന്താഗതി രാഷ്ട്രീയപര മായി ഉരുവം പ്രാപിച്ചു. ഫെമിനിസം ലിംഗപദവിയെക്കുറിച്ച് ചർച്ചചെയ്തപ്പോ ഴെല്ലാം പുരുഷന് പിറകിലാണ് സ്ത്രീക്ക് ഇടം ലഭിക്കുന്നത് എന്ന ചിന്താഗതി ശക്തമായി. ഏത് കാലഘട്ടത്തിലും ഏത് സംസ്കാരത്തിലും ഇത് ആവർത്തിക്ക പ്പെട്ടു. പുരുഷനു താഴെ സ്ത്രീ, സ്ത്രീയ്ക്കു താഴെ അപരലിംഗം എന്ന ധാരണ

ബലപ്പെട്ടു. ഈ ചിന്താതലത്തിൽ നിന്നുകൊണ്ടാണ് വിമതലൈംഗികന്റെ ലിംഗപദവി പ്രശ്നങ്ങളെ നോക്കിക്കാണേണ്ടത്.

### 1.1.4 വിമതലൈംഗികതയുടെ ക്രമരാഹിത്യം

'ക്രമരഹിത ലൈംഗികത' എന്ന് വിമതലൈംഗികതയെ അഭിസംബോധന ചെയ്തത് ഫെമിനിസ്റ്റ് രാഷ്ട്രീയ സൈദ്ധാന്തികയായ 'കരോൾ പേറ്റ്മാൻ' (Carole Pateman, 1940) ആയിരുന്നു.[3] സംസ്കാരത്തിന് നേരെ എതിരുനില്ക്കുന്നതാണ് സ്ത്രീലിംഗപദവിയെന്ന, ഫ്രോയിഡിയൻ ആശയത്തെ, വിമത ലൈംഗികതയോട് ചേർത്തുവെച്ചാണ് പേറ്റ്മാൻ ഈ നിരീക്ഷണം അവതരിപ്പിക്കുന്നത്. ക്രമരഹിതം എന്നാൽ എന്താണ്? സാമൂഹികക്രമത്തിനു വിരുദ്ധം എന്ന അർത്ഥത്തിൽ ഒരു വിപ്ലവാത്മക കാഴ്ചപ്പാട് ഇതിൽ ഉൾപ്പെടുന്നുണ്ട്. ശാരീരികമായ അസുഖം എന്ന നിലയിലും ക്രമരഹിതമെന്നത് വ്യവഹരിക്കപ്പെടുന്നുണ്ട്. ഫ്രോയിഡിൽനിന്നാരംഭിക്കുന്ന സൈദ്ധാന്തികവും ക്ലിനിക്കലുമായ മിക്കവാറും എല്ലാ പഠനങ്ങളും ചൂണ്ടിക്കാണിക്കുന്ന വസ്തുത, സ്ത്രീയും പുരുഷനും രണ്ട് വ്യത്യസ്ത ശാരീരിക-മാനസിക നിലകളാണെന്നും അവ വളർച്ചയുടെ പടവുകളിൽ വെച്ച് ഓരോരുത്തരുടെയും ഉള്ളിൽ വേരുറപ്പിക്കുന്നവയുമാണ് എന്നാണ്. ലിംഗവ്യത്യാസം ജനനത്തിനുശേഷം അടയാളപ്പെടുത്താവുന്ന ശാരീരികവ്യത്യാസം മാത്രമല്ലെന്നും അത് മനോനിലകളിലൂടെ വികസിച്ചു വരുന്നതുകൂടിയാണെന്നും സാരം. പുരുഷൻ/സ്ത്രീ എന്നീ ലിംഗബോധമനസ്സ് ഉണർന്നുതുടങ്ങുന്ന കാലത്തുതന്നെ മനുഷ്യൻ ആണും പെണ്ണുമായുള്ള പെരുമാറ്റം ശീലിക്കുന്നു. ഈ സമൂഹം മുന്നോട്ടുവെക്കുന്ന ലൈംഗികതാബോധം വിമതരതിയുടെ ആദ്യ തലംതന്നെ നിരാകരിക്കുന്നു. സാമൂഹികക്രമത്തിൽ രൂപപ്പെട്ടിട്ടുള്ള ലൈംഗികചിന്തയെ സ്പഷ്ടമായി തന്നെ ചോദ്യംചെയ്യുകയും ലൈംഗികാധികാരത്തിന്റെ ക്രമത്തെ അട്ടിമറിക്കുകയും ചെയ്യുന്നതാണ് വിമത/സ്വവർഗ്ഗലൈംഗികതയുടെ രാഷ്ട്രീയം. സിവിൽ സൊസൈറ്റിയും അതിനെ പിൻപറ്റുന്ന നാഗരികതയും പുരുഷനിർമ്മിതിയാണെന്നുള്ളതിനാൽ പൊതുവെ സ്ത്രീലൈംഗികതയും സ്ത്രീയുടെ ലിംഗപദവിയും പുരുഷനു താഴെയാണെന്നാണ് സ്ഥാപിക്കപ്പെട്ടുപോന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ വിമത/സ്വവർഗ്ഗലൈംഗികത സ്ത്രീലിംഗപദവിക്കും താഴെ സമൂഹം പുറംതള്ളിയ ഇടത്ത് സ്ഥാപിക്കപ്പെട്ടു.

കഴിഞ്ഞ രണ്ട് ദശാബ്ദക്കാലമായി ലസ്ബിയൻ/ഗേ വിഷയങ്ങളിൽ വിവിധ മേഖലകളിലായി പഠനപ്രവർത്തനങ്ങൾ സജീവമാകുന്നുണ്ട്. ലെസ്ബിയൻ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾ വിമൻസ്റ്റഡീസിന്റെ ഭാഗമാണെങ്കിലും ഈ അടുത്തകാലത്താണ് ലെസ്ബിയൻഫെമിനിസം അക്കാദമികചർച്ചകളിൽ വേണ്ടത്ര പ്രാധാന്യത്തോടെ ഇടം നേടിയത്. 'ക്വീർ'തിയറി എന്ന പേരിൽ ലെസ്ബിയൻ ഗേ ജീവിതപരിസരങ്ങളെ സിദ്ധാന്തവത്കരിക്കുന്ന അക്കാദമികപ്രവർത്തനങ്ങൾ ഇന്നു സജീവമാണ്. യഥാർഥത്തിൽ ക്വീർ തിയറി ലെസ്ബിയൻ ഫെമിനിസത്തെ അതിന്റെ മുഴുവൻ അന്തസ്സത്തയിലും ഉൾക്കൊള്ളുന്നില്ല. എങ്കിലും ലെസ്ബിയൻ ഫെമിനിസത്തിന്റെ അടിസ്ഥാന ചോദനകളോട് ക്വീർ തിയറി ഇടഞ്ഞുനില്ക്കുന്നുമില്ല. ലെസ്ബിയൻ ഫെമിനിസം തീർച്ചയായും ചില നിർണായക സാമൂഹിക - രാഷ്ട്രീയ വിശകലനങ്ങൾ സാധ്യമാക്കുന്നുണ്ട്.

ലെസ്ബിയനിസം എന്നത് ശാരീരികമായ ഒരു ക്രമം തെറ്റലാണെന്ന വൈദ്യശാസ്ത്രത്തിന്റെ നിഗമനങ്ങൾക്കെതിരെയുള്ള വാദങ്ങൾ ഉയർത്തിക്കൊണ്ടാണ് ആദ്യകാലത്ത് ലെസ്ബിയൻ ഫെമിനിസം രൂപപ്പെട്ടതും വളർന്നതും. വിമതരതിയിൽ ഏർപ്പെടുന്നവർ സഹതാപമർഹിക്കുന്ന ശാരീരികപ്രശ്നമുള്ളവരാണെന്ന പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടിനെ വിമിർശിച്ചുകൊണ്ടാണ് ലെസ്ബിയൻ ഫെമിനിസ്റ്റുകൾ രംഗത്തെത്തിയത്. അതുകൊണ്ടുതന്നെ വിമതലൈംഗികത ഒരു ശാരീരികന്യൂനതയല്ല എന്ന് സ്ഥാപിക്കാനാണ് അവർ ശ്രമിച്ചത്. അക്കാലത്തെ സിദ്ധാന്തങ്ങൾ വിമതപ്രേമികളിൽ, സ്വാഭാവികലൈംഗികത അടിച്ചേല്പിക്കുന്നതിനെതിരെ രംഗത്തു വന്നു. സാധാരണ ലൈംഗികതയിൽ ഏർപ്പെടുന്ന സ്ത്രീകളിൽനിന്നു ഭിന്നമായി പുരുഷലോകത്തോട് സംവാദം സാധ്യമല്ലാത്ത സ്ത്രീകളുടെ തിരിച്ചറിവിന്റെ സംഘടിതബോധമായി അതുമാറി. അതുവഴിയാണ് 'സ്ത്രീയെ തിരിച്ചറിയുന്ന സ്ത്രീ' എന്ന സങ്കല്പം രൂപപ്പെട്ടത്. ശാരീരികമോ വൈദ്യശാസ്ത്രപരമോ ആയ ഒരവസ്ഥയും സ്വവർഗ്ഗരതിസംബന്ധമായ വിഷയത്തിൽ അത്യന്തികമായി ഒന്നും ചെയ്യുന്നില്ല എന്ന നിലപാടിലാണ് എഴുപതുകളിലെ ലെസ്ബിയൻ ഫെമിനിസ്റ്റ് പ്രവർത്തകർ അവരുടെ വാദങ്ങൾ ഉന്നയിച്ചത്.

മനുഷ്യജീവിതത്തിന്റെ സാമൂഹികാസ്തിത്വം പരിശോധിക്കുന്ന അവസരത്തിലാണ് ലൈംഗികതയിൽ ഊന്നുന്ന വിഭജനങ്ങളും സാദ്ധ്യതകളും ചിന്താവിഷയമാവുന്നത്. ഒരു വ്യക്തി ജനിക്കുകയും ജീവിക്കുകയും ചെയ്യുന്നത് ഒറ്റയ്ക്ക് ഒരു

സംവിധാനത്തിലല്ല. കുടുംബം എന്ന ഏകകത്തിനുള്ളിൽ സമൂഹം എന്ന വ്യവസ്ഥയ്ക്കകത്താണ്. വ്യക്തിക്ക് ഇത്തരമൊരു ചിട്ടപ്പെടലിനെ വ്യക്തിക്ക് ആദ്യം മുതൽ നേരിടേണ്ടതുണ്ട്. ആദിമകാലം മുതൽ ഈ ചിട്ടപ്പെടലിന് മനുഷ്യസമൂഹം വിധേയമാകുന്നുണ്ട് എന്ന് ബനഡിക്ട് ആൻഡേഴ്സൺ (Benedict Richard O'Gorman Anderson, 1936-2015) നിരീക്ഷിക്കുന്നുണ്ട്.[4] ഈ രണ്ടു സമൂഹത്തിനിടയിൽ ഒരു സമൂഹത്തിനുവരുന്ന കാഴ്ചപ്പാടിന്റെ രാഷ്ട്രീയത്തിന് അനുസൃതമാണിതെന്ന് കാണാം. പരിഷ്കൃതം എന്ന് ഒരു സമൂഹം സ്വയം അവരെ കുറിച്ചും അപരിഷ്കൃതം എന്ന് അപരസമൂഹത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാട് വികസിപ്പിച്ചുവരുകയും രണ്ട് സമൂഹങ്ങൾക്കും ഈ നിലപാട് ഒരർത്ഥത്തിലല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ സ്വീകരിക്കേണ്ടിവരുകയും ചെയ്യുന്നു. സാമൂഹ്യമായി ആദ്യഘട്ടത്തിൽ വരുന്ന ഈ വിഭജനം അടിസ്ഥാനപരമായ വിഭജനമാവുകയും അത് പിന്നീട് മറ്റുതരത്തിലുള്ള വിവിധ വിഭജനങ്ങൾക്ക് കാരണമാവുകയും ചെയ്യും.

സാമൂഹ്യജീവിതം എന്നത് ഇങ്ങനെ വിവിധങ്ങളായ അടരുകളിലെ യാഥാർത്ഥ്യമാണെന്നു വരുകയും അടരുകൾ കാലത്തിനും ദേശത്തിനും അനുസരിച്ച് ഏറിയും കുറഞ്ഞും ഇരിക്കുമെങ്കിലും ഇവയുടെ പ്രവർത്തനസ്വഭാവം ഏതാണ്ട് ഒരേപോലെ തന്നെ ആവുകയും ചെയ്യും. പ്രധാനമായും സാമ്പത്തികമായ നിലയാണ് ഇത്തരം വിഭജനത്തിന്റെ ഒന്നാം അടര്, 'സാമ്പത്തികാധികാരം' എന്ന ക്രോച്ചെ (Benedetto Croce, 1966-1952) യുടെ പരികല്പന ഈ വിഭജനത്തിന്റെ താക്കോൽ പദമാണ്.[5] സമ്പത്ത് അധികാരത്തിന്റെയും അധികാരം സമ്പത്തിന്റെയും കാവലാളാവുന്നു. പരസ്പരമുള്ള ഈ കൊടുക്കൽ വാങ്ങൽ സാമൂഹികജീവിതത്തിന്റെ വിഭജനത്തിന്റെ രാഷ്ട്രീയത്തിൽ നിർണ്ണായകമാവുന്നു. ജനതയെ വിഭിന്ന ദ്വന്ദ്വമാക്കി നിർത്തുന്ന, പരസ്പരസംഘർഷങ്ങൾ രൂപപ്പെടുത്തുന്ന രാഷ്ട്രീയമാണിത്. സമ്പത്ത് അധികാരം കൈയ്യാളുകയും അധികാരം സമ്പത്ത് വിനിയോഗിക്കുകയും ചെയ്യുന്നതിനു പുറമേ സാമ്പത്തികാധികാരത്തിന്റെ പാർശ്വത്തിലേക്ക് തള്ളിമാറ്റപ്പെടുന്നവർ ഭൂരിപക്ഷമാവുന്നു.

ഈ വിഭജനത്തിന്റെ പിന്നാലെ വരുന്നതാണ് അടുത്ത അടര്. അവിടെ മതമാണ് ഇടപെടുന്നത്. ഒരാൾ ജനിച്ചുവീഴുന്നതേ മതം രൂപപ്പെടുത്തിവെച്ച ഘടനകളിലേക്കാണ്. മതാത്മകമായ ബോധത്തിന്റെ അതിരുകളിലേക്ക് വിക്ഷേപിക്കപ്പെടു

ന്നതാണ് വ്യക്തിയുടെ ജീവിതം എന്ന് ഇതിനെ ചുരുക്കി എഴുതാം. മതത്തിന കത്തെ വ്യക്തമായ സ്ഥാപനമാണ് ജാതി. ജാതീയ വേർതിരിവുകളിൽനിന്നും സവർണ്ണം-അവർണ്ണം എന്ന ദ്വന്ദ്വവും നിരവധി ഉച്ചനീചശ്രേണികളും ആചാരാനു ഷ്ഠാനങ്ങളും ഏതു ദേശത്തെ ജനതയിലും തീവ്രമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഇത്തരമൊരു ഘട്ടത്തിലാണ് സ്വത്വരാഷ്ട്രീയത്തിന്റെ ഇടപെടൽ ശ്രദ്ധേ മാകുന്നത്. 'സ്വത്വം' എന്നത് കേവലമായൊരു തനിമയല്ലെന്നും അത് ഓരോ വ്യക്തിയുടെയും സത്താപരമായ ഉള്ളടക്കമാണെന്നും മനസ്സിലാക്കുമ്പോഴാണ് നേരത്തെ വിശദീകരിച്ച ലിംഗ-ലൈംഗിക ബോധാവബോധങ്ങളുടെ ഇടപെടൽ എത്രമാത്രം തീക്ഷ്ണമാണെന്ന് മനസ്സിലാവുക.

ലൈംഗികതയിൽ സ്വവർഗ്ഗബോധത്തോടുള്ള അനുകൂലമനോഭാവം സാമൂ ഹികമായ ഒത്തുചേരലിനോടുള്ള വിമതമനോഘടനയിലാണ് പൊതുസമൂഹം പ്രവർത്തിക്കുന്നത്. ഇത്തരം വിമതഘടനകൾ രൂപപ്പെടുന്നതിനെ കുറിച്ചുള്ള സൈദ്ധാന്തികാന്വേഷണങ്ങൾ ആയിരത്തിതൊള്ളായിരത്തി എഴുപതുകളുടെ അവ സാനം മുതൽ ആരംഭിച്ചിട്ടുണ്ട്. 'ക്വീർ' എന്ന പദം കൊണ്ടാണ് ഈ മനോനില വിശദീകരിക്കപ്പെട്ടത്. ക്വീറുമായി ബന്ധപ്പെട്ട വിശദമായ പഠനങ്ങളും സൈദ്ധാന്തി കമായ ചർച്ചകളും പിന്നീടുണ്ടായി. പുരുഷനിൽ കേന്ദ്രീകരിക്കുന്ന ലൈംഗികസമൂ ഹത്തിന്റെ ലൈംഗികഭാവനകളും ഭാഷയും സ്ത്രീകേന്ദ്രിത ലൈംഗികതയിൽനിന്ന് ഭിന്നമായിരിക്കുമെന്ന് മാത്രമല്ല, അത് കുറേയേറെ അധികാരകേന്ദ്രിതം കൂടിയായി രിക്കും. എന്നാൽ ക്വീർ തിയറി വിമതലൈംഗികതയിൽ എത്തുമ്പോൾ ഈ അധി കാരനിഷ്ഠമായ ലൈംഗികതയല്ല പുരുഷനുള്ളതെന്നും വിമതലൈംഗികതയിൽ പുരുഷന്റെ അധികാരമനോഘടനയ്ക്ക് അയവുവരുന്നുണ്ടെന്നും പഠനങ്ങൾ തെളി യിക്കുന്നു. അതിനാൽ വിമതലൈംഗികതയിൽ പുരുഷന്റെ എതിർഭാഗത്തുനിന്ന സ്ത്രീലൈംഗികത പിന്നീട് സ്വതന്ത്രലൈംഗികതയുടെ സാദ്ധ്യതകൾ ആരായുന്നു ണ്ട്. ക്വീറിൽനിന്ന് മാറിനിന്ന് മാത്രം ചിന്തിച്ചുപോന്ന ലെസ്ബിയൻഫെമിനിസം പിൽക്കാലത്ത് ക്വീർ സിദ്ധാന്തത്തോടടുക്കുകയും വിമതലൈംഗികത പൊതുവായ ഒരു ധാരണ ചർച്ചകളിൽ ഇടംപിടിക്കുകയും ചെയ്തു. വിമതലൈംഗികത ഒരു മനോവൈകല്യമോ, ശാരീരികമായ രോഗാവസ്ഥയോ അല്ലെന്നും മറ്റേത് ലൈംഗി കതയെയുംപോലെ സ്വാഭാവികമാണെന്നും സ്വതന്ത്രലൈംഗികജീവിതത്തിന് വിമതരതിയിൽ മാത്രം ഊന്നുന്നവർക്ക് അർഹതയുണ്ടെന്നുമുള്ള ഒരു

പൊതുചിന്താധാരയിലേക്കു കാലക്രമേണ ലെസ്ബിയൻ ഫെമിനിസ്റ്റുകളും ക്വീർ സൈദ്ധാന്തികരും എത്തിച്ചേരുന്നു. പൊതുസമൂഹത്തിന് വിമതരതിയോടുള്ള മനോഭാവവും ട്രാൻസ്ജെൻഡർ ജനതയോടുള്ള മനോഭാവവും പൊതുവേ ഒന്നു തന്നെയാണ്. ഈ കാഴ്ചപ്പാടിലുള്ള അകലമില്ലായ്മ മനുഷ്യർക്കിടയിൽ സാംസ്കാരികമായും ശാരീരിക-മാനസികവ്യാപാരങ്ങളുടെ തലത്തിലും കടുത്ത വേർതിരിവുണ്ടാക്കി.

വിമതഭോഗി കടുത്ത കുറ്റംചെയ്യുന്ന ആളാണെന്ന മനോനിലയിൽനിന്നും സമൂഹം പതുക്കെ പുറത്തുകടക്കാൻ തുടങ്ങി. സ്വത്വ-രാഷ്ട്രീയസംഘർഷത്തിൽ വർഗ്ഗം, വംശം എന്നിവയുടെ ഇടപെടൽ എത്രമാത്രം നിർണ്ണായകമായിരുന്നുവോ, അത്രയും പ്രധാനമായിരുന്നു ഇതും. എങ്കിലും ലെസ്ബിയൻ ഫെമിനിസവും ക്വീർസൈദ്ധാന്തികരും തമ്മിൽ ഇടയുന്ന ഇടങ്ങളിലൊക്കെ സെക്സും ജെൻഡറും തമ്മിലുള്ള വ്യത്യാസം തന്നെയാണ് പ്രധാനമായത് എന്ന് കാണാം. സെക്സും ജെൻഡറും പരസ്പരാശ്രിതത്വമുള്ള സങ്കല്പനങ്ങളാണെന്ന ഫെമിനിസ്റ്റ് ലെസ്ബി യനിസ്റ്റ് ആശയങ്ങളിൽനിന്ന് ഭിന്നമായി സെക്സും ജെൻഡറും പരസ്പരം ഇടഞ്ഞുനിൽക്കുന്നു. പൊതുബോധത്തിന്റെ ലൈംഗികതയിലേക്ക് ലയിക്കാൻ മടി കാണിക്കുന്നത് വിമതലൈംഗികതയാണെന്ന് ക്വീർ സൈദ്ധാന്തികർ വിശ്വസിച്ചു. പൊതുസമൂഹം അനുശാസിക്കുന്ന സ്ത്രീ-പുരുഷ ദ്വന്ദലൈംഗികതയിലേക്ക് നിർബ്ബന്ധപൂർവമായി കൂട്ടിച്ചേർക്കുന്ന സാമൂഹിക പ്രക്രിയകളോട് ക്വീർ സൈദ്ധാ ന്തികർ ഇടഞ്ഞുതന്നെ നിന്നു. അവിടെയാണ് സെക്സും ജെൻഡറും രണ്ടും വിഭിന്നസങ്കല്പനങ്ങളായി തന്നെ സ്വീകരിക്കേണ്ടതുണ്ടെന്ന ക്വീറുകളുടെ വാദ ഗതി സ്വീകരിക്കേണ്ടിവരുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും ഫെമിനിസ്റ്റ് ലെസ്ബിയൻ ചിന്തകരും ക്വീർ സൈദ്ധാന്തികരും വിമതഭോഗാസക്തിയെ വേറിട്ട ലൈംഗികത എന്നു തന്നെയാണ് വ്യവഹരിച്ചത്. ഈ വേറിട്ട ലൈംഗികതയ്ക്ക് വ്യത്യസ്തമായ കാഴ്ചപ്പാടുകളും നിലപാടുകളുമുണ്ട്. അവയുടെ ആകെത്തുക യാണ് വിമതലൈംഗിക പരിധിയിൽ വരുന്നത്.

വ്യക്തിയിൽനിന്ന് വ്യക്തിയിലേക്കുള്ള അകലം കുറയ്ക്കാനുള്ള ഫലപ്രദ മായ ഒരു മാർഗ്ഗമാണ് ലൈംഗികത. ലൈംഗികതയിൽ സ്ത്രീ-പുരുഷ ദ്വന്ദ്വങ്ങൾക്ക പ്പുറത്ത് ലൈംഗികതയുടെ വിമതങ്ങളായ സാധ്യതകൾ ഉണ്ടെന്ന തിരിച്ചറിവ് മാനു ഷകുലം രൂപപ്പെട്ടതുമുതൽ നിലനിൽക്കുന്നുണ്ട്. അവയെല്ലാം അത്തരത്തിൽ

ജീവിതത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടുമുണ്ട്. അക്കാലം മുതൽ ഇക്കാലംവരെ ജീവിതം ആവിഷ്കരിക്കുന്ന എന്തും, ജീവിതത്തിൽ ഒറ്റപ്പെട്ടുനില്ക്കുന്ന അവസ്ഥ യിലാണ്. വിമതലൈംഗികതയ്ക്ക് കലയിലും ആവിഷ്കാരങ്ങളിലും ഈ ഒറ്റപ്പെട്ട നില കണ്ടെത്താനാവും. പൊതുവേ കാലികാവസ്ഥ പരിശോധിക്കുമ്പോൾ സ്ത്രീ വിമതലൈംഗികത, അല്ലെങ്കിൽ ലെസ്ബിയൻ കമ്മ്യൂണിറ്റി എന്നു പറയുമ്പോൾ, ഇതു മുഴുവനും ലെസ്ബിയൻ ഫെമിനിസ്റ്റുകളോ ആക്ടിവിസ്റ്റുകളോ ആണെന്ന ധാരണ ലെസ്ബിയൻ ഫെമിനിസ്റ്റുകളിൽനിന്ന് ചോർന്നുപോവുകയും ചെയ്തു. എന്നാൽ ഏതുതരം മനുഷ്യബന്ധങ്ങളെയും ചർച്ചയുടെയും വ്യവഹാരത്തിന്റെ ഇടങ്ങളിലെത്തിക്കുന്ന, സാഹിത്യം പോലുള്ള കലാവസ്തുക്കളിലും അവയുടെ വ്യവഹാരത്തിലും ലെസ്ബിയനിസവും ഗേയിസവും ഇടം പിടിച്ചു.

മലയാളസാഹിത്യത്തിൽ വിമതലൈംഗികത പ്രമേയമാകുന്നത് ഒറ്റപ്പെട്ട സംഭവമായാണ് പരിഗണിച്ചുപോന്നിട്ടുള്ളത്. വിരലിലെണ്ണാവുന്ന കൃതികളോ എഴു ത്തുകാരോ ഒരസ്വാഭാവികപരിണതി എന്നതിനപ്പുറത്തേക്ക് വളർത്തിയെടുക്കാൻ ശ്രമിക്കാത്ത പ്രമേയപരിസരം എന്നേ ഇതുവരെ ഈ വിഷയത്തെ സ്പർശിക്കു മ്പോൾ ഉണ്ടായിട്ടുള്ളൂ. എന്നാൽ ലെസ്ബിയൻ ഫെമിനിസം-ക്വീർ തിയറികളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ മലയാള സാഹിത്യത്തിലെ വിവിധ രചനക ളിലും എഴുത്തുകാരിലും ഒരു ക്വീർ ഉണ്ട് എന്ന് കണ്ടെത്താൻ തീരെ പ്രയാസമില്ല.

വിമതഭോഗത്തെ ഇച്ഛാപൂർണമായ ലൈംഗികത എന്നുതന്നെയാണ് ക്വീർ സൈദ്ധാന്തികർ വിളിക്കുന്നത്. ഇച്ഛാപൂർണമായ ലൈംഗികതയുടെ സാക്ഷാത്കാ രത്തിനായി അലയുന്ന നിരവധി കഥാപാത്രങ്ങളുടെയും പ്രമേയങ്ങളുടെയും ആകരമാണ് മലയാളസാഹിത്യം. ഫ്രോയിഡ് ലിബിഡോ എന്നു വിളിച്ച, ആസക്തി എന്ന് സാമാന്യേന പറയാവുന്ന മനോഘടനയെ ചുറ്റിപ്പറ്റിയാണ് മലയാളത്തിൽ എഴുതപ്പെട്ട സാഹിത്യത്തിന്റെ മുക്കാൽ പങ്കും നിലനിൽക്കുന്നത്. ആസക്തിയിൽ ലൈംഗികത തന്നെയാണ് മുന്നിട്ടുനില്ക്കുന്നത്. പണത്തോട്, പദവികളോട്, ആർഭാടജീവിതത്തോട്, സാമൂഹികാസ്തിത്വങ്ങളോട് സ്വത്വബോധത്തിൽ ഊന്നി വിടരുന്ന വ്യത്യസ്ത ശാരീരിക-മാനസികനിലപാടുകളോട്-എല്ലാമുള്ള ആസക്തി യുടെ അടിസ്ഥാനകേന്ദ്രം ലൈംഗികതയുടേതാണെന്ന് ഫ്രോയിഡ് മുതൽ ലക്കാൻ വരെയുള്ളവർ വിശ്വസിക്കുന്നുണ്ട്. ഈ ആസക്തിയുടെ വിവിധങ്ങളായ പ്രകാശന ങ്ങളാകുന്നു സാഹിത്യആവിഷ്കാരങ്ങൾ എന്നിരിക്കെ സൂക്ഷ്മമായി ചിന്തിച്ച്

ചെല്ലുമ്പോൾ കേവല ലൈംഗികാനന്ദമല്ല, മറിച്ച് അത്രയൊന്നും ശുദ്ധമല്ലാത്ത ലൈംഗികാനന്ദം തന്നെയാണ് വിമതലൈംഗികനിലും കണ്ടെത്താനാവുക. ഏത് കൃതിയിലെയും കഥാപാത്രങ്ങളുടെ സൂക്ഷ്മമനോഘടനയിലൂടെ കടന്നുപോകുമ്പോൾ അവ സൂക്ഷിക്കുന്ന ലൈംഗികതയുടെ ഇടം വിസ്മയിപ്പിക്കും. സമൂഹം സ്വാഭാവിക ലൈംഗികതയിലേക്ക് അനുനയിപ്പിക്കുമ്പോൾ വിമതലൈംഗികതയെ പുണരാനുള്ള വെമ്പൽ ഉള്ളിലേക്ക് അടിച്ചമർത്തുകയും അത് പലതരത്തിലുള്ള ഭിന്നാവിഷ്കാരങ്ങളായി പുറത്തുവരുകയും ചെയ്യുന്നത് വിശകലനങ്ങളിലൂടെ വെളിവാകുന്നതായി കാണാം.

ലെസ്ബിയൻ, ഗേ ബന്ധങ്ങളുടെ സൈദ്ധാന്തികപരിസരം ഉപയോഗിച്ചുകൊണ്ട് ഇത്തരത്തിൽ കലാവിഷ്കാരങ്ങളിൽ, വിശേഷിച്ച് സാഹിത്യത്തിലൂടെയുള്ള അന്വേഷണം സമൂഹമനസ്സിന്റെയും വ്യക്തിമനസ്സിന്റെയും വൈചിത്ര്യങ്ങളെ വെളിപ്പെടുത്താനാണ് സഹായിക്കുക. ക്വീർ തിയറി ലെസ്ബിയൻ ഫെമിനിസത്തിന്റെ കാഴ്ചപ്പാടുകളോട് ചേർന്നും ഇടഞ്ഞും കലഹിച്ചും മുന്നോട്ടുപോയതോടുകൂടിയാണ് എഴുത്തിലും എഴുത്തുകാരനിലും ഏതേതെല്ലാം ചിന്തകളിൽ ക്വീർ ആശയങ്ങൾ ഉണ്ടെന്ന അന്വേഷണം പ്രബലമായത്. അതുകൊണ്ട് കേവലം സ്ത്രീ-പുരുഷൻ തുടങ്ങിയ വിരുദ്ധ ദ്വന്ദ്വങ്ങളിൽ കുടുങ്ങിക്കിടന്ന ലൈംഗികതയുടെ ലിംഗപദവി സാദ്ധ്യതകൾ ഇല്ലാതാവുകയും ബൈനറി ഓപ്പോസിറ്റുകൾക്കപ്പുറത്തും തുല്യസാധ്യതയുള്ള മേഖലകൾ ഉണ്ടെന്നും അത് ലെസ്ബിയനായും ഗേ ആയുമൊക്കെ രുപപ്പെടുമെന്നും വന്നു. അത്തരം ജീവിതം നയിച്ചുപോന്നവരിൽ, എഴുത്തുകാരിൽ വിശേഷിച്ചും ഈ സിദ്ധാന്തങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള പഠനങ്ങൾ സാദ്ധ്യമായി. അത്തരം പഠനങ്ങളിൽനിന്ന് ഊറിക്കൂടുന്ന അറിവുകൾ ഓരോ കാലഘട്ടത്തിലും പ്രസക്തി നഷ്ടപ്പെട്ടു എന്നു കരുതി മാറ്റിവെച്ച കൃതികളെയും എഴുത്തുകാരെയും വീണ്ടും വിലയിരുത്താൻ ഇടയാക്കുന്നുണ്ട്. ഈ വിലയിരുത്തലുകൾ ചെന്നെത്തുന്നത് നിഗൂഢമെന്നും അസ്പൃശ്യമെന്നും സമൂഹത്തിന്റെ മനസ്സിനുമുന്നിൽ തുറന്നിടാൻ അരുതാത്തതെന്നും കരുതിപ്പോന്ന ലൈംഗികതയിലെ അന്യവത്കരിക്കപ്പെട്ട ലെസ്ബിയൻ-ഗേ ജീവിതങ്ങളെയും അവയുടെ തീക്ഷ്ണതകളെയും ആവിഷ്കരിച്ച കൃതികളിലേക്കാണ്. അവ പലപ്പോഴും ആവിഷ്കാരചാതുരികൊണ്ട് മികവുറ്റവയായിട്ടും പ്രമേയത്തിന്റെ

അന്യതകൊണ്ട് വിലക്കപ്പെട്ടതോ തുറന്ന വായനയ്ക്കും വിലയിരുത്തലിനും സാദ്ധ്യമാവാതെ പോയവയോ ആയിരുന്നു.

## 1.2 വിമതലൈംഗിക സമുദായരൂപീകരണം

ലൈംഗികതയെക്കുറിച്ചും ലിംഗത്വത്തെക്കുറിച്ചുമുള്ള സാമൂഹികധാരണ കളെ മറികടക്കുന്ന ശരീരചിഹ്നങ്ങൾ/ജീവിതം/സമുദായം/സംസ്കാരം എന്നിവ വെച്ചുപുലർത്തുന്നവരെയാണ് ലൈംഗികന്യൂനപക്ഷപ്രതിനിധികളായി കണക്കാ ക്കുന്നത്. ലൈംഗിക താത്പര്യത്തിന്റെ വ്യത്യസ്തയോ ലിംഗസ്വത്വത്തിന്റെ വ്യത്യ സ്തതയോ വിമതസമുദായത്തെ ഒന്നിപ്പിച്ചു നിർത്തുന്നു. ഭരണകൂടങ്ങളും മത സ്ഥാപനങ്ങളും മുഖ്യധാരാ സമൂഹങ്ങളും 'തിരസ്കൃതരെന്നും' 'ക്രിമിനലുകൾ' എന്നും മുദ്രകുത്തി അടിച്ചമർത്തുവാൻ ശ്രമിച്ചുവെങ്കിലും അതിജീവനത്തിനായി പോരാടുന്ന, ദൃശ്യതയിലും അദൃശ്യതയിലും നിലനിന്ന ലൈംഗികന്യൂനപക്ഷങ്ങൾ നാനാത്വത്തിൽ ഏകത്വം പേറുന്നവരാണ്. എല്ലാ വിമതലൈംഗികരും സമൂഹത്തിൽനിന്ന് അനുഭവിക്കുന്ന തിരസ്ക്കരണങ്ങൾക്കും വേദനകൾക്കും സമാനസ്വഭാവമുണ്ടെങ്കിലും ജീവിതം, ആചാരം, ലൈംഗികതാത്പര്യം എന്നിവ യിൽ വ്യത്യസ്ത മുഖമുള്ള ഒരുകൂട്ടം ആളുകളാണിവർ.

വിമതലൈംഗികരിൽ സ്വത്വബോധപരവും ലിംഗപദവിപരവുമായ വിഭജനം നിലനിൽക്കുന്നുണ്ട്.

a) സ്വവർഗ്ഗലൈംഗികത-ഒരു ലൈംഗികവ്യത്യസ്തതയാണ് (Sexual identity)

b) അപരലിംഗത്വം- ഒരു ലിംഗപദവിയാണ് (Gender identity)

ഹിജഡസമുദായം ഇതിൽനിന്നെല്ലാം വ്യത്യസ്തമാണെങ്കിലും ഹിജഡ കളും വിമതസമുദായത്തെ പ്രതിനിധാനം ചെയ്യുന്നു

### 1.2.1 ലൈംഗികസ്വത്വവിഭജനം

1. ലെസ്ബിയൻ (സ്ത്രീസ്വവർഗ്ഗാനുരാഗി)
2. ഗേ (പുരുഷ സ്വവർഗ്ഗാനുരാഗി)
3. ബൈ സെക്ഷ്വൽ (ദ്വിലൈംഗികർ)

### 1.2.1.1 ലെസ്ബിയൻ

സ്ത്രീയോട് ലൈംഗികവും വൈകാരികവും ശാരീരികവുമായ പ്രണയം തോന്നുന്ന സ്ത്രീയാണ് ലെസ്ബിയൻ. സ്ത്രീയാണെന്ന് സ്വയം അംഗീകരിച്ചുകൊണ്ട് മറ്റൊരു സ്ത്രീയോട് ലൈംഗികാകർഷണം തോന്നുന്നുവെങ്കിൽ ആ സ്ത്രീയുടെ ലിംഗസ്വത്വം ലെസ്ബിയൻ ആണെന്ന് അനുമാനിക്കാം. ലൈംഗിക പ്രകിയയിൽ ലെസ്ബിയൻ സ്ത്രീകൾ സ്ത്രീശരീരത്തെ അറിയാനും ആസ്വദിക്കാനും ഇഷ്ടപ്പെടുന്നു. ലൈംഗികാനുഭവത്തിൽ പരസ്പരം സ്ത്രീയാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ ലൈംഗികാനുഭൂതി പങ്കുവെക്കുന്നു. സ്ത്രീ സ്വവർഗ്ഗരതിയെ സൂചിപ്പിക്കാൻ പാശ്ചാത്യർ ഉപയോഗിക്കുന്ന വാക്കാണ് ലെസ്ബിയൻ എന്നത്. 'ചൂട്' എന്ന് 'ലെസ്ബിയൻ' വാക്കിന്റെ ഗ്രാമ്യപദമായി മലയാളികൾ ഉപയോഗിച്ചിരുന്നു. ഗ്രീസിൽ സ്വവർഗ്ഗബന്ധത്തിലേർപ്പെടുന്ന സ്ത്രീകളെ 'ട്രൈബാഡുകൾ' എന്നും വിളിച്ചിരുന്നു.

#### 1.2.1.1.1 ലെസ്ബിയൻ പദത്തിന്റെ ഉദ്ഭവവും രൂപാന്തരവും

ലെസ്ബിയൻ എന്ന പദം ഗ്രീക്കിലെ 'ലെസ്ബോസ്' എന്ന ദ്വീപിൽനിന്നാണ് രൂപം കൊണ്ടിട്ടുള്ളത്. ഈ ദ്വീപ് ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സാഫോ എന്ന ഗ്രീക്ക് കവയിത്രിയുടെ വാസസ്ഥലമായിരുന്നു. രതിദേവതയായ 'എഫ്റിഡേറ്റി'നെ ആരാധിച്ചിരുന്ന സാഫോയും കൂട്ടുകാരികളും വിമതബന്ധത്തിൽ ഏർപ്പെട്ടിരുന്നു. സാഫോയുടെ കൃതികളധികവും സ്ത്രീകൾ തമ്മിലുള്ള പ്രേമത്തെ പ്രകീർത്തിച്ചു കൊണ്ടുള്ളതായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ലെസ്ബിയൻ എന്ന പദം ലെസ്ബോസ് എന്ന പദത്തിന്റെ വിവിധ അർത്ഥതലങ്ങളിൽ ഉപയോഗിക്കാൻ തുടങ്ങി. 1890-ൽ ഈ പദം വൈദ്യശാസ്ത്രനിഘണ്ടുവിൽ ലെസ്ബിയൻ ബന്ധത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചു. ഇതിനർഥം രണ്ട് സ്ത്രീകൾ തമ്മിലുള്ള ലൈംഗികബന്ധം എന്നാണ്. ഈ പദത്തിനു പകരമായി ചില സന്ദർഭങ്ങളിൽ സഫിസ്റ്റ് അല്ലെങ്കിൽ സഫിസം എന്നും ഉപയോഗിച്ചിരുന്നു. എന്നാൽ പില്ക്കാലങ്ങളിൽ ലെസ്ബിയൻ എന്ന പദമാണ് പ്രമുഖമായി ഉപയോഗിച്ചത്. '1904-ൽ ജോൺവില്യം ഗാർഡ് തന്റെ ഒരു പെയ്ന്റിങ്ങിൽ 'സഫൊ ഓഫ് ലെസ്ബോസി'നെക്കുറിച്ച് ചിത്രീകരിക്കുകയും

സ്ത്രീകൾ തമ്മിലുള്ള ലൈംഗിക താല്പര്യത്തിന് ലെസ്ബിയൻ എന്ന ദ്യോതകം നല്കുകയും ചെയ്തു'.[6]

### 1.2.1.1.2 ലെസ്ബിയൻ രതിയുടെ സ്വത്വബോധവും സംഘടിത വളർച്ചയും

ചരിത്രത്തിൽ പലയിടങ്ങളിലും വിവിധ സംസ്കാരഘടനകളിലും സ്ത്രീകൾ വിമതരതിയിൽ ഏർപ്പെട്ടിരുന്നു എന്നുകാണാം. എങ്കിലും വളരെ വിരളമായി മാത്രമേ ഇവരെ പ്രത്യേക വിഭാഗമായി സമൂഹം കണ്ടിരുന്നുള്ളൂ. ജർമനിയിലെ ബർലിനിൽ 1920-കളിൽ ശക്തമായ വിമതലൈംഗിക സംസ്കാരം നിലനിന്നിരുന്നു. ലെസ്ബിയൻരതിക്കാർക്കുവേണ്ടി ഏകദേശം അൻപത് ക്ലബ്ബുകൾ പ്രവർത്തിച്ചിരുന്നു. ഇവർക്ക് 1924-1934 കാലഘട്ടത്തിൽ 'ഗേൾഫ്രണ്ട്' എന്ന പേരിൽ ഒരു മാഗസിനും ഉണ്ടായിരുന്നു. 1928-ൽ റൂത്ത് മാർഗരറ്റിന്റെ 'ദി ലെസ്ബിയൻ ഓഫ് ബർലി'ന്റെ പ്രചാരത്തിലൂടെ ബർലിൻ വിമതരതി പ്രവർത്തകരുടെ സിരാകേന്ദ്രമായി മാറി. 'ദി ലാവണ്ടർ സോങ്ങ്' (Dad Lila Lied) ലെസ്ബിയൻ രതിക്കാരുടെ ദേശീയഗാനമായി മാറി. എങ്കിലും ജർമ്മനിയിൽ വിമതരതി കുറ്റകൃത്യമായിരുന്നു.[7] 1923 നാസികളുടെ വരവോടെ വിമതരതിസംസ്കാരം ജർമ്മനിയിൽനിന്ന് അപ്രത്യക്ഷമായി.

1920-കൾ അമേരിക്കൻ രാജ്യങ്ങൾക്ക് സാമൂഹിക പരീക്ഷണങ്ങളുടെ ഒരു കാലഘട്ടമായിരുന്നു. ഇതിന് പ്രധാനകാരണം ഫ്രോയിഡിന്റെ എഴുത്തുകളും നിരീക്ഷണങ്ങളുമാണ്. ഈ എഴുത്തുകളിൽ ലൈംഗികമായ ആഗ്രഹം അബോധമനസ്സിന്റെ ഒരു ഭാഗമാണെന്നും അതിനെ അടക്കിനിർത്താൻ വ്യക്തികളാൽ അസാധ്യമാണെന്നും അദ്ദേഹം പറയുന്നു. ഫ്രോയിഡിന്റെ ഈ പ്രസ്താവന യൂറോപ്പിനെക്കാൾ അമേരിക്കയിലാണ് പ്രകമ്പനം ഉണ്ടാക്കിയത്.[8] അങ്ങനെ ലെസ്ബിയൻ രതി ലൈംഗികതയുടെ ഒരു ഭാഗമാണെന്ന് അംഗീകാരംനേടി.

ലൈംഗികപരീക്ഷണങ്ങൾ ജനങ്ങൾക്കിടയിൽ വ്യാപകമായി. വലിയനഗരങ്ങൾ രാത്രിജീവിതത്തിനുവേണ്ടി പ്രത്യേകം സജ്ജീകരിക്കപ്പെട്ടു. ചില സ്ത്രീകൾ ആഘോഷത്തോടെ തങ്ങളുടെ സ്വവർഗ്ഗവിവാഹങ്ങൾ കൊണ്ടാടി. തങ്ങളുടെ ഇണകൾക്കുവേണ്ടി പുരുഷൻമാരുടെ പേരും രീതികളും സ്വീകരിച്ചു. അങ്ങനെ ഏറ്റവും പ്രകടമായ ഉപസംസ്കാരമായി ദശാബ്ദങ്ങളോളം ലെസ്ബിയനിസം നിലനിന്നു.

1960-കൾ മുതലാണ് ലെസ്ബിയൻ രാഷ്ട്രീയം എന്ന സങ്കല്പനം സജീവമാകുന്നത്.[9]

കമ്മ്യൂണിസം ഉണ്ടാക്കിയ അരക്ഷിതാവസ്ഥയുടെയും ഡാർവിന്റെ ലൈംഗികസിദ്ധാന്തങ്ങൾ മെഡിക്കൽസയൻസിൽ ചെലുത്തിയ സ്വാധീനത്തിന്റെയും ഫലമായി വിമതരതിയെ രണ്ടാംകിട പ്രവൃത്തിയായി തരംതാഴ്ത്തി. 1950-കാലഘട്ടമായപ്പോഴേക്കും വിമതരതിക്കാർക്ക് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. സ്ത്രീക്കും പുരുഷനും വ്യത്യസ്തമായ വസ്ത്രധാരണരീതി കൊണ്ടുവന്നു. 1952-ൽ അമേരിക്കൻ മനഃശാസ്ത്ര സംഘടന വിമതരതി ബന്ധത്തിലേർപ്പെട്ടവർ തമ്മിലുള്ള ലൈംഗികത രോഗാവസ്ഥയാണെന്ന് അഭിപ്രായപ്പെട്ടു. ഇത് ചികിത്സിച്ചു ഭേദമാക്കേണ്ടതുണ്ടെന്ന് മെഡിക്കൽസയൻസും സാധാരണ ജനങ്ങളും ചില വിമതരതിക്കാരും വിശ്വസിച്ചു. വിമതരതിക്കാരെ പൊതുജനസേവനത്തിൽനിന്നു മാറ്റിനിർത്തുന്ന പ്രവണത ആസ്ട്രേലിയ, കാനഡ എന്നീ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുകയും വിമതരതി നിയമവിരുദ്ധമെന്ന് യു.കെ. ഗവൺമെന്റ് പ്രഖ്യാപിക്കുകയും ചെയ്തു.

ഇതിനു മറുപടിയെന്നോണം 1955-ൽ സാൻഫ്രാൻസിസ്കോയിൽ എട്ടു സ്ത്രീകൾ ഒരു റൂമിൽ ഒന്നിച്ചുകൂടി നൃത്തം ചെയ്ത് രസിച്ചു. 'ഒന്നിച്ചുകൂടൽ' തുടർച്ചയാവുകയും ഈ കൂട്ടായ്മ വിമതരതിയുടെ ആദ്യത്തെ സംഘടനയാവുകയും ചെയ്തു. സംഘടനയ്ക്ക് 'ഡോക്ടേഴ്സ് ഓഫ് ബിലിറ്റിസ്' (ഡി.ഒ.ബി) എന്ന് പേരിട്ടു. 'ഡി.ഒ.ബി' ഒരു മാസിക പ്രസിദ്ധീകരിച്ചു. അതിന് 'ദി ലാഡർ' എന്ന് പേരു നല്കി. സ്ത്രീകൾക്ക് സ്വവർഗ്ഗരതിയെ കുറിച്ച് മതിയായ അറിവ് നൽകുക എന്നുള്ളതായിരുന്നു സംഘടനയുടെ ഉദ്ദേശ്യം. ഡി.ഒ.ബി ചിക്കാഗോ, ന്യൂയോർക്ക് എന്നിവിടങ്ങളിൽ വളരുകയും 'ലാഡർ' ആയിരക്കണക്കിനാളുകൾ വായിക്കുകയും ചർച്ച ചെയ്യുകയുമുണ്ടായി. വിമതരതി രോഗമാണെന്ന ധാരണയെ വെല്ലുവിളിക്കുകയും തങ്ങൾ എന്തുകൊണ്ട് വിമതരതിക്കാരായി? ഇത്തരക്കാർ എങ്ങനെ ജീവിക്കണം? സമൂഹം ഇവരെ എങ്ങനെ നോക്കികാണുന്നു? തുടങ്ങിയ വിഷയങ്ങളും ചർച്ചകളും ആയിരുന്നു ലാഡറിൽ ഉണ്ടായിരുന്നത്. 1964 മുതൽ ബ്രിട്ടനിലെ വിമതരതിക്കാർ ചേർന്ന് 'അരീനത്രീ' എന്ന മാസിക ഇതേ ഉദ്ദേശ്യത്തോടെ പുറത്തിറക്കി.[10]

#### 1.2.1.1.3 ലെസ്ബിയൻ നേഷൻ

സ്ത്രീ പദവുമായി ഇഴചേർന്നും അല്ലാതെയും എഴുപതുകളിൽ അമേരിക്കയിൽ ലെസ്ബിയനിസത്തോടനുബന്ധിച്ചുള്ള ധാരാളം ആശയങ്ങൾ ആവിർഭവിച്ചു. ഇതിൽ പ്രസിദ്ധമായതാണ് ജിൽ ജോൺസ്റ്റന്റെ (Jill Johnston) 'ലെസ്ബിയൻ നേഷൻ'എന്ന ആശയം. സ്ത്രീകളുടെ ഒരു പ്രത്യേക സമുദായത്തിന്റെ പരമാധികാരം പൂർണമായും മുമ്പോട്ടുവെക്കുന്ന ഒന്നായിരുന്നു അത്. അമേരിക്കൻ സംസ്കാരത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടതും അന്യവത്കരിക്കപ്പെട്ടതുമായ സ്ത്രീയുടെ ഇടം (Space) തിരിച്ചറിഞ്ഞുകൊണ്ടുള്ള സ്വത്വത്തിന്റെ (Self) പറഞ്ഞുറപ്പിക്കലും തനിമയുടെ അവകാശപ്പെടലും ഒരു സ്ത്രീവാദപരിഹാരം (feminist solution) എന്ന നിലയ്ക്ക് ലെസ്ബിയൻ നേഷൻ എന്ന സ്വപ്നത്തിൽ അന്തർലീനമായിരുന്നു. 'ലിംഗം, ലൈംഗികത, ലിംഗപദവി' എന്നിവയിലൂടെ അധികാര മേൽക്കോയ്മ ഘടകങ്ങൾ ഇല്ലായ്മ ചെയ്യാൻ ലെസ്ബിയനുകൾക്ക് കഴിയുമെന്ന് 'ലെസ്ബിയൻ നേഷൻ' വ്യക്തമാക്കുന്നു.[11]

ഇരുപതാം നൂറ്റാണ്ടിന്റെ വരവോടെ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമായിത്തുടങ്ങി. വനിതാകോളേജിൽ സ്ത്രീമയമായ അന്തരീക്ഷത്തിൽ പ്രണയബന്ധങ്ങൾ പലതും ഉടലെടുത്തു. മുതിർന്നപെൺകുട്ടികൾ താഴ്ന്ന ക്ലാസുകളിലുള്ള പെൺകുട്ടികൾക്ക് പ്രണയലേഖനങ്ങൾ കൈമാറി. അവരോടുള്ള പ്രണയത്തിന്റെ അടയാളമായി അവർക്ക് പൂക്കളും കാർഡുകളും കൊടുത്തു. ഇങ്ങനെയുള്ള സൗഹൃദത്തെ 'സ്മാഷസ്' എന്നും 'സ്പൂൺസ്' എന്നും വിളിക്കുകയും അവരുടെ മാസികകളിൽ അവരെക്കുറിച്ച് മോശമല്ലാതെ ചിത്രീകരിക്കുകയും ചെയ്തു. പരസ്പരമുള്ള വിശ്വാസ്യത, അർപ്പണഭാവം, സ്നേഹം ഇതൊക്കെയായിരുന്നു ഈ കഥയുടെ അവസാനം. സ്നേഹചുംബനം മാത്രമായിരുന്നു ഇവർ തമ്മിലുള്ള ലൈംഗികതയുടെ അതിർവരമ്പുകൾ. 'നിഷ്കളങ്കതയുടെ അവസാനത്തെ ശ്വാസം' എന്നായിരുന്നു ഫഡുമാൻ ഈ കാലഘട്ടത്തെ വിശേഷിപ്പിച്ചത്.[12]

### 1.2.1.1.4 റാഡിക്കൽ ലെസ്ബിയനിസത്തിന്റെ ആവിർഭാവം

1970 കളിലെ ലൈംഗികവിപ്ലവത്തിന്റെ ഫലമായി സ്ത്രീകളിലെ ലൈംഗിക താത്പര്യത്തെ തിരിച്ചറിയുവാനുള്ള ശ്രമമാരംഭിച്ചു. അവരുടെ ലൈംഗിക സ്വഭാവവും പെരുമാറ്റവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള പഠനം തുടങ്ങി. തുടർന്ന് 1978-ലെ 'മോഡേൺ ലാംഗ്വേജ് അസോസിയേഷൻ കൺവെൻഷനിൽ' താനൊരു ലെസ്ബിയനാണെന്ന് മോൺടിംങ് വിറ്റിംങ് (Monting Vitting) പ്രഖ്യാപിച്ചു. വളരെയധികം സ്ത്രീകൾ പുതിയ സാമൂഹികമാറ്റത്തിന്റെ മറവിൽ ഭിന്നലൈംഗികത പരീക്ഷിച്ചു. ഭർത്തൃമതികളായിരുന്ന സ്ത്രീകൾപോലും മറ്റു സ്ത്രീകളുമായി ശാരീരികമായി ബന്ധപ്പെട്ടു. എന്നാൽ രണ്ടാം വിമോചനപ്രസ്ഥാനത്തിന്റെ വരവോടുകൂടി സ്ത്രീകളുടെ വിമതരതി എന്നത് ഒരു രാഷ്ട്രീയ പ്രസ്ഥാനമായി വളർന്നു. ലൈംഗികതൃഷ്ണ എന്നത് പലപ്പോഴും ഇവരെ തിരിച്ചറിയാനുള്ള ഒരു മാർഗമല്ലാതായിത്തീരുകയും ചെയ്തു. ഇതിന്റെ ഫലമായി സ്ത്രീകൾക്കിടയിൽ തീവ്രവാദ (റാഡിക്കൽ ലെസ്ബിയൻസ്) സ്വഭാവമുള്ള സംഘടനകൾ രൂപംകൊണ്ടു. 1970-ൽ 'ദ് വുമൺ ഐഡന്റിഫൈഡ് വുമൺ' എന്ന പേരിൽ അവരുടെ പ്രകടനപത്രിക പുറത്തിറക്കി. ലെസ്ബിയൻ എന്ന പദം പൊട്ടിത്തെറിക്കാൻ നിൽക്കുന്ന എല്ലാ സ്ത്രീകളെയും ഉൾക്കൊള്ളുന്നുവെന്ന് ഇതിൽ പറയുന്നു.[13] ഇങ്ങനെ തീവ്രവാദനിലപാടോടെ ഇക്കൂട്ടർ തീരുമാനങ്ങളുമെടുത്തു. ലൈംഗികതയെ മറികടന്ന് എല്ലാ മേഖലകളിലും സമത്വം കൊണ്ടുവരാൻ പറ്റിയ മാർഗ്ഗം പുരുഷൻമാരെ അധികാരകേന്ദ്രത്തിൽനിന്ന് മാറ്റിനിർത്തലാണെന്നും പുരുഷൻ സ്ത്രീകൾക്ക് എല്ലാവിധ സന്തോഷങ്ങളും നിഷേധിക്കുകയാണെന്നും ഇവർ വിശ്വസിച്ചു. ഇത്തരം തത്ത്വശാസ്ത്രത്തിൽ അടിയുറച്ചു വിശ്വസിച്ചവർ ലെസ്ബിയൻ ഫെമിനിസ്റ്റ് എന്ന് അറിയപ്പെട്ടു.

സ്ത്രീകളുടെ ഉന്നമനത്തിനായി സാമൂഹികപ്രശ്നങ്ങളിൽ ഇടപെടുന്നവരെയും രാഷ്ട്രീയകാര്യങ്ങളിൽ സ്ത്രീപ്രശ്നങ്ങൾ ഉന്നയിക്കുന്നവരെയും ലെസ്ബിയൻ എന്ന് പൊതുവായി വിളിച്ചു. തങ്ങളെ അടിച്ചമർത്തിയിരിക്കുന്ന പുരുഷന്മാരിൽനിന്ന് എല്ലാതരത്തിലുമുള്ള സ്വാതന്ത്ര്യം പ്രഖ്യാപിക്കുക എന്നായിരുന്നു ലെസ്ബിയനിസത്തിന്റെ അജണ്ട. അതോടൊപ്പം ഇവർ വിഭാവനംചെയ്ത മാതൃസമൂഹമായ ലെസ്ബിയൻ നേഷനിൽ സ്ത്രീയും ലെസ്ബിയനും പരസ്പര

പൂരകപദങ്ങളായി മാറി. 1980-ൽ കവിയും എഴുത്തുകാരനുമായ ഏഡ്രിയൻറിച്ച് (Adrienne Rich) ലെസ്ബിയനിസത്തിന്റെ നിർവചനത്തെ രാഷ്ട്രീയപരമായി വിപുലീകരിച്ചു. സ്ത്രീ കാണുന്ന അനുഭവങ്ങൾ എന്നതിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾ തമ്മിലുള്ള എല്ലാ ബന്ധങ്ങളിലും ഒരു ലെസ്ബിയൻ സ്പർശം ഉണ്ട്. അമ്മയും മകളും തമ്മിലും ഒന്നിച്ചു ജോലിചെയ്യുന്ന സ്ത്രീകൾ തമ്മിൽ പുലരുന്ന ബന്ധത്തിലും ഈ സ്പർശം കാണുന്നതായി റിച്ച് അഭിപ്രായപ്പെട്ടു. ലെസ്ബിയൻ ഫെമിനിസം എന്നത് യുവത്വത്തിന്റെ ഒരു മുന്നേറ്റമായി മാറി, ഇതിലെ അംഗങ്ങൾ കലാലയബിരുദധാരികളും ഇടതുപക്ഷചിന്താഗതിക്കാരും ആയിരുന്നു. 1960-70 കാലഘട്ടത്തിൽ ഫെമിനിസ്റ്റ് മൂവ്മെന്റിന് കരുത്തുപകർന്ന കൃതികൾ രചിച്ച ഏഡ്രിയൻ റിച്ച് 1976-ൽ താൻ ഒരു ലെസ്ബിയൻ ആണെന്ന് തുറന്നുപറഞ്ഞു. 'ലെസ്ബിയൻ എക്സിസ്റ്റൻസ്', 'ലെസ്ബിയൻ കണ്ടിന്യൂയം' എന്നീ പദങ്ങൾ സൃഷ്ടിച്ചതും ഏഡ്രിയൻ റിച്ച് ആണ്.[14]

**1.2.1.1.5 മതവിശ്വാസം/നിരോധനം**

ലെസ്ബിയനിസമുൾപ്പെടെയുള്ള സ്വവർഗാസക്തികൾ ആദ്യകാലം മുതൽക്കെ ഭൂമിയിൽ ഉണ്ടായിരുന്നു. ലെസ്ബിയൻ എന്നതിന് എല്ലാ സമൂഹവും ഒരേ അർഥമല്ല നൽകിയിരുന്നത്. അറബിനാടുകളിലെ ലെസ്ബിയൻസിന് യൂറോപ്പിലെ സ്ത്രീകളെ പോലെ ലൈംഗിക ഉത്തരവാദിത്വം ഉണ്ടായിരുന്നില്ല. ബാഗ്ദാദിലെ ഖലീഫയുടെ സദസ്സിൽ പുരുഷവേഷം ധരിച്ച സ്ത്രീകൾ തമ്മിലുള്ള മത്സരം പുരുഷൻമാരുടെ ശ്രദ്ധ നേടിയെടുക്കുന്നതിന്റെ ഭാഗമായിരുന്നു. 12-ാം നൂറ്റാണ്ടിന്റെ സംഭാവനയായ 'ഷാരിഫ് അൽ ഇഡ്രിസിയിൽ' പറയുന്നത്. അന്ന് അറിയപ്പെട്ടിരുന്ന ഏറ്റവും ബുദ്ധിയുള്ള സ്ത്രീകൾ ലെസ്ബിയൻസ് ആയിരുന്നു എന്നാണ്. ധനികരായ വ്യക്തികളുടെ ഭാര്യമാർ തമ്മിലും തൂർക്കിഷ് ബാത്തിൽ പങ്കെടുത്തിരുന്ന സ്ത്രീകൾ തമ്മിലും ലെസ്ബിയൻ ബന്ധം നിലനിന്നിരുന്നതായി പുരുഷരചനകളിൽ കാണാനാവുന്നു. 1978-ലെ അടിച്ചമർത്തൽ മൂലം ഇറാനിയൻ സ്ത്രീകൾ പൂർണമായും നിശബ്ദരാക്കപ്പെട്ടു. ഇറാനിയൻ സമൂഹത്തിൽ വിമതരതിയെക്കുറിച്ച് സംസാരിക്കാൻപോലും സ്ത്രീകളെ അനുവദിച്ചിരുന്നില്ല. വിമതരതിയഭിലാഷങ്ങളെ തിരിച്ചറിയുന്നത് പൊറുക്കാൻപറ്റാത്ത കുറ്റമായി മാറി. ഇസ്ലാമികവിശ്വാസങ്ങളിൽ വിമതരതിയെക്കുറിച്ച് എഴുതിയ എഴുത്തുകാരുടെ അഭി

പ്രായത്തിൽ, ഇത്തരം കർശനമായ നിയമങ്ങൾ ഉണ്ടായിരുന്നിട്ടും ലെസ്ബിയൻ ബന്ധങ്ങളിൽ സ്ത്രീകൾ ഏർപ്പെട്ടിരുന്നു എന്നാണ്. ഇതിനുദാഹരണമായി ഇവർ പറയുന്നത് ലെസ്ബിയനായ ഒരു നരവംശശാസ്ത്രജ്ഞ 1991 ൽ യെമൻ സന്ദർശിക്കുകയും അവിടുത്തെ സ്ത്രീകൾ മറ്റൊരു സ്ത്രീയുമായുള്ള അവരുടെ ബന്ധത്തെക്കുറിച്ച് വാചാലരാവുകയും ചെയ്തു എന്നാണ്. പാകിസ്താനിൽ ഇത്തരക്കാരെ സമുദായത്തിൽനിന്ന് പുറത്താക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. വടക്കേഅമേരിക്കയിലെയും തെക്കേഅമേരിക്കയിലെയും ആൾക്കാർ മൂന്നാംവർഗമായി ആണായ പെണ്ണെന്നും പെണ്ണായ ആണെന്നുമുള്ള ധാരണയിലൂടെയാണ് ലെസ്ബിയനിസത്തെ കാണുന്നത്. ചിലിയിൽ 1984 വരെ സ്വേച്ഛാധിപത്യഭരണമായിരുന്നു. ലെസ്ബിയൻ ഗ്രൂപ്പിന്റെ രൂപീകരണത്തെ ഭരണകൂടം വിലക്കിയിരുന്നു. പിന്നീട് ഇതിനൊരു മാറ്റം വന്നത്, ലെസ്ബിയനായ ഒരു സ്ത്രീയെ പൊതുജനങ്ങൾ ക്രൂരമായി തല്ലിക്കൊന്നതിന്റെ ഫലമായാണ്. സ്ത്രീകൾ തമ്മിലുള്ള വിവാഹം ആഫ്രിക്കയിലെ 30 വ്യത്യസ്തസമൂഹങ്ങളിൽ കണ്ടുവരുന്നുണ്ട്. മറ്റു സ്ത്രീകളെ വിവാഹം കഴിക്കാനും കുട്ടികളെ വളർത്തി ക്കൊണ്ടുവരാനും കഴിയുന്ന സ്ത്രീകൾക്ക് ആഫ്രിക്കയിലെ നൈജീരിയ, കാമറൂൺ, കെനിയ എന്നിവിടങ്ങളിൽ പുരുഷന് ലഭിക്കുന്ന സ്ഥാനം നൽകി.[15]

#### 1.2.1.1.6 മാധ്യമപ്രാതിനിത്യം

സാഹിത്യത്തിലും സിനിമയിലും ടെലിവിഷനിലും ലെസ്ബിയനിസത്തെ അവതരിപ്പിക്കുന്നത് അതതു കാലഘട്ടത്തിലെ സ്ത്രീകളുടെ ലൈംഗികതാത്പര്യത്തിന്റെ സൂചനയാണ്. ലെസ്ബിയനിസത്തെക്കുറിച്ചുള്ള ഒട്ടുമിക്ക മാധ്യമസൃഷ്ടികളും പുരുഷന്റെതാണ്. കാരണം 1970-വരെ സ്ത്രീകൾ പ്രസാധകരായ മാധ്യമങ്ങളുണ്ടായിരുന്നില്ല. മാത്രമല്ല ലെസ്ബിയനിസത്തെക്കുറിച്ച് സ്ത്രീകൾ നിർമ്മിച്ച സിനിമകൾ 1980 വരെ ഉണ്ടായിട്ടില്ല. ടെലിവിഷനിൽ ലെസ്ബിയനിസത്തെക്കുറിച്ചുള്ള അവതരണങ്ങൾ 21-ാം നൂറ്റാണ്ടിൽ മാത്രമാണുണ്ടായത്.

സാഹിത്യത്തിൽ സഫോയുടെ സംഭാവനകളെ കൂടാതെ ചരിത്രകാരിയായ ജീനറ്റ് ഹവാർഡ് ഫോസ്റ്ററിന്റെ 'ബുക്ക് ഓഫ് റൂത്തും' സ്ത്രീ സ്വവർഗ്ഗതാത്പര്യവും ലെസ്ബിയനിസവും നിലവിലുണ്ടായിരുന്നു എന്നും ഇപ്പോഴും നിലനിനി

ൽക്കുന്നുണ്ട് എന്നുമുള്ളതിന്റെ തെളിവുകളാണ്. റോമൻ സാമ്രാജ്യത്തിന്റെ തകർച്ചയുടെ പത്തുനൂറ്റാണ്ടുകൾക്കുശേഷം ലെസ്ബിയനിസം റോമൻ സാമ്രാജ്യ ത്തിൽ അശക്തമായി. എന്നാൽ 21-ാം നൂറ്റാണ്ടോടുകൂടി ശക്തമായ തിരിച്ചുവര വാണ് ലെസ്ബിയൻ സാഹിത്യം നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ അലയൊ ലികൾ മലയാള സാഹിത്യത്തിലും വന്നെത്തി. മാധവിക്കുട്ടിയുടെ ചന്ദനമരങ്ങൾ, ഇന്ദുമേനോന്റെ ലെസ്ബിയൻ പശു, വി.ടി.നന്ദകുമാറിന്റെ രണ്ട് പെൺകുട്ടികൾ, വി.ആർ.സുധീഷിന്റെ വിമതം തുടങ്ങിയവ അത്തരം സൃഷ്ടികളാണ്.

**1.2.1.1.7 സിനിമ**

ലെസ്ബിയനിസത്തിന്റെ സ്വാധീനം 1929-35 കാലഘട്ടത്തിലിറങ്ങിയ പല സിനിമകളിലും കാണാം. ഉദാ:- 1930-ൽ പുറത്തിറങ്ങിയ 'മാക്രോ', 1933-ൽ പുറ ത്തിറങ്ങിയ 'ക്രിസ്റ്റഫർസ്ട്രോങ്ങ്', 1929-ൽ പുറത്തിറങ്ങിയ 'പാൻഡോരാസ് ബോക്സ്', 1931-ലെ 'മഡാക്കൻ ഇൻ യൂണിഫോം' തുടങ്ങിയ ചിത്രങ്ങൾ. എന്നാൽ ലെസ്ബിയനിസത്തെ അതിന്റെ വ്യാപ്തിയിൽ കാണുന്ന ആദ്യ ചിത്രമാ ണ് 'ദ കില്ലി ഓഫ് സിസ്റ്റർ ജോർജ്ജ്'. 1982-ൽ പുറത്തിറങ്ങിയ 'പേഴ്സ ണൽബെസ്റ്റ്',1983-ൽ പുറത്തിറങ്ങിയ 'ലിയാന സിൽക്ക് വുഡ്', 'ദ് കളർ പർപ്പിൾ', 'ഫ്രൈഡ് ഗ്രീൻ റ്റൊമാറ്റൊസ്' തുടങ്ങിയ ചിത്രങ്ങൾ ലെസ്ബിയനിസത്തെ അനു കമ്പാപൂർവ്വം നോക്കിക്കാണുന്നു. ഇന്ത്യൻ ചലച്ചിത്രങ്ങളിൽ ദീപാമേത്തയുടെ 'ഫയർ' (1996), കരൺ റസ്ദിന്റെ'ഗേൾഫ്രണ്ട്'(2004), പത്മരാജന്റെ'ദേശാടനക്കിളി കൾ കരയാറില്ല'(1986), സെയ്ദ് ഉസ്മാൻ സംവിധാനം ചെയ്ത 'സൈലന്റ്‌വാലി' (2011), രാജ് അമിത് കുമാറിന്റെ 'ബ്ലമിഷിങ് ലൈറ്റ്' (2013) തുടങ്ങിയ മലയാളചിത്ര ങ്ങളും ലെസ്ബിയനിസത്തിന്റെ ഇന്ത്യൻ പരാമർശം കാണിച്ചു തരുന്നു. ലിജി.ജെ. പുൽപ്പള്ളി സംവിധാനംചെയ്ത 'സഞ്ചാരം' (2004), വി.ടി.നന്ദകുമാറിന്റെ'രണ്ടു പെൺകുട്ടികൾ' (1978) എന്നീ സിനിമകൾ ലെസ്ബിയനിസത്തിന്റെ കേരള പരാ മർശങ്ങളാണ്.

#### 1.2.1.2 പുരുഷ സ്വവർഗ്ഗപ്രണയി (Gay)

ഒരു പുരുഷന് സ്വലിംഗത്തിൽപ്പെട്ട മറ്റൊരു പുരുഷനോട് തോന്നുന്ന പ്രണയവും രതിയുമാണ് ഗേയിസത്തിൽ ഉൾപ്പെടുന്നത്. പുരുഷസ്വവർഗ്ഗ പ്രണയിയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ആംഗലേയപദമാണ് 'ഗേ'. ഗേ ബന്ധത്തിലെ മുതിർന്ന പുരുഷനെ 'ആജ്യാർ' എന്നും പങ്കാളിയെ 'കുണ്ടൻ' എന്നും പഴയകാലത്ത് വടക്കൻ കേരളത്തിൽ വിളിച്ചിരുന്നു.[16]

##### 1.2.1.2.1 പുരുഷ സ്വവർഗ്ഗാനുരാഗത്തിന്റെ ചരിത്രം

അതിപ്രാചീനകാലത്തു തന്നെ പ്രാചീന ഗ്രീക്ക്-റോമൻ സംസ്കാരങ്ങളിൽ സ്വവർഗ്ഗാനുരാഗബന്ധങ്ങൾ യഥേഷ്ടം നിർവഹിക്കപ്പെട്ടിരുന്നു. സീയൂസ്, അക്കിലസ്, ഹെർക്കുലീസ്, പെഡിസോൺ തുടങ്ങിയ യവനദേവൻമാരൊക്കെ സ്വവർഗാനുരാഗികളായിരുന്നു. ഗ്രീക്ക് റോമൻ കാലഘട്ടത്തിൽ അടിമകൾ ധാരാളമായി ഉണ്ടായിരുന്നതുകൊണ്ടുതന്നെ അടിമകളെ വ്യാപകമായി സ്വവർഗരതിക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പ്രാചീനകാലഘട്ടത്തിൽനിന്നും മധ്യകാലഘട്ടത്തിലേക്ക് എത്തുമ്പോൾ സ്വവർഗ്ഗാനുരാഗം സംബന്ധിച്ച നിലപാടുകളിൽ ആഗോളതലത്തിൽ വ്യാപകമായ മാറ്റങ്ങളുണ്ടായി. പ്രാചീനകാലഘട്ടത്തിൽ സ്വവർഗരതി സ്വാഭാവികമായിരുന്നു. മധ്യകാലഘട്ടം എത്തുമ്പോൾ സ്വവർഗരതി മ്ലേഛവും വികൃതവുമായി വിലയിരുത്തപ്പെട്ടു. പ്രാകൃതമായ ശിക്ഷാരീതികളിലൂടെ വിമതരതിക്കാരെ ക്രൂരമായി ഇല്ലായ്മ ചെയ്തിരുന്നു.

വിമതരതി ക്രിമിനൽ കുറ്റമായ ഇന്ത്യയിൽ വിമതാനുരാഗം വെളിപ്പെടുത്തിയവർ താരതമ്യേന ന്യൂനപക്ഷമാണ്. പത്രപ്രവർത്തകനായ അശോക് റോ കവി, മഹേഷ് ദത്താനി, വിക്രം സേത്ത്, കാലിഫോർണിയയിൽ വിവാഹിതരായ മലയാളി യുവാക്കൾ സന്ദീപ്-കാർത്തിക്, ഗുജറാത്തിലെ രാജപിള്ള ഗോയൽ രാജവംശാംഗമായ മാനവേന്ദ്രസിങ്ങ് തുടങ്ങി വിമതലൈംഗിക വെളിപ്പെടുത്തലിലൂടെ പുറത്തുവന്നവർ ഇന്ത്യൻ സാമൂഹിക സാഹചര്യത്തിൽ കുറവാണ്. എന്നാൽ പുറത്തു പറയാത്ത ഒട്ടേറെ പേർ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്.

വിമതലൈംഗികതാത്പര്യമുള്ള പുരുഷൻമാർ രണ്ടു തരമുണ്ട്; തങ്ങളുടെ വിമതതാത്പര്യം മറച്ചുവെച്ച് പൊതുസമൂഹത്തിന്റെ ഭാഗമാകുന്നവരും സ്ത്രൈണ

സ്വഭാവമുള്ള പുരുഷൻമാരും. ഒരു പുരുഷന് മറ്റൊരു പുരുഷനോട് വൈകാരികവും ലൈംഗികവുമായ അഭിനിവേശം തോന്നുന്ന അവസ്ഥയാണ് പുരുഷന്റെ സ്വവർഗ്ഗപ്രേമം അഥവാ ഗേയിസം. ഭിന്നവർഗലൈംഗികബന്ധത്തിന്റെ അധികാരസ്വാധീനങ്ങൾ വ്യാപകമായി നിലനിൽക്കുന്ന സാമൂഹികാന്തരീക്ഷത്തിൽ ഒരു വിമതലൈംഗികൻ തന്റെ സ്വത്വം വെളിപ്പെടുത്തുന്നതിനെ 'പുറത്തുവരൽ' (coming out)[17] എന്ന് വിശേഷിപ്പിക്കുന്നു.

#### 1.2.1.2.2 സ്വവർഗ്ഗപ്രേമിയായ പുരുഷൻ നേരിടുന്ന വെല്ലുവിളികൾ

വിമതപ്രേമത്തിന് ശരീരത്തിന്റെ രചനാത്മകവും ക്രിയാത്മകവുമായ പരിമിതികളുള്ളതുകൊണ്ട് സംഭോഗത്തിൽ ഏർപ്പെടുന്ന പുരുഷൻമാർക്ക് തരണം ചെയ്യേണ്ട പ്രശ്നങ്ങൾ ഏറെയാണ്. മിക്ക പുരുഷ വിമതപ്രേമികളും ഈ പ്രശ്നങ്ങളെ വെല്ലുവിളിയായി സ്വീകരിച്ച് അവ പരിഹരിക്കാൻ യത്നിക്കാറുണ്ട്. ഈ യത്നത്തിൽ അവർ ഇടക്കിടെ സ്ത്രീകളായി മാറാൻ ശ്രമിക്കുന്നു. സ്ത്രീകളുടെ വസ്ത്രം ധരിക്കുക, സ്ത്രീകളുടെ ആഭരണങ്ങളും ചമയങ്ങളുമണിയുക, സ്ത്രീസ്വഭാവങ്ങളായ നാണം കുണുങ്ങലും മറ്റും അഭിനയിക്കുക എന്നിങ്ങനെ പോകുന്നു അത്. ലിംഗമാറ്റത്തിനുള്ള യത്നങ്ങളും ചിലപ്പോൾ ഇവരിൽ കാണാറുണ്ട്. എല്ലാ വിമതപ്രേമികളായ പുരുഷൻമാരും ഇങ്ങനെ ചെയ്യാറില്ല. പുരുഷന്റെ വിമതപ്രേമ സ്വഭാവത്തിന് പല വൈവിധ്യങ്ങളും കാണാറുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിൽ വിമതപ്രേമികളായ പല പുരുഷൻമാരും തങ്ങളുടെ ശരീരം പുരുഷന്റേതാണങ്കിലും ഉള്ളിന്റെയുള്ളിൽ തങ്ങൾ സ്ത്രീകളാണെന്ന് അവകാശപ്പെടുന്നു. ഇവിടെയാണ് വിമതസിദ്ധാന്തത്തിന്റെ രൂപവത്കരണം കാണാനാകുന്നത്. പക്ഷേ, വിമതപ്രേമികളായ പുരുഷൻമാർതന്നെ ഈ സങ്കല്പത്തെ പരക്കെ അംഗീകരിക്കാൻ തയ്യാറായില്ല. അങ്ങനെ ഉള്ളിൽ പെണ്ണായ ആണുങ്ങൾ എന്ന സങ്കല്പം മാഞ്ഞുപോയി.

പെണ്ണായ ആണുങ്ങൾ സ്തനങ്ങൾ വളർത്താറുണ്ട്. സ്ത്രീകളുടേതുപോലെ സ്തനങ്ങൾ വളരുന്ന അവസ്ഥയാണ് 'ഗൈനക്കോമാസ്റ്റിയ'.[18] ചില പുരുഷ സ്വവർഗ്ഗപ്രണയികൾ ഇത്തരം വളർച്ചകൾക്കുവേണ്ടി ഈസ്ട്രജൻ ഹോർമോണുകളെ ആശ്രയിക്കാറുണ്ട്. അങ്ങനെ ഹോർമോണുകളെ ആശ്രയിച്ച് മാറിടം

വളർത്തുകയും ബ്രെയിസിയർ ധരിക്കുകയും ചെയ്യുന്ന കേരളത്തിലെ ഏക പുരുഷ സ്വവർഗ്ഗപ്രണയിയാണ് താനെന്ന് 'ജോയ്' (ഗേ...തിരുവനന്തപുരം) അവ കാശപ്പെടുന്നു.[19]

പുരുഷന്മാർക്കിടയിലെ വിമതരതി എപ്പോഴും ആത്മബന്ധത്തിൽനിന്ന് ഉരുത്തിരിയുന്നതാവണമെന്നില്ല. സാഹചര്യം അനുകൂലമാകുന്ന അവസരത്തിൽ പരസ്പരം അറിയാത്തവർ തമ്മിൽ പോലും ഇത്തരം താത്ക്കാലിക ബന്ധങ്ങളിൽ ഏർപ്പെടാറുണ്ട്. പലപ്പോഴും ഇത്തരം സ്വവർഗ്ഗസംഭോഗങ്ങൾ നടക്കുന്നത് വികാര ശൂന്യമായ ആത്മബന്ധമില്ലാത്ത യാന്ത്രിക പരിതഃസ്ഥിതികളിലായിരിക്കും. പൊതുകുളിമുറികൾ, പബ്ലിക്ക് ടോയ്ലറ്റുകൾ, ട്രെയിൻ ടോയ്ലെറ്റുകൾ എന്നി വയാണ് ഇത്തരം ബന്ധങ്ങൾക്കുള്ള ഇടമായി പരിണമിക്കുന്നത്. ബസ്സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഉദ്യാനങ്ങൾ, കടപ്പുറം എന്നിവിടങ്ങളിൽ വെച്ച് ഇണ കൾ പരസ്പരം കണ്ടെത്തുന്നു. സ്വവർഗ്ഗപ്രേമം ഇതുപോലെ അപരിചിതത്വം നിറഞ്ഞതും യാന്ത്രികവുമാകണമെന്ന് നിർബന്ധമില്ല. ചിലർ ചെറുപ്പം മുതലേ ഒരേ ഇണയിൽത്തന്നെ ലൈംഗികാനന്ദം കണ്ടെത്തുന്നുമുണ്ട്. മറ്റു ചിലർ കുട്ടി ക്കാലത്തുണ്ടായ ലൈംഗികചൂഷണത്താൽ ലൈംഗികസ്വത്വം സ്ത്രൈണഭാവത്തി ലേക്ക് ഉറച്ചുപോയവരായിരിക്കും (Sexual fixation).

വിമതരതിയിൽ ഏർപ്പെടുന്നവരിൽ ഒരു കർതൃത്ത്വസ്വഭാവിയും വിധേയസ്വ ഭാവിയും ഉണ്ടായിരിക്കും. കർതൃത്ത്വസ്വഭാവിയാണ് ലൈംഗികകാര്യങ്ങളിൽ മുൻകൈ എടുക്കുക. വിധേയസ്വഭാവി വിധേയത്വം നടിക്കുകയോ രതിബന്ധത്തിൽ സ്ത്രീ റോൾ കൈകാര്യം ചെയ്യുകയോ ചെയ്യും. സ്ത്രീ റോൾ ഏറ്റെടുക്കുന്ന വിധേയസ്വഭാവി പ്രായത്തിൽ കുറഞ്ഞവരും സ്ത്രീ-ഭാവചേഷ്ടാദികൾ പുലർത്തുന്നവരും ആയിരിക്കും. കർതൃത്ത്വസ്വഭാവി, തന്റെ സ്ത്രീ ഇണയെ വിധേ യസ്വഭാവികളിൽ തേടുന്ന സന്ദർഭവും കുറവല്ല.

### 1.2.1.2.3 പുരുഷസ്വവർഗ്ഗപ്രണയി ഇണയെ ആകർഷിക്കുന്ന രീതി

വിമതപ്രേമിയായ പുരുഷനെ സംബന്ധിച്ച് ലിംഗമാണ് പ്രശ്നം, വ്യക്തിയ ല്ല. വിമതപ്രേമികൾ പരസ്പരം തിരിച്ചറിയാൻ ചില ആംഗ്യപ്രയോഗങ്ങൾ നടത്തു ന്നു. ഉദാഹരണത്തിന് ഹസ്തദാനം ചെയ്യാനെന്ന പേരിൽ കൈകൊടുക്കുകയും

അപരന്റെ കൈ വെള്ളക്കുള്ളിൽ ചൊറിയുക, സ്ത്രൈണഭാവങ്ങൾ അനുകരിക്കുക എന്നിങ്ങനെ. സ്ഥിരമായി സ്വവർഗ്ഗഭോഗത്തിൽ ഇടപെടുന്ന ചില പുരുഷ വിമത പ്രണയികൾ അപരന്റെ കാൽവിരലുകളുടെയും കൈവിരലുകളുടെയും വലിപ്പത്തെ കണക്കിലെടുത്ത് അയാളുടെ ലിംഗത്തിന്റെ വലിപ്പം, ലൈംഗിക താത്പര്യത്തിന്റെ വ്യതിയാനം എന്നിവ തിരിച്ചറിയാറുണ്ട്, എന്ന് ഗേ ആയ ശ്യാം തിരുവനന്തപുരം പറയുന്നു.[20]

പുരുഷവേശ്യകളായ വിമതരതിക്കാരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു സാമൂഹികസാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. വിമതപ്രേമിയായ പുരുഷൻ ഒരു സായാഹ്നത്തിൽ ഒട്ടേറെ പേരുമായി ബന്ധപ്പെട്ടു എന്നുവരും. പലരും പരസ്പരം പരിചയപ്പെടുന്ന ഇണകളോട് യഥാർത്ഥ പേരുകൾപോലും വെളിവാക്കിക്കൊള്ളണമെന്നില്ല. ഇവർക്കിടയിൽ ആത്മബന്ധത്തേക്കാൾ പ്രാധാന്യം ശാരീരികസുഖത്തിനാണ്. ഇണയെ കണ്ടുപിടിക്കാൻ സ്വന്തം ഫോൺ നമ്പർ പൊതു സ്ഥലങ്ങളിൽ അശ്ലീലവാക്കുകളുടെ അകമ്പടിയോടെ എഴുതിവെച്ച് ലൈംഗിക താത്പര്യം വെളിവാക്കുന്നവരുമുണ്ട്.

ലൈംഗികബന്ധങ്ങൾ പുലർത്തുന്നതിനിടയ്ക്ക് പലപ്പോഴും വിധേയസ്വഭാവിയായ പുരുഷസ്വവർഗ്ഗപ്രേമികൾ പല ചൂഷണങ്ങൾക്കും വിധേയരാകാറുണ്ട്. (മോഷണം, ഭീഷണിപ്പെടുത്തൽ, പണം പിടിച്ചെടുക്കൽ ആവശ്യം കഴിഞ്ഞ് ഉപദ്രവിക്കൽ, ഗുദത്തിൽ സോഡാകുപ്പി, വൈൻഗ്ലാസ് എന്നിവ കടത്തൽ) ചിലർക്ക് മരണംവരെ സംഭവിക്കുന്നു.[21]

വിമതപ്രേമികളായ പുരുഷൻമാരിൽ റാണിമാരും രാജാക്കൻമാരുമുണ്ട്. സംഭോഗത്തിൽ സ്ത്രീയുടെ പങ്ക് വഹിക്കുന്ന പുരുഷനാണ് 'റാണി'(Queen) എന്നറിയപ്പെടുന്നത്. തന്റെ ഗൃഹത്തിൽവെച്ചുമാത്രം സ്ത്രീവേഷമണിയുന്ന സ്വവർഗ്ഗപ്രേമിയായ പുരുഷനെ 'അന്തർജ്ജനം'(Closet Queen) എന്നു വിളിക്കുന്നു. പൗരുഷഭാവമുള്ള വിമതപ്രേമിയായ പുരുഷൻമാരെയാണ് (King) 'രാജാവ്' എന്ന് വിളിക്കുന്നത്. ഇവർ അതിപൗരുഷം കാണിക്കുന്നു. ഇറുകിപ്പിടിച്ച പാന്റ്സ്, തടിച്ചബൂട്ട്, തുകൽകൊണ്ടുള്ള മോട്ടോർ സൈക്കിൾ ജാക്കറ്റുകൾ എന്നിങ്ങനെ

പൗരുഷം മുറ്റിനിൽക്കുന്ന വസ്ത്രങ്ങളണിഞ്ഞ് ഇയാൾ ഒരു കടുപ്പക്കാരനായി (Tough guy) നടിക്കുന്നു.* [22]

ബാഹ്യമായ വേഷംകൊണ്ടുമാത്രം ഒരാൾ റാണിയാണോ രാജാവാണോ എന്നു പറയാനാവില്ല. ലിംഗപ്രദർശനത്തിനുള്ള വാഞ്ഛ ഇവരിൽ പ്രകടമാണ്. വിമതഭോഗികളായ പുരുഷൻമാരിലെ കർതൃത്ത്വസ്വഭാവി സമൂഹത്തിനുമുന്നിൽ യഥാർത്ഥത്തിൽ സുരക്ഷിതരാണ്. അവർ പൊതുസമൂഹത്തിൽ അധികം അപമാനിക്കപ്പെടാറില്ല. ഹോട്ടൽറൂമുകളിലും പൊതുഇടങ്ങളിലും അവർ സ്വതന്ത്രരാണ്. സ്ത്രൈണസ്വഭാവമുള്ള വിധേയസ്വഭാവക്കാരായ വിമതപ്രേമികളാണ് പലപ്പോഴും സമൂഹത്തിന്റെ അപമാനം ഏറ്റുവാങ്ങുന്നത്.

വിമതഭോഗികളായ പുരുഷൻമാർക്ക് എപ്പോഴും ഒരൊറ്റ ഇണയിൽ സംതൃപ്തി കണ്ടെത്താനാവില്ല. കർതൃത്ത്വസ്വഭാവി ദ്വിലൈംഗികനാവാനും സാധ്യതയുണ്ട്. വിധേയസ്വഭാവിയാണ് യഥാർത്ഥ സ്വവർഗ്ഗഭോഗി. ലെസ്ബിയൻസിൽ ഇതുനേരെ മറിച്ചാണ്.

സ്വവർഗ്ഗപ്രേമികൾക്ക് ഇണകളെ കണ്ടെത്താൻ സമൂഹത്തിൽ വ്യവസ്ഥാപിത മാർഗ്ഗങ്ങളില്ല. അതിനാൽ ആ ജോലി വ്യക്തിയിൽ നിക്ഷിപ്തമാവുന്നു. ഇണയെ തിരയുന്നതിനുള്ള വ്യവസ്ഥാപിതമാർഗ്ഗങ്ങൾ വിമതപ്രേമികൾക്ക് സ്വീകരിക്കാനുമാവില്ല. അതുകൊണ്ടവർക്ക് തെരുവിലേക്ക് ഇണയെത്തേടി ഇറങ്ങേണ്ടി വരുന്നു. ഇപ്പോഴത് ഫെയ്സ്ബുക്കിലൂടെയും വാട്സാപ്പിലൂടെയും തടസ്സങ്ങളില്ലാതെ മുന്നോട്ടുപോകുന്നുണ്ട്.*

ഭിന്നവർഗ്ഗപ്രേമികൾ വിമതപ്രേമികളെ പുച്ഛത്തോടും ജുഗുപ്സയോടെയുമാണ് കാണുന്നത്. അതിന്റെ കാരണം അജ്ഞതയാണ്. ഇത് ഭയം വിതയ്ക്കുന്നു (Homophobia). ഭയം അക്രമത്തിലേക്ക് വഴിമാറുന്നു. പലപ്പോഴും അടികൊടുത്ത് വിമതപ്രേമിയെ നന്നാക്കി വിവാഹം കഴിപ്പിക്കാം എന്നും വിവാഹം കഴിച്ചാൽ എല്ലാം ശരിയാവും എന്നും വിശ്വസിപ്പിച്ച് അവരെ നിർബന്ധിത വിവാഹത്തിന്

---

* മുംബൈ പോലീസ് എന്ന ചിത്രത്തിലെ ആന്റണി മോസസ്.

* ഉദാ:- വിമതപ്രേമിയായ ജോയ്, വിനീത് എറണാകുളം തുടങ്ങിയവരുടെ ഫെയ്സ് ബുക്ക്പേജുകൾ.

പ്രേരിപ്പിക്കാറുണ്ട്. അത്തരം പ്രശ്നങ്ങളിൽ പെടുന്നവർ ഭാര്യയുടെ മുന്നിൽ സ്വയം ഷണ്ഡത്വം നടിക്കുകയോ, ഭാര്യയുടെ മുന്നിൽപ്പെടാതെ അപകർഷം നടിച്ച് ജീവിക്കുകയോ ഭാര്യയറിയാതെ മറ്റൊരു സ്വലിംഗ ഇണയെ തേടിപ്പിടിച്ച് ആശ്വാസം കണ്ടെത്തുകയോ ചെയ്യുന്നു. പരലിംഗക്കാരുമായുള്ള ഇവരുടെ വിവാഹബന്ധങ്ങൾ പലപ്പോഴും വിവാഹമോചനത്തിലോ ഇണയിൽ ആരുടെയെങ്കിലും ഒരാളുടെ ആത്മഹത്യയിലോ ചെന്നെത്തുന്ന പ്രവണത കണ്ടുവരുന്നു. ഈ അടുത്തിടയ്ക്കാണ് ഒരു ലേഡിഡോക്ടർ തന്റെ ഭർത്താവിന്റെ വിമതലൈംഗിക താത്പര്യത്തിൽ മനംനൊന്ത് ഫെയ്സ്ബുക്കിലൂടെ വിവരം ഷെയർ ചെയ്തതിനുശേഷം ആത്മഹത്യ ചെയ്തത്. ആ ആത്മഹത്യാക്കുറിപ്പിൽ വിമതപ്രണയികൾ ഒരിക്കലും വിവാഹിതരാകരുതെന്ന് അപേക്ഷിക്കുന്നുണ്ട്.[**] പരലിംഗ ഇണകളെ കൊന്നുകളയുന്ന പ്രവണതയും ചിലയിടങ്ങളിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. തന്റെ സ്വവർഗ്ഗഇണ മറ്റ് വിമതരതിക്കാരുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതിനും കൊലപാതകങ്ങൾ നടക്കാറുണ്ട്. കേരളത്തിൽത്തന്നെ അത്തരം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വിമതലൈംഗികതാത്പര്യം പുറത്തറിയിക്കുന്ന പുരുഷന്മാർ പലപ്പോഴും നിർബന്ധിത ചികിത്സകൾക്ക് വിധേയരാകേണ്ടിവരുന്നു. 'സ്വവർഗ്ഗലൈംഗികത ചികിത്സിച്ചു ഭേദമാക്കാം' എന്ന് പത്രത്തിൽ പരസ്യങ്ങൾ വരുന്നതും സാധാരണമാണ്. 'കറക്ടീവ് റേപ്പിന്'[*] ഇരയാകുന്നവരും ഉണ്ട്. 2015 ജൂൺ നാലിന് പുറത്തുവന്ന പത്രവാർത്തയനുസരിച്ച് ബാംഗ്ലൂർ സ്വദേശിയായ സ്വവർഗ്ഗതത്പരനെ ചികിത്സയുടെ ഭാഗമെന്നോണം കറക്ടീവ് റേപ്പിന് ഇരയാക്കിയത് അമ്മയായിരുന്നു. എന്നാൽ മക്കളുടെ വിമതലൈംഗികതാത്പര്യം അംഗീകരിക്കുന്ന അമ്മമാരും ഉണ്ട്. മുംബൈയിലെ പത്മാസുബ്രഹ്മണ്യം സ്വലിംഗതത്പരനായ തന്റെ മകനുവേണ്ടി വരനെ തേടികൊണ്ട് മാട്രിമോണിയൽ പരസ്യം നൽകിയതാണ് അതിൽ ശ്രദ്ധേയം.[23]

---

** വാട്സാപ്പിലൂടെയും ഫെയ്സ്ബുക്കിലൂടെയും പ്രചരിച്ച ഡോ. ദീപയുടെ ആത്മഹത്യാക്കുറിപ്പ്.

* ലൈംഗികഭിന്നത ചികിത്സിച്ച് ഭേദമാക്കുന്നതിനായി കുടുംബത്തിലെ എതിർലിംഗ ഇണയുമായി ഡോക്ടറുടെ നിർദ്ദേശപ്രകാരം നടത്തുന്ന നിർബന്ധലൈംഗിക പീഡനം

### 1.2.1.2.4 ഗേയിസവും മാധ്യമപ്രാതിനിത്യവും

പാശ്ചാത്യരാജ്യങ്ങളിലാണ് ആദ്യകാലത്ത് ഗേ സിനിമകൾ നിർമ്മിക്കപ്പെട്ടിരുന്നത്. അതിന്റെ തുടർച്ചയെന്നോണം ഇന്ത്യൻ സിനിമകളും 'ഗേ' ജീവിതത്തെ ചിത്രീകരിച്ചു. റിയാസ് വിൻഡി, ജംഗ്സേത്ന ചേർന്ന് സംവിധാനം ചെയ്ത 'ബോംഗേ' (BomGay, 1996) മഹേഷ് ദത്താനി സംവിധാനം ചെയ്ത 'മാംഗോ സൗഫിൾ' (Mango Souffle, 2002), ശ്രീധർ രങ്കച്ചൻ സംവിധാനം ചെയ്ത 'യുവേഴ്സ് ഇമോഷണലി' (Yours Emotionally, 2006), തരുൺ മൻസുഖാനി സംവിധാനം ചെയ്ത 'ദൊസ്താന' (2008) തുടങ്ങിയവ.

മലയാള സിനിമകളിൽ ഒളിഞ്ഞും തെളിഞ്ഞും വളരെ മുൻപേ തന്നെ വിമതരതി സൂചകങ്ങളായ പദങ്ങളും പ്രയോഗങ്ങളും ചിത്രീകരണങ്ങളും ഉണ്ടായിട്ടുണ്ട്. ബഷീർ നോവലായ 'മതിലുകൾ' (1989) സിനിമയായി ചിത്രീകരിക്കുമ്പോൾ ജയിൽ അനുഭവത്തിൽ വിമതരതി സൂചനയുണ്ട്. രണ്ടായിരത്തിനുശേഷം വന്ന ചിത്രങ്ങളിൽ ശ്യാമപ്രസാദിന്റെ 'ഋതു' (2009), 'ഇംഗ്ലീഷ്' (2013), ബോബി-സഞ്ജയ്-റോമൻ ആഡ്രൂസ് ചിത്രമായ 'മുംബൈ പോലീസ്' (2014), എം.ബി.പത്മകുമാർ-അമീർ നിയാസ് ടീമിന്റെ 'മൈ ലൈഫ് പാർട്ണർ' (2014) തുടങ്ങിയവ വിമത പ്രണയ പരാമർശമുള്ളവയാണ്. ചില ചിത്രങ്ങളിൽ കേവലസൂചനകളായി പുരുഷന്റെ വിമതലൈംഗികത കടന്നുവരുമ്പോൾ ചില മുഖ്യധാരാസിനിമകളിൽ പ്രതിനായകകഥാപാത്രങ്ങളിൽ വിമതലൈംഗിക പ്രവണത ചിത്രീകരിക്കപ്പെടാറുണ്ട്. 'ബ്ലാക്ക്' (2004), 'രാഷ്ട്രം' (2006), 'ക്രൈം ഫയൽ' (1999) പോലുള്ള ചിത്രങ്ങൾ അത്തരത്തിലുള്ളവയാണ്.

ഇത്തരം ചിത്രീകരണങ്ങളധികവും കേവലം വാർത്താമാധ്യമങ്ങളെ അടിസ്ഥാനമാക്കിയുള്ളതും വിമതലൈംഗികതയുടെ സാധ്യതകളും പ്രശ്നങ്ങളും ആഴത്തിൽ പഠിക്കാത്തവയുമാണെന്ന് കാണാം. മുംബൈ പോലീസ് മാത്രമേ ഇതിൽ നിന്ന് അല്പം ഭിന്നമായി പ്രവർത്തിച്ചിട്ടുള്ളൂ.

### 1.2.1.3 ദ്വിലൈംഗികത (Bisexuality)

സ്ത്രീയോടും പുരുഷനോടും വൈകാരികവും ലൈംഗികവും ശാരീരികവു

മായ ആകർഷണം അനുഭവിക്കുന്നവരാണ് ദ്വിലൈംഗികർ. ഇത്തരത്തിൽപ്പെടുന്ന വ്യക്തികൾക്ക് സ്ത്രീകളോടും പുരുഷന്മാരോടും തോന്നുന്ന ലൈംഗിക താത്പര്യത്തിൽ സാഹചര്യമനുസരിച്ച് ഏറ്റക്കുറച്ചിലുകൾ ഉണ്ടാവാറുണ്ട്.അമേരിക്കൻ മനഃശാസ്ത്ര സംഘടന (American Psychological Association)യുടെ അഭിപ്രായത്തിൽ ഒരാൾ പൂർണ്ണമായും സ്വവർഗ്ഗരതിക്കാരനോ സ്വാഭാവികരതിക്കാരനോ എന്ന് പറയുവാൻ കഴിയില്ല. രണ്ടു സ്വഭാവങ്ങളുടെയും വ്യത്യസ്തമായ അളവുകൾ എല്ലാ വിഭാഗം ജന്തുക്കളിലും കാണുന്നു. ലൈംഗികതാത്പര്യം സ്വഭാവം എന്നിവ അടിസ്ഥാനമാക്കി ലൈംഗികമായ മുൻപരിചയം ഇല്ലാതിരിക്കുമ്പോൾ പോലും ചില വ്യക്തികൾ സ്വയം അവരുടെ ലൈംഗികതാത്പര്യങ്ങളെ തിരിച്ചറിയാറുമുണ്ട്. റൊസാരിയോയുടെ അഭിപ്രായത്തിൽ ഒരാൾ സ്വവർഗ്ഗതത്പരനോ ദ്വിലൈംഗികനോ സ്വാഭാവികരതിക്കാരനോ എന്ന തിരിച്ചറിവ് സങ്കീർണമാണ്.[24]

അമേരിക്കയിൽ യുവാക്കളുടെ ഇടയിൽ നടത്തിയ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടകണക്കെടുപ്പിൽ 60-70 ശതമാനംവരെ യുവാക്കൾ ദ്വിലൈംഗികതയിൽ താത്പര്യം കാണിച്ചു. കുറച്ചു വർഷങ്ങൾക്കുശേഷം നടത്തിയ രണ്ടാംഘട്ടകണക്കെടുപ്പിൽ ഇതിൽ 30-40 ശതമാനംവരെ യുവാക്കൾ സ്വവർഗരതിയിൽ സ്ഥായിയായി നിലനിൽക്കുന്നതാണ് കണ്ടത്.

ദ്വിലൈംഗികൾ അവസരത്തിനനുസരിച്ച് കണക്കുകളിൽ വ്യത്യാസം കാണിക്കുന്നു. ചിലർ വിവാഹത്തിനു മുൻപുവരെ ദ്വിലൈംഗികനായി നിലനിൽക്കുകയും പിന്നീട് സ്വാഭാവികരതിയിലേക്ക് മാറുകയും ചെയ്യുന്നു. മറ്റുചിലർ വിവാഹശേഷവും ദ്വിലൈംഗികബന്ധം തുടരുന്നു. ചിലർ ഒരു രസത്തിനുവേണ്ടി രണ്ടുതരത്തിലുള്ള രതിയും മാറിമാറി പരീക്ഷിക്കുന്നുമുണ്ട്. യുവാക്കളുടെ ഇടയിൽ ദ്വിലൈംഗികതയിൽ ഉറച്ചുനിൽക്കുന്നവർ എണ്ണത്തിൽ കുറവാണ്. എന്നാൽ മദ്ധ്യവയസിനുശേഷം ഈ പ്രവണത കാണിക്കുന്നവർ അതിൽ ഉറച്ചുനിൽക്കുന്നതായിട്ടാണ് കാണുന്നത്. ദ്വിലൈംഗികരിൽ ഏറിയപങ്കും കുടുംബത്തിലും സമൂഹത്തിലും സുരക്ഷിതമായി സുഖജീവിതം നയിക്കുന്നു.

1995 ലെ ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറായ മാർജോരിയോ ഗാർബർ (Marjorio Garber) തന്റെ 'Bisexuality and Eroticism of every

day life'എന്ന പുസ്തകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ''ഒട്ടുമിക്ക ആളുകൾക്കും ദ്വിലൈംഗികരാകാം; മതത്തിന്റെയോ വെറുപ്പിന്റെയോ, എതിർപ്പി ന്റെയോ അലസതയുടെയോ നാണത്തിന്റെയോ മൂടുപടം ഇല്ലെങ്കിൽ''.[25]

### 1.2.1.3.1 പഠനങ്ങളും സിദ്ധാന്തങ്ങളും സാമൂഹികപ്രതികരണങ്ങളും

ഒരു വ്യക്തി ദ്വിലൈംഗികനോ, സ്വവർഗ്ഗരതിക്കാരനോ, സ്വാഭാവികരതിക്കാ രനോ ആയി മാറുന്നതിന്റെ വ്യക്തമായ കാരണം ശാസ്ത്രജ്ഞർക്കിടയിലും തർക്ക വിഷയമാണ്. ഒരു വ്യക്തിയുടെ ജനിതകഘടകങ്ങൾ, പരിസ്ഥിതി, ഗർഭസ്ഥശിശു വിന്റെ ഹോർമോണുമായിട്ടുള്ള പ്രതികരണം, ഗർഭസ്ഥശിശുവിന്റെ അമ്മയുടെ മാനസികസമ്മർദ്ദം എല്ലാം ഇത്തരം അവസ്ഥയ്ക്ക് കാരണമാകുന്ന ഘടകങ്ങളായി കരുതപ്പെടുന്നു.

അമേരിക്കയിലെ ശിശുരോഗവിദഗ്ധരുടെ അഭിപ്രായത്തിൽ ലൈംഗികത യ്ക്കുള്ള കേന്ദ്രീകരണം ഒരു ഘടകത്തെമാത്രം ആശ്രയിച്ചായിരിക്കില്ല; മറിച്ച് ജനി തക ഹോർമോൺ, പാരിസ്ഥിതികഘടകങ്ങൾ എന്നിവ അതിന് കാരണമാകാറു ണ്ട്. അമേരിക്കൻ മനഃശാസ്ത്രസംഘടനയുടെ അഭിപ്രായത്തിൽ വിജാതീയ ലൈംഗികപ്രവണത വളരെ ചെറുപ്പത്തിൽ തന്നെ തിരിച്ചറിയാൻ സാധിക്കുന്ന താണ്.

സിഗ്മണ്ട് ഫ്രോയിഡ് പറയുന്നത്, എല്ലാ വ്യക്തികളിലും ദ്വിലൈംഗിക താത്പര്യം ഉണ്ട് എന്നാണ്. ഇതിനു കാരണമാകുന്നത് സ്വന്തംവർഗ്ഗത്തിൽ പെട്ടവ രുമായുള്ള ലൈംഗികവേഴ്ച്ചയിലെ ആനന്ദകരമായ അനുഭവങ്ങൾ സ്വപ്നങ്ങളി ലൂടെ കടന്നുവരുന്നതായും അല്ലെങ്കിൽ അവനോടോ അവളോടോ ഉള്ള പ്രത്യേക താത്പര്യത്തിലൂടെ പ്രകടമാകുന്നതുകൊണ്ടുമാണ്. ദ്വിലൈംഗികപ്രവണത വളർച്ച യുടെ സ്വാഭാവികമായ പ്രക്രിയ ആയിട്ടാണ് ഫ്രോയിഡ് നിരീക്ഷിക്കുന്നത്. തന്റെ പരീക്ഷണങ്ങൾക്ക് വിധേയരായ ദ്വിലൈംഗികരിൽ നടത്തിയ പഠനത്തിൽ അദ്ദേഹം കണ്ടെത്തിയത് ദ്വിലൈംഗികൾക്ക് സങ്കീർണമായ പ്രശ്നങ്ങളൊന്നും ഇല്ലെന്നും അവർ ശാന്തചിത്തരായി കാണപ്പെടുന്നു എന്നുമാണ്. ഇവർ കൂടുതൽ ബുദ്ധിയുള്ളവരും ധാർമ്മികമൂല്യങ്ങളിൽ വിശ്വസിക്കുന്നവരും മറ്റു കാര്യങ്ങളിൽ

സാധാരണക്കാരെക്കാൾ മിടുക്കരുമാണ്. ഫ്രോയിഡ് ഇതിനെ കുറ്റകരമായ പ്രവൃത്തിയായി കാണുന്നില്ല.[26]

വിമതലൈംഗികതയിൽ ഏർപ്പെടുന്ന സ്ത്രീ-പുരുഷൻമാരുടെ മാനസികാവസ്ഥയിൽ വ്യത്യാസമുണ്ട്. പുരുഷൻമാർ തങ്ങളുടെ വിമതപ്രവണതയെ ജൈവിക പ്രശ്നമായി കാണുമ്പോൾ സ്ത്രീകളതിനെ അത്ര സങ്കീർണമായി കാണുന്നില്ല. സ്ത്രീകളുടെ ലൈംഗികത അവർ ജീവിക്കുന്ന സംസ്കാരവും ചുറ്റുപാടുകളുമായി ബന്ധപ്പെട്ടിരിക്കുന്നു.

**1.2.1.3.2 സാമൂഹികഘടകങ്ങൾ**

ക്രാഫ്റ്റ് എബിങ് (Kraft Abhing) ന്റെ അഭിപ്രായത്തിൽ ദ്വിലൈംഗികത എന്നത് മനുഷ്യന്റെ ലൈംഗികതയുടെ അടിസ്ഥാനപരമായ അവസ്ഥയാണ്. ഫ്രോയിഡ് തന്റെ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ സംഗ്രഹിക്കുന്നു:

'എല്ലാ മനുഷ്യരും ദ്വിലൈംഗികരാണ്. അവരുടെ ലൈംഗികാവയവം രണ്ടുതരം ലിംഗത്തിൽപ്പെട്ടവരുമായും ബന്ധപ്പെടാൻ കഴിയുന്ന രീതിയിലാണ്. ഒന്നുകിൽ ഇത് ബാഹ്യമായി കാണാം അല്ലെങ്കിൽ ആന്തരികമായി' എല്ലാ വ്യക്തികൾക്കും ദ്വിലൈംഗികപ്രേരണയുണ്ട് പക്ഷേ, സാമൂഹിക-സദാചാരചിന്തകളാൽ അത് അടിച്ചമർത്തപ്പെടുകയാണ്.[27]

ഈ നിലപാടിന്റെ അടിസ്ഥാനത്തിലാണ് 1940-ൽ ആൽഫ്രഡ് കിൻസി (Alfred Kinsey)ഒരു വ്യക്തിയുടെ ലൈംഗിക വികേന്ദ്രീകരണത്തിന്റെ അളവ് അറിയുവാൻ കിൻസി സ്കെയിലിന് രൂപം കൊടുത്തത്. കിൻസിയുടെ പഠനമനുസരിച്ച് പ്രകടമായി കാണാൻ കഴിയാത്ത ചില കാരണങ്ങളാൽ മനുഷ്യലൈംഗികത സ്വാഭാവിക രതിയിലും സ്വവർഗരതിയിലും അഭിരമിക്കുന്നു.[28]

**1.2.1.3.3 ദ്വിലൈംഗികതയും സാമൂഹികവ്യവസ്ഥയും**

ദ്വിലൈംഗികർ സ്വവർഗ്ഗരതിക്കാരോ സ്വാഭാവികരതിക്കാരോ ആയി തങ്ങളെ കണക്കാക്കുന്നില്ല, ഇക്കൂട്ടർ സമൂഹത്തിന്റെ കണ്ണിൽനിന്നു മറഞ്ഞു നില്ക്കുന്നവരാണ്. അതുകൊണ്ട് ഇത്തരക്കാർ അവരവരുടേതായ സമൂഹവും

സംസ്കാരവും രാഷ്ട്രീയ മേഖലകളും കണ്ടെത്തുന്നു. എന്നാൽ കാലക്രമേണ ചിലർ വിമതരതിയിലൊ സ്വാഭാവിക രതിയിലോ ലയിക്കുന്നു. ചിലർക്ക് അതിന് സാമൂഹികമോ സാഹചര്യമോ ആയ സമ്മർദ്ദങ്ങൾ കാരണമാകുന്നുണ്ട്. അതു കൊണ്ട് ഇവരെ രണ്ടു വിഭാഗത്തിൽനിന്നും പുറംതള്ളുന്നു. യഥാർഥത്തിൽ രണ്ടു തരത്തിലുള്ള ലൈംഗികബന്ധത്തോടും ഇവർക്ക് താത്പര്യമുണ്ടായിരിക്കും. പക്ഷേ, സമൂഹത്തിന്റെ ധാർമ്മികബോധവും ഏകപങ്കാളി വ്യവസ്ഥയും ഇവരുടെ ലൈംഗികജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്നതായും ഇവർ കരുതുന്നു. ഇങ്ങ നെയുള്ള സാമൂഹികസമ്മർദ്ദങ്ങൾ ദ്വിലൈംഗികരുടെ മാനസികാരോഗ്യത്തെയും ബാധിക്കുന്നു.

#### 1.2.1.3.4 അഭിമാനചിഹ്നങ്ങൾ

ദ്വിലൈംഗികതയെ കാണിക്കുന്ന ചിഹ്നമാണ് Bisexual Pride Flag. ഇതിൽ ഇളംചുവപ്പ് വർണ്ണം (Pink) മുകളിലത്തെ ഭാഗവും നീലനിറത്തിലുള്ള അടി ഭാഗവും കരിചുവപ്പ് (Purple Colour) വർണ്ണത്തിൽ മധ്യഭാഗവും കാണിക്കുന്നു. ഇതിലെ ഇളംചുവപ്പ് വർണ്ണം സ്വവർഗരതിയെയും നീലനിറം സ്വാഭാവികരതി യെയും കരിം ചുവപ്പുനിറം ദ്വിലൈംഗികതയേയും സൂചിപ്പിക്കുന്നു.

ഇത്തരത്തിലുള്ള മറ്റൊരു പ്രതീകമാണ് പരസ്പരം അതിവ്യാപനം ചെയ്യുന്ന രണ്ടു മട്ടത്രികോണങ്ങൾ. ഇതിലെ ഇളം ചുവപ്പ് സ്വവർഗ്ഗരതിയെയും മറ്റേ ത്രികോണത്തിന്റെ നിലനിറം സ്വാഭാവികരതിയെയും രണ്ടും ചേർന്നുവരുന്ന നീലലോഹിതവർണ്ണം ദ്വിലൈംഗികതയെയും പ്രതിനിധാനം ചെയ്യുന്നു. പല സ്വവർഗ്ഗ/ദ്വിലൈംഗികരും ഇളം ചുവപ്പുവർണമോ നീലലോഹിത വർണമോ ഉള്ള പ്രതീകം ഉപയോഗിക്കാൻ വിമുഖത കാണിക്കുന്നു. ഈ പ്രതീകം ഉപയോഗി ച്ചാണ് ഹിറ്റ്ലറിന്റെ കാലത്ത് സ്വവർഗ്ഗരതിക്കാരെ കണ്ടുപിടിക്കുകയും ശിക്ഷിക്കു കയും ചെയ്തിരുന്നത്. അതുകൊണ്ട് രണ്ടു ചന്ദ്രക്കലയുടെ രൂപത്തിൽ ഈ മട്ട ത്രികോണങ്ങളുടെ ഉപയോഗത്തെ മാറ്റി. ഇങ്ങനെയുള്ള പ്രതീകം ജർമനിയിലും ചുറ്റുപാടുമുള്ള മറ്റു രാജ്യങ്ങളിലും സാധാരണമാണ്. ദ്വിലൈംഗികതയെ കാണി ക്കാൻ ഉപയോഗിക്കുന്ന മറ്റൊരു പ്രതീകമാണ് Purple diamond. ഇത് മട്ടത്രികോ ണത്തിലെ രണ്ടു വർണ്ണങ്ങളുടെയും കലർപ്പാണ്. 1978 ജൂൺ 25 ന് സാൻ

ഫ്രാൻസിസ്കോ 'ഗേ ഫ്രീഡം' പരേഡിൽ റെയിൻബോ ആദ്യമായി ഉപയോഗിക്കപ്പെട്ടു. ഗിൽബർട്ട് ബേക്കൽ രൂപപ്പെടുത്തിയ ഈ ഫ്ളാഗിൽ എട്ട് സ്ട്രിപ്പുകളാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2008 മുതൽ ആറു നിറങ്ങളുള്ള (ചുവപ്പ്, ഓറഞ്ച്, മഞ്ഞ, പച്ച, നീല, വയലറ്റ്) എന്നിവ ചേർന്ന ഫ്ളാഗാണ് ഉപയോഗിക്കുന്നത്. വിമതലൈംഗിക കൂട്ടായ്മയെ സൂചിപ്പിക്കാൻ മഴവിൽ നിറവും ഉപയോഗിക്കുന്നു.

#### 1.2.1.3.5 ദ്വിലൈംഗികതയും മീഡിയകളും

2009 ൽ LGBT കേബിൾ ടി.വി നെറ്റ്വർക്ക് ആയ 'ലോഗോ' പ്രക്ഷേപണം ചെയ്ത ഡോക്യുമെന്ററിയായ 'ബൈ ദ വേ' (Bi the Way) 11 നും 28 നും ഇടയിൽ പ്രായമുള്ള അഞ്ച് അമേരിക്കൻ ദ്വിലൈംഗികരുടെ കഥ പറയുന്നു. ഇതിൽ എന്താണ് ദ്വിലൈംഗികത, ശാസ്ത്രീയ പഠനം, ദ്വിലൈംഗികരുമായുള്ള അഭിമുഖ സംഭാഷണം എന്നിവ ഉൾകൊള്ളിച്ചിരിക്കുന്നു.

ടി.വി ചാനലായ ഫോക്സി ഹൗസ് (Foxi House) ലെ സീരിയലിൽ ദ്വിലൈംഗികർ ആയ പെൺ ഡോക്ടറുടെ കഥ പറയുന്നുണ്ട്. ഈ ടി.വി.ചാനലിലെതന്നെ മറ്റൊരു പരമ്പരയായ ദി ഒ. സി. (The O.C) യിലും ദ്വിലൈംഗികതയെ കാണിക്കുന്നു. 2009 ൽ MTV യിൽ 'ദ റിയൽ വേൾഡിൽ' ദ്വിലൈംഗികരായ എമിലിയുടെയും മൈക്കിന്റെയും കഥപറയുന്നു. സയൻസ് ഫിക്ഷൻ ഷോ ആയ ടോർച്ച്വുഡ് (Torch Wood) ൽ നിരവധി കഥാപാത്രങ്ങൾ ദ്വിലൈംഗികതയെ കാണിക്കുന്നു.

1972-ൽ റോക്ക് സംഗീതജ്ഞനായ ഡേവിഡ് ബോവി (David Bowie) താൻ ഒരു ദ്വിലൈംഗികനാണെന്ന് 'മെലഡി മെയ്ക്കർ' എന്ന അഭിമുഖസംഭാഷണത്തിൽ തുറന്നുപറഞ്ഞു. ബ്രിട്ടീഷ് സംഗീതജ്ഞനായ ജെസ്സി ജെയും താൻ ഒരു ദ്വിലൈംഗികനാണെന്ന് 'ഇൻഡിമാൻസ്' എന്ന റേഡിയോ ഷോയിൽ തുറന്നു സമ്മതിക്കുന്നുണ്ട്. ''ഞാൻ നിരസിക്കുന്നില്ല ഞാൻ സ്ത്രീകളോടും പുരുഷൻമാരോടും ഡേയ്റ്റഡ് ആയിട്ടുണ്ട്'' (March 3, 2011).

സാഹിത്യത്തിലും ദ്വിലൈംഗികതയുടെ സ്വാധീനം കാണാൻ കഴിഞ്ഞിട്ടുണ്ട്. വെർജീനിയ വൂൾഫിന്റെ ജീവചരിത്രം (1928), മിസിസ് ഡോലവേയുടെ 'പോർട്രെയ്റ്റ് ഓഫ് എ മാര്യേജ്'എന്ന ഡയറിക്കുറിപ്പിലും ഡി. എച്ച് ലോറൻസിന്റെ 'വുമൺ ഇൻ ലൗ' എന്ന കൃതിയിലും ദ്വിലൈംഗികതയുടെ സ്വാധീനമുണ്ട്. മലയാളസാഹിത്യത്തിലെ ഇന്ദുമേനോന്റെ കഥയായ 'കടൽനായ' യുടെ ഇതിവൃത്തവും ദ്വിലൈംഗികതയ്ക്ക് ഉദാഹരണമാണ്.

ദ്വിലൈംഗികതയുടെ ഉദാഹരണങ്ങൾ പ്രധാന മാധ്യമമായ സിനിമകളിലും കാണാവുന്നതാണ്. ഉദാ:-'ബ്ലാക്ക് സോൺ, ഷോ ഗേൾസ്, അലക്സാണ്ടർ, ഹെന്റി ആൻഡ് ജൂൺ ദി ഫോർത്ത് മാൻ സംതിങ്ങ് ഫോർ എവരിവൺ' എന്നിവ.

### 1.2.2 ലിംഗപദവി

### 1.2.2.1 അപരലിംഗർ (Transgender)

പുരുഷരൂപത്തിനുള്ളിലെ സ്ത്രൈണതയും സ്ത്രീരൂപത്തിനുള്ളിലെ പൗരുഷവും പൊതുസമൂഹത്തിന് പെട്ടെന്ന് ദൃശ്യമാകുന്നു. ഒരു ലിംഗത്തിൽ ജനിക്കുകയും അപരലിംഗത്തിന്റെ താത്പര്യങ്ങളും ചേഷ്ടകളും പ്രകടിപ്പിക്കുകയും ചെയ്യുന്ന വ്യക്തികളെയാണ് അപരലിംഗർ എന്ന് പറയുന്നത്. ജൈവീകസ്വത്വത്തിൽ നിന്നും വ്യത്യസ്തതകാണിക്കുന്നു.

### 1.2.2.1 ട്രാൻസ്സെക്ഷ്വൽ

എതിർവിഭാഗത്തിൽപ്പെട്ടവരുടെ ശാരീരികസ്വഭാവം നേടുന്നതിനായി ലിംഗമാറ്റ ശസ്ത്രക്രിയക്ക് വിധേയരാവുന്നവരാണ് ഇവർ.

ലിംഗശസ്ത്രക്രിയ നടത്താൻ താല്പര്യമുള്ള ഇവർ രണ്ടു തരക്കാരാണ്.

1. എഫ്.ടു.എം (F2M) ഫീമെയിൽ ടു മെയിൽ (ട്രാൻസ് മെൻ)
2. എം.ടു.എഫ് (M2F) മെയിൽ ടു ഫീമെയിൽ (ട്രാൻസ് വുമൺ)
3. ഇന്റെർസെക്സ് (ജൻമനാൽ രണ്ടു തരത്തിലുള്ള ലിംഗസൂചനകളോടെയും ജനിക്കുന്നവർ.

#### 1.2.2.2.1 M2F – (Male to Female Transgender)

**ആണായി ജനിച്ച് പെണ്ണായി പുലരുന്നവൾ (Transe women)**

പുരുഷനായി ജനിച്ചുവെങ്കിലും ഇവരുടെ ലൈംഗികപ്രവണത സ്ത്രീയുടേ തായിരിക്കും. സ്ത്രീകളുടെ ചേഷ്ടകൾ, സംസാരം, സ്ത്രൈണഭാവങ്ങൾ എന്നിവയെല്ലാമുള്ള ഇവരിൽ പലരും ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ സ്ത്രീക ളായി മാറുന്നു. എന്നാൽ ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ സ്ത്രീയായി ശാരീരിക മായി മാറാത്തവരെയും ഈ ഗ്രൂപ്പിൽ പെടുത്താം. ശരീരം പ്രതിനിധാനം ചെയ്യുന്ന ലിംഗാവസ്ഥയുടെ അടിസ്ഥാനത്തിൽ അല്ല അപരലിംഗത്വം നിർണയിക്കുന്നത്. അത് പൂർണമായും ഒരു വ്യക്തി തന്റെ ജൻമനായുള്ള ലിംഗാവസ്ഥയിൽ എതിർലിംഗാവസ്ഥയിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നതിനെയാണ്. ട്രാൻസ് വുമൺ ആകണമെങ്കിൽ ലിംഗഛേദം നടത്തുക, രോമവും താടിയും പൂർണ്ണമായി നീക്കം ചെയ്യുക, മുലകൾക്കായി സിലിക്കൺ കവറുകൾ ഉപയോഗിക്കുക, നിതംബം ഭംഗിയാക്കുന്നതിനായി സിലിക്കൺ പ്ലേറ്റ് നിക്ഷേപിക്കുക, ശാരീരിക വടിവുകൾക്കായി വാരിയെല്ലുകൾ നീക്കം ചെയ്യുക, ശബ്ദത്തിനായി ഹോർമോൺ തെറാപ്പി എന്നിവയിലൂടെ തങ്ങളുടെ ശരീരവും സ്ത്രീകളുടേതാക്കി മാറ്റുന്നു. കർണാടക, ആന്ധ്ര, തമിഴ്നാട്, ഗുജറാത്ത്, ബോംബെ എന്നീ സംസ്ഥാനത്തി ലാണ് ഇത്തരം ലിംഗമാറ്റ ശസ്ത്രക്രിയകൾ കൂടുതലായി നടക്കുന്നത്. കേരള ത്തിൽ ഇത്തരം ശസ്ത്രക്രിയകൾക്കായി ഒരു പൊതുസംവിധാനം നിലവിൽ വന്നി ട്ടില്ല.

#### 1.2.2.2.2 F2M (Female to Male) സ്ത്രീയായി ജനിച്ച് ആണായി പുലരുന്നവൻ (Transe men)

'ട്രാൻസ്മെൻ' തന്റെ പെൺശരീരത്തിൽനിന്ന് ആൺശരീരത്തിലേക്കുള്ള ലിംഗമാറ്റ ശസ്ത്രക്രിയക്കായി കൂടുതൽ പരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ട തുണ്ട്. ആദ്യംതന്നെ അവർ ഒരു മനഃശാസ്ത്രജ്ഞന്റെ പക്കൽ ഒരുവർഷ മാനസി കപരിശോധനയ്ക്ക് വിധേയമാകണമെന്ന് നിർബന്ധമാണ്. തുടർന്ന് ഹോർമോൺ ചികിത്സ ആരംഭിക്കുകയും താടി, മീശ മുതലായവ വന്നുതുടങ്ങുകയും ശബ്ദ ത്തിന് മാറ്റമുണ്ടാവുകയും ചെയ്യുന്നു. ട്രാൻസ്മെൻ ലിംഗമാറ്റ ശസ്ത്രക്രിയയുടെ

പ്രധാനഭാഗം എന്നത് 'ബ്രസ്റ്റ് റിമൂവ്' ആണ്. ബ്രസ്റ്റ് റിമൂവിന് ശേഷം ഗർഭപാത്രം നീക്കം ചെയ്യുന്നു. അതിനുശേഷമുള്ള ബോട്ടം സർജറി (ലിംഗം വെച്ചുപിടിപ്പിക്കൽ) ഇന്ത്യയിൽ അപൂർവ്വമാണ് മാത്രമല്ല, വളരെ ചെലവേറിയതുമാണ്.

ഒരു 'ട്രാൻസ്മെൻ' ഒരു സ്വവർഗ്ഗഭോഗിയാണെന്ന് പറയാൻ കഴിയില്ല. ഒരു ട്രാൻസ്മെന്റെ പങ്കാളി ഒരു സ്ത്രീ ആയിരിക്കും. അയാൾ തന്നെ തന്നെ പുരുഷനായി കാണുകയും ഒരു സ്ത്രീയോട് ശാരീരികബന്ധം ആഗ്രഹിക്കുകയും ചെയ്യുമ്പോൾ അയാളുടെ ലിംഗസ്വത്വം സ്വാഭാവികരതി (Hetro Sexual)ക്കാരുടേത് ആയിരിക്കും. ശാരീരികബന്ധത്തിൽ അയാൾ സ്വന്തം ലൈംഗികാവയവങ്ങൾ തന്റെ പങ്കാളിയുടെ മുന്നിൽ പ്രദർശിപ്പിക്കാനോ അതുവഴി ലൈംഗികാനുഭുതി നേടുന്നതിനോ താത്പര്യപ്പെടുന്നില്ല. സ്വന്തം ലൈംഗികാനന്ദത്തിനുപോലും താൻ അംഗീകരിക്കാത്ത തന്റെ ശരീരത്തിന്റെ പങ്കാളിത്തം ലൈംഗികതയിൽ ഉപയോഗിക്കാൻ വിമുഖത കാണിക്കുന്നു. സ്വയംഭോഗത്തിലൂടെ ആനന്ദം നേടാനും ഇണയ്ക്കു നൽകുന്ന വദനരതിയുടെ ആഹ്ലാദവും മാത്രമേ ഇവർക്കുള്ളൂ. പലപ്പോഴും ഇവരുടെ ലൈംഗികാനന്ദം എന്നത് മാനസികമാണ്. കേരളത്തിൽ അറിയപ്പെടുന്ന ട്രാൻസ്മെൻ സ്വത്വമുള്ള വ്യക്തികളാണ് ശ്രീനന്ദു, ഇഷാൻ കെ. ഷാനു എന്നിവർ.

M2F SRS (Sex Reassignment Surgery) അപേക്ഷിച്ച് F2M SRSചിലവ് കൂടുതലാണ്. M2F SRS രീതി നൂറ്റാണ്ടുകൾക്ക് മുമ്പ് ഹിജഡ സംസ്കാരത്തിനുള്ളിൽ തന്നെ നിലനിൽക്കുന്ന ഒന്നായതിനാൽ ഇപ്പോഴും കേരളത്തെ അപേക്ഷിച്ച് അന്യസംസ്ഥാന ആശുപത്രികളിൽ ഇത്തരം ശസ്ത്രക്രിയകൾക്ക് അവസരം കൂടുതലാണ്.

സ്ത്രീയിൽനിന്നു പുരുഷനിലേക്കോ പുരുഷനിൽനിന്ന് സ്ത്രീയിലേക്കോ ഉള്ള പരിവർത്തനം വഴി സ്ത്രീ/പുരുഷ/ലിംഗഘടന മാത്രം നിലനിർത്തിക്കൊണ്ടുള്ള ഒരു സമൂഹഘടനയുടെ പുറത്ത് ലിംഗത്വത്തിന്റെയോ ലിംഗപദവിയുടെയോ സ്വരൂപീകൃതമായ പദവിയിലും വ്യത്യസ്തമായെങ്കിലും അപരലിംഗത്വം അല്ലെങ്കിൽ ലിംഗത്വമില്ലായ്മ നിലനിൽക്കുന്നുണ്ടെന്നുകൂടി തിരിച്ചറിയേണ്ടതാണ്

#### 1.2.2.3 ഇന്റർസെക്സ്

ഒരു വ്യക്തിയിൽത്തന്നെ സ്ത്രീയുടെ ആന്തരിക അവയവമായ ഓവറിയും പുരുഷന്റെ ടെസ്റ്റിസും ഉള്ളവരാണ് ഇന്റർ സെക്സ്. സാമൂഹിക സാഹചര്യങ്ങൾ മൂലം ഈ വിഭാഗത്തിൽപ്പെട്ടവർ ചില സന്ദർഭങ്ങളിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് താത്പര്യപ്പെടാറുണ്ട്. കേരളത്തിൽ സ്വത്വം പുറത്തറിഞ്ഞ ഇന്റർസെക്സാണ് രാജു.

### 1.2.3 സാമുദായികപദവി

1. ഹിജഡ
2. കോത്തി
3. ജോഗപ്പ
4. പാന്തി
5. എം.എസ്.എം
6. സഖീബേബിമാർ
7. അറവാണി
8. ഡബിൾഡെക്കേഴ്സ്

#### 1.2.3.1 ഹിജഡ (HIJARA)

നപുംസക സംസ്കാരത്തിന് മനുഷ്യവംശത്തിന്റെ ഉത്പത്തിചരിത്രത്തോളം പഴക്കമുണ്ട്. പുരാണങ്ങളിലും ദാരുശിൽപങ്ങളിലും ഹിജഡകൾ പ്രതിനിധാനം ചെയ്യുന്നുണ്ട്. പശ്ചിമേഷ്യൻ സംസ്കാരമനുസരിച്ച് 'ഹിജ്റ' എന്ന് ഹിന്ദിയിലും 'ചക്ക' എന്ന് കന്നഡയിലും 'ഹുസ്റ' എന്ന് പഞ്ചാബിയിലും 'ഒമ്പത്' എന്ന് തമിഴിലും അറിയപ്പെടുന്ന ഇവർ, 'ശിഖണ്ഡി' അല്ലെങ്കിൽ 'നപുംസകം' എന്ന പേരിലാണ് മലയാളത്തിൽ അറിയപ്പെടുന്നത്. ഇവർ ശരീരപ്രകൃതിയിൽ പുരുഷൻമാരും വേഷഭൂഷാദികളിലും ഭാവങ്ങളിലും സ്ത്രീകളുമാണ്. ഹിജഡ എന്നത് ഒരു സാമുദായിക ഐഡന്റിറ്റിയാണ്. ഹിജഡാസംസ്കാരത്തിന് അതിന്റേതായ ആചാരാനുഷ്ഠാനങ്ങളും നീതി നിയമവ്യവസ്ഥയുമുണ്ട്.

**1.2.3.1.1 പദനിഷ്പത്തി**

'ഹിജ്റ' എന്നത് ഉറുദുവാക്കാണ്. അതിന്റെ ഉദ്ഭവം 'ഹിർ' എന്ന വാക്കിൽനിന്നാണ്. സ്വന്തം വർഗത്തെ ഉപേക്ഷിക്കുന്നവൻ എന്നാണ് ഈ വാക്കിനർത്ഥം. ഈ വാക്കാണ് ഹിന്ദിയിലും കടം കൊണ്ടിരിക്കുന്നത്. 'യുനെക്' (Enuch) എന്ന ഇംഗ്ലീഷ് വാക്ക് ഹിജഡകളെ കുറിക്കാൻ ഉപയോഗിക്കുന്നു. ഈ വാക്കിനർത്ഥം ആൺവർഗ്ഗത്തിന്റെ ലിംഗസ്വഭാവത്തിലുള്ള അസന്തുലിതാവസ്ഥ എന്നാണ്. കിടക്ക എന്ന അർത്ഥം വരുന്ന യുനക്കോസ് (ഗ്രീക്ക്) യുനക്സ് (ലാറ്റിൻ) എന്നീ പദങ്ങളിൽ നിന്നാണ് 'യുനെക്' എന്ന ഇംഗ്ലീഷ് വാക്കിന്റെ ഉദ്ഭവം. ഹിജഡ എന്നത് ആൺ/പെൺ ലിംഗസ്വത്വത്തിൽനിന്നും ഭിന്നമായവരെ സൂചിപ്പിക്കാൻ പരിഹാസദ്യോതകമായി കേരളസമൂഹം ഉപയോഗിക്കുന്നുണ്ട്.

**1.2.3.1.2 നപുംസകത്വം**

നപുംസകത്വമെന്നത് വിചിത്രമായ മനോനിലയുടെ സൃഷ്ടിയാണ്. ലൈംഗികാവയവങ്ങളുടെ തകരാറുമായി പിറക്കുന്നവർ പുരുഷൻമാരായി തന്നെയാണ് പിറക്കുന്നത്. ഹോർമോണുകളുടെ വ്യതിയാനം കാരണം പുരുഷശരീരത്തിനകത്ത് സ്ത്രീകളുടെ മനസ്സുമായി ജീവിക്കേണ്ടിവരുന്ന ദുര്യോഗമാണിവർക്കുള്ളത്. 'ചക്ക, കോജാ ഒമ്പത്, കട്ടവണ്ടി, ഗുദ്' എന്നൊക്കെ വിളിച്ച് പല നാടുകളിൽ ഇവർ പരിഹസിക്കപ്പെടുന്നു.

ഹിജഡകൾ രണ്ടു ഗണത്തിൽപെട്ടവരാണ് ജന്മനാ നപുംസകത്വമുള്ളവരും ഷണ്ഡീകരണത്തിന് വിധേയരായവരും.

**1.2.3.1.3 ജൻമനാ നപുംസകത്വമുള്ളവർ**

ഇവർ പൂർണമായി പുരുഷനോ, സ്ത്രീയോ എന്ന് തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ ജനിക്കുന്നവരാണ്. പുരുഷനായി ജനിച്ചാൽതന്നെ ലൈംഗികാവയവങ്ങളുടെ വളർച്ച പൂർണമാകണമെന്നില്ല. ചിലപ്പോൾ സ്ത്രീയുടെയും പുരുഷന്റെയും ലൈംഗികാവയവങ്ങളും ഉണ്ടാവാം. സ്ത്രീകളെപ്പോലെ മാറിടം വളരുന്ന, പുരുഷന്റെ ലൈംഗികാവയവമുള്ള ഹിജഡകളുമുണ്ട്. ഇവർ ഇന്റർ സെക്സ് വിഭാഗത്തിലും ഉൾപ്പെടും.

### 1.2.3.1.4 വരിയുടക്കൽ അഥവാ ഷണ്ഡീകരണത്തിന് വിധേയരാകുന്നവർ

സ്വന്തം ഇഷ്ടപ്രകാരമല്ലാതെ നപുംസകങ്ങളാകാൻ വിധിക്കപ്പെടുന്നവർ സമ്രാട്ടുകളുടെ രാജ്യങ്ങളിൽ വളരെ കൂടുതലായിരുന്നു. യുദ്ധത്തിൽ തോൽപ്പിക്ക പ്പെടുന്ന സൈന്യങ്ങളെ വൻതോതിൽ ഷണ്ഡീകരണത്തിന് വിധേയമാക്കിയിരുന്നു. വിജയിക്കുന്ന രാജാവിന് സമ്മാനമായി സൈന്യാധിപൻമാർ അറുത്തെടുത്ത ലിംഗ വൃഷ്ണങ്ങൾ രാജകൊട്ടാരങ്ങളിൽ എത്തിച്ചിരുന്നു. BC 130-ൽ മെനഫ (Menepha) എന്ന ഈജിപ്ഷ്യൻ രാജാവ് 13230 ലിംഗങ്ങൾ ലിബിയൻ സൈന്യ ത്തിൽനിന്ന് അറുത്തെടുത്തു എന്ന് ചരിത്രം. ലൈംഗിക കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയായും ഷണ്ഡീകരണത്തെ ഉപയോഗിച്ചിരുന്നു. 1453 ൽ മുഹമ്മദ് എന്ന യോദ്ധാവ് കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയപ്പോൾ തന്റെ കൊട്ടാരത്തിലെ മുഴു വൻ നപുംസകങ്ങളോടും ഇസ്ലാമികരീതിയിൽ പൂർണമായ ഷണ്ഡീകരണത്തിന് വിധേയമാകണമെന്ന് ആജ്ഞാപിച്ചു. പുരാതന ചൈനീസ് സാമ്രാജ്യകാലഘട്ട ത്തിൽ അയൽരാജ്യങ്ങളായ കൊറിയ, കംബോഡിയ, ഓകിനോവ എന്നിവിടങ്ങളി ലേയ്ക്ക് ഷണ്ഡീകരിക്കപ്പെട്ട ആൺകുട്ടികളെ സമ്മാനമായി കൊടുത്തിരുന്നു.

നപുംസക കുടുംബങ്ങളിൽനിന്ന് പരമ്പരാഗതമായി തന്നെ ഷണ്ഡീകരിച്ച ആൺകുട്ടികളെ രാജകൊട്ടാരത്തിൽ എത്തിച്ചിരുന്നു. അതിഥികളെ സ്വീകരിക്കുക വിരുന്നൊരുക്കുക അവർക്കായി നൃത്തവും സംഗീതവും ഒരുക്കുക, അന്തഃപുര സ്ത്രീകൾക്ക് കാവൽനിൽക്കുക തുടങ്ങിയ എല്ലാ ജോലികളും ചിട്ടയോടെയും അനുസരണയോടെയും ഇവർ ചെയ്തിരുന്നു.

വരിയുടയ്ക്കപ്പെട്ട കാളയുടെ അനുസരണയും കരുത്തും പുരാതനകാലം മുതൽക്കേ മനുഷ്യർ തിരിച്ചറിഞ്ഞിട്ടുണ്ട്. ആ സാധ്യതയെ മനുഷ്യർക്കിടയിൽ പരീക്ഷിച്ചു നോക്കുന്നിടത്തുനിന്നാണ് നിർബന്ധിത ഹിജഡാത്വത്തിന്റെ പിറവി.[29] ഇന്ത്യയിലെ പല ഹിജഡകളും മതവിശ്വാസത്തിന്റെ പേരിൽ ഷണ്ഡീകരണത്തിന് വിധേയരായവരാണ്. ബഹുചരിമാതാ എന്ന ദേവിയ്ക്ക് സമർപ്പിക്കപ്പെട്ട ജീവിതമാ യാണ് മദ്ധ്യേഷ്യയിലെയും ഉത്തരേന്ത്യയിലെയും ഹിജഡകൾ സ്വയം കാണുന്നത്. സ്വവർഗപ്രണയത്താൽ ലിംഗച്ഛേദം നടത്തിയവരും ഇക്കൂട്ടത്തിലുണ്ട്.

**1.2.3.1.5 ഷണ്ഡീകരണപ്രക്രിയയുടെ പ്രാകൃതരീതിയും ആചാരങ്ങളും**

ലിംഗ വൃഷണങ്ങൾ ഛേദിക്കുന്നത് നപുംസകങ്ങൾക്കിടയിൽ വലിയൊരു അനുഷ്ഠാനമാണ്. രഹസ്യസങ്കേതത്തിൽ വെച്ചാണ് അത് നടക്കുക. ഷണ്ഡീകരണത്തിന് വിധേയനാവാൻ നല്ല മനോധൈര്യം ആവശ്യമാണ്. പ്രാകൃതമായ ഷണ്ഡീകരണം മരണത്തിനുതന്നെ കാരണമാകാറുണ്ട്.

ഒരു യജമാനത്തി* യുടെ കീഴിലാണ് ഷണ്ഡീകരണം നടക്കുന്നത്. ലിംഗ വൃഷണങ്ങൾ മുറിച്ചെടുക്കുന്നതിൽ സവിശേഷ പരിശീലനം നേടിയ ഒരു ഹിജഡ യജമാനത്തിയെ സഹായിക്കാനുണ്ടാവും. ഒരാഴ്ച യജമാനത്തിയോടൊപ്പം ഇഷ്ടമായ രീതിയിലൊക്കെ ലൈംഗികകേളികളിൽ ഏർപ്പെടാം. പുരുഷൻ സ്ത്രീയോടു ചെയ്യുന്നതൊക്കെ ചെയ്യാം. ഇത്തരമൊരു അനുഭൂതിയുടെ ലോകം എന്നേക്കുമായി നഷ്ടപ്പെടുകയാണ് എന്ന് യജമാനത്തി ഓർമ്മിപ്പിച്ചു കൊണ്ടേയിരിക്കണം. ഒടുവിൽ പൂർണമായ മനോധൈര്യം ആർജ്ജിച്ചു എന്നുറപ്പായാൽ ലിംഗ വൃഷണങ്ങൾ മുറിച്ചെടുക്കുന്ന ചടങ്ങിലേയ്ക്ക് അവനെ കൊണ്ടുപോകും.

വൃഷണം മുറിച്ചെടുക്കൽ കർമ്മം ഒരു ജൻമം വെടിയലാണ്; മറ്റൊരു ജൻമത്തിലേക്കുള്ള ചേക്കേറലും. വൃഷണച്ഛേദത്തിനു ശേഷമുള്ള ഹോർമോൺ തെറാപ്പി ചിലപ്പോൾ വിജയിക്കില്ല എന്നും ലൈംഗികസംതൃപ്തിയും സ്ഖലനത്തിന്റെ സ്വർഗീയസുഖവും എന്നെന്നേക്കുമായി നഷ്ടപ്പെട്ടേക്കുമെന്നും ഒരിക്കൽകൂടി യജമാനത്തി ആവർത്തിച്ചു പറഞ്ഞതിനുശേഷം അടുത്ത ഘട്ടത്തിലേക്ക് കടക്കുന്നു. ഷണ്ഡീകരണത്തിനു വിധേയനാകുന്ന അടിമ* യുടെ വൃഷണത്തിൽനിന്ന് അല്പം ചോര ആദ്യം പുറത്തെടുക്കുന്നു. ഇതുപയോഗിച്ച് അടിമയുടെ പൂർണസമ്മതത്തിന്റെ കരാർ ഒപ്പുവെയ്ക്കുന്നു. യജമാനത്തിയും സഹായിയും ഒപ്പുവെയ്ക്കും. ശേഷം ബലിദാനത്തിനുള്ള സമയമാണ്. വേദനയുടെ ഞരക്കത്തിനും നിലവിളിക്കും വേണ്ടി ചുറ്റും നിൽക്കുന്നവർ അടിമയെ പ്രോത്സാഹിപ്പിക്കും. ഞരമ്പുകളാണ് മുറിക്കുക. രക്തസ്രാവം തടയാനും വേദന കുറയ്ക്കാനുമുള്ള മരുന്നുകൾ കരുതിയിരിക്കും. ഭാംഗ് പോലുള്ള ലഹരിവസ്തുക്കൾ അടി

---

* ഷണ്ഡീകരണം ചെയ്യുന്ന ഹിജഡ കമ്മ്യൂണിലെ ഗുരുസ്ഥാനിയ

* ഷണ്ഡീകരണത്തിന് വിധേയനാകുന്ന വ്യക്തിയ്ക്കു പറയുന്ന പേര്

മയ്ക്ക് മുൻകൂർ നൽകാറുണ്ട്. മുറിച്ചെടുത്ത വൃഷണം യജമാനത്തിക്കാണ് സമ്മാനിക്കുക അതോടെ ചടങ്ങു തീരും.[30]

വൃഷണത്തോടൊപ്പം ലിംഗവും ഛേദിച്ചുകളയുന്നതാണ് പൂർണ ഓപ്പറേഷൻ. വളരെ അപകടകരമാണത്. മരണസാധ്യതയും കൂടും. ഗുഹ്യഭാഗത്ത് ത്രികോണാകൃതിയിൽ മുറിവുണ്ടാക്കും മുറിവിൽ ഔഷധക്കൂട്ട് ചേർത്ത് തിളപ്പിച്ച എണ്ണ ചൂടാറ്റാതെ ഒഴിക്കും. മൂത്ര ദ്വാരത്തിനായി ഒരു ചെമ്പുകുഴൽ ഘടിപ്പിച്ച് മുറിവുണക്കും. അതിനുശേഷം ചെമ്പുകുഴലും എടുത്തുമാറ്റും. നല്ല ആരോഗ്യമുള്ളവരെ മാത്രമേ ഇത്തരം ശസ്ത്രക്രിയയ്ക്ക് വിധേയമാക്കൂ.

പുരാതന ഈജിപ്തിലെ ഷണ്ഡീകരണത്തിന്റെ രീതി കുറച്ചുകൂടി വ്യത്യസ്തമായിരുന്നു. ശസ്ത്രക്രിയ കഴിഞ്ഞ ഉടനെ അരയ്ക്കൊപ്പം മണൽക്കുഴിയിൽ ഇറക്കി നിർത്തും. അതിനുശേഷം മണലിട്ടു മൂടും. ഒരാഴ്ച അങ്ങനെ നിർത്തും ഭക്ഷണവും വെള്ളവും നൽകില്ല. മൂന്ന് ദിവസംവരെ ഉറങ്ങാനും സമ്മതിക്കില്ല. പക്ഷേ ഇത്തരത്തിലുള്ള ഷണ്ഡീകരണത്തിന് അതിജീവനസാധ്യത കുറവാണ്.[31]

നപുംസകമായി മാറിക്കഴിഞ്ഞാൽ ഋതുമതിയാകുന്ന ചടങ്ങും ഭാരതത്തിൽ ഉണ്ടായിരുന്നു. ലിംഗത്തിന്റെ ആകൃതിയിൽ അറ്റം കൂർപ്പിച്ച ലോഹക്കഷണം അല്ലെങ്കിൽ കരിങ്കൽ കഷണം ഒരു പ്രതലത്തിൽ ഉറപ്പിച്ച് അതിൻമേൽ നപുംസകത്തെ ഇരുത്തും. ലോഹക്കഷ്ണത്തിന്റെ കൂർത്ത അറ്റംകൊണ്ട് ഗുദത്തിൽ മുറിവേറ്റ് രക്തം പൊടിയും. അതാണ് ഹിജഡയുടെ 'ഋതു രക്തം'.

#### 1.2.3.1.6 ശസ്ത്രക്രിയ വഴിയുള്ള ഷണ്ഡീകരണം

പ്രാകൃതരീതിയിലുള്ള ഷണ്ഡീകരണം ഇപ്പോഴില്ല. ശസ്ത്രക്രിയ ആശുപത്രിയിൽ വെച്ചു നടത്തുന്നു. അതിന്റെ ആഘോഷങ്ങൾ വീട്ടിൽവെച്ചു നടത്തും. ശസ്ത്രക്രിയ കഴിഞ്ഞ് 40-ാം നാളാണ് ആഘോഷം. പല ദേശത്തുനിന്ന് നപുംസകങ്ങൾ അതിന്റെ പേരിൽ ഒത്തുകൂടും. തലേന്ന് പാട്ടും കൂത്തും സദ്യയും സമ്മാനങ്ങൾ കൈമാറലും നടക്കും. അവർ വിലകൂടിയ വസ്ത്രങ്ങളും ആഭരണങ്ങളും അണിയും. ശസ്ത്രക്രിയ കഴിഞ്ഞ നപുംസകത്തെ വധുവിനെപോലെ പരിഗണിക്കും. വേപ്പിലയിട്ടു തിളപ്പിച്ച വെള്ളത്തിൽ കുളിപ്പിക്കും. മേലാസകലം മഞ്ഞളും ചന്ദനവും പുരട്ടും.

പാതിരാത്രിയാവുമ്പോൾ ഒരു കുടത്തിൽ പാൽ നിറച്ചുവെയ്ക്കും. ഈ ആഘോഷത്തിന് 'ജത്സ' എന്നാണ് പേര്. ഈ പാൽ സന്തോഷിമാതയ്ക്കുള്ള നൈവേദ്യമാണ്. ഹിജഡകൾ തന്നെയാണ് പൂജാരികൾ. പുലർച്ചെയാണ് ഘോഷ യാത്ര. ശസ്ത്രക്രിയ കഴിഞ്ഞ ഹിജഡയെ കുളിപ്പിച്ച് പച്ച നിറത്തിലുള്ള സാരി ഉടു പ്പിക്കും. പാൽക്കുടം അലങ്കരിച്ച് അവളുടെ തലയിൽ വെയ്ക്കും. ഘോഷയാത്ര യായി അടുത്ത പുഴയിലോ, തടാകത്തിലോ പോകും. പച്ചവളകളും പച്ച സാരിയും അണിഞ്ഞവളെ ഗുരുവാണ് താലികെട്ടുക. കണ്ണാടിക്ക് വളരെ പ്രാധാന്യമുണ്ട് ഈ ചടങ്ങിൽ. കണ്ണാടിയിലൂടെ വേണം സന്തോഷി മാതയെ കാണാൻ.

കുടത്തിലെ പാൽ വെള്ളത്തിലൊഴിച്ച് മടങ്ങുമ്പോൾ വിചിത്രമായ മറ്റൊരു ചടങ്ങുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ ഹിജഡ പച്ച മരത്തെയോ കറുത്ത പട്ടിയെയോ നോക്കി സാരിപൊക്കി നഗ്നത കാണിക്കണം. പാല, ആൽ, വേപ്പ്, തെങ്ങ് എന്നിങ്ങ നെയുള്ള വിശുദ്ധ വൃക്ഷങ്ങളെ ഒഴിവാക്കണം. ഈ ചടങ്ങോടെയാണ് യഥാർത്ഥ നപുംസകത്തിന്റെ പിറവി.[32]

**1.2.3.1.7 ഷണ്ഡീകരണം കൊണ്ടുള്ള ഗുണങ്ങളും ദോഷങ്ങളും**

ചെറുപ്രായത്തിലേ ഷണ്ഡീകരണം നടത്തുന്നതാണ് കൂടുതൽ നല്ലത്. അങ്ങനെ ചെയ്യുമ്പോൾ തൊലിക്ക് മൃദുലത കിട്ടും. വളരുമ്പോൾ പേശികൾക്ക് ദൃഢതയുണ്ടാവില്ല. ശരീരം മാംസളമാവും ഹോർമോൺ ചികിത്സകൂടി നടത്തി ക്കഴിഞ്ഞാൽ സ്ത്രീകളെപ്പോലെയുള്ള മാറിടവും സ്വന്തമാക്കാം.

യൗവനത്തോടു തൊട്ടുള്ള ഷണ്ഡീകരണം പല തരത്തിലുള്ള രോഗ ങ്ങൾക്കും കാരണമാവും. 'മാക്രോസ്കെലിയ' എന്ന അവസ്ഥയാണ് അതിൽ മുഖ്യം. നീണ്ടകൈ, നീണ്ടകാല്, തടിച്ച ശരീരം, പുരുഷന്റേതുപോലുള്ള കാല്പാദ ങ്ങൾ, കീഴ്ത്താടിയുടെ നീളക്കുറവ് എന്നവയാണ് മാക്രോസ്കെലിയ എന്ന അവ സ്ഥ. ശബ്ദത്തിനുമുണ്ട് പ്രത്യേകത. ശാരീരികമായ പ്രയാസങ്ങൾ പലതും ഹിജ ഡകൾ നേരിടുന്നു. പ്രാകൃത ഷണ്ഡീകരണരീതികൾ അവലംബിക്കുന്നതിനാൽ മൂത്രദ്വാരത്തിനു പ്രശ്നമുണ്ടാവും മൂത്രസംബന്ധമായ രോഗങ്ങൾ ഇത്തരക്കാർക്ക് കൂടപ്പിറപ്പാണ്. മരവിച്ചുപോയ രതിയാണ് അധികം പേർക്കും. പുരുഷനെ മോഹി

പ്പിക്കാനായി തന്റെ ശരീരത്തെ പ്രദർശിപ്പിച്ചുനടക്കുമെങ്കിലും ശരീരം വഴിയുള്ള ആനന്ദാനുഭൂതികൾ ഭൂരിഭാഗം ഹിജഡകൾക്കും അന്യമാണ്.

**1.2.3.1.8 ഹിജഡകളുടെ ജീവിതരീതി**

സാധാരണയായി ഹിജഡകൾ സംഘങ്ങളായാണ് താമസിക്കുക. അതിനിട യിൽ ജീവിതം ബുദ്ധിമുട്ടായി തോന്നുന്നവർക്ക് തിരിച്ചുപോകാം. സമുദായ ആചാ രമനുസരിച്ച് ഒരുവർഷം ജീവിക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്ക്, ലിംഗച്ഛേദം അനുവദിക്കുന്നില്ല. ലിംഗച്ഛേദകർമത്തിന് 'നിർവ്വാണം' എന്നു പറയുന്നു.

ഹിജഡസമൂഹത്തിൽ ഗാഢമേറിയ ഗുരുശിഷ്യബന്ധം നിലനിൽക്കുന്നു. വീടും നാടും അച്ഛനും അമ്മയും നഷ്ടപ്പെട്ടവർക്ക് ഗുരുവാണ് സ്നേഹവും സംര ക്ഷണവുമൊക്കെ നൽകുന്നത്. ഗുരുവിനെ സ്വീകരിക്കാത്ത നപുംസകത്തിന് യഥാർത്ഥത്തിൽ കമ്മ്യൂണിൽ സ്ഥാനമില്ല. ഗുരു-ചേല ബന്ധത്തിലൂടെയല്ലാതെ ഹിജഡ സമൂഹത്തിലേക്ക് മറ്റൊരാൾക്ക് പ്രവേശിക്കാനാവില്ല. ഹിജഡ സമുദായത്തെ അമ്മയും മകളും എന്ന ബന്ധത്തിലാണ് സംയോജിക്കപ്പെട്ടിട്ടുള്ള ത്. മകളെ 'ചേല' എന്നും അമ്മയെ 'ഗുരു' എന്നും വിളിക്കുന്നു.

ഗുരുവിനെ കണ്ടെത്തി ചേലയായി മാറുന്നതിലൂടെ കമ്യൂണിലെ നിയമ ങ്ങൾ പാലിക്കണം. ഗുരുഭവനം ഹിജഡകളുടെ അമ്മ വീടാണ്. സത്‌ല എന്നാണി തിനെ വിശേഷിപ്പിക്കുക. സമുദായ ആചാരമനുസരിച്ച് ഒരുവർഷം സത്‌ലയായി ജീവിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്ക് ലിംഗച്ഛേദം അനുവദിക്കില്ല. ചേല യായി ഹിജഡകളുടെ കമ്യൂണിലെത്തുന്ന മിക്കവരും നപുംസകത്തിന്റെ മനസ്സു മാത്രം ഉള്ളവരാണ്; ശരീരം പുരുഷന്റേതുതന്നെയായിരിക്കും. ഷണ്ഡീകരണത്തി നായി ചേലയെ മാനസികമായി പ്രാപ്തനാക്കുന്നത് ഗുരുവാണ്. നിർവ്വാണത്തിനു ശേഷം 41-ാം ദിവസം നടക്കുന്ന 'ജൽസ' വർണാഘോഷമാണ്.

അമ്മയാവുക എന്നത് ഹിജഡകളുടെ ഏറ്റവും വലിയ സ്വപ്നമാണ്. അമ്മ യാവാനുള്ള മോഹം തീർക്കാൻ ഹിജഡകൾ ദത്തെടുക്കാറാണ് പതിവ്. കോത്തി കൾക്കിടയിൽനിന്നാണ് ആൺകുട്ടികളെ ദത്തെടുക്കുക. കോത്തികളല്ലാത്ത പൂർണ പുരുഷനെയും ദത്തെടുക്കാം. അവന്റെ എല്ലാ കാര്യങ്ങളും അമ്മയായ ഹിജഡ

നോക്കും. ജമാത്ത്* കൂടി തീരുമാനങ്ങൾ എല്ലാവരെയും അറിയിച്ചതിനു ശേഷമേ ദത്തെടുക്കൽ കർമ്മം നടത്തുകയുള്ളൂ.[33]

ഗുരുവിൽനിന്ന് സ്നേഹവും പരിചരണവും സംരക്ഷണവും ലഭിക്കും. ലൈംഗികത്തൊഴിലിനുവേണ്ട പരിശീലനവും ഗുരുവിൽനിന്നാണ് ലഭിക്കുക. ഒന്നാംതരം നർത്തകിമാരും ഗായികമാരും ഇവർക്കിടയിലുണ്ട്. കുടുംബങ്ങൾ ഒരുമിച്ചു ജീവിക്കുന്ന രീതിയാണ് അവർ പിൻതുടരുന്നത്. ബാംഗ്ലൂരിൽ ഇത്തരം വീടുകളെ 'ഹമാം' എന്ന പേരിലാണ് അറിയപ്പെടുക. ഹിജഡകളുടെ കുലത്തൊഴിൽ ഭിക്ഷാടനമോ ലൈംഗികവൃത്തിയെ ആശീർവാദം നേരലോ ആണ്. ഹമാമുകൾ പൊതുവേ കുളിക്കാനുള്ള ഇടങ്ങളാണ്. എങ്കിലും ലൈംഗികവൃത്തിക്കായി ഇടപാടുകാരെ സ്വീകരിക്കാനുള്ള വീടുകളാണ് ഇന്ന് ഹമാമുകൾ. പാക്കിസ്താനിൽ ഹിജഡകൾ മൂന്ന് ഗണത്തിൽ പെടുന്നു.

മുരത്ത്:- മുരത്തുകൾ ഷണ്ഡൻമാരായതിനാൽ സ്ത്രീകളെപോലെ ജീവിക്കുന്നു. സീനനയ്സ്:-ഇവർ ലൈംഗികവേളയിൽ പാസീവ് റോൾ ആഗ്രഹിക്കുന്ന സ്വവർഗാനുരാഗികളാണ് സ്ത്രീകളെപ്പോലെ വേഷം ധരിച്ച് നടക്കും.

ഷെയ്ത്താൻ ദണ്ഡഗീർസ്:- ഇവർ പ്രാകൃതരീതിയിൽ പുരുഷ ലൈംഗികാവയവം മുറിച്ചുകളഞ്ഞ് നപുംസകമായി മാറുന്നവരാണ്. 'നുർബൻ' എന്നാണ് പാക്കിസ്താനിൽ ഈ ഷണ്ഡീകരണത്തിന് പറയുന്ന പേര്.

പാക്കിസ്താനിലെ ഹിജഡകൾക്ക് ജാതിപ്പേരുണ്ട് - 'മിർസായ്' എന്നും 'ചാന്ദിനി' എന്നും. മിർസായികൾ ചുവന്നതെരുവിൽ വസിക്കും. ചാന്ദിനികൾ പുറമേനിന്നുവരുന്നവരാണ്. മിർസായികൾ മുഗൾ പാരമ്പര്യം അവകാശപ്പെടുന്നു.[34]

### 1.2.3.1.9 ഹിജഡകളുടെ ലൈംഗികജീവിതം

ലൈംഗികവൃത്തിയിലൂടെയാണ് ഹിജഡകൾ ജീവിതമാർഗം തേടുന്നത്. രാത്രികാലങ്ങളിൽ പലപ്പോഴും സ്ത്രീകളെന്നു കബളിപ്പിച്ച് പുരുഷൻമാരെ കൂട്ടിക്കൊണ്ടുവരും. ഇരുട്ടിൽ തിരിച്ചറിയാൻ പറ്റില്ല. മുറിച്ചുമാറ്റിയ ജനനേന്ദ്രിയത്തിന്റെ സ്ഥാനത്ത് സ്ത്രീയുടെ ജനനേന്ദ്രിയത്തിന്റെ ആകൃതിയിൽ കൈപ്പത്തി

---

* ഹിജഡ കമ്മ്യൂണിലെ തീരുമാനങ്ങൾ എടുക്കുന്ന കൂട്ടായ്മ

മടക്കിവെയ്ക്കും. കൈപ്പത്തി വിറയ്ക്കാതെ നോക്കിയാൽ ശരിക്കും കബളിപ്പി ക്കാം. അല്ലാത്തവർക്ക് ഗുദഭോഗം, വദനസുരതം, മുഷ്ടിമൈഥുനം എന്നീ മാർഗ ങ്ങളിലൂടെ ലൈംഗികസുഖം പകർന്നുനൽകും.[35]

പ്രണയത്തിന് മുന്തിയ പരിഗണന നൽകുന്നവരുമുണ്ട് ഹിജഡകൾക്കിട യിൽ. അത്തരക്കാർ ഒരിക്കലും ലൈംഗികത്തൊഴിലിന് പോകില്ല. ഒരാളെ മാത്രം തൃപ്തിപ്പെടുത്തിയും അയാൾ മാത്രം നൽകുന്ന സുഖം അനുഭവിച്ചും ജീവിക്കും. ലൈംഗിക തൊഴിലെടുക്കാൻ കഴിയാത്ത കാലത്ത് ഭിക്ഷാടനവും അനുഗ്രഹം നൽകലും ചെയ്യും. ഹിജഡകൾ അനുഗ്രഹിക്കുന്നത് മംഗളകരമാണെന്ന വിശ്വാസം പൊതുജനങ്ങൾക്കുമുണ്ട്. കുട്ടികളുടെ നൂലുകെട്ട്, ഗൃഹപ്രവേശം തുട ങ്ങിയ ചടങ്ങുകൾക്ക് ഹിജഡകളെ ക്ഷണിക്കും. അവർക്ക് പണം നൽകും, അനു ഗ്രഹം വാങ്ങും. ഇതിന് ബതായി എന്നാണു പറയുക. ഹിജഡകൾ ശപിച്ചാൽ സന്താനയോഗമുണ്ടാവില്ല എന്ന ഒരു വിശ്വാസവും പൊതുജനങ്ങൾക്കിടയിലുണ്ട്.

**1.2.3.1.10 ഹിജഡകളുടെ വിശ്വാസങ്ങളും ആചാരങ്ങളും**

വർണാഘോഷജീവിതമാണ് ഹിജഡ സമുദായത്തിനുള്ളത്. ഏതുതരം വിഷയങ്ങൾക്കിടയിലും ആടിയും പാടിയും അവർ ജീവിതം ആഘോഷിക്കും. ദക്ഷിണേന്ത്യയിലെ നപുംസകങ്ങൾ വർഷത്തിലൊരിക്കൽ ഒത്തുചേരുന്ന മഹോ ത്സവമുണ്ട് തമിഴ്നാട്ടിൽ. 'വെളിപ്പുറം ഫെസ്റ്റിവൽ' എന്നാണിതിന്റെപേര്. വില്ലുപുര ത്തിനടുത്തുള്ള കൂവാഗം എന്ന ചെറിയ കാർഷിക ഗ്രാമമാണ് വർഷത്തിലൊരി ക്കൽ ഹിജഡകളെ വരവേൽക്കുന്നത്. അന്ന് എല്ലാസ്ഥലത്തുനിന്നുമുള്ള ഹിജഡ കൾ ഒത്തുചേരും. 'ഇരാവ'നാണ് ഇവിടത്തെ പ്രതിഷ്ഠ. അർജ്ജുനന് ഉലൂപി യെന്ന സർപ്പസുന്ദരിയിലുണ്ടായ പുത്രനാണ് ഇരാവൻ. പാണ്ഡവ വിജയത്തിനായി അറവാനെ ബലികൊടുത്തു എന്നാണ് ഐതിഹ്യം. തന്നെ ബലി കൊടുക്കുന്ന തിന് മുൻപ് ഒരു ദിവസമെങ്കിലും ഭാര്യാസുഖം അനുഭവിക്കണമെന്ന് അറവാൻ ആഗ്രഹിച്ചു. മരിക്കാൻ പോകുന്നവന്റെ ഭാര്യയാവാൻ ആരും തയ്യാറായില്ല. ഭഗ വാൻ ശ്രീകൃഷ്ണൻതന്നെ അതിന് പരിഹാരം കണ്ടു. മോഹിനിരൂപം പൂണ്ട് അറവാന്റെ വധുവായി. ചിത്രാപൗർണ്ണമി ദിവസമായിരുന്നു അത്. ഇരവാനാണ് തമിഴന്റെ അറവാൻ. മോഹിനിവേഷമെടുത്ത് വധുവായതിന്റെ ഓർമ്മയ്ക്കായി ഓരോ നപുംസകവും അറവാന്റെ ഭാര്യയാണെന്ന് സങ്കല്പിക്കുന്നു. അതാണ് അറ

വാണി. ഉത്സവനാളിൽ കൂവാഗത്തെത്തുന്ന പുരുഷൻമാരെയൊക്കെ അറവാണികൾ ലൈംഗികകേളിക്കു ക്ഷണിക്കും.

താലികെട്ട് എന്നൊരു ചടങ്ങുണ്ട് ഇവിടെ. ക്ഷേത്രത്തിലെ മുഖ്യപുരോഹിതനാണ് താലികെട്ടുക. അന്ന് ആദ്യരാത്രിയാണ്. ഓരോ അറവാണിക്കും അറവാനെ വേണം. അറവാണികളുമായി ലൈംഗികബന്ധം ആഗ്രഹിച്ച് കൂവാഗത്തെത്തുന്നവർക്ക് അറവനാവാം. ക്ഷേത്രത്തിനുമുമ്പിൽ കിലോകണക്കിന് കർപ്പൂരം കത്തിച്ച് ആ തീകുണ്ഡത്തിനുചുറ്റും അറവാണികൾ കുമ്മിയടിച്ച് പാടും. പിറ്റേന്ന് ഉച്ചവരെ ആഘോഷമാണ്. മൂന്നുമണിയോടെ വൈധവ്യം സ്വീകരിക്കുന്നതിന്റെ ചടങ്ങ് നടക്കണം, ഗ്രാമത്തിനടുത്തുതന്നെ വയലിനുനടുവിൽ പുളിയും ആര്യവേപ്പും ആലുമൊക്കെ നിറഞ്ഞ 'കരച്ചിലിന്റെ തോട്ടമുണ്ട്'. വൈധവ്യം ഏറ്റു വാങ്ങിയതിന്റെ ഭാഗമായി കുങ്കുമതിലകം മായ്ച്ച്, കുപ്പിവളകൾ ഉടച്ച്, കൂട്ടത്തോടെ ആശ്ലേഷിച്ച് കരയും. വിശുദ്ധപാപങ്ങൾ ഒഴുക്കിക്കളയുന്നതിന്റെ കരച്ചിലാണത്. വെളിപ്പുറം (കൂവാകം), ആലോഴം (തമിഴ്നാട്) എന്നിവിടങ്ങളിൽ ആഘോഷങ്ങൾക്കുശേഷം വർഷവും ഫാഷൻഷോ സംഘടിപ്പിക്കുന്നു. മിസ് കൂവാഗമായി ഹിജഡകളെ തിരഞ്ഞെടുക്കുന്നു. കേരളത്തിൽ കൊല്ലത്ത് കൊറ്റംകുളങ്ങരഅമ്പലത്തിൽ ആണുങ്ങൾ പെൺവേഷംകെട്ടി വിളക്കെടുക്കുന്ന പ്രാർത്ഥനാപരമായ ഒരു ചടങ്ങുണ്ട്. അവിടെയും കേരളത്തിലുള്ള സ്ത്രൈണഭാവമുള്ള, സ്ത്രീയായി അംഗീകരിക്കപ്പെടാൻ ആഗ്രഹിക്കുന്ന ആളുകളുടെ സാന്നിധ്യം കൂടുതലാണ്.[36]

**1.2.3.1.11 ഹിജഡകളുടെ സാമൂഹികസാഹചര്യം**

ലൈംഗികതൊഴിലാളികളായ ഹിജഡകൾ പലപ്പോഴും ക്രൂരമായ ആക്രമണങ്ങൾക്ക് വിധേയരാവാറുണ്ട്. സ്വന്തം ഭവനത്തിലും സമൂഹത്തിലും ചുറ്റുപാടുകളിലും ഇവർ പരിഹസിക്കപ്പെടുന്നു. പോലീസ് സ്റ്റേഷനുകളിലും ജയിലുകളിലും ക്രൂരമായ പരീക്ഷണങ്ങൾക്ക് വിധേയരാകേണ്ടിവരാറുണ്ട്. പലപ്പോഴും വഴിയരികിൽനിന്നാണ് ഇവർ ലൈംഗികപങ്കാളികളെ അന്വേഷിക്കുക. വഴിയരികിലെ കുറ്റിക്കാടുകളോ ഒഴിഞ്ഞ കെട്ടിടങ്ങളോ ആണ് ലൈംഗികകേളികൾക്കായി തിരഞ്ഞെടുക്കുക. ലൈംഗികാനുഭവം പലർക്കും വേദന നിറഞ്ഞതായിരിക്കും. ചിലർ ലൈംഗികകേളിക്കുശേഷം പണം നൽകാതെ ശാരീരിക ഉപദ്രവം നടത്തും. ഹിജ

ഡകൾക്ക് പരാതി പറയാനിടമില്ലാത്തതുകൊണ്ട് എല്ലാ വേദനകളുമവർ ഏറ്റുവാങ്ങുന്നു.

വ്യക്തമായ തൊഴിൽമേഖല കണ്ടെത്തുക നപുംസകങ്ങൾക്ക് വിഷമമാണ്. മുഖ്യധാരാസമൂഹത്തിലെ തൊഴിൽ മേഖലകളൊന്നും നപുംസകത്തെ അടുപ്പിക്കാറില്ല. ലോകത്ത് എല്ലായിടത്തും കഠിനമായ വേർതിരിവ് അനുഭവിക്കേണ്ടിവരുന്നു. റേഷൻകാർഡോ, പാസ്പോർട്ടോ ലഭിച്ചിരുന്നില്ല. വിദ്യാഭ്യാസമേഖലയിലും കുടിയേറ്റമേഖലയിലും നിയമത്തിലും ഇവർക്ക് പരിഗണന ലഭിക്കുന്നില്ല. ഇതിനുകാരണം ഇവർക്ക് ആണാണോ പെണ്ണാണോ എന്ന് തിരിച്ചറിയാൻ മതിയായ രേഖകളില്ല എന്നതാണ്. കുട്ടികളെ ദത്തെടുക്കാനുള്ള അവകാശവും നപുംസകങ്ങൾക്ക് നിഷേധിക്കപ്പെടുന്നു.

എന്നാൽ 2006 ന്റെ തുടക്കത്തിൽ ഹിജഡകൾ പട്ന റവന്യൂവകുപ്പിലെ ഉദ്യോഗസ്ഥരെ സമീപിക്കുകയും തങ്ങളുടെ ആനുകൂല്യങ്ങൾ നേടിയെടുക്കുകയും ചെയ്തു. 2008 ൽ തമിഴ്നാട് സർക്കാർ അറവാണികൾക്ക് റേഷൻകാർഡ് അനുവദിച്ചു. ട്രാൻസ്ജൻഡർ (T) എന്ന വിഭാഗത്തിൽപ്പെടുത്തിയാണ് പാസ്പോർട്ട് നൽകിയത്. തുടർന്നുവരുന്ന സെൻസസ് റിപ്പോർട്ടുകളിലും, ആധാറിലും ഇ-മെയിൽ അഡ്രസ് ക്രിയേറ്റ് ചെയ്യുമ്പോഴും എല്ലാം പുതിയ ഒരു കോളം കൂടി ഇവർക്കായി അനുവദിച്ചു. അതിൽ T എന്നോ other എന്നോ അടയാളപ്പെടുത്തിയിരിക്കും. 2017 ഹിജഡകൾക്കും മറ്റ് ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കും പ്രതീക്ഷയുടെ വർഷമാണ്. അവർക്കായി പുതിയ പദ്ധതികൾ കേന്ദ്രഗവൺമെന്റ് തയ്യാറാക്കിയത് അവരെ അംഗീകരിക്കുന്നതിന്റെ സൂചനയാണ്. 2018-ഓടുകൂടി കേരളാഗവൺമെന്റ് ട്രാൻസ്ജെൻഡറുകൾക്ക് ജെൻഡർ ഐഡന്റിറ്റി വെളിപ്പെടുത്തുന്നതിനായി ഐഡന്റിറ്റി കാർഡ് നൽകി വരുന്നു.

ഹിജഡകളെ പൊതുസമൂഹം അംഗീകരിച്ചുതുടങ്ങി എന്നതിന്റെ തെളിവുകളാണ് മീഡിയകളിലെ ആങ്കറിങ്ങ് ജോലി, അഭിനയം തുടങ്ങിയ മേഖലകളിലുള്ള ഹിജഡകളുടെ സാന്നിധ്യം. സന്തോഷ്ശിവൻ സംവിധാനം ചെയ്ത 'അർദ്ധനാരി' പൂർണമായും ഹിജഡകളുടെ കഥപറയുന്ന മലയാളസിനിമയാണ്.

ഇന്ത്യയിൽ കേരളമൊഴികെയുള്ള ഒട്ടുമിക്ക സംസ്ഥാനങ്ങളിലും പ്രത്യേകിച്ച് മഹാരാഷ്ട്ര, തമിഴ്നാട്, ആന്ധ്ര എന്നിവിടങ്ങളിൽ ഹിജഡ സമുദായം വിപുലമാണ്. പൊതുവേ ഹിജഡകളുടെ ഉപജീവനമാർഗം ലൈംഗികതൊഴിലും ഭിക്ഷാടനവും ആണെങ്കിലും വിമതരാഷ്ട്രീയവും സംഘടനകളുടെ ആവിർഭാവവും വഴി മുഖ്യധാര പ്രസ്ഥാനങ്ങളിലും സാമൂഹികമേഖലകളിലും ഹിജഡകൾ പ്രതിനിധികളാണ്. ഐ.എ.എസ്.ഓഫീസർ പ്രത്യുഷ, തമിഴ്നാട്ടിലെ കൽക്കി സുബ്രഹ്മണ്യം (അഭിനേത്രി, ആക്റ്റിവിസ്റ്റ്), എ.രേവതി (എഴുത്തുകാരി, വിമത ആക്റ്റിവിസ്റ്റ്), റോസി (ചാനൽ അവതാരിക) ഇവരെല്ലാം ഉദാഹരണങ്ങളാണ്. 2011-ൽ കൽക്കി സുബ്രഹ്മണ്യം ഡി.എം.കെ. പ്രതിനിധിയായി നിയമസഭയിലേക്ക് മത്സരിച്ചിരുന്നു. ശബ്നം മസിയം മറ്റൊരു ഉദാഹരണമാണ്. ഇതിനുമുമ്പ് ഉത്തർപ്രദേശിൽ ഒരു ഹിജഡ തിരഞ്ഞെടുപ്പിൽ മത്സരിച്ചുവെങ്കിലും കോടതി ഇടപെട്ട് അതിനെ വിലക്കുകയാണ് ഉണ്ടായത്.

**1.2.3.1.12 സിനിമയിലും സാഹിത്യത്തിലും ഹിജഡകളുടെ സ്വാധീനം**

ഇന്ത്യൻസിനിമകളിൽ ആരംഭം മുതലേ ഹിജഡകളുടെ സ്വാധീനം ഹാസ്യരൂപത്തിലാണ് ആവിഷ്കരിച്ചിരുന്നത്. 1974 ൽ പുറത്തിറങ്ങിയ 'കുംവാര ബാപ്പ്' എന്ന ചിത്രത്തിൽ യഥാർത്ഥത്തിൽ ഹിജഡകളായ കുറച്ചുപേർ ഒരു ഗാനരംഗത്തിൽ അഭിനയിക്കുന്നു. 'അമർ അക്ബർ അന്തോണി' എന്ന ചിത്രത്തിലും ഇവർ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇവരെ അനുകമ്പാർഹരായി കാണുന്ന ആദ്യ ചിത്രമാണ് മണിരത്നത്തിന്റെ 'ബോംബെ', ഗൗരിന്ദർ ചന്ദയുടെ 'പ്രൈഡ് ആന്റ് പ്രെജ്യൂഡിയസ്', ദീപാമേത്തയുടെ തമിഴ്ചിത്രമായ 'അപ്പു' (2004), യോഗേഷ് ഭരദ്വാജിന്റെ'ഷബനം മൗസി' (2005), മലയാളചിത്രമായ 'അർദ്ധനാരി', തമിഴ് സിനിമയായ 'കാഞ്ചന 'തുടങ്ങിയവ.

കുഷ്വന്ത് സിങ്ങിന്റെ നോവലായ 'ഡൽഹി'യിലെ പ്രധാന കഥാപാത്രമായ 'ഭഗവതി' ഒരു ഹിജഡയാണ്. വില്യം ഡാൽറിംമ്പിളിന്റെ നോവലായ 'സിറ്റി ഓഫ് ഡിജിൻസിൽ' ഹിജഡകളെ കുറിച്ച് ഒരു അധ്യായം തന്നെയുണ്ട്. തമിഴ് ടി.വി. ചാനലായ വിജയിൽ ഇപ്പടിക്കു റോസ് (Ippadikku Rose) എന്ന പരിപാടിയിൽ വിദ്യാസമ്പന്നയും ഹിജഡയുമായ റോസ് ആണ്. മലയാള മനോരമ ചാനലിലെ

ഡി-4 ഡാൻസ്  മൂന്നാം ഭാഗത്തിൽ പങ്കെടുക്കുന്ന ജാസ് ഡിസൂസ, കോമഡി താരം സൂര്യ എന്നിവർ മാധ്യമമേഖലയിലെ മുഖം തുറന്നുകാണിക്കുന്ന ഹിജഡ സാന്നിധ്യമാണ്.

#### 1.2.3.2 കോത്തി

ഷണ്ഡീകരണം നടത്താതെ ഹിജഡകളുടെ കൂടെ ജീവിക്കുന്ന വിഭാഗമാണ് കോത്തികൾ. പുരുഷൻമാരായ ഇവർ സ്ത്രീകളെ വിവാഹം ചെയ്യും. ചില പ്രത്യേക അവസരങ്ങളിൽ സ്ത്രീകളെപോലെ വേഷമണിയും. പുരുഷൻമാർക്കു വേണ്ടി തൊഴിലിനുപോവുകയും ചെയ്യും. വിവാഹം കഴിക്കാതെ ഇഷ്ടപ്പെട്ട പുരുഷനൊപ്പം ജീവിക്കുന്ന കോത്തികളുണ്ട്. കോത്തികൾക്ക് 'ഡബിൾഡക്കേഴ്സ്''ദേപൊറാത്ത' എന്നൊക്കെ വിളിപ്പേരുകളുണ്ട്. കോത്തികളും ചിലപ്പോൾ ഷണ്ഡീകരണത്തിനുവിധേയമായി ഹിജഡകളാവും. ഇത് ലൈംഗികതയുമായി മാത്രം ബന്ധപ്പെട്ട ഐഡന്റിറ്റിയാണ്. ലൈംഗികബന്ധത്തിൽ ഇവർക്ക് പ്രത്യേക റോളില്ല. പരസ്പരം എല്ലാത്തരം ലൈംഗികപ്രക്രിയകളും പങ്കുവെക്കുന്നതിലൂടെ അനുഭൂതി തേടുന്നവരാണ്.

#### 1.2.3.3 ജോഗപ്പ

ദക്ഷിണേന്ത്യയിൽ അധികം അറിയപ്പെടാത്ത മൂന്നാം വർഗ്ഗമാണ് ജോഗപ്പ. ഇക്കൂട്ടരുടെ പ്രധാന തൊഴിൽ വേശ്യാവൃത്തിയാണ്. ദൈവീകവിശ്വാസവുമായി ബന്ധപ്പെട്ടിരിക്കുന്നു ഇവരുടെ ജീവിതം. ക്ഷേത്രങ്ങളിൽ സ്ത്രീവേഷമണിഞ്ഞ് എത്തുന്നവരാണിവർ. ഇവരുടെ ലൈംഗികസ്വത്വം പുരുഷന്റെതാണ്. ജോഗപ്പയെ ദുർഗ്ഗയുടെ അവതാരമായ യെല്ലമ്മാദേവിയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഈ ദേവിക്ക് സ്ത്രൈണ സ്വഭാവത്തിന്റെയും പുരുഷസ്വഭാവത്തിന്റെയും ഗുണഭാവങ്ങളാണെന്ന് വിശ്വസിക്കപ്പെടുന്നു.

#### 1.2.3.4 പാന്തി

കോത്തിയുടെ ലൈംഗികപങ്കാളിയാണ് പാന്തി. ലൈംഗികബന്ധത്തിൽ പുരുഷന്റെ റോൾ ആയിരിക്കും. അധികാരവും കൂടുതലായിരിക്കും. ഭാവചേഷ്ഠകളിൽ പുരുഷലിംഗത്വവും ദ്വിലൈംഗികസ്വത്വമുള്ള (ബൈ സെക്ഷ്വൽ) പാന്തികൾ ഉണ്ട്. പാന്തി എന്നത് ഒരു ലൈംഗികസ്വത്വം (സെക്ഷ്വൽ ഐഡന്റിറ്റി) കൂടിയാണ്.

### 1.2.3.5 എം.എസ്.എം (Man Sex with Man)

ഈ ഗണത്തിൽപ്പെടുന്ന ഭൂരിഭാഗവും പുരുഷന്റെ ശരീരവും സ്ത്രീയുടെ മനസ്സും ഉള്ളവരാണ്. അടുത്ത കാലത്താണ് ഇത്തരക്കാരുടെ കൂട്ടായ്മകളിൽ ഇവർ സ്ത്രീവേഷമണിഞ്ഞ് മാധ്യമങ്ങൾക്കുമുന്നിൽ വെളിപ്പെടാൻ തുടങ്ങിയത്. എം.എസ്.എമ്മുകളിൽ ഒരു വിഭാഗത്തിന് സവിശേഷമായ സ്ത്രൈണാവസ്ഥ ഉള്ള തുകൊണ്ട് വൈകാരികമായി അവരുടെ പുരുഷലൈംഗികാവയവം നിർജ്ജീവമാ യിരിക്കാൻ സാദ്ധ്യതയുണ്ട്. സാധാരണ പുരുഷജീവിതം അവർക്ക് നയിക്കാൻ കഴിയില്ല. പരലിംഗവിവാഹം പരാജയമാകുന്നതായാണ് കണ്ടുവരുന്നത്. സഹ താപം അർഹിക്കുന്ന ലൈംഗികന്യൂനപക്ഷങ്ങളാണിവർ. ഇത്തരക്കാർ ജീവിത ത്തിന്റെ ഒരു ഘട്ടത്തിൽ ലിംഗച്ഛേദത്തിലൂടെയോ അല്ലാതെയോ ഹിജഡാത്വത്തി ലേക്ക് വഴിമാറുന്നു.

### 1.2.3.6 സഖി ബേബിമാർ

സഖിബേബി എന്ന പേരിൽ അറിയപ്പെടുന്ന ഇത്തരക്കാരെ കാണാൻ സാധിക്കുന്നത് ബംഗാളിലും ഒഡീഷയിലും ഉത്തർപ്രദേശിലുമാണ് ഇവർ സ്ത്രീകളെപ്പോലെ വസ്ത്രധാരണം ചെയ്യുകയും തങ്ങൾ കൃഷ്ണന്റെ സഖിമാരാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നു.

### 1.2.3.7 അറവാണി

തമിഴ്നാട്ടിലെ പ്രധാനപ്പെട്ട മൂന്നാം വർഗ്ഗക്കാരാണ് അറവാണികൾ. ഇവർ പൊതുവേ ലിംഗമാറ്റം ചെയ്തവരാണ്. കൂവാഗം ഉത്സവം അറവാണികളുടെ ഉത്സവമായി കൊല്ലംതോറും ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തപ്പെടുന്നു.

### 1.2.3.8 ഡബിൾ ഡക്കേഴ്സ്

ലൈംഗിക പ്രക്രിയയിൽ വിധേയസ്വഭാവവും കർത്തൃത്വസ്വഭാവവും ഒരേ പോലെ കൈകാര്യം ചെയ്യുന്നവരാണ് ഡബിൾ ഡക്കേഴ്സ്. ചില സമയം പൗരുഷം കാട്ടുകയും മറ്റു ചില സമയം സ്ത്രൈണത കാട്ടുകയും ചെയ്യുന്നു. ലൈംഗികതയിൽ പരസ്പരം കൊടുക്കൽ വാങ്ങലുകൾ നടത്തുന്ന കൂട്ടരാണ്

ഇവർ. ദ്വിലൈംഗികരിൽ ഭൂരിഭാഗവും ഡബിൾ ഡക്കേഴ്സിന്റെ സ്വഭാവം കാണിക്കുന്നു.

**സംഗ്രഹം**

വിമതലൈംഗികരെ സമൂഹം അംഗീകരിച്ചാലും ഇല്ലെങ്കിലും ഭൂമിയിൽ സ്വവർഗ്ഗാനുരാഗികളുണ്ടെന്നും അവർക്ക് സഹജീവികൾക്ക് ലഭിക്കുന്ന എല്ലാ അവകാശങ്ങളും ലഭിക്കാൻ അർഹതയുണ്ടെന്നതും നിഷേധിക്കാനാവില്ല. വിമത ലൈംഗികരും സ്വാഭാവികലൈംഗികരും അവരവരുടെ രതിബന്ധങ്ങളിൽ ഉദ്ധാരണം, സ്ഖലനം, രതിമൂർച്ഛ എന്നീ ശാരീരികപ്രതികരണങ്ങൾ അനുഭവിക്കുന്നുണ്ട്.

വിമതലൈംഗികരുടെ താത്പര്യങ്ങളിലും ജീവിതരീതിയിലും ആചാരമര്യാദകളിലും വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ദ്വിലൈംഗികർ ഒഴികെയുള്ള സ്വവർഗ്ഗപ്രണയികളായ വിമതരതിക്കാർ നേരിടുന്ന സാമൂഹിക സാഹചര്യം സമാനമാണ്. ഏറ്റവുമധികം സാമൂഹികപീഡനങ്ങൾക്കും അവഹേളനങ്ങൾക്കും ഇരയാകുന്നത് ഹിജഡസമുദായത്തിൽ പെട്ടവരാണ്. മാനസികതലത്തിൽ മാത്രം രൂപപ്പെടേണ്ട ലൈംഗികതാത്പര്യം ലിംഗതന്മാതലത്തിലേക്ക് (ജെൻഡർ ഐഡന്റിറ്റി)കൂടി പരിണമിക്കുന്ന ദുരവസ്ഥയാണിവർക്കുള്ളത്. സ്വന്തം ലൈംഗിക താൽപര്യം ഒളിച്ചുവെക്കാൻ കഴിയാത്തവിധം ശാരീരീകമാറ്റങ്ങൾ ഇവരിൽ സാധാരണമാണ്. ഏറ്റവും ദയാർഹമായ ജീവിതരീതി പിന്തുടരുന്നത് എം.എസ്. എം.കളും ഹിജഡകളുമാണ്.

പുരുഷനായി ജനിച്ച്, സ്ത്രീയായി ജീവിക്കുന്ന (ശസ്ത്രക്രിയ ചെയ്തോ/ ചെയ്യാതെയോ) ഏതൊരാളും ഹിജഡ ആവുന്നില്ല. ഹിജഡ സമുദായത്തിനുള്ളിൽ അവരുടെ ആചാരപ്രകാരം ചേരുന്നയാൾ മാത്രമാണ് ഹിജഡ ആവുക. അല്ലാതെ ആണായി പിറന്ന് പെൺജീവിതം ഇഷ്ടപ്പെടുന്ന ആരെയും ആക്ഷേപിച്ചോ അംഗീകരിച്ചോ 'ഹിജഡ' എന്ന് വിളിക്കാൻ പറ്റില്ല.

**കുറിപ്പുകൾ**


1. Paul Michel Foucault, *The History of Sexuality Vol. 1.* (An Introudtion London: Allen Lane), 1979, p 35.
2. Wlater Thomas Laquear, Solitary Sex : Cultural History of Masturbation and Making Sex: Body and Gender from Greeks to Freud (Hward University Press), p. 25-63.
3. Carole Pateman, *The Disorder Women: The Polity Reader of Gender Studies*, (Polity Press Cambridge), 2002, p 106.
4. Benedict Richard, O'Gorman Anderson, Imagined Communities : Reflection and Origin and Spread of Nationalisam, (1983), p. 124.
5. Benedtto Croce, Philosophy of the Practical Economic and Ethic, Douglas Ainslie (Trans.) (Macmilland Company Limited, London) 1913, p. 83.
6. Christine Downing (9114) *Lesbian Mythology Historical Reflection*, Vol. 20, Summar, (1994), (http://www.History of Lesbians.com Dated 2015-may 16).
7. *"Lesbian marriage born of a legal loophole, stair debate in India"*, http://www.despared.com/life style.feb05/lesbian marriage.htm
8. Michael Ruse *Homosexuality: A Philosophical Enquiry*, (Oxford: Basil Black well –pp-22,25,45).
9. ടി. പുറം 285 p.p
10. മായ.എ.എസ്, *യുക്തിവാദവും സ്ത്രീപക്ഷപാതവും*, (എതിർദിശ ബുക്സ്, പയ്യന്നൂർ, 2006), പുറം 30.
11. Johnston Jill, *Lesbian Nation: the Feminist Solution* -1973 (Published by Simon & Schuster-283p.p.).

12. Rosario, M., Schrimshaw, E., Hunter, J.,& Braan, L.(2006) *Sexual Identity Development among Lesbian, gay, and bisexual youths: consistency and change over time , (*Journal of sex research 43(1)46-58).

13. http://www.History of Lesbians.com Dated 2015-may 16.

14. രശ്മി.ജി, അനിൽകുമാർ, *വിമതലൈംഗികത ചരിത്രം, സിദ്ധാന്തം, രാഷ്ട്രീയം*, (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം 2016), പുറം 150.

15. മായ.എ.എസ്., *ലെസ്ബിയനിസം: ചരിത്രവും സിദ്ധാന്തവും,* (ഭാഷാപോഷിണി, സെപ്തംബർ, ലക്കം 22, 2004).

16. ഷാജി ജോസഫ് (എഡി.), *മൂന്നാം ലിംഗം ലിംഗ നീതിക്കായുള്ള നിലവിളികൾ*, (പാപ്പിയോൺ ബുക്സ്, 2011), പുറം 74

17. രശ്മി ജി, അനിൽകുമാർ കെ. എസ്. വിമതലൈംഗികത ചരിത്രം, സിദ്ധാന്തം, രാഷ്ട്രീയം, (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം 2016), പുറം 17.

18. അഗ്നിവേശ്.സി.ആർ. *ആധുനിക ദാമ്പത്യ ശാസ്ത്രം*, (ഡി.സി.ബുക്സ്, കോട്ടയം, 1997), പുറം 185.

19. അഭിമുഖം ജോയ് (ഗേ) 14/12/2013.

20. അഭിമുഖം ശ്യാം (ഗേ) 12/02/2014

21. അഭിമുഖം പ്രേം, (എം.എസ്.എം) ഏറണാകുളം, 16/3/2014.

22. അഗ്നിവേശ്. സി.ആർ, *ആധുനിക ദാമ്പത്യ ശാസ്ത്രം,* (ഡി.സി.ബുക്സ്, കോട്ടയം, 1997), പൂറം 191.

23. രശ്മി.ജി, അനിൽകുമാർ കെ.എസ്, *വിമതലൈംഗികത ചരിത്രം സിദ്ധാന്തം,* (ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം, 2016), പുറം 41.

24. Rosario, M., Schrimshaw, E.,Hunter,J., & Braan, L.) *Sexual Identity Development among Lesbian, Gay, and Bisexual Youths: Consistency and change over time* , (Journal of Sex Research 43(1)48-56, 2006).

25. ടി.പുറം 49-52.

26. Michael Ruse *Homosexuality: A Philosophical Enquiry,* (Oxford: Basil Black well –pp-22,25,45, 1988).

27. Freud, Sigmund. *Three Essays on the Theory of Sexuality*, (1905), Freud-(Complete Works , Ivan Smith) p.1464

28. *"Kinseys Hetrosexual – Homosexual Rating Scale",* (The Kinsey Institute Retrieved, 12-2-2013, www.kinseyinstitute.org).

29. സുരേന്ദ്രൻ പി, *ദേവദാസികളും ഹിജഡകളും*, (ഡി.സി.ബുക്സ്, കോട്ടയം, 2011), പുറം 82-84.

30. ടി. പുറം 100-102.

31. ടി. പുറം 102, 103.

32. ടി. പുറം 106, 107.

33. ജെറീന, *ഒരു മലയാളി ഹിജഡയുടെ ആത്മകഥ*, രണ്ടാം പതിപ്പ്, പാപ്പിറസ് ബുക്സ്, 2006), പുറം 74-75.

34. സുരേന്ദ്രൻ പി, *ദേവദാസികളും ഹിജഡകളും*, (ഡി.സി.ബുക്സ്, കോട്ടയം, 2011), പുറം 96.

35. ടി. പുറം 112.

36. ടി. പുറം 131.

## അദ്ധ്യായം രണ്ട്

# വിമതലൈംഗികത- പ്രാചീനവും മതാത്മകവുമായ പരാമർശങ്ങൾ, ആധുനികകാലത്ത് നേരിടുന്ന വെല്ലുവിളികൾ

ലോകമെമ്പാടുമുള്ള വിമതരതിയുടെ ചരിത്രം പരിശോധിച്ചാൽ മിക്കവാറും എല്ലാ പുരാതന സംസ്കാരങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും സ്വവർഗലൈംഗി കത/സ്വവർഗപ്രണയം/മൂന്നാം ലിംഗാവസ്ഥ എന്നിവയുടെ രേഖപ്പെടുത്തലുകൾ കാണാം. വിമതലൈംഗികത യൂറോപ്പിൽനിന്നോ പശ്ചിമേഷ്യയിൽനിന്നോ ഇറക്കു മതി ചെയ്തതാണെന്നും പ്രാചീന ഇന്ത്യയിൽ നിലനിന്നിരുന്നില്ല എന്നുമുള്ള വാദം പ്രബലമാണ്. എന്നാൽ ഇന്ത്യൻ മിത്തോളജിയും സാഹിത്യവും ദൃശ്യകല കളും വൈദ്യശാസ്ത്രവും പരിശോധിക്കുമ്പോൾ വിമതലൈംഗിക പരാമർശങ്ങൾ ധാരാളമായി കണ്ടെത്താൻ കഴിയും. ഹിജഡകൾ, കോത്തികൾ, ഗേ, ലെസ്ബിയൻ ദ്വിലൈംഗികർ എന്നിവരാണ് ഇന്ത്യയിൽ വിമതലൈംഗികർ എന്നു പറയാവുന്ന ജീവിതരീതി സ്വീകരിച്ചിരിക്കുന്നത്.

### 2.1 വിമതരതിയുടെ പ്രാചീനത

പ്രാചീന മനുഷ്യർക്കിടയിൽ വിമതപ്രേമം സാധാരണമായിരുന്നു. ഈ പ്രവണത പൗരുഷം വളർത്തുമെന്ന് പ്രാചീനർ വിശ്വസിച്ചുപോന്നു. സ്ത്രൈണ പൗരുഷമുള്ള പുരുഷൻമാരെ ആദരിച്ചിരുന്ന സംസ്കാരം ബാബിലോണിയ, മെക്സിക്കോ, പെറു തുടങ്ങിയ പല സ്ഥലങ്ങളിൽ നിലനിന്നിരുന്നു. ഇത്തരക്കാ രാണ് അവിടങ്ങളിൽ മന്ത്രവാദികളായും പുരോഹിതൻമാരായും വൈദ്യൻമാരായും തിരഞ്ഞെടുക്കപ്പെട്ടിരുന്നത്. ഒരു വ്യക്തിക്ക് എതിർലിംഗത്തിലെ ഇണയെ ലഭി ക്കാത്ത സാഹചര്യത്തിൽ സ്വവർഗ്ഗവിവാഹം അനുവദിക്കുന്ന രീതി ആസ്ത്രേലിയ യിലെ ആദിവാസികൾക്കിടയിൽ ഉണ്ടായിരുന്നു. ഈ ദാമ്പത്യത്തിൽ പ്രായത്തിൽ മൂത്തപങ്കാളിക്ക് എതിർലിംഗത്തിലെ ഇണയെ ലഭിക്കുന്നതോടുകൂടി ദാമ്പത്യം സ്വാഭാവികമായും അവസാനിക്കുന്നു. സ്വവർഗപ്രേമികൾ എതിർലിംഗത്തിന്റെ പ്രവർത്തനങ്ങൾ അനുകരിക്കുക, ഗർഭണികളെന്ന് നടിച്ചും വയർ കൃത്രിമമായി ഉണ്ടാക്കി ഉന്തിച്ചുനടക്കുക, ശരീരം മുറിപ്പെടുത്തി രക്തമിറ്റിച്ച് രജസ്വല എന്നു

നടിക്കുക, ആഭരണഭൂഷാദികളണിയുക തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്നു. മാനവപുരോഗതിക്കു കാരണക്കാർ ആദ്യകാലങ്ങളിലെ ഇത്തരം സ്വവർഗ്ഗാനുരാഗികൾ ആയിരുന്നു എന്ന് എഡ്വേർഡ്കാർ പെന്റർ യുക്തിയുക്തം വാദിക്കുന്നു എന്ന് ആധുനിക ദാമ്പത്യശാസ്ത്രം രേഖപ്പെടുത്തുന്നു.[1] സ്ത്രീ പുരുഷൻമാർക്കിടയിലെ തൊഴിൽ വിഭജനം സ്വവർഗ്ഗാനുരാഗിക്ക് സ്വീകാര്യമായിരുന്നില്ല. അവർ യുദ്ധങ്ങളിൽനിന്നും ഒഴിഞ്ഞുനിന്നു. അതുപോലെ പുരുഷസ്വഭാവമുള്ള സ്ത്രീകൾ ഗാർഹികജോലികളിൽനിന്നും പ്രസവത്തിൽനിന്നും മോചിതരായി. ഇത്തരക്കാർ തങ്ങളുടെ ശക്തികൾ മറ്റു കർമ്മമേഖലകളിലേക്ക് വ്യാപിപ്പിച്ചു.

''അവർ ജീവിതത്തിന്റെയും പ്രകൃതിയുടെയും വിദ്യാർഥികളായി. കണ്ടുപിടിത്തക്കാരായി, കലകളുടെയും കരകൗശലങ്ങളുടെയും അധ്യാപകരായി ആത്മീയോത്ക്കർഷമുള്ളവരായി, ദാർശനികരായി. അങ്ങനെ പൗരോഹിത്യത്തിനും ശാസ്ത്രത്തിനും സാഹിത്യത്തിനും കലയ്ക്കും അവർ അടിത്തറപാകി''. ആരാധനയുടെ ഭാഗമായി സ്വവർഗാനുരാഗം പ്രാചീനകാലത്ത് നിലനിന്നിരുന്നു. വിശുദ്ധരായ പുരുഷവേശ്യകളെ ആരാധകരുടെ ആവശ്യത്തിനായി ക്ഷേത്രങ്ങളിൽ നിയമിച്ചിരുന്നു. സിബിലിയിൽ വരിയുടയ്ക്കപ്പെട്ട ആൺവേശ്യകൾ സ്ത്രീവേഷമണിഞ്ഞ് തങ്ങളുടെ ശരീരം പുരുഷൻമാരായ ആരാധകർക്ക് കാണിക്കനൽകിയിരുന്നു.[2]

ഗ്രീക്കു പുരാണങ്ങളിലെ പലദേവതകളും സ്വവർഗ്ഗഭോഗത്തിൽ ഏർപ്പെട്ടിരുന്നതായി രേഖപ്പെടുത്തലുകളുണ്ട്. ഗ്രീക്ക് അധിദേവനായ 'സ്യൂസ്' ഒരുപരുന്തിന്റെ വേഷത്തിൽ ഒളിമ്പഡ് മലകളിൽനിന്നിറങ്ങിവന്ന് തന്നിൽ കാമമുണർത്തിയ ഗാനിമേഡിനെ ഭോഗിച്ചു. മറ്റു ദേവൻമാരുടെ ലൈംഗികാവശ്യങ്ങൾക്കായി ഗാനിമേഡിനെ തന്റെ പാർപ്പിടമായ ഒളിമ്പഡ് മലയിലേക്ക് റാഞ്ചിക്കൊണ്ടുപോവുകയും ചെയ്തു. ഗാനിമേഡ് എന്ന ഗ്രീക്കു നാമത്തിന്റെ ഇംഗ്ലീഷ് പരിഭാഷ 'കറ്റാമിറ്റസ്' എന്നാണ്. ഈ വാക്കിൽനിന്നാണ് 'കറ്റാമൈറ്റ്' (catamite) എന്ന പേരുണ്ടായത്. വിമതലൈംഗിക ആവശ്യങ്ങൾക്കുവേണ്ടി പാർപ്പിക്കപ്പെടുന്ന ആൺകുട്ടികളെയാണ് 'കറ്റാമൈറ്റ്'എന്നു വിളിക്കുക. സ്യൂസ്ദേവന്റെ മകനായ അപ്പോളോവിന് ഇരുപത് പുരുഷകാമുകൻമാരുണ്ടായിരുന്നതായും ഗ്രീക്കുപുരാണങ്ങളിൽ കാണുന്നു.[3]

ആരാധനയിലുള്ള സ്വവർഗ്ഗപ്രേമത്തെപ്പറ്റി ബി. ഇസഡ് ഗോൾഡ് ബെഗ് (B.Z. Gold Beg) 'മതത്തിലെ ലൈംഗികത' (Sex in Religion) എന്ന ഗ്രന്ഥത്തിൽ ആരാധനയുടെ ആദ്യകാല സ്വഭാവമാവണം സ്വവർഗ്ഗപ്രേമത്തിനും വഴിതെളിച്ച തെന്ന് സിദ്ധാന്തിക്കുന്നു. ആദ്യകാലങ്ങളിലെ ദേവതകൾ ഉഭയലിംഗികളായിരുന്നു (Hermaphodite). പിന്നെ ആരാധകർ ദേവൻമാരെ രണ്ടായി പിരിച്ചു. അങ്ങനെ ദേവൻമാരും ദേവതകളും ഉണ്ടായി. ദേവൻമാരെ പുരുഷൻമാരും ദേവതകളെ സ്ത്രീകളും ആരാധിച്ചുപോന്നു. ഇങ്ങനെ സ്വവർഗ്ഗത്തോടുള്ള ആരാധന സ്വവർഗ്ഗ പ്രേമാരാധന വിഭാഗത്തിൽപ്പെടുന്നു.[4]

ഇന്ത്യൻ മിത്തോളജിയിലും ഭക്തിസാഹിത്യത്തിലും വിമതലൈംഗികതയെ ക്കുറിച്ച് പരാമർശമുണ്ടെങ്കിലും ഇന്ത്യയിലും പുറത്തും നടന്നിട്ടുള്ള ദക്ഷിണേ ന്ത്യൻ പഠനങ്ങളിൽ ഇതിനെ അവഗണിക്കുകയാണ് ചെയ്തിരിക്കുന്നത്. വെൻഡി ഡൂനിഗർ ഓഫ്ളാഹെർട്ടിയുടെ 'ശിവാ ദ ഇറോട്ടിക്ക് അസെറ്റിക്' എന്ന കൃതിയിൽ സ്വവർഗ്ഗരതിയുടെ സൂചനകളെ പൂർണമായും വിട്ടുകളഞ്ഞിരിക്കുന്നു. പുരുഷനായ അഗ്നിദേവൻ ശിവരേതസ്സ് വായിലെടുത്ത് അതിൽനിന്നും ഒരു കുട്ടിയെ ജനിപ്പിക്കു ന്നു. പുരാണഭാഗത്തിന്റെ ചുരുങ്ങിയ പാഠം ഈ കൃതികളിൽ കാണുന്നുണ്ട്. ഇവിടെ അഗ്നിയുടെ വിമതരതി തത്പരത, ശിശുവിന്റെ വളർത്തമ്മമാരുടെ പങ്ക്, അഗ്നിയുടെയും ശിവന്റെയും തൻമയീഭാവം എന്നിവയ്ക്കാണ് പ്രാധാന്യം. ഈ കഥയിലെ സ്വജാതീയലൈംഗികതയെ ഈ കൃതി പരിഗണിക്കുന്നില്ല. പൂർവേഷ്യ യുമായോ പശ്ചിമേഷ്യയുമായിപ്പോലുമോ താരതമ്യപ്പെടുത്തുമ്പോൾ ദക്ഷിണേന്ത്യ യിലെ സ്വവർഗ്ഗപ്രണയം കാര്യമായ ഗവേഷണത്തിന് അന്ന് വിധേയമായിരുന്നില്ല. പുതിയ അന്താരാഷ്ട്ര വിജ്ഞാനകോശങ്ങളിലും ക്ലോദ് ഡെ സമ്മേഴ്സ് എഡിറ്റു ചെയ്ത 'ദി ഗേ ആൻഡ് ലെസ്ബിയൻ ലിറ്റററി ഹെറിറ്റേജ്' (1995) പോലുള്ള ലെസ്ബിയൻ, ഗേ കൃതികളുടെ സമാഹാരത്തിലും ദക്ഷിണേന്ത്യൻ സ്വവർഗ്ഗരതി യെക്കുറിച്ച് വേണ്ടത്ര പഠനങ്ങൾ ഇല്ല.[5]

പുരാതന ഈജിപ്ഷ്യൻ ചിത്രങ്ങളിൽ വിമതലൈംഗികത ചിത്രീകരിച്ചി ട്ടുണ്ട്. മധ്യകാലഘട്ടത്തിലെ ഈജിപ്ഷ്യൻ ഫറോവോമാരുടെ ഇടയിലും സ്വവർഗ്ഗ രതി ബന്ധങ്ങൾ ഉണ്ടായിരുന്നതായി അവരുടെ ചരിത്രഗ്രന്ഥങ്ങൾ സൂചന നൽകു ന്നു. അമേരിക്കയിൽ മൂന്നാം ലിംഗക്കാർക്ക് അസ്തിത്വമുള്ള ഗോത്രങ്ങൾ ഉണ്ടായി

രുന്നു. അമേരിക്കൻ ജനതകളിൽ ലൈംഗികതയിൽ രണ്ട് വ്യത്യസ്തതയുള്ള ജനതകൾ ഉണ്ടായിരുന്നു എന്നും സാധാരണ ആചാരമാർഗം പിൻതുടരുന്നതുപോലെ തന്നെ വ്യത്യസ്ത ലൈംഗികജീവിതങ്ങളും ആദരിക്കപ്പെട്ടിരുന്നതിന്റെ സൂചനകളും അവിടത്തെ ചരിത്രഗ്രന്ഥങ്ങളിലുണ്ട്.

പുരാതന അസീറിയൻ മതഗ്രന്ഥങ്ങളിൽ സ്വവർഗ്ഗബന്ധങ്ങളിൽ ദൈവിക അനുഗ്രഹങ്ങളെക്കുറിച്ചും പരാമർശിക്കപ്പെട്ടതായി കാണാം. അതോടൊപ്പം പെൺവേഷങ്ങൾ ധരിച്ചും പെൺചിഹ്നങ്ങൾ അണിഞ്ഞും ആടിയും പാടിയും നൃത്തം ചെയ്തും പെൺഭാവത്തോടെയുള്ള ആൺശരീരങ്ങൾ പൊതുഘോഷയാത്രയിൽ പങ്കെടുത്തിരുന്നു എന്നുംകൂടി ചേർത്തിട്ടുണ്ട്. എന്നാൽ മോശയുടെ പുരാതനനിയമം (തൗറാത്ത്) പുസ്തകം 18-ൽ പുരുഷനോട് ചേർന്ന് ശയിക്കുന്ന പുരുഷന് വധശിക്ഷ വിധിച്ചിരുന്നു (ആവർത്തനം 22.5). എതിർലിംഗത്തിന്റെ വസ്ത്രം ധരിക്കുന്നത് മ്ലേച്ഛരമായ കുറ്റമായി കണക്കാക്കപ്പെട്ടിരുന്നു. ചരിത്രത്തിന്റെ ആരംഭത്തിൽത്തന്നെ വിധിക്കപ്പെട്ടതോ തടുക്കപ്പെട്ടതോ ആയിട്ടാണ് വിമത ലൈംഗികത അടയാളപ്പെടുത്തുന്നത്.[6]

19-ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ ഇസ്ലാമിക, ഹിന്ദു നിയമങ്ങളിൽ വിമതലൈംഗികതയുടെ സാംസ്കാരികപരവും, മതപരവുമായ സ്വാധീനത്തെക്കുറിച്ച് ഏറെ വ്യാഖ്യാനങ്ങളും പ്രസിദ്ധീകരണങ്ങളും ഉണ്ടായി. ഇത്തരം പ്രസിദ്ധീകരണങ്ങളുടെ ന്യൂനതകളെക്കുറിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ ചരിത്രകാരൻമാർ മനസ്സിലാക്കിയെങ്കിലും ഈ കൃതികളിലൂടെയും ചരിത്രത്തെ വായിക്കാനുള്ള കാഴ്ച അന്നത്തെ സാഹിത്യകൃതികൾ ഉണ്ടാക്കി. അപ്രകാരം ചരിത്രത്തെ വായിക്കുമ്പോൾ റൂത്ത് വനിതയുടെയും സലിം കിദ്വായിയുടെയും 'സെയിംസെക്സ് ലവ് ഇൻ ഇന്ത്യ' എന്ന കൃതിയുടെ പ്രാധാന്യം ശ്രദ്ധേയമാണ്. ഭാരതചരിത്രത്തിന്റെ ഏടുകളിൽ വിമതലൈംഗികത ഉണ്ടായിരുന്നു എന്ന് പറയുന്നതിലല്ല അവയുടെ ഓരോന്നിന്റെയും പ്രത്യേക സ്വഭാവങ്ങളെയും ഭാവത്തെയും എടുത്തു കാണിക്കുന്നതിലൂടെയാണ് ഈ കൃതി വ്യത്യസ്തമാകുന്നത്.

14-15 നൂറ്റാണ്ടുകളുടെ മധ്യത്തിൽ പുരുഷയജമാനനും അവന്റെ പുരുഷ അടിമയും തമ്മിലുണ്ടായിരുന്ന രതി ആവിഷ്കരിക്കുന്നത് സാധാരണമായിരുന്നു. ഡൽഹി 'ഖിൽജി സുൽത്താനും' അയാളുടെ പുരുഷ അടിമയായിരുന്ന 'ഖുസുറു

ഖാനും' തമ്മിലുള്ള വിമതലൈംഗികബന്ധത്തെ 'ബരണി' എന്ന ചിത്രകാരന്റെ ലേഖനങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. അത്തരം ബന്ധത്തെ വിമതപ്രണയമായാണ് 'സെയിം സെക്സ് ലവ് ഇന്ത്യ' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ ഇത്തരം ബന്ധങ്ങളെ അധഃപതനമായാണ് ബരണി കണ്ടിരുന്നത്. സാമൂഹിക-രാഷ്ട്രീയഭേദങ്ങളെ തികച്ചും അവഗണിച്ചുകൊണ്ടുള്ള രാജാക്കൻമാരുടെ സ്വവർഗ്ഗബന്ധങ്ങളായിരുന്നു രാജ്യങ്ങളുടെ തകർച്ചയ്ക്ക് കാരണം എന്നും ബരണിയുടെ ലേഖനങ്ങൾ പറയുന്നു. അടിമയെ എപ്പോഴും നിഷ്ക്രിയനായ പങ്കാളിയായും സ്വതന്ത്രനെ രതിക്രിയയിൽ മുൻകൈയെടുക്കുന്നവനായും ബരണി ചിത്രീകരിച്ചിരിക്കുന്നതിന്റെ കാരണവും ഇതാണ്. റൂത്ത് വനിത/സലീം കിദ്വായിയുടെ കൃതികളിൽ ചില ലേഖനങ്ങളുടെ പരിഭാഷ ശ്രദ്ധേയമാണ്. മുത്രിബിയുടെ കവിതകളുടെ വിവർത്തനത്തിൽ ജഹാംഗീർ ചക്രവർത്തിയുടെ കൊട്ടാരത്തിലെ രണ്ടു യുവാക്കൾ തമ്മിലുള്ള സ്വവർഗ്ഗരതിയാണ് വിവരിക്കുന്നത്. ചക്രവർത്തി തന്നെ ആദ്യമായി കണ്ടപ്പോൾ സന്തോഷസൂചകമായി 'ചണവും വസ്ത്രവും കുതിരയും പിന്നെ ഒരു അടിമച്ചെറുക്കനെയും നൽകി' എന്ന് മുത്രീബി പറയുന്നു.[7]

ജഹാംഗീറിന്റെ കൊട്ടാരം സന്ദർശിച്ച നയതന്ത്രജ്ഞർക്കും മറ്റ് മഹാവ്യക്തികൾക്കും ഇത്തരം വിലപ്പിടിപ്പുള്ള സമ്മാനങ്ങൾ നൽകിപ്പോന്നിരുന്നു. ഇത്തരം സമ്മാനങ്ങൾ തുഗ്ലക്ക് കാലഘട്ടത്തിന്റെ പാരമ്പര്യങ്ങളിൽ ഒന്നായിരുന്നു. പത്താമത്തെ സന്ദർശനം കഴിഞ്ഞിട്ടും പറഞ്ഞുവെച്ച് അടിമച്ചെറുക്കനെ ലഭിക്കാത്ത മുത്രീബിയോട് ഏതു നിറത്തിലുള്ള പയ്യനെയാണ് അയാൾക്കിഷ്ടമെന്ന് ചക്രവർത്തി ചോദിച്ചതും കവി തന്റെ വരികളിൽ വിവരിക്കുന്നുണ്ട്.[8]

അടിമകളുടെ പുരോഗതിക്കും ഉന്നമനത്തിനും ധാർമികവും ആത്മീയവുമായ വളർച്ചയ്ക്കും ഏറെ പ്രോത്സാഹനം നൽകിയ കവിയായിരുന്നു മുത്രീബി. മുത്രീബിയുടെ കവിതകളിലെ വിമതലൈംഗിക ചിത്രീകരണം ഏഴുപതു കഴിഞ്ഞ വൃദ്ധന് ഒരു അടിമപ്പയ്യനോട് തോന്നുന്ന അഭിനിവേശമായി മാത്രം കാണാൻ കഴിയില്ല. അടിമകളുടെ ശരീരസൗന്ദര്യം വർണ്ണിക്കുന്നതിലൂടെ മനുഷ്യരുടെ കാമാസക്തിയുടെ വൈവിധ്യത്തെക്കുറിച്ച് അന്നത്തെ സമൂഹത്തെ ബോധവാൻമാരാക്കുക എന്നതായിരുന്നു ഇത്തരം കവിതകളുടെ ലക്ഷ്യം. അടിമകൾക്കുവേണ്ടി എഴുതിയ

കവിതകളെങ്കിലും വിമതരതിയുടെ പരാമർശങ്ങൾ പുരാതന രേഖപ്പെടുത്തലു കളെന്ന നിലയ്ക്ക് കാണാനാകുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. 18-19 നൂറ്റാ ണ്ടുകളിലെ കവികളുടെ ആത്മാവിഷ്കാരമായിരുന്ന ഗസലുകളിലും വിമതലൈംഗിക പരാമർശമുണ്ട്. താടിയില്ലാത്ത പയ്യന്റെ ശരീരസൗന്ദര്യത്തിൽ ആസക്തനാകുന്ന മുത്രീബിയുടെ കഥാപാത്രം ഗസൽകവികളുടെ രചനയിലും കാണാം. ഒരു പയ്യനെ കാണുന്ന കവിയുടെ കണ്ണുകൾ അവയിൽ സ്ഫുരിച്ച് നിൽക്കുന്ന രതിയെ സൂചിപ്പിക്കുന്നു.

കണ്ണുകളിലെ കാമം, അഹങ്കാരം, മോഹം എന്നിവയെ അടർത്തിമാറ്റി ഈശ്വരനിലേക്ക് മാത്രം നോക്കുന്ന 'നസർ' എന്ന കാഴ്ചയുടെ സൂക്ഷ്മത സൂഫി സത്തിന്റെ മുഖമുദ്രയാണ്. അതേസമയം അടിമച്ചെറുക്കൻമാരുടെ സൗന്ദര്യത്തിൽ ആകൃഷ്ടരാകുന്ന സ്വതന്ത്രരുടെ അവസ്ഥയെയും സൂഫി കവികൾ വിവരിച്ചു കാണുന്നു. ഇതുവായിക്കുന്നവൻ കാമത്തെ, മദ്യം എന്നപോലെ വെറുക്കണ മെന്നും അതിനെ മനുഷ്യന്റെ ഏറ്റവും അസംസ്കൃതമായ തലത്തിന്റെ ആവിഷ്കാ രമാക്കി മാറ്റുകയും വേണമെന്നായിരുന്നു സൂഫികളുടെ ലക്ഷ്യം.[9]

ഇന്ത്യൻഭാഷകളും സാഹിത്യവും ദൃശ്യകലയും ആധുനിക ജനകീയ മാധ്യ മങ്ങളും വിമതരതിസംബന്ധമായ പരാമർശങ്ങൾകൊണ്ട് സമ്പന്നമായിരുന്നു. അതുപോലെ തന്നെ ഖജുരാഹോയിലെയും കൊണാർക്കിലെയും ക്ഷേത്രങ്ങളുടെ ചുമരിലെ രതിശില്പങ്ങൾ പ്രാചീനഇന്ത്യയിൽ എല്ലാതരത്തിലുമുള്ള ലൈംഗിക പെരുമാറ്റരീതികളും അറിയപ്പെട്ടിരുന്നു എന്നതിന്റെ തെളിവാണ്. ഏകഭാര്യാത്വത്തി ലടിയുറച്ച പ്രത്യുത്പാദന തത്പരമായ രതിമാത്രമാണ് ഇന്ത്യയിൽ നിലനിന്നി രുന്നത് എന്നും മറ്റുരീതികൾ പശ്ചിമേഷ്യയിൽനിന്നോ യൂറോപ്പിൽനിന്നോ വന്ന താണ് എന്നുമുള്ള പൊതുവിശ്വാസത്തിന് കടകവിരുദ്ധമാണിത്.

### 2.2 പ്രാചീനവും മതപരവുമായ പരാമർശങ്ങൾ

പ്രാചീന ഇന്ത്യൻ ശാസ്ത്രങ്ങളും സൂത്രങ്ങളും മാധ്യമികമായ അഥവാ ബദലായ ലിംഗാധിഷ്ഠിതത്വത്തിന്റെയും ലൈംഗികതയുടെയും വിഭാഗങ്ങൾ നിർമി ക്കാൻ ശ്രമിച്ചിട്ടുണ്ട്.

വിമതലൈംഗികതയെ വിലക്കുവാനും ശിക്ഷിക്കുവാനുമാണ് മത വൈദിക ഗ്രന്ഥങ്ങളെല്ലാം ശ്രമിക്കുന്നത് എന്ന് കാണാം. സന്താനോത്പാദനത്തിന് വേണ്ടിയ ല്ലാത്ത എല്ലാത്തരം ലൈംഗികവേഴ്ചകളും ധാർമ്മികമായി രണ്ടാം തരമാണെന്ന ചിന്തയാണ് അത് വളർത്തുന്നത്. സ്വയംഭോഗവും സ്വവർഗകാമവും തെറ്റാണെന്ന് അവർ വിധിക്കുന്നത് ഈ നിലപാടിൽനിന്നാണ്. എന്നാൽ പകുതി പുരുഷനും പകുതി സ്ത്രീയുമായുള്ള അർധനാരീശ്വരസങ്കല്പം ലൈംഗികതയെക്കുറിച്ചുള്ള സങ്കല്പത്തിന്റെ ഏറ്റവും ഉദാത്തമാതൃകയാണ്.

### 2.2.1 വിമതരതിയും ഹിന്ദുമതവും

വിമതരതിയെ മനുഷ്യന്റെ ആഗ്രഹത്തിന്റെ പ്രകടമായ ആവിഷ്കാരമായി ഉൾക്കൊള്ളാൻ ഹിന്ദുമതത്തിന് സാധിച്ചിട്ടുണ്ട്. വളരെയധികം ഹിന്ദുക്ഷേത്രങ്ങ ളിൽ ചുമർചിത്രകലകളിൽ സ്വവർഗ്ഗരതിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ശില്പങ്ങ ളും കൊത്തുപണികളും കാണാം. കൊണാർക്ക്, ഖജരാവോ തുടങ്ങിയ ക്ഷേത്രങ്ങ ളിലെ ചുവർച്ചിത്രങ്ങൾ ഉദാഹരണങ്ങളാണ്. ഓരേ വർഗ്ഗത്തിൽപ്പെട്ടവർ തമ്മിലുള്ള ലൈംഗികത ഹിന്ദുമതത്തിൽ വേദകാലംതൊട്ട് വർത്തമാനകാലത്തിലുടനീളം പരാമർശിക്കപ്പെട്ടിരിക്കുന്നു. ഇത് പൂജാവിധികൾ, പുരാണകഥകൾ, ചിത്രകഥകൾ ശിൽപങ്ങൾ എന്നിവയിലൂടെയാണ് ചിത്രീകരിച്ചിരിക്കുന്നത്. 2009-ൽ യു.കെയിൽ നടന്ന ഹിന്ദുമതയോഗത്തിൽ ഒരു പ്രസ്താവന ഇങ്ങനെയായിരുന്നു. ''ഹിന്ദുത്വം സ്വവർഗരതിയെ കുറ്റപ്പെടുത്തുകയില്ല.'' ഈ പ്രസ്താവന ഡൽഹി ഹൈക്കോടതി യുടെ സ്വവർഗരതിയെ നിയമവത്കരിക്കാൻ എടുത്ത തീരുമാനത്തോട് അനുബ ന്ധിച്ച് ഉണ്ടായതാണ്.

പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ ഹിന്ദുമതത്തിൽ വിമതലൈംഗികതയെ ഗേ ലെസ്ബിയൻ, ട്രാൻസ്ജെൻഡർ എന്നീ തരത്തിലുള്ള വേർതിരിവുകളിലൂടെ സൂചിപ്പിക്കുന്നില്ല. ത്രിതീയ പ്രകൃതി അഥവാ 'മൂന്നാംവർഗം' എന്ന സങ്കല്പമാണ് കാണുന്നത്.‡ ഇതിലുള്ള വ്യക്തികളെ അവരിൽ പ്രകടമായി കാണുന്ന സ്ത്രീത്വ/പുരുഷത്വ അംശത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. പുരാതനകാലം മുതൽക്കേ ഒരു പുരുഷന് മറ്റൊരു പുരുഷനോട് തോന്നുന്ന താത്പര്യം പോലെയല്ല മൂന്നാംവർഗ്ഗത്തിലുള്ള ഒരു വ്യക്തിക്ക് മറ്റൊരു പുരുഷ

‡ വാത്സ്യായനന്റെ കാമശാസ്ത്രം.

നോട് തോന്നുന്ന താൽപര്യം രണ്ടും വ്യത്യസ്തമാണെന്ന് ഹിന്ദുമതം വിശ്വസിക്കുന്നു. ഹിന്ദുമതം ഗേയിസത്തെ അംഗീകരിക്കുന്നില്ല. മറിച്ച് ഒരു പുരുഷനും മൂന്നാംവർഗത്തിലുള്ള സ്ത്രീസ്വഭാവം കാണിക്കുന്ന നപുംസകവുമായുള്ള ലൈംഗികതയെ അംഗീകരിക്കുന്നു.

**2.2.1.1 പുരാണേതിഹാസങ്ങളിലെ രേഖപ്പെടുത്തലുകൾ**

'രാമായണ'ത്തിൽ കടൽ ചാടിക്കടന്ന് ലങ്കയിൽ എത്തുന്ന ഹനുമാൻ ആലിംഗനബദ്ധരായിക്കിടക്കുന്ന സ്ത്രീകളെ കാണുന്നതായി വർണ്ണിച്ചിട്ടുണ്ട്. രാമന്റെ അനുഗ്രഹം നേടുന്ന മൂന്നാംലിംഗക്കാരെയും കാണാം. വസുധൈവ കുടുംബകം എന്ന സങ്കല്പത്തിൽ പരമ്പരയായ് വിശ്വസിച്ചുപോരുന്ന ഹിന്ദുമതവിശ്വാസികളുടെ ആരാധനാമൂർത്തിയായ ശിവൻ അർദ്ധനാരീശ്വരസങ്കല്പമാണ്. മുംബൈയിലെ എലഫന്റാ ഗുഹയിലെ ശില്പങ്ങൾ ഈ സങ്കല്പത്തെ ന്യായീകരിക്കുന്നു. ഹിന്ദുമത വിശ്വാസമനുസരിച്ച് ദൈവങ്ങൾ ചില പ്രത്യേക കർമങ്ങൾക്കുവേണ്ടി സ്ത്രീ/പുരുഷ വേഷങ്ങളിലേക്ക് മാറുന്നുണ്ട്.*

ഇത്തരം രൂപമാറ്റം ലൈംഗികപ്രക്രിയയ്ക്ക് തടസ്സമാവുന്നില്ല. വിഷ്ണുവും ശിവനും തമ്മിലുള്ള ശാരീരികബന്ധത്തിൽ ജനിച്ച പുത്രനായാണ് ഇന്നും കേരളത്തിന്റെ ആരാധനാമൂർത്തിയായ അയ്യപ്പൻ. അറവാൻ, ലിംഗമാറ്റത്തിന്റെ ദേവതയായ ബഹുചരാദേവി, രാധാകൃഷ്ണ ചൈതന്യത്തിൽനിന്നുണ്ടായ ചൈതന്യമഹാപ്രഭു, യെല്ലാമ്മാദേവി തുടങ്ങിയ പ്രതിഷ്ഠകൾ ഈ വിശ്വാസത്തെ പിൻതാങ്ങുന്നു. വളരെ വ്യത്യസ്തമായ ആഘോഷങ്ങളാൽ ഈ ദേവീദേവൻമാരെ പൂജിക്കുന്നുണ്ട്. ഇത്തരം പ്രസിദ്ധക്ഷേത്രങ്ങളിലെ ഉത്സവത്തോടനുബന്ധിച്ച് സ്ത്രീകൾ പുരുഷവേഷം ധരിച്ചും പുരുഷന്മാർ സ്ത്രീവേഷം ധരിച്ചും പ്രവേശിക്കുന്നു. ഇത്തരം ആഘോഷവേദികൾ പൊതുവെ ഹിജഡകളുടെയും കോത്തികളുടെയും സ്വവർഗ്ഗലൈംഗികരുടെയും വിഹാരകേന്ദ്രങ്ങളാണ്.

ഹിന്ദുമതത്തിന്റെ അടിസ്ഥാനമെന്ന് പൂർവ്വികർ വിശ്വസിക്കുന്ന വേദങ്ങളിൽ വിമതരതിയെക്കുറിച്ചുള്ള പരാമർശങ്ങളില്ല. എന്നാൽ ഋഗ്വേദത്തിൽ 'വികൃതി ഏവം പ്രകൃതി' അതായത് പ്രകൃതിയുടെ വികൃതി എന്ന പദംകൊണ്ട് അർത്ഥമാ

* ഉദാ: മോഹിനി രൂപം

ക്കുന്നത് മനുഷ്യജീവിതത്തിന്റെ ചാക്രികമായ മാറ്റത്തിന്റെ ഭാഗമായി സ്വവർഗ ലൈംഗികതയും ലിംഗമാറ്റവും വന്നുകൊണ്ടിരിക്കുന്നു എന്നും, ഇത് ലോക ത്തിന്റെ വൈവിധ്യത്തിന്റെ ഭാഗമാണെന്നുമാണ്.

ഹിന്ദുമതപുരാണങ്ങളിൽ പൂർണമായും സ്ത്രീയോ പുരുഷനോ അല്ലാത്ത വരെക്കുറിച്ച് പരാമർശങ്ങൾ ഉണ്ടെങ്കിലും മിക്കവരെയും ഭീരുക്കളായും സ്ത്രീക ളോട് താത്പര്യമില്ലാത്തവരായുമാണ് ചിത്രീകരിച്ചിരിക്കുന്നത്.

ചരിത്രകാരനായ ദേവദത്ത് പട്ടനായി (Devadutt Pattanaik) ക്കിന്റെ അഭി പ്രായത്തിൽ ഹൈന്ദവസാഹിത്യത്തിൽ വിമതരതിയുടെ സ്ഥാനം ഇങ്ങനെയാണ്. 'വിമതരതിയുടെ നിലനിൽപ്പിനെക്കുറിച്ച് അന്നത്തെ ജനങ്ങൾ ബോധവാന്മാരായി രുന്നുവെങ്കിലും ഈ പ്രവണത സാഹിത്യത്തിന്റെ മുഖ്യധാരയിൽ വരുകയോ അംഗീകരിക്കുകയോ ചെയ്തിരുന്നില്ല.'[10]

വൈഷ്ണവ സന്ന്യാസിയായ അമർദാസിന്റെ പുസ്തകമായ 'തൃതീയപ്ര കൃതി: പ്യൂപ്പിൾസ് ഓഫ് തേഡ് സെക്സി'ൽ, പഴയകാല ഹൈന്ദവവിശ്വാസത്തിൽ വിമതരതിയേയും ലിംഗമാറ്റവർഗത്തെയും അംഗീകൃതമാർഗത്തിൽ ഉൾക്കൊണ്ടിരു ന്നതായും അതിന് ഇപ്പോൾ കുറവുവന്നതായും അദ്ദേഹം രേഖപ്പെടുത്തുന്നു. പഴ യകാല വേദാന്തത്തിൽ ഉത്തരവാദിത്വമുള്ള കുടുംബജീവിതത്തെക്കുറിച്ചും വ്രതനി ഷ്ഠയുള്ള ജീവിതത്തെക്കുറിച്ചും പറയുമ്പോഴും വിവിധതരത്തിലുള്ള ലൈംഗികത യോട് സഹനമനോഭാവം പുലർത്തിയിരുന്ന പൊതുസമൂഹത്തെക്കുറിച്ചും ഇദ്ദേഹം പരാമർശിക്കുന്നുണ്ട്.

#### 2.2.1.2 നാരദസ്മൃതി

നാരദസ്മൃതി വിമതരതിയിൽ ഏർപ്പെടുന്ന സ്ത്രീകളുടെ വിവാഹത്തെ വിലക്കിയിരുന്നു. നാരദസ്മൃതിയനുസരിച്ച് ഇക്കൂട്ടർ വിവാഹത്തിന് യോഗ്യരല്ല. ഒരു സ്ത്രീ ബലാൽസംഗത്തിന് ഇരയായാൽ പോലും ഇക്കൂട്ടരെ വിവാഹം കഴിപ്പി ക്കരുത്.[11]

കാമസൂത്രത്തിന്റെ പ്രധാനപ്പെട്ട വ്യാഖ്യാനമായി കരുതുന്ന 'ജയമംഗള ഓഫ് യശോദരയിൽ' വിമതപ്രണയികൾ തങ്ങളിലെ സ്ത്രീ/പുരുഷസ്വത്വത്തിന്

പൂർണതയില്ല എന്ന് മനസ്സിലാക്കുകയും സമാനവർഗത്തിൽപ്പെട്ടവരെ പരസ്പരം സ്നേഹിക്കുകയും ചെയ്യുന്നു. സ്വവർഗരതിയെക്കുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും ഇത്തരം പ്രവൃത്തിയിലേർപ്പെടുന്ന ബ്രാഹ്മണരെ നിശിതമായി വിമർശിക്കുകയും ചെയ്യുന്നു. മഹാഭാരതത്തിലെ ഇള, ശിഖണ്ഡി എന്നിവർ മൂന്നാം ലിംഗാവസ്ഥയെ സൂചിപ്പിക്കുന്ന പ്രധാന കഥാപാത്രങ്ങളാണ്. അർജ്ജുനന്റെ ബൃഹന്നളാവേഷവും പ്രാധാന്യമേറിയതാണ്.[12]

### 2.2.1.3 കാമസൂത്രം

ലോകത്തിലെ ആദ്യത്തെ ലൈംഗികശാസ്ത്രമെന്ന നിലയിൽ പ്രശസ്തി നേടിയ കാമശാസ്ത്രത്തിൽ വാത്സ്യായനൻ ഒരു തരത്തിലുള്ള ലൈംഗികവേഴ്ചയും നിഷേധിക്കുന്നില്ല. ലൈംഗികതയുടെ വ്യത്യസ്ത പെരുമാറ്റരീതികളെ വർഗ്ഗീകരിക്കാൻ വാത്സ്യായനൻ കാമസൂത്രത്തിലൂടെ ശ്രമിക്കുന്നുണ്ട്. ലൈംഗികചായ്‌വുകളെയും അതോടൊപ്പം ശാരീരികവും മാനസികവുമായ സവിശേഷതകളെയും അടിസ്ഥാനപ്പെടുത്തിയാണ് ഈ വിഭജനം. 'വദന' സുരതത്തെപ്പറ്റിയുള്ള അധ്യായത്തിൽ 'തൃതീയപ്രകൃതി'[13] യെപ്പറ്റി വാത്സ്യായൻ പറയുന്നുണ്ട്.

തൃതീയ പ്രകൃതിക്കാരായ പുരുഷന്മാരെ വീണ്ടും രണ്ട് വിഭാഗമായി തിരിക്കുന്നുണ്ട്. സ്ത്രീയുടെ രൂപമെടുത്തവരോ പുരുഷന്മാരുടെ രൂപമെടുത്തവരോ പുരുഷന്മാരുടെ വേഷം ധരിക്കുന്നവരോ? (സ്ത്രീ രൂപിണി, പുരുഷരൂപിണി) ഈ രണ്ട് വിഭാഗങ്ങളുടെയും അഭിവാഞ്ഛയിൽ വ്യത്യാസമൊന്നുമില്ല എന്നും വാത്സ്യായനൻ പറയുന്നു.

പെരുമാറ്റരീതികളെ മാത്രമല്ല ജന്മനാ ചില പ്രത്യേക പെരുമാറ്റങ്ങളോടുള്ള ചായ്‌വുകളെയും വർഗ്ഗീകരിക്കാൻ വാത്സ്യായനൻ ശ്രമിക്കുന്നുണ്ട് എന്നതും പ്രസക്തമാണ്. തൃതീയപ്രകൃതി എന്ന പദം സ്ത്രീകളിൽനിന്നും പുരുഷന്മാരിൽ നിന്നും വിഭിന്നമായ മൂന്നാംവർഗ്ഗത്തെ നിർമ്മിക്കുന്നുണ്ട്. ഇത് 'മോണിക് വിറ്റിംഗലിന്റെ' 'സ്ത്രീകൾ, പുരുഷന്മാർ, ഭിന്നലിംഗത്വമുള്ളവർ' എന്ന ത്രിതല വിഭജനത്തോട് അടുത്തുവരുന്നു. 19-ാം നൂറ്റാണ്ടിൽ പാശ്ചാത്യരായ ലൈംഗികശാസ്ത്രജ്ഞരും മനഃശാസ്ത്രജ്ഞരുമാണ് വ്യക്തികളെ അവരുടെ ലൈംഗികാഭിമുഖ്യങ്ങൾക്കനുസരിച്ച് വിഭജിച്ചത് എന്ന മിഷേൽ ഫൂക്കോയുടെ സിദ്ധാന്തം ശരിയ

ല്ലെന്ന് ഈ വാദം തെളിയിക്കുന്നു. പുരുഷന്മാരോട് ആഭിമുഖ്യമുള്ള പുരുഷന്മാർ, സ്ത്രീകളോട് ആഭിമുഖ്യമുള്ള സ്ത്രീകൾ എന്നിങ്ങനെയുള്ള പ്ലേറ്റോയുടെ വർഗീകരണം മാത്രമല്ല മറിച്ച് വാത്സ്യായനന്റേതടക്കമുള്ള പ്രാചീന ഇന്ത്യൻ കൃതികളിലെ സമാനമായ വർഗീകരണത്തിനും സദൃശമാണിതെന്ന് റൂത്ത് വനിത പറയുന്നു.[14]

19-ാം നൂറ്റാണ്ടിന്റെ അവസാനകാലത്തെ ലൈംഗികശാസ്ത്രജ്ഞൻ Invert, Third Sex, Homosexual മുതലായ പദങ്ങൾ കണ്ടുപിടിച്ചപ്പോൾ, വാത്സ്യായനുപയോഗിക്കുന്ന 'ത്രിതീയ പ്രകൃതി' എന്ന പദം സ്പഷ്ടമായി വ്യക്തിയുടെ ലൈംഗികവാഞ്ഛയെ ആസ്പദമാക്കി അതേ തരത്തിൽപെട്ടയാളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന മറ്റൊരു പദമാണ്. സൂചിതനാകുന്ന പുരുഷൻ കാഴ്ചയിൽ സ്ത്രീയെപ്പോലെ ഇരുന്നാലും പുരുഷനെപ്പോലെ ഇരുന്നാലും പുരുഷന്മാരോടുള്ള അയാളുടെ പെരുമാറ്റം ഒരു വ്യത്യാസവും ഉണ്ടാക്കുന്നില്ലെന്ന് കാമസൂത്രത്തിൽ പറയുന്നു.

### 2.2.1.4 അർത്ഥശാസ്ത്രം

അർത്ഥശാസ്ത്രത്തിൽ യോനിയിലൂടെ അല്ലാത്ത അയോനിബന്ധം, ലൈംഗികതയുടെ വിപുലമായ വിഭാഗത്തെ ഉൾക്കൊള്ളുന്നുണ്ട്. ഇത് പുരുഷന്മാർ തമ്മിലോ സ്ത്രീയും പുരുഷനും തമ്മിലോ ആണ് ഉണ്ടാകുന്നതെങ്കിൽ ഒന്നാമത്തെ പിഴയാണ് ശിക്ഷ (IV. XIII: 236).[15]

ഒന്നാം പിഴ എന്നത് ഏറ്റവും കുറഞ്ഞ പിഴയാണ്. ഏറെ വിലയില്ലാത്ത വസ്തുക്കളുടെ മോഷണത്തിന് തവണകളായി ഒടുക്കേണ്ടതാണിത്. സ്ത്രീകൾ തമ്മിലുള്ള ലൈംഗികബന്ധത്തിന്, പുരുഷന്മാർ തമ്മിലുള്ള ലൈംഗികബന്ധത്തിന് കൊടുക്കേണ്ടതിലും തുച്ഛമായ പിഴയാണ് ശിക്ഷ. എന്നാൽ ഒരു സ്ത്രീയുടെ സമ്മതമില്ലാതെ അവളോടൊപ്പം ശയിക്കുന്ന സ്ത്രീ മറ്റേയാൾക്ക് വലിയ തുക നൽകേണ്ടിവരും. ഭിന്നവർഗയോനീബന്ധത്തെയാണ് ഈ കൃതികൾ സ്വാഭാവിക തിയായി കണക്കാക്കുന്നത് എന്ന് വ്യക്തമാണ്.

പുരുഷന്മാർ തമ്മിലോ സ്ത്രീ-പുരുഷന്മാർ തമ്മിലോ ഉള്ള വദന/ഗുദ സുരതത്തെ പ്രത്യേകമായി വേർതിരിക്കുന്നില്ല. സ്വവർഗ്ഗരതി അംഗീകൃതമായിരുന്നില്ല എങ്കിലും അത് നിസ്സാര കുറ്റമായാണ് കണക്കാക്കപ്പെട്ടിരുന്നത്. വിവിധതരത്തിലുള്ള ഭിന്നവർഗയോനീബന്ധകർക്ക് ഇതിനേക്കാൾ ഗുരുതരമായ ശിക്ഷ വിധിച്ചിരുന്നു. ഉദാഹരണത്തിന് സ്വജാതിയിൽപ്പെട്ട പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വശീകരിക്കുകയോ ബലാൽസംഗം ചെയ്യുകയോ ചെയ്താൽ ആ പുരുഷന്റെ കൈവെട്ടി മാറ്റും അതല്ലെങ്കിൽ അയാളും മരിക്കണം.[16]

### 2.2.1.5 മനുസ്മൃതി

ഒരു പുരുഷനുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്ന മററൊരു പുരുഷന് മനു വിധിക്കുന്ന പ്രശസ്തമായ പരിഹാരം സ്നാനമാണ് (XII: 175)[17] മറ്റൊരു ഭാഗത്ത് (XIII:230) ഏതുതരത്തിലുള്ള അയോനീബന്ധമുണ്ടാക്കുന്ന പുരുഷനും ഒന്നാമത്തെ പിഴ ഓർക്കണമെന്ന് പറയുന്നു. മറ്റൊരു പുരുഷനുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുന്ന പുരുഷനും ഒന്നാംപിഴതന്നെയാണ് ശിക്ഷ.

XII: 68-ൽ പുരുഷനുമായുള്ള ലൈംഗികബന്ധം ജാതി നഷ്ടപ്പെടുത്തുമെന്നു പറയുന്നുണ്ട്. അയോനിബന്ധത്തിൽ ഏർപ്പെടുന്ന പുരുഷന് പഞ്ചഗവ്യസേവയും ഒരു രാത്രി ഉപവാസമുൾപ്പെടുന്ന നിസ്സാരമായ പ്രായശ്ചിത്തവുമാണ് വിധിച്ചിരിക്കുന്നത്.

കന്യകകളല്ലാതെ സ്ത്രീകൾ തമ്മിലുള്ള ലൈംഗികബന്ധത്തിന് വളരെ ചെറിയ പിഴയാണ് ശിക്ഷ. എന്നാൽ ഇതിന് വിപരീതമായി മറ്റൊരു കന്യകയുമായി ബന്ധത്തിലേർപ്പെടുന്ന ഒരു കന്യകക്ക് 200 പണം പിഴ ശിക്ഷ ലഭിക്കും. കൂടാതെ പെൺകുട്ടിയുടെ സ്ത്രീധനത്തിന്റെ ഇരട്ടി തുക നൽകുകയും ചാട്ടവാറടിയേൽക്കുകയും ചെയ്യണം (VIII: 369). ഒരു കന്യകയുടെ കന്യകാത്വം നശിപ്പിക്കുന്ന സ്ത്രീയുടെ തല മൊട്ടയടിക്കുകയും രണ്ട് വിരലുകൾ (കുറ്റം ചെയ്ത അവയവം എന്ന നിലയിൽ) ഛേദിച്ചുകളയുകയും കഴുതപ്പുറത്തിരുത്തി സവാരി ചെയ്യിക്കുകയും ചെയ്യും. ബലാൽക്കാരമായി ഒരു കന്യകയുടെ കന്യകാത്വം നശിപ്പിക്കുന്ന പുരുഷനും ഇതുതന്നെയാണ് ശിക്ഷ.

കാമസൂത്രംപോലുള്ള രതിശാസ്ത്രകൃതികളിൽ പ്രതിപാദിച്ചു കാണുന്ന തരത്തിലുള്ള കന്യകാത്വഭഞ്ജനം ഉൾക്കൊള്ളാത്ത അന്യോന്യം നടത്തുന്ന സ്വയംഭോഗമോ, വദനസുരതമോ ശിക്ഷാർഹമായി പരാമർശിച്ചുകാണുന്നില്ല. തന്നെയുമല്ല ഭിന്നജാതികൾ തമ്മിലുള്ള വിവാഹേതരബന്ധം, ബലാൽസംഗം, തട്ടിക്കൊണ്ടുപോകൽ തുടങ്ങി പലതരത്തിലുള്ള ഭിന്നവർഗ്ഗലൈംഗികകുറ്റങ്ങൾക്ക് വിമതലൈംഗികകുറ്റങ്ങളെക്കാൾ വളരെ കടുത്ത ശിക്ഷയാണ് വിധിച്ചിരുന്നത്. ഉദാഹരണത്തിന് വിവാഹേതരബന്ധമുള്ള പുരുഷനെ ജീവനോടെ ദഹിപ്പിക്കണമെന്നും വിവാഹേതരബന്ധമുള്ള സ്ത്രീയെ നായ്ക്കൾക്ക് തിന്നാൻ ഇട്ടുകൊടുക്കണമെന്നും മനു നിർദ്ദേശിക്കുന്നു (VIII:37-72).

'ക്ലീബൻ' എന്ന വിഭാഗത്തിൽപ്പെട്ട പുരുഷന്മാരുടെ നിർമ്മിതിയും 'മനുസ്മൃതി' നടത്തുന്നുണ്ട്. ഷണ്ഡന്മാരും ഉഭയലിംഗികളും തങ്ങളുടെ വായ യോനിയെന്നപോലെ ഉപയോഗിക്കാൻ അനുവദിക്കുകയോ, ആൺകുട്ടികളെ പ്രാപിക്കുകയോ ചെയ്യുന്നവരാണ് ഈ വിഭാഗത്തിലെന്ന് വ്യാഖ്യാനകാരൻ വിശദീകരിക്കുന്നു. ക്ലീബൻമാർക്ക് നേരെ അവഹേളനപരമായ നിലപാടാണ് മനുസ്മൃതി എടുത്തിരിക്കുന്നത്. ഈശ്വരവിശ്വാസികളല്ലാത്തവരെയും കള്ളന്മാരായ പുരോഹിതരെയുംപോലെ ഇവരെയും പരേതർക്ക് വേണ്ടിയുള്ള ചടങ്ങുകളിൽ പങ്കെടുപ്പിക്കരുതെന്ന് പറയുന്നു (III:165). പുരോഹിതന്മാരുടെ ഭോജനം കാണുന്നതിൽനിന്ന് രജസ്വലകളായ സ്ത്രീകളെയെന്നപോലെ ഇവരെയും വിലക്കിയിരുന്നു. ക്ലീബനെ യുദ്ധത്തിൽ വധിച്ചുകൂടാ. അയാളുടെ ഭാര്യയുടെ പുത്രനെ അയാളുടെ പുത്രനായി അംഗീകരിക്കണമെന്നും പറയുന്നു. അതായത് ജൈവപരമായി ക്ലീബന്റെ സന്താനമല്ലെങ്കിൽക്കൂടി അയാളുടെ സ്വത്തുക്കളുടെ അവകാശിയായിരിക്കുമെന്ന് അർത്ഥം. (IX:167) ക്ലീബന് സ്വത്തുനൽകരുതെന്നും പറയുന്നുണ്ട് (IX : 201).[18]

സ്വവർഗ്ഗത്തിലൊ ഭിന്നവർഗ്ഗത്തിലൊപെട്ട ഒരാൾക്കോ ഒരു മൃഗത്തിനോ പോലും ഒരാളെ ലൈംഗികമായി ഉത്തേജിപ്പിക്കാൻ ആവുമെന്ന് ജൈനചിന്തകനായ ശാകതായനൻ ചൂണ്ടിക്കാട്ടുന്നു. വാത്സ്യായനന്റെ കാമസൂത്രത്തിലെ ലൗകികതനിറഞ്ഞ നിലപാടിന് സമാനമാണിത്.

#### 2.2.1.6 സുശ്രുതസംഹിത

വൈദ്യശാസ്ത്രഗ്രന്ഥമായ സുശ്രുതസംഹിതയിൽ രണ്ടുതരത്തിലുള്ള സ്വവർഗ്ഗരതിക്കാരെക്കുറിച്ച് പറയുന്നുണ്ട്.

1. കുംബിക (Kumbhika) ഗുദരതിയിൽ നിഷ്ക്രിയനായി ഇരിക്കുന്ന ആൾ
2. ആസേക്യ (Askya) തന്റെ ലൈംഗികപങ്കാളിയുടെ ശുക്ലം കഴിക്കുന്ന ആൾ

മറ്റൊരാളുടെ ജനനേന്ദ്രിയം ഉറുഞ്ചുകയും ശുക്ലം പാനം ചെയ്യുകയും ചെയ്യുന്നതുവഴി മാത്രം ഉദ്ധാരണം സംഭവിക്കുന്ന പുരുഷനെ അസേക്യ എന്നാണ് വിളിക്കുന്നത്.[19] രണ്ടാമത്തെ കൂട്ടർ ശാന്തസ്വഭാവമുള്ളവരും സ്ത്രീകളെപ്പോലെ പെരുമാറുന്നവരുമാണ്. ഇക്കൂട്ടരുടെ വിധി ഗർഭാവസ്ഥയിൽ വെച്ചുതന്നെ നിർണ യിക്കപ്പെട്ടിരിക്കുന്നു എന്നും രണ്ടു സ്ത്രീകൾ തമ്മിലുള്ള രതിയിൽ ഏർപ്പെടു മ്പോൾ അവരിലുണ്ടാകുന്ന മദജലംമൂലം ഒരാൾ ഗർഭിണിയാകാനുള്ള സാധ്യതയു ണ്ടെന്നും സുശ്രുതസംഹിതയിൽ പറയുന്നു. അത്തരം ബന്ധങ്ങളിൽനിന്നും ജനി ക്കുന്ന കുട്ടികൾ എല്ലില്ലാത്തവരായിരിക്കും. ഇങ്ങനെയുള്ള ജന്മത്തെക്കുറിച്ച് കൃത്തിവാസ രാമായണത്തിൽ പറയുന്നുണ്ട്.*

ഭാഗവതപുരാണത്തിൽ മോഹിനിയുടെ വേഷമണിയുന്ന മഹാവിഷ്ണു വിനെ കണ്ടമാത്രയിൽ തന്നെ ശിവൻ അവളുടെ അഴകിൽ ലയിക്കുകയും വികാര തീവ്രതയാൽ ശുക്ലം വിസർജ്ജിക്കുകയും ചെയ്യുന്നു. ഇതിൽ ശിവനും വിഷ്ണുവും സന്തുഷ്ടരാവുന്നു. ഈ ശുക്ലത്തിൽനിന്നും ഉടലെടുക്കുന്ന അയ്യ പ്പന്റെ ജനനത്തിനും ഐതിഹ്യത്തിനും കേരളത്തിൽ വിശ്വാസികൾക്കിടയിൽ വലിയ പ്രാധാന്യമുണ്ട്

### 2.2.2 വിമതരതിയും ക്രിസ്തീയതയും

ഖുർ-ആനും ബൈബിളുമടക്കമുള്ള മതഗ്രന്ഥങ്ങൾ വിമതരതിയെ കഠിനമായ രീതിയിൽ വിലക്കിയിരുന്നു. ബൈബിളിന്റെ ഉത്പത്തി പുസ്തകത്തെ കൂടാതെ ലേവ്യർ, കൊറിന്തോസ് എന്നിവരുടെ ലേഖനങ്ങളിലും വിമതരതിയും

---

* ഉദാ:-ഭഗീരഥന്റെ ജനനവുമായി ബന്ധപ്പെട്ട കഥ.

അതിന്റെ ശിക്ഷാവിധിയും പ്രതിപാദിക്കുന്നുണ്ട്. ലേവ്യർ പതിനെട്ടാം അധ്യായത്തിൽ 'സ്ത്രീയോടു കൂടെയെന്നതുപോലെ പുരുഷനോട് കൂടെ നീ ശയിക്കരുത്, അത് മ്ലേച്ഛതയാകുന്നു'(18:22)എന്ന് വിധിച്ചിരിക്കുന്നു. വിവിധ ശിക്ഷകൾ എന്ന ഇരുപതാം അദ്ധ്യായത്തിൽ പുരുഷസ്വവർഗ്ഗരതിക്കാർക്കുള്ള ശിക്ഷ വിധിക്കുന്നു. 'ഒരുവൻ സ്ത്രീയോട് കൂടെ എന്ന പോലെ പുരുഷനോട് കൂടെ ശയിച്ചാൽ ഇരുവരും ഹീനമായ പ്രവൃത്തിയാണ് ചെയ്യുന്നത്. അവരെ വധിക്കണം അവരുടെ രക്തം അവരുടെ മേൽ ആയിരിക്കട്ടെ' (ലേവ്യർ 20:13).

കത്തോലിക്കാസഭയൊഴികയുള്ള ക്രിസ്ത്യൻ വിശ്വാസങ്ങളും ലോകരാഷ്ട്ര ങ്ങളും സ്വലിംഗരമിത്വം പ്രകൃതിദത്തമാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. മത്തായി സുവി ശേഷത്തിൽ (19:12) വിവാഹബന്ധം വേർപെടുത്തുന്നതിന് അനുവദനീയമാണോ എന്ന ചോദ്യത്തിന് യേശു നൽകുന്ന മറുപടി- 'എല്ലാവർക്കും ഈ ഉപദേശം ഗ്രഹിക്കാൻ സാധ്യമല്ല (അവിവാഹിതരായി തുടരാൻ) വരം ലഭിച്ചവർക്കും മാത്രമേ അതു സാധിക്കൂ. ഷണ്ഡൻമാരായി പിറക്കുന്നവരുണ്ട്. മനുഷ്യരാൽ ഷണ്ഡൻമാരാക്കപ്പെടുന്നവരുണ്ട് ദൈവരാജ്യത്തെ പ്രതി തങ്ങളെ തന്നെ ഷണ്ഡൻമാരാക്കുന്നവരുണ്ട്' എന്ന ഭാഗം യേശു ഈ വിഭാഗങ്ങളെ തള്ളിക്കള ഞ്ഞില്ല എന്നതിന് തെളിവാണ്. ഇവരാരും വിവാഹിതരാകരുതെന്നേ പറഞ്ഞുള്ളൂ. 'കൂടിത്താമസം' അരുതെന്ന് പറഞ്ഞിട്ടില്ല. ഇതിനുപുറമേ സ്വലിംഗരമികളെ അനു കൂലിക്കുന്ന ക്രിസ്ത്യാനികൾ പ്രതിപാദിക്കുന്ന മറ്റൊരു ബൈബിൾ ഭാഗത്തിൽ (മ ത്തായി-8:513) റോമൻ ശതാധിപന്റെ ബാല്യക്കാരന്റെ രോഗം സുഖപ്പെടുത്തുന്ന സംഭവം. ഇവിടെ ബാല്യക്കാരൻ എന്ന് സൂചിപ്പിക്കുന്ന ഗ്രീക്കുപദം പയിസ്സ് (Pais) ആണ് ഇതിന്റെ ശരിക്കുള്ള മലയാളപരിഭാഷ 'കുണ്ടൻ' എന്നാണ്. എന്നിട്ടും യേശു അയാളുടെ ബാല്യക്കാരനെ സുഖപ്പെടുത്തുകയും യഥാർത്ഥ വിശ്വാസ ത്തിന് ഉത്തമമാതൃകയായി വിജാതീയനും സ്വലിംഗരമിയുമായ റോമൻ ശതാധി പനെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നതായി കാണാം.

2003 ജൂലൈ 31 ന് കത്തോലിക്കാസഭയുടെ ആസ്ഥാനമായ വത്തിക്കാനിൽ നിന്ന് വിശ്വാസസത്യങ്ങളുടെ തിരുസംഘം, സ്വലിംഗരമി ആഭിമുഖ്യമുള്ളവരുടെ 'കൂടിത്താമസ നിർദേശങ്ങളെക്കുറിച്ച് ചില പരിഗണനകൾ' എന്ന ലേഖനം ഇറക്കു

കയുണ്ടായി. ഈ രേഖയിൽ കത്തോലിക്കാസഭ കൂടിത്താമസവും വിവാഹവും കൂട്ടിക്കുഴച്ചുകൊണ്ട് കൂടിത്താമസത്തെ രൂക്ഷമായി വിമർശിക്കുന്നു. സന്താനോത്പാദനശേഷിയില്ലാത്ത സ്വലിംഗരമികളുടെ 'കൂടിത്താമസം' ജീവിക്കാനുള്ള ഒരു സംവിധാനമായും'വിവാഹം'കുട്ടികളെ ജനിപ്പിക്കാൻ സാധ്യതയുള്ള എതിർലിംഗരമികൾക്കുള്ളതുമാകുന്നു. മുകളിൽ പറഞ്ഞ രേഖ സ്വലിംഗരമി കൂട്ടുകെട്ടിനെ സമൂലം എതിർക്കുമ്പോഴും സ്വലിംഗാഭിമുഖ്യമുള്ളവരെ ബഹുമാനത്തോടും അനുകമ്പയോടും സ്വീകരിക്കണമെന്ന് പറയുന്നുണ്ട്.

ക്രിസ്തുമതത്തിന്റെ വളർച്ചയോടെ വിമതരതിക്ക് ചരിത്രത്തിലുണ്ടായ സ്ഥാനം നഷ്ടപ്പെട്ടു. പുരുഷൻമാരുടെ സ്വവർഗ്ഗപ്രേമത്തെ സൂചിപ്പിക്കാനായി ഉപയോഗിക്കുന്ന സൊദോമി എന്ന ആംഗലേയപദവും ഒരു തെറ്റിദ്ധാരണയുടെ ഫലമാണ്. ദൈവകോപത്തിന് സൊദോമിലുള്ളവർ ഇരയാകുന്നത് അവരുടെ സ്വവർഗ സംഭോഗംമൂലമാണെന്ന് പഴയ നിയമഗ്രന്ഥം വെളിപ്പെടുത്തുന്നു. ഇതിനുശേഷം സ്വവർഗപ്രേമത്തെ മഹാപാപമായി സങ്കല്പിച്ചു (ഉല്പത്തിപുസ്തകം (19:5)-ാം വാക്യം). ബൈബിളിന്റെ ഇതരഭാഗങ്ങളിലും സ്വവർഗ്ഗപ്രേമത്തെ ജുഗുപ്സാവഹവും നിന്ദ്യവുമായ കൃത്യമെന്നു വിശേഷിപ്പിച്ചിട്ടുണ്ട്. മറ്റു ബൈബിൾ ഖണ്ഡികകൾ വിമതരതിയെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗങ്ങൾ ഇവിടെയാണ്.*

ബൈബിളിന്റെ ആവിർഭാവത്തോടുകൂടി വിമതലൈംഗികപരമായ ചിന്താഗതികൾ ജുഗുപ്സാവഹമെന്ന് നിന്ദിക്കപ്പെട്ടു. സോദോമിന്റെ കഥ മാത്രമല്ല ഈ നിന്ദയ്ക്കു പിന്നിൽ ഏകദൈവപരമായ ജൂത, ക്രിസ്തുമതങ്ങൾക്ക്, ബഹുവിഗ്രഹാരാധികളായ ജനതകളുടെ എല്ലാ ആരാധനാസ്വഭാവങ്ങളും മാറ്റിയെടുക്കേണ്ടത് മതത്തിന്റെ നിലനിൽപ്പിന് ആവശ്യമായിരുന്നു. അതിനാൽ പ്രജനനാർത്ഥമല്ലാത്ത ഇത്തരം ലൈംഗിക പ്രവർത്തനങ്ങളെയും ജൂത-ക്രിസ്തു പുരോഹിതൻമാർ പാപമെന്നും വിശേഷിപ്പിച്ചു. എന്നാൽ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ പ്രതികൂല മനോഭാവം ഇതിനോടു കാണിക്കുന്നില്ല. വിമതരതിയെക്കുറിച്ചുള്ള ക്രിസ്ത്യാനികളുടെ എതിർപ്പ് പ്രധാനമായും ബൈബിളിന്റെ വ്യാഖ്യാനത്തിന്റെ പേരിലാണ്.

* റോമ 1.1 കൊറിന്ത്യൻ 6:8-103 ജൂഡ് 1.9.7.28)

### 2.2.3 വിമതരതിയും ഇസ്ലാംമതവും

ലോകമതങ്ങളിൽ താത്ത്വികമായി ഏറ്റവും കാർക്കശ്യവും നിർദ്ദയവുമായ നിലപാട് സ്വിലിംഗരമികളോട് സ്വീകരിക്കുന്നത് ഇസ്ലാംമതമാണ്. സൊദോം കഥക്ക് സമാനമായി ലൂത്വ നബി (അ)യുടെ പുത്രന്മാർ സ്വവർഗ്ഗരതിയുടെ ഉപാസകരായിരുന്നപ്പോൾ ലഭിച്ച ശിക്ഷകളെപ്പറ്റി ഖുർ ആൻ പരാമർശിക്കുന്നുണ്ട്. അല്ലാഹു പ്രദേശത്തെ നശിപ്പിച്ചതായും പറയുന്നു. ശരിയത്ത് നിയമം നടപ്പിലാക്കിയിരിക്കുന്ന എല്ലാ ഇസ്ലാമിക രാജ്യങ്ങളിലും സ്വലിംഗരമിത്വം നിയമവിരുദ്ധമാണ്. സ്വവർഗ്ഗലൈംഗികതയ്ക്ക് നൽകുന്ന ശിക്ഷ എത്ര കഠിനമായിരിക്കണം എന്നതാണ് ഇസ്ലാംമതം ചർച്ച ചെയ്യുന്നത്. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ ഇസ്ലാം മതവിഭാഗങ്ങളുടെ നിലപാട് ശാരീരികശിക്ഷയൊന്നും നൽകേണ്ട എന്നാവുമ്പോൾ അറേബ്യൻ രാജ്യങ്ങളിലെ 'ഹാനംബലൈറ്റ്' വിഭാഗം പറയുന്നത് ശിക്ഷ കൊടുക്കണമെന്നാണ്. 'ഷാഫി' വിഭാഗക്കാർ സ്വവർഗ്ഗരതിക്കാരെ ശിക്ഷിക്കുന്നത് ചുരുങ്ങിയത് നാല് പ്രായപൂർത്തിയായ സാക്ഷികളുടെ മുന്നിൽ വെച്ചാവണം എന്നു പറയുന്നു. സ്വവർഗരതി അനിസ്ലാമികമെന്ന് ഖുറാനിലും പറയുന്നുണ്ട്.[20]

19-ാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് ഭരണാധികാരികളും വിദ്യാഭ്യാസ വിദഗ്ധരും പൊതുവിൽ വിമതലൈംഗികതയോട് ഭീതി പുലർത്തുന്ന ചിന്താഗതികൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തു. 19-ാം നൂറ്റാണ്ടിന്റെ ആദ്യദശയിൽ പുരുഷൻമാർ തമ്മിലുള്ള ലൈംഗികബന്ധം കണ്ടെത്തിയാൽ അവരെ വിലങ്ങുകളിൽ ഇടുമായിരുന്നു. പകുതി മൃതരാവുന്നതുവരെ കണ്ണിൽ കണ്ടതെല്ലാം വച്ച് ആൾക്കാർ ഇവരെ എറിയും. ഇതായിരുന്നു ഇവർക്ക് നല്കിയിരുന്ന ശിക്ഷ.[21]

പ്രശസ്ത ജൂതചിത്രകാരൻ സിമിയൻ, പലർക്കും ഇതേ കുറ്റത്തിന് നിയമപരമായി ശിക്ഷ വിധിക്കുകയും സാമൂഹികമായി അവരെ ഒറ്റപ്പെടുത്തുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിമതരതിയുടെ പേരിൽ ഓസ്കാർ വൈൽഡിനെ വിചാരണ ചെയ്യുകയും തടവിലിടുകയും ചെയ്തുകൊണ്ടാണ് 19-ാം നൂറ്റാണ്ട് അവസാനിക്കുന്നത്. ജയിലിലെ ദുരിതങ്ങളാണ് അദ്ദേഹത്തിന്റെ മരണത്തിന് കാരണമായത്. വൈൽഡിനെ തടവിലാക്കാനുപയോഗിച്ച നിയമം ഇന്ത്യയിലെ നിയമഗ്രന്ഥത്തിൽ 1860-ൽ തന്നെ എഴുതിച്ചേർത്തിരുന്നു. ഇന്നും ഇന്ത്യൻ പീനൽ കോഡിന്റെ 377-ാം വകുപ്പിൽ ഇത് നിലനിൽക്കുന്നു. പ്രായപൂർത്തിയായ

രണ്ട് വ്യക്തികൾ തമ്മിൽ പരസ്പര സമ്മതപ്രകാരം നടത്തുന്ന സ്വവർഗസംഭോഗം ഇംഗ്ലണ്ടിൽ 1967 ൽ കുറ്റങ്ങളുടെ പട്ടികയിൽനിന്ന് നീക്കം ചെയ്തിരുന്നു. ഇന്ത്യ യിൽ 2009-ൽ ദില്ലി ഹൈക്കോർട്ട് 377-ാം വകുപ്പ് നിയമാനുസൃതമാക്കിയെങ്കിലും 2013, ഡിസംബർ 11-ന് സുപ്രീംകോടതി വീണ്ടും IPC 337 കുറ്റകരമാണെന്ന് പ്രഖ്യാപിച്ചു.

## 2.3 വിമതലൈംഗികത പ്രകൃതിജന്യവീക്ഷണം

ആണും പെണ്ണും തമ്മിലുള്ള പ്രണയം, രതിമോഹങ്ങൾ, ചിത്രങ്ങൾ എന്നി വയാണ് പരസ്യചിത്രങ്ങൾ മുതൽ രഹസ്യപുസ്തകങ്ങൾവരെ ചിത്രീകരിക്കുന്നത്. അതിന്റെ തീവ്രതയും ഒടുക്കവും എല്ലാം ചെന്നെത്തുന്നത് പ്രത്യുത്പാദനത്തിലു മാണ്. പ്രത്യുത്പാദനത്തിനു പാകമാകാത്തതിനാൽ വിമതലൈംഗികത പ്രകൃതിവിരുദ്ധമായി ഘോഷിക്കപ്പെടുന്നു. എന്നാൽ പ്രത്യുത്പാദന പ്രക്രിയ തികച്ചും ശാരീരികമാണ്. ലൈംഗികതയാകട്ടെ ശാരീരികവും മാനസികവുമായ ആനന്ദത്തിനു നിദാനമാണ്. അവിടെ പ്രത്യുത്പാദനം എന്നത് രണ്ടാമത്തെ തല ത്തിൽ മാത്രമേ നിലനിൽക്കുന്നുള്ളൂ. രതി ഒരിക്കലും പ്രത്യുത്പാദന ലക്ഷ്യത്തിനായി മാത്രമല്ല എന്നും പ്രകൃതി യാതൊരുവിധ ലൈംഗികതയ്ക്കും എതിരുനിൽക്കുന്നില്ല എന്നും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. വിമതലൈംഗികത പ്രകൃതിയിൽ തന്നെ നിലനിൽക്കുന്ന ഒന്നാണ് എന്ന് ചുവടെ കൊടുക്കുന്ന പരാ മർശം തെളിയിക്കുന്നു.

''ഈ ഗ്രഹത്തിലെ ജീവികളെക്കുറിച്ച് കൂടുതൽ പഠിച്ചപ്പോൾ ഒരു കാര്യം മനസ്സിലായി. മനുഷ്യനും മറ്റ് ജീവജാലങ്ങളും തമ്മിൽ ഏറെ വ്യത്യാസമൊന്നുമി ല്ല. മനുഷ്യന്റെ വിനാശകരമായ പ്രവൃത്തികൾ മാത്രമാണ് ഒരേയൊരു വ്യത്യാസം. ലോകം മുഴുവൻ സ്വവർഗരതിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴും നിയമനിർമ്മാണ ത്തിന് ഒരുങ്ങുമ്പോഴും മൃഗങ്ങൾ ഇക്കാര്യം പ്രകൃതിക്കനുരൂപമായാണ് കാണു ന്നത്.''[22]

''ആൽബട്രോസ് പക്ഷികളിലുൾപ്പെടെ 93-ൽപരം സ്പീഷിസ് പക്ഷികളിലും, ഡോൾഫിൻ, പെൻഗിൻ, ആട്, വെള്ളക്കീരി, എട്ടുകാലി എന്നിവയുൾപ്പെടെയുള്ള നൂറോളം പ്രാണിവർഗ്ഗങ്ങളിലും സ്വവർഗ്ഗാഭിമുഖ്യങ്ങൾ

കാണപ്പെടുന്നുണ്ട്. ഹോർമോൺ പ്രവർത്തനങ്ങളും ന്യൂറോണുകളുടെ വിനിമയ വ്യത്യാസവും തലച്ചോറിന്റെ രൂപപ്പെടുത്തലുമൊക്കെയാണ് ആൺ-പെൺ ആകർഷണത്തെ പോലെ സ്വവർഗ്ഗാനുരാഗത്തെയും നിയന്ത്രിക്കുന്നത്''.[23]

വിമതരതിയെക്കുറിച്ചുള്ള പഠനത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് എന്ന് 1869-ൽ ഷഡ്പദങ്ങളെക്കുറിച്ച് പഠനം നടത്തുന്ന ഫ്രഞ്ച് ശാസ്ത്രജ്ഞൻ 'ഹെന്റി ഗേസ്ഡിയേഡിവർകില്ലി' പ്രസിദ്ധപ്പെടുത്തിയ ചിത്രം തെളിയിക്കുന്നു. രണ്ട് ആൺ ഞണ്ടുകൾ രതിയിലേർപ്പെടുന്നതായിരുന്നു ചിത്രം. 1999-ൽ വിസ് കോസിൻ സർവ്വ കലാശാലയിലെ ജീവശാസ്ത്രജ്ഞനായ, 'ബ്രൂസ് ബഗേമിൽ' തന്റെ ഗ്രന്ഥത്തിൽ 1500 ജീവികൾ സ്വവർഗ്ഗരതിക്കാരാണെന്ന് സ്ഥാപിക്കുന്നു. ഇതിലും പഴക്കമേറിയ പരാമർശം അരിസ്റ്റോട്ടിലിന്റേതാണ്, രണ്ട് പെൺമൈനകൾ ഇണചേരുന്നതിനെകുറിച്ചായിരുന്നു അത്. ഓസ്ലോ സർവ്വകലാശാലയിലെ നാഷണൽ ഹിസ്റ്ററി മ്യൂസിയത്തിൽ സംഘടിപ്പിക്കപ്പെട്ട പ്രദർശനത്തിൽ 51 ഇനം ജീവികൾ വിമതരതിയിൽ ഏർപ്പെടുന്നതിന്റെ ദൃഷ്ടാന്തമാണ് പ്രദർശനത്തിലുള്ളത്. എട്ടുകാലി, ഞണ്ട്, കടവാവൽ, ഡോൾഫിൻ, തിമിംഗലം തുടങ്ങിയവയെല്ലാം സ്വാഭാവികമെന്നപോലെ തന്നെ വിമതരതിയിൽ ഏർപ്പെടുന്നുണ്ട്. ചുരുക്കത്തിൽ വിമതലൈംഗികത/സ്വാഭാവികലൈംഗികത എന്നീ വിഭജനം മനുഷ്യർക്കിടയിൽ മാത്രമേയുള്ളു.[§] പ്രകൃതിയുടെ തന്നെ ഭാഗമായ മൃഗങ്ങൾ ഇതെല്ലാം സ്വാഭാവികമായി തന്നെ കാണുന്നു.

സദാചാരസംഹിതകളും പ്രത്യുത്പാദന ചിന്തകളും പുരുഷന് വിധേയമാക്കപ്പെട്ട സ്ത്രീ, സ്ത്രീക്കു വിധേയനായ പുരുഷൻ എന്ന സങ്കല്പത്തിൽനിന്നും വ്യതിചലിക്കാത്തതിനാൽ 'പ്രകൃതിവിരുദ്ധം' എന്ന തെറ്റായ പ്രയോഗത്തിൽ വിമതലൈംഗികതയെ തളച്ചിടാൻ ശ്രമിക്കുന്നു. ഗുദഭോഗമാണ് പ്രകൃതിവിരുദ്ധമെന്ന വാക്കിന് ആധാരശിലയായി വർത്തിക്കുന്നതെങ്കിൽ സ്വാഭാവികരതിയിലും ഗുദഭോഗം സാധാരണമാണ്.

---

§ Journal of the History of Sexuality, ലക്കം 4, 1998, പു. 590-607

### 2.3.1 വിമതലൈംഗികത പ്രകൃതിവിരുദ്ധവീക്ഷണം

പ്രകൃതി വിരുദ്ധമെന്ന കരുതേണ്ടുന്ന രതി രീതികളെക്കുറിച്ചാണ് ഇവിടെ വിശദീകരിക്കുന്നത്.

#### 2.3.1.1 പ്രദർശനരതി (എക്സിബിഷനിസം)

സ്വന്തം നഗ്നത മറ്റുള്ളവരുടെ മുന്നിൽ അനാവരണം ചെയ്യുന്നതിലൂടെ ആനന്ദം കണ്ടെത്തുന്ന ലൈംഗിക 'വ്യതിചലന'ത്തെ നഗ്നതാ പ്രദർശനരീതി എന്നു പറയുന്നു.

#### 2.3.1.2 ഒളിഞ്ഞുനോട്ടം (വോയറിസം)

മറ്റുള്ളവരുടെ സ്വകാര്യതയിലേക്ക് ഒളിഞ്ഞുനോക്കുന്നതിലൂടെ ലഭിക്കുന്ന രതിസുഖമാണിത്.

#### 5.3.1.3 വസ്തുകാമുകത (ഫെറ്റിഷിസം)

എതിർലിംഗത്തിൽപ്പെട്ട ആളുടെ അടിവസ്ത്രങ്ങൾ മോഷ്ടിച്ച് സൂക്ഷിക്കുന്നതും അവയുടെ മണം പിടിക്കുന്നതും അതിലൂടെ ലഭിക്കുന്ന രതി ആസ്വാദനവുമാണിതിൽ പെടുന്നത്. പാന്റീസ്, സോക്സ്, ഷൂ എന്നിങ്ങനെ എന്തുമാകാം ഫെറ്റിഷിസം ബാധിച്ച വ്യക്തി സ്വന്തമാക്കുന്നത്. വിത്സ് ബിനറ്റാണ് ഫെറ്റിഷിസത്തെക്കുറിച്ച് ആദ്യം പഠനം നടത്തിയത്. അദ്ദേഹം ഫെറ്റിഷിസത്തെ മൈനർ, മേജർ എന്ന് രണ്ടായി തിരിച്ചു.

മൈനർ ഫെറ്റിഷിസം വസ്തുവിനോട് തോന്നുന്ന ആകർഷണം അത് ഉപയോഗിക്കുന്ന വ്യക്തിയിലേക്ക് കടന്ന് ക്രമേണ അത് വൈകാരിക അടുപ്പമായി തീരുന്നു.

മേജർ ഫെറ്റിഷിസത്തിൽ വ്യക്തിയിൽനിന്ന് വ്യതിചലിച്ചുകൊണ്ട് അയാൾ ഉപയോഗിക്കുന്ന അചേതന വസ്തുവിനെ മാത്രം ആരാധിക്കുന്നു.

#### 2.3.1.4 മൃഗഭോഗരതി (ബസ്റ്റ്യാലിറ്റി)

ഏറ്റവും പഴക്കം ചെന്ന ഒരു ലൈംഗിക വൈകൃതമാണ് മൃഗഭോഗം. മൃഗഭോ

ഗങ്ങളിൽ ഏറ്റവും കൂടുതൽ താത്പര്യം കാണിക്കുകയും അതിൽ ആനന്ദവും തൃപ്തിയും കണ്ടെത്തുകയും ചെയ്തിരുന്നത് റോമക്കാരാണ്. അവിടെ മൃഗഭോഗത്തെ പ്രതിപാദിച്ചുള്ള ഒട്ടേറെ ഗുഹാചിത്രങ്ങളും ശില്പങ്ങളും കണ്ടെത്തിയിട്ടുണ്ട്. മൃഗങ്ങൾ തമ്മിൽ സംഭോഗം നടത്തുന്നത് കാണുമ്പോൾ ലൈംഗികാവേശം തോന്നുന്നതിനാണ് 'സുഫിലിയ' (Sufiliya) എന്ന് പറയുന്നത്. മൃഗഭോഗം നടത്തുന്ന മനുഷ്യരെ 'സൂയിറോസ്റ്റ്' എന്നാണ് പറയുക.

**2.3.1.5 പിഗ്മാലിയനിസം**

നഗ്നചിത്രങ്ങളും നഗ്നപ്രതിമകളും കണ്ട് അവയിൽ ആകൃഷ്ടരാവുകയും അവസരം കിട്ടിയാൽ അവ ലൈംഗികസംതൃപ്തിക്ക് ഉപയോഗിക്കുകയും ചെയ്യുന്നതിനെയാണ് പിഗാമാലിയനിസം എന്നുപറയുന്നത്.

**2.3.1.6 ശവഭോഗം (നൊക്രോഫീലിയ)**

ശവഭോഗത്തിനാണ് നൊക്രോഫീലിയ എന്നു പറയുന്നത്. പുരുഷൻമാരിലാണ് ഈ വൈകൃതം കണ്ടുവരുന്നത്. പോസ്റ്റ്മോർട്ടം ടേബിളിൽ ശവത്തെ സംഭോഗം ചെയ്തതിന്റെ പേരിൽ പല കേസുകളും കേരളത്തിൽ നിലനിൽക്കുന്നുണ്ട്.

**2.3.1.7 ഇൻഫാന്റലിസം (പെഡോഫീലിയ)**

കുഞ്ഞുങ്ങളെ ലൈംഗിക വൃത്തിക്കിരയാക്കുന്നതിന് പറയുന്ന പേരാണിത്. ലൈംഗികപക്വത മുരടിച്ചവരിലാണ് ഈ വൈകൃതം കൂടുതലായും കണ്ടുവരുന്നത്. കുട്ടിക്കാലത്ത് ഒരാൾ അനുഭവിക്കുന്ന ഒറ്റപ്പെടൽ, ശകാരം, അപകർഷത, ലൈംഗികദാരിദ്ര്യം, മദ്യപാനം എന്നിങ്ങനെ പല കാരണങ്ങൾ കൊണ്ടും ലൈംഗികഗ്രന്ഥികളുടെ വളർച്ചയിലുള്ള തകരാറുകൾ കൊണ്ടും കുഞ്ഞുങ്ങളിലേക്ക് തിരിയുന്ന ഇൻഫാന്റലിസ്റ്റുകൾക്ക് പക്വമായ ബന്ധങ്ങളിൽ സംതൃപ്തി കണ്ടെത്താൻ ആവില്ല. ഇൻഫാന്റലിസത്തിന് എക്സിബിഷനിസം, വൊയൂറിസം, സാഡിസം എന്നീ ലൈംഗികരീതികളുമായി ബന്ധമുണ്ട്.

**2.3.1.8 പൈറോമാനിയ**

വസ്തുക്കൾ തീവെച്ച് നശിപ്പിക്കുന്നതിൽ ആനന്ദം കണ്ടെത്തുകയും അതി

ലൂടെ ലൈംഗികസുഖം തേടുകയും ചെയ്യുന്ന പ്രകൃതത്തെയാണ് പൈറോമാനിയ എന്ന് പറയുന്നത്.

#### 2.3.1.9 വൃദ്ധകാമം (ഗ്രനറ്റോ ഫീലിയ)

തന്നെക്കാൾ രണ്ടോ മൂന്നോ ഇരട്ടി പ്രായമുള്ള ഇണയുമായി ബന്ധപ്പെട്ടാൽ മാത്രമേ രതിസുഖം കൈവരിക്കാൻ സാധിക്കുകയുള്ളൂ എന്ന അവസ്ഥയാണിത്.

#### 2.3.1.10 സാഡിസം

ഇണയെ വേദനിപ്പിക്കുന്നതിലൂടെ ലൈംഗികസുഖം തേടുന്നവരാണ് സാഡിസ്റ്റുകൾ.

#### 2.3.1.11 മസോക്കിസം

ഇണയിൽനിന്ന് വേദന ഏൽക്കുന്നതിലൂടെ ലൈംഗികസുഖം അനുഭവിക്കാൻ കഴിയുന്നവരാണിവർ.

#### 2.3.1.12 സാഡോമസോക്കിസം

ഒരു വ്യക്തിയിൽ തന്നെ പീഡിപ്പിക്കുവാനും പീഡനമേൽക്കുവാനുമുള്ള വാഞ്ഛയാണിത്.

#### 2.3.1.13 അമിത ഭോഗാസക്തി (ഹൈപ്പർ സെക്ഷ്വാലിറ്റി)

ലൈംഗിക ഭോഗാസക്തി അമിതമായിട്ടുള്ള അവസ്ഥയാണിത്. ഇവരെ 'എറട്ടോമാനിയാക്ക്' എന്നുവിളിക്കുന്നു. പുരുഷൻമാരുടെ അമിത ഭോഗാസക്തിയെ 'സറ്റൈറിയസിസ്' എന്നും സ്ത്രീകളിൽ കാണുന്ന അമിത ഭോഗാസക്തിയെ 'നിംഫോമാനിയാ' എന്നുമാണ് വിശേഷിപ്പിക്കുന്നത്. കുറ്റവാളികളായ മാനസിക രോഗികളിലാണ് ഇത് കണ്ടുവരുന്നത്.[24]

### 2.4 വിമതലൈംഗികർ നേരിടുന്ന സാമൂഹികമായ വെല്ലുവിളികൾ

ലൈംഗികതയോ ലിംഗപദവിയോ തിരിച്ചറിയുമ്പോൾ നേരിടുന്ന രൂക്ഷമായ സാമൂഹികതിരസ്കരണവും ഭീഷണിയും ഒരു വിമതലൈംഗികന്റെ ഏറ്റവും വലിയ

വെല്ലുവിളിയാണ്. നാട്, വീട് എന്നീ സങ്കല്പങ്ങൾ ഒരു വ്യക്തിക്കു നൽകുന്ന വൈകാരികസുരക്ഷിതത്വം നഷ്ടപ്പെടുന്ന വിമതലൈംഗികന് തുടർജീവിതത്തിന്റെ എല്ലാ പ്രതീക്ഷകളും നഷ്ടപ്പെടുത്തിക്കൊണ്ട് പലായനം ചെയ്യുകയോ, സ്വത്വനിഷേധം നടത്തി ഒളിജീവിതം നയിക്കുകയോ ചെയ്യേണ്ടിവരുന്നു.

കേരളീയ സമൂഹത്തിൽ പൊതുവേ നിലനിൽക്കുന്ന ആൺകോയ്മയിലധിഷ്ഠിതമായ യാഥാസ്ഥിതികധാരണകളും സ്ത്രീവിരുദ്ധചിന്തകളും വിമതലൈംഗികന്റെ സാമൂഹികജീവിതം ദുരിതപൂർണമാക്കുന്നു. കേരളത്തെ അപേക്ഷിച്ച് ആരോഗ്യസുരക്ഷയും, നിയമ/സാമൂഹികസുരക്ഷയും പ്രദാനം ചെയ്യുന്ന തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിലേക്ക് കുടിയേറിക്കൊണ്ടിരിക്കുകയാണ് ഇന്ന് വിമതലൈംഗികർ

### 2.4.1 സ്വവർഗ്ഗഭീതി (ഹോമോ ഫോബിയ)

1972-ൽ ജോർജ് വിൻസ്ബർഗാണ് ആദ്യമായ സ്വവർഗ്ഗഭീതി (Homophobia) എന്ന പദം ആദ്യമായി ഉപയോഗിച്ചത്.[25]

യഥാർഥഭീതിയും സ്വവർഗ്ഗഭീതിയും തമ്മിലുള്ള മൗലികമായ വ്യത്യാസം യഥാർത്ഥ ഭീതിക്ക് ഒരു രാഷ്ട്രീയ അജൻഡയില്ല. അത് വെറും പേടിയിൽ അവസാനിക്കും. എന്നാൽ സ്വവർഗ്ഗഭീതിക്ക് രാഷ്ട്രീയ അജൻഡയുണ്ട്. അത് പേടിയിൽ അവസാനിക്കുന്നതിനുപകരം വെറുപ്പിലും ദേഷ്യത്തിലും കിടന്ന് തിളയ്ക്കും.

1894-ൽ വിയന്നയിലെ മനോരോഗ ചികിത്സകനായ റിച്ചാർഡ് ക്രാഫ്റ്റ് എബ്ബിങ്ങ് രചിച്ച 'സൈക്കോ പാത്തിയ സെക്സ്വാലിസ്'എന്ന ഗ്രന്ഥത്തിൽ ഏകലിംഗജീവികളുടെ ലൈംഗികതയെ ഒക്കാനമുണ്ടാക്കുന്ന തരത്തിലുള്ള ലൈംഗിക വൈകൃതങ്ങൾക്കൊപ്പമാണ് ചേർത്തിരിക്കുന്നത്.

### 2.4.2 വിമതലൈംഗികർ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ

- വിദ്യാഭ്യാസം നിഷേധിക്കൽ.
- വീടും നാടും വിട്ടുള്ള പലായനം.

- തൊഴിലവസരങ്ങൾ ഇല്ലാതാവുന്നതും തൊഴിൽരംഗത്ത് നേരിടേണ്ടിവരുന്ന ചൂഷണവും.
- പൊതുസംരംഭങ്ങളിൽനിന്ന് മാറ്റി നിർത്തപ്പെടുക.
- കുടുംബത്തിന്റെ പിന്തുണയില്ലായ്മ.
- സുരക്ഷിതമായ ജീവിതസാഹചര്യമോ ആരോഗ്യസുരക്ഷയോ, മാനസിക സുരക്ഷയോ ലഭ്യമല്ലാതിരിക്കുക.
- മതത്തിൽനിന്നും വിശ്വാസത്തിൽനിന്നുമുള്ള നിരോധനം.
- എതിർലിംഗവിവാഹത്തിനായുള്ള നിർബന്ധവും തുടർന്ന് നേരിടേണ്ടിവ രുന്ന വിവാഹമോചനവും.
- വീട്ടിൽനിന്നു പുറത്താക്കപ്പെടുകയോ വീട് ഉപേക്ഷിക്കുകയോ ചെയ്യേണ്ടി വരുന്ന അവസ്ഥ.
- ഇഷ്ടപ്പെട്ട പങ്കാളിയെ കണ്ടെത്താനോ കണ്ടെത്തിയാൽ തന്നെ ഒന്നിച്ചുള്ള കുടുംബജീവിതം നയിക്കാനോ കഴിയാത്ത സാമൂഹികസാഹചര്യം.
- നിയമസുരക്ഷയുടെ അഭാവത്താൽ ക്രിമിനൽ കുറ്റവാളിയായി മുദ്ര കുത്തുന്ന അവസ്ഥ.

നിർബന്ധിത എതിർലിംഗവിവാഹമാണ് വിമതലൈംഗികർ നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം. വിമതപ്രണയം തെറ്റാണ് എന്ന പൊതുചിന്ത സമൂഹ ത്തിൽ രൂപപ്പെട്ടിട്ടുണ്ട്. ഈ തെറ്റിനെ ശരിയാക്കാൻ എതിർലിംഗ വിവാഹമാണ് മരുന്ന്, എന്ന ധാരണയാണ് മിക്ക മാതാപിതാക്കൾക്കുമുള്ളത്. അതു കൊണ്ടുതന്നെ ഭൂരിപക്ഷം മാതാപിതാക്കളും വിമതലൈംഗികതത്പരരായ മക്കളെ നിർബന്ധിച്ച് വിവാഹം കഴിപ്പിക്കുന്നു.

വിമത പ്രണയിനികളായ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പുരുഷപ്രണ യിനികളിൽനിന്നു വ്യത്യസ്തമാണ്.

- വീടിനുള്ളിൽ തടഞ്ഞുവെയ്ക്കൽ
- നിർബന്ധിത എതിർലിംഗവിവാഹം

- ഭർത്തൃപീഡനം
- ബലമായി മാനസികാരോഗ്യ കേന്ദ്രങ്ങളിലയക്കുക
- അപവാദപ്രചാരണം
- വിദ്യാഭ്യാസം/തൊഴിൽനിഷേധം
- ആത്മഹത്യാപ്രേരണ എന്നിവയാണ് വിമതപ്രണയിനികളായ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ

ഇതിനർഥം രണ്ട് വിഭാഗത്തിലുംപെട്ടവർ നേരിടുന്ന പ്രശ്നങ്ങളിൽ ചിലത് സമാനസ്വഭാവം പുലർത്തുന്നവയാണ്. എങ്കിലും പുരുഷ വിമതലൈംഗികർ സമൂഹത്തിൽനിന്ന് ക്രൂരമായ ശാരീരിക അക്രമങ്ങൾക്ക് വിധേയരാവാറുണ്ട്. ഇടപാടുകാരിൽനിന്നും പോലീസിൽനിന്നും അക്രമങ്ങൾ ഏറെ ലഭിക്കുന്നതും ഇവർക്കാണ്.

സ്വന്തം വീടും നാടുമുപേക്ഷിച്ച് പോകുന്ന വിമതലൈംഗികർ ഒട്ടേറെ പ്രശ്നങ്ങളിൽ അകപ്പെടുന്നതും സാധാരണമാണ്. അന്യഭാഷ വശമില്ലാത്തതും തൊഴിൽരംഗത്ത് നേരിടുന്ന ബുദ്ധിമുട്ടും വളരെ വലുതാണ്. ഒരുമിച്ച് താമസിക്കാൻ ഇടം ലഭിക്കുന്നില്ല. ഒരു ഹോട്ടലിൽ സ്വന്തം പേരിൽ മുറിയെടുക്കാനോ, വീടു വാടകയ്ക്ക് എടുക്കാനോ സാധിക്കുകയില്ല. ഒരിക്കൽ വീടുവിട്ടിറങ്ങുന്ന പലർക്കും പിന്നീട് സ്വന്തം വീട്ടിലേക്ക് തിരിച്ചുചെല്ലാൻ കഴിയില്ല. സാമ്പത്തികമായി വീട്ടുകാർ അവരെ ആശ്രയിക്കുമെങ്കിലും ഇത്തരക്കാരുടെ സാന്നിധ്യം വീട്ടിലും നാട്ടിലും അസ്വസ്ഥത ഉളവാക്കുന്നു.

കുടിയേറ്റം സാധാരണമായി രണ്ടുതരത്തിലാണ് നടക്കുക, പരിഹാസങ്ങളിൽനിന്നും അക്രമങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടിയോ പ്രണയ സാഫല്യത്തിന് വേണ്ടിയോ ആണത്. ഉന്നത വിദ്യാഭ്യാസമുള്ളവരും സമ്പന്നകുലത്തിൽ ജനിച്ചവരും നേരിടുന്ന പ്രശ്നങ്ങളല്ല. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിമതലൈംഗികൻ നേരിടുന്നത്. ഉന്നത വിദ്യാഭ്യാസമുള്ള വ്യക്തിക്ക് ഉപരിപഠനത്തോടനുബന്ധിച്ചോ തൊഴിലിനുവേണ്ടിയോ സ്വയം തീരുമാനിച്ച സുരക്ഷിതമായ ഇടങ്ങളിലേക്ക് ചേക്കേറാൻ സാധിക്കും. എന്നാൽ രണ്ടാമത്തെ കൂട്ടർ കുടിയേറിപ്പാർക്കുമ്പോൾ ലൈംഗികചൂഷണത്തിനും ലൈംഗിക

തൊഴിലിനും ഇരകളാകുന്ന സാഹചര്യമാണ് സൃഷ്ടിക്കപ്പെടുക. സ്വന്തം സ്വത്വം വെളിപ്പെടുത്താതെ ഏതെങ്കിലും സ്ഥാപനത്തിൽ തൊഴിൽ നേടുന്ന വിമത ലൈംഗികന്റെ ശാരീരികവ്യതിയാനങ്ങൾ അയാളറിയാതെ അയാളുടെ ലൈംഗികസ്വത്വം വെളിപ്പെടുത്തുകയും തൊഴിൽ നിലനിർത്തുന്നതിനുവേണ്ടി സഹപ്രവർത്തകരുടെയും തൊഴിലുടമയുടെയും ചൂഷണത്തിന് വിധേയരാകു ന്നതും പതിവാണ്.[26]

ഗവൺമെന്റിന്റെ വായ്പകൾ, ഭവനനിർമ്മാണപദ്ധതി, തൊഴിലവസരങ്ങൾ എന്നിവയൊന്നും വിമതലൈംഗികരിലേക്ക് എത്തിച്ചേർന്നിരുന്നില്ല. കാരണം സ്വത്വം തെളിയിക്കുന്ന രേഖകളൊന്നും തന്നെ അവർക്ക് ഹാജരാക്കാൻ സാധിക്കാറില്ല. നിർബന്ധിതലൈംഗികവൃത്തിയിലേക്കും സമൂഹത്തിന്റെ അരികുകളി ലേക്കും ഇന്ത്യൻ നിയമവ്യവസ്ഥകൾ വിമതലൈംഗികരെ തള്ളിവിട്ടിരുന്നു. എന്നാൽ ഈ അടുത്തകാലത്തായി ഇത്തരം സാഹചര്യങ്ങൾക്ക് ഗവൺമെന്റ് തന്നെ മുൻകൈയ്യെടുത്ത് മാറ്റം വരുത്താൻ ശ്രമം തുടങ്ങിയിട്ടുണ്ട്.**

ആരോഗ്യരംഗത്ത് നേരിടുന്ന അനുഭവങ്ങളും വേദനാജനകമാണെന്ന് ഒരു എഫ്.ടു.എം ട്രാൻസ്ജെൻഡറായ വിമതലൈംഗികൻ സാക്ഷ്യപ്പെടുത്തുന്നു. 'മുപ്പത് വർഷത്തോളമായി പുരുഷന്റെ ജീവിതരീതി പിൻതുടർന്ന ഷോബി വേഷ ത്തിലും ഭാവത്തിലും പുരുഷനെ പ്രതിനിധാനം ചെയ്യുന്നു. ഷോബിക്ക് അസുഖം വന്നപ്പോൾ ഗവൺമെന്റ് ഹോസ്പിറ്റലിൽ എത്തുകയും ഡോക്ടറോട് തന്റെ യഥാർത്ഥ ബയോളജിക്കൽ സെക്സ് തുറന്നു പറയുകയു ചെയ്തു. അടുത്തനി മിഷം തന്നെ ഡോക്ടർ അറ്റന്ററെയും നേഴ്സിനെയും വിളിക്കുകയും പരിശോധ നാമുറിയിലേക്ക് അയക്കുകയും ചെയ്തു. പരിശോധനമുറിയിലേക്ക് കയറിയ ഉടൻ തന്നെ ഇവരെല്ലാം ചേർന്ന് ബലമായി ഇദ്ദേഹത്തിന്റെ വസ്ത്രമഴിച്ച് പരിശോധിക്കാനാണ് ശ്രമിച്ചത്. അദ്ദേഹം ഒരുവിധത്തിൽ എല്ലാവരെയും തട്ടിമാറ്റി അവിടെനിന്നും ഓടി രക്ഷപ്പെടുകയാണുണ്ടായത്.'[27]

മതത്തിൽനിന്നും വിശ്വാസങ്ങളിൽനിന്നുമുള്ള വിലക്ക് ഒരു വ്യക്തിയുടെ മാനസികവിചാരത്തെ പ്രതികൂലമായി ബാധിക്കുന്നു. 'ദൈവം, പാപം എന്നി രണ്ടു

** കൊച്ചി മെട്രോയിൽ ട്രാൻസ്ജെൻഡറുകൾക്ക് ജോലി നൽകിയതോടൊപ്പം ട്രാൻസ്ജെൻഡർ ഐഡന്റിറ്റികാർഡ് വിതരണവും ഗവൺമെന്റ്തലത്തിൽ നടന്നു വരുന്നു.

പുറങ്ങൾക്കിടയിൽ ഞെരുങ്ങി കുറ്റബോധവും പാപബോധവും വ്യക്തിപരമായ എല്ലാവശങ്ങളെയും ബാധിക്കുകയും ചെയ്യുന്നു. താൻ സ്വത്വം വെടിഞ്ഞ് കൃത്രിമ മായി ജീവിക്കേണ്ടവനാണ് എന്നും താൻ ശരിയല്ലാത്തവനാണ് എന്നുമുള്ള ബോധം ആ വ്യക്തിക്കുള്ളിൽ വളരുകയും അതുവഴി അഭിമാനത്തോടെയുള്ള ജീവിതത്തിൽനിന്ന് പിന്നോട്ടുമാറാൻ അയാളുടെ അധമബോധം അയാളെ പ്രേരി പ്പിക്കുകയും ചെയ്യുന്നു.'

സാമൂഹികചിന്ത, മതനിയമങ്ങൾ, വിശ്വാസങ്ങൾ എന്നിവ മനുഷ്യനിർമിത മാണ്. ഓരോ കാലഘട്ടത്തിലും മനുഷ്യൻ വ്യത്യസ്തരായി ചിന്തിക്കുകയും പുതിയ പുതിയ അതിർത്തികൾ പണിയുകയും ഉള്ളവ ഉടയ്ക്കുകയും ചെയ്യുന്നു.

ഇന്ത്യൻ സംസ്കാരത്തിന്റെ പുരാതനപരാമർശങ്ങളായ കൊണാർക്ക്, ഖജു രാഹോ ശില്പങ്ങൾ, കാമസൂത്രം, താന്ത്രികരചനകൾ സൂഫിപദ്യങ്ങൾ എന്നിവ വിമതരതിയെ അടയാളപ്പെടുത്തുന്നവയാണ്. ഇന്ത്യയുടെ വിവിധഭാഗങ്ങളിലെ നാടോടിസാഹിത്യത്തിലും സമൃദ്ധമായ വർണനകൾ ഉണ്ട്. എന്നിരുന്നാൽ തന്നെയും ഇന്നും വിമതലൈംഗികർ സാമൂഹികമായി പാർശ്വവത്കരിക്കപ്പെടുക യാണ്.

ലൈംഗികവ്യത്യസ്തത എന്ന ഒരൊറ്റ കാരണംകൊണ്ട് മാത്രമാണ് വിമത ലൈംഗികർ മർദ്ദിക്കപ്പെടുകയോ അപമാനിക്കപ്പെടുകയോ ആത്മഹത്യയിൽ അഭയം തേടുകയോ ചെയ്യുന്നത്. ഇത് മനുഷ്യാവകാശപ്രശ്നമായി കണക്കാക്കാൻ ഇന്നും മുഖ്യധാരാ രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ലൈംഗിക വ്യത്യ സ്തതയിലൂടെ കടന്നുപോകുന്ന ഒരു വ്യക്തിയുടെ സാമൂഹികബന്ധങ്ങൾ വളരെ നേർത്തതായാണ് കാണാൻ കഴിയുക.

ലൈംഗികസ്വത്വം വെളിപ്പെടുത്താതെ ജീവിക്കാനാഗ്രഹിക്കുന്നവർ പോലും അവരുടെ സ്വവർഗ്ഗപ്രണയം പുറത്താകുന്നതോടെ എല്ലാത്തിൽനിന്നും പുറത്താ കുന്നു. ആദ്യം കുടംബത്തിൽനിന്ന്, പിന്നെ സമൂഹവുമായി ഇടപെടാനുള്ള അവ സരങ്ങളിൽനിന്ന്. "ഒരു ബസ്സിൽ യാത്ര ചെയ്യാൻ കഴിയില്ല. ഒരു സിനിമയ്ക്ക് പോകണമെങ്കിൽ പോലും ഓട്ടോയെ ആശ്രയിക്കേണ്ടിവരും. ബസ്സിൽ യാത്ര ചെയ്യുമ്പോൾ ഏതു സീറ്റിലിരിക്കണമെന്നും പൊതുടോയ്‌ലറ്റുകൾ ഉപയോഗി

ക്കേണ്ടിവരുമ്പോൾ അതിൽ പുരുഷന് വേണ്ടിയുള്ളതോ സ്ത്രീക്കുവേണ്ടിയുള ളതോ ഏതാണ് ഉപയോഗിക്കേണ്ടത് എന്നറിയാതെയും കുഴങ്ങിപ്പോവും. പല പ്പോഴും ഹിജഡകളായ വിമതലൈംഗികർക്കാണ് ഈ പ്രശ്നം ഏറ്റവും കൂടുത ലായി അനുഭവപ്പെടുക.''[28]

1970-കൾ മുതൽക്കാണ് അദൃശ്യരായിരിക്കാൻ ശിക്ഷിക്കപ്പെട്ട ഏകലിംഗ തത്പരർ സ്വന്തം ലൈംഗികസ്വത്വം തുറന്നുപ്രഖ്യാപിക്കാൻ കഴിയുംവിധം സ്വത ന്ത്രരാവുന്നത്. അതോടെയാണ് ഞങ്ങളുടെ ലിംഗപദവി ഞങ്ങൾ തന്നെ തീരുമാ നിക്കും എന്ന അവരുടെ പ്രഖ്യാപനം പുറത്തുവരുന്നത്. 1992 -ൽ ഡൽഹിയിൽ സ്വലിംഗസമൂഹത്തിനുനേരെ നടന്ന ആക്രമണത്തിനെതിരേ അവർ സംഘടിപ്പിച്ച റാലിയിലാണ് 'ഏകലിംഗ സഹജരേ നിങ്ങളൊന്നിക്കൂ നിങ്ങൾക്ക് നഷ്ടപ്പെടാൻ കൈവിലങ്ങുകൾ മാത്രം' എന്ന മുദ്രാവാക്യം മുഴങ്ങിയത്. 2004-ൽ ബോംബെ യിൽ നടന്ന ലോക സോഷ്യൽ ഫോറത്തിൽ അവരുടെ സജീവ സാന്നിധ്യവും 'സർവരും വ്യത്യസ്തരാണ് എന്നാൽ സർവരും തുല്യരാണ്' എന്ന അവരുടെ മുദ്ര വാക്യവും ജനാധിപത്യവാദികളെയാകെ ആകർഷിക്കുംവിധം ശ്രദ്ധേയമായത്, ഉഭയലിംഗവിഭാഗക്കാർക്ക് അന്യമായ രതിയുടെ വേറൊരു ഭാഷയാണ് അവർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. 1990-കളുടെ തുടക്കത്തോടെ ലൈംഗികന്യൂനപ ക്ഷങ്ങളുടെ മനുഷ്യാവകാശങ്ങൾ ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടാൻ തുട ങ്ങി. സ്വകാര്യമായി വിമതരതിയിൽ ഏർപ്പെട്ടതിന് ശിക്ഷിക്കപ്പെട്ട വ്യക്തികൾക്കായി 1991-ൽ ആംനസ്റ്റി ഇന്റർനാഷണൽ എന്ന സംഘടന ആദ്യമായി രംഗത്തുവന്നു. സ്കാൻഡിനേവിയയിലും ദക്ഷിണാഫ്രിക്കയിലും ഇത്തരക്കാർക്കു വേണ്ടി അനുകൂല നിയമങ്ങൾ രൂപംകൊണ്ടു

## 5.5 വിമതരതിയും ഇന്ത്യൻനിയമവ്യവസ്ഥയും

ലൈംഗികന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി 2001 മുതൽ ന്യൂഡൽഹിയിൽ നാസ്ഫൗണ്ടേഷനും മനുഷ്യാവകാശപ്രവർത്തകരും നടത്തിവന്നിരുന്ന നിയമപോരാട്ടങ്ങൾക്കൊടുവിൽ വർഷങ്ങളായി നടത്തിവന്ന പ്രവർത്തനങ്ങളുടെ ഫലമായി 2009 ജൂലൈ രണ്ടാം തിയ്യതി ഡൽഹി ഹൈക്കോ ടതി ഇന്ത്യൻ ശിക്ഷാനിയമത്തിലെ IPC 377-ാം വകുപ്പ്[29] പുനഃപരിശോധിച്ച്

സ്വവർഗ്ഗലൈംഗികതയെ കുറ്റവിമുക്തമാക്കികൊണ്ടുള്ള സുപ്രധാന വിധി പുറപ്പെടുവിച്ചു. ഇന്ത്യയിലെ വിമതലൈംഗികരുടെ ജീവിതത്തിലെ ചരിത്രപ്രധാനമായ നിമിഷമായിരുന്നു അത്. തുടർന്ന് ജൂലൈ രണ്ട് ക്യൂർ പ്രൈഡ് (Queer pride) ആഘോഷങ്ങൾക്കായി മാറ്റിവെക്കുകയും സ്വത്വം വെളിപ്പെടുത്തിക്കൊണ്ട് ഒട്ടേറെ വിമതലൈംഗികർ മാധ്യമങ്ങൾക്കുമുന്നിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. പ്രധാനപ്പെട്ട ഇന്ത്യൻ നഗരങ്ങളിലെല്ലാംതന്നെ ലൈംഗിക സ്വാഭിമാനയാത്രാഘോഷങ്ങൾ സംഘടിപ്പിച്ചു. എന്നാൽ 2013 ഡിസംബർ 11-ന് ഇന്ത്യൻ പരമോന്നത നീതിപീഠമായ സുപ്രീംകോടതി വീണ്ടും സെക്ഷൻ 377 പ്രാബല്യത്തിൽ കൊണ്ടുവരുകയും സ്വവർഗ്ഗലൈംഗികത കുറ്റകരമാണെന്ന് പ്രതിപാദിക്കുകയും ചെയ്തു. ഈ വിധി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാർ നൽകിയ ഹരജിയും തള്ളിയ ഒരു സാമൂഹികസാഹചര്യമാണ് ഇന്നു നിലനിൽക്കുന്നത്.

ലൈംഗികന്യൂനപക്ഷങ്ങൾ 2009 ജൂലായ് രണ്ടിന് ഡൽഹി ഹൈക്കോടതി പുറപ്പെടുവിച്ച വിധി ആഹ്ലാദത്തോടെ സ്വാഗതം ചെയ്തു. എന്നാൽ അവരെ നിരാശയിലേക്ക് വലിച്ചിഴയ്ക്കുന്ന വിധി പ്രഖ്യാപനമാണ് ജസ്റ്റിസ് എച്ച്.എൽ.ദത്ത് എസ്.ജെ.മുഖോപാധ്യായ എന്നിവരടങ്ങിയ ബെഞ്ച് നടത്തിയത്. വിമതരതി കുറ്റകരമല്ലെന്ന വിധി വന്ന സാഹചര്യത്തിൽ ഭിന്നലൈംഗികസ്വത്വം അഭിമാനത്തോടെ വെളിപ്പെടുത്തിയ പലരും പുതിയ വിധിയുടെ പശ്ചാത്തലത്തിൽ ക്രിമിനൽ കുറ്റവാളികളായി മുദ്രകുത്തപ്പെടുന്ന സാമൂഹികാന്തരീക്ഷം സംജാതമായി.

കേന്ദ്രസർക്കാരും സ്വവർഗ്ഗാനുരാഗികളുടെ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ‘നാസ്ഫൗണ്ടേഷ’നുമാണ് ഹർജി നൽകിയിരുന്നത്. ഇന്ത്യൻ ശിക്ഷാനിയമം 377-ാം വകുപ്പുപ്രകാരമാണ് വിമതരതി കുറ്റകരമാകുന്നത്. ഈ വകുപ്പ് ഭരണഘടനയിൽ നിലനിൽക്കുന്നിടത്തോളം കാലം പുനഃപരിശോധനയ്ക്ക് നിയമപ്രാബല്യം ലഭിക്കില്ല എന്ന നിലപാടാണ് ഹരജി തള്ളിക്കൊണ്ട് കോടതി സ്വീകരിച്ചത്.

“ശിവസേന, കാത്തലിക് ചർച്ച്, ജമാ അത്തെ ഇസ്ലാമി, ഓൾ ഇന്ത്യ മുസ്ലിം ഫെഡറേഷൻ, യോഗ ഗുരുദേവിന്റെ ശിഷ്യർ അടക്കമുള്ള ചില ഹിന്ദുസംഘടനകൾ ആര്യസമാജ്, പേഴ്സണൽ ലോ ബോർഡ്, ഉത്കൽക്രിസ്ത്യൻ

കൗൺസിൽ തമിഴ്നാട്, മുസ്‌ലിം മുന്നേറ്റകഴകം തുടങ്ങിയ അനേകം മത സംഘട നകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും വിമതാനുരാഗം കുറ്റകരമാണെന്ന വാദത്തിൽ ഉറച്ചുനിൽക്കുന്നു.”[30]

പ്രമുഖ ദൃശ്യമാധ്യമപ്രവർത്തകനും കഥാകൃത്തുമായ പ്രമോദ് രാമൻ ഈ വിധിയെ വിലയിരുത്തുന്നത് ഭരണഘടനയുടെ 20-ാം അനുച്ഛേദത്തിന്റെ തിരസ്കാ രമാണ് ഐ.പി.സി. 377 എന്നാണ്.[31]

കൊളോണിയൽ കാലത്ത് വിക്ടോറിയൻ സദാചാരമൂല്യങ്ങളുടെ ചുവടുപി ടിച്ച് ബ്രിട്ടീഷുകാരാണ് സെക്ഷൻ 377 പ്രാബല്യത്തിൽ കൊണ്ടുവന്നത്. അമ്പത് വർഷത്തിനുമുൻപ് ഈ നിയമം അവർ നീക്കം ചെയ്തു. ഇന്ന് അമേരിക്കയിലും യൂറോപ്പിലും ഉഭയസമ്മതപ്രകാരമുള്ള വിമതരതി കുറ്റമല്ല.

സെക്ഷൻ 377 നേക്കാൾ കർക്കശമായി വിമതരതി ശിക്ഷാർഹമാക്കികൊ ണ്ടുള്ള ഉത്തരവിൽ നൈജീരിയൻ പ്രസിഡന്റ് ‘ഗുഡ് ലക്ക് ജോനാതൻ’ 23 ജനു വരി 2014-ൽ ഒപ്പുവെച്ചു. വർദ്ധിച്ചുവരുന്ന വിമതലൈംഗികതയ്ക്ക് ജീവപര്യന്ത ശിക്ഷ നിശ്ചയിച്ചുകൊണ്ടുള്ള ബില്ലിന് 2013 ഡിസംബറിൽ ഉഗാണ്ടൻ സർക്കാർ ഒപ്പുവെച്ചു.

എന്നാൽ അമേരിക്കൻ പ്രസിഡന്റായിരുന്ന ഒബാമ വിമതലൈംഗികരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാനാവുകയും സ്വവർഗ്ഗപ്രണയികളായ രണ്ട് അമേ രിക്കൻ വനിതകളുടെ വിവാഹത്തിൽ പങ്കുകൊള്ളുകയും ചെയ്തു. കത്തോലിക്കാ മതവിഭാഗക്കാരനായ മാർപാപ്പ കത്തോലിക്കാ മതവിശ്വാസികളുടെ സ്വവർഗ്ഗ പ്രണയം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെ അംഗീകരിച്ചുകൊണ്ട് പൊതുസമൂഹ ത്തോട് മാപ്പപേക്ഷിച്ചതും ഇക്കാലത്താണ്. ഇന്നും കൊളോണിയൽ സംസ്കാരം അടിച്ചേൽപ്പിച്ച നിയമവ്യവസ്ഥിതികളിൽനിന്നും സ്വയം മാറ്റംവരുത്താനോ വിമതാ നുരാഗികളോട് അനുകൂലമായ നിലപാട് സ്വീകരിക്കാനോ ഇന്ത്യൻ ഭരണാധികാരി കൾക്കും ഭരണഘടനയ്ക്കും ആയിട്ടില്ല എന്നത് ശ്രദ്ധേയമാണ്.[32]

## 2.6 വിമതലൈംഗികരുടെ അവകാശബോധം

വിമതപ്രണയിനികളുടെ മനുഷ്യാവകാശത്തെപ്പറ്റിയുള്ള ലഘുരേഖ 1869-ൽ ജർമനിയിലാണ് ആദ്യം പ്രസിദ്ധീകരിച്ചത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, ജർമനിയിലെ ലൈംഗികന്യൂനപക്ഷങ്ങൾ ഏറെ സ്വാതന്ത്ര്യമനുഭവിച്ചിരുന്നു. ഹിറ്റ്ലറുടെ ഏകാധിപത്യകാലത്ത് ജൂതൻമാർക്കൊപ്പം വിമതപ്രണയികളും ട്രാൻസ്ജെൻഡേഴ്സും ഒത്തുചേരാറുണ്ടായിരുന്നു. ന്യൂയോർക്കിലെ 'സ്റ്റോൺ വാൾ പ്രക്ഷോഭം' വിമതപ്രണയികൾ 1968-ജൂൺ 28-ന് പോലീസ് അതിക്രമത്തിനെതിരെ നടത്തിയ ധീരമായ ചെറുത്തുനിൽപ്പാണ്, ലൈംഗികന്യൂനപക്ഷവിമോചനസമരത്തിന്റെ തുടക്കമായി ലോകമെങ്ങും അംഗീകരിക്കപ്പെടുന്നത്. 1973-ൽ വിമതലൈംഗികതയെ മാനസികാരോഗ്യങ്ങളുടെ പട്ടികയിൽ നിന്ന് അമേരിക്കൻ സൈക്യാട്രിസ്റ്റ് അസോസിയേഷൻ നീക്കംചെയ്തത് ലൈംഗികന്യൂനപക്ഷാവകാശങ്ങളുടെ വമ്പിച്ച കുതിച്ചുചാട്ടം തന്നെയുണ്ടാക്കി. സ്വവർഗ്ഗപ്രണയികളുടെ ആദ്യത്തെ സംഘടന രൂപീകരിക്കുന്നത് സാൻഫ്രാൻസിസ്കോയിലാണ്. സാൻഫ്രാൻസിസ്കോയിലേക്ക് കുടിയേറിപ്പാർത്ത എഞ്ചിനിയർമാരായിരുന്ന അരവിന്ദ് കുമാറും സുവീർദാസും ചേർന്നാണ് 'ത്രികോൺ' എന്ന സംഘടന രൂപീകരിക്കുന്നത്. 1986-ൽ ഈ സംഘടന 'ത്രികോൺ' എന്ന പേരിൽ തന്നെ ലൈംഗികന്യൂനപക്ഷങ്ങൾക്കായുള്ള മാസികയും പ്രസിദ്ധീകരിച്ചു.[††]

1990-ൽ ലോകാരോഗ്യ സംഘടനയും വിമതലൈംഗികതയെ മനോരോഗങ്ങളുടെ പട്ടികയിൽനിന്നും നീക്കം ചെയ്തു. 1990 കളിലുണ്ടായ വിമോചന പോരാട്ടങ്ങൾ സാഹചര്യങ്ങളിൽ ഏറെക്കുറെ മാറ്റം വരുത്തി. വ്യത്യാസം എന്ന് ചിന്തിച്ചിരുന്നതിൽനിന്ന് ലൈംഗികാവകാശങ്ങളും ഞങ്ങളും മാറിനിൽക്കേണ്ടവരാണ് എന്ന് അസ്തിത്വരഹിതമായ ചിന്താഗതികളിൽനിന്ന് ലൈംഗിക ന്യൂനപക്ഷങ്ങൾ മാറിചിന്തിക്കാൻ തുടങ്ങി. അഭിമാനത്തോടെ തന്നെ സ്വന്തം ലൈംഗികത വിളിച്ചു പറയുന്നതിനും അത് സ്വാഭാവികമാണെന്ന് സ്ഥാപിക്കുന്നതിനും കൂട്ടായ്മകളിലൂടെ അവർക്ക് സാധിച്ചു.

[††] "L.G. B. T Online encyclopedida" L.G.B.T. History project Acriheved the origin of December 9, 2014.

### 2.6.1 വിമതലൈംഗിക ശബ്ദം ഇന്ത്യയിൽ

1980-കളുടെ അവസാനത്തോടെ പൗരാവകാശസംഘടനകൾ ലൈംഗിക അവകാശങ്ങളെ ഗൗരവത്തോടെ സമീപിച്ചുതുടങ്ങി. ഇന്ത്യയിലെ ആദ്യത്തെ പുരുഷപ്രണയികളുടെ മാസികയായ 'ബോംബെ ദോസ്തി'ലൂടെയും സ്ത്രീ സ്വവർഗ്ഗാനുരാഗികളുടെ കൂട്ടായ്മയായ 'സഖി'യിലൂടെയുമാണ് (സാംഗ്നി) ആദ്യമായി സ്വവർഗ്ഗപ്രണയികളുടെ പ്രശ്നങ്ങൾ പൊതുജനസമക്ഷം ചർച്ചചെയ്യാൻ തുടങ്ങിയത്.

തുടർന്ന് ഇന്ത്യയിലെ പല പ്രമുഖനഗരങ്ങളിലും വിമതലൈംഗിക താത്പര്യമുള്ളവർക്കായി ഹെൽപ്പ് ലൈൻ തുടങ്ങി. പൊതുഇടങ്ങളിൽനിന്നും പാർക്ക്, വിശ്രമകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽനിന്നും വിമതലൈംഗികർ നേരിടുന്ന സാമൂഹിക അതിക്രമങ്ങൾ, പോലീസ് അതിക്രമങ്ങൾ എന്നിവയ്ക്കെതിരെ പ്രതികരിക്കാനായി 'ഗുഡ് അസ് യു' (മാനസ, സബ്ഗംഗ്, സ്വഭാവ, എ.എൽ.എഫ്.) എന്ന കൂട്ടായ്മക്ക് രൂപംകൊടുത്തു.

#### 2.6.1.1 ഇന്ത്യയിൽ ലൈംഗികന്യൂനപക്ഷങ്ങൾക്കായി പ്രവർത്തിക്കുന്ന സംഘടനകളും കൂട്ടായ്മകളും

ഇന്ത്യയിലെ ലൈംഗികന്യൂനപക്ഷങ്ങളുടെ ദേശീയ കൂട്ടായ്മയാണ് ഇൻഫോസിസം. ഈ കൂട്ടായ്മയുടെ പ്രവർത്തനഫലമായും അല്ലാതെയും ഒട്ടേറെ പ്രവർത്തനങ്ങൾ ഇന്ത്യയിലുണ്ടായി. ഇതിന്റെ ലക്ഷ്യം പാർശ്വവത്കൃതസമൂഹത്തിന്റെ നിലനിൽപ്പിനും അവകാശത്തിനും വേണ്ടി പ്രവർത്തിക്കുകയായിരുന്നു.

1. അഞ്ചൽ ട്രസ്റ്റ്-മുബൈ-മഹാരാഷ്ട്ര
2. ആഷ - ഇംഫാൽ, മണിപ്പൂർ
3. അമിറ്റി - ചന്ദ്രനഗർ, വെസ്റ്റ്ബംഗാൾ
4. ചാലഞ്ച് - ചെന്നൈ, തമിഴ്നാട്
5. ചാർ ചൗഗയ് - മുംബൈ, മഹാരാഷ്ട്ര
6. ഡും ഡും സുകൃതി - കോൽക്കത്ത, വെസ്റ്റ്ബംഗാൾ
7. ഫെലോഷിപ്പ്- ബദ്രക്, ഒറിസ്സ
8. ലക്ഷ്യ ട്രസ്റ്റ്- ബറോഡ സൂറത്ത്

ഗുജറാത്തിലെ രാജാപ്പിള്ള ഗോയൽ രാജവംശജനായ മാനവേന്ദ്ര ഗോയൽ 2000-ത്തിലാണ് 'ലക്ഷ്യ' എന്ന സംഘടന സ്ഥാപിച്ചത്. രജിസ്റ്റർ ചെയ്യപ്പെട്ട ചാരിറ്റബിൾ ട്രസ്റ്റാണിത്. ലൈംഗികന്യൂനപക്ഷങ്ങൾക്ക് ഒത്തുകൂടാനുള്ള വേദിയായിരുന്നു. വിമതരതിക്കാരായ വ്യക്തികൾക്കുവേണ്ടി എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതിന്റെ പേരിൽ 2006-ലെ സിവിൽ സൊസൈറ്റി അവാർഡ് ലക്ഷ്യക്ക് ലഭിച്ചു. സ്വവർഗ്ഗാനുരാഗികളായ പുരുഷന്മാർക്കുവേണ്ടി തൊഴിലവസരങ്ങൾ ഒരുക്കുന്നതിലും 'ലക്ഷ്യ' ശ്രദ്ധവെയ്ക്കുന്നു.

9. ലിയാസ് - കുംഭകോണം, തമിഴ്നാട്
10. മുഖ്നാശ് സാംഗലി, മഹരാഷ്ട്ര
11. മിലോൺ-നാസ് ന്യൂഡൽഹി
12. പി. എസ്. ഐ- മഹാരാഷ്ട്ര, കൽക്കത്ത, വെസ്റ്റ് ബംഗാൾ
13. സാഥി- ചെന്നൈ, ഹൈദരാബാദ്
14. സഹോദരൻ- ചെന്നൈ
15. സമപാഥിക്-പൂനെ
16. സാംഗിനി ട്രസ്റ്റ്-നാഗ്പൂർ
17. സ്നേഹിതം-തിരുച്ചിറപ്പള്ളി, തമിഴ്നാട്
18. സുധാർ ഫൗണ്ടേഷൻ-കാഞ്ചീപുരം, തമിഴ്നാട്
19. സ്വം-ചെന്നൈ
20. താ-ചെന്നൈ
21. ക്വയ്റള

1992-ൽ ചെന്നൈ എം.എസ്.എം ഗ്രൂപ്പുകളെകുറിച്ച് ഗവേഷണം നടത്തുന്ന സുനിൽ മേനോനാണ് സഹോദരൻ സ്ഥാപിച്ചത്. എയ്ഡ്സ് പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ പേരിൽ യു.എസ്. ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ അംഗീകാരം നേടി. ലൈംഗികന്യൂനപക്ഷങ്ങളോടുള്ള പൊതുസമൂഹത്തിന്റെ വിവേചനം അവസാനിപ്പിക്കുന്നതിന്വേണ്ടിയുള്ള പ്രവത്തനങ്ങൾ നടത്തുന്നു.

പുരുഷ സ്വവർഗ്ഗാനുരാഗികൾ തങ്ങളുടെ കമ്യൂണിറ്റിയെ സംബന്ധിക്കുന്ന വിവരങ്ങൾ പൊതുസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്നതിനായി രൂപീകരിച്ച സംഘടനയാണിത്. ഫെയ്സ്ബുക്ക്, ഓർക്കൂട്ട് എന്നീ കൂട്ടായ്മകളിലൂടെ സജീവ

മായി. കന്യാകുമാരി മുതൽ കാസർകോഡ് വരെയുള്ള വിമതലൈംഗികരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ലക്ഷ്യമിടുന്നു. ഈ സംഘടനകളെല്ലാം ഇൻഫോസിസിന്റെ കീഴിൽ പ്രവർത്തിക്കുന്നവയാണ്.[33]

### 2.6.2 വിമതലൈംഗികശബ്ദം കേരളത്തിൽ

കേരളത്തിൽ വിമതരാഷ്ട്രീയം ശബ്ദമുയർത്തിത്തുടങ്ങിയത് 2000-ത്തിന്റെ തുടക്കത്തോടെയാണ്. എച്ച്.ഐ.വി (HIV), എയ്ഡ്സ് (AIDS) പ്രോജക്ടുകളുടെ വരവോടുകൂടി കേരളത്തിൽ പുരുഷ വിമതലൈംഗികരുടെ കൂട്ടായ്മയ്ക്ക് വഴി തെളിഞ്ഞു. 1980-85 കാലഘട്ടത്തിൽ കേരളത്തിൽ നടന്ന പ്രവർത്തനം വഴി കേരളത്തിലെ സ്ത്രീ വിമതപ്രണയികളുടെ ജീവിതവും പ്രശ്നങ്ങളും പ്രതിസന്ധികളും ആഴത്തിൽ പഠിക്കപ്പെട്ടു. 2000-ജനുവരിയിലാണ് കേരളത്തിൽ ലെസ്ബിയൻ ആത്മഹത്യ ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. 1995, 96, 97 വർഷങ്ങളിൽ നാല് ലെസ്ബിയൻ ബന്ധങ്ങളിലായി എട്ട് ആത്മഹത്യകളും 1999-ൽ രണ്ടുമാസങ്ങൾക്കുള്ളിൽ അഞ്ച് ലെസ്ബിയൻ ആത്മഹത്യകളും നടന്നിരുന്നു. അവ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിരുന്നില്ല. 2001-ൽ നടന്ന ലെസ്ബിയൻ ആത്മഹത്യ 'സഹയാത്രിക' എന്ന ലെസ്ബിയൻ സഹായക സംഘടനയുടെ രൂപീകരണത്തിന് കാരണമായി. പരസ്പ്പരം സ്നേഹിച്ചിരുന്ന രണ്ട് യുവതികൾ ആത്മഹത്യചെയ്ത വാർത്ത ശ്രദ്ധയിൽപ്പെട്ട പി.എൻ. ദീപ കേരളത്തിലെ സ്ത്രീ സ്വവർഗ്ഗപ്രണയിനികളായ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി 'ഫേം' എന്ന സംഘടനയുടെ പിൻതുണയോടെ തൃശ്ശൂരിൽ പ്രവർത്തനമാരംഭിച്ചു. ഇതിന്റെ ഹെൽപ്പ് ലൈൻ പോസ്റ്റ് പ്രചാരം നേടുകയും നൂറിലധികം സ്ത്രീകൾ സഹയാത്രികയുമായി ബന്ധപ്പെടുകയും ഫാക്ട് ഫൈൻഡിങ്ങ് പ്രോജക്ടിനുശേഷം കമ്യൂണിറ്റിയുടെ താത്പര്യപ്രകാരം 2008 ൽ സഹയാത്രിക സ്വതന്ത്രസംഘടനയായി രജിസ്റ്റർ ചെയ്തു. കഴിഞ്ഞ പത്ത് വർഷത്തോളമായി സഹയാത്രിക കേരളത്തിൽ പ്രവർത്തിച്ചുവരുന്നു. 24 മണിക്കൂർ ഹെൽപ്പ്ലൈൻ ബോധവത്കരണ പരിപാടികൾ, പ്രതിസന്ധികളിൽ ഇടപെടൽ എന്നിവയാണ് സഹയാത്രികയുടെ മുഖ്യപ്രവർത്തനങ്ങൾ.

### 2.6.2.1 കേരളത്തിലെ വിമതലൈംഗികകൂട്ടായ്മകൾ

1. സഹയാത്രിക (Sahayathrika)
2. വോയ്സ് സി.ബി.ഒ (Voice CBO)
3. സംഘാത്മിക
4. എസ്.എം.എഫ്.കെ. (S.M.F.K)
5. എം.സി.എഫ്.സി.ബി.ഒ (MCF CBO)
6. മാരൽ സി.ബി.ഒ (Marel CBO)
7. സഹോദരൻ
8. സ്വാം (Social Welfare)
9. സ്നേഹിതൻ

2014-ലെ സുപ്രീംകോടതി വിധിക്കെതിരെ ഫ്രീഡം പരേഡ് നടത്തി പ്രതിഷേധിച്ചു.

കേരളത്തിൽ വിമതലൈംഗികതയ്ക്കായി സംഘടനാരൂപമോ ശബ്ദമോ ഉണ്ടാകുന്നതിനുമുൻപ് വിമതലൈംഗികർ കടുത്ത മനുഷ്യാവകാശസംഘട്ടനങ്ങളുടെയും ജീവിതപോരാട്ടങ്ങളുടെയും പാതയിലായിരുന്നു. വിമതലൈംഗികതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൗൺസലിങ്ങ് സെന്ററിലോ, മാനസികാരോഗ്യ ആശുപത്രിയിലോ ലോക്കൽ പോലീസ് സ്റ്റേഷൻ പരിധിയിലോ ആണ് ചെന്നെത്തിയിരുന്നത്. എച്ച്.ഐ.വി പ്രോജക്ട്കളുടെ ഭാഗമായി രൂപപ്പെട്ടുവന്ന കൂട്ടായ്മ അവകാശപോരാട്ടങ്ങൾക്കും കൂടിയുള്ള വേദിയായി മാറി.

ലോകത്ത് താൻ മാത്രമാണിങ്ങനെ എന്നൊരു വിചാരവുമായി മനംനൊന്തു കഴിഞ്ഞവർക്ക് വലിയ അനുഗ്രഹമാണ് ഇത്തരം കൂട്ടായ്മകൾ പ്രദാനം ചെയ്തത്. ജാതി, മത, വംശ, ലിംഗ പരിഗണനകൾക്കതീതമായി ഇൻഡ്യൻ ഭരണഘടന ഓരോ വ്യക്തിക്കും വാഗ്ദാനം ചെയ്യുന്ന അന്തസ്സോടെ ജീവിക്കാനുള്ള അവകാശത്തിന്റെ നഗ്നമായ ലംഘനമാണ് 2013-ലെ കോടതിവിധിയെങ്കിലും ഇത്തരം കൂട്ടായ്മകൾ അവരുടെ പ്രവർത്തനം തുടർന്നുകൊണ്ടേയിരിക്കുന്നു. ഈ തുടർപ്രവർത്തനങ്ങളുടെ ഫലമായി വിമതലൈംഗികരുടെ ജീവിതപ്രശ്നങ്ങളുടെ

പരിഹാരമെന്ന നിലയ്ക്ക് അവർക്ക് ഐഡന്റിറ്റി കാർഡുകൾ ലഭ്യമായി തുടങ്ങിയി ട്ടുണ്ട്. പെൻഷൻ പദ്ധതിയുടെ ഗുണഭോക്താക്കളാകാനുള്ള സാഹചര്യം സംജാത മായി. ഇന്ന് കേരളത്തിലെ മൊത്തം വിമതലൈംഗികരുടെ കണക്കെടുപ്പുകൾ നട ന്നുവരുന്നു. വിമതലൈംഗികന്റെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ജില്ലതോറും ഹോസ്പിറ്റലുകൾ ആരംഭിക്കാനും ഗവൺമെന്റ് പദ്ധതി ആരം ഭിച്ചിട്ടുണ്ട്. എങ്കിലും വ്യത്യസ്തതകളെ അംഗീകരിക്കാനുള്ള മലയാളിയുടെ വൈമുഖ്യം എടുത്തു പറയേണ്ടിയിരിക്കുന്നു. സാംസ്കാരികമൂല്യത്തെ തകർക്കുന്ന ഒരു എതിർസംസ്കാരമായാണ് വിമതലൈംഗികതയെ മലയാളി ഇപ്പോഴും നോക്കിക്കാണുന്നത്. അതിനാൽ തന്നെ ലൈംഗികസ്വത്വം മറച്ചുവെച്ച് ജീവിക്കേണ്ടിവരുന്ന നിർബന്ധിതസാഹചര്യത്തിൽനിന്ന് മലയാളിയായ വിമത ലൈംഗികന് പുറത്തുചാടുക എളുപ്പമല്ല. ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ വിമതലൈംഗികനിലേക്ക് എത്താതിരിക്കാനുള്ള ഒരു കാരണമായി ഈ സാമൂഹികസാഹചര്യം നിലനിൽക്കുന്നുണ്ട്.

**സംഗ്രഹം**

ഭക്ഷണം, പാർപ്പിടം എന്നതുപോലെ മനുഷ്യൻ വികസിപ്പിച്ചെടുത്ത രുചിക ളുടെ ഒരു മേഖലയാണ് ലൈംഗികത. അത് പ്രജനനപ്രക്രിയയല്ല കുട്ടികളുടെ പിതൃത്വം ഉറപ്പാക്കുന്നതിനുള്ള സംവിധാനവുമല്ല. മറിച്ച് ആസ്വദിക്കപ്പെടേണ്ട, ഇനിയും വികസിച്ചുതീർന്നിട്ടില്ലാത്ത അനന്തരുചികളുടെ മേഖലയാണ്. അങ്ങനെ മനസ്സിലാക്കുമ്പോൾ ഇന്നത്തെ അടിച്ചമർത്തുന്ന സദാചാരബോധമല്ല സമൂഹത്തെ ഭരിക്കേണ്ടത് എന്ന് വരുന്നു.

ക്രിസ്ത്യൻ ധാർമികത രൂപം കൊടുക്കുകയും മുതലാളിത്തം വളർത്തിയെ ടുക്കുകയും ചെയ്ത ഏകദാമ്പത്യത്തിൽ അധിഷ്ഠിതമായ കുടുംബസംവിധാന മാണ് ഇന്ന് നിലനിൽക്കുന്നത്. ലൈംഗികതയെക്കുറിച്ചുള്ള പാപബോധ സങ്കല്പം വ്യക്തി അപൂർണ്ണനാണ് എന്ന സിദ്ധാന്തത്തിലേക്കാണ് വളർന്നത്. അതനുസരിച്ച് ലൈംഗികത മനുഷ്യന്റെ അപൂർണ്ണതയുടെ അടയാളമാണ്. ഒരു വശത്ത് ലൈംഗി കത പാപമാണെന്ന ബോധം മറുവശത്ത് അത് ഒഴിവാക്കാനാവില്ല എന്ന യാഥാർത്ഥ്യം. ഇവയ്ക്കിടയിൽ സ്വീകാര്യമായ ഒത്തുതീർപ്പ് ഉണ്ടാക്കാനാണ് ക്രിസ്തുമതം ശ്രമിച്ചത്. ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടി

ച്ചു (ബൈബിൾ ഉൽപത്തി പുസ്തകം 1, 27) എന്ന് പറയുമ്പോൾ മനുഷ്യൻ അപൂർണ്ണനാണെന്നും ജീവിതത്തിൽ പൂർണാനന്ദം തനിയെ സാക്ഷാത്ക്കരിക്കാൻ കഴിയാത്തവനാണെന്നുമാണ് അർത്ഥം. തന്റെ മറുപകുതി തേടാൻ ഈ അപൂർണ്ണ താബോധം മനുഷ്യനെ പ്രേരിപ്പിക്കുന്നു.

ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ ഭാഗമായി വിക്ടോറിയൻ മൂല്യങ്ങൾ ലോകമെങ്ങും അടിച്ചേൽപിക്കപ്പെട്ടപ്പോൾ ഇന്ത്യയുൾപ്പെടെയുള്ള പല കോളനിക ളിലും വിമതലൈംഗികത കുറ്റവും പാപവുമായി മാറി. വിമതലൈംഗികതയെ നിന്ദ്യമായിട്ടാണ് സമൂഹം എന്നും കണക്കാക്കിയിട്ടുള്ളത്. വിമതലൈംഗികതയു മായി ബന്ധപ്പെട്ട ആദ്യവീക്ഷണം തന്നെ മാനസികവൈകല്യം രതിവൈകൃതം പ്രകൃതിവിരുദ്ധം എന്നീ സംജ്ഞകളിലൂടെയാണ് ഇന്ത്യക്കാർ, പ്രത്യേകിച്ചും കേര ളീയർ നോക്കികണ്ടത്. ഡോക്ടറോട് ചോദിക്കുക എന്ന പംക്തിയിലാണ് ഇന്ന് വിമതലൈംഗികതാവിഷയത്തെ മാധ്യമങ്ങൾ ഒട്ടുമുക്കാലും പ്രതിപാദിച്ചു കാണു ന്നത്. സ്വവർഗ്ഗരതി ഒരു രോഗമാണെന്ന ധാരണ പരത്തുകയും ചികിത്സിച്ചു ഭേദ മാക്കാവുന്ന സാധാരണമായ ഒരു കാര്യമാണെന്ന് വരുത്തി തീർത്തുകൊണ്ടുള്ള പരസ്യങ്ങളും ഒട്ടുമിക്ക മാസികകളിലും ഇന്നു ദൃശ്യമാണ്.

ആൺ/പെൺ പരികല്പനകളിൽനിന്ന് വ്യത്യസ്തമായ ആഭിമുഖ്യമുള്ളതു കൊണ്ടു മാത്രം ഒരു വിഭാഗത്തെ വേട്ടയാടുവാൻ മറ്റു ലിംഗവിഭാഗത്തിൽ പെട്ട വർക്ക് അർഹതയില്ല. വിമതരതിയെ ആക്ഷേപവത്ക്കരിക്കുന്നതിനുപകരം പ്രശ്ന വത്കരിക്കുകയാണ് വേണ്ടത്. തെളിവുകളുടെ അഭാവം കൊണ്ടല്ല വിമതലൈംഗി കൻ പാർശ്വവത്ക്കരിക്കപ്പെടുന്നത്. കപടസദാചാരത്തിന്റെയും മത ബോധത്തിന്റെയും ശക്തമായ ഇടപെടലുകൾ കൊണ്ടാണ്. മറ്റേതു രാജ്യത്ത് വിമതലൈംഗികബന്ധം സാധൂകരിക്കപ്പെട്ടാലും ആണും പെണ്ണും ഇണചേർന്ന് പ്രത്യുത്പാദനം നടത്തുന്ന കുടുംബസങ്കല്പത്തിൽ അടിയുറച്ചുനില്ക്കുന്ന ഇന്ത്യാരാജ്യത്ത് അർഹിക്കുന്ന അവകാശത്തോടെ ഈ അടുത്തകാലത്തൊന്നും വിമതലൈംഗികൻ അംഗീകരിക്കപ്പെടില്ല എന്നതാണ് നിലവിലുള്ള വസ്തുത. ആണിന്റെതും പെണ്ണിന്റെതുമാണ് ഈ ലോകം. ഇവിടെ ദുർബലരായവരുടെ വേദ നകൾ കാണാൻ ബഹുഭൂരിപക്ഷവും തയ്യാറാവുന്നില്ല. 'ഞങ്ങൾക്കുവേണ്ടി ശബ്ദ മുയർത്തുന്നവർപോലും വിമർശിക്കപെടുന്നു' എന്ന മുഖവുരയോടെയാണ് സ്വയം

ഒരു ഹിജഡയായി തിരിച്ചറിയുന്ന ജെറിനയുടെ 'ഒരു മലയാളി ഹിജഡയുടെ ആത്മകഥ' ആരംഭിക്കുന്നത്. 'എനിക്കൊരു കട്ടൻ ചായ, ന്റെ കുണ്ടനൊരു ബിരി യാണിയും' എന്ന പ്രസിദ്ധമായ കോഴിക്കോടൻ പ്രയോഗം ഉഭയലിംഗജീവിതം നയിക്കുന്നവർക്കിടിയിൽ നിലനിൽക്കുന്ന വിമതരതിയിൽനിന്നും ഉയർന്നുവന്നതാണ്.

പാപമായി മതവും കുറ്റകൃത്യമായി നിയമവും മാനസിക വൈകൃതമായി പരമ്പരാഗത മനഃശാസ്ത്രവും ഹോർമോൺ തകരാറായി വൈദ്യശാസ്ത്രവും സ്വന്തം കുടുംബത്തിനകത്തെ അഭിമാനക്ഷതമായി ഉഭയലിംഗകുടുംബങ്ങളും പരസ്പരം മത്സരിച്ച് ആക്രമിക്കുന്ന ഏകലിംഗജീവിതത്തിനും ഈ ഭൂമിയിൽ മനുഷ്യരായി ജീവിക്കാൻ അവകാശമുണ്ട്.

ഉഭയലിംഗജീവിതം നയിക്കുന്നവർക്കിടയിൽ നിർവഹിക്കുന്ന സ്വവർഗരതി സാഹചര്യം അനുവദിക്കുമെങ്കിൽ ഒഴിവാക്കേണ്ട ഒരാഡംബരം എന്ന നിലയിലും ഏകലിംഗജീവിതം നയിക്കുന്നവരുടെത് ഒരു അനിവാര്യത എന്ന നിലയിലുമാണ് അപഗ്രഥിക്കപ്പെടേണ്ടത്.

**കുറിപ്പുകൾ**

1. അഗ്നിവേശ് സി.ആർ, *ആധുനിക ദാമ്പത്യശാസ്ത്രം*, (ഒന്നാം പതിപ്പ്, ഡി. സി.ബുക്സ്, കോട്ടയം, 1997), പുറം 179.
2. ടി. പുറം 178.
3. ടി. പുറം 179.
4. ടി. പുറം 179.
5. രേഷ്മ ഭരദ്വാജ്, (എഡി), *മിഥ്യകൾക്കപ്പുറം സ്വവർഗ ലൈംഗികത കേരള ത്തിൽ*, (രണ്ടാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം, 2004), പുറം 179.
6. അഗ്നിവേശ് സി.ആർ, *ആധുനിക ദാമ്പത്യശാസ്ത്രം*, (ഒന്നാം പതിപ്പ്, ഡി. സി.ബുക്സ്, കോട്ടയം, 1997), പുറം 183.
7. രേഷ്മ ഭരദ്വാജ്, (എഡി), *മിഥ്യകൾക്കപ്പുറം സ്വവർഗ ലൈംഗികത കേരള ത്തിൽ*, (രണ്ടാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം, 2004), പുറം 208, 209.
8. ടി. പുറം 209.
9. ടി. പുറം 180.
10. Devdutt Pattanaik, *The Man Who Was a Women and other Queer Tales from Hindu love*, (First Edition, Harrigton Park Press, 2002), പുറം 173.
11. Richard W. Lariviere, The Narada Smrithi (Part One University of Philadelphia, 1989), പുറം 198.
12. Ganguly, Kisari Mohan, ((Translator), Mahabharatha (Virata-parava) (Second Edition, Project Guttanberg).
13. രേഷ്മ ഭരദ്വാജ്, (എഡി), *മിഥ്യകൾക്കപ്പുറം സ്വവർഗ ലൈംഗികത കേരള ത്തിൽ*, (രണ്ടാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം, 2004), പുറം 182, 183.
14. Rooth Vanitha & Salim Kidwai (Ed.) *Same Sex Love In India*, (New York, Sent Martin Press, p. 186-187, 1999)
15. പ്രതാപ് ചന്ദ്ര ചുന്ദർ, *കൗടില്യ ലൗവ് ആന്റ് മോറൽസ്*, (മൂന്നാം പതിപ്പ്, ഗ്യാൻ പബ്ലിഷിങ്ങ് ഹൗസ്, ഡൽഹി 1987), പുറം 128.
16. ടി. പുറം 129.

17. വെന്റി ഡോണിഗർ, ബ്രെയാൻ കെ.സ്മിത്ത്, (വിവ.) 1991, *മനുസ്മൃതി,* (പെൻഗ്വിൻ പബ്ലിക്കേഷൻ, ഡൽഹി, 1991), പുറം 257.

18. ടി. പുറം 191-257.

19. ദിഷരത്ന.കെ.എൽ. (വിവ.), *സുശ്രുതസംഹിത*, (പത്താം വോള്യം, XXX സാൻസ്ക്രിറ്റ് സീരീസ്, 1991), 11, 36, 40.

20. Stephen O, Murray and Will Rose Coe et al, *Islamic Homo Sexualities: Culture, History and Literature*, (New York, University Press, 1997).

21. കെ.വി.കെ.ബുഖാരി, കെ.കെ.സി.മുഹമ്മദ് ബാഖഫി, *ഇസ്ലാമിക് സെക്സ്*, (ഒന്നാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം, 2010), പുറം 261-264.

22. മേനകാഗാന്ധി, ''*അരുമ പംക്തി*'', (മാതൃഭൂമി ദിനപത്രം, 2009 ജൂലൈ 09).

23. എതിരവൻ കതിരവൻ, ''*സ്വവർഗ്ഗരതി ഭ്രൂണത്തിന്റെ തീരുമാനമാണ്*'-ലേഖനം, (മാതൃഭൂമി ആഴ്ചപതിപ്പ്, 2015 മാർച്ച്), പുസ്തകം 92, പുറം 31.

24. മുരളീധരൻ മുല്ലമറ്റം, *രതിലോകം: ലൈംഗികശാസ്ത്രം*, (ഒന്നാം പതിപ്പ്, മീഡിയ ബുക്സ്, കോഴിക്കോട്), പുറം 127-163.

25. കെ.ഇ.എൻ (തു.നാ.), ''*മനുഷ്യമാംസം തന്നെ വിശിഷ്ട ഭോജ്യം''-ലേഖനം,* മലയാളം വാരിക, ഫെബ്രുവരി, 2010), പുറം 7-13.

26. രാജു, *വിപരീതം: ഗർഭപാത്രമുള്ള പുരുഷന്റെ സാഹസിക ജീവിതം,* (അധ്യായം നാലിൽ വിവരിച്ചിട്ടുണ്ട്).

27. ഷോബി എറണാകുളം, വ്യക്തിഗത അഭിമുഖം, 2015 ഒക്ടോബർ 7.

28. രേവതി, (വിവ.), പ്രിയ.എ.എസ്. *ഒരു ഹിജഡയുടെ ആത്മകഥ*, (ഒന്നാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം, 2013), പുറം 139.

29. Section 377 of the Indian Penal Code was drafted by Lord Macaulay and enacted in 1860 during British colonial rule. Section 377 IPC is under a sub-chapter titled "Of Unnatural Offences". It reads:

    "377. Unnatural Offence – Whoever voluntarily as carnal intercourse against the order of nature with any man, woman or animal, shall be punished with imprisonment for life, or with imprisonment of either

description for a term which may extend to ten years, and shall also be liable to fine.

30. കലേഷ്.എസ്, ''*കോടതി ഞങ്ങളെ കുറ്റവാളികളെന്ന് വിധിച്ചു*'', (മലയാളം വാരിക - 2014, ഫെബ്രുവരി 14), പുറം 9.

31. *ആ കുറ്റകൃത്യം തുടരാൻ ഞാൻ ആഗ്രഹിക്കുന്നു*, (മലയാളം വാരിക, 2014, ഫെബ്രുവരി 14), പുറം 14.

32. രശ്മി ജി, അനിൽകുമാർ കെ.എസ്, *വിമതലൈംഗികത: ചരിത്രം സിദ്ധാന്തം രാഷ്ട്രീയം,* (ഒന്നാം പതിപ്പ്, ചിന്ത പബ്ലിക്കേഷൻ തിരുവനന്തപുരം, 2016), പുറം 47, 53.

33. ടി. പുറം 47, 53.

## അദ്ധ്യായം മൂന്ന്

# വിമതരതിയുടെ ആവിഷ്കാരം -പി. പത്മരാജൻ, കെ.പി. രാമനുണ്ണി എന്നിവരെ മുൻനിർത്തി പുരുഷ രചനകളിലുള്ള പഠനം

ഓരോ സമൂഹവും ആശയവിനിമയങ്ങൾക്കുവേണ്ടി അവരുടെ ചുറ്റുപാടുകൾക്കിണങ്ങുന്ന ചിഹ്നങ്ങളും ബിംബങ്ങളും രൂപീകരിച്ചെടുത്തിട്ടുണ്ട്. സാമൂഹികജീവിതം പ്രധാനമായും പ്രതിനിധാനങ്ങളെകൊണ്ട് നിറയുകയും അവ നമ്മുടെ ചിന്തകളെയും സ്വഭാവങ്ങളെയും നിർമിക്കുകയും ചെയ്യുന്നു. ഈ നിർമിതികളിൽ ചിലത് പൊളിച്ചെഴുത്തുകൾക്ക് വിധേയമാകാതെ സമൂഹത്തിൽ ശക്തമായി നിലനിൽക്കും. വിവാഹവും സമൂഹമനസ്സ് അംഗീകരിക്കുന്ന സ്ത്രീ-പുരുഷ ദ്വന്ദരതിയും ഇതിനുള്ള തെളിവുകളാണ്. വിവാഹത്തിന്റെയും പുനരുത്പാദനത്തിന്റെയും ചട്ടക്കൂടുകൾക്കകത്തു നിന്നാൽ മാത്രമേ ലൈംഗികബന്ധം നിലനിൽക്കുകയുള്ളു എന്ന ധാരണ മതാധിപത്യസമൂഹത്തിൽ ഇന്നും നിലനിൽക്കുന്നു. ഇതാണ് സദാചാരവാദികളുടെ കണ്ണിലെ പവിത്രമായബന്ധം. ഇത്തരം മിഥ്യാധാരണകളെ വെല്ലുവിളിച്ചുകൊണ്ട് വിമതലൈംഗികതൽപരർ രംഗത്തുവന്നു. ആണിന്റെയും പെണ്ണിന്റെയും ഭാഗധേയം സ്വീകരിച്ചുകൊണ്ട് അനുഭൂതി കണ്ടെത്തുന്ന രതിസങ്കല്പത്തെ വിമതലൈംഗികത മുന്നോട്ടുവെച്ചു. അത്തരം അനുഭൂതി, സങ്കല്പത്തിന്റെയോ അനുഭവത്തിന്റെയോ മേഖലയുമായി കൂട്ടിയിണക്കി സാഹിത്യകൃതികളുണ്ടായി. വിമതലൈംഗികചിഹ്നങ്ങളെ നിഗൂഢമാക്കാതെ തുറന്നുകാണിക്കേണ്ടത് കാലത്തിന്റെ ആവശ്യകതയായി. ഒളിഞ്ഞി രിക്കാതെ പുറത്തുവന്ന വിമതലൈംഗികതൽപരന്റെ സ്ഥാനവും ജീവിതരീതിയും അടയാളപ്പെടുത്തുന്ന ഒട്ടേറെ കൃതികൾ മലയാളസാഹിത്യരംഗത്തും ഉണ്ടായിട്ടുണ്ട്. ശബ്ദങ്ങളുടെ അവതാരികാകാരൻ എ.ബാലകൃഷ്ണപിള്ളയുടെ നിരീക്ഷണം ഇങ്ങനെയാണ്:

'പെട്രോണിയഡ് എന്ന പ്രാചീന ലത്തീൻ സാഹിത്യകാരനും ദിദറോ, ബൽസാക്ക്, ഗോതിയേ, ഫ്ളാബർട്ട്, മാപ്പസാങ്, ബെലോ ബൂർഷ കാതുല്ലേ

മെന്ദസ്, ലമാർതീൻ, വെർലെയിൻ, പിയർ ലൂയിസ് എന്നീ ഫ്രഞ്ചുസാഹിത്യകാരന്മാരും എക്കൂദ് എന്ന ബൽജിയൻ സാഹിത്യകാരനും നോബൽ സമ്മാനം നേടിയ തോമസ് മാൻ എന്ന ജർമ്മൻ സാഹിത്യകാരനും സ്വിൻബേൺ, ഡി.എച്ച്. ലാറൻസ്, എച്ച്.ഇ.ബേറ്റ്സ് എന്നീ ഇംഗ്ലീഷ് സാഹിത്യകാരന്മാരും പൊൻകുന്നം വർക്കിയുടെ നിവേദനത്തിലെ പാളയങ്കോടൻ എന്ന കഥയിലും ചങ്ങമ്പുഴ തന്റെ പ്രസിദ്ധീകരിക്കാത്ത ഒരു കവിതയായ ആശ്രമമൃഗത്തിലും ഇതിനെ ധ്വനിപ്പിക്കുക മാത്രം ചെയ്തിരിക്കുന്നു.[1] എ.ബാലകൃഷ്ണപിള്ളയുടെ ഈ നിരീക്ഷണം ശ്രദ്ധേയമാണ്. ലോകമെമ്പാടുമുള്ള സാഹിത്യലോകത്തിന് വിമതഭോഗം വിഷയീഭവിച്ചിരുന്നു എന്നതിന്റെ സൂചനകൂടിയാണിത്.

തുടർന്ന് 'അനുക്ടോറിയ' എന്ന കൃതിയെ അർണോൾഡ് ബെന്നറ്റ് എന്ന നിരൂപകൻ വിലയിരുത്തിയ വാക്കുകൾ കൂട്ടിച്ചേർത്ത് വിമതഭോഗപ്രതിപാദനം സാഹിത്യത്തിന്റെ ഒരു നേരമ്പോക്ക് രീതിയാണെന്നും അവതാരികാകാരൻ അഭിപ്രായപ്പെടുകയും ഇതുപോലുള്ള നേരമ്പോക്കുകൾ ഭാഷാസാഹിത്യകാരിൽ തകഴിയും ബഷീറും പ്രവർത്തിച്ചിട്ടുണ്ട് എന്ന് സമർഥിക്കുകയും ചെയ്യുന്നു.

വിമതലൈംഗികത മലയാളസാഹിത്യത്തിൽ തുറന്നുകാണിക്കാൻ ധൈര്യം കാണിച്ച ആധുനികപുരുഷഎഴുത്തുകാരിൽ പ്രമുഖരാണ് തകഴി, ബഷീർ, വി.ടി.നന്ദകുമാർ, പി.പത്മരാജൻ, കെ.പി രാമനുണ്ണി, വി.ആർ.സുധീഷ്, എസ്. ദിലീപ്, ജി ഇന്ദുഗോപൻ, പ്രമോദ് രാമൻ തുടങ്ങിയവർ.

വാത്സ്യായനന്റെ കാമസൂത്രവും നാലപ്പാടന്റെ രതിസാമ്രാജ്യവും കണ്ട മലയാളി മനസ്സുകൾ മതത്തിന്റെയോ, സംസ്ക്കാരത്തിന്റെയോ, സദാചാരത്തിന്റെയോ പേരുപറഞ്ഞ് നിഗൂഹനം ചെയ്യപ്പെട്ട വിമതലൈംഗികതയെ എങ്ങനെ ഉൾകൊണ്ടു എന്നും ആധുനികരായ എഴുത്തുകാർ വിമതലൈംഗികതയെ എങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നു എന്നും പരിശോധിക്കേണ്ടതുണ്ട്.

## 3.1 പി.പത്മരാജൻ

### 3.1.1 നമ്മൾ നഗ്നകൾ

വർഷങ്ങൾക്കുശേഷം തികച്ചും യാദൃച്ഛികമായി മക്കളോടൊപ്പം ഒരേ സ്ഥലത്ത് എത്തിച്ചേർന്ന സുലോചനയും കാർത്ത്യായനിയും മുപ്പത്തിമൂന്ന് വർഷ

ത്തിനുമുൻപ് ഒരേ ഹോസ്റ്റൽമുറിയിലെ അപരിചിതരായ രണ്ടു പെൺകുട്ടികളായി രുന്നു. പതുക്കെ പതുക്കെ അവരുടെ സ്നേഹം സൗഹൃദത്തിനപ്പുറം പ്രണയവും രതിയും കൂടിക്കുഴഞ്ഞ പുതിയ തലത്തിലേക്ക് മാറുന്നു.

പരസ്പരം യാത്രപറഞ്ഞ് കൈവീശുമ്പോൾ 'എന്നെങ്കിലും ഇതുപോലെ തമ്മിൽ കാണാം എന്ന് ഞാൻ പ്രത്യാശിക്കുന്നു. വെറുതെ എനിക്കു പ്രാർത്ഥന വീണ്ടും കാണാതെയിരിക്കട്ടെ എന്നാണ്'.[2]

ഒരിക്കൽ അവർ തമ്മിലുണ്ടായിരുന്ന അടുപ്പം തെറ്റായിരുന്നു എന്ന കുറ്റബോധമാണ് ആ കൂട്ടുകാരികളുടെ മനസ്സിനെ ഇങ്ങനെ ചിന്തിപ്പിക്കുന്നത്. ഹോസ്റ്റലിൽ ഒന്നിച്ചു ജീവിച്ച കൗമാരകാലം അവരെ വിമത ലൈംഗികബന്ധത്തിന്റെ സുഖമറിയിച്ചതാണ്.

'കാർത്ത്യായനിയുടെ കണങ്കാലുകളിൽ വിയർപ്പ് പൊടിഞ്ഞിരുന്നു. സുലോ ചനയുടെ കാലുകൾ നനഞ്ഞു. കാർത്ത്യായനിയുടെ നിശ്വാസം ചുട്ടുപഴുത്തിരു ന്നു. സുലോചന ആ ചൂടേറ്റുവാങ്ങി. കാർത്ത്യായനിയുടെ ചുണ്ടുകൾ വാക്കുകൾ കിട്ടാതെ വിറച്ചു. കാർത്ത്യായനിയുടെ ചുണ്ടുകളിലെ വിറയൽ സുലോചനയുടെ മാറിടം സ്വീകരിച്ചു. നനഞ്ഞ സൗമ്യമായ ചുണ്ടുകൾ.[3]

അറിഞ്ഞോ ആഗ്രഹിച്ചോ വിമതലൈംഗികബന്ധത്തിൽപ്പെടുന്നവരല്ല അവർ. സാഹചര്യങ്ങൾ അത്തരമൊരു സന്ദർഭം ഒരുക്കിക്കൊടുക്കുകയാണ്. ആ ബന്ധം പുറംലോകമറിഞ്ഞു തുടങ്ങുന്നു. 'മിസ്റ്റർ ആൻഡ് മിസിസ്സ് സുലോചന' പരസ്പരം കെട്ടിപ്പിടിച്ചു നിൽക്കുന്ന ചിത്രം. ഹോസ്റ്റൽ ചുമരിൽ ആരോ വരച്ചുവെയ്ക്കുന്നു. തങ്ങളുടെ സ്വകാര്യബന്ധം പുറംലോകം അറിഞ്ഞു തുടങ്ങിയത് അവരുടെ ബന്ധത്തിൽ വിള്ളലുകൾ ഉണ്ടാക്കുകയും അകറ്റുകയും ചെയ്യുന്നു.

അന്നത്തെ വേർപിരിയൽ രണ്ടുപേരുടെയും ജീവിതത്തെ മൗനമാക്കുന്നു. മുഖം തെളിയാത്ത അസ്വസ്ഥമായ ജീവിതരീതിയിലേക്ക് പതുക്കെ തള്ളിമാറ്റപ്പെടു ന്നു. പിന്നീട് പരസ്പരം കണ്ടുമുട്ടുന്നുണ്ടെങ്കിലും പഴയകാല ഓർമകളിൽനിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുകയാണവർ.

ഒരിക്കൽ പരസ്പരം ആശ്വാസമായവർ പിന്നീട് കണ്ടുമുട്ടുമ്പോൾ കണ്ടുമുട്ടേണ്ടിയിരുന്നില്ല എന്ന് ചിന്തിക്കുന്നത് വിമതലൈംഗികതാൽപര്യം അവരിലെ സ്ഥായിയായ താത്പര്യമല്ലാത്തതുകൊണ്ടാണ്. ഇത്തരത്തിൽ തത്കാലശാന്തിക്കായി സ്വവർഗ്ഗബന്ധത്തിലേർപ്പെടുന്നവർ ദ്വിലൈംഗികളാണ്. രതിസുഖം എന്നതിനപ്പുറം ഇണബന്ധങ്ങൾക്ക് അവിടെ വേണ്ടത്രസ്ഥാനം ലഭിക്കാറില്ല. അമേരിക്കയിലെ കിൻസി പഠനറിപ്പോർട്ട്[4] അനുസരിച്ച് ദ്വിലൈംഗികരുടെ എണ്ണം ശരാശരിയിൽ മാത്രമേ കണക്കാക്കാൻ സാധിക്കൂ എന്നും പറയുന്നുണ്ട്. കാരണം അത് ഏറിയും കുറഞ്ഞും ഇരിക്കും. സ്വാഭാവികലൈംഗികരിൽ ബോധപൂർവ്വമല്ലാത്ത ലൈംഗികബന്ധങ്ങൾ ഇത്തരം ചെടിപ്പ് സൃഷ്ടിക്കുക സാധാരണമാണ്.

### 3.1.2 നിങ്ങളുടെ താവളങ്ങൾ നിങ്ങൾക്ക്

'നിങ്ങളുടെ താവളങ്ങൾ നിങ്ങൾക്ക്' എന്ന കഥ സ്വർവർഗ്ഗാനുരാഗികളായ രണ്ടു ചെറുപ്പക്കാരുടെ കഥയാണ്. തന്റെ സുഹൃത്തായ ചാർളിയുടെ മരണം സഹമുറിയനെ മാനസികഭ്രമത്തിലും ദുഃഖത്തിലും ആക്കുന്നു. ചാർളിയുടെ മരണം അയാൾക്ക് ഉൾകൊള്ളാനാവുന്നില്ല. അവൻ ജീവിച്ചിരിക്കുന്നു എന്ന് വിശ്വസിക്കാനാണിഷ്ടം. കോളേജിലെ ആൺകുട്ടികളുടെ റാഗിങ്ങിനിരയായ ചാർളി ആത്മഹത്യ ചെയ്യുകയായിരുന്നു.

''എന്നെ അവർ വല്ലാതെ ഉപദ്രവിച്ചു. ഒരാണ് മറ്റൊരാണിന്റെ മുൻപിൽ ഒരിക്കലും ചെയ്യാൻ പാടില്ലാത്തവമാത്രമാണ് ഞാൻ ചെയ്തത്. മറ്റൊരു പുരുഷന്റെ മുഖത്തേക്കു നോക്കാനുള്ള എന്റെ ധൈര്യംപോലും അവർ എന്നെന്നേക്കുമായി ചോർത്തിയെടുത്തു.''[5]

അതുമാത്രമായിരുന്നില്ല ചാർളിയുടെ മരണകാരണം. തന്റെ സഹമുറിയനായ സുഹൃത്ത് ഇനി ഒരിക്കലും തിരിച്ചുവരില്ല എന്നവൻ കരുതി. കാരണം ചാർളി അവനെ പ്രണയിച്ചിരുന്നു.

ആൽമരത്തിന്റെ തണലിൽവെച്ച് ചാർളി മെല്ലെ കഴുത്തിൽ തൊട്ടു ചോദിച്ചു:

''എന്നെ ഇഷ്ടമാണോ?''

''അതേ''

അസ്വസ്ഥതയോടെ ആരെങ്കിലും കേൾക്കുന്നുണ്ടോ എന്ന് ശ്രദ്ധിച്ച് പതുക്കെ ചോദിച്ചു.

''എന്താ അങ്ങനെ ചോദിക്കുന്നത്?''

''എത്ര ഇഷ്ടം''?

ചാർളി കുറെകൂടി ചേർന്നുനിന്നു. അവന്റെ രണ്ടു തോളുകളിലുമായി പിടിച്ച് മെല്ലെ തന്നിലേക്ക് അമർത്തിക്കൊണ്ട് ഉരുകിവീഴുന്ന സ്വരത്തിൽ മന്ത്രിച്ചു.

''ഇത്രയിഷ്ടം''[6]

ആ ബന്ധത്തിലുണ്ടായ അകൽച്ചയാണ് ചാർളിയെ മരണത്തിലേക്ക് നയിക്കുന്നത്.

ഈ കഥയിലെ ചാർളിയുടെ മാനസികതലം രണ്ടുതരത്തിലാണ്.

1. താൻ ഒരാണാണെന്ന ബോധം അവനിലുണ്ട്. പക്ഷേ, പകൽവെട്ടത്തിൽ മറ്റൊരാൺകുട്ടിയുടെ മുന്നിൽവെച്ച് ഷർട്ടഴിക്കാൻപോലും അവൻ തയ്യാറല്ല.

2. തന്റെ സഹമുറിയന്റെ നെഞ്ചിൽ ചേർന്നുകിടക്കുമ്പോഴും അവന്റെ ചുംബനങ്ങൾ ഏറ്റുവാങ്ങുമ്പോഴും ചാർളി സ്ത്രൈണഭാവം പേറുന്ന ഒരു കാമുകിയാവുന്നു.

ഇത്തരം പ്രണയബന്ധങ്ങൾ വളർച്ചയുടെ ചില ഘട്ടങ്ങളിൽ കാണാറുണ്ടെങ്കിലും അത്തരം ബന്ധങ്ങളിൽ സ്ഥായീഭാവം വരുക ചിലരിൽ മാത്രമേയുള്ളൂ. ഹോസ്റ്റൽ മുറികളിൽ ഒന്നിച്ചു താമസിക്കുന്നവർക്കിടയിൽ ഇത്തരം വിധേയത്വവും അടുപ്പവും ഉണ്ടാകാനുള്ള സാധ്യതയുണ്ട്. പക്ഷെ, അത്തരം ബന്ധങ്ങളെല്ലാം ലൈംഗികതയിൽ എത്തിച്ചേരണമെന്നില്ല.

### 3.1.3 മഞ്ഞുകാലത്തെ കാക്ക

ഈ കഥയിൽ ആത്മഹത്യ ചെയ്യാനുറച്ച് കടൽപാലത്തിലൂടെ നടന്നുനീങ്ങുന്ന ഒരു വിവാഹിതന്റെ കഥയാണ്. ഭാര്യയുടെ പൂർവ്വകാലങ്ങൾ അന്വേഷി

ക്കാതെ പ്രണയിച്ച് വിവാഹബന്ധത്തിലേർപ്പെട്ട ഒരു പുരുഷന് പിന്നീട് ഭാര്യയെ ക്കുറിച്ച് അപവാദങ്ങൾ കേൾക്കേണ്ടിവരുമ്പോൾ തോന്നുന്ന പകയാണ് അയാളെ വിമതലൈംഗികബന്ധത്തിലേക്ക് വഴിതിരിച്ചുവിടുന്നത്. കഥാനായകൻ തന്റെ ഭാര്യ യോട് ആത്മഗതമായി പറയുന്നു.

"എന്റെ മരണം നിയെന്നെ വഞ്ചിച്ചതുകൊണ്ടല്ല"

തന്റെ ഭാര്യയോടുള്ള വെറുപ്പ് മറ്റുസ്ത്രീകളെയും വെറുക്കാൻ അയാളെ ശീലിപ്പിക്കുന്നു. തന്നെ ആരും കബളിപ്പിക്കാൻ പാടില്ല എന്ന് നിർബന്ധമുണ്ടായി രുന്നു അയാൾക്ക്. അങ്ങനെ അയാൾ വഞ്ചിക്കുന്ന സ്ത്രീകളെ വിട്ട് തന്നെ സ്നേഹിക്കുന്ന പുരുഷന്മാരിലേക്ക് തിരിയുന്നു.

'എന്റെ കാലുകൾക്ക് ചുറ്റിലും പ്രായമെത്താത്ത ആൺകുട്ടികൾ വന്നുകൂടി. ഞാൻ അവരെ സ്നേഹിച്ചു, അവരെന്നെ ആരാധിച്ചു. അവരെന്നെ ദൈവമാക്കി

'പ്രായമെത്താത്ത ആൺകുട്ടികളുടെ ലഹരി'

'ആൺചുണ്ടുകളുടെ ലഹരി'

'ആൺതുടകളുടെ ലഹരി'

'പുരുഷന്റെ വയറിന്റെ ലഹരി'

'രോമം കിളിർക്കാത്ത മാർവ്വിടത്തിന്റെ ഉദാത്തമായ ലഹരി'!

ലഹരിയുടെ ലോകത്ത് ഞാൻ തലപ്പാവും കിന്നരിയുമുള്ള ചക്രവർത്തി യായി മാറുകയായിരുന്നു.[31]

പക്ഷേ, കഥാനായകനാൽ തിരസ്കരിക്കപ്പെട്ട രാജമ്മ എന്ന ഭാര്യ, ഭ്രാന്തി യായി അലഞ്ഞുനടക്കുന്നു എന്ന വാർത്ത കേൾക്കുമ്പോഴും ഒരു ആംഗ്ലോ ഇന്ത്യൻ ചെക്കന്റെ ചുംബനസുഖത്തിൽ ആഴ്ന്നുകിടക്കുകയായിരുന്നു അയാൾ.

"രാജമ്മാ!"

"ഊം"

ഫ്രഡറിക് മൂളി

"ഞാൻ മരിക്കട്ടെ"

"വേണ്ട" ഫ്രഡറിക് പറഞ്ഞു.

"പെണ്ണേ!"

"ഊം"[8]

രാജമ്മയായി മറുപടി പറയുന്നതെല്ലാം ഫ്രഡറിക്കാണ്. നേരം പുലർന്നപ്പോൾ കഥാനായകന്റെ വാച്ചുമായി കടന്നുകളയുന്നു ഫ്രഡറിക്. ലൈംഗിക ബന്ധത്തിനപ്പുറമുള്ള ആത്മബന്ധം ഇവർക്കിടയിൽ ഇല്ലെന്ന് ഈ പ്രവൃത്തി തെളിയിക്കുന്നു.

ഉറക്കുമുണർന്ന കഥാനായകൻ രാജമ്മ നടന്ന സ്ഥലങ്ങളിലൂടെ നടക്കുന്നു. ആത്മഹത്യ ചെയ്യാൻ തന്നെ ഉറച്ചാണ് നടപ്പ്. പതുക്കെ മരണം അയാളെ തൊട്ടു വിളിക്കുന്നു.

സ്വാഭാവികരതിയെ അതിന്റെ ഉദാത്തഭാവത്തിൽ എഴുതുകയും ചിത്രീകരിക്കുകയും ചെയ്ത പത്മരാജൻ വിമതലൈംഗികപ്രണയബന്ധങ്ങൾ ചിത്രീകരിക്കുമ്പോൾ എന്തോ ഒളിച്ചുവെക്കുന്ന, പറയാൻ ആഗ്രഹിക്കുന്ന, സമൂഹത്തെ ഭയന്ന് തുറന്നുപറയാൻ മടിക്കുന്ന മനോഭാവത്താൽ പ്രഥമപുരുഷാഖ്യാനത്തിലാണ് കഥകൾ അവതരിപ്പിക്കുന്നത്. 'നമ്മൾ നഗ്നകൾ' എന്ന കഥയിൽ ഒരു പ്രത്യേകസാഹചര്യത്തിൽ ഉടലെടുക്കുന്ന വിമതരതി, 'മഞ്ഞുകാലത്തെ കാക്ക'യിൽ പകപോക്കലിന്റെ ഉപാധിയായി മാറുന്നു. 'നിങ്ങളുടെ താവളങ്ങൾ നിങ്ങൾക്ക്' എന്ന കഥയിലാവട്ടെ എല്ലാം ഒളിഞ്ഞുമാത്രം വെളിപ്പെടുത്തുന്നു. പത്മരാജന്റെ, വിമതരതി പ്രമേയം കടന്നുവരുന്ന ഈ മൂന്നു കഥകളിലും സ്വവർഗ്ഗരതി ജൻമവാസനയാൽ ഉടലെടുക്കുന്ന ഒന്നല്ല. പ്രതികാരമോ, സാഹചര്യമോ കാരണം ഉടലെടുക്കുന്ന കേവല രതിവികാരങ്ങൾ മാത്രം. നിങ്ങളുടെ താവളങ്ങൾ

നിങ്ങൾക്ക് എന്ന കഥയിലെ ചാർളിയിൽ മാത്രമേ ജൻമവാസനയുടെ ചെറുചലനങ്ങളെങ്കിലും സൃഷ്ടിക്കപ്പെടുന്നുള്ളൂ. എന്നാൽ അതാവട്ടെ വേണ്ടപോലെ ചിത്രീകരിക്കപ്പെടുന്നുമില്ല. വിമതലൈംഗികത സമൂഹത്തിൽ ചർച്ചയാവാതിരുന്ന കാലത്താണ് ഈ കഥകൾ എഴുതപ്പെട്ടത് എന്നതുകൊണ്ടുതന്നെ പത്മരാജന്റെ കഥകളിൽ പോലും വിമതരതി പാർശ്വവത്ക്കരിക്കപ്പെട്ടിരിക്കുന്നു. 'ദേശാടനക്കിളികൾ കരയാറില്ല' എന്ന സിനിമയിൽ വിമതപ്രണയം മാത്രമേ ചിത്രീകരിക്കുന്നുള്ളൂ. അതാകട്ടെ പരസ്പരവിധേയത്വത്തിന്റെ തലത്തിൽ സൃഷ്ടിക്കപ്പെടുന്ന കേവലചിന്ത മാത്രം.

### 3.2 കെ.പി.രാമനുണ്ണി

#### 3.2.1 സൂഫി പറഞ്ഞ കഥ (1993)

രതിയുടെ വിവിധഭാവങ്ങൾ അതിശക്തിയോടെ ആവിഷ്കരിച്ച 'സൂഫിപറഞ്ഞകഥ'യിലെ നായിക, കാർത്ത്യായനി എന്ന രതിബിംബമായ കാർത്തുവാണ്.

'മേലേ പുല്ലാരത്തറവാടിന് വേണ്ടി ബീജങ്ങൾ ഏൽക്കാൻ പ്രത്യക്ഷപ്പെട്ട യോനി മുഖമായിരുന്നു കാർത്ത്യായനി എന്ന കാർത്തു. അസാധാരണമായ രതിക്കൊഴുപ്പോടെ അവൾ വളർന്നു. സ്വന്തം അമ്മാവനായ ശങ്കുമ്മാമൻ പോലും അവളുടെ വളർച്ചയ്ക്ക് മുന്നിൽ പതറി. കാർത്തു അമ്മാവനിലേക്ക് അടുക്കുന്നതും പിതൃപുത്രി വാത്സല്യത്തോടെയല്ല. ഓരോ തവണയും കാർത്തുവിൽനിന്ന് ഓടിയൊളിക്കാൻ ശങ്കുമ്മാമന് ശ്രമമുണ്ടങ്കിലും കാർത്തു സമ്മതിക്കുന്നില്ല. കാർത്തുവിന്റെ ശരീരം നൽകുന്ന കാമഭ്രാന്തിൽ അയാൾ സ്വന്തം ഭാര്യയിൽപോലും രേതസ് വിസർജ്ജിക്കാനാവാതെ ഷണ്ഡനാകുന്നു'.[9]

ഭഗവതീചൈതന്യമുള്ള രതിബിംബമായ കാർത്തുവിനെ അന്യമതസ്ഥനും കച്ചവടക്കാരനുമായ മാമൂട്ടി എന്ന മുസ്ലിം യുവാവ് വിവാഹം കഴിക്കുന്നു. ആദ്യസംഗമത്തിൽതന്നെ കാർത്തുവിന്റെ ശരീരദാഹം തീർക്കാൻ കഴിഞ്ഞ മാമൂട്ടി കാർത്തുവിൽ തളച്ചിടപ്പെടുന്നു. പക്ഷേ, തുടർന്നുള്ള ജീവിതത്തിൽ കാർത്തു

വിന്റെ ദേവീചൈതന്യത്തിനു മുന്നിൽ മാമൂട്ടിയുടെ ലൈംഗികദാഹം ഷണ്ഡീകരിക്കപ്പെട്ടു. അപകർഷതാബോധത്താൽ അയാൾ പിടഞ്ഞു

'കിടപ്പുമുറിയിലാകെ നിരുത്സാഹവേഷത്തിന്റെ മൂടൽമഞ്ഞു വ്യാപിച്ചു. തണുത്തുറഞ്ഞ നിദ്രയുടെ കമ്പളത്തിൽ മാമൂട്ടി ബോധമറ്റ് ചുരുണ്ടുകിടന്നു. പ്രേമത്തിന്റെ ഊഷ്മാവ് കൊണ്ടവനെ ചൂടുപിടിപ്പിച്ച് ഉണർത്താൻ കാർത്തു ആവതും ശ്രമിച്ചു. സാധിക്കുന്നില്ല!'[10] കാർത്തുവിന്റെ അസാധാരണമായ ഭഗവതീ ചൈതന്യവും രതിഭാവവും അയാളെ ഷണ്ഡനാക്കുകയായിരുന്നു.

അതോടെ പെണ്ണുങ്ങളുടെ ചാർച്ചക്കാരൻ അമീറിനെ തന്റെ ലൈംഗികാവശ്യങ്ങൾ നിവർത്തിക്കാനുള്ള മാർഗ്ഗമായി മാമൂട്ടി കാണാൻ തുടങ്ങി.. സ്വാഭാവികരതിക്കാരന്റെ വിമതരതിയിലേയ്ക്കുള്ള പരിണാമം. തീറ്റപ്പണ്ഡാരങ്ങളുടെ ഭാണ്ഡവും തൂക്കി അലസമായി നടന്നെത്തിയ അമീറിനെ ആ പ്രാവശ്യം മാമൂട്ടി തിരികെ പോകാൻ അനുവദിക്കുന്നില്ല.

'അമീർ വീട്ടിൽ തങ്ങിയ ദിവസം പാണ്ട്യാലയിലെ പൊല്ലാപ്പുകളെല്ലാം തീർത്ത് ധൃതിയിൽ വീട്ടിൽ മടങ്ങിയെത്തിയ മാമൂട്ടി അവനോടൊപ്പം കടൽതീരത്തെ കാറ്റു കൊള്ളാനിറങ്ങുന്നു. അമീറിന്റെ തോളിൽ കൈയിട്ട് പൂഴിയിൽ നടക്കാനിറങ്ങിയ മാമൂട്ടി അമീറിന്റെ ചുകന്ന് കുറുകിയ ചുണ്ടിലും കവിളിലും സ്ത്രൈണമായൊരു മിനുപ്പ് കണ്ടെടുക്കുന്നു. അവന്റെ മടിയിൽ തലവെച്ച് തിരമാലകൾക്ക് കാലടികളെ നക്കാൻ കൊടുത്ത് അമീറിന്റെ കാലുകളിൽ നിന്നൂറുന്ന മധുരരസത്തെ ഓർമ്മിപ്പിക്കുന്ന ഗന്ധത്തിനുവേണ്ടി മാമൂട്ടി അരുതായ്മയുടെ ഏതോ രുചിനുണയുന്നു. അതോടെ അവന്റെ ചെയ്തികളിൽ അജ്ഞേയമായ വീറ് ആവേശിച്ചു. പരുത്ത് നിൽക്കുന്ന അമീറിന്റെ രോമകൂപങ്ങളിലൂടെ മാമൂട്ടിയുടെ കൈകൾ തലങ്ങും വിലങ്ങും പാഞ്ഞു.'[11]

ഈ സ്നേഹപ്രകടനത്തെ പ്രകൃതി ഏറ്റുവാങ്ങുന്നത് എങ്ങനെ എന്നത് നോക്കാം.

'പ്രകൃതി അതിന്റെ സമസ്തഭാവങ്ങളും പിൻവലിച്ചു കടപ്പുറത്തുള്ള മണ്ണ് കെറുവിച്ച് കിടന്നു'.[12]

വിലക്കപ്പെട്ടതാണ് തേടുന്നതെന്ന ചിന്ത മാമൂട്ടിയെ കൂടുതൽ കൂടുതൽ ആവേശവാനാക്കുന്നു. അടിവെച്ചുയരുന്ന കാമത്തിന്റെ ആവേശമടങ്ങുമ്പോൾ മാമൂട്ടി നിറംകെട്ട് വിളറുന്നു. എന്തെന്നില്ലാത്ത ഒരു ബേജാറും വ്യത്തിഹീനതയും കൊണ്ട് അമീറും വലയുന്നു. ഇരുളിലൂടെ തുഴഞ്ഞ് വീട്ടിലേക്ക് മടങ്ങിവരുമ്പോൾ അമീറിന്റെ തോളിൽ ചുറ്റിയിരുന്ന മാമൂട്ടിയുടെ കരങ്ങൾ വേർപിരിഞ്ഞിരിക്കും. അസഹനീയമായ ഒരു ചെടിപ്പ് ബാധിച്ച് അമീർ നടക്കുന്ന ഭാഗത്തേക്കുകൂടി നോക്കാൻ മാമൂട്ടി ഇഷ്ടപ്പെടുകയില്ല. കാലിൽ പറ്റിയിരിക്കുന്ന ചേടി മണൽ എത്ര കഴുകിയിട്ടും തൃപ്തിവരാതെ മാമൂട്ടിയുടെ മുഖത്ത് ചുളിവുകൾ പ്രത്യക്ഷപ്പെട്ടു.[13]

മാമൂട്ടിയുടെ ഈ മാറ്റം കാർത്തു തിരിച്ചറിയുന്നു. അവൾ അമീറിന്റെ കാര്യ ത്തിൽ പ്രത്യേകം ശ്രദ്ധപുലർത്തുന്നു. ഭർത്താവിനെ സന്തോഷിപ്പിച്ച് തന്നിലേക്ക് അടുപ്പിക്കുവാൻ ഭർത്താവിന്റെ പുരുഷ ഇണയെ ഭക്ഷണം വിളമ്പിയും അയാളുടെ കാര്യങ്ങളിൽ താല്പര്യം കാണിച്ചും പരിചരിക്കുന്ന ഭാര്യമാർ മറ്റു കൃതികളിലും കാണാൻ സാധിക്കും. ഒ.വി വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസത്തിലും' കെ.പി. രാമനുണ്ണിയുടെ 'കഥ, കഥാപാത്രം കഥാകൃത്ത്' എന്ന കഥയിലും ഈ കാഴ്ച കാണാം. ഭർത്താവിന്റെ സ്നേഹം തന്നിലേയ്ക്ക് എത്തിക്കാൻ ഭർത്താവിന് ഇഷ്ട പ്പെട്ടവരെ പരിചരിക്കുന്ന ഗതികെട്ട ഭാര്യമാരായി സ്വയം താഴുക. കാർത്തുവും അതേ സാഹചര്യങ്ങൾ നേരിടുന്നുണ്ട്. എങ്കിലും അവൾ ചോദ്യങ്ങൾകൊണ്ട് അമീ റിനെ പൊതിയുന്നു. കുടുംബബന്ധസങ്കല്പത്തെ രണ്ടിൽനിന്ന് മൂന്നിലേക്ക് പൊളിച്ചെഴുതേണ്ടുന്ന സാഹചര്യങ്ങളാണിവ. ഒരു പുരുഷന് ഇണയായി ഒരു സ്ത്രീ എന്ന സങ്കല്പത്തിനാണിവിടെ മാറ്റം ഉണ്ടാകുന്നത്.

"അമീറെ നിങ്ങള് കടപ്പുറത്ത് എത്രനേരം നടന്നു. നിങ്ങള് കടലിൽനിന്ന് കുറെവിട്ടിട്ടാണൊ ഇരുന്നത് അതോ അടുത്തോ"?

"പിന്നെ നിങ്ങള് വെള്ളത്തിൽകൂടി ഇറങ്ങിനടന്നോ".

എന്തെല്ലാം ചോദിച്ചിട്ടും അവസാനിക്കാത്ത പൊറുതിമുട്ടൽ അവൾ അനുഭ വിച്ചു.[14]

അതേസമയം അമീറിനെ, പിരിഞ്ഞിരിക്കാനാവാതെ പൊറുതിമുട്ടുന്ന മാമൂട്ടി കാമത്തിന്റെ പല്ലുകളുടെ മൂർച്ചയറിയുന്നു. അമീറിനെകുറിച്ചോർക്കുമ്പോൾ തീപിടിക്കുന്ന ആസക്തി പൊടുന്നനെ അവൻ വരാത്തതിലുള്ള ദേഷ്യമായി മാറുന്നു. ആ കാമാസക്തി ഇല്ലാതാക്കാൻ ഒരിക്കൽപോലും അയാൾ കാർത്തുവിലേക്ക് മടങ്ങിയെത്തുന്നില്ല. അമീറിനെ പ്രാപിക്കാനുള്ള അക്ഷമ രാത്രിവരെ പിടിച്ചുകെട്ടാനാവാതെ കുഴങ്ങുന്ന മാമൂട്ടിയോട് കാർത്തു മാതൃഭാവത്തോടെയാണ് പിന്നീട് പെരുമാറുന്നത്. പക്ഷേ അമീറിനെ ഇല്ലാതാക്കാൻ അവൾ ആഗ്രഹിക്കുന്നു. അമീറിനെ അവൾ തന്റെ കൂടെ കുളത്തിൽ കുളിക്കാൻ ക്ഷണിക്കുന്നു. അവനെ തന്റെ നെഞ്ചിൽ ചേർത്തുനിർത്തി അവനിലെ ലൈംഗികദാഹത്തെ ഉണർത്തുന്നു.

'കാർത്തുവിന്റെ മാറിൽ നിന്നുയരുന്ന സൗരഭ്യം വട്ടംപിടിച്ച് അവന്റെ നാസിക വിരിഞ്ഞുവന്നു. അതിന്റെ മൃദുലതയിലേക്ക് ചുണ്ടുകൾപിളർത്തി അവൻ മെല്ലെ കുഴഞ്ഞുവീണു. അവളുടെ നഗ്നതയുടെ ആഴങ്ങൾ താണ്ടാൻ അക്ഷമയോടെ തലയിട്ടിരുട്ടി'.[15]

ഈ കഥയിൽ ദ്വിലൈംഗിക കർതൃത്വമാണ് അമീറിനുള്ളത്. സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ മാത്രമാണവൻ മാമൂട്ടിക്ക് വഴങ്ങികൊടുക്കുന്നത്. അവൻ വിമതരതി ഇഷ്ടപ്പെടുന്നുണ്ടോ എന്നതിന് കഥയിൽ സൂചനയില്ല. എന്നാൽ ശാരീരികവർണ്ണനയിൽ അമീറിൽ സ്ത്രൈണതയാണ് മുഴച്ചുനിൽക്കുന്നത്.

വിമതരതിയിൽ കേന്ദ്രകർതൃത്വം ഏറ്റെടുക്കുന്നുണ്ടെങ്കിൽകൂടി ഒരേ സമയം രണ്ടു വ്യത്യസ്തരതിഭാവങ്ങളിൽ മാമൂട്ടി ഏർപ്പെടുന്നില്ല. കഥയുടെ ആദ്യഭാഗത്ത് പൂർണ്ണമായും സ്വാഭാവികരതിഭാവവും രണ്ടാം ഭാഗത്ത് പൂർണ്ണ വിമതഭോഗിയുമാണ് അയാൾ. അപകർഷബോധത്താലാണ് മാമൂട്ടിയിൽ സ്വവർഗ്ഗതത്പരത വളരുന്നത്. കാർത്തുവിന്റെ ദേവീചൈതന്യത്തിനു മുന്നിൽ മാത്രമാണയാൾ തളർന്നു പോകുന്നത്. അമീറിൽ മാമൂട്ടി കണ്ടെടുക്കാൻ ശ്രമിക്കുന്നതും സ്ത്രൈണതയാണ്. അതിനാലാണ് കാമാവേശത്തിന്റെ അവസാനത്തിൽ വെറുപ്പോടെ മാത്രം മാമൂട്ടി അമീറിനെ കാണുന്നത്. പാപബോധത്തിന്റെ ചെളിയാണ് എത്ര കഴുകിയാലും വൃത്തിയാവാത്ത കാൽപാദങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്നത്. താൻ ചെയ്യുന്നത് തെറ്റാണെന്ന ബോധം മാമുട്ടിയിലുണ്ട്.

കാർത്തുവിന്റെ മുലക്കാമ്പിൽ ആഞ്ഞുകടിച്ചുകൊണ്ട് അമീർ മരണമനുഭവിക്കുന്നു. തീരാത്ത ലൈംഗികദാഹമാണ് അവിടെ പ്രത്യക്ഷീഭവിക്കുന്നത്. ഒടുവിൽ 'ലിംഗഭേദം തിരിച്ചറിയാൻ പറ്റാത്ത മാറാപ്പുപോലെ'[16] അമീറിന്റെ ശരീരം കുളത്തിൽ പൊങ്ങുമ്പോൾ കടലിന്റെ പൗരുഷംതേടി മാമൂട്ടിയുടെ തറവാടു വിട്ടിറങ്ങുന്ന കാർത്തു തികഞ്ഞ സ്വാഭാവികരതിക്കാരിയും സമൂഹത്തിൽ അംഗീകാരം നേടിയവളുമാണ്. പിന്നീട് ബീബിയായി പുനർജ്ജനിക്കുന്ന കാർത്തു മാതൃബിംബമാകുന്നു.

മാമൂട്ടിക്ക് അമീറിനോടുള്ള താത്പര്യവും അമീറിനെ കാർത്തു ക്ഷണിക്കുന്ന സന്ദർഭവും ജലമയമായ രതിയുടേതാണ്. രതി അതിന്റെ സൗരൂപ്യമിയന്ന വിഭിന്നതകൾ ഈ കഥയിൽ അടയാളപ്പെടുത്തുന്നു. ഒരു സ്ത്രീക്ക് കാമബാഹ്യമായ സൗന്ദര്യമാനങ്ങൾ കഥാകൃത്ത് നൽകുന്നുണ്ടെങ്കിലും തനിക്ക് രതി നിഷേധിക്കാൻ തന്റെ ഭർത്താവിന് പ്രേരണയായി മാറുന്ന അമീറിനോട് മരണം കൊടുത്ത് പ്രതികാരം വീട്ടുന്ന കാർത്തു എന്ന സ്ത്രീലാവണ്യം ഉർവ്വരതയുടെ സർവ്വബന്ധിയായ രൂപകമാവുന്നു കഥയിൽ. വിമതരതിബന്ധത്തിലേർപ്പെട്ട മാമൂട്ടിക്കും അമീറിനും ചതിമരണം ലഭിക്കുന്നു. വിമതരതിക്ക് ലഭിക്കുന്ന ശിക്ഷയാണത്. കഥാകാരൻ വായനക്കാരനോട് അങ്ങനെ സംവദിക്കുന്നില്ല. എങ്കിലും വായനയിൽ ഭവിക്കുന്നത് വിമതബന്ധം പാപമാണെന്ന ധാരണ ഊട്ടിയുറപ്പിക്കലാണ്. അരുതാത്തതിനെ സ്പർശിക്കുമ്പോൾ അടങ്ങാത്ത ആവേശം മാമൂട്ടിയിൽ ഉണ്ടാകുന്നത്, സമൂഹത്തിന്റെ കപടസദാചരബോധത്തെ രഹസ്യമായെങ്കിലും തള്ളിക്കളയാൻ ഓരോ മനുഷ്യനിലും തുടിച്ചുനിൽക്കുന്ന ആഗ്രഹം മാമൂട്ടിയിലും ഉള്ളതുകൊണ്ടാണ്. അതോടൊപ്പം കാർത്തുവെന്ന ഭഗവതീ ചൈതന്യത്തിനുമുന്നിൽ തളർന്ന പൗരുഷത്തിന്റെ വീണ്ടെടുപ്പും ഈ ബന്ധത്തിൽ മാമുട്ടിക്ക് സാധ്യമാവുന്നു.

### 3.2.2 കുറ്റവും ശിക്ഷയും

ഈ കഥയിൽ സെയിൽസ്ഗേൾസിന്റെ ഉന്നമനത്തിനുവേണ്ടി സ്ത്രീവേദി നടത്തുന്ന ബോധവത്കരണപരിപാടിയിൽ ക്ലാസെടുക്കാനെത്തിയതാണ് മിസ് പങ്കജാക്ഷി. സെയിൽസ്ഗേളായ മേരിയോട് തോന്നുന്ന ലൈംഗികതാല്പര്യമാണ്

ഇതിവൃത്തം. ഡൈവോഴ്സിനുശേഷം ഭർത്താവായിരുന്ന വിങ്ങ് കമാൻഡറുടെ തലയെടുപ്പുകൂടി അവർ സ്വയം ഏറ്റെടുത്തിരുന്നു.

''പ്രിയപ്പെട്ട സ്നേഹിതൻമാരേ................'' പുരുഷന് തൊണ്ടയിടറിയാൽ സംഭവിക്കുന്ന ശബ്ദസൈത്രണതയിൽ അവൾ തുടങ്ങി.[17]

തൊണ്ണൂറ്റിയേഴ്-തൊണ്ണൂറ്റിയെട്ടിൽ കോർപ്പറേഷൻ പരിധിയിൽ നടന്ന ഇരുപത്തേഴ് ലൈംഗികകുറ്റങ്ങളിൽ പതിമൂന്നെണ്ണം സെയിൽസ്ഗേൾസിനു നേരെയായിരുന്നു എന്നുപറഞ്ഞ് ക്ലാസ്സെടുത്ത പങ്കജാക്ഷി, തുടർന്ന് ടീ ബ്രെയ്ക്കിനുശേഷം ലൈംഗികചൂഷണങ്ങളിൽനിന്നു സ്ത്രീകൾക്കു ലഭിക്കുന്ന നിയമപരിരക്ഷകൾ വിശദീകരിച്ചു. സെക്ഷൻ 375, സെക്ഷൻ 354, സെക്ഷൻ 509 എന്നീ നിയമപരിരക്ഷകളെക്കുറിച്ച് ഒരു വക്കീലിന്റെ വീറോടെ അവർ ക്ലാസെടുത്തു. സ്ത്രീകളുടെ പ്രശ്നങ്ങളിൽ അങ്ങേയറ്റം സ്ട്രിക്ടായ അരുൺ ബേഡി എന്ന ഐ.പി.എസ്. നാളെ നഗരത്തിൽ പോലീസ്കമ്മീഷണറായി ചാർജ്ജെടുക്കുകയാണെന്ന സന്തോഷവാർത്ത അറിയിച്ചുകൊണ്ടാണ് രണ്ടരമണിക്കൂർ നീണ്ട ബോധവത്ക്കരണം അവസാനിച്ചത്. തുടർന്നുള്ള വിവരണങ്ങളിൽ മിസ് പങ്കജാക്ഷിയിലെ ഒളിഞ്ഞിരിക്കുന്ന സ്വവർഗ്ഗലൈംഗിക താല്പര്യം പുറത്തുവരുന്നു.

ഒരു പ്രവൃത്തി ദിവസം രാവിലെ ഒൻപതു മണിക്ക് ബസ്സ്റ്റോപ്പിൽ ബസ്സുകാത്തു നിൽക്കുന്ന സെയിൽസ്ഗേളായ മേരിയുടെ മുന്നിൽ കാർ നിർത്തി അവളെ പങ്കജാക്ഷി കാറിലേക്കു കയറ്റി. ദിവസവും തന്റെ കൂടെ യാത്ര ചെയ്യാൻ ക്ഷണിച്ചു. ഒരു സെയിൽസ്ഗേളിനു കിട്ടുന്ന ഏറ്റവും വലിയ അംഗീകാരമായിരുന്നു അത്. ആ പ്രവർത്തനത്തിനു പിന്നിലെ ഉദ്ദേശ്യം മറ്റൊന്നായിരുന്നു എന്ന് മേരി തിരിച്ചറിയുന്നു.

സ്നേഹനിർഭരമായ വാചകങ്ങൾക്കൊപ്പം 'ഡ്രൈവിങ്ങ് സീറ്റിൽനിന്ന് ഏന്തിവന്ന പങ്കജാക്ഷിയുടെ ഒരു കൈ അലസമായി അവളിൽ എന്തോ തപ്പിപരതി'. മേരിക്ക് അങ്ങനെയൊരു വസ്തുത തന്റെ മനസ്സിൽപോലും രേഖപ്പെടുത്താനോ എതിർത്തുപറയാനോ കഴിഞ്ഞില്ല. പിറ്റേദിവസം സ്വല്പം വൈകി വീട്ടിൽ നിന്നിറങ്ങിയിട്ടും ബസ്സ്റ്റോപ്പിന്റെ മൂലയിൽ പതുങ്ങിനിന്നിട്ടും പങ്കജാക്ഷിയുടെ കാറിൽ നിന്നവൾക്ക് രക്ഷപ്പെടാനാകുന്നില്ല. തുടർന്നുള്ള മൂന്ന് ദിവസങ്ങ

ളിലും ആ തണുത്ത സവാരി അവൾ സഹിക്കുന്നു. ഇനിവയ്യ എന്നു ഉറച്ച തീരുമാനത്തോടെയാണ് നാലാംദിവസം അവൾ നേരത്തേ വീട്ടിൽനിന്നും ടെക്സ്റ്റയിൽസിൽ എത്തുകയും മുതലാളിയുടെ അനുജനായ മൊയ്തീൻകുട്ടി ദിവസങ്ങളായി നടത്തിക്കൊണ്ടിരുന്ന ലൈംഗികഉരുമ്മലുകൾക്ക് പൂർത്തീകരണമെന്നപോലെ അയാളെ പ്രാപിക്കുകയും ചെയ്യുന്നത്. വിമതരതിയോടുള്ള വെറുപ്പും ഭയവുമാണ് ഈ പ്രവർത്തിക്ക് അവളെ പ്രേരിപ്പിക്കുന്നത്. പക്ഷേ, കാര്യം നടന്നതിനുശേഷം അയാളുടെ മണംപോലും അവളിൽനിന്ന് ഇല്ലാതാക്കാൻ അയാൾ കാണിച്ച വ്യഗ്രത അവളെ മടുപ്പിക്കുന്നു.

പിറ്റേന്നു രാവിലെ മിസ് പങ്കജാക്ഷി ബസ്സ്റ്റോപ്പിൽ കാറ് നിർത്തിയപ്പോൾ നിശ്ശബ്ദം മേരി അകത്തുകയറി നീണ്ടുവന്ന വിരലുകളോട് എതിർപ്പോ അനുഭാവമോ പ്രകടിപ്പിക്കാതെ നിർവികാരയായി ഇരുന്നു കൊടുക്കുകയാണ്. ആ നിർമമത വിമതരതിയോടുള്ള വിരക്തിയെ കുറിക്കുന്നു.

മേരിയെ സംബന്ധിച്ചിടത്തോളം ആണായാലും പെണ്ണായാലും ലൈംഗികമായി ചൂഷണം ചെയ്യും. അതിനെ പ്രതിരോധിക്കാനുള്ള വകുപ്പുകളൊന്നും അവൾക്കറിഞ്ഞുകൂടാ. പങ്കജാക്ഷിയുടെ സ്വഭാവചിത്രീകരണത്തിൽ അലപം പൗരുഷം എഴുത്തുകാരൻ ബോധപൂർവ്വം സൃഷ്ടിക്കുന്നത് അവളുടെ ലൈംഗികതാല്പര്യത്തിന്റെ വെളിപ്പെടുത്തൽ കൂടി സാധ്യമാക്കാനാണ്. പുരുഷന് തൊണ്ടയിടറിയാൽ സംഭവിക്കുന്ന ശബ്ദത്തിൽ സംസാരിച്ചുതുടങ്ങി എന്നതും ഭർത്താവായ കമാൻഡറുടെ തലയെടുപ്പുകൂടി അവൾ ഏറ്റെടുത്തു എന്നതും അതിനുള്ള ചില ഉദാഹരണങ്ങൾ മാത്രം

### 3.2.3 കഥ - കഥാപാത്രം - കഥാകൃത്ത്

ഈ കഥയിൽ കഥാകൃത്തിനോട് ഹൃദയം തുറക്കുന്ന കഥാപാത്രമാണുള്ളത്. തന്റെ വിമതരതി ബന്ധത്തെ ന്യായീകരിച്ചുകൊണ്ടിരിക്കുന്ന കഥാനായകനായ മധുവിനെ മനസ്സിലാക്കാൻ കഥാകൃത്തിനല്ലാതെ മറ്റാർക്കും സാധിക്കുകയില്ല എന്നുപറഞ്ഞ്, തന്റെ അനുഭവങ്ങൾ കഥാപാത്രമായ മധു തുറന്നുപറയുന്നു. തന്റെ പ്രിയപ്പെട്ട കുഞ്ഞാലിക്കയുടെ മരണമാണ് ഈ തുറന്നുപറച്ചിലിന് കാരണമായത്.

മധുവിന്റെ ജീവിതത്തിലേക്ക് പനിച്ചൂടിനെ ആറ്റിത്തണുപ്പിക്കാനായി പിതൃ തുല്യ വാത്സല്യവുമായാണ് കുഞ്ഞാലിക്ക കടന്നുചെല്ലുന്നത് ഭീകരമായ ടൈഫോയിഡ് മാറിയതിനുശേഷം അച്ഛനില്ലാത്ത ആ ബാലനെ ആരോഗ്യത്തിലേക്ക് കൊണ്ടുവന്നത് മുഖ്യമായും അയാളായിരുന്നു.

കുഞ്ഞാലിയും മധുവും ഒരൊറ്റ സമുദായത്തിലല്ല, ഒരൊറ്റ കുടുംബത്തിലെയല്ല എന്നിട്ടും ഒരൊറ്റ വ്യക്തിത്വത്തിലെ ഉൾപ്പിരിവുകളായാണ് നാട്ടുകാർ ഓർമ്മിച്ചത്.

''കുഞ്ഞാലീ നെന്റെ മധുവിന്റെ വയ്യായ മാറിയോ?''

''കുഞ്ഞാലി നെന്റെ മധു ഇക്കൊല്ലം പാസായോ?''[18]

തെറ്റിദ്ധാരണകളില്ലാത്ത സമൂഹത്തിന്റെ സ്നേഹവായ്പ്പാണത്. ചന്തപ്പടിയിലും ഇടവഴിയിലും വെച്ചുള്ള നാട്ടുകാരുടെ ഈ വക അന്വേഷണങ്ങൾക്ക് അഭിമാനത്തോടു കൂടിയായിരുന്നു ഇന്നലെവരെ കുഞ്ഞാലി മറുപടി നൽകിയത്.

പക്ഷേ, അവരുടെ ബന്ധത്തിന് രഹസ്യാത്മകത കൈവന്നത് ചിമ്മിണിക്കാവെന്ന സ്ഥലത്തെ പൂരത്തോടുകൂടിയാണ്. പൂരത്തിന്റെ ക്ഷീണം തീർക്കാൻ ഏതോ സ്കൂൾ ഷെഡ്ഡിൽ അവർ ഒന്നിച്ചുറങ്ങാൻ കിടന്നു. ശരീരത്തെ ക്ഷീണം തകർത്ത ആ രാത്രിയിൽ ക്ഷീണം തീർക്കാനുള്ള ഒരു ഉപാധിയെന്ന നിലയിലാണ് വല്ലാത്ത ആർദ്രതയോടെ സ്നേഹത്തോടെ കുഞ്ഞാലി മധുവിനെ പൊതിഞ്ഞുപിടിച്ചത്. കുഞ്ഞാലിക്ക കെട്ടിപ്പിടിച്ചപ്പോൾ ചിമ്മിനിക്കാവ് പൂരം മധുവിന്റെ ശരീരത്തിലായിരുന്നു. തന്റെ ശരീരഭാഗത്തു ഇതുവരെ ലജ്ജാകരമായി കരുതിയിരുന്ന ഒരു ഭാഗം ഇത്ര ആസ്വാദ്യത സമ്മാനിക്കുമെന്ന് മധു ആദ്യമായി തിരിച്ചറിയുകയായിരുന്നു.[19]

പിന്നീട് മധുവിനോടുള്ള എല്ലാ പെരുമാറ്റത്തിലും വല്ലാത്തൊരു ദയാവായ്പും പീഡിതഭാവവും കുഞ്ഞാലിയിൽ ആഴ്ന്ന് നിൽക്കുന്നു. ആരും കാണുകയും കേൾക്കുകയും ചെയ്യാത്ത ഒരു അന്തർമുഖ ലോകത്താണ് തന്നെ കുഞ്ഞാലിക്കയ്ക്ക് ആവശ്യമെന്ന് മധു തിരിച്ചറിയുന്നു. അവൻ സന്തോഷത്തോടെ അത് അംഗീകരിക്കുന്നു. കണ്ണിന്റെ കുറിമാനങ്ങൾക്ക് മറുമാനം കൊടുത്ത് ആംഗ്യങ്ങളി

ലൂടെയും മുദ്രകളിലൂടെയും അവർ ഹൃദയം കൈമാറി. അതോടെ കുഞ്ഞാലിയെ അതുവരെ ശ്രദ്ധിക്കാതിരുന്ന അയാളുടെ ഭാര്യ ആയിഷ ഒരു വേട്ടപ്പട്ടിയായി രൂപം മാറുന്നു. ഇവരുടെ ബന്ധങ്ങളിലെ അസ്വാഭാവികത അവളെ ജാഗരൂഗയാക്കുന്നു.

ഈ കഥയെഴുതേണ്ടിവരുന്ന കഥാകൃത്തിന്റെ മനസ്സ് ശ്രദ്ധേയമാണ്. ഇത്തരം ഒരു കഥയെഴുതിയാൽ കോളേജിലും കുടുംബത്തിലുമുള്ള തന്റെ വ്യക്തിത്വം എന്താകുമെന്ന് എഴുത്തുകാരൻപോലും ഭയപ്പെടുന്നുണ്ട്. കഥയായി പോലും അടയാളപ്പെടുത്തേണ്ടതല്ല വിമതലൈംഗികതയെ എന്നും അത് രഹസ്യവും നിഗൂഢവുമായിരിക്കണമെന്ന സമൂഹത്തിന്റെ പൊതുബോധമാണ് എഴുത്തുകാരനിലുമുള്ളത്. തന്റെ കുടുംബത്തിൽപോലും ഇതു പ്രശ്നമുണ്ടാകുമെന്ന് അയാൾ ഭയപ്പെടുന്നു. കഥയെഴുത്തുകാരനും ഈ കഥയിലെ ഒരു കഥാപാത്രമാകുന്നത് അതുകൊണ്ടാവാം.

'കാമത്തിന്റെ ഉത്സാഹക്കട്ടിലിൽ മധുവുമായി സൊറപറഞ്ഞിരിക്കുന്ന കുഞ്ഞാലി ആയിഷയെ കണ്ടാൽ ഞെളിയാനും പിരിയാനും ബലം പിടിക്കാനും തുടങ്ങി. വീട്ടിൽ സംഭവിക്കുന്ന മധുവിന്റെ സാന്നിധ്യം അവളുടെ ഇരിക്കപ്പൊറുതി മുട്ടിച്ചു. റംസാൻകാലത്ത് ഒരു ദിവസം നോമ്പുതുറയ്ക്ക് മധു കുഞ്ഞാലിയുടെ വീട്ടിലെത്തുമ്പോൾ അവർക്ക് തിരിയാനും മറിയാനും ഇടംകൊടുക്കാത്തവിധം ആയിഷ മധുവിനെ പരിചരിക്കുന്നതും തന്റെ കണ്ണുതെറ്റി മധുവിനോടുള്ള കുഞ്ഞാലിയുടെ വിമതഭോഗാസക്തി ഉണരുമോ എന്നു ഭയന്നാണ്. രാത്രി അവനെ വീട്ടിൽ കൊണ്ടുപോയാക്കാൻ കുഞ്ഞാലി ടോർച്ചുമെടുത്ത് പുറത്തിറങ്ങുമ്പോൾ ടോർച്ച് കൈയിൽ കൊടുത്ത് 'പോ' എന്നൊരു ആട്ടായിരുന്നു ആയിഷയിൽനിന്നു പുറപ്പെട്ടത്.'[20]

കഥാകൃത്തിന്റെ കഥയെഴുത്തുരീതി കഥാപാത്രം വിമർശിക്കുന്നിടത്ത്, വിമതപ്രേമം തേഡ് ക്ലാസ് അനുഭവങ്ങൾ മാത്രമേ ജനിപ്പിക്കുകയുള്ളൂ എന്ന് ധ്വനിപ്പിച്ച് സ്ത്രീപുരുഷ രതിയുടേതായ പ്രത്യയശാസ്ത്രം പുനരുത്പ്പാദിപ്പിക്കുകയാണ് കഥാകൃത്ത് ചെയ്യുന്നതെന്ന് കഥാപാത്രം കുറ്റപ്പെടുത്തുന്നു. ഈ തിരിച്ചറിവ് നമ്മുടെ മുഖ്യധാരാമാധ്യമങ്ങളുടെ ഉദ്ദേശ്യശുദ്ധിയെതന്നെ ചോദ്യം ചെയ്യാൻ പര്യാപ്തമാണ്. ശരിയായതിനെ പ്രതിഫലിപ്പിക്കാതെ, ഇല്ലാത്തതോ രസകരമല്ലാ

ത്തതോ ആയ ഒരു സ്വഭാവത്തെ സമൂഹത്തിന്റെ താത്പര്യചട്ടക്കൂട്ടിൽനിന്ന് വീണ്ടും വീണ്ടും മെനഞ്ഞെടുക്കുക.

'പട്ടിയെ ആട്ടുന്നപോലെയാണ് അന്നുരാത്രി ആയിഷാത്ത തന്നെ ആ വീട്ടിൽനിന്ന് ഇറക്കിവിട്ടത്' എന്ന് കഥാപാത്രം പറയുന്നു. കുഞ്ഞാലിക്കയുടെ സ്നേഹവിരലിൽനിന്ന് എന്തെങ്കിലും ഭക്ഷണം ലഭിക്കുന്നത് തടയാൻ വേണ്ടിയായിരുന്നു ഇടംവലം തിരിയാതെ അവർതന്നെ പരിചരിക്കുന്നതായി നടിച്ചതും തന്റെ പാത്രത്തിലേക്ക് നായ്ത്തീറ്റ എറിഞ്ഞുതന്നതും എന്ന് കഥാപാത്രത്തിനറിയാം. അതിനുശേഷം ഓരോ കല്യാണാലോചനയുമായി വീടുകൾ കയറിയിറങ്ങുമ്പോഴും പെണ്ണിന്റെ മുഖത്തോ മാറിലോ അരയിലോ ആയിഷയുടെ നിഴലുകൾ ദർശിച്ച് ഭയത്തോടെ മധു മടങ്ങിപ്പോരുന്നു.[21]

ആ ആട്ടിനുശേഷം മൂന്നുദിവസത്തോളം കുഞ്ഞാലിക്കയുടെ അടുത്തു പോകാതെ മധു പിടിച്ചുനിന്നെങ്കിലും കുഞ്ഞാലിക്ക അവനെ തേടിവരുകയും ബീടരുടെ വീട്ടിലെ കുഞ്ഞാലിക്കയുടെ അറയിൽ സ്വസ്ഥമായി അവർ അടച്ചിരിക്കുകയും ചെയ്യുന്നു.

''പക്ഷേ, മസിലിന്റെ അന്തസ്സില്ലാത്ത പെൺകരുത്തിനാൽ കതക് തുറക്കപ്പെട്ടു. ആയിഷ, യക്ഷി, രാക്ഷസി, രക്ത ഭദ്രകാളി എന്നീ രൂപങ്ങളിലേക്ക് പരിണമിച്ചു.''

''എന്താ ഈ ജന്തുവിന് ഇവിടെ പണി''

''കടക്ക് പുറത്ത്-''

വിസർജ്ജ്യവസ്തു തോണ്ടിയെറിയുന്നതുപോലെ അവരെന്നെ അറപ്പുദൃഷ്ടികളാൽ പുറത്തേക്ക് തുരത്തി.

''മധു ഇപ്പോൾ പോകില്ല.''

ആണിപ്പാത്രം കമിഴ്ത്തിവെച്ച ശബ്ദത്തിൽ ചിലമ്പിക്കൊണ്ട് കുഞ്ഞാലിക്ക പറഞ്ഞു.

''ഓ മധൂനെ നിങ്ങക്ക് പിരിയാൻ വയ്യേ''

''എന്നാ നിങ്ങളും ഇറങ്ങ് പുറത്ത്''.[22]

അന്നു പിരിയുന്ന ആ വിവാഹബന്ധം ഒട്ടേറെ അനുരഞ്ജനങ്ങളാൽ കൂട്ടി ച്ചേർക്കാൻ ബന്ധുക്കൾ ശ്രമിക്കുന്നുണ്ടെങ്കിലും കുഞ്ഞാലി തയ്യാറാവുന്നില്ല. സ്വന്തംമകളുടെ വിവാഹദിവസം അവളുടെ കൈപിടിച്ചു കൊടുക്കാൻപോലും അയാൾ തയ്യാറായില്ല.

'ഇന്നിതാ കുഞ്ഞാലിക്ക മരിച്ച് ആ പാപപർവ്വത്തിന്റെ അധ്യായം അവസാ നിച്ചിരിക്കുന്നു'.

ഒരു സ്വവർഗ്ഗ ഇണയോടുള്ള ബന്ധം സ്വന്തം മകളോടുള്ള രക്തബന്ധത്തേ ക്കാൾ വലുതായിരുന്നു കുഞ്ഞാലിക്ക്. അത് കേവലമായ രതിസുഖത്തിൽ അവ സാനിക്കുന്നില്ല. ഹൃദയങ്ങൾ തമ്മിലുള്ള ഗാഢമായ അടുപ്പം മരണംവരെ തുടരു ന്നു. അയാളുടെ സ്നേഹമല്ല രതിയെ പാപമായി ചിത്രീകരിക്കുന്നത്. ക്രിസ്ത്യൻ മിത്തിക്കൽ സങ്കല്പമാണ്. അതിനാൽ 'ആ പാപപർവ്വം അവസാനിച്ചു' എന്ന് കഥാപാത്രം പറയുന്നു.

തന്റെ കഥ പ്രസിദ്ധീകരിക്കാൻ യോഗ്യമാകുംവിധം മിനുക്കലോ കത്രി ക്കലോ സൂത്രപ്പണികളോ ഇല്ലാതെ മലയാളത്തിലേക്ക് മുതൽക്കൂട്ടാകുമെന്ന് നിശ്ച യമില്ലാതെ തനിക്കും കുഞ്ഞാലിക്കയ്ക്കുംവേണ്ടി മാത്രമായി കഥ തയ്യാറാക്കാൻ കഥാപാത്രം കഥാകാരനോട് ആവശ്യപ്പെടുന്നത് ശ്രദ്ധേയമാണ്. സമൂഹത്തിന് ഉൾക്കൊള്ളാൻ പറ്റാത്തതൊന്നും കഥയായി പോലും പുറത്തുവരാൻ പാടില്ല എന്ന അലിഖിതബോധം സമൂഹമനസ്സിനുണ്ട് എന്ന തുറന്നെഴുത്താണത്. പലപ്പോഴും ഉപരിപ്ലവരചനകൾക്കപ്പുറം ജീവിതത്തിലെ ജൈവികചോദനകളുടെ തലം അറപ്പു ളവാക്കുന്നതോ അവഗണിക്കപ്പെടുന്നതോ ആവാം. അതിനെക്കൂടി വെളിച്ചം കാണിക്കുമ്പോഴേ കഥകൾ ജീവിതഗന്ധിയാവൂ. ആ ജീവിതഗന്ധം അടയാളപ്പെടു ത്താൻവേണ്ടി മാത്രമാണ് തന്റെ കഥയെഴുതാൻ കഥാപാത്രം കഥാകൃത്തിനെ തിര ക്കിച്ചെല്ലുന്നത്.

കഥ പൂർണമാക്കാൻ അറുപത്തിനാല് സാധ്യതകളെങ്കിലും തുറന്നിട്ടു കൊണ്ടാണ് കഥാകൃത്ത് കഥയിൽനിന്ന് പിൻവാങ്ങുന്നത്. വിമത ലൈംഗികതയുടെ സുഖാനുഭൂതിക്കപ്പുറം ആഴത്തിൽ വേരോടിയ കുഞ്ഞാലി-മധു ഹൃദയബന്ധത്തിന്റെ ആഖ്യാനം കൂടി ഉൾകൊള്ളുന്ന ഈ കഥ വിമത ലൈംഗികരോട് ഒരു ചുവടുകൂടി അടുത്തുനിന്ന് നീതിപുലർത്തുന്നുണ്ട്.

### 3.2.4 ചരമവാർഷികം

ഫാക്ടറി തൊഴിലാളിയായ ദാമു എന്ന ദാമോദരൻ ആഗ്രഹിച്ചു സ്വന്തമാക്കിയ ഭാര്യയോടൊപ്പം മധുവിധു ആഘോഷിക്കാൻ മഹാബലിപുരത്തേക്ക് പുറപ്പെടുന്നതും തുടർന്നുണ്ടാവുന്ന സംഭവവികാസങ്ങളാണ് ഈ നോവലിൽ ചിത്രീകരിക്കുന്നത്. എത്ര ശ്രമിച്ചിട്ടും തങ്ങളുടെ ലൈംഗികജീവിതം സുഖകരമാകുന്നില്ല എന്ന തിരിച്ചറിവ് ഭാര്യയെ കൊന്നുകളഞ്ഞാലോ എന്ന ചിന്തയിലേക്ക് ദാമുവിനെ പരിണമിപ്പിക്കുന്നു. ബോധപൂർവ്വമല്ലാതെ സാവിത്രിയെന്ന ഭാര്യയെ കല്ലുകൊണ്ട് അടിച്ചുകൊല്ലാൻ ശ്രമിക്കുന്ന തരത്തിലേക്ക് ആ ബന്ധം വഴിമാറുന്നു.

ഇതേ മഹാബലിപുരത്തുവച്ചാണ് ഇരുപത് വർഷം മുൻപ് പിരിഞ്ഞ തന്റെ കളിക്കൂട്ടുകാരൻ ഇസ്മയിലിനെ കണ്ടെത്താൻ ദാമുവിന് സാഹചര്യമുണ്ടാകുന്നത്. ദാമു ഇസ്മയിലിനെ ഇരുപത് വർഷങ്ങൾക്കുശേഷവും ഒറ്റ കാഴ്ച്ചയിലേ തിരിച്ചറിയുന്നു. അസൗകര്യങ്ങൾ നിറഞ്ഞ അവരുടെ വീട്ടിലേക്ക് മധുവിധുവിന്റെ മണം മാറാത്ത സാവിത്രിയുടെയും ദാമുവിന്റെയും ഒറ്റമുറിയിലെ പാർപ്പുകാരനാകുന്നു ഇസ്മയിൽ. തുടർന്ന് ദാമുവിന്റെ ജീവിതത്തിന് ലക്ഷ്യങ്ങളുണ്ടാകുന്നു. സ്വന്തം ഭാര്യയെ പരിചരിക്കുന്നതിനെക്കാൾ ഉഷാറോടെ അയാൾ ഇസ്മയിലിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു. കുട്ടിക്കാലത്തെ അച്ഛനമ്മ കളിയുടെ ഓർമകളിലേക്ക് ഊളിയിട്ട് വിമതരതിയുടെ മധുരം നുണയുകയും അത് ആവർത്തിക്കുകയും ചെയ്യുന്നു. ഇസ്മയിൽ ഒന്നിനെയും എതിർക്കുന്നില്ല. പക്ഷേ, തമിഴ്ചുവയിലുള്ള അവന്റെ സംസാരം ഇസ്മയിൽ മലയാളം മറന്നുപോയതെന്തേ എന്ന ചിന്തമാത്രമാണ് മധുവിൽ അവശേഷിപ്പിക്കുന്നത്. വിമതരതിയുടെ മധുരാനുഭവം തുച്ഛമായ ഫാക്ടറി ശമ്പളത്തിലും ഇസ്മായിലിനെ കരുതലോടെ തന്റെ ജീവിതത്തോടു ചേർത്തു നിർത്താൻ ദാമുവിനെ പ്രേരിപ്പിക്കുന്നു.

സ്വന്തമായൊരു തൊഴിൽ ലഭിച്ച് ആ വീടുവിട്ടിറങ്ങി പോയതിനുശേഷം താൻ ഇസ്മയിലല്ല എന്ന സത്യം ആ അപരൻ ദാമുവിനെ അറിയിക്കുന്നു. വിളറി പിടിച്ച ദാമു തന്റെ ഭാര്യയെ അവളുടെ ഗൃഹത്തിലുപേക്ഷിച്ച് കളിക്കൂട്ടുകാരനായ ഇസ്മയിലിനെ തേടിയിറങ്ങുന്നതും കുട്ടിക്കാലത്തെ വിമതരതിക്ക് അത്രയേറെ സുഖാനുഭൂതി നൽകാൻ കഴിഞ്ഞതുകൊണ്ടാണ്.

തീക്ഷ്ണമായ വിമതരതി ബോധം അബോധമായ മനസ്സിൽ ഉറങ്ങിക്കിടക്കുകയും എന്നാൽ അപരലിംഗ സാന്നിധ്യത്തിൽ അത് ശക്തമായി ഉണർന്നുവരുകയും ജീവിതത്തിന്റെ പ്രധാനലക്ഷ്യം വിമത ഇണയിലേക്കുള്ള മടങ്ങിപ്പോക്കാണ് എന്ന് തിരിച്ചറിയുകയും ചെയ്യുന്ന കഥാപാത്രമാണ് ഇവിടെ ദാമു. ചില സ്വവർഗ രതിക്കാരിൽ ഇത്തരം അന്തർലീന ചോദനകൾ വിവാഹശേഷം ഉണർന്നുവരുന്നതിന്റെ ധാരാളം ഉദാഹരണങ്ങൾ പല മാധ്യമങ്ങളും അടയാളപ്പെടുത്തിയിട്ടുണ്ട്. വിമതരതി ഈ കഥയിൽ ഒരു ജൈവിക ചോദനയായി പ്രത്യക്ഷപ്പെടുന്നു. സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ താത്കാലികമായി സൃഷ്ടിക്കപ്പെടുന്ന ഒന്നല്ല അത്. വിമത ലൈംഗികതയിലെ കർതൃത്ത്വസ്വഭാവികൾക്കാണ് ഇത്തരം സാഹചര്യങ്ങൾ നേരിടേണ്ടിവരുന്നത്. ഈ കഥയിലും ലില്ലിക്കുട്ടി എന്ന പഴയ ക്ലാസ്മേറ്റിന്റെ ശരീരഭംഗിയും ചൂടും ചൂരുമാണ്, ദാമുവും ഇസ്മയിലും പരസ്പരം അന്വേഷിക്കുന്നത്. പുരുഷൻ എന്നും തേടുന്നത് സ്ത്രീശരീരം തന്നെയാണെന്ന് ഉറപ്പിക്കാനുള്ള ഒരു ശ്രമമായി ഈ വിവരണത്തെ കാണാം.

കെ.പി.രാമനുണ്ണിയുടെ ഓരോ കഥയിലേയും വിമതലൈംഗികത അതിന്റെ രൂപപ്പെടലിന്റെ സാഹചര്യത്തിൽ വ്യത്യസ്തത പേറുന്നു. 'സൂഫിപറഞ്ഞ കഥ'യിൽ മാമൂട്ടിയുടെ അപകർഷതയാണ് അമീറിൽ സ്ത്രൈണത തേടുന്നതിനും അയാളെ പ്രേരിപ്പിക്കുന്നതെങ്കിൽ 'കഥാ കഥാപാത്രം കഥാകൃത്തിൽ' സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ ഒരിക്കൽ നുണയുന്ന രസം സ്ഥായിഭാവം നേടുന്ന വിമതലൈംഗികതാബോധമാണുള്ളത്. 'കുറ്റവും ശിക്ഷയും' എന്ന കഥയിൽ ലൈംഗികപ്രവണത പ്രകടമാണ്. പങ്കജാക്ഷിക്കുമുന്നിൽ നിസ്സംഗതയോടെ അവരുടെ ലൈംഗികതാത്പര്യത്തിന് ഇരുന്നുകൊടുക്കുന്ന മേരിയിലും ഒരു ചൂഷണസാഹചര്യം എന്നതിനപ്പുറം വിമതരതിരീതിയോട് താത്പര്യമില്ല ചരമവാർഷികത്തിലാകട്ടെ വിമതരതി ജൈവികചോദനയാണ്.

പുരുഷനിൽ സ്ത്രൈണത തേടുന്ന സ്വവർഗ്ഗഭോഗാസക്തിയാണത്. കെ.പി.രാമനുണ്ണിയുടെ മറ്റ് കൃതികളിലെ സ്വാഭാവിക രതിപരാമർശങ്ങളിൽപോലും സ്ത്രീയോടും സ്ത്രീയുമായി ബന്ധപ്പെട്ട രതിതാത്പര്യത്തോടും ഒരപകർഷ ബോധം നിലനിലക്കുന്നതായി കാണാം.

### 3.3 വൈക്കം മുഹമ്മദ് ബഷീർ

#### 3.3.1 ശബ്ദങ്ങൾ (1947)

ആധുനികഭാഷാസാഹിത്യത്തിൽ ഇന്നുവരെ ആരും തുറുന്നു വർണിച്ചിട്ടില്ലാത്ത സ്വവർഗ്ഗസംഭോഗം തുറന്നു വർണിച്ചിരിക്കുന്നു എന്ന് അവതാരികകാരനായ എ.ബാലകൃഷ്ണൻ അഭിപ്രായപ്പെട്ടു. 'ശബ്ദങ്ങൾ' അതിലെ വിമതരതി ചിത്രീകരണം കൊണ്ടുതന്നെ ഏറെ വിമർശനങ്ങൾ നേരിട്ട രചനയാണ്.

'ഒരു നാൽക്കവലയിൽനിന്ന് വൈദികൻ എടുത്തുവളർത്തിയ ശിശു പട്ടാളക്കാരനായി രണ്ടാംലോകമഹായുദ്ധത്തിൽ പങ്കുകൊള്ളുന്നു. അവിടെനിന്നും യാതൊരു രോഗബാധയും കൂടാതെ നാട്ടിലേക്ക് തിരിച്ചെത്തുന്നു. അനന്തരം മനുഷ്യസഹജമായ ലൈംഗികജീവിതജിജ്ഞാസയും മറ്റൊരാളുടെ വഞ്ചനയും ഹേതുവായി താൻ ചെയ്യുന്നതെന്തെന്ന് അറിയാതെ അദ്ദേഹം വിമതഭോഗം ചെയ്ത് ഗൊണോറിയ രോഗം നേടുന്നു. ഈ രോഗം നിമിത്തം അദ്ദേഹം തെരുവും തിണ്ണയും ആഗ്രഹിച്ചു ജീവിക്കുകയും സമകാലീനജീവിതത്തിന്റെ പലവശങ്ങൾ കാണുകയും ചെയ്യുന്നു'.

ഒരു വിമതഭോഗിയുടെ കണ്ണിലൂടെയല്ല, അബദ്ധത്തിൽ അറിയാതെ വിമതഭോഗം ചെയ്യേണ്ടിവന്ന ഒരാളുടെ മനസ്താപത്തോടെ കുമ്പസാരം നടത്തുന്ന കഥാനായകനായ പട്ടാളക്കാരനെയാണ് എഴുത്തുകാരൻ ഈ കഥയിൽ അവതരിപ്പിക്കുന്നത്.

സ്ത്രീവേഷം കെട്ടിയ ഒരു പുരുഷന്റെ കാമുകനായിരുന്നു കഥാനായകൻ. തന്റെ പ്രണയഭാജനം ഒരു പുരുഷനാണെന്നയാൾ തിരിച്ചറിയുന്നതുപോലും ആവേശത്തോടെയുള്ള ആദ്യ സംഭോഗത്തിനുശേഷമാണ്. ലൈംഗികപ്രക്രിയയിൽ പൂർണസംതൃപ്തി നേടി ആലസ്യത്തിൽ കിടക്കുകയായിരുന്നു അയാൾ.

''വല്ലതും കുടിക്കണോ'' എന്നൊരു ചോദ്യം. ഞാൻ നടുങ്ങി എന്തൊരു ശബ്ദമാണത്! ഒരു മുത്തിക്കാക്കയുടേതുപോലെ. സ്ത്രീത്വമില്ലതിൽ, കറുത്തരോമങ്ങൾ ബോഡീസിന്റെ ഉള്ളിൽനിന്ന് എത്തിനോക്കുന്നു. എനിക്ക് അത്ഭുതവും പേടിയും വെറുപ്പും തോന്നി.''[23]

ഇവിടെ വിമതലൈംഗികതയോടല്ല താൻ വഞ്ചിക്കപ്പെട്ടു എന്ന കുറ്റബോധമാണ് പട്ടാളക്കാരന് വെറുപ്പുണ്ടാക്കുന്നത്. അയാൾ വിമതഭോഗം ആഗ്രഹിച്ചിരുന്നില്ല. തന്റെ ലൈംഗികദാഹം തീർക്കാൻ മാത്രമല്ല തന്റെ പ്രണയം കൂടിയാണ് അയാൾ ഇണയ്ക്ക് കൈമാറുന്നത്. ആ അനുരാഗത്തിന്റെ ആഴംകൊണ്ട് മാത്രമാണയാൾ തന്റെ ഇണയുടെ പുരുഷലിംഗം തിരിച്ചറിയാൻ വൈകുന്നത്.

''ഞാൻ എണീറ്റു മുലകളിൽ പിടിച്ചു. പഞ്ഞി നിറഞ്ഞ സഞ്ചികൾ! ഞാനങ്ങനെ ഇരുന്നു. മണിക്കൂറുകൾ കഴിഞ്ഞുപോയിരിക്കാം. അല്ലെങ്കിൽ മിനിറ്റുകൾ. ഞാനാ മുലകൾ സാവധാനത്തിൽ ബോഡീസോടുകൂടി അഴിച്ചെടുത്തു. രോമമുള്ള പുരുഷന്റെ നെഞ്ച്!''[24]

പുറംലോകത്തുനിന്ന് കാഴ്ച കാണുന്ന ഒരു സാധാരണക്കാരനായാണ് കഥാനായകനെ ബഷീർ ഈകഥയിൽ അവതരിപ്പിക്കുന്നത്. അയാൾക്ക് വിമതലൈംഗികനെ അറിയില്ല. അത്ഭുതമോ വെറുപ്പോ അറപ്പോ കലർന്ന ആ വികാരത്തോടെയാണയാൾ അവനെ നിരീക്ഷിക്കുന്നത്.

ഞാൻ ചോദിച്ചു:

''നീ ആണായിപ്പിറന്നിട്ട്''?

'അവൾ, അത്'- അവൻ എന്റെ അരികത്തുവന്നു. പഞ്ഞിമുലകളുള്ള ബോഡീസെടുത്ത് കെട്ടിവെച്ചു. അതിനുപുറമേ ബ്ലൗസിട്ടു. എന്നിട്ട് ഭംഗിയായി സാരി ധരിച്ചുകൊണ്ട് എന്നോട് ചോദിച്ചു:

''എന്നെപ്പോലുള്ളവരെ കണ്ടിട്ടില്ലേ? എല്ലായിടത്തുമുണ്ടല്ലോ''

''എല്ലായിടത്തും-പണ്ട് പണ്ട് രാജകൊട്ടാരങ്ങളിൽ ചക്രവർത്തിമാരുടെ, പ്രസിഡന്റുമാരുടെ, സ്വേച്ഛാധിപതികളുടെ അരമനയിൽ അവർ ഉണ്ടായിരുന്നു ആൺവേശ്യകൾ!''[25]

താനിങ്ങനെ ആയിപ്പോയതിന്റെ കാരണവും അവൻതന്നെ വെളിപ്പെടുത്തുന്നുണ്ട്. വിദ്യാർത്ഥിയായിരുന്ന കാലത്ത് ഗുരുനാഥൻ, പതിനാലാം വയസ്സിൽ ആ ബാലനെ ഉപയോഗപ്പെടുത്തി.

'ഗുരുനാഥൻ! നല്ലത് സൻമാർഗ്ഗം പഠിപ്പിക്കേണ്ട ഗുരുനാഥൻ.' സ്വയംഭോഗത്തിൽ ഒരു താത്പര്യവും ഉണ്ടാക്കിക്കൊടുത്തു. കുറെ കഴിഞ്ഞപ്പോൾ അതു നാട്ടുനടപ്പാണെന്ന് മനസ്സിലായി. സ്കൂളുകൾ, കോളേജുകൾ, മതപാഠശാലകൾ, കന്യാസ്ത്രീമഠങ്ങൾ, വൈദികാശ്രമങ്ങൾ അവിടങ്ങളിൽ നടപ്പുള്ളമാതിരി എല്ലാ ലൈംഗികവൈകൃതങ്ങളും അവൻ അഭ്യസിച്ചു. പതിനാറാം വയസ്സിൽ ടൗണിൽ ഒരു ഹോട്ടൽ ജോലിക്കാരനായി. അവിടെ മറ്റൊരുവനിൽനിന്ന് അവന് ഗൊണോറിയ കിട്ടി.'[26]

ഈ ഗൊണോറിയയുമായി അലയുന്ന സ്വവർഗ്ഗഭോഗി സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേപോലെ വേണ്ടപ്പെട്ടവനാകുന്നു.

''നിങ്ങളുടെ അടുത്ത് ആരെല്ലാമാണ് വരുന്നത്?''

''പെണ്ണുങ്ങളും ആണുങ്ങളും''

''നിനക്ക് പുരുഷൻമാരെപ്പോലെ?''

''സാദ്ധ്യമല്ല''

''പിന്നെ സ്ത്രീകളെന്തിനു നിന്റെ അടുത്തുവരുന്നു?''

''അറിഞ്ഞുകൂടെ? ഞങ്ങൾ ആനന്ദിപ്പിക്കും.''[27]

തികച്ചും വ്യത്യസ്തനായ വിമതലൈംഗികനെയാണ് ബഷീർ ഇവിടെ അവതരിപ്പിക്കുന്നത്. സാധാരണ പുരുഷവിമതഭോഗികൾ ലൈംഗികബന്ധത്തിലെ

വിധേയ സ്വഭാവക്കാരായിരിക്കും. അവരെ ഇണകൾ ഉപയോഗപ്പെടുത്തുകയാണ് ചെയ്യുക. ലൈംഗീകകർതൃത്വസ്ഥാനത്തേക്ക് ഉയരാൻ അവർക്കു സാധിക്കാറില്ല. ദ്വിലൈംഗികരാകട്ടെ കർത്തൃത്വസ്വഭാവികളും സ്ത്രീവേഷം ധരിച്ച് നടക്കാത്തവരുമായിരിക്കും. അവരെ മറ്റു പുരുഷന്മാരിൽനിന്ന് ലൈംഗികതാത്പര്യത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയാനും സാധിക്കുകയില്ല. എന്നാൽ 'ശബ്ദങ്ങൾ' എന്ന ഈ കഥയിൽ ദ്വിലൈംഗികനായ വിമതഭോഗി സ്ത്രൈണവേഷം ധരിച്ചുകൊണ്ടുതന്നെ സ്ത്രീയോടും പുരുഷനോടും സംഭോഗത്തിലേർപ്പെടുന്നു. രണ്ടുകൂട്ടരെയും ആനന്ദിപ്പിക്കുന്നു. താനിപ്പോൾ ഹിജഡയാണെന്നയാൾ തുറന്നുപറയുന്നുണ്ട്.

"ഞങ്ങൾക്ക് ഒരു സംഘമുണ്ട്. ഒന്നല്ല, ഒരുപാട് സംഘക്കാർ. ഹിജഡകൾ, നപുംസകങ്ങൾ, ഒരുപാട് വിശ്വാസക്കാർ. ഏതെങ്കിലും ഒരു സംഘത്തിൽ ചേരുന്നതിനു മുൻപ് നിലവിളക്കുപോലെ കൂർത്ത ഒന്നിൽ ഇരുത്തും. വേദനയുള്ള ശസ്ത്രക്രിയയാണ്. ചോര ഒരുപാട് വാർന്നുപോകും. പിന്നെ കല്യാണച്ചടങ്ങു കഴിക്കും. അന്ന് സംഘത്തിൽപ്പെട്ടവരൊക്കെ വരും. അന്ന് പാട്ടും മറ്റുമൊക്കെയുണ്ട്. പിന്നെ ചവണകൊണ്ട് മുഖത്തെ രോമങ്ങൾ പിഴുതുകളയും. പെൺപേരു വിളിക്കും. സാരിയും പാവാടയും ധരിക്കും. പഞ്ഞിമുലകൾ കെട്ടിവെയ്ക്കും. മുടി വളർത്തി നീട്ടും."[28] പ്രാകൃതരീതിയിലുള്ള ഹിജഡത്വ സ്വീകരണമാണ് ഇവിടെ വിവരിക്കുന്നത്.

സമാനമായ അനുഭവങ്ങൾ തന്നെയാണ് ഓരോ ഹിജഡകഥയിലും നമുക്കു കാണാനാവുന്നത്. അത്തരക്കാരെ ഹിജഡ എന്ന ഒറ്റപ്പേരിലൂടെയാണ് എഴുത്തുകാർ വിശദീകരിക്കുക. ഈ കഥയിൽ ആൺവേശ്യ, സ്വവർഗ്ഗഭോഗി, ഹിജഡ തുടങ്ങിയ വ്യത്യസ്തറോളുകളുടെ കർതൃത്വം എഴുത്തുകാരൻ അവനിൽ ചേർത്തുവയ്ക്കുന്നു. പട്ടാളക്കാരന്റെ പ്രേമഭാജനമായിരുന്ന കാലത്ത് 'അവൾ' എന്ന സ്ത്രീലിംഗ പദസൂചനകളിലൂടെയാണ് ബഷീർ 'അവനെ' അവതരിപ്പിക്കുന്നത്. എന്നാൽ പട്ടാളക്കാരൻ ലൈംഗികബന്ധത്തിലേർപ്പെട്ട് അവനെ തിരിച്ചറിയുന്നതുമുതൽ 'ആൺവേശ്യ' 'അവൻ' തുടങ്ങിയ പദസൂചനകളിലൂടെ അവതരിപ്പിക്കുന്നു. ഇതിനു രണ്ടിനും ഇടയ്ക്ക് പെടുന്ന അയാളുടെ വ്യക്തിത്വത്തെ വേഷവിധാന വിവരണത്തിലൂടെ മാത്രമാണ് അവതരിപ്പിക്കുന്നത്. ബഷീർ കഥയെഴുതുന്ന അന്നും പ്രമോദ് രാമൻ കഥയെഴുതുന്ന ഇന്നും നപുംസകലിംഗക്കാരെ കൃത്യമായി

അടയാളപ്പെടുത്താൻ ശരിയായ വാക്കില്ല എന്നത് മലയാളഭാഷയുടെ പരിമിതി കൂടിയാണ്. പുരുഷവീക്ഷണത്തിലൂടെ അവനാകുന്ന അവളെ ബഷീർ ചിത്രീകരി ച്ചിരിക്കുന്നത് ഇങ്ങനെ:

'സ്വപ്നം കാണുന്ന കണ്ണുകളോടെയുള്ള മന്ദഹാസം ദൃഢമായി മുഴച്ച് ഉന്തിനിൽക്കുന്ന മുലകൾ ആ നടപ്പ്, ആ നോട്ടം'.[29]

ശരീരത്തിന്റെ രൂപഭാവങ്ങൾക്ക് ലൈംഗികതയിൽ വലിയസ്ഥാനമുണ്ട്. മുല, ചന്തി (പിൻഭാഗം) തുടങ്ങിയവ ഏതൊരു മനുഷ്യലൈംഗികതയിലും പുരുഷന് ലൈംഗികാസക്തി കൂട്ടുന്നു. എന്നാൽ ഒരാൺവേശ്യയുടെ നോട്ടം ഇങ്ങനെയാണ്:

മതിയാവാത്ത ആഗ്രഹത്തോടെ എന്നെനോക്കി, എന്നിട്ടു പറയുകയാണ്:

''നല്ല ശക്തിയും അഴകുമുള്ള പുരുഷൻമാരെ കാണുമ്പോൾ എന്റെ ഉള്ളിൽ എന്താഗ്രഹമാണെന്നോ!''[30]

സ്ത്രീയഴകിനെ വർണിക്കാൻ എഴുത്തുകാർ ഉപയോഗിക്കുന്ന മാർഗ്ഗങ്ങളാ ണ് മുഴുത്ത മാറിടം, അഴകുള്ള കണ്ണുകൾ, നീളം കൂടിയ മുടി, ചെഞ്ചുണ്ട് എന്നിവ. പുരുഷസൗന്ദര്യത്തിന്റെ മാറ്റുകൂട്ടുന്നത് ദൃഢഗാത്രമായ ദീർഘശരീരവും പുഞ്ചിരിയിലെ സൗമ്യതയും മാർവിടത്തിലെ ചുരുണ്ടരോമങ്ങളുമായിരിക്കും. അതായത് ലൈംഗികാസക്തി നിറഞ്ഞ നോട്ടങ്ങളോടെയാണ് ഓരോ എഴുത്തുകാ രനും സംവിധായകനും പ്രേക്ഷകനും തന്റെ കഥാപാത്രങ്ങളിലേക്ക് എത്തിനോക്കു ന്നത്. അവിടെ പുരുഷൻ പുരുഷനെയും സ്ത്രീ സ്ത്രീയെയും കാമിക്കുന്നു.

തന്റെ ആദ്യാനുഭവത്തിന്റെ പൊള്ളലിൽ പട്ടാളക്കാരൻ തളർന്നുപോകുന്നി ല്ല. വിമതഭോഗത്തിന്റെ സുഖമറിഞ്ഞ അദ്ദേഹം പിന്നെ ആൺവേശ്യകളിലേക്കു തിരിയുന്നു.

പിന്നെ നിങ്ങൾ ആ ആൺവേശ്യയെ കണ്ടോ? എന്ന എഴുത്തുകാരന്റെ ചോദ്യത്തിന് പട്ടാളക്കാരന്റെ മറുപടി ഇങ്ങനെ:

''കണ്ടു, അവനെത്തന്നെയല്ല വേറെ പലതിനേയും''[31]

ബഷീർ കൃതികളിൽ വളരെയേറെ വിമർശനങ്ങളേറ്റ ഒരു കൃതിയായി ശബ്ദങ്ങൾ മാറിയതിനുകാരണം ഇതിലെ വിമതലൈംഗിക പരാമർശമാണ്. വിമ തലൈംഗികതയെ ആഭാസമായി മാത്രം കാണാൻ സാധിച്ചിരുന്ന ഒരു കാലഘട്ട ത്തിന്റെ സൃഷ്ടിയാണെങ്കിലും ബഷീർ വിവരിക്കുന്ന ആൺവേശ്യയുടെ ഓരോ ചെറുചലനങ്ങളും ഇന്നത്തെ സമൂഹത്തിലെ പുരുഷവേശ്യകളായ വിമതരതിക്കാ രിലും കാണാവുന്നതാണ്.

### 3.3 തകഴി ശിവശങ്കരപിള്ള

ആധുനിക എഴുത്തുകാരിൽ പ്രശസ്തനായ തകഴി ഭിന്നവർഗ്ഗലൈംഗികത യിൽ ശക്തമായി ഊന്നിയ ഭാവുകത്വ പരിസരങ്ങളിൽ നിന്നുകൊണ്ട്, ലിംഗാധികാ രത്തിന്റെ സാമ്പ്രദായികഘടനകളെ എങ്ങനെ സ്വാംശീകരിക്കുന്നുവെന്ന് നാം അദ്ദേഹത്തിന്റെ കൃതികളിൽ കാണാറുണ്ട്. എന്നാൽ അവയിൽനിന്നും വ്യത്യസ്ത മായി വിമത കാമനകളുടെ സൂചനകൾ ഉള്ളടങ്ങുന്ന കഥകൾ തകഴി രചിച്ചിട്ടുണ്ട്.

#### 3.3.1. ജീവിതം സുന്ദരമാണ് പക്ഷേ (1961)

ഭർത്താവുപേക്ഷിച്ചുപോയതിന്റെ പേരിൽ മക്കളെ കൊന്ന് ആത്മഹത്യക്കു ശ്രമിച്ച്, അറസ്റ്റിലായ 'ഗൗരിയും' പ്രണയിച്ചവൻ വഞ്ചിച്ചതിന്റെ പേരിൽ അവന്റെ വീടിന് തീവെച്ച് ജയിലിലായ 'കുട്ടിയും' തമ്മിലുള്ള വിമതാഭിനിവേശത്തിന്റെയും ജയിൽ ജീവിതത്തിന്റെയും കഥയാണിത്.

കുട്ടിയും ഗൗരിയും ഒരേ ജയിലറയ്ക്കുള്ളിൽ ദിവസങ്ങളായി ജീവിതം തള്ളിനീക്കുന്നു. ഗൗരിയെ സ്നേഹിക്കാൻ കൃഷ്ണനുണ്ടെന്ന അറിവ് കുട്ടിയെ അസ്വസ്ഥയാക്കുന്നുണ്ട്. അവർ തമ്മിലുള്ള സംസാരംപോലും കുറഞ്ഞുപോകു ന്നു. അങ്ങനെ ഇരിക്കുന്ന ഒരു മഴക്കാലരാത്രി, കോച്ചുന്ന തണുപ്പിൽ ലോക്കപ്പിന കത്ത് ഗൗരിയും കുട്ടിയും പരസ്പരം ചൂടുപകരുന്നു.

'പുറത്ത് മരവിപ്പിക്കുന്ന കാറ്റു വട്ടംചുറ്റിയടിക്കുകയാണ്. പേമാരി എന്തൊ ക്കെയോ പുലമ്പുന്നുണ്ട്. രണ്ടു മുണ്ടുകൾ ഒന്നിനുമേൽ ഒന്നായി രണ്ടുപേരും പുത ച്ചു. മാംസം മാംസത്തോടു ചേർന്നു. പോരാ പറ്റിച്ചേർന്നു. എന്നിട്ടും പോരാ. അമ ങ്ങിച്ചേർന്നു. മതിയായില്ല. കുട്ടിയുടെ കൈ ഗൗരിയെ വലയം ചെയ്തു. ഗൗരിയുടെ

കൈപ്പത്തി കുട്ടിയെ വലയം ചെയ്തു. ഗൗരിയുടെ കൈപ്പത്തി കുട്ടിയുടെ പുറം തലോടി കീഴോട്ടു സഞ്ചരിച്ചു. ഒരു തരുപ്പോടെ കുട്ടി ഗൗരിയുടെ കടിപ്രദേശത്ത് കൈചുറ്റി. വീണ്ടും മുറുക്കെ അവർ പരസ്പരം കെട്ടിപ്പിടിച്ചു. എന്തോ പല്ലു കടിച്ചു കൊണ്ട് കുട്ടി പറഞ്ഞു. ഗൗരി അനുസരണയോടെ സമ്മതിച്ചു.'[32]

നേരം വെളുത്തതിനു ശേഷമാണ് കുട്ടിയും ഗൗരിയും ഉണർന്നത്. ഇരുവരും പരിഭവത്തോടെ ഓരോ മുണ്ടുകൾ വലിച്ചെടുത്തുകൊണ്ട് ഉരുണ്ടുപിരണ്ട് എഴുന്നേറ്റു. പാറാവുകാരനോ മറ്റോ അവരുടെ കിടപ്പു കണ്ടോ എന്നായിരുന്നു പേടി. അത്ര സുഖമായി, ഗാഢമായി ആ ലോക്കപ്പിൽ വന്നിട്ട് രണ്ടുപേരും ഉറങ്ങി യിട്ടില്ല.

ആ രാത്രിയിലെ ശാരീരികബന്ധം രണ്ടുപേരും മുൻകൂട്ടി ആഗ്രഹിച്ചു ചെയ്തതല്ല. അവർ കമിതാക്കളോ സ്വവർഗ്ഗഭോഗികളോ ആയിരുന്നുമില്ല. മറ്റൊരു പുരുഷന്റെ ഭാര്യയോ പ്രണയിനിയോ ആയിരുന്നു. ഇവിടെ രതി സ്വാഭാവികമായ ശാരീരികാവശ്യം മാത്രമാകുന്നു. പിന്നീട് തണുപ്പിൽനിന്നും രക്ഷനേടുക എന്നതി നപ്പുറം പരസ്പരം ആശ്വാസമാവുന്ന അവസ്ഥയിലേക്ക് ആ ബന്ധം വഴിമാറുന്നു.

'കുട്ടിയും ഗൗരിയും തമ്മിൽ 'പ്രത്യേകമായ ഒരടുപ്പം' അന്നുണ്ടായി. രാവിലെ കുട്ടിക്കു കൊടുത്ത രണ്ട് ഇഡ്ഢലിയിൽ ഒന്നുമാത്രമേ അവൾ തിന്നുള്ളു. ഒന്ന് ഗൗരിക്കു കൊടുത്തു. കുട്ടി ഗൗരിയുടെ തല കോതിക്കെട്ടി. ഉച്ചയ്ക്ക് ഊണും കഴിഞ്ഞ് ഗൗരി കുട്ടിയുടെ മടിയിൽ തലവെച്ച് കിടന്നുറങ്ങി. കുട്ടി അനങ്ങിയതേ യില്ല. ഒരു തള്ള കുഞ്ഞിനെ മടിയിലിട്ടുറക്കുന്നതുപോലെ അവൾ ഇരുന്നു. ഒരു സംതൃപ്തി.[33]

അന്നുമുഴുവൻ ആ സ്ത്രീകൾ സംസാരിച്ചുകൊണ്ടിരുന്നു. അത്രയും സംസാരം അവർ ഇരുവരും ഒരുമിച്ചായതിനുശേഷം ഉണ്ടായിട്ടില്ല. അത് ഹൃദയം തുറന്ന സംസാരമായിരുന്നു. അവർക്കിനി പരസ്പരം ഒളിക്കാൻ ഒന്നുമില്ല.

ഈ കഥയിൽ വിമതരതി സുരക്ഷിതബോധത്തിന്റെ അടിത്തറ പാകുന്ന കേവലമായ ഒരു ശാരീരികബന്ധം മാത്രം. പരസ്പരം അത്താണിയാകുന്നവർ പര സ്പരം ഭക്ഷണം പങ്കുവെക്കുന്നവർ. ഒരാൾ മറ്റൊരാൾക്ക് തണലാവുന്നു. മനസ്സു തുറന്നു സംസാരിക്കാനുള്ള ഒരു അത്താണി. രതിക്ക് ഇങ്ങനെയും ചില സാധ്യത

കളുണ്ട്. എന്നതു മാത്രമാണിവിടെ തകഴി ഉദ്ദേശിക്കുന്നത്. ചില പരീക്ഷണങ്ങൾ നടത്തി നോക്കുക മാത്രമാണ് താൻ ചെയ്യുന്നതെന്ന് ആമുഖക്കുറിപ്പിൽ അദ്ദേഹം പറയുന്നുണ്ട്.

### 3.3.2 ചങ്ങാതികൾ

ചങ്ങാതികൾ എന്ന കഥയിൽ കമലയും മീനുവും തമ്മിലുള്ള ബന്ധത്തെയാണ് ചിത്രീകരിച്ചിരിക്കുന്നത്.

കമലയും മീനുവും ഒരേ ക്ലാസിലാണ് പഠിച്ചിരുന്നത്. അവർ ഉറ്റ ചങ്ങാതികളായിരുന്നു.

'മീനുവിന് അത്ര അടുപ്പം മറ്റാരോടും ഉണ്ടായിരുന്നില്ല. ഏതോ ഒരു കാന്തശക്തി മീനുവിനെ കമലയോട് ആകർഷിച്ചിരുന്നു. തള്ളിമാറ്റിയാലും മീനു കമലയോട് പറ്റിപ്പിടിക്കും. അവൾ കമലയുടെ നിഴലായിരുന്നു. ഉൻമാദമായ ഒരു സൗരഭ്യം കമലയിൽ നിന്നും പ്രസരിച്ചിരുന്നു. ആ പരിമളവലയത്തിനുള്ളിൽ പറ്റിപ്പറ്റി പൊയ്ക്കോണ്ടേയിരുന്നു.[34]

മീനുവിന് കമലയോടുള്ള ഈ ആരാധന സ്വവർഗ്ഗഭോഗതത്പരതയായി വളരുന്നു എന്നതിന് പ്രത്യക്ഷ തെളിവുകൾ കഥയിലില്ല. എന്നാൽ സ്വവർഗ്ഗാരാധനയും പ്രണയവും ഉണ്ട്.

കമലയെ ഓമന എന്നാണ് മീനു വിളിക്കുക. കമലയുടെ എല്ലാ കാര്യങ്ങളും മീനു ശ്രദ്ധിക്കുന്നു. കമലയ്ക്കുവേണ്ടി അവൾ എന്തും ചെയ്യും. പള്ളിക്കൂടം വിട്ടാൽ മീനു കമലയുടെ പുസ്തകം കൂടി വാങ്ങിക്കൊള്ളും അവർ പിരിയുന്ന വഴിവരെ എടുക്കും.

ഉയർന്ന ക്ലാസിൽ പഠിക്കുമ്പോഴും ആ പ്രണയം തുടരുന്നു. കമലയും മീനുവും സ്ത്രീകളായി പിരിയുന്നതുവരെ ആത്മബന്ധം തുടരുന്നു. രണ്ടുപേരും വിവാഹിതരായി രണ്ടിടത്ത് ജീവിതമാരംഭിക്കുന്നു. വർഷങ്ങൾക്ക് ശേഷം ക്ഷേത്രത്തിലെ ഉത്സവദിവസം കണ്ടുമുട്ടുമ്പോൾ പരസ്പരം ഒറ്റനോട്ടത്തിൽ തിരിച്ചറിയാനാവാത്തവിധം അവർ മാറിപോയിരുന്നു. ആത്മാർത്ഥമായ ഒരാംലിംഗനത്തിൽ ആ ചങ്ങാതികൾ യോജിക്കുമ്പോൾ പണ്ട് കമലയ്ക്കുണ്ടായിരുന്ന സൗരഭ്യം ഇന്ന്

മീനുവിലേക്ക് മാറിയിരിക്കുന്നു. ഒരിക്കൽ മീനു ആരാധിച്ചിരുന്ന കമല ഇന്നൊരു പരിഹാസ്യപാത്രമായിരിക്കുന്നു. അവളെ അവകാശപ്പെടാൻ ഒരാളില്ല എന്നതാണ് കമലയുടെ ഏറ്റവും വലിയ വേദന. മീനുവിന് കമലയോട് തുറന്നുപറയാനുള്ളത് ''ഒരു പുരുഷനോട് അടിമപ്പെട്ടു കഴിയുന്ന ഭാര്യയുടെ ജീവിതം ഒരു നരകമാണ് കമലേ''[35] എന്നാണ്. കമലയെമാത്രം സ്നേഹിക്കാൻ കഴിയുന്ന മീനു എല്ലാമുണ്ടായിട്ടും ഇന്നും ദുഃഖിതയാവുന്നതിന് കാരണം കമലയുടെ അസാന്നിധ്യമാണ്. കമലയാകട്ടെ തന്നെ അവകാശപ്പെടാൻ ഒരാളില്ല എന്ന കാരണത്താലാണ് ദുഃഖിതയാവുന്നത്.

### 3.3.3 സാഹോദര്യം

ഈ കഥ രണ്ടു ജയിൽപുള്ളികളുടെ ജീവിതാനുഭവമാണ്. അതിൽ ഒരാൾ മദ്ധ്യവയ്സകനും ഒരാൾ യുവാവുമായിരുന്നു. ആദ്യകാലങ്ങളിൽ ഇരുളടഞ്ഞ ആ കൂട്ടിൽ ഒരുമിച്ചു കഴിയുമ്പോഴും അവർ ഇരുവരും ആരെയോ ഒരാളെ അല്ലെങ്കിൽ ഒന്നിനെ വെറുത്തിരുന്നതുപോലെ തോന്നി. അവർ ഒരുമിച്ചു കഴിച്ചു കൂട്ടിപ്പോന്നു.

എന്നാൽ നിശ്ശബ്ദതയും കൂരിരിട്ടും പരസ്പരം ലയിച്ച അഗാധമായ ഒരു രാത്രിയിൽ ഒരാൾ മറ്റൊരാളുടെ ദുഃഖം ഹൃദയത്തിലേറ്റു വാങ്ങുന്നു.

ആരോ ആരുടേയോ കണ്ണീർ സ്വന്തം കണ്ണീർകൊണ്ട് കഴുകിക്കളയുന്നു. ആരൊക്കയോ സ്നേഹിക്കുന്നു. 'ഓമനേ' വിളി. ആശ്വാസത്തോടുകൂടിയ നെടുവീർപ്പ് അല്ല അതെന്നുമല്ല അവിടെ നടന്നത്. 'കൂട്ടാ എനിക്കിത്രയും വേണ്ട' അയാൾ ചോർ വാരി കുട്ടന്റെ പാത്രത്തിലേക്കിട്ടു.

അണ്ണനിങ്ങനെ ഉണ്ണാതിരുന്നാലോ

''ഓ! ഞാൻ അങ്ങു മരിക്കും''

''പിന്നെ ഞാനോ''[36]

മരം കോച്ചുന്ന മഞ്ഞുള്ള ഒരു രാത്രിയിൽ ആ ചെറുപ്പക്കാരൻ തന്റെ ഉടുമുണ്ടുകൊണ്ട് ആ മധ്യവയസ്കനെ പുതപ്പിക്കുന്നു. അയാൾ തിരിച്ച് തന്റെ ശരീരം കൊണ്ട് യുവാവിനെയും.

‘നീ എന്റെ അടുത്തവന്നു കിടന്നോ പരസ്പരം ചൂടുപിടിച്ച് ആ പുതപ്പിന് താഴെ അവർ കിടന്നു. മധ്യവയസ്ക്കന്റെ ബാഹുക്കൾക്ക് താഴെ സുഖനിദ്രയിൽ ലയിച്ചു. അവിടെ സ്വപ്നമില്ലാ തണുപ്പില്ല’.[37]

ആ ബന്ധം വീണ്ടും ഗാഢമാവുകയാണ്.

‘‘എനിക്കൊരു കൂട്ടുകാരനുണ്ട്, സ്നേഹിക്കുന്നവൻ. അദ്ദേഹം എന്റെ രക്ഷി താവാണ്. എന്നൊരുവനും ഞാൻ ഒരുവനെ സ്നേഹിക്കുന്നു, ഞാൻ ഒരുവനെ സംരക്ഷിക്കുന്നു എന്ന് അപരനും അഭിമാനിച്ചുപോന്നു’.[38]

ചിലപ്പോൾ ‘കുട്ടൻ’ പിണക്കം നടിച്ച് മാറിക്കിടക്കും. ചിലപ്പോൾ മധ്യവ സ്ക്കന്റെ തുടയിൽ തലവെച്ചു കിടക്കും. അവിടെ പ്രണയ കലഹങ്ങളുണ്ട്, പരിഭവ ങ്ങളുണ്ട്. മുള്ളുവാക്കുകളുണ്ട്. കരച്ചിലും പിഴച്ചിലുമുണ്ട്.

സാഹോദര്യത്തിനപ്പുറം പലപ്പോഴും ഈ ബന്ധം ഭാര്യാഭർതൃബന്ധത്തി ലേക്കു വഴിമാറിപോകുന്നു. തന്റെ ജയിൽ ജീവിതം അവസാനിക്കാറായി എന്നത് മധ്യവയസ്ക്കനേയും കുട്ടനേയും ഒരുപോലെ വേദിപ്പിക്കുന്നു.

‘‘അണ്ണൻ പോയാൽ...........’’ കുട്ടൻ അർദ്ധോക്തിയിൽ നിർത്തി.

മധ്യവയസ്കന്റെ കണ്ണിൽനിന്ന് ഒരു തുള്ളി കണ്ണീർ അടർന്നുവീണു.

‘‘ഇല്ലണ്ണാ പിന്നെ ഞാൻ ജീവിച്ചിരിക്കുകയില്ല’’

ഞാൻ പോയാൽ തിരിച്ചുവരും കുട്ടാ. ‘‘അതുവേണ്ടണ്ണാ’’ എന്നെ എന്നും സ്നേഹിച്ചാൽ മതി ദയയായി ഇരുന്നാൽ മതി.’’[39]

ഒരു പ്രഭാതത്തിൽ കുട്ടൻ ഉണരുമ്പോൾ വാതിൽ കടന്നുപോകുന്ന മധ്യവ യസ്കനെയാണ് കാണുന്നത്. കൊല്ലം രണ്ടു കഴിഞ്ഞ് കുട്ടനോട് പറഞ്ഞ വാക്കു പാലിക്കാൻ മധ്യവയസ്കൻ ജയിലിലേക്ക് തിരിച്ചു വരുന്നു. പക്ഷേ അയാൾക്ക് കുട്ടന്റെ ജയിലിലേക്ക് വരാൻ കഴിയുന്നില്ല. അയാളെ മറ്റൊരു ജയിൽ മുറിയിലാണ് പാർപ്പിച്ചത്. അയാൾ കുട്ടനെക്കുറിച്ച് പലരോടും അന്വേഷിക്കുന്നുണ്ടെങ്കിലും വിവ രമൊന്നും അറിയാൻ സാധിക്കുന്നില്ല. ഒടുവിൽ താൻ അവസാനമായി സൂക്ഷിച്ച നാലണ സൂക്ഷിപ്പുകാരന് നൽകി വിവരം നൽകാനയച്ചപ്പോഴാണ് കുട്ടന്റെ മരണ

വിവരം അയാൾ അറിയുന്നത്. ഹൃദ്രോഗിയായ കുട്ടൻ മധ്യവയസ്ക്കനുമായുള്ള വേർപാട് സഹിക്കവയ്യാതെ രോഗം മൂർച്ഛിച്ച് മരണപ്പെടുന്നു.

ദയ, സ്നേഹം, വാത്സല്യം തുടങ്ങിയ പരിചിതമായ വികാരങ്ങളാൽ മീട്ടിതുടങ്ങിയ ആ വീണക്കമ്പികൾ പൊട്ടിപ്പോയത് കടുത്ത വിഷാദത്തോടെ കേട്ടു നിൽക്കുന്ന മധ്യവയസ്ക്കന് ജീവിതലക്ഷ്യം കൈവിട്ടുപോകുന്നു.

മേൽപറഞ്ഞ കഥകളിലെല്ലാംതന്നെ ലൈംഗികതയുടെ പ്രരൂപഗുണങ്ങളിൽ വ്യതിയാനം സൃഷ്ടിച്ചുകൊണ്ടുള്ള ആഖ്യാനമാണ് കഥാകൃത്ത് നിർമ്മിച്ചിട്ടുള്ളത്. എങ്കിൽതന്നെയും സ്വാഭാവികമായ ലൈംഗികപരിചരണങ്ങൾക്കകത്തല്ല അവ വിന്യസിക്കപ്പെടുന്നതും വ്യാഖ്യാനിക്കപ്പെടുന്നതും. അമർത്തപ്പെട്ടതോ വ്യവസ്ഥീകരിക്കപ്പെട്ടതോ ആയ ലൈംഗികതയ്ക്കപ്പുറം വിചിത്രവും അസാധാരണവുമായി അവിചാരിതസന്ദർഭങ്ങളിൽ മനുഷ്യബന്ധങ്ങളിൽ നിഴലിടുന്ന സ്വവർഗകാമനകളെയാണ് അടയാളപ്പെടുത്തുന്നത്. സാഹചര്യങ്ങളെയും ജീവിതാവസ്ഥകളെയും സംബന്ധിച്ച ഒരു സന്ദർഭം അവയ്ക്ക് പശ്ചാത്തലമാകുന്നുണ്ട്. മേൽ പറഞ്ഞുവെച്ച സാമ്പ്രദായിക ലിംഗവ്യവസ്ഥകൾക്ക് നേരെയുള്ള മുൻവിധികളില്ലാത്ത അന്വേഷണപദത്തിന് ഇത്തരം കഥകൾ സാദ്ധ്യത നൽകുന്നുവെന്നതാണ് അവയുടെ പ്രസക്തി.

### 3.4 വി.ടി. നന്ദകുമാർ

#### 3.4.1 രണ്ടുപെൺകുട്ടികൾ (1978)

ലെസ്ബിയനിസത്തിന്റെ വളർച്ചയ്ക്കും തളിർപ്പിനും വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് വി.ടി നന്ദകുമാർ രചിച്ച കൃതിയാണ് 'രണ്ടുപെൺകുട്ടികൾ' (1978). വിമതരതിയിൽ ഏർപ്പെടുന്ന രണ്ടു പെൺകുട്ടികളുടെ കഥ അതിവൈകാരികത കലർത്തി ആൺനോട്ടത്തിന്റെ ഭാഷ്യത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നു.

കർതൃത്വസ്വഭാവിയായ (Dominant character) ഗിരിജ എന്ന പെൺകുട്ടിയാണ് ഈ കഥയിലെ വിമതാനുരാഗി. അവളുടെ ഇണയായി വരുന്ന കോകില സ്വവർഗ്ഗത്തിൽനിന്ന് ഇണയെ കണ്ടെത്താൻ ആഗ്രഹിക്കുന്നില്ല. അവളുടെ സൗന്ദര്യത്തിന് കിട്ടുന്ന ആനുകൂല്യങ്ങളെ അവൾ സ്വീകരിക്കുന്നു എന്നുമാത്രം.

ഗിരിജ അവളിൽനിന്നും സ്നേഹം പിടിച്ചുവാങ്ങുകയാണ്. ദരിദ്രയായ കോകിലയ്ക്ക് ഭക്ഷണവും വസ്ത്രവും ആഭരണങ്ങളും നൽകി ആദ്യം ഒരു രക്ഷക യുടെ ഭാവത്തോടെയാണ് ഗിരിജ കോകിലയോട് അടുക്കുന്നത്.

'ഗിരിജ അവളുടെ ചുവന്ന അധരങ്ങളിലേക്ക് കൗതുകത്തോടെ നോക്കിയി രുന്നു. അവയിൽ ഒന്ന് സ്പർശിക്കാൻ ഒരു മോഹം. വറുത്ത ഉപ്പേരിയുടെ ഒരു കഷണമെടുത്ത് അവൾ കോകിലയുടെ ചുണ്ടുകൾക്കിടയിൽ വെച്ചു.'[40]

കോകിലയുടെ സൗന്ദര്യമാണ് ഗിരിജയെ ആകർഷിച്ചത്. ഗിരിജയെപ്പോഴും കോകിലയുടെ ശരീരഭംഗിയിലേക്ക് 'ആൺനോട്ടം' നടത്തുന്നു.

'കുന്തിച്ചിരിക്കുന്ന അവളെ അങ്ങനെ കാണാൻ രസമുണ്ടായിരുന്നു. വെളുത്ത് കൊഴുത്ത് മിനുസമുള്ള തുടകളുടെ ഒരു ഭാഗംവരെ കാണാമായിരുന്നു. അവയിലേക്ക് ഗിരിജ നിർനിമേഷയായി നോക്കി.'[41]

കാഴ്ചയിൽ കോകിലയോളം സുന്ദരിയല്ലാത്ത ഗിരിജ കോകിലയ്ക്കുവേണ്ടി അണിഞ്ഞൊരുങ്ങുന്നു. കൃത്രിമസൗന്ദര്യം ഉണ്ടാക്കുന്നു.

'ശരീരത്തിന്റെ മണം മറയ്ക്കാൻ ബ്ലൗസിനുള്ളിലേക്കും കൈകളിലും കഴു ത്തിലും മുഖത്തും ഒരിക്കൽക്കൂടി പൗഡറിട്ടു. കൃത്രിമമായി എത്രത്തോളം അഴകു ണ്ടാക്കാമോ അത്രയെല്ലാം ഭംഗിപ്പെടുത്തിയിട്ടുണ്ടെന്ന് തോന്നുമ്പോൾ വീണ്ടും മട്ടു പ്പാവിലേക്ക് മടങ്ങും, നോക്കിനിൽക്കും.'[42]

ഗിരിജ ഒരിക്കലും സ്വയം പുരുഷഭാവത്തോടെ കാണുന്നില്ല. താൻ ഒരു പൂർണസ്ത്രീയാണെന്ന ബോധം അവൾക്കുണ്ട്. കോകിലയെ നഗ്നയാക്കി കുളിപ്പി ക്കുമ്പോഴും തന്റെ അലക്കിത്തേച്ച അടിവസ്ത്രം കോകിലയ്ക്ക് കൈമാറുമ്പോഴും കോകില അതെല്ലാം ധരിച്ചുകാണുമ്പോഴും ആത്മസംതൃപ്തിയോടെ അവൾ നോക്കിനിൽക്കും. കോകിലയുടെ നാണംമാറ്റാൻ 'നിന്നെപ്പോലെ അല്ലേ ഞാനും നീ എന്തിനാ നാണിക്കുന്നത്? ഞാനും പെണ്ണല്ലേ?' എന്ന ചോദ്യമാണ് അവളിലു ള്ളത്.

ഇവിടെയാണ് ഇവർ തമ്മിലുള്ള വിമതപ്രണയം യഥാർത്ഥത്തിൽ ലെസ്ബിയനിസത്തിന്റെ ഭാഗമാകുന്നത്. ഏതൊരു രതിബന്ധത്തിലും ഒരാൾ കർതൃത്ത്വസ്വഭാവിയും മറ്റേയാൾ വിധേയസ്വഭാവിയും (submissive character) ആയിരിക്കുക സാധാരണമാണ്. അത്തരം ഭാവം വിമതരതിക്കാർക്കിടയിലുമുണ്ട്. എന്നാൽ ലെസ്ബിയൻ ബന്ധത്തിൽ ഈ ഭാവം ഉണ്ടായിരിക്കുമെങ്കിലും ആൺ പെൺഭാവപ്രകടനങ്ങളോ ചിന്തകളോ കടന്നുവരുകയില്ല.

സംശയം, അടിച്ചമർത്തൽ, സമ്മാനങ്ങൾ നൽകി പ്രലോഭിപ്പിക്കൽ, ഇണ മറ്റാരുമായും അടുക്കാതിരിക്കാനായി ഇണയെക്കുറിച്ച് അവളെ സ്നേഹിക്കുന്നവരോട് അപവാദം പറയൽ ഇതൊക്കെ യഥാർത്ഥ സ്വവർഗ്ഗഭോഗിയിൽ കണ്ടുവരുന്ന മാനസികവൈകല്യങ്ങളാണ്. തന്റെ ഇണ എതിർലിംഗക്കാരനുമായി സംസാരിക്കുമ്പോൾ തനിക്കു നൽകാൻ കഴിയാത്ത എന്തെങ്കിലും സുഖം തേടി അയാളിലേക്ക് ഇണ ആകർഷിക്കപ്പെടുമോ എന്ന നിരന്തരഭയം, സ്വവർഗത്തിൽപ്പെട്ടവരുമായി അടുക്കുമ്പോൾ അവർ തങ്ങളെപ്പോലെ സ്വവർഗ്ഗപ്രേമികളാണോ എന്ന സംശയം. ഈ സംശയത്തിനും ഭയത്തിനുമിടയിൽപ്പെട്ട് പലപ്പോഴും ഇത്തരം ബന്ധങ്ങൾ പ്രത്യേകിച്ചും വിധേയസ്വഭാവിയായ വ്യക്തിയുടെ ജീവിതത്തിന് വളരെയേറെ പ്രശ്നങ്ങൾ ഉണ്ടാക്കുകയും അവരുടെ മനസ്സ് ഈ ബന്ധത്തിൽനിന്ന് രക്ഷനേടാൻ കൊതിക്കുകയും ചെയ്യുന്നു. മിക്ക സ്വവർഗ്ഗഭോഗികൾക്കും ഒന്നിലധികം ഇണകൾ ഉണ്ടായിരിക്കുന്നതിനു കാരണം ഒരിണയ്ക്കും കൂടുതൽ കാലം തന്റെ ലൈംഗികാവശ്യങ്ങൾ നിവർത്തിക്കപ്പെടുന്നു എന്ന കാരണത്താൽ മാത്രം ഇത്തരം പ്രശ്നങ്ങൾ നിറഞ്ഞ ബന്ധം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയില്ല എന്നതിനാലാണ്. വിധേയസ്വഭാവി ഈ ബന്ധം അവസാനിപ്പിക്കാൻ നിർബന്ധിതയാവുന്നതും സാധാരണമാണ്. അത്തരം സ്വഭാവ വൈകൃതം പ്രത്യക്ഷഭാവത്തിൽ ഗിരിജയിൽ അവതരിപ്പിക്കുന്നുണ്ട് കഥാകൃത്ത്.

കോകിലയുടെ സുഹൃത്തും ബാസ്കറ്റ്ബോൾ ചാമ്പ്യനുമായ സാറ വർക്കിയുമായുള്ള ബന്ധത്തെ സംശയക്കണ്ണോടെയാണ് ഗിരിജ വീക്ഷിക്കുന്നത്.

'സാറ ഗിരിജയെ നോക്കി ചിരിച്ചു. പക്ഷേ, ഗിരിജ ചിരിച്ചില്ല. ദേഷ്യംകൊണ്ട് രക്തം മുഖത്തേക്ക് അടിച്ചുകയറി. അത് കോകിലയുടെ മന്ദ

ഹാസം മായ്ച്ചുകളഞ്ഞു.'

മറ്റൊരിക്കൽ കോകിലയും സാറയും ഒരുമിച്ച് മൂത്രപ്പുരയിൽ കയറുന്നത് ദൂരെനിന്ന് കണ്ടപ്പോൾ:

"ഗിരിജ ഞെട്ടിത്തരിച്ചു നിന്നു. ഹൃദയത്തിൽ നീറ്റലുണ്ടായി. ഒരിക്കൽ കൂടി അവൾ നോക്കി. സാറ കൈയെടുത്ത് കോകിലയുടെ തോളിൽ വെച്ചിരുന്നു. ഒന്നിച്ചൊന്നിച്ച് അവർ നടക്കുകയാണ്. മനസ്സ് തിളയ്ക്കുകയും ശരീരം വിറയ്ക്കുകയും ചെയ്തു. ഓടിപ്പോയി കോകിലയുടെ മുടി പിടിച്ച് വലിക്കാനും അവളുടെ ബ്ലൗസ് കീറിപ്പൊളിച്ച് മാർവ്വിടം മാന്തിയെടുക്കാനും തോന്നി."[43]

തന്റെ ഇണയുടെ കൈപിടിച്ച സാറയെ ഒരു വേശ്യയായിട്ട് ചിത്രീകരിച്ചു കൊണ്ടാണ് ഗിരിജ പിന്നീട് സംസാരിക്കുന്നത്. ആ കുട്ടിയുമായി തനിക്കൊന്നുമില്ല എന്നും സാറ ഒരു പെൺകുട്ടി മാത്രമല്ലേ എന്നുമുള്ള കോകിലയുടെ ചോദ്യത്തിന് ഗിരിജയുടെ മറുപടി അക്രമാസക്തമായിരുന്നു.

രോഷം ആളിക്കത്തി, കൈയിലുണ്ടായിരുന്ന പുസ്തകം കൊണ്ട് അവൾ കോകിലയെ ആഞ്ഞൊന്നടിച്ചു; എന്നിട്ട് അലറുന്നതുപോലെ പറഞ്ഞു.

"ഞാൻ കണ്ടതല്ലേടി! നീ എന്നെ വഞ്ചിക്കാം ന്ന് വിചാരിച്ചോ? നീ ഒരു വിഷകന്യകയാണ്".[44]

സാറാ നല്ല നല്ല പെൺകുട്ടികളെ കൈയടക്കി വെക്കുന്നതിൽ മിടുക്കിയാണെന്ന് ഗിരിജയ്ക്കറിയാം. അതിനാലാണവൾക്ക് സാറയോട് ദേഷ്യം. 'തന്റെ വിരലഗ്രം കൊണ്ടുമാത്രം സ്പർശിച്ചിട്ടുള്ള കോകിലയുടെ ആ മൃദുലമേനിയിൽ സാറ എന്തൊക്കെ ചെയ്തിരിക്കും?' അതിനു കോകില വഴങ്ങിക്കൊടുത്തിരിക്കുമോ? ഈ ചിന്ത ഗിരിജയുടെ ഉറക്കം കെടുത്തുന്നു.

കോകിലയ്ക്ക് ഗിരിജയോട് ആത്മബന്ധമില്ല. തന്റെ അവിഹിതപുരുഷബന്ധങ്ങൾ ഗിരിജ അറിഞ്ഞാൽ ഉണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള ഭയം മാത്രമേ അവളിലുള്ളു. അവളൊരിക്കലും ഗിരിജയെ കാണാൻ അണിഞ്ഞൊരുങ്ങി ചെന്നിട്ടില്ല. ഒരു അമ്മ കുഞ്ഞിനെയെന്നപോലെ ഗിരിജ കോകിലയെ കുളിപ്പിച്ച്

അണിയിച്ചൊരുക്കുന്നു. വിലയോ മൂല്യമോ കൽപ്പിക്കാതെ വിലയേറിയ സമ്മാന ങ്ങൾ നൽകുന്നു. അവളുടെ വരവിനുവേണ്ടി ദിനങ്ങളെണ്ണി കാത്തിരിക്കുന്നു.

സ്വാഭാവികരതിക്കാരിൽ പോലും കാണാത്ത ഈ ആത്മബന്ധം വിമതരതി ക്കാരിൽ സാധാരണമാണ്. തന്റെ ഇണയുടെ വഞ്ചന മരണത്തെക്കാൾ വലിയ വേദനയാണ് അവർക്ക് സമ്മാനിക്കുന്നത്. ഇണയെ നഷ്ടപ്പെടാതിരിക്കാൻ ഗിരിജ ഒട്ടേറെ ശ്രമിക്കുന്നു. പലപ്പോഴും ഇത്തരം സംശയങ്ങൾ വഴക്കിന് കാരണമാവാറു ണ്ട്.

ഗിരിജയ്ക്ക് തന്നോടുള്ള സ്നേഹത്തിന് വില കല്പിക്കാതെ, യാതൊരു കുറ്റബോധവും കൂടാതെയാണ് കോകില തന്റെ കാമുകനായ ഫോട്ടോഗ്രാഫറു മായി ശാരീരികബന്ധത്തിൽ ഏർപ്പെടുന്നത്. ഗിരിജ കോകിലയ്ക്ക് സമ്മാനിച്ച സ്വർണമാല, അയാൾക്ക് നൽകുന്നു. അയാളുടെ മാറിന്റെ ചൂടിൽ മയങ്ങുമ്പോൾ അതാണ് ശരിയായ ബന്ധമെന്നും ഗിരിജയുമായുള്ള ബന്ധം തെറ്റാണെന്നുമുള്ള തോന്നൽ കോകിലയ്ക്കുണ്ട്.

ഒരിക്കൽ ഗിരിജ കോകിലയുടെ കൈപിടിച്ച് തന്റെ മാറത്തമർത്തി ചോദിച്ചു.

''കോകിലേ നീ എന്നെ എന്നെങ്കിലും പിരിയ്യോ?''

''ഇല്ലാ'' ... കോകില തലയിളക്കി

''നീ കല്യാണം കഴിയ്ക്കോ?''

അതിനവൾ ഉടനെ മറുപടി പറഞ്ഞില്ല. ഒന്നാലോചിച്ച് അവൾ പറഞ്ഞു. ''അമ്മ്യൊക്കെ നിശ്ചയിച്ചാൽ''.

ഈ വാക്കിൽ കോകിലയുടെ മാനസികതലം വ്യക്തമാണ്.

പക്ഷേ ഗിരിജക്ക് അത് തിരിച്ചറിയാനാവുന്നില്ല.

കൈ മാറത്ത് അമർത്തിക്കൊണ്ട് ഗിരിജ പറഞ്ഞു.

''വേണ്ട ! നീയും ഞാനും കല്യാണം കഴിക്കില്ല. നമുക്കൊന്നിച്ച് ഇങ്ങനെ ജീവിക്കാം.''

''അപ്പൊ കുട്ട്യോള് ഉണ്ടാവണ്ടേ?''

''വേണ്ട. നമുക്ക് കുട്ട്യോള് വേണ്ട! നമ്മൾ മാത്രം മതി. കോകില നിരർത്ഥക മായി ചിരിച്ചു.[45]

ഇതിനു സമാനമായ ചിന്താഗതിയും ചോദ്യരീതികളുമാണ് സമൂഹം ഇന്നും വിമതരതിക്കാർക്കെതിരെ ഉയർത്തുന്നത്. അടുത്ത തലമുറ വേണ്ട, എന്ന് സ്വയം തീരുമാനിക്കാനുള്ള ഒരു വ്യക്തിയുടെ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്ന ഇത്തരം ഒട്ടേറെ സാഹചര്യങ്ങളെ, ചോദ്യങ്ങളെ വിമതരതിക്കാരൻ ഭയക്കുന്നു. ആ ഭയ ത്തിൽനിന്നു രക്ഷനേടാനും തന്റെ സ്വത്വഭാവത്തെ മറച്ചുവെയ്ക്കാനും അവർ ചില പ്പോൾ എതിർലിംഗ ഇണയെ വിവാഹം കഴിക്കുകയും വിമതബന്ധത്തെ ഒളിബന്ധ മായി സ്വീകരിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ നിരാശയോടെ ജീവിതം അവസാ നിപ്പിക്കുന്നു.

കഥയുടെ അവസാനഭാഗത്ത് ഗിരിജയും കോകിലയും എതിർലിംഗവിവാഹ ത്തിലേക്ക് നയിക്കപ്പെടുന്ന കാഴ്ചകൂടി വി.ടി.നന്ദകുമാർ അവതരിപ്പിച്ചിട്ടുണ്ട്. കോകില വലിയൊരു തെറ്റിൽനിന്ന് രക്ഷപ്പെട്ട ആശ്വാസത്തോടെയാണ് തന്റെ അധ്യാപകനുമായുള്ള വിവാഹദിവസത്തിനുവേണ്ടി കാത്തിരിക്കുന്നതെങ്കിൽ ഗിരിജ പ്രിയപ്പെട്ടവൾ നഷ്ടപ്പെട്ട ദുഃഖത്തിൽ തന്റെ ആഭരണപ്പെട്ടി അവൾക്ക് സമ്മാനിച്ചുകൊണ്ട് ''നിന്റെ സന്തോഷമേ എനിക്കു വേണ്ടു, ഇന്നാ നിന്റെ സമ്മാനം'' എന്നുപറഞ്ഞ് നിറകണ്ണുകളോടെ കോകിലയുടെ വീടിന്റെ പടിയിറങ്ങി. ആത്മഹത്യ ചെയ്യാനായി ഉറക്കഗുളികകൾക്കുവേണ്ടി പല മെഡിക്കൽ ഷാപ്പുകളും അവൾ കയറിയിറങ്ങുന്നു. കണ്ടാൽ രോഗിയാണെന്നു തോന്നുന്ന പ്രാകൃതഭാവ ത്തിലാണവളുടെ നടപ്പ്. ഒടുക്കം എല്ലാം തിരിച്ചറിഞ്ഞ് തന്നെ മനസ്സിലാക്കാൻ തയ്യാറാകുന്ന ബാബു എന്ന ഡോക്ടറുടെ മാറിടത്തിൽ തലചായ്ക്കുമ്പോൾ ഇതു വരെ കിട്ടാത്ത ഒരാശ്വാസം ഗിരിജയും കണ്ടെത്തുന്നു.

'ഗിരിജ നല്ലൊരു സ്നേഹിതയല്ല. കാമുകിയാണ്' എന്നാണ് അവരെ പഠിപ്പിച്ച, കോകിലയെ വിവാഹം കഴിക്കുന്ന വിജയൻ മാഷിന്റെ വിലയിരുത്തലെങ്കിൽ, 'ഗിരിജക്ക് ബാല്യകാലത്ത് എന്തോ ഒരു ഷോക്ക് കിട്ടിയിരിക്കണം. അതുകൊണ്ടാവാം ഈ പുരുഷവിദ്വേഷവും സ്വവർഗ്ഗത്തോട് അമിതമായ സ്നേഹവും' എന്ന തിരിച്ചറിവാണ് സൈക്കോളജി അറിയുന്ന ഡോക്ടർ ബാബുവിനുള്ളത്.

'ഞാൻ എല്ലാം മനസ്സിലാക്കിയിരിക്കുന്നു'. കോകിലയുമായുള്ള ഗിരിജയുടെ ബന്ധം വെറുമൊരു ബാധയാണ്. ഒരുതരം വിഭ്രാന്തി. അത് അധികകാലം നിലനിൽക്കില്ല. ഗിരിജയിൽ അതു തുടർന്നാലും കോകിലയിൽ അതു തുടരില്ല'.[46]

ഈ നോവൽ ചർച്ചചെയ്യുന്ന ചില വിഷയങ്ങൾ യഥാർത്ഥ വിമതരതിക്കാരനെ സംബന്ധിച്ചിടത്തോളം ശരിയാണെന്ന് തെളിയിക്കുന്ന സാമൂഹികസാഹചര്യം നിലനിൽക്കുന്നുണ്ട്.

1. കർതൃത്ത്വസ്വഭാവി സ്വയം എടുത്തണിയുന്ന രക്ഷാകർത്താവിന്റെ റോൾ
2. ഇണയെ തന്നിലേക്ക് അടുപ്പിക്കാൻ സമ്മാനങ്ങൾ നൽകൽ
3. ഇണ തന്നെ വഞ്ചിയ്ക്കുമോ എന്ന ഭയവും സംശയവും
4. ആ ഭയത്തിൽനിന്ന് രൂപം കൊള്ളുന്ന ആക്രമണസ്വഭാവം
5. സ്വവർഗ്ഗരതിയിലെ വിധേയ സ്വഭാവിയായ വ്യക്തിയുടെ മാനസികതലം
6. തന്റെ ഇണയുടെ സ്നേഹത്തെയും കരുതലിനെയും തനിക്ക് അനുകൂലമാക്കുന്ന വിധത്തിൽ നാട്യങ്ങളിലൂടെ ചൂഷണം ചെയ്യാനുള്ള മിടുക്ക്
7. ഇണ അറിയുമോ എന്ന ഭയത്തെ മാത്രം മുൻനിർത്തി ഒട്ടും കുറ്റബോധമില്ലാതെ വിധേയസ്വഭാവിയുടെ പരലിംഗക്കാരുമായുള്ള ശാരീരികവേഴ്ച.
8. പുരുഷന്മാർ വിശ്വസ്തരല്ലെന്ന് അറിയുമ്പോൾ മാത്രം സ്വവർഗത്തിൽപ്പെട്ട ഇണയുടെ രക്ഷാകർതൃത്ത്വം സ്വീകരിക്കൽ
9. കർതൃത്ത്വസ്വഭാവിയായ സ്വവർഗ്ഗഭോഗിയുടെ ആത്മഹത്യാപ്രേരണ

ഇത്തരം യാഥാർത്ഥ്യങ്ങൾ അടയാളപ്പെടുത്തി എന്നതിലൂടെ മാത്രം ഈ നോവൽ വിമതലൈംഗികരോട് നീതിപുലർത്തുന്നു. സാമൂഹികതലത്തിൽ നിന്നുകൊണ്ട് കഥാപാത്രങ്ങളെ നോക്കിക്കാണുന്ന എഴുത്തുകാരനല്ല വി.ടി. നന്ദകുമാർ. കഥാപാത്രത്തിനൊപ്പം നിന്ന് കഥാപാത്രത്തിന്റെ മനസ്സിന്റെ ആഴത്തിലേക്ക് ഇറ

ങ്ങിച്ചെന്ന്, സ്ത്രീ സ്വവർഗലൈംഗികതയെ അടയാളപ്പെടുത്തുന്ന എഴുത്തുകാരൻ മാത്രമാകാനേ അദ്ദേഹത്തിനു കഴിഞ്ഞിട്ടുള്ളൂ.

ഈ നോവൽ വിഷയീകരിക്കുന്നതിലും വലുതായ പ്രശ്നബാധിതമായ ഒരു സാമൂഹികാന്തരീക്ഷവും മാനസികവേദനകളും ഓരോ വിമതരതിക്കാരനിലും കണ്ടെത്താനാവും.

### 3.5 പ്രമോദ് രാമൻ

### 3.5.1 രതിമാതാവിന്റെ പുത്രൻ

ഈ കഥയിൽ ജീവൻ, രത്തൻ എന്നീ രണ്ടു കഥാപാത്രങ്ങളും തമ്മിലുള്ള വിമതലൈംഗികതയുടെ ചിത്രീകരണമുണ്ട്. ജീവന്റെ ഭാര്യയാണ് രതി. കുഞ്ഞുനാളിലെ പെൺകുട്ടികൾ ഏറെയുള്ള വീട്ടിൽ പിറന്ന ജീവന് തന്റെ ഭാര്യയുമായി വിവാഹത്തിന്റെ ആദ്യനാളുകളിൽ ബന്ധപ്പെടാനാവുന്നില്ല. ചില ഉത്തേജകമരുന്നുകളുടെ സഹായത്താലാണ് പിന്നീട് ജീവൻ രതിയുമായി ബന്ധപ്പെടുന്നത്. പക്ഷേ, രത്തന്റെ വിരൽത്തുമ്പിന്റെ സ്പർശം പോലും ജീവനെ കോരിത്തരിപ്പിക്കും.

''മാരിയേജ് ഈസ് എ ഫാൾസ് റിയലൈസേഷൻ ഓഫ് ജൻഡർ ഐഡന്റിറ്റി. ഞാൻ വിവാഹമേ കഴിക്കില്ല.''[47] ഇതാണ് രത്തന്റെ തീരുമാനം.

ജീവന്റെ വിവാഹത്തിന്റെ തലേന്ന് അവർ ആദ്യാവസാനരാത്രി ആഘോഷിച്ചു. തുടർന്നിങ്ങോട്ടുള്ള പകലുകളായിരുന്നു അവരുടെ രതിലീലകൾ. അത്തരം ബന്ധങ്ങളുള്ള ഒരു ദിവസം രത്തൻ സ്തനവളർച്ചയ്ക്ക് അത്യുത്തമമായ തരുണീ മെഡിക്കൽസിന്റെ അംഗീകൃത ലേഹ്യത്തിന്റെ പരസ്യം ജീവനെ കാണിക്കുന്നു. ഇതു കണ്ട ആദ്യ നിമിഷത്തിൽ ജീവൻ വിരണ്ടുപോയി. പക്ഷേ രത്തൻ ഒരു പെൺശരീരം ആഗ്രഹിക്കുന്നു എന്നു മനസ്സിലാക്കിയ ജീവൻ ആ ലേഹ്യം വാങ്ങിക്കഴിച്ച് സ്തനവളർച്ചയ്ക്കായി കാത്തിരിക്കുന്നു.

ആകാംക്ഷ മൂത്ത് ജീവൻ രതിയുടെ ബ്രാ എടുത്ത് ധരിച്ചുനോക്കി അതിന്റെ മധ്യങ്ങൾ മജീഷ്യൻ രണ്ടു വിരലുകൾ ചേർത്ത് കുത്തനെ പൊക്കുന്ന തൂവാല പോലെ ശുഷ്ക്കിച്ചു തന്നെ നിന്നു. സ്തനവളർച്ചാ ലേഹ്യത്തിന്റെ ടീസ്പൂണുകൾ കൂട്ടി ശീലവും ലഹരിയും ആവേശവുമായി രണ്ടു മരുന്നും ജീവൻ മുറതെറ്റാതെ

കഴിച്ചു. രാത്രിയിൽ കുറുക്കിയാറ്റിയ ഉത്തേജനത്തിന്റെ മഞ്ഞമഞ്ചാടി. പകൽ വാറ്റി വരട്ടിയ ആത്മപ്രേരണയുടെ രക്തകല്പം.

രാത്രിയിൽ രതിക്കായി ഗുളിക. പകൽ രത്തനായി ലേഹ്യം.

രതിക്കുമുന്നിൽ വിത്തുകാള. രത്തനുമുന്നിൽ കാമധേനു. രാത്രിയിൽ കൊമ്പുകുലുക്കും പകൽ പാൽ ചുരത്തും. ഞാൻ വൃഷണങ്ങളും അകിടും ഒന്നിച്ചു വളരുന്ന കാമ ഋഷഭം.[48]

പക്ഷേ, ഈ മരുന്ന് പ്രയോഗം ജീവന്റെ ആരോഗ്യത്തെ ബാധിച്ചു. 'ഉള്ളിൽ വളരുന്ന ഒരു മാംസശംഖ് കൂർത്ത മൂക്കുകൊണ്ട് അത് ഭിത്തി തുരക്കാൻ തുടങ്ങി'. ഇതേ അവസരത്തിലാണ് രതി ഗർഭിണിയാകുന്നത്. രതിയുടെ ഗർഭം പരസ്യപ്പെടുത്താവുന്നതും ജീവന്റെ വയറ്റിലെ മുഴ ഒളിച്ചു വെക്കപ്പെടേണ്ടതുമായി. രതി പ്രസവിക്കുന്നതും ജീവൻ രഹസ്യമായി നടത്തിയ കീഹോൾ ശസ്ത്രക്രിയ വഴി മരണപ്പെടുന്നതും ഒരേ ദിവസമാണ്. എല്ലാറ്റിനും സാക്ഷിയായി രത്തൻ മാത്രം. തന്റെ പഴയ ശരീരമുപേക്ഷിച്ച് ജീവന്റെ ആത്മാവ് രതിയുടെ കുഞ്ഞായി പുനർജന്മം നേടുന്നു. രതിയും മരണത്തിനു കീഴടങ്ങുന്നതോടെ ജീവന്റെ ആൺകുഞ്ഞ് രത്തന്റെ കൈകളിലേക്ക് എത്തുന്നു.

'രത്തന്റെ കൈയ്യിൽ ഞാനൊരു കോമയുടെ ആകൃതിയിൽ കിടന്നു ഉഭയരതി ജീവിപരമ്പരകൾ അലഞ്ഞുവാഴുന്ന അഴുക്കുകെട്ടിലേക്ക് ഒഴുകിയെത്തപ്പെട്ട ജീവനെന്ന വാൽമാക്രി'.[49]

ഒരു ദ്വിലൈംഗികന്റെ ജീവിതകഥയാണിത്. ഉഭയലൈംഗികരിലെ ഡബിൾഡക്കർ വംശത്തിന്റെ സ്വഭാവരീതികളാണ് ഇയാളിലുള്ളത്. സ്ത്രീയുമായി ലൈംഗികബന്ധം പുലർത്തുമ്പോൾ കർതൃത്വം ഭാവിയും പുരുഷനുമായി ബന്ധം പുലർത്തുമ്പോൾ വിധേയഭാവിയുമാണിയാൾ.

### 3.6.2 നപുംസകരുടെ പത്തുപടവുകൾ

വീട്ടിലെ ജോലിക്കാരൻ ദാമുവിന്റെ നിർദ്ദേശപ്രകാരം നപുംസകങ്ങളുടെ പത്തു പടവുകൾ കയറി മച്ചിൻ പുറത്ത് വെച്ച് ആദ്യമായി വിമതരതിയിൽ ഏർപ്പെടുന്ന താരാനാഥനും കഥാനായകനും ആണും പെണ്ണും തമ്മിൽ ചെയ്യുന്നതെന്തറി

യാനാണ് മച്ചിൻ മുകളിൽ എത്തുന്നത്. കുട്ടിക്കാലത്തേ വാശിക്കാരനായ താരാനാഥൻ തന്റെ പുരുഷത്വത്തിനുവേണ്ടി വാശി പിടിക്കുന്നു.

"I am the boy.

You are the girl.

അതു പറ്റില്ല ഞാൻ ആണ് നീ പെണ്ണ്.

No I am the boy , you are the girl.

No no I am the boy, you are the girl".[50]

അടുത്ത തവണ ഇണചേരുമ്പോൾ തിരിച്ചാകാം എന്ന് നാഥൻ സമ്മതിക്കുന്നുണ്ടെങ്കിലും പിന്നീടുള്ള ഇണചേരലുകളിലൊന്നും നാഥന് സ്ത്രീത്വം സ്വീകരിക്കാനാവുന്നില്ല. അവൻ തന്നിലെ പുരുഷനെ കഥാസംബോധകന് നല്കുന്നതിനോടൊപ്പം തന്റെ പേരിലെ സ്ത്രീശബ്ദമായ 'താര'യെയും ഇണയ്ക്ക് നല്കുന്നുണ്ട്.

എന്റെ വലതു ചെവിക്കടുത്ത് അവന്റെ സീൽക്കാരശബ്ദം ഇഴഞ്ഞു.

''താരാ ഐ ലവ് യു''

നീ അല്ലേ താര. എന്നിട്ട് എന്തിനാണ് എന്നോട് 'ഐ ലവ് യു' പറയുന്നത്, ഞാൻ ചിരിച്ചു.

പിന്നീടുള്ള ആൺപെൺകളിയിൽ ഞാൻ എപ്പോഴും പെണ്ണായി.

'യു ആർ ബോയ്' ഞാൻ പെണ്ണ്.[51]

പിന്നീട് ഇന്നേവരെ ഒരു പേരിനാലും ക്ഷണിക്കപ്പെട്ടിട്ടില്ലാത്ത ലിംഗകോശങ്ങൾ നാഥന്റെ കോശങ്ങളാൽ രതിക്കു ക്ഷണിക്കപ്പെട്ടു. ''എന്റെ ലിംഗകോശങ്ങളുടെ പങ്കാളി കോശങ്ങൾ, ആ ആൺനില്പ് എന്നെ പെൺനില്പിൽ ആനന്ദം കൊള്ളിച്ചു. നാഥന്റെ എഴുന്നേറ്റു നില്ക്കുന്ന ആൺലിംഗം തുടകൾക്കുള്ളിൽ മടക്കിയൊളിപ്പിച്ച് ഉണ്ടാക്കിയ പെൺലിംഗത്തിലേക്ക് ഞാൻ സ്വീകരിച്ചു.[52]

ആ കളി കുട്ടിക്കളിയിൽ അവസാനിച്ചില്ല. നാഥന്റെ ജീവിതത്തിലെ താര യായ് അവനുവേണ്ടി ഭക്ഷണം പാകംചെയ്യുന്ന അവന്റെ അടിവസ്ത്രങ്ങൾ കഴുകി യുണക്കുന്ന ഭാര്യയിലേക്ക് താരയുടെ ബോധമനസ്സ് വഴി മാറുന്നു.

''നാഥന്റെ അടിവസ്ത്രം കഴുകിയെടുക്കുമ്പോൾ ലോഹമണമുള്ള ഒരു കടൽ വന്ന് എന്നെ കപ്പൽ ചേതങ്ങളും പവിഴപ്പുറ്റുകളും കാണിച്ച് തീരത്ത് വലി ച്ചെറിയും. ജീൻസ് കൈയിലെടുത്ത് സിബ് വലിച്ചൂരുമ്പോൾ എന്റെ കാൽവണ്ണ യിൽ നനഞ്ഞ ഒരു പാമ്പിഴയും അവന്റെ ടീഷർട്ട് ഇസ്തിരിയിടും മുൻപ് അതിന്റെ മസിലുകളിൽ പിടച്ച് ഞെക്കും. അവന്റെ ഷൂ പോളീഷ് ചെയ്യുന്നതിനു മുൻപ് ഞാനതിനെ എന്റെ ബാറ്റ ചെരുപ്പിന്മേൽക്കിടത്തി ഒന്നു രണ്ട് തവണ അമർത്തും. നാഥൻ ബാത്ത്റൂമിൽ പോയി വന്നാലുടൻ എനിക്ക് വെറുതെയാണെങ്കിലും അതി നുള്ളിൽ പോകണമെന്ന് തോന്നും''.[53]

നാഥന്റെ താരയായുള്ള ഈ ജീവിതം അയാൾ ഇഷ്ടപ്പെടുന്നു. നാഥന്റെ വയറിൽ ചുറ്റിപിടിച്ച്, മുഖം അവന്റെ വയറിൽ ചേർത്തുവച്ച് എറണാകുളം നഗര ത്തോട് നാഥന്റെ പെണ്ണ് ഞാനാണ് കണ്ണ് വെക്കേണ്ട എന്നു പറയുമ്പോഴും നാഥന്റെ സുരതപാനത്തിൽ നിർവൃതി കൊള്ളുമ്പോഴും നാഥന്റെ അപ്രതീക്ഷിത ആലിംഗനത്തിനായി താരയുടെ നിതംബമൊരുക്കിയും സ്തനരതിക്കായി കുളിമുറി യിൽ ചേലാധാരണം നടത്തിനില്ക്കുമ്പോഴും കഥാസംബോധകൻ പൂർണമായും സ്ത്രീയായി മാറുന്നു.

എന്നാൽ നാഥൻ മറ്റൊരു താരയുടെ സ്നേഹത്തിനുവേണ്ടി, തന്നെ നാട്ടി ലേക്ക് ബസ് കയറ്റിവിടാനൊരുങ്ങുമ്പോഴാണ് തന്നിലെ 'താര' ഏത് ലിംഗം സ്വീക രിക്കണമെന്നറിയാതെ കഥാസംബോധകൻ കുഴങ്ങുന്നത്.

'അവന്റെ മുഖത്ത് മീശയില്ലാത്തിടത്ത് വിരൽകൊണ്ട് വരച്ച് ഞാൻ ചോദിച്ചു ''ഹൂ ഇസ് ഗേൾ''. [54]

ഒരിടത്തുംപിടികിട്ടാത്ത ഈ ചോദ്യത്തിനുള്ള ഉത്തരം കഥയിലില്ല. സ്ത്രീലിംഗത്തിന്റെ അഭാവമാണ് താര എന്ന കഥാസംബോധകന്റെ പ്രതീക്ഷകൾക്ക് വിലങ്ങു തടിയാവുന്നത്.

ഒരു സിദ്ധാന്തത്തിന്റെയും മുന്നറിവുകൾ ഈ കഥയിൽ ഇല്ല. വെറും കൗതുകത്തിന് തുടങ്ങുന്ന ഈ ആൺ-പെൺകളി ലൈംഗികതയുടെ സ്വത സിദ്ധ മായ ആഹ്ലാദത്തിനപ്പുറം പകയുടേയോ ദൈന്യത്തിന്റേയോ രുചിക്കൂട്ടുകൾ പങ്കു വെയ്ക്കുന്നില്ല. നാഥനിൽ മുഴച്ചുനില്ക്കുന്ന പുരുഷത്വവും കഥാകാരനിലെ സ്ത്രൈണതയുടെ മൃദുത്വവും കുട്ടിക്കാലം മുതൽക്കേ ഉള്ളതാണ്. എങ്കിലും പൗരുഷം കൊതിക്കുന്ന മനസ്സായിരുന്നു കഥാസംബോധകന്. ലിംഗത്വം പര സ്പരം വെച്ചുമാറാമെന്ന ധാരണയിലാണവർ രതിക്കൊരുങ്ങി പടവുകൾ താണ്ടി മച്ചിനുമുകളിൽ എത്തുന്നത്. അനേകവർഷത്തെ ബന്ധവളർച്ചക്കൊടുവിൽ ഒരി ക്കലും പുരുഷനാകാൻ തനിക്കിനി കഴിയില്ലെന്ന തിരിച്ചറിവോടെയാണ് കഥാകാ രൻ എറണാകുളത്തെ ഫ്ളാറ്റ് വിട്ടിറങ്ങുന്നത്.

'കാൽ അകത്തി മുന്നോട്ട് മടക്കി അരക്കെട്ട് കുന്തിച്ച് പിന്നോട്ട് തള്ളി വലിയ കണ്ണാടിയിൽ നോക്കി മുടി ചീകുമ്പോൾ നാഥൻ പറഞ്ഞത് താരയെക്കു റിച്ചാണ്.'[55] ബന്ധങ്ങൾക്കിടയിലെ സ്വാഭാവികരതിചിന്തകൾ മാത്രമേ ഈ കഥയി ൽ കാണാനാവുന്നുള്ളു. വിമതലൈംഗിക ബന്ധമാണ് ചിത്രീകരിക്കുന്നതെങ്കിലും ആൺ-പെൺ സ്വത്വബോധമാണ് കഥയിലുടനീളം നിലനിൽക്കുന്നത്.

### 3.6.3 ഛേദാംശജീവിതം

ഈ കഥയിൽ 'സെക്സ് എക്സ്ചേഞ്ച്' ചെയ്യുന്ന മഞ്ജിത്ത്മേനോൻ എന്ന ഊമയായ ചെറുപ്പക്കാരന്റെ ജീവിതം ചിത്രീകരിക്കുന്നു. 'സെക്സ് എക്സ്ചേഞ്ച് ചെയ്യുമ്പോൾ മുറിച്ചെടുക്കുന്ന സാധനം എവിടെ കളയും'? എന്ന ചോദ്യമാണ് അയാളെ കുഴക്കുന്നത്.

മഞ്ജിത്ത് മേനോൻ എന്ന ഇരുപത്തിരണ്ടു വയസ്സുള്ള സോഫ്റ്റ്വെയർ എഞ്ചിനിയർ മഞ്ജു എന്നാണ് ചെറുപ്പത്തിലേ വിളിക്കപ്പെടുന്നത്. പേരിലെ സ്ത്രൈണത മഞ്ജുവിന്റെ ശരീരത്തിനുമുണ്ടായിരുന്നു. ആ സ്ത്രൈണത സ്വന്തമാക്കാൻ കൊതിച്ച ചന്ദ്രൻ എന്ന കൂട്ടുകാരന്റെ ആവശ്യം തള്ളിക്കളയാൻ ആർക്കും ആവുന്നില്ല. കാരണം ചന്ദ്രൻ അവരുടെ ഊർജ്ജമായിരുന്നു.

"നേഹാ ഈ മഞ്ജു എന്റെ പെണ്ണാണ് I want to marry him"

''ബെസ്റ്റ്'' രുസ്തം കുലുങ്ങിച്ചിരിച്ചു. നേഹ എഴുന്നേറ്റ് വിളിച്ചുകൂവി. ''ഹേയ് ലുക്ക് നമ്മുടെ ചന്ദ്രൻ ഈസ് ഗേ.''[56]

അതൊരു വണ്ടർഫുൾ ഐഡിയ തന്നെയാണ് എന്നാണ് നേഹയുടെ അഭിപ്രായം. പക്ഷേ ചന്ദ്രനുവേണ്ടിയിരുന്നത് ഒരു ഗേ ബന്ധം ആയിരുന്നില്ല.

''മാറാമോ മഞ്ജു ഈ ശരീരം മാത്രം'' ?

''ഈ കായ കവചം ഉടുപ്പൊന്ന് മാറും പോലെ മാത്രം?''

'ചന്ദ്രന് പെണ്ണായാലെന്താ'? എന്ന രുസ്തത്തിന്റെ ചോദ്യത്തിന് പൊട്ടിത്തെറിക്കുന്നു ചന്ദ്രൻ.

''ഇവൻ എന്റെ പെണ്ണാണ് ഈ മഞ്ജു. ഇവനെ തന്നാൽ ഞാൻ ജീവിക്കാം ഇല്ലെങ്കിൽ നേഹാ ഈ ചന്ദ്രനെ കുഴിച്ചിട്ടേക്കു''.[57]

ചന്ദ്രന്റെ പ്രണയം സ്വീകരിക്കുന്ന മഞ്ജു, തന്റെ ശരീരം ഓപ്പറേഷൻ നടത്തി പെണ്ണാവാൻ തയ്യാറാകുന്നു. ഓപ്പറേഷന് വേണ്ടുന്ന ചികിത്സാ ചെലവുകൾ മുഴുവൻ വഹിക്കുന്നത് ചന്ദ്രനാണ്. മഞ്ജുവിനെ സ്ത്രൈണ രീതികൾ പഠിപ്പിക്കുന്നത് നേഹയും.

ചികിത്സക്കൊടുവിൽ സ്ത്രീയായി മാറിയ മഞ്ജു തന്റെ പുരുഷനെ കാണുന്നത് നേഹയിലാണ്. കഥയവസാനിക്കുമ്പോൾ നേഹയെ കെട്ടിപ്പിടിച്ച് മഞ്ജു ചോദിക്കുന്നത് ഇങ്ങനെ:

''മാറാമോ നേഹാ, ഈ ശരീരം മാത്രം? ഈ കായകവചം

ഉടുപ്പൊന്നു മാറുമ്പോലെ മാത്രം

നേഹാ നിനക്കെന്റെ ആണാകാമോ''[58]

ട്രാൻസെക്ഷ്വലാകുന്ന മഞ്ജുവിന് തനിക്കൊരു യഥാർത്ഥ സ്ത്രീയാകാൻ കഴിയില്ലെന്ന വേവലാതികളില്ല. തന്റെ മുറിച്ചുമാറ്റിയ അവയവം നേഹയിൽ വെച്ചു

പിടിപ്പിച്ചതുകൊണ്ട് മാത്രം അവൾ ഒരു പുരുഷനായി മാറുമെന്ന ധാരണയും മഞ്ജുവിലില്ല. പക്ഷേ സ്വവർഗ്ഗത്തോടു ചേരാതെ എതിർലിംഗത്തോട് ചേരാനുള്ള സ്വഃസിദ്ധമായ പ്രേരണ ചന്ദ്രന് മഞ്ജുവിനോടുള്ള ബന്ധത്തിലും മഞ്ജുവിന് നേഹയോടുള്ള ബന്ധത്തിലും കണ്ടെത്താവുന്നതാണ്. ഇവിടെ പ്രകൃതിവിരുദ്ധമായി ഒന്നുമില്ല. ഒരു ഉടുപ്പഴിക്കുന്ന ലാഘവം മാത്രമേ ലിംഗമാറ്റത്തെ ചന്ദ്രൻ കാണുന്നുള്ളുവെങ്കിൽ അതേ ലാഘവം തന്നെയാണ് മഞ്ജുവിന് ചന്ദ്രനോടുള്ള പ്രണയവും. ഞാൻ എന്ന സ്വത്വവത്ക്കരണം മഞ്ജുവിനെ നഷ്ടപ്പെട്ടിരിക്കുന്നു. ആ നഷ്ടപ്പെടൽ പോലും ലഘുവാണ്.

### 3.6.4 ഒരു ബ്രാക്കറ്റിൽ എത്രപേർക്കു ജീവിക്കാം

സ്വവർഗ്ഗാനുരാഗത്തിന്റെ അതിനിഗൂഢമായ തലങ്ങളെ അനാവരണം ചെയ്യുന്ന പ്രമോദ് രാമന്റെ മറ്റൊരു സൃഷ്ടിയാണ് 'ഒരു ബ്രാക്കറ്റിൽ എത്ര പേർക്കു ജീവിക്കാം' എന്ന കഥ. 'ജോളി ജോസഫ്, എൽദോ, റോസി എന്ന മൂവർ സംഘത്തിൽ എൽദോ എപ്പോഴും ഇടതുവശത്തും നടുക്ക് ജോളിയും വലത്ത് റോസിയുമായിരുന്നു'.[59] ജോളിയും റോസിയും തമ്മിൽ അടുപ്പത്തിലാണെന്നു വിശ്വസിച്ച നാട്ടുകാർ എൽദോയെ കട്ടുറുമ്പായിട്ടാണ് കണ്ടത്. എൽദോ ഇടത്തും റോസി വലത്തുമായി ഒരു ബ്രാക്കറ്റിനുള്ളിൽ നിൽക്കുമ്പോലെയുള്ള ജീവിതത്തിൽ ജോളി ജോസഫ് വലത്തുവശത്തുള്ള ഭിന്നവർഗ്ഗലൈംഗിക ജീവിതത്തിലേക്ക് മാറുന്നു. എൽദോയെ സ്വീകരിക്കുന്ന ജോളിക്ക് റോസിയുടെ സ്ത്രൈണഭാവങ്ങൾ ഒരു പ്രലോഭനവും സൃഷ്ടിച്ചില്ല. എല്ലാവരുടേയും നിർബന്ധത്തിനു വഴങ്ങി റോസിയെ വിവാഹം കഴിക്കേണ്ടിവരുമ്പോൾ ജോളിക്ക് എൽദോയുടെ സമ്മതമായിരുന്നു ആവശ്യം. റോസിയുമായി ലൈംഗികബന്ധം സാദ്ധ്യമാകാതെ വരുന്നത് ജോളി എൽദോ ബന്ധത്തിന്റെ ഇഴയടുപ്പം കൊണ്ടാണ്. എൽദോ, ജോളി ബന്ധം തിരിച്ചറിയുന്ന റോസി ജോളിയെ കൊലപ്പെടുത്തിക്കൊണ്ട് സ്വവർഗ്ഗലൈംഗികതയോടുള്ള വിപ്രതിപത്തി പ്രകടമാക്കുന്നു. കുടുംബദാമ്പത്യജീവിതത്തിന് വിമതരതി പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു എന്ന സാമാന്യതത്ത്വത്തെ പിൻതാങ്ങുന്നതാണ് ഒരു ബ്രാക്കറ്റിൽ എത്ര പേർക്ക് ജീവിക്കാം എന്ന കഥ.

പ്രമോദ് രാമന്റെ 'നപുംസകരുടെ പത്തു പടവുകൾ', 'രതിമാതാവിന്റെ പുത്രൻ', 'ഒരു ബ്രാക്കറ്റിൽ എത്ര പേർക്കു ജീവിക്കാം', 'ഛേദാംശ ജീവിതം' എന്നീ കഥകൾ പുരുഷ സ്വവർഗ്ഗരതിയുടെ വ്യത്യസ്തമായ വായാനുഭവം പങ്കുവെക്കുന്നു. നപുംസകരുടെ പത്തുപടവുകൾ കുട്ടിക്കാലത്തെ ആൺ-പെൺകളിയിൽ തുടങ്ങി തിരിച്ചറിവിന്റെ കാലത്ത് ആണേത് പെണ്ണേത് എന്നറിയാത്ത പ്രഹേളികയായി മാറുന്ന വിമതലൈംഗികാനുഭവങ്ങൾ പങ്കുവെക്കുമ്പോൾ 'രതിമാതാവിന്റെ പുത്രൻ' ആൺ-പെൺ ജീവിതത്തിന്റെ അവസാനം മരണം സമ്മാനിക്കുന്നു. 'ഛേദാംശജീവിതം' ശരീരത്തെ ഉടുപ്പുമാറ്റും പോലെ ശരീരത്തെ മാറ്റിക്കളയുന്ന ഒരു ചെറുപ്പക്കാരന്റെ മാനസികസംഘർഷങ്ങളാണ്. വിമതബന്ധം കുടുംബജീവിതത്തിന്റെ താളം തെറ്റിക്കുമ്പോൾ കൊന്ന് ഒഴിവാക്കപ്പെടേണ്ട ഒരു നീചബോധമായിമാറുന്നുണ്ട് 'ഒരു ബ്രായ്ക്കറ്റിൽ എത്ര പേർക്ക് ജീവിക്കാം' എന്ന കഥയിൽ.

വ്യവസ്ഥാപിത ലൈംഗിക ശീലങ്ങളിൽനിന്ന് ചില കുതറിമാറലുകൾ നടത്തി വിമതലൈംഗികതയുടെ യഥാർത്ഥ സ്വത്വം വെളിപ്പെടുത്തുവാൻ ശ്രമിച്ചു. പ്രമോദ് രാമൻ. ലൈംഗികതയിലെ രുചിഭേദങ്ങളിലേക്കു മാത്രമല്ല അതിനു പിന്നിലെ ജീവശാസ്ത്രപരവും സാമൂഹ്യശാസ്ത്രപരവുമായ കാര്യകാരണങ്ങളിലേക്കു കൂടി വെളിച്ചം വീശുന്നു അദ്ദേഹം തന്റെ കഥകളിലൂടെ.

### 3.7 ബി. മുരളി

#### 3.7.1 ലെസ്സി (2013)

'ഈ ലെസ്ബിയൻസിനെ കൊണ്ട് ശങ്കരൻകുട്ടി പൊറുതിമുട്ടി എന്നു പറഞ്ഞുകൊണ്ട് ബി.മുരളി എഴുതിയ കഥയാണ് ലെസ്സി. ലെസ്ബിയൻസ് എങ്ങനെയാണ് ശങ്കരൻകുട്ടിയെന്ന ബുദ്ധിജീവിയെ 'ഷൾഗവ്യ'ത്തിലാക്കിയതെന്നുമുള്ള കാര്യത്തിലേക്ക് കഥ പറഞ്ഞുതുടങ്ങുന്നു.

ലെസ്ബിയനിസത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന ഒരു ബുദ്ധിജീവിക്കൂട്ടത്തിലെ കേൾവിക്കാരനാകുന്ന ശങ്കരൻകുട്ടി, ലെസ്ബിയനിസം പുരുഷലൈംഗികതയെ ഫെയ്സ് ചെയ്യാൻ പറ്റാത്തവരുടെ ഒളിച്ചിരിക്കലാണെന്നു പറയുന്ന സുഗുണനും ഒരു ശരീരത്തിന്റെ സ്വാതന്ത്ര്യത്തിൽ കേറി ഇടപെടുന്ന ഷോവനിസ്റ്റ് ശീലത്തിൽനിന്ന് സുഗുണനെ ശകാരംകൊണ്ട് രക്ഷപ്പെടുത്താൻ ശ്രമി

ക്കുന്ന രാധാമണിയും വിവിധ ആശയങ്ങളുടെ ഒന്നാകലിൽനിന്നല്ലേ നമ്മുടെ പരിപാടി വിജയിക്കുക എന്നു പറയുന്ന ബിന്ദുവും ലെസ്ബിയനിസത്തെ അതിന്റെ ആഗോളവ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നോക്കിക്കാണുന്ന ബുദ്ധിജീവികളാണ്.

''ആയിക്കോട്ടീശ്വരാ ഓരോ ശരീരവും എന്തുവേണമെങ്കിലും ആയിക്കോട്ടെ, നമുക്കെന്തു ചേതം''[60] എന്ന് ലെസ്ബിയനിസത്തിന് കൈ കൊടുക്കാനേ ശങ്കരൻകുട്ടിക്ക് ആവുന്നുള്ളൂ. ഒരു ടി.വി. ഷോയുടെ ആങ്കറിങ്ങ് കൊണ്ട് ലെസ്ബിയനിസത്തെ ഒതുക്കി തീർക്കാനാവില്ലെന്നറിഞ്ഞ് 'അപരലൈംഗികത' വിഷയത്തിൽ സെമിനാർ നടത്താൻതന്നെ അവർ തീരുമാനിക്കുന്നു. ആ സെമിനാറിൽ അവതരിപ്പിക്കുന്ന വിഷയങ്ങൾ രേഖപ്പെടുത്തി ഒരു മാസികയിൽ ലേഖനമെഴുതുവാൻ ബിന്ദുവിന് ആവുന്നുണ്ട്.

ബിന്ദു എഴുതിയ ലേഖനത്തെ പുകഴ്ത്തി സംസാരിക്കുന്നതിനൊപ്പം തന്റെ ഉള്ളിലെ പ്രണയത്തെയും ശങ്കരൻകുട്ടി ബിന്ദുവിനോട് പങ്കുവെക്കുന്നു.

''അയ്യേ....''

ബിന്ദു നാണത്തോടെ അപ്പുറത്തേക്ക് തിരിഞ്ഞു. പിന്നെ കോപത്തോടെ പറഞ്ഞു. ''ഞാൻ ഒരു ലെസ്ബിയനാണ്''.[61]

ഒരു അപരശരീരത്തിന്റെ സ്വതന്ത്രനിലപാടുകളെപ്പറ്റി ബോധമുണ്ടായിട്ടില്ലേ എന്ന 'ലോഹത്തിൽ ലോഹമുരയുന്ന' ശബ്ദത്തിൽ ബിന്ദു ചോദിച്ചതും: 'ആരാണവളുടെ കാമുകി അല്ലെങ്കിൽ കാമുകൻ' എന്നറിയാൻ ബുദ്ധിജീവി തലംവിട്ട് ശങ്കരൻകുട്ടി ഒരു പരദൂഷണക്കാരന്റെ ആർത്തിയിലേക്ക് തിരിയുന്നതും കഥയിൽ കാണാം. ലെസ്ബിയൻ ഇസവത്കരണ വേളയിൽ പുരുഷമേൽക്കോയ്മ അംഗീകരിക്കാത്തവരൊക്കെ ലെസ്ബിയൻ വാദഗതികളോട് ചേർന്നിരുന്ന ചരിത്രം കഥയിൽ ആവിഷകരിക്കപ്പെടുന്നുണ്ടെങ്കിലും:

''അതിരിക്കട്ടെ ബിന്ദു മറ്റേ റിലേഷൻഷിപ്പിൽ താൻ ഡൊമിനന്റ് പാർട്ണറോ അതോ സബ്മിസീവോ'' എന്ന ശങ്കരൻകുട്ടിയുടെ ചോദ്യത്തിന് :

“അയ്യേ, ഞാനതിൽ പെണ്ണാ”[62] എന്ന ബിന്ദുവിന്റെ മറുപടി ശങ്കരൻകുട്ടിയുടെ തലയിൽ എന്തോ മുഴപ്പിക്കുന്നു. വിമതലൈംഗിക പ്രക്രിയയിൽ കർതൃത്ത്വസ്വഭാവിയോട് കാണിക്കാത്ത കരുണയോ ദയാവായ്പോ സമൂഹം വിധേയസ്വഭാവിയോട് കാണിക്കുന്നു എന്ന സുചനയാണിത്.

ഈ കഥയിൽ രണ്ടുതരത്തിലുള്ള സാമൂഹികസാംസ്കാരികതലം ഉണ്ട്.

1. ലെസ്ബിയനിസത്തെ ആശയപരമായി അംഗീകരിക്കുന്ന ബുദ്ധിജീവികൾക്കുപോലും അതിന്റെ ഭൗതികപരത ഉൾക്കൊള്ളാനാവില്ല.

2. ലെസ്ബിയനിസത്തെ സമൂഹം തെറ്റായ കണ്ണോടെ നോക്കിക്കാണുമെങ്കിലും അതിലെ സബ്മിസീവ് പാർട്ണർ എന്നത് തെറ്റിലേക്ക് വലിച്ചിഴക്കപ്പെട്ട ഒരു നിഷ്കളങ്കമുഖമാണ്. അവൾക്കൊപ്പം കുടുംബജീവിതം നയിക്കുന്നതിൽ തെറ്റില്ല എന്ന പുരുഷചിന്താഗതി.

ഈ ചിന്താഗതിക്ക് ആധുനികകാലത്ത് പ്രസക്തിയുണ്ട്. തന്റെ ഭാര്യക്ക് ഒരു സ്വവർഗ്ഗപ്രേമമുണ്ട് എന്നത് പുരുഷന്മാർ അവരുടെ ജീവിതത്തെ ബാധിക്കുന്ന പ്രശ്നമായി നോക്കിക്കാണാറില്ല. അവർക്ക് അത്തരം സ്ത്രീകളോട് ശാരീരിക ബന്ധം പുലർത്തുന്നതിലും വിമുഖത തോന്നാറുമില്ല. വി.ആർ.സുധീഷിന്റെ 'വിമതലൈംഗികം' എന്ന കഥയിലും ഇത്തരം പരാമർശങ്ങൾ കാണാം. വിമതരതിയിൽ തത്പരനായ ഒരു പുരുഷന് പലപ്പോഴും തന്റെ ഭാര്യയോട് നീതിപുലർത്താൻ സാധിക്കാറില്ല.

### 3.7.2 ഹരിതവൈശികം

'ഹരിതവൈശികം' എന്ന കഥയിലും ലെസ്ബിയനിസത്തിന്റെ രേഖപ്പെടുത്തലുണ്ട്. ലൈംഗികശാസ്ത്രജ്ഞന്മാരുടെ വീക്ഷണത്തിൽ പുരുഷന്മാരുടെ അസാന്നിധ്യത്തിലോ അവരോടുള്ള വിദ്വേഷത്തിൽനിന്നോ ഉടലെടുക്കുന്ന സ്വഭാവസവിശേഷതയാണ് വിമതരതി. സ്കൂളുകൾ, കോളേജുകൾ, ഹോസ്റ്ററലുകൾ, ജയിലറകൾ തുടങ്ങിയ സ്ഥലങ്ങളൊക്കെ ലെസ്ബിയനിസത്തിന് വേദികളായി മാറാം. സിസ്റ്റർ ജസ്മിയുടെ 'ആമേൻ', മാധവിക്കുട്ടിയുടെ 'എന്റെ കഥ', പത്മരാജന്റെ 'നമ്മൾ നഗ്നകൾ' എന്നീ കഥകളൊക്കെ ഇതിന്റെ ദൃഷ്ടാന്തങ്ങ

ളാണ്. ലെസ്ബിയൻ ഫെമിനിസ്റ്റുകൾ മുന്നോട്ടുവെയ്ക്കുന്ന ആശയങ്ങളേക്കാൾ ഇത്തരം സൃഷ്ടികളിലൊക്കെ പ്രാധാന്യം കിട്ടുന്നത് വിമതലൈംഗിക ബന്ധത്തെപ്പറ്റിയുള്ള ഭാവനാചിത്രങ്ങൾക്കോ, അനുഭവമെന്നനിലയിൽ അതിവൈകാരികത കലർന്ന വിശദീകരണങ്ങൾക്കോ ആണ്. ഹരിതവൈശികത്തിൽ സ്വവർഗ്ഗപ്രേമത്തിലേക്കു തിരിയുന്ന രണ്ടു വേശ്യകളുടെ കഥ പറയാൻ മുരളി ശ്രമിച്ചപ്പോഴും ഇത്തരമൊരു പ്രശ്നം ഉരുത്തിരിയുന്നു.

നിത്യേന ധാരാളം പുരുഷന്മാരുമായി ശാരീരികബന്ധം പുലർത്താൻ കഴിഞ്ഞിട്ടും ജീവിതത്തിൽ വേണ്ടത്ര സംതൃപ്തി കിട്ടാത്തവരാണ് ഹരിതവൈശികത്തിലെ രണ്ടു സ്ത്രീകൾ. തുല്യപ്രായവും തുല്യസൗന്ദര്യവും തുല്യ സാഹചര്യങ്ങളുമാണ് ഇവർക്ക് ചുറ്റുമുള്ളത്. പുരുഷന്മാരൊന്നും തേടിവരാത്ത രാത്രിയിൽ ഹൃദയവേദനകളെ പരസ്പരം തിരിച്ചറിയുകയും ശേഷമുള്ള ജീവിതം ഒന്നിച്ചുകഴിയാൻ അവർ തീരുമാനിക്കുകയും ചെയ്യുന്നു.

ഏകാന്തതയിൽ അരങ്ങേറുന്ന ഒരു രതിവൈകൃതമായിട്ടാണ് ഇവിടെ വിമതരതിയെ ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ ലെസ്ബിയനുകളുടെ വിമത പ്രേമത്തിനടിസ്ഥാനം സമത്വവും സഖ്യവും സൗഹാർദ്ദവുമാണ്. അധികാരവിധേയത്വത്തിന്റെ കപടമുഖങ്ങൾ ചീന്തിക്കളയാൻ ലെസ്ബിയൻ ഫെമിനിസ്റ്റുകൾ ശ്രദ്ധിക്കുന്നുണ്ട്.

ഹരിതവൈശികത്തിലാകട്ടെ, ആദ്യത്തെ കാഴ്ചയിൽ തന്നെ ആദ്യത്തെ സ്ത്രീ രണ്ടാമത്തെ സ്ത്രീയിൽ അധികാരം നേടിയെടുക്കുന്നതായി കഥാകൃത്ത് പറയുന്നു. പിന്നീടുള്ള ഓരോ പ്രവർത്തനത്തിലും രണ്ടാമത്തെ സ്ത്രീയെക്കാൾ ആധിപത്യം ആദ്യസ്ത്രീക്കാണ്. ഇണകളിൽ സാധാരണമായി പുരുഷഭാവം അനുകരിക്കുന്നവരും സ്ത്രീഭാവം അനുകരിക്കുന്നവരും ഉണ്ടാവും. ഒരാൾ നായകസ്വഭാവവും രക്ഷാകർത്തൃസ്വഭാവവും സ്വീകരിക്കുമ്പോൾ എല്ലാ ബന്ധത്തിലും സ്ത്രീഭാവത്തിലുള്ള ആൾ വിധേയത്വമനോഭാവം പുലർത്തുന്നതായി കണ്ടുവരുന്നു. ഇവിടെയും അത് സംഭവിക്കുന്നുണ്ട്. സ്നേഹിക്കപ്പെടാനും സംരക്ഷിക്കപ്പെടാനുമുള്ള ആഗ്രഹം ഓരോ സ്ത്രീയിലും സദാ അന്തർലീനമാണ്. പുരുഷനിൽനിന്നു കിട്ടാത്ത സ്നേഹവും വാത്സല്യവും സംരക്ഷണവും സ്ത്രീയിൽനിന്നു ലഭിക്കുമ്പോൾ രണ്ടാമത്തവൾ ആദ്യത്തവൾക്ക് കീഴ്പ്പെടുന്നു.

പുരുഷനോടുള്ള വിദ്വേഷം മനസ്സിൽ സൂക്ഷിക്കുന്നവളല്ല ഇക്കഥയിലെ നായികയായ രണ്ടാമത്തെ സ്ത്രീ. എന്നാൽ നായകപക്ഷത്തു നിൽക്കുന്നവളാകട്ടെ പുരുഷന്റെ കപടതയും വഞ്ചനയും തിരിച്ചറിഞ്ഞവളാണ്. സമാനചിന്താഗതിയി ലൂടെ കടന്നുപോകുന്ന വിമതരതിപ്രമേയമായ തകഴിയുടെ കഥയാണ് 'ജീവിതം സുന്ദരമാണ്, പക്ഷേ'. എല്ലാ പുരുഷന്മാരും വഞ്ചകരാണെന്ന തോന്നലാകാം ഇവരെ പുരുഷവിദ്വേഷിയുമാക്കി മാറ്റുന്നത്. പുരുഷനുമായുള്ള സംഭോഗത്തിൽ അതൃപ്തരായവർ സ്വവർഗ്ഗപ്രേമത്തിലേക്ക് തിരിഞ്ഞേക്കാം എന്ന് പ്രശസ്ത ലൈംഗിക ശാസ്ത്രജ്ഞനായ കിൻസി അഭിപ്രായപ്പെട്ടിട്ടുണ്ട്.[63]

ലിംഗപദവിയുടെ ആശയമണ്ഡലത്തെ പിടിച്ചുകുലുക്കാൻ കെൽപ്പുള്ള ആശയങ്ങളോ സിദ്ധാന്തങ്ങളോ ഒന്നും ഇക്കഥയിൽ ആവിഷ്കരിച്ചിട്ടില്ല. സ്ത്രീയായി ജനിച്ചതിലുള്ള അപകർഷതാബോധമോ, സ്നേഹത്തിനോ സംരക്ഷ ണത്തിനോ വേണ്ടിയുള്ള ആഗ്രഹമോ മാത്രമാണ് നായികാനായകന്മാരിൽ പ്രതി ഫലിക്കുന്നത്. ലൈംഗിക സംതൃപ്തിക്കപ്പുറത്തുള്ള കേവലമായ ഇണതേടലല്ല പ്രേമവും വാത്സല്യവും സംരക്ഷണവും കലർന്നിട്ടുള്ള ഒരു മാനസിക അടിമത്തം ആയാണ് ഹരിതവൈശികത്തിലെ വിമതലൈംഗികത ആവിഷ്കരിച്ചിരിക്കുന്നത്.

### 3.7.3 മഞ്ജുള

ഒളിച്ചുവെച്ച ലെസ്ബിയൻ അഭിനിവേശത്തിന്റെ വർഷങ്ങൾക്കുശേഷമുള്ള വെളിപ്പെടുത്തലാണ് മഞ്ജുള എന്ന കഥ. ട്രെയിനിങ് ക്ലാസിൽ ഒരുമിച്ചുണ്ടായി രുന്ന മുകുന്ദനോട് വർഷങ്ങൾക്കുശേഷം തന്റെ വിമതപ്രണയം തുറന്നുപറയുന്നു മഞ്ജുള. തന്റെ പാർട്ണറായിരുന്ന വന്ദനയെ മുകുന്ദൻ വിവാഹം ആലോചിച്ച സമയമായിരുന്നു മഞ്ജുളയുടെ വെളിപ്പെടുത്തൽ. വന്ദനയുടെ സൗന്ദര്യത്തോടാ യിരുന്നു മഞ്ജുളയ്ക്ക് പ്രണയം. അത്തരമൊരു പ്രണയം നിലനിന്നിരുന്നതു കൊണ്ടു തന്നെ തന്റെ പാർട്ണറായി ഒരു പുരുഷനെ സ്വീകരിക്കാൻ മഞ്ജുളയ്ക്ക് ആകുന്നുമില്ല. ലെസ്ബിയനിസമെന്നാൽ ലൈംഗികത എന്ന പൊതുബോധത്തിൽ നിന്ന് മാറിനിൽക്കുന്ന കഥയാണിത്.

'ലെസ്സി' പുരുഷാധിപത്യ സമൂഹത്തിന്റെ കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്ന ലെസ്ബിയൻ കഥയാണെങ്കിൽ ഹരിതവൈശികം ലെസ്ബിയനിസമെന്നാൽ ലൈംഗികത എന്ന പൊതുബോധത്തിൽനിന്ന് മാറിനിൽക്കുന്ന പ്രണയ/സംര

ക്ഷണ തലത്തെ ചിത്രീകരിക്കുന്നു. മഞ്ജുള ലെസ്ബിയൻ അഭിനിവേശമുള്ള സ്ത്രീയിൽ അത് എന്നെങ്കിലും വെളിപ്പെടുമെന്ന സൂചന നല്കുന്നതിനോടൊപ്പം ലെസ്ബിയൻ സ്ത്രീ പുരുഷനോ സമൂഹത്തിനോ പ്രശനങ്ങൾ സൃഷ്ടിക്കുകയില്ല എന്നുകൂടി ഉറപ്പുവരുത്തുന്ന വിമതപ്രണയത്തിന്റെ സ്വകാര്യദുഃഖം ആവിഷ്ക്കരിക്കുന്ന കഥയാകുന്നു.

## 3.8 വി. ദിലീപ്

### 3.8.1 സ്വവർഗ്ഗം (2008)

വി. ദിലീപിന്റ 'സ്വവർഗ്ഗം' (2008) എന്ന കഥയിൽ ഒരു സ്വവർഗ്ഗാനുരാഗിയെ എങ്ങനെ തിരിച്ചറിയാമെന്ന് പറയുന്നുണ്ട്.

"അത്തരക്കാരെ തിരിച്ചറിയാൻ സൂത്രമുണ്ട്. എപ്പോഴും ആൾക്കൂട്ടത്തിൽനിന്ന് അകലം പാലിക്കും. അല്ലെങ്കിൽ ആൾക്കൂട്ടത്തെ പെട്ടെന്ന് ആക്രമണകാരിയാകുന്ന മൃഗം എന്നു സങ്കല്പിക്കും. ആത്മരക്ഷാർഥം മനസ്സിൽ എപ്പോഴും ഒരു ചാട്ടയുലയ്ക്കും. മുഖത്ത് സദാ നിസ്സംഗത കാക്കും. എങ്കിലും ഉള്ളിൽ നിറയെ അനുരാഗമുണ്ടായിരിക്കും."[64]

ഒരു സ്വവർഗ്ഗാനുരാഗിയെ കേട്ടറിഞ്ഞവന്റെ മാനസികചിന്തയാണത്.

"ഏറെ വർഷങ്ങൾക്കുമുൻപ് ഞാനൊരാളെ പരിചയപ്പെട്ടു. 'ഭാസ്കരേട്ടൻ'. ഭാസ്കരേട്ടൻ തലയിൽ ഒരു ചുമടുമായി നടന്നുപോകുന്നു. പുറകെ പന്ത്രണ്ട്-പതിമൂന്ന് വയസ്സുള്ള ഒരു ആൺകുട്ടിയും. ഇവൻ ഭാസ്കരേട്ടന്റെ 'കുണ്ടനാ'ണെന്നാണ് ജനസംസാരം. അക്കാലത്ത് നഗരങ്ങളിൽ പല പ്രമാണിമാർക്കും സ്വന്തമായി തെങ്ങിൻതോപ്പും കുണ്ടൻമാരുമുണ്ട്. ടൗൺഹാളിലെ മാപ്പിളഗാനസന്ധ്യകളിൽ ഇവർ കുണ്ടന്മാരെയും കൂട്ടിവരും. എസ്.എം. കോയ പാടിനിർത്തി ചിറി തുടയ്ക്കും. ഒപ്പം പ്രമാണിമാർ അവരുടെ കുണ്ടന്മാരുടെ തുടകളിൽ ചിരിച്ചു നുള്ളും. ഞാനും മാഹൂദും എത്ര കണ്ടിരിക്കുന്നു."[65]

കഥാകാരന് ഭാസ്കരേട്ടനെ ഇഷ്ടമല്ല. ആള് പോക്കാണെന്ന് ജനം പറഞ്ഞു കേട്ട അറിവാണതിനു കാരണം.

എന്നാൽ വിശന്നലഞ്ഞുനിന്ന ഒരുച്ചയ്ക്ക് വയറുനിറയെ ചോറുവിളമ്പി തന്നെയും അശരണരായ മറ്റു ചില സഹജീവികളെയും ഊട്ടി സംതൃപ്തനാക്കുന്ന ആ മനുഷ്യനിൽ അസാന്മാർഗികമായ ഒന്നും അദ്ദേഹത്തിന് കണ്ടെത്താനാവു ന്നില്ല. എങ്കിലും 'ഭാസ്കരേട്ടൻ' എന്ന പേരു കേൾക്കുന്ന മാത്രയിൽ മനസ്സിൽ ഒരു 'കൂയ്' വിളി ഉയരുന്നുണ്ട്.

നാടകം കാണാൻ പോകുമ്പോൾ കൂട്ടുകാരനായ മഹൂദിനോട് തന്റെ അനു ഭവങ്ങൾ കഥാകാരൻ വിവരിക്കുന്നുണ്ട്. ഭാസ്കരേട്ടന്റെ വീട്ടിൽപോയത് മഹൂദ് ഒരു തെറ്റായി വ്യാഖ്യാനിക്കുന്നില്ല. നാടകത്തിനിടെ ഒരു അലമ്പുണ്ടായി. അന്ത്രു ഹാജിയുടെ 'കുണ്ടൻ' കണ്ണൻനായരുടെ കുണ്ടനോട് ബഹുമാനമില്ലാതെ സംസാ രിച്ചതാണ് കാര്യം.

''എന്നോട് എന്തെങ്കിലുമുണ്ടെങ്കി നേരിട്ട് പറയണം. വെറുതെ കുണ്ടനെ തൊട്ടുകളിക്കുന്നത് തറവാട്ടുകാർക്ക് പറഞ്ഞിട്ടുള്ളതല്ല. നായരും ഹാജിയും തർക്കം ഏറ്റെടുക്കുന്നത് കണ്ട് ഞങ്ങൾ പുറത്തിറങ്ങി.''[66]

തറവാടികൾക്ക് അലിഖിതമായി സ്വവർഗ്ഗ

ബന്ധം ആകാം എന്ന ഒരു ധ്വനി കൂടിയുണ്ട് ഈ വാക്കുകളിൽ. ഭാസ്കരേട്ടനെക്കു റിച്ച് പല കഥകളും നാട്ടിലുണ്ട്. ഭാസ്കരേട്ടൻ ഒരിക്കൽ കല്യാണം കഴിച്ച് ഉപേ ക്ഷിച്ചതാണ്.

''ഒരീസം ഒന്നിച്ചുകഴിഞ്ഞിട്ടും ഭാസ്കരേട്ടൻ ഓന്റോളെ തൊട്ടിട്ടില്ല. എന്താ ഓന് അതില്ലേ?''

സ്ത്രീയുമായി സംഭോഗം സാധിക്കാത്തവൻ ഷണ്ഡനാണെന്ന പൊതുധാരണയെ,

''ഇല്ലെങ്കി കുണ്ടനേംകൊണ്ട് നടക്കുന്നത് കാണാനാ?''എന്ന മറു ചോദ്യം വഴിതിരിക്കുന്നു.

കഥാകാരൻ തിരിച്ചറിയുന്ന ഒരു കാര്യമുണ്ട്. 'അനുരാഗികളുടെ തെരു വാണ് മിഠായിത്തെരുവ്. (ഞങ്ങൾ മൂട്ടായിത്തെരുവെന്നാണ് പറയുക)'[67]

പിന്നീട് ചോറുവ്യാപാരത്തിലേക്കിറങ്ങിയ കഥാകാരനും പതിമൂന്ന് വയസ്സുള്ള ദയനീയമായ മുഖമുള്ള ഒരു ആൺകുട്ടിയെ സംരക്ഷിക്കേണ്ടിവരുകയും മറ്റുള്ള പ്രമാണിമാർ കുണ്ടന്മാരെയും കൊണ്ടുനടക്കുന്നതുപോലെ കഥാകാരനും തന്റെ കൂട്ടുകാരനുമായി നാടകം കാണാൻ പോകുകയും ചെയ്യുന്നു . ''ഇതൊക്കെ എല്ലാവർക്കുമറിയാവുന്നതാണ്, നിനക്കറിയില്ലേ''? എന്ന ഒരു കൊഞ്ഞനംകുത്തലോടെ കഥയവസാനിക്കുന്നു.

വിമതരതിയുടെ അതിവൈകാരിക വിവരണങ്ങളൊന്നും ഈ കഥയിലില്ല. പക്ഷേ പൊതുസമൂഹം അംഗീകരിക്കുകയും പരിഹാസപൂർവ്വം നോക്കിക്കാണുകയും ചെയ്യുന്ന വിമതചിന്തകളും സംസാരങ്ങളുമുണ്ട്.

വിമതരതിക്കാർ ഏറെ വാഴുന്ന നാടാണ് കോഴിക്കോടും മിഠായിത്തെരുവും എന്ന സ്ഥലപരവർണനകളിലെ സത്യസന്ധതയും വിമതാനുരാഗിയുടെ മാനസികചിന്തകളും ഉപരിപ്ലവമായി നോക്കിക്കാണുന്ന ഒരു സാധാരണ കഥയാണിത്. പണമുള്ളവനെ സംബന്ധിച്ച് അയാൾ 'രതിയുടെ' വൈവിധ്യംകൊണ്ട് അപഹാസ്യനാകുന്നില്ല എന്നും എന്തും ആളുകൾക്ക് പറഞ്ഞുചിരിക്കാനുള്ള ഒരു രസം മാത്രമാണെന്നും ഈകഥ സംവദിക്കുന്നു. വിമതലൈംഗികന്റെ ചിന്താബോധമല്ല പൊതുസമൂഹത്തിന്റെ സ്വാഭാവികരതിചിന്തയാണ് കഥയിലെ ഹാസ്യാത്മകത വെളിപ്പെടുത്തുന്നത്.

### 3.9 വി.ആർ.സുധീഷ്

#### 3.9.1 വിമതലൈംഗികം

ഈ കഥയിൽ ചെറുപ്പക്കാലം മുതൽ സ്നേഹിച്ച തന്റെ പ്രണയിനിയെ തട്ടിയെടുത്ത വിമതരതിക്കാരിയോട് അവളെ തനിക്ക് വിട്ടുതരണം എന്നാവശ്യപ്പെട്ടുകൊണ്ട് കത്തെഴുതുന്ന 'സന്തോഷ്‌രാമ'നാണ് കഥാനായകൻ. റോസലിറ്റി എന്ന വിമതരതിക്കാരിയും ശ്രീവിദ്യ എന്ന തന്റെ കാമുകിയും തമ്മിലുള്ള ബന്ധത്തിന്റെ യാഥാർഥ്യം സന്തോഷ് രാമന് മനസ്സിലാവുന്നില്ല.

'ഞാനോ അവളോ തമ്മിലോർക്കാതെ ഈ കാലത്തിനിടയിൽ ഒരു രാപ്പകലും കടന്നുപോയിട്ടില്ല. ഒരുപാട് സ്വപ്നങ്ങൾ സ്വരുക്കൂട്ടിയതാണ്, അടുത്ത ഡിസം

ബറിൽ കല്യാണവും തീരുമാനിച്ചിതാണ്. തീവ്രമായി എന്നെ സ്നേഹിച്ച പെൺകുട്ടിയെ നിങ്ങൾക്ക് എങ്ങനെയാണ് വശത്താക്കാൻ കഴിഞ്ഞത്? സ്ത്രീ സ്ത്രീയെ വശീകരിക്കുന്ന ഈ നീചതന്ത്രം മനുഷ്യരാശിയുടെ ഭാവിക്ക് ഭൂഷണമാണോ? പെണ്ണും പെണ്ണും ഭാര്യാഭർത്താക്കന്മാരെ പോലെ ജീവിക്കുന്ന പാരമ്പര്യം നമ്മുടെ നാട്ടിലുണ്ടോ? പ്രകൃതി സന്തുലനം നിങ്ങളെന്തിനാണ് തകർത്തുകളയുന്നത്. മലയാള സംസ്കാരത്തെ എന്തിനാണ് മലിനപ്പെടുത്തുന്നത്'.[68]

പൊതുസമൂഹം വിമത ലൈംഗികർക്കുനേരെ ഉയർത്തുന്ന സംശയങ്ങളും ചോദ്യങ്ങളും ഇവിടെ സന്തോഷ്രാമനിലുമുണ്ട്. തന്റെ ഇണയെ മറ്റൊരു ഇണ അതും സ്വവർഗ്ഗക്കാരി തട്ടിയെടുത്തത് തന്റെ പുരുഷത്വത്തിനെതിരെയുള്ള വെല്ലുവിളിയാണെന്ന് അയാൾ ചിന്തിക്കുന്നു. തന്റെ കഴിവുകേടായി പൊതുജനം ഈ പ്രവൃത്തിയെ വിലയിരുത്തുന്നുവെന്നും അയാൾക്കറിയാം. സന്തോഷ് രാമന് മനസ്സിലാക്കാത്ത ഒരേ ഒരു കാര്യമേയുള്ളൂ.

''ഒരു പെണ്ണിന് എങ്ങനെയാണ് അധികകാലം മറ്റൊരു പെണ്ണിനെ സഹിക്കാൻ കഴിയാ. പെണ്ണും പെണ്ണും എങ്ങനെയാണ് ലൈംഗികസംതൃപ്തി കൈവരിക്കുക. വീട്, ഭർത്താവ്, കുഞ്ഞുങ്ങൾ അങ്ങനെ മോഹിച്ചല്ലേ നിങ്ങളും വളർന്നത്? അമ്മയായി നിങ്ങൾക്ക് മുലപ്പാലൂട്ടണ്ടേ?''[69]

സാമ്പ്രദായിക ഇന്ത്യൻ കുടുംബജീവിത സങ്കല്പമാണ് സന്തോഷ് രാമന്റെ വാക്കുകളിൽ നിറഞ്ഞുനിൽക്കുന്നത്. ഇത്തരം സങ്കല്പങ്ങളെ നിരാകരിച്ചുകൊണ്ട് ജീവിതത്തിന്റെ സന്തോഷം കണ്ടെത്തിയവളാണ് റോസിലിറ്റി. അവൾ മുടിമുറിക്കുന്നു, ജീൻസും ടോപ്പുമിട്ട് ആണിനെപ്പോലെ വേഷമിടുന്നു, അത് പത്രത്തിൽ വാർത്തയാവുന്നു. 'തന്റെ ശ്രീദേവിയെ അത്തരത്തിൽ കോലം കെടുത്തരുത്' എന്ന് അഭ്യർത്ഥിക്കുമ്പോഴും ശ്രീദേവി തിരിച്ചുവന്നാൽ അവൾക്ക് മാപ്പുകൊടുക്കാനും തയ്യാറാകുന്നുണ്ട് കഥാനായകൻ.

പാതിവ്രത്യം, ചാരിത്ര്യം എന്നീ സാമൂഹിക സങ്കല്പങ്ങൾ ലംഘിക്കുന്ന ഒരു സ്ത്രീയെ വിവാഹം കഴിക്കാൻ തയ്യാറാകുന്ന കഥാനായകനെ മലയാള സാഹിത്യങ്ങളിൽ പൊതുവേ കണ്ടുവരുന്നില്ല. എന്നാൽ സ്ത്രീ സ്ത്രീയോടൊപ്പം കഴിഞ്ഞാലും ലിംഗം അകത്തു പ്രവേശിപ്പിക്കാത്തതിനാൽ അവളുടെ ലൈംഗി

കാവശ്യപൂർത്തീകരണം നടക്കുന്നില്ല എന്ന തെറ്റിദ്ധാരണ അവളെ തിരിച്ച് സ്വീക രിക്കാൻ ഒരു പുരുഷനെ പ്രേരിപ്പിക്കാറുണ്ട്. അവിടെയും പുരുഷനും സ്ത്രീയും തമ്മിലുള്ളതാണ് ലൈംഗികത എന്ന നിലപാടാണുള്ളത്. മറ്റെല്ലാം ചില സ്നേഹ പ്രകടനങ്ങൾ മാത്രം. അതല്ലെങ്കിൽ പുരുഷൻ ഉൾപ്പെടുത്താത്തതൊന്നും ലൈംഗി കതയവുന്നില്ല എന്ന് പുരുഷപക്ഷസമൂഹം വിശ്വസിക്കുന്നു എന്നും വേണം കരു താൻ.

എന്നാൽ, ആദർശാത്മകമായ സ്ത്രൈണ വ്യക്തിത്വത്തിന് അനുരൂപമായ വിധത്തിൽ സ്ത്രീകളെ പുനർ രൂപീകരിക്കേണ്ടതുണ്ട് എന്ന് വിശ്വസിക്കുന്ന ഒരു സ്ത്രീവാദിയാണ് റോസിലിറ്റി. സ്ത്രീപുരുഷ ബന്ധങ്ങളെയും അധികാര സമവാ ക്യങ്ങളെയും അപനിർമ്മിക്കുന്നതിന്റെ ഭാഗമായാണ് റോസിലിറ്റി ശ്രീദേവിക്കൊപ്പം ജീവിതമാരംഭിക്കുന്നത്. സാമൂഹികബന്ധങ്ങൾ തികച്ചും ഉപകരണാത്മകക്രയ വിക്രയ ബന്ധങ്ങളായി തരംതാഴുന്ന ഇന്നത്തെ വ്യവസ്ഥിതിയിൽ സ്ത്രീ, സ്ത്രീയുടെ ലോകത്തെ പൊളിച്ചെഴുതുന്ന ഒരു പ്രക്രിയയായാണ് വിമത ലൈംഗി കബന്ധത്തെ നോക്കിക്കാണേണ്ടതെന്ന് റോസിലിറ്റി അഭിപ്രായപ്പെടുന്നു.

“ഭിന്നലൈംഗികത പ്രകൃതിസന്തുലനം കെടുത്തുന്നുവെന്ന പ്രസ്താവന സമൂഹത്തിന്റെ പൊള്ളത്തരവും കാപട്യവും വെളിപ്പെടുത്തുന്നു. ഒരുമിച്ചു ജീവിക്കാനുള്ള അവകാശം മാനവികതയുടെ അവകാശം മാത്രമായി കണ്ടെത്തി യാൽ മതി ലെസ്ബിയൻ സ്ത്രീകൾ എന്നു വിളിച്ച് നിങ്ങൾക്ക് ഞങ്ങളെ പരിഹ സിക്കാം. ഭിന്നലൈംഗികതയിൽ നിറവേറ്റപ്പെടുന്നതും മാനുഷിക പൂർണത യാണ്”[70].

റോസിലിറ്റിയുടെ ഇത്തരമുള്ള ഓരോ വാക്കും സമൂഹത്തിനുള്ള മറുപടി യായി മാറുന്നു. ലെസ്ബിയൻ സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തി ക്കുന്നവരുടെ ഒരു സംഘടന ‘ഹെൽപ്ഹാൻഡ്’ എന്ന പേരിൽ ഉണ്ടാക്കുകയും സ്ത്രീ പ്രതിനിധാനം ചെയ്യുന്ന ഇടം വിശാലാർത്ഥത്തിൽ തിരിച്ചറിയപ്പെടുകയും പുരുഷലൈംഗികതയിൽനിന്നും വേറിട്ടുകൊണ്ടുള്ള ഒരു അടയാളപ്പെടുത്തൽ അവൾക്ക് അനിവാര്യമാണ് എന്ന ലക്ഷ്യം മുൻനിർത്തിയാണ് റോസിലിറ്റിയുടെ സംഘടനാസ്ഥാപനം.

കഥയവസാനിക്കുമ്പോൾ റോസ്ലിറ്റി ലിംഗശസ്ത്രക്രിയ്ക്കുവേണ്ടി ബോംബെയിൽ പോകുന്നു. നിലനിൽക്കുന്ന സാമൂഹികസാഹചര്യത്തെ എതിർത്ത് തോല്പിച്ച് സ്ത്രീയുടെ സ്ത്രീയാവാൻ ശ്രമിച്ചിട്ടും റോസ്ലിറ്റി പരാജയം സമ്മതിച്ച് പുരുഷത്വത്തിലേക്ക് ചുവടുവെക്കുന്നു. ലെസ്ബിയൻ ബന്ധത്തിൽ തുടങ്ങുന്ന കഥ അവസാനിക്കുന്നത് ട്രാൻസ്ജൻഡർ ഐഡന്റിറ്റിയിലെ എഫ്.ടു.എം ലേക്കുള്ള പരിണാമമായാണ്.

### 3.9.2 വെള്ളത്തണ്ട്

വനജയുടെയും അവളുടെ ആത്മസുഹൃത്തായ പെൺകുട്ടിയുടെയും ആത്മബന്ധത്തിന്റെ കഥയാണിത്. പ്രീഡിഗ്രി പഠനകാലത്ത് ക്യാംപസിൽ വെച്ച് പരിചയത്തിലാകുന്ന വനജയും മറ്റൊരു പെൺകുട്ടിയും തമ്മിൽ ശാരീരികവും വൈകാരികവുമായ ബന്ധമുണ്ടാവുകയും ആ ബന്ധം വളരുകയും ചെയ്യുന്നു. പഠിപ്പുമതിയാക്കി ഒരാൾ ബുക്ക് ബൈൻഡിങ്ങ് സെന്ററിലും മറ്റേയാൾ ടൈലറിങ് ഷോപ്പിലും ജോലിക്കുകയറി. നാട്ടിൽ നിൽക്കാൻ കഴിയാത്ത സാഹചര്യം വന്നപ്പോൾ നഗരത്തിലൊരു ടൈലറിങ് ഷോപ്പ് തുടങ്ങാനായി ബാങ്ക് വായ്പയന്വേഷിച്ച് ഇരുവരും യാത്രചെയ്യുകയും ബസ് ആക്സിഡന്റിൽ വനജ കൊല്ലപ്പെടുകയും ചെയ്യുന്നു.

കേരളീയ സമൂഹത്തിൽ ലെസ്ബിയൻ അതിജീവനങ്ങൾക്ക് സാധ്യതയില്ല എന്ന നിലപാടാണ് ഈ കഥയിലൂടെ വി.ആർ.സുധീഷ് അവതരിപ്പിക്കുന്നത്. ലെസ്ബിയനിസമെന്നാൽ സ്ത്രീകളുടെ കുത്തഴിഞ്ഞ ജീവിതം എന്ന തലത്തിലാണ് കഥാപരിസരം പരുവപ്പെടുത്തിയിരിക്കുന്നത്. എഴുത്തുകാരന് ലെസ്ബിയനിസത്തെക്കുറിച്ചുള്ള കൗതുകങ്ങളാണ് 'വെള്ളത്തണ്ടിൽ' ആവിഷ്ക്കരിച്ചിരിക്കുന്നത്.

### 3.9.3 പിണഞ്ഞവൾ

ഈ കഥയിൽ പുഷ്പും പുള്ളും കൺഫ്യൂഷൻ തീർക്കുന്ന ദിയയുടെ ജീവിതത്തിലേക്ക് വിമതരതിയുടെ മാധുര്യം പകർന്നുനൽകുന്ന, പുസ്തക കച്ചവടക്കാരിയാണ് ചേച്ചി എന്ന കഥാപാത്രം.

പുഷിനും പുള്ളിനും ഇടയിൽപ്പെട്ട് 'Y' ആകൃതിയിൽ കല്ലിച്ച കൈപ്പത്തിയിൽ ചുംബിച്ചുകൊണ്ടാണ് ചേച്ചി ദിയയിലേക്ക് വരുന്നത്.

''എനിക്ക് നിന്നെ കാണണം. നീ എനിക്ക് ഭ്രാന്തായിരിക്കുന്നു.'' ചേച്ചി ഒരു കാമുകന്റെ പരവശതയിലായിരിക്കുന്നു എന്ന് ദിയക്ക് തോന്നി.[71]

'ഭഗവദ്ഗീതയും കുറെ മുലകളും', 'പിഴച്ചവൾ', 'ആരും തൊടാത്ത തേൻക്കാരി' തുടങ്ങിയ പുസ്തകങ്ങൾ അടുക്കിവെച്ച പുസ്തകറാക്കറ്റിനു പിറകിൽ വെച്ചാണ് ദിയയുടെ ശരീരത്തിലേക്ക് ചേച്ചി സുഖം പകരുന്നത്.

'ഒരിക്കലും വിവാഹമേ കഴിക്കരുതെന്ന്' ദിയയെ ഉപദേശിക്കുന്ന ചേച്ചി മകന്റെ പ്രായം വരുന്ന വാഹിദിനെ വിവാഹം കഴിക്കുന്നു. ഇതോടെ ദിയയ്ക്ക് ചേച്ചിയോട് വെറുപ്പ് തോന്നുകയാണ്.

വിവാഹശേഷവും ദിയയുടെ ശരീരം തേടി പുസ്തകശാലയിൽ വെച്ച് ചേച്ചിയുടെ കൈകൾ ഇഴഞ്ഞെത്തുമ്പോൾ അതുവരെ ആസ്വാദ്യകരമായി തോന്നിയ കാമവികാരത്തെ വെറുപ്പോടെയാണ് ദിയ ആട്ടിയകറ്റുന്നത്.

'ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ' ദിയ മുന്നിൽ കണ്ടു. കനത്ത ചട്ടയുള്ള ആ വലിയ പുസ്തകമെടുത്ത് ചേച്ചിയുടെ തലയ്ക്കടിച്ച് ദിയ അലറി.

''കുടുംബം കലക്കീ, എനിക്ക് തന്ത ഒന്നേയുള്ളൂ''.[72]

## 3.10 മറ്റു കഥാപരാമർശങ്ങൾ

### 3.10.1 ഒ.വി.വിജയൻ

**ഖസാക്കിന്റെ ഇതിഹാസം**

12 കൊല്ലം മുമ്പ് അള്ളാ പിച്ചയുടെയും തിത്തിബീയുടേയും മകൾ മൈമൂനയ്ക്ക് 16 തികയുന്ന കാലത്താണ് ചെതലിയുടെ അടിവാരത്തിൽ അവനെ കാണുന്നത്. മൈമൂനയുടെ പ്രായം. നീണ്ടു സ്ത്രൈണമായ ചുണ്ടുകൾ, പുകചുറ്റിയ കണ്ണുകൾ, പെണ്ണിന്റേതുപോലെ ഒടിഞ്ഞ ചുമലുകൾ. അവൻ ചിരിച്ചു. സ്ത്രൈണമായ കവിളുകളിൽ നുണക്കുഴി തെളിഞ്ഞു. ഇഴപറിഞ്ഞ തുവർത്തിൻ മുണ്ടിനു

ചോട്ടിൽ അവന്റെ വെളുത്ത തുടകളിൽ തെളിഞ്ഞ ചെമ്പൻ രോമങ്ങൾ മൊല്ലാക്ക കണ്ടു. മൊല്ലാക്ക നൈസാമലിയുടെ നേർക്ക് കൈവീശി. ചൊറുകാൻ കാട്ടിത്ത രുന്ന കാളകുട്ടിയെപോലെ അവൻ അവന്റെ കവിള് ആ കയ്യിനോട് അടുപ്പിച്ചു.

''നീ.......ഏൻകൂടെവാ' മൊല്ലാക്ക പറഞ്ഞു.[73]

വിമതഭോഗത്തിന്റെ ആസക്തി നിറഞ്ഞ ഈ ചെറിയ വിശദീകരണം തന്നെ യാണ് നൈജാമലി-മൊല്ലാക്ക ബന്ധത്തിന്റെ ഇഴയടുപ്പം. തിത്തിബിയാകട്ടെ അറിഞ്ഞോ അറിയാതെയോ ഭർത്താവിനെ സന്തോഷിപ്പിക്കാൻ നൈജാമലിയെ പരിചരിക്കുന്നു. കുടുംബസങ്കല്പത്തിൽ പുരുഷൻ-സ്ത്രീ എന്ന ദ്വന്ദ്വബിംബങ്ങളി ലേക്ക് കടന്നുകയറുന്ന മൂന്നാമൻമാരായി മാറുന്നു ഇത്തരം ബന്ധങ്ങൾ. പിന്നീട് പൗരഷമുള്ള കഥാപാത്രമായി നൈജാമലി മാറുന്നുണ്ടെങ്കിലും ആദ്യകാഴ്ചയിലെ വർണനയാണ് നൈജാമലിയെ ഈ കഥയിൽ ശ്രദ്ധേയനാക്കുന്നത്.

### 3.10.2 വിജയൻ കോടഞ്ചേരി

#### സോദോം പാപത്തിന്റെ ശേഷപത്രം

ബൈബിൾ പഴയനിയമം ഉത്പത്തി പുസ്തകത്തിലുള്ള സൊദോം നഗര ത്തിലെ സ്വവർഗ്ഗരതി അടിസ്ഥാനമാക്കിയാണ് സോദോം പാപത്തിന്റെ ശേഷപത്രം (2005) വിജയൻ കോടഞ്ചേരി രചിച്ചിരിക്കുന്നത്. ലോത്തും പെൺമക്കളും കേന്ദ്ര കർതൃത്വം കൈയാളുന്ന ഈ കഥയിൽ സൊദോം നഗരത്തിലെ ജനങ്ങളുടെ സ്വവർഗ്ഗതാത്പര്യത്തിന്റെ പച്ചയായ വിവരണങ്ങളുണ്ട്.

അനുയായികൾ യുവതാർക്കികനെ നഗ്നനാക്കി കുനിച്ചുനിർത്തി അവന്റെ പൃഷ്ഠത്തിൽ വെണ്ണ തേച്ചുപിടിപ്പിക്കുന്നതും സോദോം രക്ഷകൻ തന്റെ വസ്ത്രമ ഴിച്ച് താഴെയിട്ട് താർക്കികന്റെ പിന്നിലെത്തി അയാളെ ഗുദരതിക്കു വിധേയനാക്കു ന്നതും കഥയിൽ വിവരിച്ചിരിക്കുന്നു.

തുടർന്ന് ദൈവത്തിന്റെ നിർദ്ദേശപ്രകാരം സോദോം നഗരത്തിലെത്തുന്ന ദൂതൻമാർ സോദോം, ഗോമോറ പ്രദേശങ്ങളിൽ തീമഴ പെയ്യിച്ച് നശിപ്പിക്കുന്നതും ലോത്തും പെൺമക്കളും രക്ഷപ്പെടുന്നതുമായ കഥയാണ് തുടർഭാഗങ്ങളിൽ വരു ന്നത്. മുഖ്യധാരാസമൂഹം പുരുഷസ്വവർഗഭോഗത്തെ ആഖ്യാനിക്കാൻ മടിച്ചുനി

ന്നിരുന്ന ഒരു കാലഘട്ടത്തിലാണ് വിജയൻ കോടഞ്ചേരി ഈ നോവൽ അവതരിപ്പി ക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

പുരുഷ വിമതപ്രണയികളെ സംബന്ധിച്ചിടത്തോളം ഗുദരതിയും വദനസുര തവുമാണ് രതിമൂർച്ഛയിലേക്ക് നയിക്കുന്നത്. ഇത്തരത്തിലുള്ള അഗമ്യഗമനത്തിന്റെ തുടക്കം സൊദോമിൽനിന്നുമാണ് എന്ന സൂചനകൾ ഈ കൃതി നൽകുന്നുണ്ട്. അഗമ്യഗമനത്തെയും വിമതരതിയെയും അതിന്റെ ദാർശനികതലത്തിൽ വിലയിരു ത്തുന്ന ഭാഷയിലെ ആദ്യത്തെ നോവൽ എന്ന അവകാശവാദം ഈ കൃതി ഉന്നയി ക്കുന്നുണ്ട്.

### 3.10.3 ജി.ആർ.ഇന്ദുഗോപൻ

#### ഉറങ്ങാതിരിക്കുക ! കള്ളനെ പിടിക്കാം (2010)

തകർന്ന കുടുംബബന്ധത്തിൽ അസ്വസ്ഥതയോടെ ഉറക്കംകിട്ടാതെ സുന്ദരി യായ ഭാര്യയുടെ അരികിൽനിന്ന് എണീറ്റുപോകുന്ന ഗൃഹനാഥനും പട്ടിണിയും ദാരിദ്ര്യവും കൊണ്ട് വളരെയേറെ കഷ്ടപ്പെട്ട് ആ വീടിനകത്ത് കയറിപ്പറ്റിയ കള്ള നുമാണ് ഈ കഥയിലെ കഥാപാത്രങ്ങൾ.

ഉറങ്ങാനാവാതെ രാത്രിയിൽ ടറസിനുമുകളിൽ കയറിയ ഗൃഹനാഥന്റെ കൈയിലേക്കാണ് ദരിദ്രനായി എല്ലും തോലുമായ കള്ളൻ ചെന്നുചാടുന്നത്. ഗൃഹ നാഥന്റെ ബലിഷ്ടമായ കൈക്കുള്ളിൽ കിടന്നുപിടയുമ്പോഴും കള്ളൻ അത്ഭുതത്തോടെ ചിന്തിക്കുന്നത് 'എന്തുകൊണ്ട്? ഗൃഹനാഥൻ ഒച്ചവയ്ക്കുന്നില്ല' എന്നുള്ളതാണ് പതുക്കെ ഗൃഹനാഥൻ കള്ളനെ സോഫയിലേക്ക് തള്ളിയമർത്തി.

"എന്താ വേണ്ടത് സ്വർണമല്ലേ? ദാ എന്റെ കഴുത്തിൽ കിടപ്പുണ്ട്. ഞാൻ തരാം. പ്ലീസ് അനങ്ങരുത്. ഞാൻ നിന്നെ ഉപദ്രവിക്കില്ല."[74]

അയാളുടെ ആവശ്യം മറ്റൊന്നായിരുന്നു. കള്ളന്റെ എല്ലും തോലുമായ മുതുകിലും പിന്നെ തോളിലൂടെ കൈയിട്ട് അയാളുടെ നെഞ്ചിലും പിന്നെ മുലക്ക ണ്ണിലും ഗൃഹനാഥന്റെ കൈ ചെന്നുനിൽക്കുന്നു. അവിടെ അയാൾ ഞരടിയപ്പോൾ കള്ളന് വേദനിക്കുകയും ദേഷ്യംവരികയും ചെയ്തു.

'നോക്ക് എന്റെ കുട്ടനല്ലേ.... ഞാൻ പത്തുമണി മുതൽ 12 മണിവരെ എറണാകുളം മൊത്തം പരതി. മുടിഞ്ഞ റെയ്ഡ് ആരേയും കിട്ടിയില്ല. ഇല്ലാതെ എനിക്ക് പറ്റില്ല. ഒറ്റക്ക് പറ്റില്ല. പ്ലീസ് ദാ മൂന്നര പവന്റെ മാലയാണ് .ഞാനവളോട് എന്തെങ്കിലും കള്ളം പറഞ്ഞുകൊള്ളാം. പ്ലീസ് ഒരു പത്തുമിനുട്ട്.'[75]

അപരന്റെ വാക്കുകളെക്കാൾ കള്ളനെ വേദനിപ്പിച്ചത്, ഇലാസ്തികത പോയ, നിറയെ ദ്വാരങ്ങൾ വീണ തന്റെ അടിവസ്ത്രത്തിലേക്ക് താഴ്ന്നുപോകുന്ന ഗൃഹനാഥന്റെ കൈകളാണ്. പക്ഷേ, അയാളുടെ കൈകളിൽനിന്ന് രക്ഷപ്പെട്ടോടിയ കള്ളൻ തന്റെ പ്രതിഷേധം തീർക്കാൻ കല്ലും മണ്ണും വാരി മുകളിലേക്ക് എറിഞ്ഞു തന്റെ ആവശ്യം നിവർത്തിക്കാതെ പോയ കള്ളനെ നോക്കി 'മുത്തേ' എന്ന് വിളിച്ച അതേ നാവുകൊണ്ട് 'കള്ളൻ' എന്നു വിളിച്ചുകൂവി പ്രതിഷേധിക്കുന്നു ഗൃഹനാഥൻ.

ഈ കഥയിൽ ഒരു സ്വവർഗ്ഗഭോഗിയുടെ കുടുംബ തകർച്ചയുടെ കഥയുണ്ട്. തീർത്തും സ്വവർഗ്ഗാനുരാഗിയാണ് ഗൃഹനാഥൻ. അയാൾക്ക് രതിയില്ലാതെ ഉറങ്ങാനാവില്ല. മൂന്നര പവന്റെ സ്വർണമാലയെക്കാൾ മൂല്യമുള്ളതാണ്, രാത്രിയിൽ പത്തുമിനുട്ട് തനിക്ക് ലൈംഗികപ്രവർത്തിയിൽനിന്നും കിട്ടുന്ന ആനന്ദമെന്ന് അയാൾ വിശ്വസിക്കുന്നു. അതിനു പക്ഷേ സ്വവർഗ്ഗത്തിലെ ഇണതന്നെ വേണമെന്ന് ആഗ്രഹിക്കുന്ന സ്വവർഗ്ഗലൈംഗികാസക്തി ജൈവികചോദനയായി ഉണർന്നിരിക്കുന്നയാളാണ് ഗൃഹനാഥൻ.

### 3.10.4 ബന്യാമിൻ

#### പെൺമാറാട്ടം

പെൺസ്വവർഗ്ഗരതിക്കാരിയായ പ്രേമ എന്ന ഇരുപത്തിരണ്ടുകാരിയും ഒരു പുരുഷന്റെ നെഞ്ചിന്റെ സംരക്ഷണത്തെക്കാൾ സ്നേഹവും കാരുണ്യവും അലിഞ്ഞുചേർന്ന കോളേജ് പ്രൊഫസർ വിമലയുടെയും സ്വവർഗ്ഗബന്ധവും കുടുംബബന്ധവും ഇഴപിരിഞ്ഞു കിടക്കുന്ന കഥയാണിത്. ഇതിൽ തലസ്ഥാനത്തെ ലേഡീസ് ഹോസ്റ്റൽ അന്തേവാസിയായ പ്രേമയുടെയും വിമലയുടെയും അനുരാഗത്തെ അവതരിപ്പിക്കുന്നു. ജേർണലിസം വിദ്യാർഥിനിയായ പ്രേമയും വിമൻസ് കോളേജിലെ മലയാളം ലക്ചറായ വിമലയും തങ്ങളുടെ ലെസ്ബിയൻ ബന്ധത്തി

ലൂടെ സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പുതുലോകങ്ങൾ തേടുകയും പുരുഷാധികാര രൂപങ്ങളെ നിഷ്ക്രിയമാക്കുകയും ചെയ്യുന്നു. ഇരുവരുടേയും പുരുഷവിരോധ മാണ് അവർ തമ്മിലൊരു ബന്ധം ഉടലെടുക്കുന്നതിന്റെ അടിസ്ഥാന കാരണം. കാമുകന്റെ വഞ്ചന അച്ഛന്റെ അമിത ഭോഗാസക്തി എന്നിവ പുരുഷൻമാരോടാക മാനം വെറുപ്പുള്ളവരാക്കി ഇരുവരെയും മാറ്റുന്നു. ലെസ്ബിയൻ ബന്ധം അവരിൽ ആത്മവിശ്വാസം വളർത്തുന്നു. ലേഡീസ് ഹോസ്റ്റലിന്റെ പശ്ചാത്തലത്തിൽ പുരുഷവിദ്വേഷത്താൽ സംഭവിക്കുന്ന ഒരു സാധാരണ ബന്ധമെന്ന നിലയിലാണ് വിമതരതി ചിത്രീകരിച്ചിരിക്കുന്നത്. പുരുഷവിദ്വേഷം സ്ത്രീകളെ ലെസ്ബിയനുക ളാക്കുമെന്ന സാമാന്യതത്ത്വത്തെ ഈ കഥ പിൻപറ്റുന്നുണ്ട്.

കെ.വി.അനൂപിന്റെ 'ഷക്കീലപ്പടം' സിനിമയിൽ ഷക്കീല കാമിക്കുമ്പോൾ തിയേറ്റർ സീറ്റിൽ സ്വവർഗ്ഗരതിയിൽ ഏർപ്പെട്ട് പടം ആസ്വദിക്കുന്ന പുരുഷന്മാരുടെ കഥയാണ്. ഒപ്പം ഭാര്യ പ്രസവത്തിനുപോയ സമയംനോക്കി സമാന്തരരതിക്ക് അയൽവക്കത്തെ ആൺകുട്ടിയെ കൂട്ടുവിളിക്കുന്ന കഥാനായകനും ഇതിലുണ്ട്. പെൺസ്വവർഗ്ഗരതിയുടെയും ഭിന്നവർഗ്ഗലൈംഗികതയുടെയും കഥപറയുന്ന റഹീം കടവത്തിന്റെ 'മിസരിയ്യയുടെ ആത്മകഥ', ചിത്രകാരിയായ സ്വവർഗ്ഗരതിക്കാരുടെ കഥ പറയുന്ന സി.വി. ബാലകൃഷ്ണന്റെ 'നിശാകേന്ദ്രം', അക്ബർ കക്കട്ടിലിന്റെ 'സ്ത്രൈണം', ഖാലിദിന്റെ 'അള്ളാഹുവിന്റെ അടിമകൾ', എ.എം. മുഹമ്മദിന്റെ 'ന്യൂയോർക്ക്' സുരേന്ദ്രന്റെ 'ദ തേഡ് സെക്സ്', എസ് ബാലഭാരതിയുടെ 'അവൻ-അത്=അവൾ' തുടങ്ങിയ രചനകളിലും വിമതലൈംഗിക പരാമർശങ്ങൾ കാണാം.

**സംഗ്രഹം**

മലയാളസാഹിത്യത്തിലെ പുരുഷ എഴുത്തുകാർ വിമതലൈംഗിക വ്യക്തി ത്വങ്ങളുടെ പ്രശ്നവത്കൃത ഇടങ്ങളെ മറയില്ലാതെ അവതരിപ്പിക്കുന്നു. തകഴി, ബഷീർ എന്നിവരുടെ രചനകളിൽ വിമതലൈംഗികത അദ്ഭുതഭാവം പേറുന്ന അസാധാരണതയോ നേരംപോക്കാ ആയിരുന്നെങ്കിൽ വി.ടി.നന്ദകുമാറിൽ പുരു ഷന്റെ ലൈംഗിക ആഹ്ലാദങ്ങൾക്ക് വഴിയൊരുക്കുന്ന രതിപ്രകടനം മാത്രമായി സ്ത്രീശരീരങ്ങളെ വർണിച്ചെടുത്ത രതിക്കൊഴുപ്പാണ് വിമതലൈംഗികത. വി.ദിലീപിന്റെ 'സ്വവർഗ്ഗം', 'വെള്ളത്തണ്ട്', 'പിണഞ്ഞവൾ', വി.ആർ.സുധീഷിന്റെ

'വിമതലൈംഗികം' എന്നീ കഥകളെല്ലാം തന്നെ വിമതലൈംഗികതയെ അതിന്റെ സൂക്ഷ്മതയിൽ അടയാളപ്പെടുത്തുന്നില്ല. പൊതുവെയുള്ള രതിക്കഥകളിൽനിന്ന് അല്പം വ്യത്യസ്തമായ ഒരു നിരീക്ഷണം മാത്രമാണത്. എന്നാൽ കെ.പി.രാമനുണ്ണിയുടെ 'സൂഫി പറഞ്ഞ കഥ'യിലും, 'ചരമവാർഷിക'ത്തിലും 'കഥ കഥാപാത്രം കഥാകൃത്തിലും' കുടുംബബന്ധത്തെ തകർക്കുന്ന പ്രതിഭാസമാണത്. ശക്തമായ എതിർപ്പിലൂടെ, കൊലപാതകത്തിലൂടെ വിമതഭോഗിയെ സമൂഹം ആട്ടിയകറ്റുന്നു. ജി.ആർ.ഇന്ദുഗോപന്റെ 'ഉറങ്ങാതിരിക്കൂ കള്ളനെ പിടിക്കാം' എന്ന കഥയിൽ ജൈവികചോദനയാൽ ഉണർന്നിരിക്കുന്ന വിമതലൈംഗിക താല്പര്യം ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള ചിത്രീകരണത്തിലൂടെ വിമതലൈംഗികർ കേരളീയ സമൂഹത്തിൽനിന്ന് അദൃശ്യരായി നില്ക്കേണ്ടവരല്ല എന്ന നിലപാടാണ് പങ്കുവെക്കുന്നത്. ലൈംഗികതയിലെ വൈവിധ്യം എന്നതിനപ്പുറം ലിംഗ സ്വത്വരൂപീകരണത്തിൽ ഉറച്ചുപോയ ചില അപഭ്രംശങ്ങൾ വിമതരതിക്കു കാരണമാവുന്നു എന്ന നിലപാടു സ്വീകരിച്ച ഗേ കഥകൾ ആ വ്യക്തി അവനു സ്വീകാര്യമായ ലൈംഗികതയുമായി കഴിയട്ടെ എന്ന പുരോഗമനാത്മക ബോധം കൂടി പങ്കുവെക്കുന്നു. കേരളത്തിന്റെ സാമൂഹിക സദാചാരസങ്കല്പങ്ങൾ എന്നും രൂപപ്പെട്ടിട്ടുള്ളത് സ്ത്രീയെ കേന്ദ്രീകരിച്ചായതിനാൽ പുരുഷഎഴുത്തുകാരുടെ വിമതലൈംഗിക കഥകളൊന്നുംതന്നെ സദാചാരപ്രശ്നത്തെ ഉയർത്തികാട്ടുന്നില്ല എന്നതും ശ്രദ്ധേയമാണ്.

പുരുഷപക്ഷ വീക്ഷണത്തിൽ വിമതലൈംഗിക താത്പര്യങ്ങളെ പാപത്തിന്റെ കണ്ണുകളിലൂടെ നോക്കിക്കാണുന്നില്ല. പുരുഷൻ ആധിപത്യം വഹിക്കുന്ന സമൂഹത്തിലും പുരുഷന്റെ വിമതതാത്പര്യം വിലക്കുകൾക്കകത്ത് ഞെരുങ്ങുന്നില്ല. ചിലപ്പോഴെങ്കിലും അത് വെറും തമാശയുടെ ചിത്രീകരണമായി ഒതുങ്ങുന്നു. കെ.പി.രാമനുണ്ണിയുടെ കൃതികളിൽ പുരുഷന്റെ വിമതലൈംഗിക താത്പര്യത്തെ എതിർക്കുന്നത് സമൂഹമല്ല; ഭാര്യയോ ഇണയോ ആണ്. തനിക്കു കിട്ടേണ്ടത് മറ്റൊരാൾക്ക് നൽകുമ്പോൾ ഉണ്ടാകുന്ന അസ്വസ്ഥതയും പ്രതികാരബുദ്ധിയുമാണ് അവിടെ കാണാനാവുക. ബഷീറും തകഴിയും സാഹിത്യമേഖലയിൽ നടത്തുന്ന ഒരു പരീക്ഷണത്തിനപ്പുറമുള്ള പ്രാധാന്യമൊന്നും വിമതലൈംഗികതയ്ക്ക് നൽകുന്നുമില്ല. പി. പത്മരാജന്റെ കൃതികളിൽ ഭാഗികമായി മാത്രമേ വിമതലൈംഗികത കടന്നുവരുന്നുള്ളു. അതാകട്ടെ

സമൂഹത്തിൽ യാതൊരു ചലനവും ഉണ്ടാക്കുന്നുമില്ല. പ്രമോദ് രാമൻ ഒരു വിമതരതിക്കാരന്റെ മാനസികസംഘർഷങ്ങളെ യാഥാർഥ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. വി.ആർ.സുധീഷും എസ്.ദിലീപും വിമതലൈംഗികതയെ പൊതുസമൂഹത്തിന്റെ കണ്ണുംമനസ്സുംകൊണ്ട് ചോദ്യം ചെയ്യുകയാണ്. പുരുഷലോകത്തിന്റെ വീക്ഷണകോണിൽ വിമതലൈംഗികത ആനന്ദത്തിന്റെ മറ്റൊരുമുഖം മാത്രം. സ്ത്രീയോടുള്ള വെറുപ്പോ അപകർഷതയോ ആണ് പലരെയും വിമതലൈംഗികതയിലേക്ക് നയിച്ചിരിക്കുന്നത്. ചിലരാകട്ടെ ദ്വിലൈംഗികരുമാണ്. പൊതുസമൂഹം പുരുഷ വിമതലൈംഗികതയിൽ ഭയപ്പെടുന്ന ചൂഷണങ്ങൾ, ശിശുപീഡനരതി എന്നിവ ബോധപൂർവ്വം നിരാകരിച്ചിട്ടുമുണ്ട്. ഉഭയസമ്മതപ്രകാരം ഇങ്ങനെയും ചില രതിരീതികളും ആനന്ദവഴികളുമുണ്ട് എന്ന് അടയാളപ്പെടുത്തുകയേ ചെയ്തിട്ടുള്ളൂ. രതി അത് സ്വാഭാവികമായാലും വിമതമായലും പുരുഷവർഗത്തിന് ആനന്ദം നല്കുന്നതായിരിക്കണം അത്തരം ആനന്ദവഴികളെ ഒട്ടും ഗൗരവമായല്ലാതെ അവതരിപ്പിക്കുകയാണ് പുരുഷ എഴുത്തുകാർ ചെയ്യുന്നത്. അല്ലാതെ വിമതലൈംഗികരോട് അനുഭാവം പുലർത്താനോ അല്ലെങ്കിൽ വിമതലൈംഗികതയെ നിരാകരിക്കാനോ പുരുഷ എഴുത്തുകാർ തയ്യാറാവത്തത് സമൂഹത്തിൽ നിലനിൽക്കുന്ന ഒന്നിനെ കൂടുതലായി തള്ളിക്കളയുകയോ എടുത്തുയർത്തുകയോ ചെയ്യേണ്ടതില്ല എന്ന ബോധംകൊണ്ടാണ്. അങ്ങനെ ഒന്ന് നിലനിൽക്കുന്നുണ്ടെന്ന ഓർമപ്പെടുത്തലുകളേ വേണ്ടൂ. അതായത് പുരുഷസമൂഹം അവരവരുടെ ലൈംഗിക ഇച്ഛയ്ക്ക് ഉതകുന്ന ഏതു തരം ലൈംഗികതയും ഉൾക്കൊള്ളുന്നു എന്നർഥം.

**കുറിപ്പുകൾ**

1. വൈക്കം മുഹമ്മദ് ബഷീർ, *ശബ്ദങ്ങൾ*, അവതാരിക, (പതിനേഴാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം 2014), പുറം 8,9.
2. പി.പത്മരാജൻ, പത്മരാജൻ കഥകൾ *സമ്പൂർണം, നമ്മൾ നഗ്നകൾ*, (മൂന്നാം പതിപ്പ്, ഡി.സി.ബുക്സ് കോട്ടയം, 2013), പുറം 377.
3. ടി. പുറം 382.
4. Kinsey, et.al. 1948 Sexual Behaviour in the Human Male, Table 147, p.651.
5. പി.പത്മരാജൻ, *പത്മരാജൻ കഥകൾ സമ്പൂർണം, നിങ്ങളുടെ താവളങ്ങൾ നിങ്ങൾക്ക്,* (ഡി.സി.ബുക്സ് കോട്ടയം, 2013), പുറം 218.
6. ടി. പുറം 219.
7. ടി. പുറം 509.
8. ടി. പുറം 510.
9. കെ.പി.രാമനുണ്ണി, *സൂഫി പറഞ്ഞ കഥ*, (എട്ടാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം 2011), പുറം 21, 24.
10. ടി. പുറം 104.
11. ടി. പുറം 102-103.
12. ടി. പുറം 103.
13. ടി.പുറം 103.
14. ടി. പുറം 104.
15. ടി. പുറം 115-116.
16. ടി. പുറം 117.
17. കെ.പി. രാമനുണ്ണി, *ജാതി ചോദിക്കുക - കുറ്റവും ശിക്ഷയും*, (ഒന്നാം പതിപ്പ്, ഡി.സി. ബുക്സ്, കോട്ടയം 1999), പുറം 41.
18. കെ.പി. രാമനുണ്ണി, *ജാതി ചോദിക്കുക-കഥ-കഥാകൃത്ത്,* (ഒന്നാം പതിപ്പ്, ഡി.സി. ബുക്സ്, കോട്ടയം 1999), പുറം 89.
19. ടി. പുറം 94.
20. ടി. പുറം 93-94.
21. ടി. പുറം 95.

22. ടി. പുറം 96.

23. വൈക്കം മുഹമ്മദ് ബഷീർ, *ശബ്ദങ്ങൾ*, അവതാരിക, (പതിനേഴാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം 2014), പുറം 38.

24. ടി. പുറം 38.

25. ടി. പുറം 39.

26. ടി. പുറം 41.

27. ടി. പുറം 40.

28. ടി. പുറം 40.

29. ടി. പുറം 31.

30. ടി. പുറം 42.

31. ടി. പുറം 43.

32. തകഴി ശിവശങ്കരപിള്ള, *ജീവിതം സുന്ദരമാണ് പക്ഷേ,* (പൂർണ്ണ പബ്ലിക്കേഷൻ, മെയ് 2006), പുറം 49-50.

33. ടി. പുറം 50.

34. തകഴി ശിവശങ്കരപിള്ള, *ചങ്ങാതികൾ*, (കഥാസമാഹാരം) - *ചങ്ങാതികൾ*, (കഥ) പുറം 2.

35. ടി. പുറം 10.

36. തകഴി ശിവശങ്കരപിള്ള, *ചങ്ങാതികൾ*, (കഥാസമാഹാരം) - *സഹോദര്യം* (കഥ) പുറം 16.

37. ടി. പുറം 18-19.

38. ടി. പുറം 19.

39. ടി. പുറം 21.

40. വി.ടി. നന്ദകുമാർ, *രണ്ടു പെൺകുട്ടികൾ*, (ഒന്നാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം, 2010), പുറം 25.

41. ടി. പുറം 27.

42. ടി. പുറം 28, 29.

43. ടി. പുറം 36.

44. ടി. പുറം 37.

45. ടി. പുറം 45.

46. ടി. പുറം 208.

47. പ്രമോദ് രാമൻ, *രതിമാതാവിന്റെ പുത്രൻ,* (ഒന്നാം പതിപ്പ്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011), പുറം 52.

48. ടി. പുറം 55.

49. ടി. പുറം 58.

50. പ്രമോദ് രാമൻ, *രതിമാതാവിന്റെ പുത്രൻ, കഥ നപുംസകരുടെ പത്തുപടവുകൾ*, (ഒന്നാം പതിപ്പ്, മാതൃഭൂമി ബുക്സ്, കോഴിക്കോട് 2011), പുറം 12.

51. ടി. പുറം 20.

52. ടി. പുറം 26.

53. ടി. പുറം 26.

54 ടി. പുറം 29.

55. ടി. പുറം 28.

56. പ്രമോദ് രാമൻ, *രതിമാതാവിന്റെ പുത്രൻ, ഛേദാംശജീവിതം*, (ഒന്നാം പതിപ്പി, മാതൃഭൂമി ബുക്സ്, കോഴിക്കോട് 2011), പുറം 32.

57. ടി. പുറം 35-36.

58. ടി. പുറം 44.

59. പ്രമോദ് രാമൻ, കഥ - രതിമാതാവിന്റെ പുത്രൻ, *ഒരു ബ്രാക്കറ്റിൽ എത്ര പേർക്ക് ജീവിക്കാം*, (ഒന്നാം പതിപ്പ്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011), പുറം 64.

60 ബി. മുരളി, ലെസ്സി, *നൂറു കഥകൾ*, ഒന്നാം പതിപ്പ്, (ഡി.സി.ബുക്സ്, കോട്ടയം 2013), പുറം 378.

61. ടി. പുറം 379.

62. ടി. പുറം 380.

63. Kinsey, et.al. 1953 Sexual Behaviour in the Human Female, Table 142, p.499 & p.474.

64. വി. ദിലീപ്, *സ്വവർഗ്ഗം*, (ഒന്നാം പതിപ്പ്, ഡി.സി. ബുക്സ്, കോട്ടയം, 2008), പുറം 9.

65. ടി. പുറം 9.

66. ടി. പുറം 11.

67. ടി. പുറം 11.

68. വി.ആർ.സുധീഷ്, *വിമതലൈംഗികം*, (ഒന്നാം പതിപ്പ്, ഒലിവ് പബ്ലിക്കേഷൻ, കോഴിക്കോട് 2006), പുറം 16-17.

69. ടി. പുറം 17.

70. ടി. പുറം 18.

71. വി.ആർ.സുധീഷ്, *വിമതലൈംഗികം - പിണഞ്ഞവൾ* (കഥ), (ഒന്നാം പതിപ്പ്, ഒലിവ് പബ്ലിക്കേഷൻ, കോഴിക്കോട്, 2006), പുറം 36.

72. ടി. പുറം 38.

73. ഒ.വി. വിജയൻ, *ഖസാക്കിന്റെ ഇതിഹാസം*, (ഒന്നാം പതിപ്പ്, ഡി.സി. ബുക്സ്, കോട്ടയം 1990), പുറം 24.

74. ജി.ആർ. ഇന്ദുഗോപൻ, *രതിയുടെ മന്ദാരങ്ങൾ* (സമാഹരണം), നൗഷാദ് (ഒന്നാം പതിപ്പ്, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട് 2010), പുറം 395.

75. ടി. പുറം 396.

# അധ്യായം നാല്

## വിമതരതിയുടെആവിഷ്കാരം – മാധവിക്കുട്ടി, ഇന്ദുമേനോൻ എന്നിവരെ മുൻനിർത്തി സ്ത്രീരചനകളിലുള്ള പഠനം

ഫെമിനിസവുമായി ബന്ധപ്പെട്ട ചിന്താധാരകളാണ് യാഥാസ്ഥിതികമായ ലൈംഗികതാല്പര്യങ്ങളെ ആദ്യമായി ചോദ്യം ചെയ്യുന്നത്. അനുവദിക്കപ്പെട്ട ലൈംഗികധാരണകളെ ലിംഗസമത്വത്തിന്റെ കണ്ണിൽനിന്ന് നോക്കിക്കാണാനും ആവിഷ്കാരസ്വാതന്ത്ര്യം പോലെ ലൈംഗികസ്വാതന്ത്ര്യം അടയാളപ്പെടുത്താനും സ്ത്രീകളെ സഹായിച്ചത് 1969-ലെ സ്റ്റോൺ വാൾ പ്രക്ഷോഭം[1] ആയിരുന്നു. തത്ത്വചിന്തയിലും മനഃശാസ്ത്രത്തിലും സംഭവിച്ചുക്കൊണ്ടിരിക്കുന്ന പുതിയ അവബോധങ്ങളും, ഫൂക്കോ, ലക്കാൻ എന്നിവരുടെ കൃതികളും ഈ ചർച്ചയ്ക്ക് പുതുവഴി നൽകി. ലൈംഗികസ്വാതന്ത്ര്യത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും വേണ്ടി സ്ത്രീമനസ്സുകൾ ഉണർന്നുതുടങ്ങി. 'ലെസ്ബിയൻചിന്തകളുടെ ഇസവത്കരണം അവിടെ തുടങ്ങുന്നു. സ്ത്രീ അസംതൃപ്തയെങ്കിലും അടുക്കിവെക്കേണ്ടവളാ ണെന്ന ധാരണ പതിയെ ഇല്ലാതായിത്തുടങ്ങി. പുരുഷന്റെ തന്നിഷ്ടത്തെ സഹിക്കാതെ ലഭിക്കുന്ന ലൈംഗികാനന്ദത്തിൽ സ്ത്രീയും ആകൃഷ്ടയായി. ലെസ്ബിയൻ രതിയുടെ പരസ്യപ്പെടലിന്റെ ആരംഭം അതോടെ കുറിക്കപ്പെട്ടു. ഇതിന്റെ പ്രതിഫലനം മലയാളസാഹിത്യത്തിലും കണ്ടുതുടങ്ങി

പ്രണയം, സദാചാരം, സ്നേഹം എന്നീ ചതുരവടിവുകൾക്ക് പിന്നിൽ ഒളിഞ്ഞുനിൽക്കുന്ന അധികാര-ബലതന്ത്രത്തെക്കുറിച്ചുള്ള സൂക്ഷ്മവും നിശിതവുമായ അന്വേഷണങ്ങളാണ് വർത്തമാനകാല സാഹിത്യത്തിൽ കടന്നുവരുന്നത്. വിമതലൈംഗികത അതിൽ ഒന്നുമാത്രമാണ്. ലെസ്ബിയൻ ചിന്ത ഇസവത്കരിക്കുന്നതിനും എത്രയോ മുൻപാണ് മലയാളഭാഷയിൽ മാധവിക്കുട്ടി 'സ്ത്രീ'യും (1947) 'ചന്ദനമരങ്ങളും' (1988) എഴുതുന്നത്. അതുവരെ കണ്ടുംകേട്ടും പരിചയമില്ലാത്തതും സമൂഹത്തിന് ഉൾക്കൊള്ളാൻ സാധിക്കാത്തതുമായ വിമത ലൈംഗികതാവിഷയങ്ങൾ തന്റെ ആഖ്യാനങ്ങളിലൂടെ മാധവിക്കുട്ടി വരഞ്ഞിട്ടു. സ്വവർഗ്ഗലൈംഗികതയുടെയും സ്വയംഭോഗത്തിന്റെയും ദ്വിലൈംഗികതയുടെയും വശങ്ങൾ സാഹചര്യം പോലെ അവർ തന്റെ കൃതികളിൽ രേഖപ്പെടുത്തി. ഇതിന്റെ

ചുവടുപിടിച്ച് സ്ത്രീ എഴുത്തുകാർ തങ്ങളുടെ ലൈംഗികബോധത്തെ ആവിഷ്കരിക്കാൻ ധൈര്യപ്പെട്ടു. വിമതലൈംഗികതയെ തുറന്നെഴുതാൻ ധൈര്യം കാണിച്ച മാധവിക്കുട്ടി മുതൽക്കുള്ള സ്ത്രീ എഴുത്തുകാർ തങ്ങളുടെ വീക്ഷണ ത്തിൽ എങ്ങനെ വിമതലൈംഗികതയെ ആവിഷ്കരിച്ചിരിക്കുന്നുവെന്ന് പഠനവിധേ യമാക്കേണ്ടതുണ്ട്. പ്രത്യേകിച്ചും ലൈംഗികതയും ലിംഗസമത്വവും ആഗോളതല ത്തിൽ ബൗദ്ധികവും വൈജ്ഞാനികവുമായ ചർച്ചകളിൽ ഇടം പിടിച്ച സാഹചര്യ ത്തിൽ.

## 4.1 വിമതലൈംഗികപരാമർശം മാധവിക്കുട്ടിയുടെ കൃതികളിൽ

### 4.1.1 സ്ത്രീ

മലയാളത്തിലെ ആദ്യ ലെസ്ബിയൻ ചെറുകഥയാണ് മാധവിക്കുട്ടിയുടെ 'സ്ത്രീ' (1947). രവീന്ദ്രൻ എന്ന പുരുഷന്റെ കണ്ണിലൂടെ രണ്ട് സ്ത്രീകൾ തമ്മിലുള്ള അസാധാരണ സ്നേഹബന്ധത്തെയാണ് 'സ്ത്രീ'യിൽ മാധവിക്കുട്ടി ആവിഷ്കരി ക്കുന്നത്. 'ചിത്രകാരൻ രവീന്ദ്രന്റെ സുഹൃത്തുക്കളായ പ്രസന്നയും രമയും ബി.എ.വിദ്യാർത്ഥികളായിരുന്നു. അവർ തമ്മിലുള്ള പ്രണയം തിരിച്ചറിയാതിരുന്ന രവീന്ദ്രൻ പ്രസന്നയുമായുള്ള തന്റെ വിവാഹം നിശ്ചയിക്കുമ്പോഴാണ് രമ തനിക്ക് പ്രസന്നയോടുള്ള പ്രണയം രവീന്ദ്രനെ അറിയിക്കുന്നത്.

''ഞാനിവളെ സ്നേഹിച്ചു. രാവും പകലും അവൾക്കു വേണ്ടി ഉറക്കമൊഴിച്ചു. അവളുടെ സുഖത്തിനുവേണ്ടി എന്റെ സുഖങ്ങൾ ബലികഴിച്ചു. ഞാനൊരു സ്ത്രീയായിരിക്കാം, പക്ഷേ, സഹോദരാ ഒരു സ്ത്രീ മറ്റൊരു സ്ത്രീയെ സ്നേഹിച്ചുകൂടെന്നുണ്ടോ?''[2]

രമ-പ്രസന്ന ബന്ധത്തിന്റെ ആഴം തിരിച്ചറിഞ്ഞ രവീന്ദ്രൻ വിവാഹത്തിൽനിന്ന് പിന്മാറിയെങ്കിലും വിധി അവർക്കെതിരായിരുന്നു. വിഷജ്വരം ബാധിച്ച് പ്രസന്ന മരണമടയുകയും ആ മനോവിഷമത്തിൽ രമ ഗംഗാനദിയിൽ ചാടി ആത്മഹത്യ ചെയ്യുകയും ചെയ്യുന്നു. സ്വവർഗ്ഗപ്രണയികളെക്കുറിച്ച് കേരളക്കര തുറന്നുപറഞ്ഞിട്ടില്ലാത്ത ഒരു കാലത്ത് ലെസ്ബിയൻ ബന്ധത്തിന്റെ ഗാഢതയും നിഗൂഢതയും 'സ്ത്രീ'യിൽ ആവിഷ്കരിക്കാനായി മാധവിക്കുട്ടിക്ക്.

#### 4.1.2 ചന്ദനമരങ്ങൾ (1988)

രണ്ട് മുതിർന്ന സ്ത്രീകളുടെ പഴയകാല ജീവിതത്തിന്റെ ഓർമപ്പെടുത്തലാണ് ചന്ദനമരങ്ങൾ. മാധവിക്കുട്ടിയുടെ ഈ രചനയോടെയാണ് കേരള സമൂഹത്തിൽ സ്ത്രീകളുടെ സ്വവർഗ്ഗപ്രണയം സജീവ ചർച്ചാവിഷയമായി തുടങ്ങിയത്. സ്ത്രീശരീരത്തിന്റെ സൗന്ദര്യമാണ് ചന്ദനമരങ്ങൾ എന്ന തലക്കെട്ടുകൊണ്ട് അർഥമാക്കുന്നത്. കല്യാണിക്കുട്ടിയും ഷീലയും തമ്മിലുണ്ടായ രതി ബന്ധത്തിന്റെ ഓർമകളാണ് കഥ മുഴുവൻ.

ഈ കഥയിൽ പുരുഷാധിപത്യ സ്വഭാവമുള്ള കഥാപാത്രമാണ് കല്യാണിക്കുട്ടി. അവൾ ഷീലയെ തന്റെ ഇംഗിതങ്ങൾക്ക് വശംവദയാക്കുന്നു. രതിയുടെ അമൂർത്തമായ സൗന്ദര്യം ഷീല അറിഞ്ഞിട്ടുള്ളതും കല്യാണിക്കുട്ടിയിൽനിന്നാണ്. ആ ഓർമകളുടെ സുഗന്ധമാണ് ഷീലയുടെയും കല്യാണിക്കുട്ടിയുടെയും ജീവിതങ്ങൾ തകർത്തുകളഞ്ഞത്. ഷീല വിവാഹമോചനം നേടിയില്ല. എങ്കിലും ഭർത്താവിനെ തന്നെക്കൊണ്ടാവുന്ന വിധം വെറുക്കുന്നുണ്ട്. അയാളുടെ ഉള്ളിയുടെയും സിഗററ്റിന്റെയും മണമുള്ള വായ കല്യാണിക്കുട്ടിയുടെ വായുമായി താരതമ്യപ്പെടുത്താറുണ്ട്.

''ഞാൻ അവളുമായി അദ്ദേഹത്തെ താരതമ്യപ്പെടുത്തിക്കൊണ്ടേയിരുന്നു. ബിയറും ഉള്ളിയും സിഗററ്റും മണക്കുന്ന അയാളുടെ വായുമായി കറുകപുല്ലുകളുടെ മണമുള്ള അവളുടെ വായിനെ ഞാൻ താരതമ്യപ്പെടുത്തിയപ്പോൾ അയാൾ പരാജയപ്പെട്ടു. തനിക്ക് സുഖിക്കണമെന്ന ഉദ്ദേശ്യത്തോടെ അവൾ തടവിയതും വിരലുകളാൽ മർദ്ദിച്ചതും ചുണ്ടുകളാൽ പ്രീതിപ്പെടുത്തിയതും എത്ര ശ്രമിച്ചിട്ടും എനിക്ക് മറക്കുവാൻ കഴിഞ്ഞില്ല''.[3] 'സ്ത്രീ'യിൽ അതിലളിതമായി ആവിഷ്കരിച്ച വിമതപ്രണയത്തെ ശക്തമായ പ്രമേയമായാണ് ചന്ദനമരങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നത്.

ഈ കഥയെ മുന്നോട്ടുനയിക്കുന്ന ഘടകം കല്യാണിക്കുട്ടിക്ക് ഷീലയോടുള്ള അഗാധപ്രണയമാണ്. ഷീലയും കല്യാണിക്കുട്ടിയും പരസ്പരം മനസിലാക്കിയവരാണ്. വിവാഹിതയായ കല്യാണിക്കുട്ടി തന്റെ ഭർത്താവായ സുധാക

രന്റെ കുഞ്ഞിനെ പ്രസവിക്കാനാവില്ലെന്ന് തുറന്നുപറഞ്ഞതിനാൽ ഷീലയുടെ കണ്ണിൽ ചിലപ്പോഴൊക്കെ ദുഷ്ടജീവിയായി മാറുന്നു.

''നിന്റെ ഉള്ള് ചികഞ്ഞു, നിന്റെ രഹസ്യചിന്തകളെ അന്വേഷിച്ച് കണ്ടെത്തുന്നതുകൊണ്ടാണോ നിന്റെ കണ്ണിൽ ഞാൻ ദുഷ്ടജീവിയായത്? നീ ആരാണെന്ന് എനിക്കറിയാം. എനിക്കറിയാമെന്ന് നിനക്കറിയാം, എനിക്കറിയാമെന്ന് നിനക്കറിയാമെന്ന് എനിക്കറിയാം.''[4]

ഈ തിരിച്ചറിവാണ് 52-ാം വയസ്സിലെത്തിയ കല്യാണിക്കുട്ടിയുടെ സന്തോഷത്തെ നിലനിർത്താൻ ഒരിക്കൽ അവൾ ഉപേക്ഷിച്ചുപോയ സുധാകരനെയും അയാളുടെ മകൾ അമ്മിണിയെയും ഷീല കല്യാണിക്കുട്ടിക്ക് പരിചയപ്പെടുത്തി കൊടുക്കുന്നത്. അതോടെ കല്യാണിക്കുട്ടിയുടെ ജീവിതത്തിൽ പുതിയ ഒരു വഴിത്തിരിവ് ഉണ്ടാകുന്നു.

ഷീല തന്റെ സഹോദരിയാണെന്നറിഞ്ഞിട്ടും കല്യാണിക്കുട്ടിക്ക് അവളോടുള്ള ആസക്തി അവസാനിക്കുന്നില്ല.

''നിന്റെ കുട്ടിയെ മാത്രമേ എനിക്കു പ്രസവിക്കാൻ ആഗ്രഹമുള്ളൂ അവൾ ഗദ്ഗദത്തോടെ പറഞ്ഞു''.

''അതു സാധ്യമല്ലല്ലോ ഞാൻ പിറുപിറുത്തു''.[5]

ഈ ആഗ്രഹം കല്യാണിക്കുട്ടിയെ സുധാകരനിൽനിന്നുണ്ടായ ഗർഭത്തിന്റെ ഛിദ്രത്തിന് വിധേയയാക്കുന്നു.

പിന്നീട് വിവാഹമോചനം നേടി ആസ്ത്രേലിയയിൽ പോകുമ്പോഴും അതിനുമുൻപ് ഷീലയുടെ വിവാഹം നിശ്ചയിച്ചപ്പോഴും കല്യാണിക്കുട്ടി ഷീലയെ തന്റെ ജീവിതത്തിലേക്ക് ക്ഷണിക്കുന്നത് ഒരു പുരുഷന്റെ തന്റേടത്തോടെയാണ്.

''വരൂ ഷീലാ ഞാൻ നിന്നെ സംരക്ഷിക്കാം എന്റെ മരണംവരെ നീ എന്റെ ജീവനായിരിക്കും''.

''പോ പെണ്ണേ അസംബന്ധം പറയാതെ'' ഞാൻ പറഞ്ഞു. കല്യാണിക്കുട്ടി പൊട്ടിച്ചിരിച്ചു. ''പണ്ട് നീയെന്നെ പെണ്ണേ എന്നാണ് വിളിച്ചിരുന്നത്. ആ വിളി മാറ്റിക്കിട്ടാനാണ് ഞാൻ ആണായി അഭിനയിച്ചത്. നിന്റെ പെണ്ണും നിന്റെ ആണും ഞാനായിത്തീർന്നു.''[6]

ഷീല ഓരോ അണുകൊണ്ടും തന്റെ ഭർത്താവിനെ വെറുക്കുകയും കല്യാണിക്കുട്ടിക്കുവേണ്ടി ദാഹിക്കുകയും ചെയ്യുന്നു. കല്യാണിക്കുട്ടിയാകട്ടെ തനിക്കു വേണ്ടാത്തതിനെ ഉപേക്ഷിച്ച് സ്വയം സംരക്ഷിക്കുന്നു. അതിന്റെ പ്രസരിപ്പും സന്തോഷവും കല്യാണിക്കുട്ടിയുടെ യൗവ്വനത്തെ നിലനിർത്തുന്നു. ഷീലയുടെ തലമുടിയിൽ വെള്ളിവരവീണ് കണ്ടാൽ കല്യാണിക്കുട്ടിയുടെ അമ്മയാണ് താനെന്ന് ജനങ്ങൾ ശങ്കിക്കുമെന്നുവരെ ഷീല ചിന്തിക്കുന്നുണ്ട്.

രണ്ടു വീക്ഷണഗതികളാണ് ഈ കഥയിലുള്ളത്. സാമൂഹികവീക്ഷണവും വ്യക്തിഗതവീക്ഷണവും.

#### 4.1.2.1. സാമൂഹികവീക്ഷണം

രതി മനുഷ്യന്റെ ജൻമാവകാശമാണ്. അത് പൂർണതയിൽ ആസ്വദിക്കാൻ ഭദ്രമായ കുടുംബജീവിതം മനുഷ്യർ കെട്ടിപ്പൊക്കുന്നു. ഭാര്യയെ ഉണർത്താനോ തളർത്താനോ ആവാത്ത പുരുഷവൃന്ദങ്ങൾ പെട്ടെന്ന് വാർദ്ധക്യം പ്രാപിക്കുന്നു. അവരുടെ അവയവവും അതിന്റെ ചുളിവും കണ്ട് അറപ്പോടെ അയാളുടെ ശയ്യയിൽ ശയിക്കുന്ന ഭാര്യ. അവൾ ഉത്തമകുടുംബിനിയെന്ന് ലോകം അംഗീകരിക്കുന്നു. മരണംവരെ പരസ്പരം വെറുത്തും സ്നേഹം അഭിനയിച്ചും താൻ ജീവിച്ചിരിക്കുന്നു എന്ന് സ്വയം ഓർമപ്പെടുത്തേണ്ടിവരുന്ന മനുഷ്യജീവിതങ്ങൾ, അത്തരം ജീവിതത്തിന്റെ ഇരയാണ് ഷീല. പക്ഷേ, അവൾക്ക് സാമൂഹികാംഗീകാരമുണ്ട്.

#### 4.1.2.2 വ്യക്തിഗതവീക്ഷണം

രതി തനിക്ക് ആവശ്യമുള്ളവരിൽനിന്ന് ആസ്വദിക്കണമെന്നും തന്റെ ഇണക്ക് പരമാവധി സുഖം നൽകണമെന്നും കൊതിക്കുന്ന കിടപ്പറയിൽ കാപട്യം കാണിക്കാത്ത ഒരു യഥാർത്ഥ മനുഷ്യസ്നേഹിയാണ് കല്യാണിക്കുട്ടി. തനിക്കു പൊരുത്തപ്പെടാനാവാത്ത എന്തിനെയും അവൾ തള്ളിക്കളയുന്നു. അവൾ വീടിനും

നാടിനും വെറുക്കപ്പെട്ടവളാണ്. 'അവളിനി ഇന്ത്യക്ക് വരാതിരുന്നാൽ മതിയായിരുന്നു എന്നാണ് ഷീലപോലും പറയുന്നത്. എങ്കിലും കല്യാണിക്കുട്ടി തന്റെ പ്രണയ ചിന്തയിൽ ഉറച്ചു നിൽക്കുന്നു.

''അവൾ വരും നിന്നെ മറക്കാൻ അവൾക്കൊരിക്കലും സാധിക്കില്ല'

നീ അവളെ സ്നേഹിക്കുന്ന കാലത്തോളം അവൾ നിന്നെ ഉപേക്ഷിക്കില്ല.''[7] എന്ന് ഷീലയുടെ ഭർത്താവ് അവരുടെ സ്വകാര്യബന്ധത്തിന്റെ നിഗൂഢതയെ വെളിപ്പെടുത്തുന്നുണ്ട്.

ഇതേ കഥയിൽതന്നെ സുധാകരന്റെ രണ്ടാം ഭാര്യയും അനഭ്യസ്ഥയുമായ മിസിസ് സുധാകരൻ തന്റെ മകൾ അമ്മിണിക്ക് കല്യാണിക്കുട്ടിയോടുള്ള ബന്ധം പ്രകൃതിവിരുദ്ധമാണെന്ന് പ്രഖ്യാപിക്കുന്നുണ്ട്. യഥാർഥത്തിൽ അതേ ബന്ധത്തിന് അടിപ്പെട്ട ഷീല ആ വാക്കുകളുടെ മൂർച്ചയിൽ തളർന്നുപോകുന്നു.

ഓരോ സ്വവർഗ്ഗരതിക്കാരനും നേരിട്ടിരിക്കാനിടയുള്ള ഉത്തരം കിട്ടാത്ത ചോദ്യമുണ്ട്. 'ഏതാണ് പ്രകൃതി വിരുദ്ധം? ഏതാണ് പ്രകൃതിക്ക് അനുരൂപം?' പരസ്പരം വെറുത്ത് മരണം കൊതിച്ച് ഒരേ ശയ്യയിൽ കാപട്യത്തോടെ മൂടിപ്പുതച്ചുറങ്ങുന്നതോ? അതോ സ്വന്തം ഇണയ്ക്ക് ജീവനും ജീവിതവും പകുത്തുനൽകി അവരുടെ ശരീരത്തിന് തന്നാലാവോളം സുഖം നൽകി സംതൃപ്തമാക്കുന്നതോ. വസുധൈവകുടുംബസങ്കല്പത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ഭാരതീയന്റെ ഉത്തരം കിട്ടാത്ത ചോദ്യമാണിത്.

'എന്റെ ഓമനേ, ഞാനിനിയെങ്ങനെ ജീവിക്കും' എന്ന ഷീലയുടെ മനസ്സിന്റെ ഗദ്ഗദമാണ് ഓരോ വിമതരതിക്കാരന്റെയും ജീവിതം തകർക്കുന്നത്. ഓരോ സ്വാഭാവികരതിക്കാരനും ഈ ലോകത്ത് ജീവിക്കാൻ പല വഴികളുണ്ട്. പക്ഷേ, പരസ്പരം അറിഞ്ഞ് അലിഞ്ഞുതീരാൻ കൊതിക്കുന്ന ഒരു വിമതരതിക്കാരന് ഈ ലോകത്ത് ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഒന്നേയുള്ളു - തന്നെ അംഗീകരിക്കുന്ന മനസ്സിലാക്കുന്ന തന്റെ ഇണയുടെ സാന്നിധ്യം.

ഈ കഥയ്ക്ക് റാഡിക്കൽ ഫെമിനിസത്തിന്റെയോ ലെസ്ബിയൻ തിയറിയുടെയോ വേരുകളില്ല. പരസ്പരം ആകർഷിക്കപ്പെടുന്ന ഈ രണ്ടു സത്രീകളുടെയും

പ്രണയം ജൈവികമാണ്. പ്രകൃതിക്ക് നിരക്കാത്തതൊന്നും ഈ ബന്ധത്തിലുണ്ടാവുന്നില്ല.

പുരുഷനെ വെറുത്തതുകൊണ്ടല്ല ഷീലയെ സ്നേഹിച്ചതുകൊണ്ടാണ് കല്യാണിക്കുട്ടിക്ക് സുധാകരനൊപ്പം ജീവിക്കാനാവാതെ പോയത്. പക്ഷേ ഷീലയ്ക്കാകട്ടെ കല്യാണിക്കുട്ടിയോട് പ്രണയമുണ്ടെങ്കിലും വ്യവസ്ഥാപിത കുടുംബസങ്കല്പത്തെ തകർക്കാൻ ധൈര്യമുള്ളവളല്ല. കല്യാണിക്കുട്ടി തന്റെ മനസ്സിന്റെ വിങ്ങലാണ് എന്ന് ഷീല തിരിച്ചറിയുന്നുണ്ട്. തന്റെ ഭർത്താവിൽനിന്ന് ലഭിക്കാത്ത ശാരീരികസുഖത്തിന്റെ ആവശ്യകതയും അതിന്റെ അസ്വസ്ഥതകളുമാണ് ഷീലയെ കല്യാണിക്കുട്ടിയുടെ ഓർമകളിലേക്ക് നയിക്കുന്നത്. ഷീലയും കല്യാണിക്കുട്ടിയും ദ്വിലൈംഗിക ജീവിതം നയിക്കുന്നുണ്ടെങ്കിലും കല്യാണിക്കുട്ടി യഥാർഥ സ്വവർഗ്ഗരതിക്കാരിയാണ്. ഷീലയ്ക്കാകട്ടെ രതി താത്ക്കാലിക ആവശ്യവും. അത് സ്ത്രീയായാലും പുരുഷനായാലും കാമനയുടെ ശമനം മാത്രമേ അവിടെ ഷീല ആഗ്രഹിക്കുന്നുള്ളു. അതിൽ ഭംഗം വരുന്നതുകൊണ്ടാണ് അവൾ കല്യാണിക്കുട്ടിയുമായി തന്റെ ഭർത്താവിനെ താരതമ്യപ്പെടുത്തുന്നത്.

ഈ കഥയിൽ എഴുത്തുകാരി സ്വീകരിച്ചിരിക്കുന്ന സമീപനം വിമതരതിയോടുള്ള അസഹിഷ്ണുതയല്ല; മറിച്ച് വിമതരതിക്കാരോടുള്ള സാന്ത്വനഭാവമാണ്. കുടുംബ ദാമ്പത്യഘടനയിൽ രണ്ടുപേരുടെയും ജീവിതം അസംതൃപ്തമാവുന്നിടത്താണ് അവരുടെ സ്വവർഗ്ഗപ്രണയത്തിന് പ്രസക്തിയുണ്ടാകുന്നത്.

#### 4.1.3 അമാവാസി

കെ.എൽ മോഹനവർമ്മ-മാധവിക്കുട്ടി കൂട്ടുകെട്ടിൽ എഴുതിയ 'അമാവാസി'യും (2007) വിമതലൈംഗികതയെ അടയാളപ്പെടുത്തുന്നുണ്ട്. ജയിൽ മേധാവികളായ മോണിക്കാ ബിശ്വാസും നിപ്പാ ഗാംഗുലീയുമാണ് ഈ കഥയിലെ വിമതരതിക്കാർ. മോണിക്കാ ബിശ്വാസ് എന്ന മധ്യവയസ്കയായ പോലീസ് ഓഫീസർ കഠിനമനസ്കയാണ്. അവർ നീപ്പഗാംഗുലി എന്ന അവിവാഹിതയും ചെറുപ്പക്കാരിയുമായ പോലീസ് ഓഫിസറെ തന്റെ രതിശീലത്തിന് അടിമയാക്കുന്നത് സ്നേഹസ്പർശങ്ങളും മറ്റ് ആനുകൂല്യങ്ങളും നൽകിയാണ്.

മോണിക്കാ ബിശ്വാസിന്റെ ശരീരപ്രകൃതിതന്നെ അല്പം പൗരുഷം കലർന്നതായിരുന്നു.

'വട്ടമുഖവും തിളക്കമാർന്ന കണ്ണുകളും വീതിയുള്ള നെറ്റിക്കുമുകളിൽ നരയുടെ ആദ്യത്തെ തിളക്കവുമായി തല ഉയർത്തിനിൽക്കുന്ന ഗാംഭീര്യം. അൻപതുവയസ്സുകാണും. വിടർന്ന മൂക്കിന്റെ അഗ്രത്തിൽനിന്ന് തെന്നി താഴേക്ക് വീണു ഘനീഭവിച്ച മട്ടാണ് ചുണ്ടിലെ ഗൗരവം. ഗൗരവത്തിന് കനം കൂട്ടുന്ന ഇളം പച്ചയുടെ ഒളിമിന്നൽ. സ്ത്രീകളിൽ ഇത്ര മീശ അപൂർവ്വമായേ കണ്ടിട്ടുള്ളൂ, വിട്ടുവീഴ്ചയില്ലാത്ത ഡിസിപ്ലിൻ, അത് മോണിക്കാ ബിശ്വാസിന്റെ രീതിയാണ്'.[8]

എന്നാൽ നീപ്പാ ഗാംഗുലി സ്ത്രൈണരൂപിണിയാണ്. 'വെളുത്ത് അല്പം തടിയുള്ള ശരീരത്തിന് കാക്കി യൂണിഫോം നന്നായി യോജിക്കുന്നു. കടുകെണ്ണ തേച്ച് ബലിഷ്ഠമായ കൈകൾ. നെറ്റിയുടെ ഒത്ത നടുക്ക് വലിയ പൊട്ട്. മുപ്പതിലേറെ വയസ്സ് തോന്നിക്കില്ല. വെളുത്ത് സുന്ദരമായ പല്ലുകൾ, ആ ചിരിക്ക് വല്ലാത്ത ആകർഷണീയതയുണ്ടായിരുന്നു.'[9]

പേടിപ്പെടുത്തുന്ന ജയിൽ അന്തരീക്ഷത്തിൽ അമാവാസിനാളിൽ മോണിക്കാ ദീദിയുടെ വീട്ടിൽ അതിഥിയായി എത്തുന്ന നീപ്പയ്ക്ക് തന്റെ കിടപ്പുമുറിയൊരുക്കി മോണിക്കാദീദി കാത്തിരിക്കുന്നു.

രാത്രിയുടെ അന്ത്യയാമത്തിൽ ഒരാൾതന്നെ മാറോടണച്ചു തന്റെ കവിളിൽ ചുംബിക്കുന്നതായി നീപ്പ മനസിലാക്കുന്നു.

''ദീദി?''

''പരിഭ്രമിക്കരുത്''.

ദീദി മന്ത്രിച്ചു

''ഞാൻ നിന്നെ എത്ര അഗാധമായി സ്നേഹിക്കുന്നുവെന്ന് നിനക്കറിയില്ല നീപ്പാ''.

അനുസരണയുള്ള ഒരു കുഞ്ഞിനെപ്പോലെ ആ മധ്യവയസ്കയുടെ ആശ്ലേഷത്തിൽ ചുരുണ്ടുകിടന്നു. തന്റെ പുറവും തുടകളും അവർ തലോടിയപ്പോൾ

പ്രതിഷേധിച്ചതുമില്ല. താൻ വീണ്ടും ഒരു കൊച്ചു കുഞ്ഞാവുകയാണ് എന്ന് തോന്നി. ഉത്ക്കടമായ ആനന്ദം ഉള്ളിൽ നിറഞ്ഞു. ഒരു തേങ്ങലോടെ, ഒരു ദീർഘ നിശ്വാസത്തോടെ താൻ വീണ്ടും നിദ്രയിലാണ്ടുപോയി. പിറ്റേദിവസം ഓഫീ സിൽവെച്ച് അവരെ കണ്ടപ്പോൾ ലജ്ജയോടെ തലകുനിച്ചു. സ്വയം ആശ്വസിപ്പിച്ചു. അത് ദൈവികമായ പ്രണയം മാത്രമായിരുന്നു.''[10]

മോണിക്ക നീപ്പയെ വീണ്ടും കാണുന്നു. ആഴ്ചകൾ, മാസങ്ങൾ, വർഷ ങ്ങൾ ഓരോ സമാഗമത്തിലും ഇഷ്ടം ഏറിവന്നു. രാത്രികൾക്കു വേണ്ടി കാത്തിരി ക്കാൻ തുടങ്ങി നീപ്പ. പക്ഷേ നിത്യനെന്ന യുവ ഡോക്ടറെ കണ്ടുമുട്ടിയതിനു ശേഷം നീപ്പയ്ക്ക് മോണിക്കാ ബിശ്വാസിനോട് മടുപ്പ് തോന്നുന്നു.

മോണിക്കയും നിപ്പയും തമ്മിലുള്ള ലൈംഗികബന്ധം ജയിലിൽ എല്ലാ വർക്കുമറിയാവുന്ന രഹസ്യമാണ് ഡോക്ടർ മുഖർജിയുടെ അഭിപ്രായത്തിൽ മോണിക്കാ ബിശ്വാസ് സ്ത്രീ തന്നെയാണെന്ന് അയാൾ ഉറപ്പിക്കാനുള്ള ഏകകാ രണം ''അല്ലായിരുന്നുവെങ്കിൽ മിസ് നീപ്പ ഒരു കുഞ്ഞിനെ പ്രസവിക്കുമായി രുന്നു''[11] എന്ന തമാശ പറഞ്ഞാണ്.

ചമേലി എന്ന കൊള്ളക്കാരിയായ തടവുകാരിയുമായുള്ള മോണിക്കയുടെ വിമതബന്ധവും വളരെ പെട്ടെന്ന് ഉടലെടുക്കുന്നതാണ്. 'ചമേലി കാക്കി പാന്റ്സും കാക്കിഷർട്ടും ബെൽറ്റും തോൽവാറുമൊക്കെ ധരിച്ച് ബഡ്റൂമിലെ ആൾവലിപ്പമുള്ള കണ്ണാടിയിൽ നോക്കി മുടി ഒരുക്കിക്കൊണ്ടു നിന്നപ്പോഴാണ് പുരുഷൻമാരുടെ കണ്ണുകളിൽ മാത്രം കണ്ടിട്ടുള്ള ആർത്തി മോണിക്കയുടെ കണ്ണുകളിൽ കാണുന്നത്.'

അത് ചമേലിയുടെ പരിചിത മേഖലയാണ്. ഈ ആർത്തി ആളിക്കത്തിച്ച് അവൾക്ക് അനുകൂലമായ ശക്തിയായി രൂപാന്തരപ്പെടുത്തുവാൻ കഴിയും അതിൽ താൻ വിദഗ്ധയാണ് എന്ന് ചമേലിക്കറിയാം. കാരണം അവൾ മൂന്നു പുരുഷൻമാ രുടെ ഭാര്യയായി ഇരുന്നവളാണ്.

മോണിക്കാ ബിശ്വാസ് ലിപ്സ്റ്റിക്ക് പുരട്ടിക്കൊണ്ടിരിക്കുന്ന ചമേലിയുടെ തോളിൽ കയ്യമർത്തി ചെവിയിലേക്ക് ചുണ്ടുകൾ അടുപ്പിച്ചു.

''എനിക്ക് പുരുഷൻമാരെ ഇഷ്ടമല്ല ചാമീ. അവർക്ക് സ്നേഹിക്കാനറിഞ്ഞു കൂടാ, ദേ ആർ നോട്ട് നോർമൽ''.[12]

ഏറെനേരം കഴിഞ്ഞ് ചമേലി സൂപ്രണ്ടിന്റെ ബംഗ്ലാവിൽനിന്നു പുറത്തുവരുന്നു. അന്നുമുതൽ മോണിക്കയുമായി തനിച്ചുകിട്ടുന്ന നിമിഷങ്ങളിൽ ഒരു ഭാര്യയുടെ സ്വാതന്ത്ര്യത്തോടെ തന്റെ ഇംഗിതങ്ങൾ ചമേലി സ്ഥാപിച്ചെടുക്കുന്നു. ചമേലിയുടെ സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടണമെന്ന് മോണിക്ക ബിശ്വാസ് ആഗ്രഹിക്കുന്നുണ്ടെങ്കിൽക്കൂടി നീപ്പ അറിഞ്ഞാലോ എന്ന ഭയംകൊണ്ട് അവർ അത് അംഗീകരിച്ചുകൊടുക്കുന്നു. സ്വാഭാവികരതിക്കാർക്ക് വിവാഹേതരബന്ധങ്ങളിൽ ഉണ്ടാവുന്ന അതേ ഭയപ്പാട് മാത്രമേ ഈ ബന്ധത്തിലുള്ളൂ. മോണിക്കയുടെ രൂപത്തിലും ഭാവത്തിലും അവരുടെ ലൈംഗിക വ്യതിരിക്തത അടയാളപ്പെടുത്തുന്നുണ്ട്. പക്ഷേ, നീപ്പയ്ക്ക് തൽക്കാലികാവശ്യത്തിനപ്പുറമൊന്നും വിമതലൈംഗികതയോട് ആസക്തിയില്ല. ഒരുതരം വിധേയത്വഭാവം പുലർത്തുമ്പോഴും ആ ബന്ധത്തിൽ നിന്നുണ്ടാവുന്ന രതിസുഖവും അതിന്റെ പേരിൽ ലഭിക്കുന്ന ആനുകൂല്യങ്ങളും ചൂഷണഭാവത്താൽ മനസ്സിൽ ഒട്ടും ആത്മാർത്ഥതയില്ലാതെ ഉപയോഗിക്കുകയാണ് നീപ്പ. വിമതരതിയിൽ ഏർപ്പെടുന്ന പലരിലും ഇത്തരത്തിലുള്ള രീതികൾ കാണാം. ഇണകളിൽ ഒരാളുടെ നിർബന്ധമോ താത്പര്യമോ ആയിരിക്കും ആ ബന്ധത്തെ മുന്നോട്ടുനയിക്കുന്നത് മറ്റെയാൾ സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റത്തിന് വിധേയമാകുന്നു.

### 4.1.4 ചതി

'ചതി' എന്ന കഥയിൽ ലേഡിഡോക്ടറെ ആരാധനയോടെ നോക്കുന്ന ഒരു നേഴ്സുണ്ട്. അവർക്ക് സ്വവർഗ്ഗത്തിൽപെട്ട ഡോക്ടറോട് തോന്നുന്ന താല്പര്യം തന്റെ കൂട്ടുകാരിയോട് തുറന്നുപറയാൻ പോലും മടിയാണ്. അതിനാൽ അവൾ ഇങ്ങനെ പറയുന്നു: ''അല്ല ലീലേ, ഇതുസത്യമാണ് എനിക്ക് അവരെ എപ്പോഴും കണ്ടുകൊണ്ടിരിക്കുവാനാണ് മോഹം. എനിക്ക് അവരെ....അവരെ'' തൊടാനും ഉമ്മ വെക്കാനും മോഹമുണ്ട് എന്ന് പറയുവാൻ അവൾ മടിച്ചു. അതുകൊണ്ട് അവൾ പറഞ്ഞു ''എപ്പോഴും കാണണം''.[13]

### 4.1.5 നപുംസകങ്ങൾ

നപുംസകങ്ങൾ എന്ന കഥയിൽ തന്റെ മകളെ അന്വേഷിച്ച് ഹിജഡാതെരുവിലെത്തുന്ന ഒരമ്മയുടെ അനുഭവങ്ങളിലൂടെ കഥ ചിത്രീകരിക്കുന്നു.

ബോംബെയിൽ സയോൺ കോളിവാഡ എന്ന ചേരിപ്രദേശത്ത് നപുംസകങ്ങൾ മാത്രം താമസിക്കുന്ന ഒരു കോളനിയുണ്ട്. തുത്തുനാകപ്പലകകൾകൊണ്ടു നിർമ്മിച്ച കുടിലുകൾ കയറ്റുകട്ടിലുകളും മലക്കറിത്തൊലികൾ ചീഞ്ഞളിഞ്ഞതു കൊണ്ട് ദുർഗന്ധം വമിക്കുന്ന കുപ്പകൂമ്പാരങ്ങളും സ്ത്രീവേഷം ധരിച്ചവരെങ്കിലും മുഖക്ഷൗരം ദിവസേന ചെയ്യേണ്ടിവരുന്ന മനുഷ്യജീവികളും നിറഞ്ഞൊഴുകുന്ന ഒരു ഗ്രാമം. ഏതെങ്കിലും വീട്ടിൽ ഉണ്ണിപിറന്നാൽ ചെണ്ടയും ചിലമ്പൊലിയുമായി നപുംസകങ്ങൾ അവിടെ ഓടിയെത്തും. കുട്ടിക്ക് ആയുരാരോഗ്യങ്ങൾ നേരുവാനാണ് അവർ നൃത്തംചെയ്യുന്നത്.[14]

ഹിജഡ ജീവിതത്തിന്റെ ഏറ്റവും ദയനീയമായ കാഴ്ചയാണ് മാധവിക്കുട്ടി ഇവിടെ അവതരിപ്പിക്കുന്നത്.

നൃത്തത്തിനു പകരമായി കുടുംബനാഥ നൽകുന്ന ശർക്കരയും നാളികേരവും നപുംസകങ്ങളുടെ അവകാശമാണ്. കൊടുക്കുന്നതിൽ കുറവു വരുത്തിയാൽ അവർ അസഭ്യവാക്കുകൾ കൊണ്ട് എതിർക്കാറുണ്ട്. കണക്കിലേറെ കോപിച്ചാൽ നപുംസകം തന്റെ പാവാടപൊക്കി സാധാരണയായി മറച്ചുവെയ്ക്കാറുള്ള തന്റെ ശാപത്തെ വെളിപ്പെടുത്തും.

'എല്ലാ വെള്ളിയാഴ്ചകളിലും ഉടുത്തൊരുങ്ങി ചെണ്ടകളും പേറി നഗരത്തിലിറങ്ങുന്ന ഹിജഡകളെ സ്ത്രീകൾക്ക് ഭയമാണ്. ആ ഭയം നപുംസകങ്ങളെ പൊട്ടിച്ചിരിപ്പിക്കുന്നു. അവർ അശ്ലീലവാക്കുകളാൽ ആ മാന്യസ്ത്രീകളുടെ അവയവ ഭംഗിയെ വർണ്ണിക്കും. നപുംസകങ്ങൾ ചെറിയ ശിശുക്കളെ മോഷ്ടിച്ചു കൊണ്ടുപോയി അവരുടെ ഗുഹ്യാവയവങ്ങളെ കത്തികൊണ്ട് മുറിച്ച് രൂപാന്തരപ്പെടുത്തിക്കളയുമെന്ന് ബോംബെക്കാർ വിശ്വസിക്കുന്നു. പക്ഷേ മോഷണത്തിനു ദൃക്സാക്ഷികളില്ല'.[15]

നാട്ടുകാർ ഇങ്ങനെ സംശയിക്കുന്നതിനു കാരണം ഹിജഡകളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവാണ്. അവർക്ക് സംഘടിതമായ ഒരു ഭരണകൂടമുണ്ട്.

അവരുടെ ഭരണകർത്താവ് 'രാംകിങ്കരി' എന്ന നപുംസകമാണ്. 'അശ്ലീലവാക്കുകളുടെ പണ്ഡിത' എന്നാണ് എഴുത്തുകാരി അവർക്ക് നൽകുന്ന വിശേഷണം.

ഹിജഡകളെ പൊതുസമൂഹത്തിന് ഭയമാണ്. കാരണം അവർ നഗ്നത കാണിക്കുകയും അശ്ലീലവാക്കുകൾ ഉരുവിടുകയും സാഹചര്യം നോക്കാതെ പെരുമാറുകയും ചെയ്യും. ട്രെയിനുകളിലും മറ്റും ഭിക്ഷാടനത്തിനു വരുന്ന ഹിജഡകളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ഇത്തരമൊരു സംസാരമുണ്ട്.

മാധവിക്കുട്ടി ഭയങ്കരരായി ചിത്രീകരിക്കുന്ന ഈ നപുംസകങ്ങൾക്കിടയിലേക്കാണ് ഒരമ്മ തന്റെ മകളെ തേടിവരുന്നത്.

'തന്റെ മകൾ നപുംസകമായിട്ടാണ് ജനിച്ചത്. വിവാഹത്തിനുശേഷം പതിനേഴുവർഷങ്ങൾ നേർച്ചയും പ്രാർത്ഥനയുമായി ഉണ്ടായ കുട്ടിയാണ്. പൂർണ്ണചന്ദ്രനെപ്പോലുള്ള അവളുടെ മുഖത്ത് ഒരോമന മറുകുണ്ട്. അവളെ തൊട്ടിലിൽനിന്ന് ആരോ കട്ടെടുത്തുപോയതാണ്. അത് നപുംസകങ്ങളാവാം' എന്ന തോന്നലാണ് ആ അമ്മയെ അവിടെ എത്തിക്കുന്നത്.

പത്തൊൻപതു വർഷങ്ങൾക്കുശേഷമാണ് ആ അമ്മ മകളെ തേടിവരുന്നത്. പതിനേഴുവർഷം കാത്തിരുന്നതിനുശേഷം ഉണ്ടായ കുട്ടിയായിട്ടും അതിനെ തന്റെ ഭർത്താവിനോ അദ്ദേഹത്തിന്റെ അമ്മയ്ക്കോ തീരെ രസിച്ചിട്ടില്ല അവർ കുഞ്ഞിനെ കഴുത്തു ഞെരിച്ചു കൊല്ലാൻ ഒരുമ്പെട്ടതാണ്. പക്ഷേ, അമ്മയുടെ നിലവിളി അവരെ അതിൽനിന്നും പിൻതിരിപ്പിച്ചു. പിന്നെ വേലക്കാരിയുടെ മുറിയിൽ കുഞ്ഞിനെ സ്വകാര്യമായി അമ്മ വളർത്തിക്കൊണ്ടുവരുന്നതിനിടയ്ക്കാണ് അവർക്കതിനെ നഷ്ടമാകുന്നത്. പക്ഷേ അത്തരത്തിലൊരുത്തി തങ്ങൾക്കിടയിലില്ലെന്ന് രാംഭായി പറയുന്നു.

താൻ തന്റെ കുട്ടിയെ കൊണ്ടല്ലാതെ ആ വീട്ടിലേക്ക് മടങ്ങുകയില്ല എന്ന് അമ്മ തറപ്പിച്ചു പറഞ്ഞു. എന്നാൽ രുഗ്മ എന്ന ഹിജഡയ്ക്ക് താൻ പറഞ്ഞ എല്ലാ അടയാളങ്ങളുമുണ്ട് എന്ന് അമ്മ മനസ്സിലാക്കുന്നു.

'ഇവിടെ നിങ്ങൾക്കു പ്രവേശനമില്ല. ഇതു ഞങ്ങളുടെ മാത്രം കോളനിയാണ്. എന്നുപറഞ്ഞ് അവരെ പുറത്താക്കാൻ ആവുംവിധം ഹിജഡകൾ ശ്രമിക്കു

ന്നുണ്ട്. പക്ഷേ ഇവിടെ തന്റെ മകൾക്കു ജീവിക്കാമെങ്കിൽ തനിക്കും ജീവിക്കാം എന്ന ചിന്തയിൽ അമ്മ നിലത്ത് കണ്ണടച്ചുകിടന്നു.'

രുഗ്മ പക്ഷേ തന്റെ അമ്മയെ നിഷേധിക്കുകയാണ്. എനിക്ക് അമ്മയില്ല. എന്റെ അമ്മ ഭൂമിദേവിയാണ്. അവൾ നൃത്തം ചെയ്യാൻ തുടങ്ങി. ചുവന്ന പൊടിപ ടലങ്ങൾകൊണ്ട് അവളുടെ ദേഹം ചുമന്നപ്പോൾ ഏതോ രഹസ്യം ഒളിപ്പിക്കുന്നതു പോലെയുള്ള ആനന്ദദായകമായ ഒരു ചിരി അവളുടെ മുഖത്തുള്ളതായി അമ്മ കണ്ടെത്തുന്നു. ഇതു തന്റെ മകളല്ല അവൾ തന്നെ തിരിച്ചറിയുന്നില്ല എന്ന സങ്കട ത്തോടെ ഹിജഡ കോളനിവിട്ട് അമ്മ തിരിച്ചുനടക്കുകയാണ്. നപുംസകങ്ങളുടെ ചെണ്ടമേളം അവരെ പിൻതുടർന്നുകൊണ്ടേയിരുന്നു.

എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവർക്കിടയിലേക്കാണ് അമ്മ തന്റെ മകളെ തിരഞ്ഞിരുന്നത്. രുഗ്മയ്ക്ക് തന്റെ അമ്മയെ തിരിച്ചറിയാൻ കഴിയാത്തതിനാലൊ രാംഭായിയുടെ അധികാരത്തെ ഭയന്നതിനാലൊ അവൾ തന്റെ മാതാവിനെ നിഷേ ധിക്കുകയാണ്. ഇതുവരെ കാണാത്ത ഒരമ്മയെ അവൾക്ക് അംഗീകരിക്കാനാവുന്നി ല്ല. അവൾ ഭൂമിദേവിയുടെ മകളാണെന്ന് സ്വയം വിശ്വസിക്കുന്നു. ഓരോ ഹിജ ഡയും ഇത്തരം വേദനകൾ മനസ്സിൽ സൂക്ഷിക്കുന്നുണ്ട് എന്നുവേണം കരുതാൻ. കാരണം ഒരു മാതാവിന്റെ ഗർഭപാത്രത്തിലാണ് പിറന്നിരുന്നതെങ്കിൽ വൃത്തിഹീന മായ അന്തരീക്ഷമുള്ള ഹിജഡാ തെരുവിൽ ചെണ്ടകൊട്ടിയും പാട്ടുപാടിയും അപ ഹാസ്യരായി അവർക്ക് ജീവിക്കേണ്ടിവരുമായിരുന്നില്ല.

ഈ കഥ ഹിജഡകൾക്കിടയിലെ ജീവിതത്തെ കാണിച്ചുതരുന്നുണ്ട്. പുറം ലോകത്തു നിന്നുള്ള ഒരാൾക്ക് ഹിജഡാ കോളനിയിൽ പ്രവേശനം അനുവദി ക്കാൻപോലും താത്പര്യമില്ലാത്തവിധം അവർ പൊതുസമൂഹത്തെ വെറുക്കുന്ന മനസ്സോടെയാണ് ജീവിക്കുന്നത്.

മാധവിക്കുട്ടിയുടെ എല്ലാ കഥകളിലും സ്ത്രീക്ക് സ്ത്രീയോട് തോന്നുന്ന അനുരാഗത്തിനാണ് പ്രസക്തി. 'എന്റെ കഥ'യിൽ മാത്രമാണ് അവർ പുരുഷന്റെ സ്വവർഗ്ഗാനുരാഗം ചിത്രീകരിക്കുന്നുള്ളു. അതാകട്ടെ നിറപ്പകിട്ടില്ലാത്തതും വേദനാജനകവുമായ അവസ്ഥയിലാണ്. എന്നാൽ ലെസ്ബിയൻ ബന്ധങ്ങൾ ഏറ്റവും മനോഹരമായി ചിത്രീകരിക്കുന്നു. മാധവിക്കുട്ടി ചിത്രീകരിച്ച

സ്ത്രീകഥാപാത്രങ്ങളിലെല്ലാം സംസാരത്തിലോ സൃഷ്ടിയിലോ ഒളിഞ്ഞും തെളിഞ്ഞും ലെസ്ബിയൻ സ്പർശം കാണാം.

## 4.2 ഇന്ദുമേനോൻ

### 4.2.1 ലെസ്ബിയൻ പശു

പുതുതലമുറയിലെ എഴുത്തുകാരിയായ ഇന്ദുമേനോൻ മലയാള ചെറു കഥയുടെ പരമ്പരാഗത ആഖ്യാനങ്ങളെ പുറംതള്ളി പാർശ്വവത്കൃത ജീവിതങ്ങളുടെ അസ്തിത്വത്തെ സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നു. കഥയുടെ ഇട ത്തിൽ ഈ എഴുത്തുകാരിയെ അടയാളപ്പെടുത്തിയത് 'ലെസ്ബിയൻപശു'വെന്ന രചനയാണ്. വിമതരതിക്കഥകളിൽ വളരെയധികം ശ്രദ്ധിക്കപ്പെട്ട ഒരു കഥകൂടിയാ ണിത്.

കൊഹാബിറ്റേഷൻ ബന്ധത്തിലേർപ്പെട്ട മെഹറുന്നീയും ശ്രീഹരിയും, അവരുടെ കുടുംബജീവിതത്തിലേക്ക് അതിക്രമിച്ചുകയറുന്ന വിമതലൈംഗിക തല്പരയായ നന്ദിനി ഗോമാത എന്ന നേഴ്സും അവർക്കിടയിലുണ്ടാകുന്ന സംഘർഷങ്ങളുമാണ് 'ലെസ്ബിയൻപശു'വിലെ പ്രമേയം.

പരാലിസിസിനു ചികിത്സതേടിയാണ് 'മെഹറുന്നീസ' ആയുർവേദ ആശുപ ത്രിയിൽ എത്തിച്ചേർന്നത്. വളരെ കഠിനമായ ചികിത്സാരീതികൾ പോലും മെഹറു ന്നീസയെ ഭയപ്പെടുത്തിയിരുന്നില്ല. എന്നാൽ 'നന്ദിനി ഗോമാത' എന്ന നേഴ്സ് അവളെ ശുശ്രൂഷിക്കാൻ തുടങ്ങിയതോടെ ചവിട്ടി ഉഴിയുന്നതിനു പകരം മെഹറു ന്നീസയുടെ ദേഹത്ത് അവർ പലപ്പോഴും ചവിട്ടി രസിച്ചു. ശ്രീഹരി മെഹറുന്നീ സയെ നോക്കുമ്പോൾ അക്രമാസക്തമായ ഭാവത്തോടെ നന്ദിനി ഗോമാത അയാളെ സൂക്ഷിച്ചുനോക്കി. അയാളുടെ കണ്ണുകൾ മെഹറുന്നീസയിൽ പതിയു ന്നത് അവൾക്ക് സഹിക്കാനാവുന്നില്ല.

ലെസ്ബിയൻ പശുവിനെതിരെ മെഹറുന്നീസ ആശുപത്രി അധികൃതർക്ക് പരാതി നൽകുന്നു. അതിലെ ഒരു വാചകം ഇങ്ങനെയായിരുന്നു.

"ആ സ്ത്രീക്ക് പശുവിന്റെ മണമാണ് സാർ; അതേ മുഖം. പശുക്കുളമ്പു പോലെ പരുത്തപാദങ്ങൾ, സദാസമയവും അവരെന്നെ തുറിച്ച് നോക്കുമായിരുന്നു.

എനിക്കാ ജന്തുവിനോട് അതുകൊണ്ട് മാത്രം എത്ര വെറുപ്പു തോന്നിയെന്നറിയാമോ? എന്റെ ഈ നെഞ്ചിൽ അവർ ഇരുമ്പുലാടങ്ങൾകൊണ്ട് അമർത്തിച്ചവിട്ടി.''[16]

''ആദ്യം മുതലേ അസ്വാഭാവികത തോന്നിയിരുന്നു. മകളുറങ്ങുമ്പോൾ അവൾ ഉമ്മവെക്കാറുണ്ട്. എന്നാൽ രോഗിണിയായ എന്റെ കുഞ്ഞിനോട് ഇവർക്കെങ്ങനെ ഇങ്ങനെ പെരുമാറാനാകുന്നു''.[17] മെഹറുന്നീസയുടെ ഉമ്മ മൊഴികൊടുക്കുന്നത് അങ്ങനെയാണ്.

''ഞാൻ നിന്റെ ശരീരത്തെ പ്രേമിക്കുകയായിരുന്നു മെഹ്റൂ'' നേഴ്സ് അവളുടെ മുഖത്തുനോക്കി പ്രേമപാരവശ്യത്തോടെ പറഞ്ഞു. ''ഒരു പശു മറ്റൊരു പശുവിനെ പ്രേമിക്കുന്നതുപോലെ''.[18] അവരുടെ ഈ ലജ്ജാഹീനമായ തുറന്നു പറച്ചിൽ കേട്ട് ശ്രീഹരിപോലും വിളറിപ്പോയി.

ആശുപത്രി അധികൃതർ വിലക്കു കൽപ്പിച്ചതിനെ തുടർന്ന് നന്ദിനി ഗോമാത മെഹ്റുവിനെ പിന്നീട് കാണാൻ വരുന്നതൊക്കെ ഒളിച്ചും പതുങ്ങിയുമാണ്.

സ്വവർഗ്ഗഇണയോടു തോന്നുന്ന പ്രണയത്താൽ നന്ദനി ഗോമാത എന്ന സ്ത്രീയെ മറ്റുള്ളവരുടെ കണ്ണിൽ വൃത്തിക്കെട്ട ജന്തു എന്ന നാമകരണത്തിന് ഇടയാക്കുന്നു.

'മെഹ്റുന്നീസയെ വിട്ടു തരിക' എന്ന ആവശ്യത്തോടെ നന്ദിനി ഗോമാത ശ്രീഹരിയെ സമീപിക്കുന്നു. അതിനവർ പറയുന്ന കാരണം.

''നോക്കൂ ശ്രീഹരി, ദേഷ്യംകൊണ്ടു ഫലമില്ല എന്റെ വാക്കുകൾ ശ്രദ്ധിക്കൂ. നിന്നേക്കാളുമവകാശം അവരുടെ മേൽ എനിക്കാണ്. നിങ്ങൾ സ്പർശിച്ചതിന്റെ ഇരട്ടിത്തവണ ഞാനവളുടെ നെഞ്ചിൽ സ്പർശിച്ചിട്ടുണ്ട്. അവളുടെ ശരീരത്തിലെ ഓരോ അണുവും എന്റെ വിരൽത്തുമ്പു തട്ടി തരിപ്പോടെ ഉണർന്നുനിൽക്കുന്നത് എനിക്ക് ഓർമ്മയുണ്ട്.''[19] മനസ്സുകൊണ്ടു വെറുക്കുന്നുണ്ടെങ്കിലും മെഹ്റുവിന്റെ ശരീരം തന്നെ ആഗ്രഹിക്കുന്നു എന്ന ഈ തിരിച്ചറിവാണ് നന്ദിനി ഗോമാതയെ ശ്രീഹരിക്കു മുന്നിൽ എത്തിക്കുന്നത്.

'വരൂ നമുക്ക് വിവാഹം കഴിക്കാം' എന്നാണ് നന്ദിനി ഗോമാത മെഹറുവിനോട് പറയുന്നത്. അതുവരെ വിവാഹത്തെ അംഗീകരിക്കാതിരുന്ന ശ്രീഹരിയുടെ ധാർഷ്ട്യത്തെ 'വിവാഹം' എന്ന വാക്കിലൂടെ നന്ദിനി ഗോമാത വെല്ലുവിളിക്കുന്നു.

പശുത്തോൽ പോലെ പരുക്കനായ പരുത്തിവസ്ത്രങ്ങളണിഞ്ഞ് നന്ദിനി ഗോമാത 'എനിക്കു മെഹ്റുന്നീസയെ വിട്ടുതരണം. നീ അവളെ ഉപേക്ഷിക്കുക, കരാറില്ലാത്ത ബന്ധമായതുകൊണ്ട് വേർപിരിയാൻ എളുപ്പമായിരിക്കും. അവർ നിന്റെ ഭാര്യപോലുമല്ലല്ലോ' എന്ന് തുറന്നുപറയുന്നുണ്ട്.

അതുവരെ വിവാഹത്തെ എതിർത്ത ശ്രീഹരി പിറ്റേന്ന് മെഹ്റുന്നീസയെ ഹിന്ദുമത ആചാരപ്രകാരവും ഇസ്ലാംമത ആചാരപ്രകാരവും വിവാഹം ചെയ്യുന്നു. അതേ ദിവസംതന്നെയാണ് ഡെയറിഫാമിന്റെ മതിലുകൾ തകർത്ത ലെസ്ബിയൻ പശു ഗ്രാമത്തിലേക്കിറങ്ങി ഓടുന്നത്. ഭ്രാന്തിപ്പശു രോഗം ബാധിച്ചതെന്നു കരുതി നാട്ടുകാരവരെ ആക്രമിക്കുകയും കൊല്ലുകയും ചെയ്തു. വിവാഹം കഴിഞ്ഞ് രജിസ്ട്രാഫീസിൽ നിന്ന് തിരിച്ചിറങ്ങിയ ശ്രീഹരിയും മെഹ്റുന്നീസയും കാണുന്നത് ലെസ്ബിയൻ പശുവിന്റെ ജഡമാണ്. വിമതലൈംഗികതാല്പര്യത്തിന് ഒരു നാടു നൽകിയ ശിക്ഷയായിരുന്നു അത്.

ആശ്വാസത്തോടെയാണ് ശ്രീഹരി ആ കാഴ്ച കണ്ടത്. പിറ്റേന്ന് പുരുഷമേൽക്കോയ്മയുടെ അധികാരത്തിടമ്പോടെ, പത്രം വായിക്കാൻ തുടങ്ങിയ മെഹറുവിനെ നോക്കി 'പോയി കാപ്പി കൊണ്ടുവാടി' എന്ന് ആജ്ഞാപിക്കുന്ന ശ്രീഹരിയിൽ ഒരു ഭർത്തൃഭാവമുണ്ടായിരുന്നു. ഒരു ഭർത്താവിന്റെ സകല അഹന്തയോടും കൂടി അയാൾ ചാരുകസേരയിൽ ഞെളിഞ്ഞിരുന്നു.

വിവാഹം എന്ന സാമൂഹികവ്യവസ്ഥിതിയെ പിൻതാങ്ങുന്ന ഈ കഥ ഒരു സ്വവർഗ്ഗപ്രണയിയുടെ മരണത്തെ ആശ്വാസത്തോടെ നോക്കിക്കാണുന്നു. പക്ഷേ, ശ്രീഹരിയുടെ ഭർത്തൃഭാവത്തിന്റെ അഹന്തയെ ഒരു പെൺപക്ഷവീക്ഷണത്തിലൂടെ നോക്കിക്കാണുന്നുമുണ്ട് കഥാകാരി. ഈ കഥയിലെ ലെസ്ബിയനായ നന്ദിനി ഗോമാത പുരുഷവേഷങ്ങൾ ധരിക്കുന്നവളോ പൗരുഷത്തിന്റെതായ ശരീര പ്രകൃതമുള്ളവളോ അല്ല. പരുത്തിവസ്ത്രങ്ങൾ ധരിച്ചവളാണ്. എങ്കിലും വായനക്കാരിൽ

വെറുപ്പുളവാക്കുന്ന രീതിയിൽ കാലിൽ കുളമ്പും തലയിൽകൊമ്പുമുള്ള ഒരു വൃത്തിക്കെട്ട ജന്തുവായാണ് കഥാകാരി നന്ദിനിയെ ചിത്രീകരിക്കുന്നത്.

പൊതുസമൂഹത്തിന്റെ ഈ വിചിത്രചിന്താഗതി തന്നെയാണ് സ്വവർഗ്ഗപ്രേമികളുടെ നിലനിൽപിന് ഭീഷണിയായിത്തീരുന്നത്. ഒടുവിൽ ഭ്രാന്തിപ്പശു രോഗം ബാധിച്ചതെന്നും കരുതി നാട്ടുകാർ കല്ലും കമ്പുമെറിഞ്ഞ് കൊല്ലുമ്പോൾ നടുറോട്ടിൽ മുഖമടിച്ച് കമിഴ്ന്നും കിടക്കുന്ന അവർ നഗ്നയായിരുന്നു എന്ന് കഥാകാരി രേഖപ്പെടുത്തുന്നു. നഗ്നത ഒരാളുടെ ലൈംഗികസ്വത്വത്തിന്റെ വെളിപ്പെടൽ കൂടിയാണ്. 'അവരുടെ നെഞ്ചിൽനിന്ന് ചോരചിതറി ടാറിന്റെ ഉച്ചക്കറുപ്പിൽ ഒഴുകി ഉണങ്ങാതെ തിളക്കുന്നതു കണ്ടു'. അത് മെഹറുവിനോടുള്ള അവരുടെ സ്നേഹമാണ്.

വിമതലൈംഗിക തത്പരരിൽ പൊതുവേ കണ്ടുവരുന്ന അമിത ലൈംഗികാസക്തി ഈ കഥയിലും ധാരാളമുണ്ട്. ഒന്നിച്ചുതാമസിച്ച ശ്രീഹരി മെഹറുവിന്റെ നെഞ്ചിൽ സ്പർശിച്ചതിലും കൂടുതൽ നന്ദിനി ഗോമാത എന്ന ലെസ്ബിയൻ പശു സ്പർശിച്ചിട്ടുണ്ട് എന്ന വാക്കുകൾ ശ്രദ്ധേയം.

വിമതപ്രണയത്തെ ഭയാനകാന്തരീക്ഷത്തിൽ അടയാളപ്പെടുത്തുന്ന ഈ കഥ വിമതപ്രണയികളോട് നീതിപുലർത്തുന്നില്ല. നന്ദിനിഗോമാതയെ പ്രകൃതിദത്ത പ്രണയത്തിനെതിരായി സൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ ശ്രമം കഥയിൽ എഴുത്തുകാരി നടത്തുന്നുണ്ട്. സ്ത്രീ-പുരുഷ ലൈംഗികതക്കപ്പുറമുള്ള മറ്റെല്ലാ ലൈംഗികാഭിരുചികളെയും പുറം തള്ളേണ്ടതുണ്ടെന്നും സമൂഹത്തിന്റെ നിലനില്പിന് പ്രതിരോധങ്ങൾ സൃഷ്ടിക്കുന്ന എല്ലാ വിമതബന്ധങ്ങളും അടിച്ചമർത്തേണ്ടവയാണെന്നും കഥ സംവദിക്കുന്നു.

### 4.2.2 മഴയുടെ ചെറിയ കാലടയാളങ്ങൾ

ഈ കഥയിൽ ഭർത്താവിനാൽ വഞ്ചിക്കപ്പെട്ട, എട്ടുമാസം ഗർഭിണിയായ മീര ഹിജഡകളുടെ അമ്പലം കാണാൻ പോകുന്നു. ഹിജഡ ദൈവത്തെ കാണുന്ന മീര പാതി പുരുഷനും പാതി സ്ത്രീയുമായ ആരാധനാ ബിംബത്തിന് ഉടഞ്ഞുപോയ ലിംഗമാണുള്ളത് എന്ന് തിരിച്ചറിയുന്നു. ''അവൾ നോക്കി നിൽക്കേ പ്രാർത്ഥനാലയത്തിലെ ചുവരിലെ ടോട്ടകളോരോന്നും മുറിച്ചുമാറ്റപ്പെട്ട ലിംഗചിത്ര

ങ്ങളായി ലിംഗമില്ലാത്ത ദൈവത്തോട് കുഞ്ഞിനെ ചോദിക്കാൻ ഭയപ്പെട്ട്, താല ത്തിലെ കുങ്കുമത്തിൽ കിടക്കുന്ന അറുത്തുമാറ്റപ്പെട്ട പ്രസാദം നോക്കി, പുറത്തെ മഴയിലേക്ക് നെഞ്ചുകലങ്ങുംവിധം ഛർദിച്ചു''.[20]

ഹിജഡാസമൂഹത്തോട് പൊതുസമൂഹം കാണിക്കുന്ന വെറുപ്പിന്റെയും അറപ്പിന്റെയും അടയാളമാണ് മീരയുടെ ഛർദ്ദി.

### 4.2.3 കടൽനായ

കഥ തുടങ്ങുന്നതുതന്നെ കഥാനായകനെ സൂചിപ്പിക്കാൻ വ്യക്തമായ ഒരു പേരോ വാക്കോ ഇല്ല എന്ന സൂചന നൽകിക്കൊണ്ടാണ്. ''അയാൾ ഒരു ഷണ്ഡനൊ അസുരനൊ മ്ലേച്ഛനൊ'' ആയിരുന്നില്ല. കറുത്തനിറമുള്ളവനെങ്കിലും തള്ളവിരലിന്റെയും ചെറുവിരലിന്റെയും നഖങ്ങൾ വളർത്തി, കടുംനിറത്തിലുള്ള നെയിൽപോളീഷിന്റെ പ്ലാസ്റ്റിക് ചായങ്ങൾ അയാൾ അവയിൽ തേച്ചു. സന്ധ്യക്കു കത്തിയ തെരുവുവിളക്കിന്റെ ജീർണപ്രകാശത്തിലിരുന്ന് അയാൾ ചുണ്ടുകളിൽ ചായം പുരട്ടി. 'അയാൾ ഒരു ഹിജഡയോ പിമ്പോ പുരുഷവേശ്യയോ ആയിരുന്നി ല്ല. എങ്കിലും അയാൾക്ക് ആവശ്യക്കാരുണ്ടായി. രോമം മുഴുവൻ വടിച്ചുകളഞ്ഞ അയാളുടെ മൃദുവായ ദേഹത്തും പറ്റി അവർ തങ്ങളുടെ നിലവിളികൾ അമർത്തി ക്കളഞ്ഞു. അയാൾ പുരുഷന് നല്ലൊരു സ്ത്രീയും സ്ത്രീക്ക് നല്ലൊരു പുരുഷനു മായിരുന്നു''.[21]

'ചെളിവീണു മുഷിഞ്ഞ മുടിക്കുമീതേ കടുംകറുപ്പുനിറമുള്ള വിഗ്ഗ് അയാൾ ധരിച്ചു. ചുവന്ന വട്ടപ്പൊട്ടുകൾ നീണ്ട നെറ്റിയിൽ കുത്തി ഹനുമാൻ കോവി ലിൽനിന്നും പൂജാരി കൊടുത്ത സിന്ദൂരം വിരലുകൾകൊണ്ടു തോണ്ടി അതിനു മീതേ തേച്ചു. കഥാനായകനെ ചിലപ്പോഴെല്ലാം 'മേനകാ' എന്ന് വിളിക്കുന്നുണ്ട് എഴുത്തുകാരി. ഹിജഡകൾക്കിടയിൽ കാണുന്ന ജോഗപ്പമാർ ഇത്തരക്കാരാണ്.

മിഠായിത്തെരുവിന്റെ തിരക്കിൽ അയാൾ പലപ്പോഴും മുല്ലപ്പൂവിൽപ്പനക്കാ രിയായി കുത്തിയിരിക്കുന്നു. ചില വ്യാഴാഴ്ചകളിൽ തലനിറയെ മുല്ലപ്പൂക്കൾ ചൂടി പച്ചച്ചേലയുടുത്ത് അയാൾ വഴിയോരത്തുനിന്നു. ചായം പുരട്ടാത്ത ചുണ്ടിനെ നിറം പിടിപ്പിക്കാൻ അയാൾ വെറ്റിലക്കറ നിറഞ്ഞ ഉമിനീരുകൊണ്ടു ചുണ്ടുനനയ്ക്കു

കയും നിരയൊത്ത പല്ലുകൾകൊണ്ട് കടിക്കുകയും ചെയ്തു. 'എല്ലാ ഒന്നാം തിയ്യതികളിലും ഹനുമാൻ കോവിലിലെ കുപ്പത്തൊട്ടിയിൽ നിന്നു ലഭിക്കുന്ന സാരികൾ തപ്പിയെടുത്ത് ഉടുത്തു. നിറം പോയ കുപ്പിവളകളും പൊട്ടിയ കൊമ്പുവളകളും തുരുമ്പിച്ച ഇരുമ്പുവളകളും ധരിച്ചു. തിളങ്ങുന്ന സ്വീക്കൻസ് മാലയും കടലാസുമാലയും കോവിലിലെ നേദ്യമായ വടമാലയും ധരിച്ചു. കാലിൽ മണികളടർന്ന ഒരു ചിലങ്കയും ധരിച്ചിരുന്നു. ചണ്ടി വീപ്പകളിലെ എച്ചിലുകൾ മുഴുവൻ നായ്ക്കൾ തിന്നുതീർക്കുന്ന രാത്രിയിൽ അയാൾ ദേഹമാസകലം ഭസ്മം പൂശി ചട്ടൻമാരെ കാത്തുനിന്നു.[22]

'സൂര്യൻ കണ്ണാടിലോക്കറ്റുപോലെ തിളങ്ങുന്ന ചില വെയിലുച്ചകളിൽ ഇൻഡോർ മൈതാനത്തിന്റെ പുറകിലെ വഴിയിൽ കള്ളനെപ്പോലെ പതുങ്ങിയിരുന്ന് ഭിത്തിമേൽ ഒട്ടിച്ച സിനിമാനടികളുടെ ചിത്രത്തിൽ ചുംബിക്കുകയും നടൻമാരുടെ മുഖങ്ങൾ കീറിയെടുക്കുകയും ചെയ്തു. ഉറക്കം വരാത്ത രാത്രികളിൽ കഞ്ചാവിലയിൽ തെറുത്ത ബീഡികളും വാത്തുമുട്ടയും വാങ്ങി. ഹനുമാൻ കോവിലിനുമുന്നിൽ നിന്ന് ദേവപ്രീതിക്കായി നൃത്തംചവിട്ടി കല്യാണപ്പുരകളിലെ ഊട്ടുപുരകളിൽ രാത്രി ഇരുട്ടിൽ മുല്ലപ്പൂ വില്പനക്കാരനെന്ന നാട്യത്തിൽ കുത്തിയിരുന്നു. ഒരു പെണ്ണിനെ തന്റെ ജീവിതത്തിലേക്ക് കൂട്ടുവിളിച്ചു. വിയർക്കുമ്പോൾ തന്റെ ശരീരത്തിൽനിന്നും പുറപ്പെടുന്ന നായ്ച്ചൂര് ലക്സ് സോപ്പുകൊണ്ട് പതപ്പിച്ചുകളഞ്ഞ് അയാൾ പറഞ്ഞു.

''എന്റെ കല്യാണം കഴിഞ്ഞ്..............''[23]

ഷണ്ഡത്വം അയാൾക്കൊരു വികാരമായിമാറിത്തുടങ്ങിയ ദിവസങ്ങളിൽ എന്നോ ആണ് അടുത്തുകിടന്ന അയാളെ ഭാര്യ തള്ളിനീക്കിയത്.

''ഒരു നായിന്റെ നാറ്റം''. അതോടെ ആ വിവാഹബന്ധം അവസാനിക്കുന്നു.

'അയാളൊരു പ്രണയിയോ ഭർത്താവോ വിഭാര്യനോ ആയിരുന്നില്ല എന്നിട്ടും കരാറുകാരന്റെ നിർബന്ധത്തിനുവഴങ്ങി പൊന്നാനിയിൽവെച്ച് മതം മാറി. കരാറുകാരനാണ് അയാളെ സുന്നത്തു ചെയ്തത്. സുന്നത്ത് കത്രികകണ്ട് ഭയന്ന അയാൾ ഗുരുവായൂരപ്പനെ നീട്ടിവിളിച്ചു. മറ്റൊരു വിവാഹത്തിന്റെ തടങ്കലിലേക്ക് അയാൾ മാറ്റിപാർക്കപ്പെട്ടു'.[24] മൂന്നുകുട്ടികൾ അയാളെ വാപ്പാ എന്നു

വിളിച്ചു. ഇളയപെൺകുട്ടിക്ക് നായ്ച്ചൂരിലേക്ക് തന്നെ വലിച്ചെറിഞ്ഞ അമ്മയുടെ മുഖവും മറുകുമായിരുന്നു. അയാളവളെ 'അമ്മിണി' എന്നു വിളിച്ചു. ആ ജീവിത ത്തിലും ഷണ്ഡത്വം ബാധിച്ച അയാൾ പറശ്ശിനിക്കടവിലെ മുത്തപ്പൻകാവിലെ സുര ക്ഷിതത്വം തേടിയിറങ്ങി.

'അയാൾ ഒരു ഭക്തനോ ഭിക്ഷുവോ നാടോടിയോ ആയിരുന്നില്ല. എന്നിട്ടും കട്ടച്ചോര ഉറഞ്ഞ ദേഹവും മുറിഞ്ഞുപഴുത്ത ചുണ്ടുമായി അയാൾ പിച്ചതെണ്ടി. കാവിൽ ഉത്സവം വന്നപ്പോൾ ബലൂണും പീപ്പിയും റബ്ബർ പന്തും മാലകളും അയാൾ വിലപ്നക്കായി തൂക്കിയിട്ടു. അയാൾ വളയിട്ടു കൊടുക്കുമ്പോൾ സ്ത്രീക ളിൽ പലരും ഇക്കിളിപൂണ്ടു ചിരിച്ചു. തങ്ങളിലൊരുവളെന്നപോലെ ക്ഷൗരംചെയ്ത് പച്ചയിൽ മിനുങ്ങുന്ന അയാളുടെ മുഖത്തേക്ക് നോക്കി അസൂയയോടെ നെടു വീർപ്പിട്ടു'.[25] താൻ സ്ത്രീയിലേക്കുള്ള പരിണാമചക്രത്തിലാണെന്ന് അയാൾക്ക് തോന്നിയതും ഇക്കാലത്താണ്.

'തുകൽ ചെണ്ടയുടെ താളത്തിനൊത്ത് അയാൾ നൃത്തച്ചുവടുകൾ വെച്ചു. മുടി നീട്ടിവളർത്തി സാരി ധരിച്ചു. പെണ്ണുങ്ങൾക്കൊപ്പം അയാൾ പൊങ്കാലയിട്ടു. 'അയാൾ ഒരു സ്ത്രീയോ പുരുഷനോ നപുംസകമോ ആയിരുന്നില്ല! എന്നിട്ടും പോലീസ് പിടിച്ചപ്പോഴൊക്കെ അയാളെയും സ്ത്രീകളുടെ സെല്ലിലാണ് ഇട്ടിരുന്ന ത്. നഗരവേശ്യകൾക്കൊപ്പം സംഘംചേർന്ന് കോഴിക്കോട്ടെ പ്രധാന വേശ്യ താനാ ണെന്ന മട്ടിൽ അയാൾ താജ്റോഡിൽ കുത്തിയിരിക്കും.'[26]

അങ്ങനെയിരിക്കുന്ന ഒരു നാളിലാണ് ആകൃതിയൊത്ത ചുണ്ടുകളുള്ള കൈവെള്ളയിൽ മറുകുള്ള പുതിയൊരു പെൺകുട്ടി വേശ്യത്തൊഴിലിന് എത്തുന്ന ത്. അവളെ കണ്ടപ്പോൾ തന്റെ അമ്മയെയാണയാൾക്ക് ഓർമ്മവന്നത്.

ആ വന്നിരിക്കുന്നത് തന്റെ മകളാണെന്നറിഞ്ഞിട്ടും താൻ തലയിൽ ചൂടിയ മുല്ലപ്പൂവുപൊട്ടിച്ച് അവൾക്കു നൽകി. പിന്നീടുള്ള വേശ്യാവൃത്തി അവരൊന്നിച്ചാ കുന്നു.

"അയാൾ ഷണ്ഡനോ പിതാവോ കവിയോ ആയിരുന്നില്ല. അയാൾ നായയാ രുന്നു. ഒരു കടൽനായ."[27]

ഈ കഥയിൽ എഴുത്തുകാരി അവതരിപ്പിക്കുന്ന ജോഗപ്പ വിഭാഗത്തിൽപെട്ട കഥാനായകന്റെ മാനസ്സികവ്യാപാരം വെളിപ്പെടുന്നില്ല. അയാൾക്ക് സമൂഹം നൽകുന്ന വേദനകളും കഥ പങ്കുവെക്കുന്നില്ല. അമ്മ അയാളെ നായ്ക്കൾക്കിടയിലേക്ക് എറിഞ്ഞുകൊടുത്തതിലുള്ള വിഷാദം മാത്രമേ പ്രകടമാകുന്നുള്ളു. ഇഷ്ടപ്പെട്ട പെണ്ണിനെ വിളിച്ചിറക്കിക്കൊണ്ടുവരുമ്പോഴോ തന്റെ മുസ്ലീംകുട്ടികൾ തന്നെ ബാപ്പയെന്നു വിളിച്ചപ്പോഴോ ഒടുവിൽ സ്വന്തം മകൾ വേശ്യാവൃത്തിക്കിറങ്ങി 'ചേച്ചി' എന്നു വിളിക്കുമ്പോഴോ അയാൾക്ക് യാതൊന്നും തോന്നുന്നില്ല. തന്റെ ലൈംഗികജീവിതം സ്ത്രീയോടും പുരുഷനോടും ചേർത്തുവെയ്ക്കാൻ അയാൾക്കാകുന്നുണ്ട്. അതുകൊണ്ടുതന്നെ അയാളെ ദ്വിലൈംഗികരമിയായും കാണാവുന്നതാണ്. ജോഗപ്പകൾ പെൺവേഷം ധരിക്കുന്നവരും ദ്വിലൈംഗികരുമാണ്.

### 4.2.4 ജലത്തിലൂടെ നടക്കുന്ന കന്യകമാർ

റസിയയും അമുദയും സ്വവർഗ്ഗപ്രണയികളാണ്. അമുദ അതിസുന്ദരിയായിരുന്നു. നീണ്ട മുടിയായിരുന്നു. പിന്നിയിട്ടാൽ അമുദയുടെ ഇരുചന്തിയിലും അത് മൃദുവായിക്കൊത്തും. അമുദയും റസിയയും തമ്മിലുള്ള ലൈംഗികബന്ധം ഹോസ്റ്റലിന്റെ നാലു ചുവരുകൾക്കകത്ത് സുരക്ഷിതവും രഹസ്യവുമായിരുന്നു, പക്ഷേ, അമുദയുടെ അച്ഛനായ ചിന്നപ്പ ചെട്ടിയാർ എങ്ങനെയോ റസിയ-അമുദ ബന്ധത്തിന്റെ കാരണമറിഞ്ഞു.

കുടുംബത്തിന്റെ അരക്ഷിതാവസ്ഥയും ക്രൂരനായ അച്ഛന്റെ ഉപദ്രവങ്ങളും അമുദയെ റസിയയോട് കൂടുതൽ അടുപ്പിക്കുകയാണ് ചെയ്യുന്നത്. അവൾ റസിയയോടൊപ്പം ജീവിക്കാനായി വീടു വിട്ടിറങ്ങുന്നു. ഇതറിഞ്ഞ ചിന്നപ്പ ചെട്ടിയാർ അവളെ ബലമായി തിരിച്ചുകൊണ്ടുവരുന്നു. അന്ന് അമുദയുടെ മനോഹരമായ മുടി അച്ഛൻ മൊട്ടയടിപ്പിക്കുന്നത് അവളെ സ്വപ്നം കണ്ട് നടന്നിരുന്ന സിലമ്പരസനെ കൊണ്ടാണ്. സിലമ്പരസന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

അന്നുരാത്രി വീടുവിട്ട് ഒളിച്ചുപോകുന്ന അമുദ ആ മൊട്ടത്തലയുമായി റസിയയുടെ ഹോസ്റ്റലിന്റെ മതിലുചാടി. 'അമ്മുട്ടി' എന്ന വിളിയോടെ അവളെ തന്റെ നെഞ്ചിലേക്കു ചേർന്നു. അമ്മയെ നഷ്ടപ്പെട്ട കുഞ്ഞ് അമ്മയെ വീണ്ടും കണ്ടുമുട്ടുമ്പോൾ ആഹ്ലാദിക്കുന്നതുപോലെ അമുദ ആശ്വസിച്ചു. അമുദയുടെ അടിവസ്ത്ര

ങ്ങളടക്കം ഊരിവാങ്ങി അവളുടെ തണുത്തുറഞ്ഞ ശരീരത്തെ ചൂടുപിടിപ്പിക്കുന്ന റസിയ, അമുദയുടെ സങ്കടത്തെ ഇല്ലാതാക്കുന്നു.

'ആകാശത്ത് ചെറുമിന്നലുകൾ ഉറുമിത്തലപോലെ വീശിവീണു. അടുത്ത മിന്നലിൽ അവരിരുവരും പരസ്പരം തങ്ങളുടെ ഉടലുകളുടെ നഗ്നത കണ്ടു. ഉറയൂരിക്കളഞ്ഞ സർപ്പങ്ങളെപ്പോലെയായിരുന്നു അവരിരുവരും. പരസ്പരം അഴിഞ്ഞും പിരിഞ്ഞും അമുദ മലർന്നുകിടന്നപ്പോൾ അവളുടെ ഇരുനിറമുള്ള നെഞ്ച് മൃദുവായി ഇളകി'.

''ദോശച്ചട്ടീലെ ബുൾസൈപോലുണ്ട്'' റസിയ അശ്ലീലം കുഴഞ്ഞ വായോടെ അമുദയുടെ മുലകളെ തുറിച്ചുനോക്കി.''[28]

പിറ്റേന്നുണരുമ്പോൾ റസിയയുടെ റൂമിനുമുന്നിൽ ചിന്നപ്പചെട്ടിയാരെന്ന അമുദയുടെ അച്ഛനെ കണ്ടു. അയാൾ അമുദയെ കൂട്ടിക്കൊണ്ടുപോയി. അമുദയെ തടഞ്ഞുവെച്ചിരിക്കുന്നതിനെതിരെ ഹേബിയസ് കോർപ്പസ് ഫയൽ ചെയ്യാനെത്തിയ റസിയക്ക് ഒരു പോലീസുകാരിയുടെ അസഭ്യവർഷത്തോടെയുള്ള ഇടിയേറ്റ് തന്റെ ഗർഭപാത്രം നഷ്ടപ്പെടുന്നു.

ഹോസ്പിറ്റലിലാകുമ്പോഴും അവിടുന്ന് പുറത്തിറങ്ങുമ്പോഴും റസിയ അമുദയെ ഓർക്കുന്നില്ല. അമുദയുടെ വിവാഹക്ഷണക്കത്ത് കിട്ടുമ്പോഴും അതേ നിസ്സംഗതയായിരുന്നു റസിയ്ക്ക്. പക്ഷേ, അഞ്ചുവർഷങ്ങൾക്കുശേഷം ഭർത്താവിന്റെ കൊടിയ പീഡനങ്ങൾ സഹിച്ചുമടുത്ത അമുദ, റസിയ്ക്ക് തന്നെ കൂട്ടിക്കൊണ്ടുപോകാൻ ആവശ്യപ്പെട്ട് കത്തെഴുതുന്നു. റസിയ തനിക്കപരിചിതമല്ലാത്ത തൂത്തുക്കുടിയിലെ ചാലിയത്തെരുവിൽനിന്ന് അമുദയെ വീണ്ടെടുക്കുകയും മൃദുത്വം വിട്ട് ചുക്കിച്ചുളിഞ്ഞ അവളുടെ പഴയ സ്വർണമാങ്ങാത്തൊലിയിൽ കണ്ണീരോടെ ചുംബിക്കുകയും ചെയ്യുന്നു.

ആ ഒരുമിക്കൽ പുതിയൊരു ജീവിതത്തിന്റെ തുടർച്ചയ്ക്ക് കാരണമാവുന്നു. 'എനിക്ക് റസിയയുടെ കുഞ്ഞിനെ പ്രസവിക്കണം' എന്ന അമുദയുടെ ആഗ്രഹത്തെ ഗർഭപാത്രം നഷ്ടപ്പെട്ടിട്ടും 'എനിക്കെന്താ പ്രോജനി പാടില്ലേ' എന്ന ചോദ്യത്തോടെ അണ്ഡദാനം നടത്തി അമുദയുടെ കുഞ്ഞെന്ന സ്വപ്നത്തെ സാക്ഷാത്കരിക്കുന്നു റസിയ.

അമുദ ഗർഭിണിയാണെന്നറിഞ്ഞ രാത്രിയിൽ ഭാര്യയായ 'ഒരു കന്യക ജലത്തിലൂടെ നടക്കുന്നതായി റസിയ സ്വപ്നം കണ്ടു.'

കുടുംബബന്ധസങ്കല്പത്തിനകത്തു നിൽക്കാൻ ആഗ്രഹിക്കുന്ന വിമത ലൈംഗികതാല്പര്യമാണ് അമുദക്കും റസിയ്ക്കും ഉള്ളത്.

വിമതപ്രണയിനികൾക്കിടയിൽ കാണാറുള്ള ഗാഢപ്രണയത്തിന്റെ യഥാർത്ഥ്യം വെളിപ്പെടുത്തുന്ന കഥകൂടിയാണിത്. തനിക്ക് ഇഷ്ടപ്പെട്ട ഇണ അവൾ/അവൻ എത്ര വൃത്തിഹീനമായ പരിസരത്തിലായാലും അവരെ എത്ര ദൂരത്തായാലും ഏത് അപകടസന്ധിയിലായാലും ജീവൻ പണയംവെച്ചും തിരിച്ചെടുക്കും. ഈ ആത്മാർത്ഥതയാണ് ഇവരുടെ ബന്ധത്തിന്റെ അടിത്തറ. അവിടെ ശരീരത്തിന്റെ സൗന്ദര്യത്തിൽ വലിയ പ്രാധാന്യമില്ല. 'ഇളകുന്ന മുലകളെ ബുൾസൈയോട്' താരതമ്യപ്പെടുത്തുന്നുണ്ടെങ്കിലും അതിന്റെ മാദകത്വം വർണ്ണിക്കപ്പെടുന്നില്ല. മാംസനിബദ്ധമെങ്കിലും ഹൃദയം ഹൃദയത്തോട് ചേരുന്നതിന്റെ ആഹ്ലാദം പങ്കുവെക്കുന്നുണ്ട് കഥ. സ്വവർഗ്ഗഇണയെ വിട്ടുകിട്ടാൻ ആഗ്രഹിച്ചു എന്നതുകൊണ്ടുമാത്രമാണ് ഒരു പോലീസുകാരി ക്രൂരമായി റസിയയെ മർദ്ദിക്കുന്നത്. തല്ലിയൊതുക്കാവുന്ന രോഗമാണ് വിമതലൈംഗികബന്ധമെന്ന സാമൂഹികധാരണയാണ് ഈ കഥയിലും പ്രവർത്തിക്കുന്നത്.

'ആ കന്യകമാർ ജലത്തിലൂടെ നടക്കുന്നു' എന്നാണ് കഥാകാരി കഥ അവസാനിപ്പിക്കുന്നത്. ഗർഭിണിയായിരുന്നിട്ടും കന്യകയാണ് എന്നു പറയുന്നത് പുരുഷാധികാരത്തിനെതിരെയുള്ള വെല്ലുവിളിയാണ്. ഒരു സ്ത്രീ മറ്റൊരു സ്ത്രീയെ പ്രണയിക്കുമ്പോൾ പൂപോലെ സംരക്ഷിക്കുന്ന ഒന്നായി കന്യകാത്വം മാറുന്നു. പുരുഷൻ എല്ലാം തകർക്കുകയാണ് ചെയ്യുന്നത്; സ്ത്രീയും സ്ത്രീയും പ്രണയിക്കുമ്പോൾ അവിടെ തകരലുകളില്ല, കൂടിച്ചേരലുകളേയുള്ളു എന്ന് തന്റെ അണ്ഡമാറ്റത്തിലൂടെ റസിയ തെളിയിക്കുന്നു.

### 4.2.5 ചില സ്വപ്നങ്ങളിൽ സീതാലക്ഷ്മിയുടെ കറുത്ത മുടിയിഴ

ഈ കഥയിൽ ഭർത്താവിന്റെ വിമതലൈംഗികബന്ധം അറിഞ്ഞതിനാൽ ആത്മഹത്യ ചെയ്യുന്നു സീത. തന്റെ രതിബന്ധം ഭാര്യ കണ്ടതിന്റെ പരിണിതഫലമായിരുന്നു അവളുടെ മരണം എന്ന് രവിശങ്കറിനറിയാം.

“മിണ്ടരുത് നരേഷ്, ഒരിക്കൽ നിന്നോട് തോന്നിയ അരുതാത്തസ്നേഹം കാരണമാ എന്റെ സീത പോയത്. നീയൊറ്റയൊരുത്തനാ അവളെയെനിക്ക് നഷ്ട പ്പെടുത്തിയത്.... ഹൊ.”[29]

പിടഞ്ഞുണർന്നെണീക്കുന്ന രണ്ടു പുരുഷശരീരങ്ങളിലേക്ക് തുറിച്ച വൈര ക്കണ്ണുകളോടെ നോക്കിനിൽക്കുന്ന ഒരു സ്ത്രീ.

“മതി മതി നിർത്ത്” അയാൾ കാതുപൊത്തി. വൈരക്കണ്ണുകൾ ചിമ്മാൻ മടിച്ച് ഒരു പെണ്ണ് അയാളുടെ ഓർമ്മയിൽ മരിച്ചുകിടന്നു.[30]

### 4.2.6 മൃതിനിർവ്വേദം

ഈ കഥയിൽ തേവിടിച്ചിതങ്കയുടെ തന്തയാരെന്നറിയാത്ത മകനാണ് കേശ വേന്ദ്ര. അമ്മയെ പ്രാപിക്കാൻ വന്നവൻ തന്റെ ശരീരം ആവശ്യപ്പെട്ടപ്പോൾ അയാ ളുടെ തല ബദാംപരിപ്പുപോലെ പൊട്ടിച്ച്, അമ്മയെ കൊന്ന്, അമ്മയുടെ മുല ക്കച്ചതപ്പി അന്നത്തെ വേശ്യാവൃത്തിയുടെ പണവുമെടുത്ത് ബോംബെയ്ക്ക് നാടു വിട്ടു. ഒടുവിൽ അറബ് രാജ്യത്ത് ശവബിസിനസ്സിൽ ഏർപ്പെട്ടു. രണ്ടു പോലീസു കാരുടെ തല ബദാംപരിപ്പുപോലെ പൊട്ടിച്ചു സ്കൂൾ പെൺകുട്ടികളെ മോർഫിൻ കൊടുത്തുമയക്കി യോനീപൂജയ്ക്കായി മാർവാടികൾക്ക് വിൽക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്നു കേശവേന്ദ്ര.

കേശവേന്ദ്രയുടെ ജീവിതത്തിലേക്ക് അശരണനായി കയറിവന്ന മലപ്പുറ ത്തുകാരനാണ് മൂസാ അഹമ്മദ്. ‘മൂസയുടെ ചുണ്ടുകളിലെ ബദാം പരിപ്പിൽ കേശ വേന്ദ്ര സ്വയം മറന്ന് രാത്രികളിൽ കാട്ടുവവ്വാലിനെപ്പോലെ ഊമ്പി ബദാംനീരുകു ടിച്ചു.’[31]

തന്നെ ഇങ്ങനെയാക്കിയത് യൂണിവേഴ്സിറ്റിയിലെ ജിയോളജി മാസ്റ്ററുടെ ഡ്രൈവറാണെന്നും അയാളാണ് തന്റെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന പെണ്ണിനെ ഉണർത്തിയെടുത്തതെന്നും മൂസ കേശവേന്ദ്രയോട് പറഞ്ഞെങ്കിലും ഇപ്പോൾ താൻ ജോലിചെയ്യുന്നിടത്തെ അറബിക്ക് തന്നോടുള്ള താത്പര്യത്തെ മൂസ പങ്കുവെക്കു ന്നില്ല.

'മൂസ അക്തർ ശരിക്കും മുതിരാത്ത ഒരു സ്ത്രീയെപ്പോലെയായിരുന്നു. നാക്കു തളരുംവരെ സംസാരിച്ചുകൊണ്ടുള്ള പ്രേമം, ചുണ്ടിനുമീതെ വിയർപ്പ്, കേശവേന്ദ്ര നാട്ടിൽപോയി വന്നപ്പോൾ കൊടുത്ത ഖോജാത്തി സുറുമകൊണ്ട് ഓരം തിളക്കിയ നീണ്ട പെൺകണ്ണ്, അവയിൽ കറുനിറപ്പീലികൾ, വിളർത്ത ഉടൽനിറം. സ്റ്റിയറിങ്ങ് പിടിച്ചിട്ടും തഴമ്പ് വീഴാത്ത ചെറിയ കൈകൾ. ഇടയ്ക്ക് കണ്ണാടിയിൽ തുറിച്ചുനോക്കി ടർക്കികൊണ്ട് തട്ടമിട്ട് നാണിച്ചു ചിരിക്കും'.

" ഇന്നെ കാണാഭംഗീണ്ടോ? പൂയ്യൂട്ടി മാതിരി"[32]

തനിക്ക് നന്നായിട്ടു ഭക്ഷണമുണ്ടാക്കാനറിയാം എന്നവൻ കേശവേന്ദ്രയോടു പറയുന്നു. അയാൾക്കുവേണ്ടി അയാളുടെ അടുക്കളയിൽ മലപ്പുറത്തിന്റെ മുസ്ലീം പലഹാരങ്ങളുടെ സ്ത്രീ രുചിയുണ്ടാക്കുന്നു. കേശവേന്ദ്രയോടൊത്ത് തങ്ങുന്ന രാത്രികളിൽ ഒരു ഭാര്യയെപ്പോലെ അയാളുടെ വസ്ത്രങ്ങൾ അലക്കുകയും ഇസ്തിരിയിടുകയും മുറി വൃത്തിയാക്കുകയും ചെയ്യുന്നതിലെ പെണ്ണൊരുക്കം. ആരും അത്ഭുതപ്പെടുന്ന ഒരുതരം രൂപാന്തരം.

തന്നോട് കേശവേന്ദ്രയ്ക്ക് സ്നേഹമുണ്ടോ എന്നവൻ ഇടയ്ക്കിടയ്ക്ക് ചോദിക്കും.

'ഉരുണ്ടു മുഴുത്ത ബദാംതലയിൽ ചുംബിച്ചുകൊണ്ട് നെറ്റികൊണ്ട് മൂസ യുടെ നെറ്റിയിൽ ഇടിച്ചു. കുളിർപ്രേമത്തോടെ ഉണ്ടെന്ന് മൂളി. ബദാംപരിപ്പിന്റെ വാസനയിൽ മുറി കയ്ച്ചു'. മൂസയ്ക്ക് തന്നെ വളരെ സ്നേഹമാണെന്ന് കേശവ യ്ക്കറിയാം. ഒരു സ്ത്രീക്ക് പുരുഷനോടുള്ളതിലുമധികം പരിശുദ്ധപ്രേമം.

എത്ര കഷ്ടപ്പാടാണെങ്കിലും കേശവേന്ദ്ര നൽകുന്ന ഔദാര്യങ്ങൾ മൂസ ക്കുട്ടി സ്വീകരിക്കുന്നില്ല. വല്ലപ്പോഴും പണം ആവശ്യമുള്ളപ്പോൾ അവൻ കടം ചോദിക്കും. ഒടുവിൽ ജീവിതം സാമ്പത്തികപരാധീനതകളാൽ ദുസ്സഹമായപ്പോൾ ഏറെ കഷ്ടപ്പെട്ട് തന്റെ ശവവിൽപനയ്ക്ക് കരാറെഴുതി, ഒരു ട്രെക്കിനുമുന്നിൽ ചാടി മരിക്കുകയാണ് മൂസ.

'പോകണ്ട, പ്രശ്നം തീരുന്നതുവരെ എന്റെ മുറിയിൽ കൂടിക്കോ' എന്ന ഒരൊറ്റ വാക്കുമതിയായിരുന്നു മൂസയ്ക്ക് ജീവിതം മുന്നോട്ടു നീക്കാൻ, പക്ഷേ

കേശവേന്ദ്ര അതിനു തയ്യാറാവുന്നില്ല. ഒടുവിൽ അവന്റെ ശവം കാണുമ്പോൾപോലും കേശവേന്ദ്രയ്ക്ക് ഓർത്തോർത്ത് അരിശം വന്നു. ഒരിക്കൽ എന്തിനെ ഭയന്നാണോ വിടുവിട്ടുപോന്നത്, അതേ തെറ്റ് തന്റെ ജീവിതത്തിൽ ആവർത്തിക്കുകയാണ് കേശവേന്ദ്ര.

### 4.2.7 ഹിജഡയുടെ കുട്ടി

ഈ കഥയിൽ നീൽഗംഗ എന്ന ഹിജഡ തനിക്കിഷ്ടം തോന്നിയ സാബിത്രിയുടെ മരണത്തോടെ അവളുടെ കുഞ്ഞായ ദേവയാനിയുടെ രക്ഷാകർതൃത്വം ഏറ്റെടുക്കേണ്ടിവരുന്നു. അടങ്ങാത്ത വിശപ്പായിരുന്നു ദേവയാനിക്ക്. നീൽഗംഗാ അവൾക്ക് അച്ഛനോ അമ്മയോ എന്ന് തിരിച്ചറിയാനാവാത്ത സമസ്യയായിരുന്നു. ദേവയാനിയെ സംരക്ഷിച്ചതിന്റെ പേരിൽ പോലീസിന്റെ ബൂട്ടുകൊണ്ടുള്ള ചവിട്ടേറ്റ് നീൽഗംഗ മരിച്ചു. അതിവിചിത്രമായ പൂജകൾക്കുശേഷം ബാർബർ മുണ്ട നീൽഗംഗയുടെ നീണ്ട മുടിയിഴ മുറിച്ചു. പട്ടാളക്കാരുടേതുപോലെ അരികിൽവെച്ച് ചേർത്ത് വെട്ടിമിനുക്കി കൈകളിലെ കുപ്പിവളകൾ പാറക്കഷണം വെച്ച് തല്ലിയുടയ്ക്കുകയും കമ്മലും മൂക്കുത്തിയും അഴിച്ചെടുക്കുകയും ചെയ്തു. നീണ്ട ചേല അഴിച്ചുമാറ്റി പുരുഷവസ്ത്രമായ ഷർട്ടും പാന്റും ധരിപ്പിച്ചു. ഹിജഡയുടെ ഒരു സംഘം അവ്യക്തമായ ഭാഷയിൽ മന്ത്രിച്ചുകൊണ്ട് നീൽഗംഗയുടെ മുറിഞ്ഞ മുടിയിഴകളും വളത്തുമ്പുകളും ചോരപുരണ്ട ചേലയും ആഭരണങ്ങളും പേറി അവർ ഹിജഡയുടെ ശ്മശാനത്തിലേക്ക് പോയി. പിന്നീടങ്ങോട്ട് നീൽഗംഗ 'ഗംഗാധർ' ആയി മാറുന്നു.

''അതേ കെ.കെ.ഗംഗാധരമേനോൻ S/o. പി.വി. ഭാസ്കരമേനോൻ''

'അവൾക്ക് കരച്ചിൽ വന്നു. ചില്ലുപെട്ടിക്കുള്ളിലെ തണുത്ത പുകയ്ക്കുള്ളിൽ അവളുടെ അമ്മ മരിച്ചുകിടന്നു. അമ്മയല്ല ഇത്. ഏതോ ഒരാൾ. ഒരു പുരുഷൻ. ആരു ചോദിച്ചാലും ഇത് അച്ഛനാണെന്നേ പറയാവൂ എന്ന നിർദ്ദേശവും അവൾക്ക് ലഭിച്ചു'. [33]

നീൽഗംഗാധറിന്റെ അമ്മ മകന്റെ ആണത്തത്തിന്റെ വെളിപ്പെടുത്തലായിട്ടാണ് ദേവയാനിയെ കാണുന്നത്.

''ആരാ എന്റെ മോൻ ആണല്ലാന്നു പറഞ്ഞത്? കണ്ടോ അവന്റെ മോളെ''.[34]

പക്ഷേ, നീൽഗംഗാധറിന്റെ വീട് തന്റെ വിശപ്പിനുള്ള പരിഹാരം മാത്രമേ ആകുന്നുള്ളു ദേവയാനിക്ക്. നീൽഗംഗാധറിന്റെ സഹോദരൻ ദേവയാനിയെ എപ്പോഴും അകറ്റിനിർത്തി.

''മുമ്പിൽ വരരുത്. അയാളെ ഓർമ്മ വരും. രണ്ടും കെട്ട നിന്റെ തന്തയെ.''[35]

മരിച്ചതാര്; അമ്മയോ അച്ഛനോ, അതാരാണ്? പുരുഷനോ സ്ത്രീയോ? അച്ഛൻ/അമ്മ എന്ന വലിയ പദപ്രശ്നമൊഴിച്ച് ബാക്കിയായ എന്തിനും ദേവയാനിക്ക് ഉത്തരം കിട്ടിക്കൊണ്ടിരുന്നു. ഒടുവിൽ തന്നെ അകറ്റിനിർത്തിയ നീൽഗംഗാധറിന്റെ രോഗിയായ സഹോദരൻ, ഭാര്യ പ്രസവിക്കാൻ പോയ ദിവസം ദേവയാനിയുടെ കാമത്തിന്റെ വിശപ്പുതീർത്ത് അവളുടെ കാൽച്ചുവട്ടിൽ മരിച്ചുകിടന്നു. കഴുകിയാലും തീരാത്ത വൃത്തിബോധത്തോടെ കുളിമുറിയിൽ കുളിച്ചുനിൽക്കുമ്പോൾ പുറത്തുനിന്നു മുട്ടുകേൾക്കുന്നു.

''ആരാ.... ആരാ കുളിമുറീല്? ''

''ഹിജഡയുടെ കുട്ടി.'' എന്നവൾ മറുപടി പറയുന്നു. ശവത്തിനെപ്പോലും ആൺ-പെൺ ലിംഗസ്വത്വംകൊണ്ട് അടയാളപ്പെടുത്തി, സാമൂഹിക അംഗീകാരം മരണംകൊണ്ട് നേടിയെടുക്കുന്ന നീൽഗംഗ എന്ന ഹിജഡ, ദേവയാനി എന്ന കുട്ടിയെ മാത്രം ആശയക്കുഴപ്പത്തിലാക്കുന്നു. എന്നാൽ കൃത്യമായ ആൺലിംഗത്താൽ അടയാളപ്പെടുത്തപ്പെട്ട നീൽഗംഗയുടെ സഹോദരൻ ദേവയാനിയോട് കാണിച്ച ആസക്തി, ഹിജഡാത്വമാണ് അംഗീകരിക്കപ്പെടേണ്ടത് എന്ന ചിന്തയിലേക്ക് അവളെ നയിക്കുകയാണ്.

വിമതരതിയുടെ വർഗ്ഗഭേദങ്ങൾ തന്റെ കഥയിലുപയോഗിക്കാൻ ഇന്ദുമേനോന് ആവുന്നുണ്ട്. 'ലെസ്ബിയൻപശുവിലും' 'ജലത്തിലൂടെ നടക്കുന്ന കന്യകമാർ' എന്ന കഥയിലും ലെസ്ബിയൻ രതിയെ ആവിഷ്കരിച്ചിരിക്കുന്നു. 'മഴയുടെ ചെറിയ കാലടയാളങ്ങൾ', 'ഹിജഡയുടെ കുട്ടി' എന്നീ കഥകളിൽ ഹിജഡകളുടെ സാമൂഹികാവസ്ഥയുടെ ആവിഷ്കരണമാണുള്ളത്. 'കടൽനായ' യിൽ കഥാനായകൻ ജോഗപ്പയാണ്. 'ചില സ്വപ്നങ്ങളിൽ സീതാലക്ഷ്മിയുടെ കറുത്ത മുടിയിഴ'

എന്ന കഥയിലും 'കപ്പലിനെക്കുറിച്ചൊരു വിചിത്ര പുസ്തകം' എന്ന നോവലിലും ദ്വിലൈംഗികത അടയാളപ്പെടുത്തിയിരിക്കുന്നു.

പുരുഷ അധികാരാധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ അതിർത്തികൾ ലംഘിക്കാനുള്ള ഒരായുധമായി ഇന്ദുമേനോൻ തന്റെ എഴുത്തിനെ സ്വീകരിച്ചിരിക്കുന്നു. എഴുത്തിൽ പ്രത്യേയശാസ്ത്രങ്ങൾ ഉണ്ടായിരിക്കണം. അത്തരം വിമോചനപ്രസ്ഥാനത്തിന്റെ പ്രത്യയശാസ്ത്രത്തിൽ വിമതലൈംഗികതയ്ക്കും തന്റെ കൃതികളിലൂടെ സ്ഥാനം നൽകി ഇന്ദുമേനോൻ. ഇന്ദുവിന്റെ കഥകളിൽ ലൈംഗികതയോടുള്ള പരമ്പരാഗത മലയാളി പുരുഷസമീപനത്തിന്റെ പൊളിച്ചെഴുത്ത് സാധ്യമായിട്ടുണ്ട്. അതിന് ലിംഗഭേദം കൽപിക്കുന്നില്ല. ഓരോ വിമതലൈംഗികനും അനുഭവിക്കുന്ന സാമൂഹികമോ മാനസികമോ ആയ വേദനകൾക്കപ്പുറം അവന്റെ/അവളുടെ/മൂന്നാംലിംഗത്തിന്റെ ജീവിതശൈലിയെ രതിയിൽ വേരൂന്നിയ ചിന്തകൾകൊണ്ട് അടയാളപ്പെടുത്താൻ മാത്രമേ ഇന്ദുമേനോന് ആയിട്ടുള്ളൂ. അവർക്കൊപ്പംനിന്ന് സമൂഹത്തോട് സംവദിക്കുന്നില്ല.

## 4.3 സാറാ ജോസഫ്

### 4.3.1 ആളോഹരി ആനന്ദം

'മണ്ണിൽ' എന്ന കൂട്ടുകുടുംബത്തിന്റെ കഥപറയുന്ന സാറാ ജോസഫിന്റെ 'ആളോഹരി ആനന്ദം' സമൂഹത്തിന്റെ നീതി വ്യവസ്ഥകൾക്കടിപ്പെട്ട് ജീവിതത്തിന്റെ വ്യഥകളിൽ തളച്ചിടേണ്ടിവന്ന ഒരു വിമതരതിക്കാരി ഒരു കുടുംബത്തിന് വരുത്തിവെയ്ക്കുന്ന, അവളെ വിശ്വസിച്ച് വിവാഹകൂദാശ സ്വീകരിച്ച ഒരു പുരുഷന് സമ്മാനിക്കുന്ന വേദനയുടെ കഥയാണ്. ഫെമിനിസ്റ്റ് വീക്ഷണവുമായി ഈ കഥയ്ക്ക് ബന്ധമില്ല. ഒരു പുരുഷന്റെ സമ്പൂർണപിന്തുണയോടെ തന്റെ സത്രീയിണക്കൊപ്പം ജീവിക്കാനിറങ്ങിയ തെരേസ എന്ന കോളേജ് അധ്യാപികയ്ക്ക് ജീവിതത്തിലൊരിക്കലും തന്റെ ഭർത്താവിനെ അംഗീകരിക്കാൻ സാധിച്ചില്ല. ഒരു പുരുഷന്റെ ഇണചേരാനുള്ള മോഹത്തെയോ പിതാവാകാനുള്ള ആഗ്രഹത്തെയോ മുളയിലേ തേരസ നുള്ളിക്കളഞ്ഞിട്ടുണ്ട്. പക്ഷേ, സമൂഹത്തിനുമുന്നിൽ അവർ ഉത്തമ കുടുംബിനിയും നല്ലവളായ ഉദ്യോഗസ്ഥയുമായിരുന്നു. ഒരു വിമതഭോഗിയുടെ

ഭാര്യ അനുഭവിക്കുന്ന അതേ വ്യഥകൾ തന്നെയാണ് ഒരു വിമതഭോഗിയായ സ്ത്രീയുടെ ഭർത്താവും അനുഭവിക്കുന്നത്.

'പോൾ ചുളിവുകളില്ലാത്ത കിടക്ക വിരിക്കാൻ ആഗ്രഹിക്കുന്നു. മക്കളുറ ങ്ങിയശേഷം അവളോടൊത്ത് ശയിക്കാൻ ആഗ്രഹിക്കുന്നു (അതെങ്ങനെ ആയിരി ക്കുമെന്ന അത്ഭുതം അയാളെ വിട്ടൊഴിയുന്നില്ല'.[36]

തെരേസയുടെ വഴി അതല്ലെന്ന് അയാൾക്ക് അറിയാം. തീവ്രമായ ജീവിതാ ശയാൽ അവൾ തകരുന്നുണ്ടെന്നും.

അവൾ അതടക്കുന്നു.

എന്തിന്?

വിവാഹമെന്ന കൂദാശക്കുവേണ്ടി.

തെരേസ തന്റെ (സമൂഹത്തിന്റെ) തടവുകാരിയാണെന്നും താൻ അതിന്റെ പാറാവുകാരനാണെന്നും പോൾ തിരിച്ചറിയുന്നുണ്ട്.

ഗവേഷണ വിദ്യാർഥിയായ രേഷ്മ വീട്ടിലുള്ള ദിവസങ്ങളിൽ തെരേസയുടെ മുഖത്തെ സന്തോഷവും ഉത്സാഹവും പോൾ അത്ഭുതത്തോടെ നോക്കിനിന്നിട്ടുണ്ട്. തന്റെ സാന്നിധ്യത്തെക്കാൾ എന്തു സന്തോഷമാണ് രേഷ്മ അവൾക്ക് പങ്കുവെക്കുന്നത് എന്ന് പോളിനറിയില്ല.

പലപ്പോഴും പോളിനോട് തെരേസ തുറന്നുചോദിക്കുന്ന കാര്യമുണ്ട്. 'എന്തിന് പെണ്ണുങ്ങളുടെ ജീവിതത്തിൽ ഇടപെടുന്നു'? ആധുനികലോകത്തെ സ്ത്രീ സ്വത്വരാഷ്ട്രീയം ഇതേ ചോദ്യങ്ങൾ സമൂഹത്തിൽ നിലനിർത്തുന്നു. പുരു ഷമേൽക്കോയ്മയെ അവൾ അംഗീകരിക്കുന്നില്ല. പക്ഷേ, ഇത്തരം ചോദ്യങ്ങൾ ഒരിക്കലും സമൂഹത്തോട് ചോദിക്കാൻ തെരേസയ്ക്ക് ആവുന്നില്ല. സ്വന്തം ആങ്ങ ളമാർക്കു മുമ്പിലും നാട്ടുകാർക്കും ബന്ധുക്കൾക്കുമുമ്പിലും തെരേസ എല്ലാ യ്പ്പോഴും വടക്കുംഭാഗം പോളിന്റെ അന്തസ്സുള്ള ഭാര്യയായി മാത്രം പെരുമാറി.

വിവാഹത്തിന്റെ ഇരുനൂറ്റി എഴുപത്തേഴാം ദിവസം തെരേസയുടെ ചുണ്ടുക ളിൽ ആദ്യചുംബനമർപ്പിച്ച പോളിനെ നോക്കി തെരേസ ചീറി.

'യൂ റേപ്പിസ്റ്റ്' പല്ല് കടിച്ചാണവൾ അതു പറഞ്ഞത്. കണ്ണിൽ തീയോടെ വാക്കിൽ വിഷത്തോടെ.[37] പോളിന്റെ ഈ പ്രവൃത്തി തെരേസ ഒളിച്ചോടുന്നതിന് കാരണമാവുന്നു. പിന്നെയവളെ കണ്ടെത്തുന്നത് നഗരത്തിലെ ഒഴിഞ്ഞ കോണിൽ ഒരു പഴയ ഫ്ളാറ്റിൽ ഒറ്റയ്ക്കു താമസിക്കുന്ന മധ്യവയസ്കയായ റീത്തയ്ക്കൊപ്പ മാണ്. റീത്തയിൽനിന്ന് ബലമായി പിടിച്ചുകൊണ്ടുവരേണ്ടിവന്നു തെരേസയെ. പിന്നീട് റീത്ത ആത്മഹത്യ ചെയ്യുന്നു.

തെരേസയ്ക്ക് ആഗ്രഹമുണ്ടെങ്കിൽ തന്നെ വിട്ടുപോകാമെന്ന് പോൾ പറയു ന്നുണ്ട്. പക്ഷേ, 'ഒരു മറപോലെ ചുമർപോലെ അവൾക്ക് പോളിനെ ആവശ്യമായി രുന്നു. കാരണം ഒരു പറന്നുപോകൽ അവൾക്ക് പേടിയായിരുന്നു. വലയെ കെണിയെ എന്തിന് തുറന്ന ആകാശത്തെപ്പോലും അവൾ പേടിച്ചു'.[38] സമൂഹത്തിൽ സ്വത്വം വെളിപ്പെടുത്താൻ മടിക്കുന്ന എല്ലാ വിമതലൈംഗികരും ഇതേഭയം വെച്ചുപുലർത്തുന്നതിനാൽ സമൂഹത്തിന്റെ കണ്ണിൽ വെളിപ്പെടാത്ത വരായി സ്വയം വിങ്ങി ജീവിക്കുന്നു.

പോളിന്റെ സംരക്ഷണത്തിലുള്ള കൂരയ്ക്ക് കീഴിൽ മാത്രമേ തെരേസയ്ക്ക് രേഷ്മയോടൊപ്പം മനസ്സമാധാനത്തോടെ ഉറങ്ങാനായിട്ടുള്ളൂ. രേഷ്മയുടെ വിവാഹം ഉറപ്പിച്ചതറിഞ്ഞ് തെരേസ തളർന്നുപോകുന്ന നിമിഷത്തിൽ തന്റെ ഭാര്യ യുടെ സന്തോഷത്തിനായി രേഷ്മയുടെ പ്രതിശ്രുതവരനായ മഹേഷിനോട് കാര്യ ങ്ങൾ പറഞ്ഞ് രേഷ്മയെ വിവാഹമെന്ന കെണിയിൽനിന്ന് രക്ഷിച്ചുകൊണ്ടുവരു ന്നതും പോൾതന്നെ.

മഹേഷിനോട് തെരേസയുടെയും രേഷ്മയുടെയും ബന്ധത്തെപ്പറ്റി പോൾ സംസാരിക്കുന്നത് ചുരുങ്ങിയ വാക്കുകളിലൂടെയാണ്.

''അവർ തമ്മിൽ വലിയ അടുപ്പമാണ്. വലിയ എന്നുപറഞ്ഞാൽ ആവശ്യ ത്തിൽ കവിഞ്ഞ അസാധാരണമായ ഒരു വല്ലാത്ത അതായത് ഒരു തരം''

''സർ!''

''നിങ്ങൾക്കത് തിരിച്ചറിയാൻ പറ്റിയില്ലെങ്കിൽ ജീവിതം നരകമായി ത്തീരും''.[39]

പിന്നീട് പോൾ നടത്തുന്ന പ്രഭാഷണങ്ങളത്രയും കേരളീയസമൂഹത്തിന്റെ സാംസ്കാരിക സദാചാരബോധചിന്തകളുടെ പരിധിക്കുപുറത്തുള്ള കാര്യങ്ങളാണ്. പക്ഷേ, തന്റെ ജീവിതംപോലെ മറ്റൊരു പുരുഷന്റെ ജീവിതം തകർന്നുപോകരുതെന്ന് പോളിന് നിർബന്ധമുണ്ട്.

''പരസ്പരം പ്രണയിക്കുന്ന സ്ത്രീകൾ, അവർ അങ്ങനെയാണെങ്കിൽ അങ്ങനെത്തന്നെ ആയിരിക്കട്ടെ; അതാണവരെ ആനന്ദിപ്പിക്കുന്നതെങ്കിൽ, അതാണവർക്ക് സുന്ദരമാക്കാൻ കഴിയുന്നതെങ്കിൽ, അതവർ ചെയ്യട്ടെ. ഓരോരുത്തരും അവരവരുടെ നിലയിൽ ലോകത്തെ സുന്ദരമാക്കാൻ അനുവദിക്കുക. രണ്ട് സ്ത്രീകളുടെ പ്രണയം കൂടുതൽ സത്യസന്ധമാണെങ്കിൽ, കൂടുതൽ സത്യസന്ധമാണെന്നവർ പറഞ്ഞാൽ, അതു ശരിയല്ലെന്ന് വാദിക്കാൻ നമുക്കെന്തവകാശം? അവരുടെ ആനന്ദത്തിന്റെ അളവ് നമ്മളെങ്ങനെ കണക്കാക്കും; അവരെ അവരുടെ പാട്ടിനു വിടുക.''[40]

ഈ വീക്ഷണം കഥാകാരിയുടെത് മാത്രമല്ല അനുഭവസമ്പത്തുള്ള ഏതൊരു വിമതരതിക്കാരനും ലോകത്തോട് ആവശ്യപ്പെടാനുള്ളതാണ്. ഓരോരുത്തരിലും ആനന്ദത്തിന്റെ ഉപാധികളും മാർഗ്ഗങ്ങളും വ്യത്യസ്തമാണ്. അതിന് തടയിടുമ്പോൾ അവിടെ അസ്വാരസ്യങ്ങളുണ്ടാകുന്നു. ഹൃദയം പിടഞ്ഞുവരുന്ന നിലവിളികളുണ്ടാകുന്നു. അത് ചിലപ്പോൾ നശിപ്പിക്കുന്നത് ഒരു കുടുംബത്തിന്റെ സമാധാനമാകാം; സന്തോഷിച്ചു ജീവിക്കാൻ ആഗ്രഹമുള്ള മറ്റൊരു വ്യക്തിയുടെ ജീവിതവുമാകാം.

തെരേസയോട് അസാധാരണമായ ഈ ജീവിതത്തിന്റെ വാതിൽ തുറക്കാനും രക്ഷപ്പെടാനും ലോകത്തോട് തന്റെ ആവശ്യങ്ങൾ വിളിച്ചുപറയാനും പോൾ ആവശ്യപ്പെടുന്നു. മണ്ണിൽ പിതാവിനോട് പോൾ നേരിട്ടുചെന്ന് തനിക്ക് വിവാഹമോചനം അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. പക്ഷേ, 'പരപുരുഷസംഗമം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു' എന്ന ബൈബിൾവാക്യം പറഞ്ഞുകൊടുത്ത് പോളിന് വിവാഹമോചനം നിഷേധിക്കുകയാണ് ചെയ്യുന്നത്. തെരേസയുടെ

വിമതബന്ധത്തെ അസംബന്ധം എന്നു തള്ളിക്കളഞ്ഞ് തടിയൂരാനാണ് പിതാവിന്റെ ശ്രമം.

''ഭാര്യയുടെ ആ വക വൃത്തികേടുകൾ മുളയിലേ നുള്ളാൻ ഭർത്താവിന് കഴിയണം. തല്ലി എല്ലൊടിക്കണം. പ്രകൃതിവിരുദ്ധകാരികൾക്ക് യേശുപോലും മോചനം കൊടുക്കുന്നില്ല.''[41]

'പ്രകൃതിവിരുദ്ധം' എന്ന വാക്ക് ശരിയല്ലെന്നും അവളെയും സൃഷ്ടിച്ചത് ദൈവമാണെന്നും കുഴപ്പം സൃഷ്ടിപരമാണെന്നുമുള്ള പോളിന്റെ വാദങ്ങൾ ഫാദറിന് മുന്നിൽ വിലപ്പോകുന്നില്ല. പിന്നീട് കോടതിവഴി നേരിട്ട് വിവാഹമോചനം നേടാൻ ശ്രമിക്കുന്ന പോൾ പരസ്പരം പ്രണയിക്കുന്ന രണ്ട് സ്ത്രീകൾ പരസ്പരം പ്രണയിക്കുകയാണ് വേണ്ടതെന്നും തെരേസയെ ഉപദേശിക്കുന്നു.

വിവാഹമോചനശേഷം പോൾ ഒറ്റപ്പെട്ടുപോകുന്നു. സ്വവർഗ്ഗരതിക്കാരിയുടെ ഭർത്താവായിരുന്നു എന്ന കുറ്റത്തിനും തെരേസയെ അവളുടെ ഇഷ്ടജീവിതം നയിക്കാൻ അനുമതി നൽകിയ കുറ്റത്തിനും പോൾ വളരെയേറെ ശിക്ഷിക്കപ്പെട്ടു. അപ്പോഴും തെരേസയെ കുറ്റപ്പെടുത്താൻ പോൾ തയ്യാറാകുന്നില്ല.

പിന്നീട് രേഷ്മയ്ക്കൊപ്പം പരസ്യജീവിതം ആരംഭിച്ച തെരേസയ്ക്ക്, സമൂഹം വിധികൽപ്പിക്കുന്നു. ഒന്നിച്ചു താമസിക്കാനിടമില്ലാതെ തന്റെ പ്രിയപ്പെട്ടവളെ സമൂഹത്തിന്റെ പീഡനങ്ങളിൽനിന്ന് രക്ഷിക്കാനാവാതെ തെരേസ കുഴങ്ങുന്നു. പോളിന്റെ സംരക്ഷണയില്ലാത്ത ആ വീട്ടിൽ അവർക്ക് സമാധാനത്തോടെ ഉറങ്ങാനോ ശരീരം പങ്കുവെക്കാനോ ആകുന്നില്ല.

''രണ്ടുകാമുകിമാർ, അവർ പരസ്പരം രഹസ്യമായിരുന്നിടത്തോളം സുരക്ഷിതരായിരുന്നു. എന്നാൽ ലൈംഗികപ്രണയികളാണെന്ന് പരസ്യപ്പെടുത്തുമ്പോൾ കാര്യങ്ങൾ മാറുന്നു''

നെറ്റി ചുളിയുന്നു

തുറിച്ചുനോക്കുന്നു

ദൈവനിഷേധികളാകുന്നു.

അഗ്നിയും ഗന്ധകവും കൊണ്ടവരെ നേരിടുക. അവർ നിഷിദ്ധാനുരാഗിക ളാണ്. അവർ നമ്മുടെ മക്കളുടെയോ വിധവകളുടെയോ കന്നുകാലികളുടെയോ രംഗത്തുവരാതെ, കൺവെട്ടത്തുവരാതെ ശ്രദ്ധിക്കുക.[42]

കേരളത്തിൽ പരസ്യജീവിതം നയിക്കുന്ന ഏതൊരു വിമതരതിക്കാരനും നേരിടേണ്ടിവരുന്ന ഏറ്റവും വലിയ പ്രശ്നമാണ് താമസിക്കാനൊരിടം കണ്ടെ ത്തുക എന്നത്.

''എങ്കിലും അവർക്കും രാപാർക്കണം

അവർ താമസിക്കാനൊരിടം ചോദിച്ചു

അവർക്കതും നിഷേധിക്കപ്പെട്ടു.''

''പക്ഷികളല്ലവർ എങ്കിൽ മരിച്ചില്ലകളിൽ കൂടുണ്ടാക്കിയേനെ

ഉറുമ്പുകളുമല്ലവർ എങ്കിൽ മാളങ്ങൾ പണിതേനെ

അവർക്കൊരു തൊഴുത്തുപോലും കിട്ടിയില്ല.''[43]

ഒടുവിൽ വിജനമായ വഴിയിൽ തനിച്ചാക്കപ്പെടുന്ന രേഷ്മയ്ക്കും തേരേ സയ്ക്കും അഭയമാകുന്നതും പോൾതന്നെ. സ്വന്തം വീട് തന്നിൽനിന്ന് വിവാഹമോ ചനം നേടിയ തെരേസയുടെ പേർക്ക് നൽകിയതിന് മണ്ണിൽവീട്ടുകാർ കലികൊ ണ്ടു. ആ വീട്ടിലും സ്വൈരജീവിതം നടത്താൻ രേഷ്മയ്ക്കോ തേരസയ്ക്കോ ആകുന്നില്ല.

എന്നാൽ അർബൻ സൊസൈറ്റിക്ക് ഇതൊന്നും അത്രവലിയ ആനക്കാര്യമ ല്ല. ആരും ആരെയും ശ്രദ്ധിക്കാൻ മിനക്കെടില്ല. അതിനുള്ള നേരവും കിട്ടിയില്ല. പോളിന്റെ സഹോദരി ഇഷാനയുടെ ബ്യൂട്ടിപാർലറിലെ സ്ഥിരം കസ്റ്റമേഴ്സ്. ആദ്യത്തെ ദിവസംതന്നെ 'അതും' പറഞ്ഞാണ് സ്വയം പരിചയപ്പെടുത്തിയത്.

'ഞാൻ പ്രവീണ. ഇത് എന്റെ പാർട്ണർ നിഷി. അത്രേയുള്ളൂ അതിന്റെ യൊക്കെ ഗൗരവം. നിഷിക്കു പുരികം പറിക്കുമ്പോൾ പ്രവീണയ്ക്കാണ് വേദനി ച്ചത്.'[44]

മണ്ണിൽവീട്ടുകാരായ ഫോങ്കളിനും കൂട്ടരും ഒരിക്കൽ വഴിയിൽ തടഞ്ഞുവെച്ച് രേഷ്മയെ ഉപദ്രവിക്കുന്നു.

'ഒരാൺതുരങ്കം'

'ഇരുട്ട്'

'ആൺമണം'

'ആണൊച്ച'

രേഷ്മയ്ക്ക് ഒന്ന് ഉറക്കെ കരയാൻപോലും കഴിഞ്ഞില്ല. അവൾക്ക് ആണുങ്ങളെ അറിയിച്ചുകൊടുക്കാം, എന്നവർ അലറി. പെണ്ണും പെണ്ണും തമ്മിൽ, വേണ്ട, നാട്ടിൽ ആണുങ്ങൾക്കത്ര പഞ്ഞമില്ല. അവളെ ആദ്യം തൊട്ടത് ഫോങ്കളിനായിരുന്നു.'[45]

ആൾക്കൂട്ടത്തിനു നടുവിൽ മുഖം പൊത്തിപ്പിടിച്ച് ചുരുണ്ട് കൂടിയിരിക്കുന്ന നിലയിലാണ് തെരേസ അവളെ കണ്ടത്. മേൽവസ്ത്രം വലിച്ചുകീറപ്പെട്ടിരുന്നു. കളിക്കിടയിൽ ചരലിൽ മുട്ടുകുത്തിവീണ കുഞ്ഞിനെ അമ്മ എന്നപോലെ തെരേസ രേഷ്മയെ നെഞ്ചോടുചേർക്കുന്നതും ഉമ്മവെക്കുന്നതും കണ്ട് അവർ തുറിച്ചുനോക്കിനിന്നു. ആൺവലയം ഭേദിച്ച് തെരേസ രേഷ്മയെ കൂട്ടിക്കൊണ്ടുപോയി. അവൾ ഭയപ്പെടുകയോ വിളറുകയോ ചെയ്തില്ല.

'രണ്ട് സ്ത്രീകൾ ചുംബിക്കുമ്പോൾ വിരിയുന്നതെന്താവാം. ഒരാണും പെണ്ണും ചുംബിക്കുമ്പോൾ വിരിയുന്ന മഴവില്ലുതന്നെയാവുമോ? അനുവിന് സങ്കല്പിക്കാനാവുന്നില്ല. രണ്ടുസ്ത്രീകൾ ചുംബിക്കുമ്പോൾ മഴവില്ലു വിരിയുന്നുണ്ടാവാം. മറ്റുള്ളവർ അതിൽ ഇടപെടുന്നതെന്തിന്'.[46] എന്ന അനുവിന്റെ ചിന്ത ഈ കഥയിൽ പ്രസക്തമാണ് .

തെരേസയ്ക്കും പോളിനുംവേണ്ടി 'എമ്മ'യും 'ജോൺമത്തായി'യും മണ്ണിൽപിതാവിനോട് സംസാരിക്കുന്നുണ്ട്. സ്വവർഗരതിയുടെ ക്രിമിനൽ പശ്ചാത്തലം അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ പിതാവ് ശ്രമിക്കുന്നു. 'ദണ്ഡവിമോച

നമില്ലാത്ത മാരകപാപം' എന്നൊക്കെയുള്ള വിലയിരുത്തലിനെപ്പറ്റി ജോൺമത്തായിക്ക് സംശയങ്ങളുണ്ടായിരുന്നു.

"ഇത്തരം കാര്യങ്ങളെ അവയുടെ നൈസർഗ്ഗികതയിൽ കാണണ്ടേ? പ്രകൃതിയിൽ വൈവിധ്യങ്ങളുണ്ട്. അതിൽ ഒന്ന് മികച്ചതും ഒന്ന് മോശവും ആകുന്നില്ല. അംഗീകരിക്കാതിരുന്നിട്ട് കാര്യമില്ല. പാപാരോപണം നടത്തി ഒതുക്കാൻ, കഴിയുന്ന ഒന്നല്ല സ്വവർഗ്ഗരതി. പ്രകൃതിയുടെ സഹജസ്വഭാവങ്ങൾ. മറ്റുള്ളവരുടെ പരിഹാസങ്ങളിലേക്ക് ചവിട്ടി ഒതുക്കുംതോറും ഉള്ളറകളിലേക്ക് വലിഞ്ഞുപോകുന്ന കുറേ മനുഷ്യരെ പലപ്പോഴും ആത്മഹത്യയിലേക്ക് നയിക്കുന്നു."[47]

ഈ തിരിച്ചറിവ് ജോൺമത്തായിക്ക് ലഭിക്കുന്നത് സ്നേഹിതനും സൈക്ക്യാട്രിസ്റ്റുമായ ജോൺ തരിയനിൽനിന്നുമാണ്. 'ഇവരിപ്പറയുന്ന മാരകപാപികളുടെ മടകളാണ് സെമിനാരികളും കന്യാസ്ത്രീ മഠങ്ങളും' എന്ന പഠനങ്ങൾ അടങ്ങിയ പുസ്തകം സുഹൃത്തായ ജോൺ തരിയൻ, ജോൺ മത്തായിക്ക് സമ്മാനിച്ചിട്ടുണ്ട്.

'തെരേസ ചെയ്യുന്നത് ദണ്ഡവിമോചനമില്ലാത്ത മാരകപാപമായി,' ഇഷാനയോ, പോളോ, ജോൺമത്തായിയോ കരുതുന്നില്ല. ഇത്രയും കാലം തെരേസ അനുഭവിച്ച വേദനകളെപ്പറ്റി മാത്രമേ അവർ സങ്കടപ്പെടുന്നുള്ളൂ. കുറ്റബോധത്തിൽ നീറിക്കഴിയുന്ന തെരേസ, അതവളെ ഭ്രാന്തിലേക്കോ ആത്മഹത്യയിലേക്കോ എത്തിച്ചേക്കാം.

"എന്തിനാണ് തെരേസ ഇരയാക്കപ്പെട്ടത്? അവൾ ഭിന്നയാണെങ്കിൽ ഭിന്നനിലയിൽത്തന്നെ ജീവിക്കാൻ അവൾക്ക് അവകാശമില്ലേ? എന്തിനാണ് സത്യസന്ധമല്ലാതിരിക്കാൻ മനുഷ്യരെ നിർബന്ധിക്കുന്നത്?"[48]

ഈ ചോദ്യം ലൈംഗികവ്യതരിക്തതയെ കുറിച്ച് തിരിച്ചറിവുള്ള പൊതുസമൂഹത്തിന്റേതുകൂടിയായി പരിണമിക്കുന്നു. വിമതരതിക്കാരന്റെ വേദനകളെ അറിയാതെ പോകുന്നവർക്ക് മുന്നിൽ അവർ അസാൻമാർഗ്ഗികളും വേശ്യാവൃത്തിക്കാരുമാകുന്നു. അവരെ നോക്കി അറിവില്ലാത്തവന്റെ പ്രലപനങ്ങൾ ഇങ്ങനെയാണ്:

'മുളകരച്ച് തേയ്ക്കാ വേണ്ടത്, ഈ വക കൂത്തിച്ചികളെ'[49]

തുടർന്നുള്ള ജീവിതത്തിൽ പോളിന്റെ സംരക്ഷണമില്ലാത്ത അവസ്ഥ രേഷ്മയുടെയും തെരേസയുടെയും ബന്ധത്തിന് ഉലച്ചിൽ വരുത്തുന്നുണ്ട്. 'പോളിനെ തെരേസ ഇപ്പോഴും സ്നേഹിക്കുന്നുണ്ടെന്ന ചിന്തയിൽ രേഷ്മ ഉരുകുന്നു, തിളയ്ക്കുന്നു. പ്രണയംകൊണ്ട് അവരുടെ കിടക്ക എത്ര തവണ പുഷ്പിച്ചാലും രേഷ്മയുടെ മനസ്സിൽ മുള്ളുകൊള്ളുന്നുണ്ട്. പലപ്പോഴുമവൾ ഒറ്റയ്ക്കിരുന്ന് കരയുന്നു. വിട്ടുപോന്ന വീട് അച്ഛൻ, അമ്മ എല്ലാം അവളെ കുത്തിനോവിക്കുന്നുണ്ട്. പക്ഷേ, തന്റെ നിസ്സഹായത എത്ര ഭീകരമാണെന്നവൾ തിരിച്ചറിയുന്നു. തെരേസയില്ലാതെ ജീവിക്കാൻ ശ്വാസം കഴിക്കാൻപോലും അവൾക്കായില്ല. ഒരു ചിതൽപ്പുറ്റ് തകർന്ന് വീഴുംപോലെ അവൾ'.[50]

'അവൾ തെരേസയെ ഇടംകണ്ണിട്ടുനോക്കി. അലസവായനയിലാണെന്നും തോന്നി. അവൾ എഫ്.ടി.വി ചാനൽ തുറന്നിട്ടു. പെൺകുട്ടികൾ ഒഴുകിവന്നു. മാറിടം തുറന്നിട്ടവർ നീണ്ട കാലുള്ളവർ, ഉദ്ധ്യതമായ ഭാവത്തോടെ തലപൊക്കിനടക്കുന്നവർ. ഒരു ചെറുചിരിയോടെ പുസ്തകം അടച്ചുവെച്ച് തെരേസ അടുത്തുവന്നിരുന്നു. തോളിലൂടെ കൈയിട്ട് ചേർത്തുപിടിച്ചു. കവിളിൽ ഗാഢമായി ചുംബിച്ചു. അലിയുന്നു, ഉരുകിവീഴുന്നു, ഇല്ലാതാവാൻ ആഗ്രഹിക്കുന്നു. ഇതാണ് തെരേസയുടെ മാന്ത്രികവിരലുകൾ. ഇതില്ലെങ്കിൽ രേഷ്മയില്ല. ഈ കൈകളിൽ മുറുകെ പിടിച്ചുകൊണ്ടല്ലാതെ ജീവിക്കാൻ അവൾക്കറിയില്ല. അവരൊന്നിച്ചിരുന്നാണ് എഫ്. ടി.വി. ചാനൽ കാണാറ്. അതവരെ ഹരം പിടിപ്പിക്കുന്നു.'[51]

പക്ഷേ, തെരേസ പോളുമായി ശാരീരികബന്ധത്തിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് രേഷ്മ സംശയിക്കുന്നു. പോളിനുവേണ്ടി തെരേസ പോകുമെന്ന് രേഷ്മ ഭയപ്പെടുന്നു. അങ്ങനെ സംഭവിക്കില്ലെന്ന് അവളെ ബോധ്യപ്പെടുത്തുന്നതിൽ തെരേസ പരാജയപ്പെടുന്നു.

'പരസ്പരം പൂരിപ്പിക്കുന്ന രണ്ടു പേർക്കിടയിൽ മൂന്നാമതൊരാൾ എത്ര വലിയ അനാവശ്യമാണ്' എന്ന ചോദ്യം രേഷ്മയെ മദിക്കുന്നു.

രേഷ്മയുടെ വേദനകൾ തെരേസയെ കുഴക്കി ചുറ്റുപാടുമുള്ളവരുടെ തുറിച്ചുനോട്ടങ്ങളും കല്ലെറിയലുകളും കുറ്റപ്പെടുത്തലുകളും അവരെ കേരളം വിട്ടു പോകാൻ പ്രേരിപ്പിക്കുന്നു. കഥയവസാനിക്കുമ്പോൾ നാടുവിട്ട് അകന്നുനിൽക്കുന്ന

തെരേസയും രേഷ്മയും ഒരു പെൺകുഞ്ഞിനെ ദത്തെടുക്കുന്നു. ജീവിതം വിരസവും ലക്ഷ്യമില്ലാത്തതുമാണെന്ന് തോന്നിത്തുടങ്ങിയപ്പോൾ അവർ ഒന്നിച്ചെടുത്ത തീരുമാനമായിരുന്നു അത്. കുഞ്ഞ് അവരുടെ ജീവിതത്തിൽ ആനന്ദം കൊണ്ടുവന്നിരിക്കുന്നു.

ഇന്നത്തെ സമൂഹത്തിൽ വിമതപ്രണയം തുറന്നുസമ്മതിക്കേണ്ടിവരുന്ന ഏതൊരു വ്യക്തിയും അനുഭവിക്കുന്ന വേദനകളാണ് ഈ കഥയിലെ മർമ്മം.

ചേക്കേറാനിടമില്ലാത്തവരായി അസ്പശ്യരായി അസന്തുഷ്ടരായി കേരളമണ്ണിനെ വിട്ടുപോകേണ്ടിവരുന്നവർ. സമാനസംഭവങ്ങളുടെ നേർവിവരണങ്ങളാണ്. കേരളം വിട്ട് ഓടിപ്പോകുന്ന ഓരോ വിമതലൈംഗികനും പറയാനുള്ളത്. പുരുഷന്റെ മേൽവിലാസമില്ലാത്ത സ്ത്രീയും സ്ത്രീയുടെ മേൽവിലാസമില്ലാത്ത പുരുഷനും കേരളമണ്ണിന്റെ സംസ്കാരബോധത്തിന് ചേർച്ചനൽകുന്നില്ല. സ്വയംപൂരണത്തിന് വഴികളില്ലാതെ ചകിതഹൃദയത്തിൽ മുഖം പൂഴ്ത്തി മരണംകാത്ത് മോക്ഷം തേടുന്ന ആത്മാക്കൾ. സാറാജോസഫ് 'ആളോഹരി ആനന്ദത്തിലൂടെ' സംവദിക്കുന്നത് അവനവന്റെ ആനന്ദം തേടുന്നതിന്റെ വഴികളെക്കുറിച്ചല്ല പകരം അന്യന്റെ ആനന്ദത്തിനുവേണ്ടിയുള്ള വിട്ടുനൽകലുകളെക്കുറിച്ചാണ്. വിമതരതിക്കാർ കേരളസമൂഹത്തിൽ നേരിടുന്ന ശാരീരികവും മാനസികവുമായ എല്ലാ വേദനകളും പ്രശ്നങ്ങളും ഈ നോവലിൽ ചിത്രീകരിച്ചിട്ടുണ്ട്. പോൾ എന്ന ഭർത്താവിന്റെ വേദന വിമതരതിക്കാരന്റെ നിർബന്ധിത വിവാഹത്തിന്റെ ശേഷിപ്പ് മാത്രം.

### 4.4 സന്ധ്യ വി.സതീഷ്

#### 4.4.1 വീണ്ടും രണ്ടു പെൺകുട്ടികൾ

ഭാര്യയുടെ മരണശേഷം മകൾക്കുവേണ്ടി മാത്രം ജീവിച്ച റിച്ചാർഡ് എന്ന ഡാഡിയുടെ കാഴ്ചയിലൂടെ തന്റെ മകളുടെ അപകടമരണത്തിന് കാരണമായി വന്ന സ്വവർഗ്ഗപ്രണയത്തിന്റെ കഥപറയുന്ന നോവലാണ് 'വീണ്ടും രണ്ടുപെൺകുട്ടികൾ'.

ഡെയ്സി റിച്ചാർഡ് എന്ന പെൺകുട്ടി അമ്മയുടെ മരണശേഷം തന്റെ സ്കൂൾ കോളേജ് ജീവിതം വനിതാകോളേജിലും ഹോസ്റ്റലിലുമായി തള്ളിനീക്കുന്നു. താനേറെ സ്നേഹിക്കുന്ന കരുതൽ നൽകുന്ന മകൾ വഴിതെറ്റിപ്പോവാതിരി

ക്കാനാണ് റിച്ചാർഡ് മകളെ വനിതാകോളേജിലാക്കുന്നത്. അവിടെവെച്ച് ഡെയ്സി പരിചയപ്പെട്ട പെൺകുട്ടിയാണ് 'കവിത'. കവിതയെ കണ്ടതുമുതൽ അവളിലേക്ക് ആകർഷിക്കപ്പെടുന്ന 'ഡെയ്സി' 'കവിത'യുടെ രക്ഷാകർതൃത്വം ഏറ്റെടുക്കുന്നു. കവിതയുടെ മുടി കെട്ടിക്കൊടുക്കാൻ, ഗന്ധരാജന്റെ മണമുള്ള ശരീരം കൊണ്ട വളെ കെട്ടിപ്പിടിക്കാൻ, ആർത്തവദിവസങ്ങളിൽ കരുണയോടെ ദേഹം തടവിക്കൊടുക്കാൻ ഡെയ്സി കാണിക്കുന്ന ക്ഷമയും സ്നേഹവും കവിതയെ അദ്ഭുതപ്പെടുത്തുന്നു. കവിതയുടെ സന്തോഷത്തിനും സുഖത്തിനും വേണ്ടിയാണ് ഡെയ്സി ജീവിക്കുന്നത്. ആ പ്രണയം അഞ്ചു വർഷത്തോളം നീണ്ടുനിൽക്കുന്നു.

ഒടുവിൽ കവിതയുടെ വിവാഹം തീരുമാനിക്കപ്പെടുന്നതോടെ തകർന്ന മന സ്സുമായി ഡെയ്സി മൂകയാവുന്നു. അതിൽനിന്നു രക്ഷപ്പെടാൻ അവൾ കണ്ട മാർഗ മായിരുന്നു കവിതയുമായുള്ള ഒളിച്ചോട്ടം. കൃത്യമായ പ്ലാനിങ്ങ് നടത്തി ടിക്കറ്റും ബുക്കുചെയ്തു. ഒന്നിച്ചുജീവിക്കാൻ സന്തോഷത്തോടെ പുറപ്പെട്ട ഡെയ്സിയുടെ വണ്ടിയുടെ ബ്രെയ്ക്ക് തകരാറിലാക്കി അവളെ മരണത്തിലേക്ക് പറഞ്ഞുവിടുന്ന കവിത തന്റെ കുടുംബത്തിനും സമൂഹത്തിന്റെ അംഗീകാരത്തിനും വേണ്ടി മനോ ജുമായി വിവാഹബന്ധത്തിലേർപ്പെടുകയും ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും മനോജിനെ ഡെയ്സിയുമായി താരതമ്യം ചെയ്യുകയും ചെയ്യുന്നു. അത്തരം അവ സരങ്ങളിലൊക്കെ തോറ്റുപോകുന്ന മനോജ് പിന്നീട് കവിതയ്ക്ക് തീർത്തും അപ രിചിതനായി അന്യസ്ത്രീകളിൽ സുഖം കണ്ടെത്തുന്ന ഭർത്താവായി തീരുന്നു. ഒടുക്കം ഒരുമായിക ലോകത്താണ് കവിതയുടെ ജീവിതം. അവൾ തന്റെ ഭർത്താ വായി ഡെയ്സിയെ സ്വപ്നം കാണുന്നു. ഒരു കുഞ്ഞിനെ ദത്തെടുത്ത് പരസ്പരം സ്നേഹിച്ചു ജീവിക്കുന്നത് സ്വപ്നം കാണുന്നു.

ഈ കഥ സ്വവർഗ്ഗലൈംഗികതയെ ഒരു രതിവൈകൃതമായി അടയാളപ്പെടു ത്തുന്നില്ല. ഡെയ്സിയുടെ അച്ചൻ ഒരു മനോരോഗഡോക്ടറുമായി നടത്തുന്ന സംഭാഷണം അതിന് തെളിവാണ്.

''പ്രകൃതിനിയമം അനുശാസിക്കുന്നത് എതിർലിംഗങ്ങൾ തമ്മിലുള്ള ലൈംഗികബന്ധമാണ്. സ്വവർഗ്ഗാനുരാഗം ഒരു മനോവൈകല്യമോ പ്രകൃതിവിരു ദ്ധമോ ഒന്നുമല്ല. ഇതു ചികിത്സിച്ചുമാറ്റാൻ വിദഗ്ദ്ധ സൈക്കോളജിസ്റ്റിന്റെ സേവനം അത്യാവശ്യമാണ്.''[52]

വളർച്ചയുടെ ഘട്ടത്തിൽ ഇത്തരം ബന്ധങ്ങൾ സ്വാഭാവികമാണെന്ന വിലയിരുത്തൽ നടത്തുന്നുണ്ട് ഡോക്ടർ. സ്വവർഗ്ഗാനുരാഗം വാസ്തവമാണ് എന്നിരുന്നാലും സ്വവർഗ്ഗാനുരാഗം സാക്ഷാത്ക്കരിക്കപ്പെടുന്നത് വിരളമാണ് എന്ന സാമൂഹിക കാഴ്ചപ്പാടും ഡോക്ടർ പങ്കുവെക്കുന്നുണ്ട്.

അമിതമായ ശാരീരികവർണ്ണനകളോ ഹരംകൊള്ളിക്കുന്ന ആവർത്തനങ്ങളോ ഈ കൃതി പങ്കുവെക്കുന്നില്ല. 'പരസ്പരം പ്രണയിക്കുന്ന രണ്ടു ചന്ദനമരമായിരുന്നു ഞങ്ങൾ' എന്ന കവിതയുടെ ചിന്തയിൽ 'ചന്ദനമരങ്ങൾ' എന്ന പ്രയോഗം മാധവിക്കുട്ടിയുടെ കൃതിയുടെ തുടർച്ചയെ ഓർമ്മിപ്പിക്കുക മാത്രം ചെയ്യുന്നു.

## 4.5 സി.എസ്. ചന്ദ്രിക

### 4.5.1 ലേഡീസ്കമ്പാർട്ടുമെന്റ്

ഒരു ട്രയിനിലെ ലേഡീസ്കമ്പാർട്ട്മെന്റിൽ വെച്ച് യാദൃച്ഛികമായി കണ്ടുമുട്ടുന്ന അഞ്ജലിയും മഞ്ജുവും തമ്മിലുള്ള വിമതബന്ധത്തിന്റെ കഥയാണിത്. തികച്ചും അസാധാരണമായ ഒരു സാഹചര്യത്തിൽ സൃഷ്ടിക്കപ്പെടുന്ന സ്വവർഗ്ഗബന്ധം പുറത്തുനിന്ന് നോക്കിക്കാണുന്ന ഒരാളുടെ മനസ്സോടെയാണ് സൃഷ്ടിക്കപ്പെടുന്നത്.

### 4.5.2 കാഞ്ചീപുരം

'കാഞ്ചീപുരം' എന്ന കഥയിൽ സ്വവർഗ്ഗ/ഭിന്നവർഗ്ഗ ലൈംഗികതയുടെ കൂടിക്കുഴച്ചിൽ കാണാം. ദേവിയും താരയും തമ്മിലുള്ളത് സ്വവർഗ്ഗബന്ധവും ദേവിയും അഴകും തമ്മിലുള്ളത് ഭിന്നവർഗ്ഗബന്ധവുമാണ് വെളിപ്പെടുത്തലിന്റെ രാഷ്ട്രീയബോധം ചിത്രീകരിക്കുന്നുണ്ട് കഥയിൽ. സ്വവർഗ്ഗ/ഭിന്നവർഗ്ഗ ബന്ധത്തിൽ ഏർപ്പെടുന്ന ഗൗരിക്ക് ദ്വിലൈംഗിക താത്പര്യമാണുള്ളത്. താരയ്ക്കാകട്ടെ തന്റെ സ്വവർഗ്ഗതാത്പര്യം സ്വന്തം പ്രൊഫസറുടെ, വെറുപ്പിന്റെ/പകപോക്കലിന്റെ ആയുധമായിമാറുന്നു. കപട സദാചാരബോധം വെച്ചുപുലർത്തുന്ന അക്കാദമിക സമൂഹത്തിൽ വിമതലൈംഗികതയ്ക്ക് നിലനിൽക്കാൻ കഴിയില്ല എന്ന് 'കാഞ്ചീപുരം സ്ഥാപിക്കുന്നു.'

### 4.5.3 കനി

ഈ കഥയിൽ അഭിജിത്ത് എന്ന പുരുഷസ്വവർഗ്ഗാനുരാഗിയുടെ സാമൂഹിക പ്രതിസന്ധികൾ അയാളുടെ ഭാര്യ ജയന്തിയുടെ കാഴ്ചകളിലൂടെ അവതരിപ്പിക്കുന്നു. സമ്പന്നകുടുംബത്തിൽ ജനിച്ച ജയന്തിയെ വീട്ടുകാർ സോഫ്റ്റ്‌വെയർ എഞ്ചിനീയർക്ക് വിവാഹം കഴിച്ചുകൊടുക്കുന്നു. പക്ഷേ, സ്വാഭാവികരതിബന്ധം അവർക്കിടയിൽ സാധ്യമല്ലാതെ വരികയും കുടുംബത്തിന്റെ അന്തസ്സു നിലനിർത്താനായി അഡ്ജസ്റ്റ് ചെയ്ത് ജീവിക്കാൻ വീട്ടുകാർ ജയന്തിയെ നിർബന്ധിക്കുകയും ചെയ്യുന്നു. ഭർത്താവ് ഒരു 'ഗേ' ആണെന്ന് തിരിച്ചറിയുന്ന ജയന്തി തന്റെ തകർന്ന ജീവിതസന്ദർഭത്തിലും സ്വവർഗരതിക്കാരന്റെ പ്രതിസന്ധികളെ മനസ്സിലാക്കിയെടുക്കുവാൻ ശ്രമിച്ച് അയാളെ കൗൺസിലിങ്ങിന് വിധേയമാക്കുന്നു. പക്ഷേ, തന്റെ വിമതലൈംഗിക താത്പര്യത്തിൽനിന്ന് അയാൾക്ക് പുറത്തുകടക്കാനാവില്ല എന്നു മനസ്സിലാക്കിയ ജയന്തി ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നു. ഭർത്താവിന്റെ പുരുഷസ്വവർഗ്ഗാനുരാഗമാണ് വിദ്യാസമ്പന്നയും സാമ്പത്തികമായി ഉയർന്ന നിലവാരത്തിൽ ജീവിക്കുന്നവളുമായ ജയന്തിയുടെ മരണഹേതു. ഈ കഥയിൽ സ്വവർഗ്ഗാനുരാഗി പ്രതിസ്ഥാനത്തുനിർത്തപ്പെടുന്നു.

ദാമ്പത്യവ്യവസ്ഥ, കുടുംബഘടന എന്നിവയെ സമ്മർദ്ദോപകരണങ്ങളായി നിലനിർത്തുന്ന 'കനി' സ്വതന്ത്രവ്യക്തിത്വത്തെ സ്ഥാപിച്ചെടുക്കുന്നതിലുപരി ആ വ്യക്തിത്വത്തിന്റെ സങ്കീർണതകളെ അയാളുടെ ചുറ്റിലുമുള്ളവരിലൂടെ അവതരിപ്പിക്കുന്നു.

## 4.6. കെ.ആർ. മീര

### 4.6.1 കമിങ്ങ് ഔട്ട്

ലണ്ടനിലെ നേഴ്സായ സേബയുടെ കാഴ്ചകളിലൂടെ പുരുഷസ്വവർഗ്ഗാനുരാഗത്തെ ചിത്രീകരിക്കുന്നു.

ലണ്ടനിലെ പുതുവർഷരാത്രിയിൽ യാദൃച്ഛികമായി പരിചയപ്പെടുന്ന ജോൺ, ഡേവിഡ് എന്നീ പുരുഷസുഹൃത്തുക്കൾ സ്വവർഗ്ഗരതിക്കാരാണെന്ന് സേബ മനസ്സിലാക്കി. പക്ഷേ, എയ്ഡ്സ് ബാധിതനായ ജോൺ മരിക്കുന്നതുമുതൽ അയാളുടെ ശവസംസ്കാരം വരെയുള്ള കാര്യങ്ങൾക്ക് ഡേവിഡിന്റെ കൂടെ

നില്ക്കേണ്ടിവരുന്നു സേബയ്ക്ക്. ഡേവിഡിന്റെ വാക്കുകളിലൂടെ ഡേവിഡ്-ജോൺ ബന്ധത്തിന്റെ സാഹചര്യങ്ങളറിയുന്നു. ആ സന്ദർഭത്തിൽ തന്റെ ഭർത്താവിന്റെ പുരുഷ സ്വവർഗ്ഗാനുരാഗതാത്പര്യങ്ങൾ തന്റെ ദാമ്പത്യജീവിതം തകർത്തുകളഞ്ഞത് സേബ ഓർമ്മിക്കുന്നു. പാശ്ചാത്യവും കേരളീയവുമായ പശ്ചാത്തലങ്ങളിൽ പുരുഷസ്വവർഗ്ഗരതിയുടെ രാഷ്ട്രീയ-സാംസ്കാരിക സ്ഥാനങ്ങളെ വിശകലനം ചെയ്യുന്ന മീര കെ.ആർ., പുരുഷ സ്വവർഗ്ഗരതിക്കാരുടെ സ്വത്വസംഘർഷങ്ങളുടെ ഉള്ളിലേക്കിറങ്ങി ചെല്ലുന്നു.

ഡേവിഡ് ജോൺ ബന്ധത്തിന് രാഷ്ട്രീയപ്രാധാന്യം ലഭിക്കുന്നത് ലണ്ടനിലെ ഗേ/ലെസ്ബിയൻ വിവാഹങ്ങളെ നിയമാനുസൃതമാക്കിയപ്പോൾ ഇരുവരും വിവാഹം കഴിച്ചതിലൂടെയാണ്. എന്നാൽ ആ ജീവിതത്തിന്റെ നിറപ്പകിട്ടുകൾ നഷ്ടപ്പെടുന്നത് എയ്ഡ്സ് രോഗബാധിതനായി ജോൺ മരിക്കുന്നതിലൂടെയും വിമതരതിബന്ധത്തിന്റെ അപകടമേഖലയാണ് ഇതിലൂടെ ചൂണ്ടിക്കാണിക്കുന്നത്. വിമതലൈംഗികർ എയ്ഡ്സ് രോഗവാഹകരാണെന്ന പൊതുധാരണകളെ ശരിവെക്കുന്നുണ്ട് 'കമിങ്ങ് ഔട്ട്'. സേബ തന്റെ ജീവിതത്തിലും ഡേവിഡ് ജോൺ ബന്ധത്തോട് അടുത്തുനിന്നും വിമതരതിയെ തിരിച്ചറിയുന്നു. സേബയുടെ ഭർത്താവായ ലാസർ തന്റെ ലൈംഗികചോദനകളുടെ ഉറവിടം മറ്റൊരു പുരുഷന്റെ ശരീരത്തിലാണ് അന്വേഷിക്കുന്നത്. സേബയുടെ ലൈംഗികാവശ്യങ്ങൾ പൂർണമായി നിരാകരിക്കപ്പെടുകയാണിവിടെ. ക്രൈസ്തവ വിശ്വാസിയായ സേബയ്ക്ക് കേരളത്തിൽ ജീവിച്ചപ്പോൾ വിമതലൈംഗികതയെ തള്ളിപ്പറയേണ്ടതായും അതേസമയം ലണ്ടനിൽ അത് അംഗീകരിക്കേണ്ടതായും വരുന്നു. ഒടുവിൽ തന്റെ തെറ്റു തിരിച്ചറിഞ്ഞ സേബ കല്ലറയുടെ മുൻപിൽ ചെന്നുനിന്ന് 'ലാസറേ പുറത്തുവരൂ' എന്ന് നിലവിളിക്കുന്നുണ്ട്. അതിസങ്കീർണമായ വിമതരതി ബന്ധചിന്തകളെ ഉൾക്കൊള്ളാനാവാതെ തെറ്റുചെയ്തുപോയ ഒരു പാപിനിയുടെ പശ്ചാത്താപ വാക്കുകളാണ് സേബയിൽ കാണാനാവുന്നത്.'

## 4.7. മറ്റുകഥാപരാമർശങ്ങൾ

### 4.7.1 എ.എസ് സിതാര

#### സ്പർശം

മാദ്രി, മറിയ എന്നീ സ്ത്രീകളുടെ വിമതാനുരാഗത്തിന്റെ ചിത്രീകരണമാണ് വിവാഹമോചനം നേടിയ ഒരു സ്ത്രീയും വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയുമായ മറ്റൊരു സ്ത്രീയും തമ്മിലാണ് ഒന്നിക്കുന്നത്. പുരുഷന്റെ ആധിപത്യശ്രമങ്ങളാണ് മാദ്രിയെ ഭർത്താവിൽനിന്ന് അകറ്റുന്നത്. തന്റെ വ്യക്തിത്വം അംഗീകരിക്കുന്ന ഒരു ഇണയുടെ സാമീപ്യമാണ് മാദ്രി കൊതിക്കുന്നത്. അതു തേടിയാണവൾ മറിയയിലേക്ക് അടുക്കുന്നത്. ദാമ്പത്യഘടനയെ അസ്ഥിരമാക്കുന്ന കുടുംബസംവിധാനങ്ങളെ തകർക്കുന്ന പ്രണയരതിബന്ധമാണ് വിമതലൈംഗികത. എന്ന പൊതുബോധം ബലപ്പെടുന്നുണ്ട് കഥയിൽ. അസംതൃപ്തമെങ്കിലും അംഗീകാരം നേടുന്ന ഭിന്നവർഗ്ഗലൈംഗികതയെ നിരാകരിച്ച് അസ്പൃശ്യതയും അസ്വീകാര്യതയും നേരിടുന്ന വിമതബന്ധത്തിലേക്ക് ഉറച്ച തീരുമാനത്തോടെ നടന്നടുക്കുന്നു മറിയയും മാദ്രിയും. 'സ്പർശം' പുരുഷവീക്ഷണത്തിലെ കുടുംബസങ്കല്പത്തെയാണ് ആഖ്യാനം ചെയ്യുന്നത്. അത്തരം കുടുംബബന്ധങ്ങളിലെ അസ്വസ്ഥതകളോട് പ്രതികരിക്കാൻ വിമതപ്രണയത്തിലേക്ക് ആകർഷിക്കപ്പെടുന്ന മാദ്രിയും മറിയയും തയ്യാറല്ല. ബോധപൂർവ്വമോ അല്ലാതെയോ ലെസ്ബിയൻ സിദ്ധാന്തത്തിലെ സ്ത്രീ സമത്വമെന്ന ആശയത്തെ പിൻതാങ്ങുന്നുണ്ട് ഈ കഥ.

#### ചതി

രണ്ടു ഗേ കളുടെ ലൈംഗിക സ്പർദ്ധയുടെ കഥപറയുന്നതാണ് സിതാരയുടെ, ചതി എന്ന കഥ. വില്യം, മതാചാരപ്രകാരം വിവാഹം കഴിച്ച തന്റെ സ്വവർഗ്ഗഇണയായ പീറ്ററിന്റെ ചതി ജോസഫിന്റെ ഒളിക്യാമറയിലൂടെ കാണുന്നതും കൈയിലെ വിവാഹമോതിരം ഊരി പോക്കറ്റിലിട്ട് പീറ്ററിനും കൂട്ടുകാരനും മുന്നിലെത്തി നിസ്സംഗതയോടെ നില്ക്കുന്നതും കഥയിൽ വിവരിക്കുന്നു. ജോസഫിന്റെ ഒളിക്യാമറ പീറ്ററിന്റെ കള്ളത്തരം ലോകത്തെ കാണിക്കുന്നത് പീറ്ററും വില്യവും തമ്മിലുള്ള ബന്ധത്തിന്റെ അകൽച്ചയ്ക്ക് കാരണമാകുന്നു. സ്വവർഗ്ഗബ

ന്ധത്തിലും വിജാതീയബന്ധത്തിലും ചതികൾക്ക് സാധ്യതയുണ്ടെന്ന് തെളിയിക്കുകയാണ് ഈ കഥ.

### 4.7.2 പി. വത്സല

**ദുഷ്യന്തനും ഭീമനുമില്ലാത്ത ലോകം**

കൗമാരഘട്ടത്തിലുള്ള രണ്ടുപെൺകുട്ടികളുടെ വിമതപ്രണയബന്ധത്തിന്റെ കഥയാണ്. ഗ്രാമത്തിൽനിന്നും നഗരത്തിലെ പെൺപള്ളിക്കുടത്തിൽ പഠിക്കാനെത്തിയ സരോജിനിയോട് ഡോക്ടറുടെ മകളായ വരദയ്ക്കുള്ള പ്രണയബന്ധത്തിന്റെ കഥയാണ്. ആ പ്രണയം മാതാപിതാക്കളുടെ അസ്വസ്ഥത വർദ്ധിപ്പിക്കുകയും അവർ ചായക്കടയിലെ സഹായിയായ മാധവനെക്കൊണ്ട് മകളെ വിവാഹം കഴിപ്പിക്കുകയും ചെയ്യുന്നു. അസംതൃപ്ത കുടുംബജീവിതം നയിക്കുന്ന സരോജിനിയും ലൈംഗികത്തൊഴിലിനിറങ്ങിയ വരദയും അടിച്ചമർത്തപ്പെടുന്ന സ്വവർഗ്ഗലൈംഗികതയുടെ പരിണിതഫലത്തെ കാണിക്കുന്നു.

### 4.7.3 ചന്ദ്രമതി

**ശ്രീഹവ്യയും ചില അക്കാദമിക് പ്രശ്നങ്ങളും**

മൂന്ന് സ്ത്രീകളുടെ വ്യത്യസ്ത വീക്ഷണകോണുകളിലൂടെ അവതരിപ്പിക്കപ്പെടുന്ന ലെസ്ബിയൻരതിയുടെ കഥ പറയുന്നു. ലെസ്ബിയനിസമെന്നാൽ ലൈംഗികതയുടെ ധാരാളിത്തമുള്ള കഥയെന്ന പതിവ് ചട്ടക്കൂടിനെ മാറ്റിനിർത്തുന്ന എഴുത്തുകാരി ലെസ്ബിയനിസത്തിന് ഒരു മിത്തിക്കൽ പരിവേഷം നൽകുന്നു. ഗവേഷണതത്പരയായ സൗമ്യയുടെ കണ്ണിലൂടെ ശ്രീഹവ്യയും മേമയും തമ്മിലുള്ള ലെസ്ബിയൻ ബന്ധത്തെ ചിത്രീകരിക്കുന്നു.

### 4.7.4 നിഷ അനിൽകുമാർ

**പരിണാമം**

ഒരു കൗമാരക്കാരനും അരുൺ എന്ന യുവാവും തമ്മിലുള്ള വിമതബന്ധത്തിന്റെ കഥയാണിത്.

രമേഷിന്റെ കുടുംബത്തിലെ കലഹങ്ങൾ അയാളുടെ മകനെ അരുണുമായി അടുപ്പിക്കുന്നു. ഒരു ലോഡ്ജിൽ അരുൺ മുറിയെടുക്കുന്നുണ്ടെങ്കിലും സംശയം തോന്നിയ ലോഡ്ജുകാർ പോലീസിനെ വിളിച്ചുവരുത്തി ഇരുവരേയും ഏൽപിക്കുന്നു. അച്ഛനായ രമേഷിന്റെ അസാൻമാർഗിക ശീലങ്ങളാണ് മകനെ 'ഗേ'യാക്കി മാറ്റിയത് എന്ന വെളിപ്പെടുത്തലോടെയാണ് എഴുത്തുകാരി കഥയവസാനിപ്പിക്കുന്നത്.

### 4.7.5 അരുന്ധതിറോയ്

**കുഞ്ഞുകാര്യങ്ങളുടെ ഒടേതമ്പുരാൻ**

'കുഞ്ഞുകാര്യങ്ങളുടെ ഒടേതമ്പുരാനിൽ' എസ്ത എന്ന പത്തു വയസ്സുകാരനെ സൗജന്യമായി ഓറഞ്ചു പാനീയം നൽകി ലൈംഗികമായി ചൂഷണം ചെയ്യുന്ന ഓറഞ്ചുപാനീയക്കാരനെ കാണാം

''ഇനി നീ എനിക്കുവേണ്ടി ഇതൊന്നു പിടിച്ചേ ഓറഞ്ച് പാനീയ, നാരങ്ങാ പാനീയക്കാരൻ തന്റെ വെള്ള മൽമുണ്ടിനടിയിൽനിന്ന് ലിംഗമെടുത്ത് അവനു നേരെ നീട്ടി''.[53]

'ഒരു കൈകൊണ്ട് നാരങ്ങാപാനീയകുപ്പിയും മറ്റേ കൈകൊണ്ട് ലിംഗവും പിടിച്ചു എസ്ത. എസ്തയുടെ കൈക്കു മീതെക്കൂടി തന്റെ കൈ അയാൾ ചേർത്തു പിടിച്ചു. അയാൾ എസ്തയുടെ കൈപിടിച്ച് താഴോട്ടും മുകളിലോട്ടും ചലിപ്പിച്ചു ആദ്യം പതുക്കെ പിന്നെ വളരെവേഗത്തിൽ. നാരങ്ങാമധുര വഴുവഴാക്കുമിളകൾ അവന് കുടിക്കാനാകുന്നുണ്ടായിരുന്നില്ല. പെട്ടന്നയാളുടെ മുഖം ചുളുങ്ങുകയും എസ്തയുടെ കൈയ്യിലാകെ ചൂടുനനവു പടർത്തികൊണ്ട് അയാളുടെ രേതസ്സ് ഒഴുക്കുകയും ചെയ്തു. തുടർന്ന് അമ്മയുടെ അടുത്തെത്തുമ്പോഴേക്കും എസ്തയ്ക്ക് ചർദ്ദിക്കാൻ വന്നു.' ഈ ഓക്കാനം തുടർന്നങ്ങോട്ടുള്ള വളർച്ചയിൽ എസ്തയുടെ ജീവിതത്തെതന്നെ ബാധിക്കുന്നു. അവനെല്ലാത്തിൽനിന്നും ഉൾവലിയുന്ന പ്രകൃതക്കാരനാകുന്നു.

കുഞ്ഞുങ്ങളെ ലൈംഗികാവശ്യത്തിനായി പ്രലോഭനങ്ങൾ നൽകി വശത്താക്കുന്ന ഇത്തരം ആളുകൾ ധാരാളമുള്ള സമൂഹമാണ് നമ്മുടേത്. അത്തരം അനുഭവങ്ങളെ തന്റെ കഥയിൽ അടയാളപ്പെടുത്തുന്നതിലൂടെ ലൈംഗിക

ചൂഷണത്തിനിരയാക്കുന്ന കുട്ടികൾ പിന്നീട് അനുഭവിക്കുന്ന മാനസിക പ്രശ്നങ്ങൾകൂടി എഴുത്തുകാരി അടയാളപ്പെടുത്തുന്നു. വിമതലൈംഗികതയിലെ മറ്റൊരു വശമാണിത്.

### 4.7.6 സംഗീത ശ്രീനിവാസൻ

**ആസിഡ്**

സംഗീത ശ്രീനിവാസന്റെ ആസിഡ് എന്ന നോവലിലെ സ്വവർഗ്ഗപ്രണയിക ളാണ് കമലയും ഷാലിയും. കമല രണ്ട് ആൺകുട്ടികളുടെ അമ്മയും വിവാഹമോ ചിതയുമാണ്. മാനസികസംഘർഷങ്ങൾക്കും പിരിമുറുക്കങ്ങൾക്കും പകരമായി കമല കണ്ടെത്തുന്ന മോചനവഴികളാണ് സ്വവർഗ്ഗബന്ധവും എൽഎസ്.ഡി.എന്ന ലഹരിമരുന്നും. ഷാലി താനൊരു സ്വവർഗ്ഗാനുരാഗിയല്ല എന്ന് തുറന്നുപറയുന്നു ണ്ടെങ്കിലും കമലയുമായി ലൈംഗികബന്ധം പുലർത്തുന്നവളാണ്. ആസിഡിന്റെ ലഹരിയിൽ ഭ്രാന്തമായ ജീവിത സാഹചര്യങ്ങളിലൂടെ മുന്നോട്ടുപോകുന്ന കമല യുടെ കുടംബം താളംതെറ്റാതെ മുന്നോട്ടുകൊണ്ടു പോകുന്നത് ഷാലിയാണ്. പക്ഷേ, തെറ്റൊ, കുറ്റബോധമോ ഉത്തരവാദിത്തമോ തിരിച്ചറിയാനാവാത്ത വിധം ലഹരിയുടെ ലോകത്തു ജീവിക്കുന്ന കമല ഒടുക്കം തന്റെ മക്കളേയും കെട്ടിപിടിച്ച് മരിച്ചു കിടക്കുന്നു. ഓർമ്മകളും സ്വപ്നങ്ങളും കൂടിക്കലരുന്ന ജീവിതപരിസരങ്ങ ളിലൂടെ രണ്ടു സ്ത്രീകളുടെ പ്രണയത്തിന്റേയും കലഹത്തിന്റേയും രതിയുടേയും സഞ്ചാരങ്ങൾ വിവരിക്കുന്ന ഈ കഥ സ്വവർഗ്ഗലൈംഗികർ തമ്മിലുടലെടുക്കുന്ന ആത്മബന്ധത്തിന്റെ ദൃഷ്ടാന്തം കൂടിയാണ്.

### 4.7.7 ശോഭ ഡേ

**അഭിനിവേശത്തിന്റെ തടവറ**

ശോഭ ഡേയുടെ 'അഭിനിവേശത്തിന്റെ തടവറ' എന്ന നോവലിൽ ലോകത്തെ തന്റെ കൈക്കുള്ളിലാക്കാൻ കൊതിച്ച് മുബൈലേക്ക് വണ്ടികയറുന്ന അമൃത അഗർവാൾ എന്ന മോഡലാണ് കഥാനായിക. അവൾ തന്റെ ജോലിയിൽ വിജയം നേടികൊണ്ടിരിക്കുന്ന സമയത്താണ് സ്വവർഗ്ഗലൈംഗിക തത്പരയായ 'മിങ്സി'ന്റെ നിയന്ത്രണത്തിലാവുന്നത്. അമൃതയുടെ ജീവിതത്തിലേക്ക് കടന്നുവ രുന്ന രാകേഷും മിങ്സും ഒരുപോലെ അമൃതയെ ഭോഗിക്കുന്നു. മിങ്സിന്റെ

അധീശതയിൽനിന്ന് മോചിതയാകണമെന്ന് അമൃത ആഗ്രഹിക്കുന്നുണ്ടെങ്കിലും അതു സാധ്യമാവുന്നില്ല. ഒടുവിൽ മിങ്സിന്റെ മരണവാർത്തയറിയുമ്പോൾ സ്വാതന്ത്ര്യം ലഭിച്ചതിന്റെ ആശ്വാസമായിരുന്നു അമൃതയ്ക്ക്. സ്വവർഗ്ഗരതിബന്ധ ങ്ങൾക്കിടയിൽ കർതൃത്വഭാവി തന്റെ ഇണയെ തന്നലേക്കടുപ്പിക്കാൻ കാട്ടിക്കൂട്ടുന്ന ഭ്രാന്തമായ ചിന്താഗതികളും പ്രവർത്തനങ്ങളുമാണ് ഈ കഥയുടെ കാതൽ.

**സംഗ്രഹം**

മലയാളസാഹിത്യത്തിൽ അവതരിപ്പിക്കപ്പെട്ട വിമതരതിപ്രമേയകഥകളും നോവലുകളും സൃഷ്ടിക്കുന്നതിൽ സ്ത്രീ എഴുത്തുകാർ വഹിച്ച പങ്ക് പ്രശം സാർഹമാണ്. എണ്ണത്തിൽ കുറവാണെങ്കിലും സാഹിത്യസാംസ്കാരികമണ്ഡലങ്ങ ളിലെ കപടസദാചാരബോധത്തെ ചോദ്യം ചെയ്യുന്നവയാണ് ഓരോ കഥയും. പുരുഷ എഴുത്തുകാരെപ്പോലെ ഹരം കൊള്ളിക്കുന്ന രതിവർണ്ണനകളിലല്ല പെണ്ണെ ഴുത്തുകാർ ശ്രദ്ധവെക്കുന്നത്. ഒരു വിമതബന്ധം കുടുംബത്തിലോ സമൂഹത്തിലോ വരുത്തിവെക്കുന്ന അതിസങ്കീർണമായ പ്രശ്നപരിസരങ്ങളിലാണ്.

മാധവിക്കുട്ടിയുടെ 'ചന്ദനമരങ്ങൾ' ലെസ്ബിയൻ ചിന്താഗതി ഇസവത്ക്ക രിക്കുന്നതിനുമുൻപേ എഴുതപ്പെട്ട ലെസ്ബിയൻ രതിക്കഥയാണ്. ചന്ദനമരങ്ങളിൽ പുരുഷന്റെ അഭാവത്തിലാണ് സ്ത്രീ സ്വവർഗ്ഗരതി ഉടലെടുക്കുന്നത്. പിന്നീടതിൽ സ്ഥായീഭാവം വരുന്നു. പ്രശ്നബാധിതമായ ഒരന്തരീക്ഷം ആ കഥയിലില്ല. പ്രശ്നങ്ങൾ നടക്കുന്നതെല്ലാം വ്യക്തികളുടെ മനസ്സിലാണ്. അതിന്റെ നീറ്റലിൽ കുടുംബബന്ധത്തിൽ താരതമ്യപ്പെടുത്തലുകളുണ്ടാവുന്നു. അസംതൃപ്തിയുണ്ടാ വുന്നു. കർതൃത്വഭാവം പേറുന്നവളുടെ ജീവിതം ചോദ്യചിഹ്നമാവുന്നു.

ചന്ദനമരങ്ങൾക്കുശേഷം വന്ന പെണ്ണെഴുത്തുകാരുടെ എല്ലാ വിമതരതിക്ക ഥകളിലും കൃത്യമായി രാഷ്ട്രീയബോധമുണ്ട്. അവ വിമതലൈംഗികതയെ തള്ളു കയോ കൊള്ളുകയോ ചെയ്യുന്നതുപോലും ഈ രാഷ്ട്രീയപരിസരത്തിലാണ്. ഇന്ദുമേനോന്റെ 'ലെസ്ബിയൻ പശു'വും സി.എസ്.ചന്ദ്രികയുടെ 'കനി', കെ. ആർ.മീരയുടെ 'കമിങ്ങ് ഔട്ട്', സി.എസ്.ചന്ദ്രികയുടെ 'കാഞ്ചീപുരം', ചന്ദ്രമതി യുടെ 'ശ്രീഹവ്യയും ചില അക്കാദമിക് പ്രശ്നങ്ങളും' തുടങ്ങിയ കഥകൾ സൂക്ഷ്മ മായി വിശകലനം ചെയ്യുമ്പോൾ വിമതലൈംഗികതയെ സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലത്തിൽ വിശകലനം ചെയ്യാനുള്ള ശ്രമം നടത്തുന്നുണ്ട്.

ശ്രീഹവ്യയും ചില അക്കാദമിക് പ്രശ്നങ്ങളുമെന്ന കഥ വിപ്ലവപരമായ ആഹ്വാനങ്ങൾക്കൊന്നും ഇടനൽകാതെ സമൂഹത്തിൽ ഇത്തരം ബന്ധങ്ങൾ യാഥാർത്ഥ്യമാണെന്ന് ബോധ്യപ്പെടുത്തുകയും അക്കാദമിക ഗവേഷണരംഗത്തെ വരേണ്യബോധത്തെ പരിഹസിക്കുകയും ചെയ്യുന്നു. സംഗീത ശ്രീനിവാസന്റെ 'ആസിഡ്' അതിസങ്കീർണ്ണമായ ബന്ധങ്ങളുടെ കൂടിക്കുഴയലുകൾക്ക് ലഹരി നൽകുന്ന ഉൻമത്താവസ്ഥയെ ആഖ്യാനം ചെയ്യാൻ ശ്രമിക്കുന്നതോടൊപ്പം വിമതബന്ധത്തിൽ ഏർപ്പെട്ടുപോയതുകൊണ്ടുമാത്രം പരസ്പരം കെട്ടപ്പെട്ടുകിട ക്കുന്ന അമ്മയായ ഒരു സ്ത്രീയും അവിവാഹിതയും തമ്മിലുള്ള ബന്ധത്തെയാണ് തുറന്നുകാട്ടുന്നത്. വിമതലൈംഗികതയുടെ ചിത്രീകരണത്തിലോ ആ ബന്ധ ത്തിന്റെ ഇഴയടുപ്പത്തിലോ എഴുത്തുകാരി കാര്യമായി ശ്രദ്ധിക്കുന്നില്ല എന്നുമാത്ര മല്ല, യഥാർത്ഥ വിമതഭോഗിയുടെ പ്രശ്നങ്ങളല്ല കഥാകാരി ഉൾപ്പെടുത്തിയിട്ടുള ളത്. ലഹരിക്കടിമയായിപ്പോകുന്ന ഒരു വ്യക്തിയുടെ വികലജീവിതത്തിന്റെ താളം തെറ്റലും മരണവുമാണ് ഇത് ചിത്രീകരിച്ചിരിക്കുന്നത് എന്ന് കാണാം. എന്നാൽ 'ദുഷ്യന്തനും ഭീമനുമില്ലാത്ത ലോകം' വിമതപ്രണയത്തിൽ അകപ്പെട്ടുപോയ ഒരു പെൺകുട്ടിക്ക് മാതാപിതാക്കൾ നൽകുന്ന വിവാഹജീവിതം ശിക്ഷയായി മാറുന്നതിന്റെ സാക്ഷ്യമാണ്.

'ലേഡീസ്കമ്പാർട്ടുമെന്റിലും' 'ജലത്തിലൂടെ നടക്കുന്ന കന്യകമാരിലും' പരസ്പരം ആശ്രയവും സ്നേഹവുമായി വിമതരതി പടർന്നുനിൽക്കുന്നു. 'സ്വപ്നാടനത്തിനിടയിൽ' എന്ന കഥയിൽ പുരുഷന്റെ അഭാവമാണ് ഒരു സ്ത്രീയെ വിമതരതിയിലേക്ക് നയിക്കുന്നത് എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. സുരക്ഷിത മായ കുടുംബസംവിധാനങ്ങൾക്ക് ലെസ്ബിയനിസമുൾപ്പെടെയുള്ള വിമതലൈംഗി കബന്ധങ്ങളെ തടഞ്ഞുനിർത്താനാവുമെന്ന് തെളിയിക്കുകയാണ് ഇന്ദുമേനോന്റെ 'ലെസ്ബിയൻ പശു'. എന്നാൽ 'ഹിജഡയുടെ കുട്ടി' സ്വത്വബോധത്തിനകത്തു നിർത്തി മകന്റെ പുരുഷത്വം തെളിയിക്കാനുള്ള ഒരമ്മയുടെ വെമ്പലും ആരാണ് അമ്മ, ആരാണ് അച്ഛൻ എന്നീ ചോദ്യങ്ങൾ ഉയർത്തുന്ന ഒരു പെൺകുട്ടിയുടെ മന സ്സുമാണ് തുറന്നുകാണിക്കുന്നത്.

ജലത്തിലൂടെ നടക്കുന്ന രണ്ടു കന്യകമാരിൽ സ്വവർഗ്ഗാനുരാഗികളെ ക്രൂര മായി മർദ്ദിച്ച്, പരിഹസിച്ച് അടിച്ചമർത്താൻ പൊതുസമൂഹം കാണിക്കുന്ന അമി തോത്സാഹത്തെ തുറന്നുകാണിക്കുന്നു. പ്രാകൃതശിക്ഷാവിധിപോലെ തലമു

ണ്ഡനം ചെയ്ത് ഇരുട്ടറയിൽ തള്ളപ്പെടുന്ന അമുദയും തമിഴ് പോലീസുകാരിയുടെ അക്രണത്തിനിരയായി ഗർഭപാത്രം നഷ്ടപ്പെടുന്ന റസിയയും പരസ്പരം പ്രണയിച്ചതിന്റെ പേരിൽ മാത്രം ശിക്ഷിക്കപ്പെട്ടവരാണ്.

സ്വന്തം പിതാവുപോലും കാണിക്കാത്ത ദയ അമുദയോട് കാണിക്കുന്നത് റസിയയാണ്. അമുദ അനുഭവിക്കുന്ന ഭിന്നവർഗ്ഗലൈംഗികജീവിതസംബന്ധിയായ പ്രശ്നങ്ങളിൽനിന്ന് അവളെ രക്ഷിച്ച് തന്നിലേക്ക് കൊണ്ടുവരാൻ റസിയ കാണിക്കുന്ന തന്റേടവും താത്പര്യവും ആ ബന്ധത്തിന്റെ ആഴം തുറന്നുകാണിക്കുന്നു.

വിമതലൈംഗികത ചിത്രീകരിച്ച പെണ്ണെഴുത്തുകാരുടെ ഏതു കൃതികളിലും ആഴത്തിലുള്ള ഹൃദയബന്ധത്താൽ പരസ്പരം കൂടിച്ചേരുന്ന സ്നേഹബന്ധവും ഇണകൾ സ്നേഹത്തിനുവേണ്ടി മരണം വരിക്കാൻ തയ്യാറാകുന്നതും കാണാം. എന്നാൽ പാശ്ചാത്യനാടുകളിൽ വിമതലൈംഗികതയ്ക്ക് ലഭിച്ച സ്വീകാര്യത അതിന്റെ ആഴത്തിലും പരപ്പിലും ഉൾക്കൊള്ളാൻ സാറാ ജോസഫിന്റെ ആളോഹരി ആനന്ദത്തിനുമാത്രമെ സാധിച്ചിട്ടുള്ളൂ. എങ്കിലും സാമൂഹ്യവ്യവസ്ഥയിൽ ആൺ അധികാരങ്ങൾ ചിട്ടപ്പെടുത്തിയ കുടുംബ ദാമ്പത്യവ്യവസ്ഥയിൽ പ്രത്യുത്പാദന സമ്പ്രദായങ്ങൾക്ക് വെല്ലുവിളികൾ സൃഷ്ടിക്കുവാൻ മാധവിക്കുട്ടി മുതൽക്കുള്ള എഴുത്തുകാരികൾക്ക് ആയിട്ടുണ്ട്. വിമതലൈംഗികത എന്ന വിഷയം ചർച്ചയാകുന്നതിനുമുമ്പേ അത് ചിത്രീകരിക്കാൻ മാധവിക്കുട്ടി കാണിച്ച ധൈര്യം ഇന്നും മറ്റ് പെണ്ണെഴുത്തുകാർക്ക് കൈവന്നിട്ടില്ല. രതി സ്വാഭാവികമോ വിമതമോ ആകട്ടെ സ്ത്രീമനസ്സിൽ അത് നിഗൂഹനം ചെയ്യപ്പെട്ടുതന്നെ കിടക്കുന്നു. ഇന്ദുമേനോന്റെ 'ജലത്തിലൂടെ നടക്കുന്ന കന്യകമാർ' മാത്രമേ വിമതരതിരീതികളെ ആവിഷ്കരിക്കുന്നതിൽ മാധവിക്കുട്ടിയിടെ ആവിഷ്കരണ രീതിക്കൊപ്പമെങ്കിലും എത്തിനിൽക്കുന്നുള്ളൂ.

ചന്ദനമരങ്ങളിൽ ലെസ്ബിയൻ ബന്ധത്തെ കാവ്യാത്മകഭാഷകൊണ്ട് അവതരിപ്പിക്കാൻ മാധവിക്കുട്ടിക്ക് സാധിക്കുമ്പോൾ പുതിയ കാലഘട്ടത്തിന്റെ അധികാരരൂപങ്ങളെ യുക്തിഭദ്രമായി കഥയിലൊളിപ്പിച്ച് വിമതലൈംഗികരെ സമൂഹത്തിന് പരിചയപ്പെടുത്താനാണ് മറ്റ് പെണ്ണെഴുത്തുകാരുടെ ശ്രമം.

വിമതലൈംഗികരെ സമൂഹം അംഗീകരിച്ചേ മതിയാവൂ എന്ന നിർബന്ധബുദ്ധി സാറാ ജോസഫിന്റെ 'ആളോഹരി ആനന്ദം' പങ്കുവെക്കുന്നുണ്ടെങ്കിലും

സന്ധ്യ.വി.സതീഷിനെപ്പോലുള്ള പുതുതലമുറയിലെ എഴുത്തുകാർ വിമതര തിയുടെ ആവിഷ്കരണം ഇക്കിളിസാഹിത്യത്തിന്റെ പരിധിയിൽത്തന്നെ നില നിർത്തുന്നു. വിമതലൈംഗികന്റെ ജീവിതപ്രശ്നമോ ലിംഗസമത്വബോധമോ എഴു ത്തുകാരിയുടെ രചനയെ ബാധിക്കുന്നില്ല. കെ.ആർ.മീരയുടെ 'കമിങ്ങ് ഔട്ട്' ഒരു സ്വവർഗ്ഗാനുരാഗിയുടെ ഭാര്യ അനുഭവിക്കുന്ന കുറ്റബോധത്തെയാണ് വെളിപ്പെടു ത്തുന്നതെങ്കിൽ, 'കനി' സ്വവർഗ്ഗഭോഗിയായ ഭർത്താവിനുവേണ്ടി തന്നെത്തന്നെ ഇല്ലാതാക്കുന്ന, മരണം സ്വീകരിക്കുന്ന ഒരു ഭാര്യയുടെ കഥയാണ്. രണ്ടുകഥക ളിലും വിമതരതിയെ കുടുംബജീവിതസങ്കല്പത്തിൽ പ്രതിസ്ഥാനത്തു തന്നെ നിൽക്കുന്നു.

വരുംകാലമെങ്കിലും പൊതുസമൂഹത്തിന്റെ കണ്ണുതുറപ്പിക്കുമെന്നും സ്വവർഗ്ഗപ്രണയികളുടെ നിർബന്ധിത വിവാഹസാഹചര്യങ്ങളിൽനിന്നും അവരനു ഭവിക്കുന്ന മാനസിക-ശാരീരിക-സാമൂഹിക പ്രശ്നങ്ങളിൽനിന്നും മോചനമാകും എന്നുള്ള പ്രതീക്ഷയ്ക്ക് വകനൽകിക്കൊണ്ടാണ് ഇത്തരം കഥകൾ അവസാനിക്കു ന്നത്. എന്നിരുന്നാൽ തന്നെ അമ്പതുകളിൽ മാധവിക്കുട്ടി കാണിച്ച ആവിഷ്കാര സ്വാതന്ത്ര്യബോധം ഇന്നത്തെ തലമുറയിൽപ്പെട്ട പെണ്ണെഴുത്തുകാർക്ക് കൈവന്നി ട്ടില്ലായെന്നത് ഇന്ദു മേനോന്റെ കഥകളും തുടർന്ന് വരുന്ന മറ്റ് പെൺരചനകളും സാക്ഷ്യപ്പെടുത്തുന്നു.

### കുറിപ്പുകൾ

1. സ്റ്റോൺ വാൾ പ്രക്ഷോഭം, 1968, ജൂൺ 28, (രണ്ടാം അദ്ധ്യായത്തിൽ വിശദമാക്കിയിട്ടുണ്ട്).
2. മാധവിക്കുട്ടി, *"സ്ത്രീ"*, കഥ, (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1947, ജൂൺ 22, പുസ്തകം 25, ലക്കം. 14).
3. മാധവിക്കുട്ടി, *മാധവിക്കുട്ടികൃതികൾ സമ്പൂർണം - ചന്ദനമരങ്ങൾ,* (രണ്ടാം വോള്യം, രണ്ടാം പതിപ്പ്, ഡി.സി. ബുക്സ്, കോട്ടയം, മാർച്ച് 2011), പുറം 158.
4. ടി. പുറം 159.
5. ടി. പുറം 160.
6. ടി. പുറം 162.
7. ടി. പുറം 176.
8. മാധവിക്കുട്ടി, കെ.എൽ. മോഹനവർമ്മ, *അമാവാസി,* (ഒന്നാം പതിപ്പ്, പൂർണ പബ്ലിക്കേഷൻ, ജനുവരി 2007), പുറം 27.
9. ടി. പുറം 53.
10. ടി. പുറം 70, 71.
11. ടി. പുറം 111.
12. ടി. പുറം 121.
13. മാധവിക്കുട്ടി, *മാധവിക്കുട്ടികൃതികൾ സമ്പൂർണം - ചതി,* (രണ്ടാം വോള്യം, രണ്ടാം പതിപ്പ്, ഡി.സി. ബുക്സ്, കോട്ടയം, മാർച്ച് 2011), പുറം 252.
14. മാധവിക്കുട്ടി, *മാധവിക്കുട്ടികൃതികൾ സമ്പൂർണം-നപുംസകങ്ങൾ,* (രണ്ടാം വോള്യം, രണ്ടാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം, മാർച്ച് 2011), പുറം 642.
15. ടി. പുറം 643.
16. ഇന്ദുമേനോൻ, *കഥകൾ - ലെസ്ബിയൻ പശു,* (ഒന്നാം പതിപ്പ്, ഡി.സി. ബുക്സ് കോട്ടയം, നവംബർ 2010), പുറം 95.
17. ടി. പുറം 95.
18. ടി. പുറം 95.
19. ടി. പുറം 98.

20. ഇന്ദുമേനോൻ, *കഥകൾ - മഴയുടെ ചെറിയ കാലടയാളങ്ങൾ,* (ഒന്നാം പതിപ്പ്, ഡി.സി. ബുക്സ് കോട്ടയം, നവംബർ 2010), പുറം 45, 46.

21. ഇന്ദുമേനോൻ, *കഥകൾ -കടൽനായ,* (ഒന്നാം പതിപ്പ്, ഡി.സി. ബുക്സ് കോട്ടയം, നവംബർ 2010), പുറം 198.

22. ടി. പുറം 168, 169.

23. ടി. പുറം 171.

24. ടി. പുറം 172.

25. ടി. പുറം 173.

26. ടി. പുറം 173, 174.

27. ടി. പുറം 175.

28. ഇന്ദുമേനോൻ, *കഥകൾ -ജലത്തിലൂടെ നടക്കുന്ന കന്യകമാർ,* (ഒന്നാം പതിപ്പ്, ഡി.സി. ബുക്സ് കോട്ടയം, നവംബർ 2010), പുറം 204.

29. ഇന്ദുമേനോൻ, *കഥകൾ -ചില സ്വപ്നങ്ങളിൽ സീതാലക്ഷ്മിയുടെ കറുത്ത മുടിയിഴ,* (ഒന്നാം പതിപ്പ്, ഡി.സി. ബുക്സ് കോട്ടയം, നവംബർ 2010), പുറം 138.

30. ടി. പുറം 138.

31. ഇന്ദുമേനോൻ, *"മൃതിനിർവ്വേദം"* - കഥ (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2015 ഓഗസ്റ്റ്, പുസ്തകം 93, ലക്കം 23).

32. ടി.

33. ഇന്ദുമേനോൻ, *കഥകൾ -ഹിജഡയുടെ കുട്ടി,* (ഒന്നാം പതിപ്പ്, ഡി.സി. ബുക്സ് കോട്ടയം, നവംബർ 2010), പുറം 224.

34. ടി. പുറം 224.

35. ടി. പുറം 225.

36. സാറാ ജോസഫ്, *ആളോഹരി ആനന്ദം*, (രണ്ടാം പതിപ്പ്, കറന്റ് ബുക്സ്, തൃശ്ശൂർ, ജനുവരി 2014), പുറം 127.

37. ടി. പുറം 131.

38. ടി. പുറം 139.

39. ടി. പുറം 141.

40. ടി. പുറം 142.

41. ടി. പുറം 168.

42. ടി. പുറം 175.

43. ടി. പുറം 175.

44. ടി. പുറം 196.

45. ടി. പുറം 198.

46. ടി. പുറം 202.

47. ടി. പുറം 221.

48. ടി. പുറം 225.

49. ടി. പുറം 197.

50. ടി. പുറം 247.

51. ടി. പുറം 247.

52. സന്ധ്യ വി.സതീഷ്, *വീണ്ടും രണ്ടു പെൺകുട്ടികൾ,* (ഒന്നാം പതിപ്പ്, ഡി. സി. ബുക്സ്, കോട്ടയം, നവംബർ 2011), പുറം 52.

53. അരുന്ധതി റോയ്, (വിവ.) പ്രിയ എസ്, *കുഞ്ഞുകാര്യങ്ങളുടെ ഒടേതമ്പുരാൻ*, (ഒന്നാം പതിപ്പ്, ജനുവരി 2011), പുറം 121.

# അധ്യായം അഞ്ച്

# വിമതലൈംഗിക ജീവിതം, അനുഭവം –ആത്മകഥകളിൽ

വിമതലൈംഗികരുടെ ജീവിതം കഥകളിലും നോവലുകളിലും ആവിഷ്കരിക്കപ്പെടുമ്പോഴും യഥാർത്ഥജീവിതാനുഭവത്തിൽ വിമതലൈംഗികൻ നേരിടുന്ന വെല്ലുവിളികൾ പൂർണ്ണ അർത്ഥത്തിൽ ആവിഷ്കരിക്കപ്പെടുന്നില്ല. അതുമല്ലെങ്കിൽ ഉത്തമപുരുഷാഖ്യാനത്തിൽനിന്ന് അനുഭവങ്ങളെ രേഖപ്പെടുത്താൻ എഴുത്തുകാർ ഇന്നും മടിക്കുന്നു എന്നുവേണം കരുതാൻ. മാധവിക്കുട്ടിയെപ്പോലുള്ള എഴുത്തുകാർ ആത്മകഥയിലൂടെയും മറ്റും വിമതലൈംഗികാനുഭവം സൂചിപ്പിച്ചപ്പോൾ, മുഖംചുളിഞ്ഞുപോയ മലയാളികളുടെ മനസ്സിലേക്ക് തങ്ങളുടെ ആത്മകഥാനുഭവങ്ങളുമായി ചിലർക്ക് കടന്നുവരേണ്ടിവന്നത് ഈ മണ്ണിൽ മനുഷ്യനായി ജീവിക്കാനുള്ള അവകാശം തേടിയാണ്. വിമതലൈംഗികജീവിതത്തിനു പുറത്തുള്ളൊരാൾ കഥപറയുമ്പോൾ ലഭിക്കുന്ന അനുഭവമല്ല, വിമതലൈംഗികനായ ഒരാൾ തന്റെ ജീവിതകഥ നേരിട്ടുപറയുമ്പോൾ വായനക്കാരന് ലഭിക്കുക. വിമതലൈംഗികൻ തന്റെ സമൂഹത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നഭരിതമായ ജീവിതാനുഭവത്തിന്റെ നേർവിവരണങ്ങൾ ഇത്തരം ആത്മകഥകളിൽ കാണാം. ഒരു കൗതുകത്തിനപ്പുറത്തേക്ക് മനുഷ്യരായി പരിഗണിക്കപ്പെടാൻ കൊതിക്കുന്ന ഒരുകൂട്ടത്തെ പ്രതിനീധീകരിച്ച് ഒരാൾപറയുന്ന കഥ, വിമതലൈംഗികസമൂഹത്തിന്റെ മൊത്തം വേദനയും ഉൾക്കൊള്ളുന്നു എന്ന് പൊതുസമൂഹം മനസ്സിലാക്കേണ്ടതുണ്ട്.

## 5.1 മാധവിക്കുട്ടി – എന്റെ കഥ

സ്വവർഗ്ഗപ്രേമത്തിന്റെ വ്യത്യസ്തകാഴ്ചകൾ 'എന്റെകഥ'യിൽ കാണാം. ഒന്ന് കുട്ടിയായിരിക്കുന്ന കാലത്ത് തന്റെ കൂട്ടുകാരി തനിക്കു നൽകിയ പ്രണയലേഖനത്തെക്കുറിച്ച് പറയുന്നിടത്താണ്.

''എന്റെ സഹപാഠിയായ ദേവകി ആയിടയ്ക്ക് എനിക്ക് ഒരു കത്തു തന്നു. അതു വീട്ടിൽ പോയി വായിക്കണം എന്നും അതിന്റെ മറുപടി പിറ്റേന്നാൾ സ്കൂളിലേക്ക് കൊണ്ടുവരണം എന്നും ദേവകി എന്നോടു പറഞ്ഞു.''

എന്റെ പ്രാണസഖീ, ഞാൻ കമലയെ സ്നേഹിക്കുന്നു, എന്റെ ജീവനാഥേ എന്നും മറ്റും ദേവകി എഴുതിക്കൂട്ടിയിരുന്നു. അമ്മമ്മ അന്ന് എന്നെ ദേഷ്യപ്പെട്ടു അത്തരം കത്തുകൾ തോന്ന്യാസ കത്തുകളാണെന്നും അമ്മമ്മ പറഞ്ഞു. ദേവകി എന്നോടു മറുപടി തരുവാൻ പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു: 'എനിക്ക് കത്തെഴുതാൻ അറിയില്ല' ദേവകിക്ക് അതോടെ എന്നെ മടുത്തു. പിന്നീടവൾ ക്ലാസിലെ ഏറ്റവും പ്രായംകൂടിയ പെൺകുട്ടിയുമായി കത്തിടപാടു തുടങ്ങി അത് ഒരു കൊല്ലക്കാലം നീണ്ടുനിന്നു.[1]

ഇവിടെ സ്വവർഗ്ഗപ്രണയത്തിന്റെ ആരംഭമാണ് കാണുന്നത്. അറിവുള്ള ആളാണെങ്കിലും മുത്തശ്ശി അത്തരം കാര്യങ്ങൾ തോന്ന്യാസമായി കാണുന്നു. എന്നാൽ അതേ ക്ലാസിലെ ഗോവിന്ദക്കുറുപ്പെന്ന നിഷേധിയെ വിവാഹം കഴിക്കണം എന്ന് മാധവിക്കുട്ടി ആവശ്യപ്പെട്ടപ്പോൾ:

''ഛേ, വിഡ്ഢിത്തം പറയരുത്'' അമ്മമ്മ പറഞ്ഞു. ദേഷ്യപ്പെടുന്നതിനുപകരം അവർ ചിരിക്കുകയാണ് ഉണ്ടായത്.[2]

ഇവിടെ സാമൂഹികമായ കാഴ്ചപ്പാടിന്റെ ഒരന്തരം കാണാം. പെൺകുട്ടി മറ്റൊരു പെൺകുട്ടിക്ക് കത്തെഴുതുന്നത് തോന്ന്യാസമായും ചെറുപ്രായത്തിൽ വിവാഹക്കാര്യം ആവശ്യപ്പെടുന്നത് വിഡ്ഢിത്തമായും വിലയിരുത്തപ്പെടുന്നു.

ഒമ്പതാം വയസ്സിൽ തൃശ്ശൂരിലെ ഒരു ബോർഡിങ്ങിൽ ചേർന്ന കാലത്ത് മറ്റൊരു സ്വവർഗ്ഗപ്രേമത്തിനും സാക്ഷ്യം വഹിക്കുന്നുണ്ട് മാധവിക്കുട്ടി.

''ശാരദ സിങ്കപ്പൂരിൽ വളർന്നവളായതുകൊണ്ട് ഭംഗിയായി തയ്പിച്ച പല ഉടുപ്പുകളും അവൾക്ക് ഉണ്ടായിരുന്നു. പ്രത്യേകഭംഗിയുള്ള കണങ്കാലുകൾ പ്രദർശിപ്പിച്ചുകൊണ്ടു നടന്നിരുന്ന ശാരദയെ പ്രേമിക്കാനും ആരാധിക്കാനും സ്വവർഗ്ഗപ്രേമികൾ ഒരുങ്ങിപ്പുറപ്പെട്ടു. പക്ഷേ, ശാരദ അവരെ കഠിനമായി ശകാരിച്ചു. ഒടുവിൽ ഫ്ളോറി എന്നൊരുത്തി ഒഴികേ എല്ലാവരും പിൻമാറി. ഫ്ളോറി ശാരദ മുറിയിലില്ലാത്തപ്പോൾ അവളുടെ തലയണ ചുംബിക്കുകയും അവളുടെ തോർത്തുമുണ്ട് മണക്കുകയും മറ്റും ചെയ്തുകൊണ്ടിരുന്നു''.[3]

'വസ്തുകാമുകത' (ഫെറ്റിഷിസം) എന്ന മനോരോഗമാണ് ഇവിടെ ഫ്ളോറിക്ക്. താൻ ആഗ്രഹിക്കുന്ന വ്യക്തിയുടെ സാമീപ്യമില്ലാത്തപ്പോൾ അവ

രുടെ വസ്ത്രങ്ങളും മറ്റും കട്ടെടുക്കുക, ചുംബിക്കുക, അതിലൂടെ രതിനിർവൃതി നേടുക എന്ന മനോരോഗാവസ്ഥയാണിത്.

പതിനാലാം വയസ്സിൽ ഡാൻസുപഠിപ്പിക്കാൻ വന്ന ഒരു പെൺകുട്ടി തന്നെ ചുംബിക്കുന്നതായും കെട്ടിപ്പിടിച്ച് പ്രണയിക്കുന്നവെന്ന് പറഞ്ഞതായും മാധവി ക്കുട്ടി രേഖപ്പെടുത്തുന്നുണ്ട്. ''ഞാൻ നിന്നെ സ്നേഹിക്കുന്നു.''എന്നവൾ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു. അന്നെനിക്ക് പതിനാല് വയസ്സായിരുന്നു. ഞാൻ ആ ചുംബനത്തിനുമുന്നിൽ കീഴടങ്ങി. ആദ്യമായി എന്നെ വിലയിരുത്താൻ ഒരുമ്പെട്ട ആ പെൺകുട്ടിയോട് ഇപ്പോഴും എനിക്ക് നന്ദിയുണ്ട്. അവൾ ഉണ്ടാക്കി ത്തന്ന ആത്മവിശ്വാസം പിന്നീടൊരിക്കലും എന്നെ കൈവിട്ടിട്ടില്ല.[4]

ഇത്തരം അവസ്ഥകളാൽ അനുഭവസമ്പത്തുള്ള മാധവിക്കുട്ടിയുടെ ജീവി തത്തെ ഉലച്ച സംഭവമാണ് ഭർത്താവിന്റെ സ്വവർഗ്ഗരതിതാത്പര്യം. പ്രസവിക്കാ നായി നാട്ടിൽ പോയി തിരിച്ചെത്തിയ ഭാര്യയെ സ്വീകരിക്കാൻ സ്ത്രൈണഭാവം പ്രകടിപ്പിക്കുന്ന മുഖവും ചെറിയ ശരീരഘടനയുമുള്ള ഒരു ചെറുപ്പക്കാരൻ സ്നേഹിതനേയും കൂട്ടിയാണ് ഭർത്താവായ ദാസ് റെയിൽവേസ്റ്റേഷനിൽ എത്തു ന്നത്.

അനാരോഗ്യത്താൽ ഭാര്യ കഷ്ടപ്പെടുന്ന കാലത്ത് അദ്ദേഹം തന്റെ ലൈംഗി കാവശ്യങ്ങൾ നിർവഹിക്കുന്നത് സുഹൃത്തിൽനിന്നാണ്.

''അദ്ദേഹം തന്റെ സ്നേഹിതനുമായി കൂടുതൽ അടുത്തു. അവർ അന്യോന്യം സ്നേഹപ്രകടനങ്ങൾ നടത്തുമ്പോൾ ഞാൻ ആ മുറിവിട്ടുപോന്നു. അവർ കാമുകീ-കാമുകൻമാരെപോലെ പെരുമാറി. എന്റെ പിറന്നാൾ ആഘോഷി ക്കുവാൻ എന്നു പറഞ്ഞ് ഒരു ദിവസം രാവിലെ. അന്നു ഞായറാഴ്ചയായിരുന്നു. അവർ എന്നെ പുറത്താക്കിയിട്ടു കിടപ്പുമുറിയിൽ കടന്നു വാതിൽ അടച്ചുപൂട്ടി ഞാൻ കരച്ചിലൊതുക്കികൊണ്ടു പുറത്തുപോന്നു.''[5]

കുടുംബജീവിതത്തിന്റെ ബന്ധനത്തിൽ അടക്കപ്പെട്ടതിനാൽ രോഗി യായിത്തീർന്ന ഭാര്യ, ലൈംഗികദാഹം അമിതമായ ഭർത്താവ് അനുയോജ്യരായ സ്ത്രീകളെ ലഭിക്കാത്തതിനാലാവണം അയാൾ സുഹൃത്തിനോടൊപ്പം സ്വവർഗ്ഗ

രതിയിൽ ഏർപ്പെടുന്നത്. അമിത ഭോഗാസക്തി പുലർത്തിയിരുന്ന ദ്വിലൈംഗിക നാണ് തന്റെ ഭർത്താവ് എന്ന തിരിച്ചറിവ് മാധവിക്കുട്ടിയെ തളർത്തുന്നു.

ഇത്തരം കാഴ്ചകൾ ഇന്നത്തെ സാമൂഹികസാഹചര്യത്തിൽ ധാരാളം കാണാം. പലബന്ധങ്ങളും വിവാഹമോചനത്തിലോ മരണത്തിലോ കലാശിക്കുന്നു. സമാന വേദനകളനുഭവിക്കുന്ന ആയിരക്കണക്കിന് സ്ത്രീകൾ വിവാഹമോചനം നേടുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്യുന്നത് ഇന്ന് വാർത്തകളിൽ നിറയു ന്നു.

## 5.2 ജറീന-ഒരു മലയാളി ഹിജഡയുടെ ആത്മകഥ (2006)

മധ്യകേരളത്തിൽ പുരുഷശരീരത്തോടും സ്ത്രീമനസ്സോടും കൂടി ജനിച്ച് പതിനെട്ടാം വയസ്സിൽ ബാംഗ്ലൂരിലെ അൾസൂരിലെത്തി സന്ധ്യ എന്ന സ്ത്രീനാമം സ്വീകരിച്ച് ഹിജഡയായി ജീവിച്ചു. ഹൈദരാബാദിൽവെച്ച് സന്ധ്യ എന്ന നാമം മാറ്റി ജറീന എന്നു പേരു സ്വീകരിച്ചു. 'ഒരു മലയാളിയായ ഹിജഡയുടെ ആത്മ കഥ'യിൽ സ്ത്രീ/പുരുഷൻ എന്ന സാമൂഹികവിഭജനം ഒരു മനുഷ്യജീവിയുടെ ജീവിതത്തെ എങ്ങനെ ബാധിച്ചു എന്നതിന്റെ നേർക്കാഴ്ചയാണ് വിവരിക്കുന്നത്.

മനുഷ്യൻ സമം പുരുഷൻ എന്ന കാഴ്ചപ്പാടാണ് ഇന്നും പ്രയോഗത്തിൽ പുലരുന്നത്. ആണിന്റേതും പെണ്ണിന്റേതുമായ ഈ ലോകത്തിൽ ദുർബലരായ തങ്ങളുടെ വേദനകൾ കാണാൻ ബഹുഭൂരിപക്ഷവും തയ്യാറാവുന്നില്ല എന്നും തങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്നവർപോലും വിമർശിക്കപ്പെടുന്നു എന്നും തുറ ന്നുപറയുന്നു.

ജറീന ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ പെൺകുട്ടികളുടെ വസ്ത്ര ങ്ങൾ ധരിക്കാനായിരുന്നു ഇഷ്ടം. അടുത്താരുമില്ലാത്തപ്പോൾ ചേച്ചിയുടെ വളയും മാലയുമൊക്കെയണിഞ്ഞ് കണ്ണെഴുതി, പൊട്ടുതൊട്ട് കണ്ണാടിക്ക് മുന്നിൽനിന്ന് സ്വയം പെണ്ണായി അംഗീകരിച്ചു. അടുക്കള ജോലികൾ ചെയ്യാൻ വലിയ താത്പര്യ മായിരുന്നു. പക്ഷേ ഇത്തരം പ്രവർത്തനങ്ങൾക്ക് വീട്ടിലെ മറ്റുപുരുഷൻമാരുടെ കടുത്ത വിമർശനങ്ങൾ നേരിടേണ്ടിവന്നു. 'ദൈവത്തിന്റെ നോട്ടപ്പിശകുകൊണ്ട് തനിക്ക് പുരുഷശരീരമായിപ്പോയി എന്നാണ് ജറീന വിചാരിക്കുന്നത്. കൂട്ടുകൂടിയ തൊക്കെ പെൺകുട്ടികളുമായിട്ട്, പെൺകുട്ടികൾ അണിയുന്ന വസ്ത്രങ്ങളും അല

ങ്കാരങ്ങളും നോക്കികാണാനും അവയെക്കുറിച്ച് സംസാരിക്കാനുമായിരുന്നു താത്പര്യം. നാലാം ക്ലാസിൽ പഠിക്കുമ്പോൾ സ്കൂളിലെ പ്രധാനാധ്യാപകനാണ് ജറീനയുടെ ശാരീരിക/മാനസിക ഭാവത്തെ അംഗീകരിച്ച ആദ്യപുരുഷൻ.

''വന്യമായ ആസക്തി നിറഞ്ഞ പുരുഷത്വം എന്താണെന്നു ഞാൻ ആദ്യമായി അറിഞ്ഞത് അന്നാണ്. ഒഴിവുകാലമായപ്പോൾ ഏതോ നഷ്ടബോധത്തോടെ, ഉപേക്ഷിക്കപ്പെട്ടവളുടെ വ്യഥയോടെ ഞാൻ വീട്ടിലിരുന്നു.''[6]

ഒൻപതാം ക്ലാസിൽ പഠിക്കുമ്പോഴാണ് തൊട്ടുടുത്തിരിക്കുന്ന പ്രഭാകരന്റെ കണ്ണിലെ പ്രണയത്തെ ജറീന തിരിച്ചറിയുന്നത്. ചപലമെന്ന് മറ്റുള്ളവർക്ക് തോന്നുന്ന തന്റെ പ്രണയത്തെ ജറീന വിചാരണ ചെയ്യുന്നുണ്ടെങ്കിലും ഏതൊരു മനുഷ്യജീവിയെയും പോലെ അത്തരം വികാരങ്ങളെ ആഴത്തിൽ സ്നേഹിക്കാനാണ് ജറീന തയ്യാറാവുന്നത്. തന്റെ സാമൂഹികമനസ്സ് യാഥാർത്ഥ്യത്തിന്റെ ലോകത്തേക്ക് പിടിച്ചുവലിക്കുമ്പോഴൊക്കെ ജറീന തീവ്രമായ മനോവേദന അനുഭവിക്കുന്നു.

''എനിക്കൊരിക്കലും ഒരാൺകുട്ടിയാകാൻ കഴിയില്ല. ആൺകുട്ടികൾ എന്നെ ആണായി സ്വീകരിച്ചിട്ടില്ല. പെൺകുട്ടികൾ അവരുടെ കൂട്ടത്തിലും കൂട്ടിയില്ല. ആണോ പെണ്ണോ എന്നറിയാതെ ആൺ-പെൺ ആയ ഞാൻ കുഴങ്ങി. എന്റെ ശരീരം ആൺകുട്ടിയുടെതായിരുന്നു. എന്നാൽ ഓർമ്മയായ നാൾമുതൽ എന്റെ മനസ്സ് ഒരു പെൺകുട്ടിയുടെതായിരുന്നു''.[7]

ഇവിടെ ജറീന രേഖപ്പെടുത്തിയ മാനസികാവസ്ഥ ഏതു ഭിന്നലിംഗക്കാരനും അനുഭവിക്കുന്ന പ്രശ്നമാണ്. സമൂഹം നിർമിച്ച ഘടനയുടെ ഉള്ളിലേക്ക് തന്നിലെ സ്ത്രീയെയോ/പുരുഷനെയോ മാറ്റിയെടുക്കാനാവാതെ അസ്തിത്വദുഃഖം അനുഭവിക്കുന്നവരാണിവർ. ഈ ദുഃഖം ഭിന്നലിംഗക്കാരിൽ അപകർഷബോധം സൃഷ്ടിക്കുന്നു. നല്ല വിദ്യാഭ്യാസം നേടുന്നതിൽനിന്നും ടെക്കനിക്കലായ ജോലികൾ നേടുന്നതിൽനിന്നും മറ്റും അവർ സ്വയം പിൻവലിയുന്നു. ജീവിതത്തിൽ ഒറ്റപ്പെട്ടു പോകുന്നു. രണ്ടാളുടെ കരുത്തുള്ളവരെങ്കിലും ഇത്തരക്കാരുടെ മാനസികാവസ്ഥ മനസ്സിലാക്കുന്ന പുരുഷൻമാർ തങ്ങളുടെ ലൈംഗികാവശ്യനിവർത്തിക്കായി ഭിന്നലിംഗക്കാരെ ഉപയോഗിക്കുന്നു. മനസ്സിന്റെ അകം തിണ്ണയിൽ

കാരമുള്ളിന്റെ വിഷം ഒളിപ്പിച്ചുവെച്ച ഒരു സമൂഹത്തിനൊപ്പം 'പെണ്ണാണച്ചാരു കൾക്ക്' ജീവിക്കാൻ ഈ മണ്ണിൽ സാധ്യമല്ല എന്ന് തിരിച്ചറിയുന്ന ജറീന അന്ന ന്നത്തെ അന്നത്തിനുവേണ്ടി ലൈംഗികത്തൊഴിലാളിയാവുന്നു.[8]

ഇരുട്ടിന്റെ മറവിൽ സമൂഹത്തിന്റെ നോട്ടങ്ങൾക്കുപിന്നിൽ മാത്രമേ തന്റെ ശരീരം മറ്റുള്ളവർക്ക് ആവശ്യമുള്ളൂ എന്ന തിരിച്ചറിവ്, പുറംലോകത്ത് തങ്ങളെ ഉപയോഗിച്ചവർ പോലും മുഖംതിരിച്ചു നടക്കുമ്പോൾ ഉണ്ടാകുന്ന സങ്കടം ഭിന്നലിം ഗക്കാരെ വീണ്ടും വേദനയുടെ ലോകത്തേക്ക് എത്തിക്കുന്നു.

ശരിക്കും ഒരു സ്ത്രീയാണെന്ന ബോധം വന്നതിനുശേഷം ഒൻപതാം ക്ലാസിൽ പഠിക്കുമ്പോഴാണ് ജറീന പ്രഭാകരനെ പ്രണയിക്കുന്നത്. ഒരു കൗമാരക്കാ രിയുടെ എല്ലാ ചാപല്യങ്ങളോടെയും ജറീന തന്റെ കാമുകനെ പ്രണയിക്കുന്നു. പക്ഷേ, തന്റെ സ്ത്രൈണചേഷ്ടകൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ചിരിക്കാനുള്ള വക നൽകിയിരുന്നു എന്ന് തിരിച്ചറിഞ്ഞ ജറീന തന്നെപ്പോലെ ഹിജഡകളായ എത്രയോപേർ കേരളത്തിൽ പുരുഷനായും സ്ത്രീയായും കഴിഞ്ഞുകൂടുന്നുണ്ട് എന്നും പറയുന്നു.

മനുഷ്യത്വം ഏറെ കുറവുള്ള നാടാണ് നമ്മുടേത്. ക്രൂരപരിഹാസം നേരിടാ നാവാതെ ആത്മഹത്യ ചെയ്യേണ്ടിവരുമോ? ആളുകൾ ദേഹോപദ്രവം ചെയ്യുമോ? എന്നൊക്കെ ഭയന്നാണ് സമൂഹത്തിന്റെ മുന്നിൽ സത്യം വെളിപ്പെടുത്താൻ ഏവരും മടിക്കുന്നത്.

സമൂഹത്തെ നേരിടാനുള്ള ഭയം അവരെ കേരളത്തിന്റെ ജീവിതസാഹ ചര്യങ്ങളിൽനിന്ന് അകറ്റിനിർത്തുന്നു. അങ്ങനെ ബാംഗ്ലൂരിലേക്ക് യാത്രയാകുന്ന ജറീന, മുഹമ്മദലി എന്ന ഹിജഡയുടെ സഹായത്തോടെ ഹമാമിൽ എത്തുന്നു. 1976ൽ ഹമാമിലെത്തിയ ജറീന തന്റെ ഹിജഡാത്വ സ്വീകരണത്തിലേക്കുള്ള പാത യിലേക്കാണ് നടക്കുന്നത്. ഏറ്റവും സ്നേഹപൂർണമായ കുടുംബാന്തരീക്ഷത്തി ലേക്ക് എത്തിപ്പെട്ട ഭാവമായിരുന്നു ജറീനയ്ക്ക്.

തന്റെ പുരുഷവസ്ത്രങ്ങൾ മാറാനും ഒരു സ്ത്രീയായി ജീവിക്കാനും വേണ്ടി യുള്ള തയ്യാറെടുപ്പുകൾക്ക് വേണ്ടിയാണ് ഹമാം ജീവിതം ജറീനയെ സഹായിച്ചത്. മണിലത എന്ന ഹിജഡ ജറീനയെ തന്റെ അനുജത്തിയായി സ്വീകരിക്കുന്നു.

തുടർന്ന് ഹമാമിലെ ഹിജഡാത്വ ജീവിതത്തിലേക്കിറങ്ങുന്ന ജറീന ഹൈദരാബാദ് ഘരാനയിലെ അംഗമാകുന്നു. സുനിത എന്ന ഹിജഡയാണ് ഹൈദരാബാദ് ഘരാനയിലെ ജറീന എന്ന സന്ധ്യയുടെ ഗുരു.

"ഇരുപതോളം വർഷം പുരുഷനായി ജീവിച്ച താൻ ആ നിമിഷം മുതൽ സ്ത്രീയായി പുനർജനിച്ചു"[9] എന്ന് ജറീന പറയുന്നുണ്ട്.

പക്ഷേ, നാടും വീടും വിട്ടുള്ള ജീവിതം ഉള്ളിലെ വേദനയായി ശേഷിക്കുന്നു. ജന്മനാട്ടിലേക്ക് ഹമാമിൽനിന്ന് തിരിച്ചുപോയ ആർക്കും സുഖകരമായ അനുഭവങ്ങളല്ല നേരിടേണ്ടിവന്നിട്ടുള്ളത്. അടിച്ചോ പഴിപറഞ്ഞോ ക്രൂരമായ കുത്തുവാക്കുകൾ കൊണ്ടോ ജന്മനാലഭിച്ച ഭിന്നലിംഗാവസ്ഥ ഒരാളിൽനിന്ന് ഇല്ലാതാക്കാനാവില്ല. മുടിവെട്ടിയാലോ ആൺവേഷം ധരിച്ചാലോ, ഉശിരനായി നടന്നാലോ തന്നിലെ പുരുഷപ്രവണതകളെ വീണ്ടെടുക്കാനാവില്ല എന്ന തിരിച്ചറിവുണ്ട് ഓരോ ഹിജഡയ്ക്കും, അതുകൊണ്ട് തന്നെ സമൂഹത്തിന്റെ ക്രൂരമർദ്ദനങ്ങളെ കുറ്റപ്പെടുത്തലുകളെ അവർ നിശ്ശബ്ദമായി സഹിക്കുന്നു.

അച്ഛനമ്മമാർ, ജന്മംനൽകിയ 'നികൃഷ്ടജന്മ'ത്തെയോർത്ത് വേദനിക്കുമ്പോൾ; ആ 'നികൃഷ്ടജന്മ'ത്തിൽ നിന്നുള്ള മോചനത്തിനായി ആത്മഹത്യ ചെയ്യാൻ ആഗ്രഹിക്കുന്നു ജെറീന.

കള്ളൻ എന്ന പേര് പലപ്പോഴും കേൾക്കേണ്ടിവന്നിട്ടുണ്ട്. ജീവിക്കാൻ മറ്റു നിവൃത്തിയില്ലാതെ രതിക്കായി പുരുഷൻമാരെ സമീപിക്കേണ്ടിവരുന്ന ചില അവസരങ്ങളിലായിരുന്നു അത്.

തന്നിലെ പുരുഷത്വത്തിന്റെ വിസ്മരിക്കാനാവാത്ത ചിഹ്നമായ ലിംഗം ച്ഛേദിച്ചുകളഞ്ഞ ജറീനയുടെ ജീവിതത്തിൽ ഹൃദയംനിറഞ്ഞ് സ്നേഹിക്കാൻ, സംരക്ഷണം നൽകാൻ തനിക്ക് ആരുമില്ലെന്ന തോന്നൽ ശക്തമാവുന്നു. ആ തോന്നലാണ് സുരേന്ദ്രൻ എന്ന പുരുഷന്റെ ഭാര്യാപദവിയിലേക്ക് ജറീനയെ നയിക്കുന്നത്. കാവേരി നഗറിലുള്ള മാരിയമ്മൻ കോവിലിൽവെച്ച് സുരേന്ദ്രനും ജറീനയും വിവാഹിതരാവുന്നുണ്ട്.

തുടർന്നുള്ള ജീവിതത്തിൽ സാമൂഹികസങ്കല്പമനുസരിച്ച് ഒരു ഭാര്യ അനുഷ്ഠിക്കേണ്ട എല്ലാ കർമ്മങ്ങളോടെയും സുരേന്ദ്രനൊപ്പം ആറുവർഷത്തെ ദാമ്പത്യ ജീവിതം നയിക്കുന്നു. പിന്നീട് കായംകുളത്തുകാരിയായ ഗിരിജയെ വിവാഹം കഴിച്ച് ജീവിതം നയിക്കുന്ന സുരേന്ദ്രൻ, ജറീനയിൽനിന്ന് അകലുന്നു. ഇനിയുള്ള ജീവിതം ഒരു സ്ത്രീയായി തന്നെ ജീവിക്കണം എന്നാഗ്രഹിച്ച ജറീനയുടെ ജീവിതത്തിൽ പിന്നീടൊരു ഭർത്താവ് ഉണ്ടാവുന്നില്ല.

തന്റെ സാമൂഹികജീവിതത്തിൽ ജറീന തിരിച്ചറിയുന്ന ബുദ്ധിമുട്ടുകൾ പലതാണ്. പ്രാഥമിക കാര്യങ്ങൾ നിർവഹിക്കാൻ പറ്റുന്ന പൊതുടോയ്‌ലറ്റുകൾ സ്ത്രീക്കും പുരുഷനും മാത്രമായി നിർമിക്കപ്പെട്ടതാണ്. ഹിജഡയ്ക്ക് കയറാൻ പറ്റിയ ടോയ്‌ലറ്റുകളില്ല. ഒരു ബസ്സിൽ കയറിയാൽ സീറ്റിലിരിക്കാൻ കഴിയില്ല. സ്ത്രീകളുടെയടുത്ത് ഇരിക്കുകയാണെങ്കിൽ ഏതോ അന്യഗ്രഹജീവിയെ കണ്ടതുപോലെ ഭയത്തോടെ തുറിച്ചുനോക്കും. പുരുഷൻമാരുടെ അടുത്തിരിക്കുമ്പോൾ സ്ത്രീസഹജമായ ലജ്ജ അനുഭവപ്പെടും. പൊതുസമൂഹം നിസ്സാരമായി പോലും ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാറില്ല. പ്രാഥമികാവശ്യം നിർവഹിക്കാൻ വേണ്ടിയാണെങ്കിലും പൊതുടോയ്‌ലറ്റുകളിൽ കയറിയ ഹിജഡകളെ തേടി ഐ. പി.സി.377-ാം വകുപ്പ് ഉണർന്നിരിക്കുകയാണെന്ന് ജറീന അഭിപ്രായപ്പെടുന്നു.[10]

ലൈംഗിക തൊഴിലല്ലാത്ത മറ്റൊരു തൊഴിലിന് സമൂഹം സാഹചര്യം നൽകുന്നില്ല. പെൻഷനോ, റേഷൻകാർഡോ ഐഡന്റിറ്റി കാർഡോ ലഭിച്ചിരുന്നില്ല. ലൈംഗികത്തൊഴിലെടുക്കാൻ കഴിയാത്ത കാലഘട്ടത്തിൽ ബതായിയും ഭിക്ഷാടനവും ചെയ്ത്, അവഗണനകൾ സഹിച്ച് തെരുവിൽ കിടന്ന് മരിക്കുന്നു.

പ്രസവിക്കാൻ കഴിയാത്തതിനാൽ ഹിജഡകൾ ദത്തെടുക്കുകയാണ് പതിവ്. ഹിജഡകൾ അമ്മയാവുക എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നത് ദത്തെടുക്കലിലൂടെയാണ്. സ്ത്രീയും പുരുഷനും ആയിട്ടില്ലെങ്കിലും ഹിജഡയായിട്ടൊരു ജന്മം ഇനിയും നൽകരുതേ എന്നുള്ള പ്രാർത്ഥനയോടെ 'രാജു' എന്ന ഇരുപത്തിനാലുകാരനെ ദത്തെടുക്കുന്നുണ്ട്. ലൈംഗികത്തൊഴിൽവിട്ട് സംഗമയുടെ പ്രവർത്തനങ്ങളിലേക്ക് തിരിഞ്ഞ ജറീന നാട്ടിൽ സ്വന്തമായി വാങ്ങിയ സ്ഥലത്ത് ജീവിച്ചുതീർക്കാൻ ആഗ്രഹിക്കുന്നു. പക്ഷേ, സ്ത്രീയായി ജീവിക്കാൻ കഴിയുമെന്ന് ഉറപ്പില്ലാത്തതിനാൽ പുരുഷനായെങ്കിലും ജന്മനാട്ടിൽ തന്നെ ജീവിച്ചുമരിക്കാൻ

ആഗ്രഹിക്കുന്നതുകൊണ്ട് അച്ഛനമ്മമാർ നൽകിയ യഥാർത്ഥനാമധേയം ആത്മകഥയിൽപോലും രേഖപ്പെടുത്തുന്നില്ല. താനൊരു ഹിജഡയാണെന്ന് ജന്മനാട്ടിൽ തിരിച്ചറിയുന്നതിലും ഭേദം മരണമാണ് നല്ലതെന്ന് അവർ വിശ്വസിക്കുന്നു.

ഈ ആത്മകഥയിലൂടെ ജറീന വെളിപ്പെടുത്തുന്ന ചില സത്യങ്ങളുണ്ട്. ഹിജഡകളുടെ പണവും സ്നേഹവും ചൂഷണം ചെയ്ത് അവരെ ആത്മഹത്യയിലേക്കോ കൊലപാതകത്തിലേക്കോ എത്തിക്കുന്നവർ പൊതുസമൂഹത്തിന്റെ ഭാഗമാണ്. 'ഹിജഡകളെ കാണുമ്പോൾ ഒന്ന് കൈവെക്കണമെന്ന് തോന്നാത്ത സാമൂഹികവിരുദ്ധർ കുറവാണ്. പോലീസ് സ്റ്റേഷനിൽ പരാതിയുമായി ചെന്നാൽ ഓരോ അവയവങ്ങളും അവർക്ക് പരിശോധിക്കണം. ഗുദത്തിൽ ലാത്തി കടത്തി പരിശോധിക്കണം. അവർക്ക് ഇഷ്ടാനുസരണം സെക്സ് ചെയ്തുകൊടുക്കണം. അതിനു സമ്മതമില്ലെങ്കിൽ അടിച്ചും ഇടിച്ചും ബലാൽസംഗം ചെയ്യും. പിന്നെ തെളിയപ്പെടാത്ത ഏതെങ്കിലും കേസിലെ പ്രതിയായി പേരു ചേർക്കുകയും ചെയ്യും.[11]

'ഞങ്ങളുടെ പ്രശ്നം മനസ്സുമായി ബന്ധപ്പെട്ടതാണ്. ഒരിക്കലും ഒരു പുരുഷന്റെ വികാരം സ്ത്രീകളോട് ഞങ്ങൾക്ക് തോന്നാറില്ല. സ്ത്രീകളുമായുള്ള സെക്സിന് ഞങ്ങൾക്കൊരിക്കലും കഴിയില്ല. ലെസ്ബിയനിസത്തിന്റെ അസ്വസ്ഥതയാണ് അതു ഞങ്ങളിൽ ഉളവാക്കുന്നത്. ഞങ്ങളുടെ വൈകാരികവും മാനസികവുമായ പ്രശ്നങ്ങളെക്കുറിച്ച് സാധാരണജനങ്ങൾക്ക് അറിഞ്ഞുകൂടാ. സമൂഹത്തിന്റെ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ലജ്ജയില്ലാതെ സ്ത്രീവേഷമിട്ട് നടക്കുകയും പൊതുസ്ഥലങ്ങളിൽ ആടുകയും പാടുകയും മദ്യപിച്ച് കൂത്താടുകയും വ്യഭിചരിക്കുകയും ചെയ്യുന്ന വർഗമാണ് 'ഹിജഡകൾ'. ഇതൊന്നും മനഃപൂർവ്വം ചെയ്യുന്നതല്ല. സമൂഹം നൽകുന്ന വേദനകളെ മനസ്സിൽനിന്നും ദൂരീകരിക്കാൻ അവർക്ക് മറ്റ് മാർഗങ്ങളില്ല. ഹിജഡകൾക്ക് ആരും തൊഴിലു കൊടുക്കുന്നില്ല. സ്ത്രീയാണെന്ന വ്യാജേന ജോലിക്ക് ചേർന്നുകഴിഞ്ഞാൽ ഹിജഡയാണെന്ന് അറിയുന്ന നിമിഷം സ്ഥാപനത്തിൽനിന്ന് പുറത്താക്കും. നീതിപീഠങ്ങൾ സ്ത്രീപുരുഷന്മാർക്കുള്ളതാണ്. ഭിക്ഷാടനം, സെക്സ് വർക്ക് ബതായ്- ഹിജഡകൾക്ക് ഇതൊക്കെയേ വിധിച്ചിട്ടുള്ളു[12] എന്നവർ സമാധാനിക്കുന്നു. വഴിയിലെങ്ങാനും വല്ല ആവശ്യത്തിനും ഇറങ്ങിനിന്നാൽ ഇമ്മോറൽ ട്രാഫിക് പ്രിവൻഷൻ ആക്ടിലെ വകുപ്പനുസരിച്ച് അറസ്റ്റു ചെയ്യപ്പെടും. പൊതുസമൂഹവും നീതിപീഠവും കാണാതെ ഒളിജീവിതം നയിക്കാൻ വിധിക്കപ്പെട്ടവർ, ആർക്കും വേണ്ടാത്തവരായി

നിശ്ശബ്ദരായി കഴിഞ്ഞുകൂടേണ്ടിവന്ന ഈ ഹിജഡാ ജന്മത്തിൽ ഹിജഡകളുടെ മനുഷ്യാവകാശങ്ങൾ അംഗീകരിക്കുന്ന, ഹിജഡയായിപ്പോയതിന്റെ പേരിൽ തല കുനിച്ച് നടക്കേണ്ടുന്ന സാഹചര്യമില്ലാത്ത ഒരു ലോകമാണ് ജറീന സ്വപ്നം കാണുന്നത്.

**5.3 ശ്രീനന്ദു**

**ഇടംതേടി (ഒരു ട്രാൻസ്ജൻഡർ അവളുടെ/അവന്റെ കഥ പറയുന്നു)**

'ഇടംതേടി' (2000) എന്ന ആത്മകഥയിൽ കേരളത്തിൽ ആദ്യമായി തന്റെ ട്രാൻസെക്ഷ്വാലിറ്റി തുറന്നുസമ്മതിക്കുന്ന ശ്രീനന്ദു, തന്റെ മനോവികാരങ്ങളെയും താൻ അനുഭവിക്കേണ്ടിവന്ന ജീവിതപ്രശ്നങ്ങളെയും കുറിച്ച് പറയുന്നു. അച്ഛനമ്മ മാരുടെ രണ്ടാമത്തെ മകളായി പിറന്ന ഉണ്ണിമോൾ എന്ന് വിളിപ്പേരുള്ള നന്ദുവിനെ അവർ ആൺകുട്ടിയായാണ് ചെറുപ്പത്തിൽ വളർത്തുന്നത്. മുടി ക്രോപ്പ് ചെയ്ത് പാന്റ്സും ടീ ഷർട്ടുമിട്ട് ആൺകുട്ടികളെപ്പോലെ ഹീറോസൈക്കിളിൽ സഞ്ചരി ക്കുന്ന നന്ദുവിലേക്ക് ചെറുപ്പത്തിൽ അച്ഛനമ്മമാർ പകർന്നുനൽകിയ ബോധമായി രുന്നു പുരുഷന്റേത്. അതിന് സമ്മതിക്കാതിരുന്നാൽ കരഞ്ഞുകൊണ്ട് ആവശ്യം സ്ഥാപിച്ചെടുക്കാനായിരുന്നു നന്ദുവിന്റെ ശ്രമം.

ചെറുപ്പത്തിലേ തന്റെ പിതൃത്വം നന്ദുവിൽ സംശയം ജനിപ്പിച്ചിരുന്നു. വളരു ന്തോറും ഈ സംശയം പിടിവാശിയായി രൂപപ്പെടുന്നതിനൊടൊപ്പം ഭയാനകമായ രീതിയിൽ വ്യത്തിബോധമായും വളർന്നുവരുന്നു. തന്റെ കുടുംബത്തിലെ സ്വവർഗ്ഗ ഭോഗിയായ കൊച്ചച്ചനുമാത്രമേ തന്നെ മനസ്സിലാകുമായിരുന്നുള്ളൂ എന്ന് നന്ദു ആവലാതിപ്പെടുന്നുണ്ട്. ആൺ/പെൺ ബോധം ഇളംമനസ്സിൽ ഉറയ്ക്കുന്നകാല ത്തിലെ നന്ദു തന്നെ ആൺകുട്ടിയായാണ് കണ്ടത്. തന്റെ ശരീരത്തിലെ പെണ്ണടയാ ളങ്ങളെ അയാൾ വെറുക്കുന്നു. കുറച്ചുനാൾ കഴിഞ്ഞാൽ താനും ചേച്ചിയെപോലെ 'മെൻസസ്' ആവുമെന്നും തന്നിൽ 'സ്ത്രീത്വം' ഉറയ്ക്കുമെന്നും ഭയന്ന് ആത്മ ഹത്യക്ക് ശ്രമിക്കുന്നു.

'ഒന്നുകിൽ എന്നെ ആണാക്കിമാറ്റുക അല്ലെങ്കിൽ മരിക്കാനനുവദിക്കുക' ഇതായിരുന്നു നന്ദുവിന്റെ തീരുമാനം. ചേച്ചിയുടെ വിവാഹസമയത്ത് ഒരാങ്ങള

യുടെ സ്ഥാനത്തുനിന്നും ചേയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്ത നന്ദു തന്റെ പുരുഷത്വം ഉറപ്പിക്കുകയായിരുന്നു.

''പെൺകുട്ടികളുടെ ക്ലാസ്സിൽ ആൺകുട്ടിയായി ഞാനിരുന്നു. ക്ലാസിലെ ഉഴപ്പരായ പെൺകുട്ടികളായിരുന്നു എന്റെ കൂട്ടുകാർ. പാന്റ്സും ഷർട്ടുമായിരുന്നു എന്റെ വേഷം. പാന്റ്സ് ധരിക്കാനുള്ള എളുപ്പവഴിയെന്ന നിലയ്ക്കാണ് ഞാൻ സ്കൗട്ടിൽ ചേർന്നത്. യൂനിഫോം ധരിക്കാത്തതിന് ചില ദിവസങ്ങളിൽ മുഴുവൻ സമയവും എന്നെ ക്ലാസിനു പുറത്തു നിർത്തിയിട്ടുണ്ട്. അപ്പോഴും പെൺകുട്ടികളുടെ യൂണിഫോം ധരിച്ച് ക്ലാസിലിരിക്കുന്നതിനേക്കാൾ ആൺകുട്ടിയായി ക്ലാസിനു പുറത്തു നിൽക്കുന്നതായിരുന്നു എനിക്കിഷ്ടം.''[13]

ക്ലാസിലുണ്ടാകുന്ന പ്രശ്നങ്ങൾ വീട്ടിലറിഞ്ഞപ്പോൾ അച്ഛനും അമ്മയും വഴക്കുപറയുന്നത് അമ്പരപ്പോടെയാണ് നന്ദു കേട്ടുകൊണ്ടിരുന്നത്.

''എല്ലാം അറിയുന്ന അച്ഛൻ, എന്നെ ആൺകുട്ടിയായി വളർത്തിയ അച്ഛൻ എന്തിനാണെന്നെ കുറ്റപ്പെടുത്തുന്നത് എന്നെനിക്കു മനസ്സിലായില്ല. ഞാൻ ആണായാൽ അമ്മയ്ക്ക് എങ്ങനെ പേരുദോഷമുണ്ടാവും എന്നും എനിക്ക് മനസ്സിലായില്ല. ദേവിചേച്ചി പെണ്ണായ സ്ഥിതിക്ക് ഞാൻ ആണാകുന്നതല്ലേ നല്ലത്. ഞാൻ ആലോചിച്ചു.''[14] താൻ ചെയ്യുന്നത് ശരിയാണെന്ന ബോധം അന്നുമുതൽ കുഞ്ഞുനന്ദു മനസ്സിലുറപ്പിച്ചു, ആരുപറഞ്ഞാലും തന്റെ പ്രവൃത്തികളിൽ മാറ്റംവരുത്തില്ലെന്നും.

കുട്ടിക്കാലത്തെ മറ്റൊരു വിനോദമായിരുന്നു സിനിമാപോസ്റ്ററുകൾ മുറിയിൽ കൊണ്ടുവന്ന് ഒട്ടിക്കുക. അതിൽ പുരുഷന്റെ സ്ഥാനത്ത് സ്വന്തം തലവെട്ടി ഒട്ടിക്കും.

അച്ഛൻ ഗൾഫിൽനിന്നും വന്നസമയത്ത് ''അച്ഛന്റെ കയ്യിൽ പണമുണ്ടല്ലോ. ഓപ്പറേഷൻ നടത്തി എന്നെ ആണാക്കണം'' ഞാൻ പറഞ്ഞു. എന്നെ ചേർത്തുപിടിച്ച് അച്ഛൻ പൊട്ടിക്കരഞ്ഞു. ''നീ നിന്റെ പ്രശ്നങ്ങൾ പുറത്തുപറയരുത്'' എന്നായിരുന്നു അച്ഛന്റെ ഉപദേശം. എന്നാൽ ''നീ ഏതു കൂട്ടുകാരനെ കണ്ടാലും സത്യം പറയണം''[15] എന്ന് വലിയച്ഛനും ഉപദേശിക്കുന്നു. രാധ, രാധാകൃഷ്ണനായി മാറിയ പഴയ ഒരു പത്രവാർത്ത മാത്രമായിരുന്നു നന്ദുവിനെ ആശ്വസിപ്പിച്ചത്. ആ പത്രവാർത്ത മുറുകെ പിടിച്ച് നന്ദു തനിക്കുവേണ്ടി വാദിച്ചു. ലിംഗമാറ്റ ശസ്ത്ര

ക്രിയ ചെലവേറിയതും ഒരുപക്ഷേ, മരണം വരെ സംഭവിക്കാവുന്നതുമാണെന്ന് അറിഞ്ഞിട്ടും നന്ദു പിൻമാറാൻ തയ്യാറാകുന്നില്ല.

അടുത്തദിവസം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോക്ടർ ഗിരിജ നന്ദുവിനെ കൗൺസിലിങ്ങിന് വിധേയമാക്കി. ഗർഭപാത്രം എടുത്തുകളഞ്ഞാലും ആണാകില്ല. ഹോർമോൺ ട്രീറ്റ്മെന്റ് തുടങ്ങിയാൽ ശരീരത്തിൽ രോമവളർച്ചയുണ്ടാകും. വ്യായാമം ചെയ്താൽ മസിലും വരും: എന്നാലും ആണാകണമെന്നില്ല. ഏറെക്കൂടിയാൽ ഒരു ട്രാൻസ്ജൻഡർ അത്രയെ ശരിയാകു എന്ന ഡോക്ടറുടെ വാക്കുകൾ ആശ്വാസത്തോടെയാണ് നന്ദു കേട്ടത്.

''എനിക്ക് ആശ്വാസം തോന്നി. പെണ്ണായി ഒരു നിമിഷംപോലും ജീവിക്കേണ്ട എന്നു ഞാൻ തീർത്തുപറഞ്ഞു. ഹോർമോൺ ട്രീറ്റുമെന്റിന്റെ ഭാഗമായി ശരീരത്തിന്റെ ഒരുഭാഗം തളർന്നുപോയാലും ഞാൻ സഹിക്കും. പക്ഷേ, പെണ്ണായുള്ള ജീവിതം വേണ്ട. ട്രാൻസ്ജെൻഡർ എങ്കിലും ആകുമല്ലോ. അത്രയും ആശ്വാസം, മരണം വന്നാൽപോലും നേരിടാൻ തയ്യാറായി നന്ദു.''[16]

അച്ഛനും അമ്മയും ആൺകുട്ടിയായി വളർത്തിയ നന്ദുവിന് പെട്ടെന്ന് ഒരു ദിവസം പെൺകുട്ടിയായി മാറാൻ കഴിയില്ല എന്നതായിരുന്നു പ്രശ്നം.

ചെറുപ്പം മുതലേ ധാരാളം മനഃശാസ്ത്രചികിത്സകൾക്കും ഹോർമോൺ ചികിത്സകൾക്കും വിധേയനായ നന്ദു തന്റെ ഗർഭപാത്രം നീക്കംചെയ്യാനുള്ള ഓപ്പറേഷന് വിധേയനായി. മുലകൾ ഓപ്പറേഷനിലൂടെ എടുത്തുമാറ്റി, യോനീമുഖം തുന്നികെട്ടി. മൂത്രവിസർജനത്തിനായി പുരുഷലിംഗാകൃതിയിലുള്ള പ്ലാസ്റ്റിക് പൈപ്പ് ഘടിപ്പിച്ചു. ഇങ്ങനെയാണ് തന്റെ പെൺശരീരത്തെ ആണാക്കി മാറ്റിയെടുക്കുന്നത്. ഏറെക്കാലം നടത്തിയ ചെലവേറിയ ചികിത്സയുടെ ഫലമായി പുരുഷ ഹോർമോണുകൾ നന്ദുവിന്റെ ശരീരത്തിൽ പ്രവേശിക്കുകയും നന്ദുവിൽ ആൺകുട്ടികളുടേതായ രോമവളർച്ച, ശബ്ദമാറ്റം എന്നിവയുടെ പ്രാരംഭഘട്ടം ഉണ്ടാകുകയും വീട്ടുകാർ നന്ദുവിന്റെ പുരുഷസ്വത്വം അംഗീകരിച്ചു തുടങ്ങുകയും ചെയ്തു.

ഇക്കാലത്താണ് നന്ദു ഒരു വീഡിയോ ഷോപ്പ് ഉടമയാകുന്നതും ഷീല എന്ന പെൺകുട്ടിയുമായി പരിചയത്തിലാകുന്നതും. ആ പെൺകുട്ടിയെ സഹായിക്കാനായി വീടുവിട്ടിറങ്ങിയ നന്ദുവിനെ സമൂഹം കണ്ടത് പെൺകുട്ടിയായി തന്നെയാ

യിരുന്നു. ആയതിനാൽ ഷീല-നന്ദുബന്ധം ലെസ്ബിയൻ ബന്ധമായി വാർത്തകളിൽ നിറഞ്ഞു. ലെസ്ബിയൻ ഇമേജിൽ ഒട്ടേറെ ഇന്റർവ്യൂകളിൽ പങ്കെടുക്കുമ്പോഴും 'ലെസ്ബിയൻ' എന്ന വാക്കിന്റെ അർത്ഥം അധികം വിദ്യാഭ്യാസം നേടാൻ കഴിയാത്ത നന്ദുവിന് മനസിലായിട്ടില്ലായിരുന്നു.

ഷീലയുമായി തിരുവനന്തപുരത്ത് ജീവിക്കാൻ കഴിയാതെ വന്നപ്പോൾ നന്ദു അവളേയും കൂട്ടി വയനാട്ടിലെത്തുന്നു. ഗർഭിണിയായിരുന്ന ഷീലയുടെ കാമുകനെ കണ്ടെത്തുകയായിരുന്നു ലക്ഷ്യം. ഷീലയുടെ സംരക്ഷകന്റെ റോൾ സ്വയം ഏറ്റെടുത്ത നന്ദു അവൾക്കുവേണ്ടി ഓട്ടോഡ്രൈവറായും പാടത്തെ കാവൽപണിക്കാരനായും ജോലിനോക്കുന്നു. പക്ഷേ, 'ഫയർ' എന്ന മാസിക നന്ദു-ഷീല ജോഡികളെ സ്വവർഗ്ഗഭോഗികളായും ഡ്രഗ് അഡിക്റ്റായും ചിത്രീകരിച്ചുകൊണ്ട് ലേഖനമെഴുതുകയും മുഖചിത്രത്തിൽത്തന്നെ നന്ദു-ഷീല ജോഡികളെ ഉപയോഗിക്കുകയും ചെയ്തു. കാര്യങ്ങളറിഞ്ഞ് വയനാട്ടിൽ അവരെ സഹായിച്ചവർ എതിരായി. അവിടെനിൽക്കാൻ കഴിയാതെ വീണ്ടും തിരുവനന്തപുരത്തേക്ക് വരുന്നു. തുടർന്ന് സ്വന്തം വീട്ടിലെ സ്ഥാനവും നന്ദുവിന് നഷ്ടപ്പെട്ടു.

''പ്രത്യക്ഷത്തിൽ ഒരു ട്രാൻസ്ജെൻഡറിന്റെ ലൈംഗികബന്ധം സ്വവർഗ്ഗരതിബന്ധമായി തോന്നാം.സൂക്ഷ്മതലത്തിൽ വ്യത്യാസമുണ്ട്. ഈ വ്യത്യാസമാണ് ട്രാൻസ്ജെൻഡറിന്റെ സങ്കീർണമായ ലോകം. ഈ സങ്കീർണതയാണ് തന്നെ ലെസ്ബിയനല്ലാതാക്കുന്നത്.''[17] നന്ദുവിനറിയുന്ന ഇക്കാര്യം പുറംലോകത്തിന് അറിഞ്ഞുകൊള്ളണമെന്നില്ല.

തുടർന്ന് സ്വന്തം വീട്ടിൽ നിന്നും പുറത്തായ നന്ദു 'ഫേം' എന്ന സംഘടനാസ്ഥാപകനായ മൈത്രേയന്റെയും ജയശ്രീയുടേയും സംരക്ഷണയിലാകുന്നു. ഷീലയുടെ പിതാവിൽനിന്നുണ്ടായ അക്രമവും തുടർന്ന് നാട്ടിൽ നിൽക്കാൻ പറ്റാത്ത അവസ്ഥയും കൂടി ചേർന്നപ്പോൾ ബാംഗ്ലൂരിലേക്ക് നാടുകടത്തപ്പെടുന്ന നന്ദുവും ഷീലയും സെക്ഷ്വൽ മൈനോറിറ്റി ഗ്രൂപ്പ് സംഘടനയായ സംഗമയുടെ സംരക്ഷണത്തിലാവുന്നു. പിന്നീട് ലെസ്ബിയനിസത്തിനും വിമതരതിക്കും വേശ്യകൾക്കും വേണ്ടി ശബ്ദമുയർത്തുകയും സെക്സ്വർക്കേഴ്സിന്റെ കൂട്ടായ്മയ്ക്കുവേണ്ടി പൊരുതുകയും ചെയ്തുകൊണ്ട് തിരുവനന്തപുരത്തേക്ക് തിരിച്ചുവന്ന നന്ദുവിന്റെ ജീവിതം ഷീലയിൽനിന്ന് വഴിപിരിയുന്നു.

സൗമ്യ എന്ന റിസേർച്ച് സ്റ്റുഡന്റുമായുണ്ടായ അടുപ്പത്തെത്തുടർന്നാണ് നന്ദു തന്റെ സെക്ഷ്വാലിറ്റി തിരിച്ചറിയുന്നത്. 'ലെസ്ബിയൻ' എന്ന പദം സ്ത്രീയ്ക്ക് സ്ത്രീയോടുള്ള ലൈംഗികബന്ധത്തെയാണ് സൂചിപ്പിക്കുന്നതെന്ന് മനസ്സിലാക്കിയ നന്ദു താൻ എന്തിൽനിന്നാണോ രക്ഷപ്പെടാൻ ശ്രമിച്ചത് അതിലേക്ക് തന്നെ പലരും പേരിനും പ്രശസ്തിക്കും പണത്തിനും വേണ്ടി വലിച്ചിഴയ്ക്കുകയും ഉപയോഗിക്കുകയായിരുന്നു എന്ന് തിരിച്ചറിയുന്നു.

''ഈ ജൻഡർ ഐഡന്റിറ്റിക്കു വേണ്ടിയാണ് ഞാനിക്കാലമത്രയും വേദനതിന്നത്. എന്റെ സകല സംഘർഷങ്ങളുടേയും ആണിക്കല്ല് ഇതുതന്നെയാണ്. സമൂഹത്തിന്റെ പരിഹാസവും അപമാനവും ഏറ്റുവാങ്ങി ഞാൻ ജീവിക്കുന്നത്, എന്റെ ജൻഡർ ഐഡന്റിറ്റി മരിക്കാതിരിക്കാനാണ്. ഈ ജൻഡർ ഐഡന്റിറ്റിയെ സ്നേഹിച്ചതു കാരണമാണ് എനിക്കെന്റെ വീടും കുടുംബവും നഷ്ടമാകുന്നത്.''[18]

പൊതുസമൂഹം സൃഷ്ടിച്ചെടുത്ത ലെസ്ബിയൻ സ്വത്വത്തിൽനിന്ന് തന്റെ ഇച്ഛാശക്തിയിലൂടെ പുറത്തുകടന്ന നന്ദു തന്റെ ആത്മകഥയുടെ അവസാനം കുറിച്ചിട്ടിരിക്കുന്നത് ഇങ്ങനെയാണ്:

''എന്റെ മരണം ഇങ്ങനെ രേഖപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ശ്രീനന്ദു. Transgender ജനനം 1982 മരണം..........''[19]

നന്ദു അനുഭവിക്കുന്ന ഏറ്റവും തീവ്രമായ വേദന കുടുംബത്തിൽനിന്നുള്ള തിരസ്കരണമാണ്. ഒപ്പം ചെറുപ്പത്തിലേ മനസ്സിലുറച്ചുപോയ സംശയരോഗവും. താനൊരു സംശയാലുവായ ഭർത്താവാണെന്ന് തുറന്നുപറയുന്ന നന്ദു ഇന്ന് സമൂഹത്തിൽ പുരുഷനായി, ഭർത്താവായി, അച്ഛനായി തന്റെ കുടുംബജീവിതം നയിക്കുകയാണ്. അവിടെ ട്രാൻസ്ജെൻഡർ എന്നറിയപ്പെടാൻ നന്ദു ആഗ്രഹിക്കുന്നില്ല. ഒരു പുരുഷനായി തന്നെ സമൂഹം അംഗീകരിക്കണമെന്നയാൾ ആഗ്രഹിക്കുന്നുണ്ട്. എഫ് ടു എം ട്രാൻസ്ജെൻഡറായി ജീവിക്കുമ്പോഴും നന്ദു നേരിടുന്ന വെല്ലുവിളികൾ ഏറെയാണ്. നന്നായി പഠിക്കാൻ സാധിക്കാത്തതുകൊണ്ട് ഉന്നതനിലവാരമുള്ള ജോലികളിൽ എത്തിപ്പെടാൻ സാധിച്ചില്ല. കുടുംബത്തിൽനിന്നുണ്ടായ തിരസ്കരണത്താൽ സ്വത്തവകാശം ലഭിച്ചില്ല. തന്റെ ട്രാൻസ്ജെൻഡർ ഐഡന്റിറ്റി കുഞ്ഞിന്റെ ജീവിതത്തിൽ പ്രശ്നമുണ്ടാകുമെന്ന്

ഭയന്ന് പൂർണമായും പുരുഷസ്വത്വത്തിലേക്ക് മാറിയിരിക്കുന്നു. ആധാർകാർഡിലും ഐഡികാർഡിലും റേഷൻകാർഡിലും നന്ദുവിന്റെ സ്വത്വം പുരുഷന്റേതാക്കി. ഹോർമോൺ ചികിത്സയുടെ സഹായത്താൽ താടിമീശയും നെഞ്ചിലും കൈകാലുകളിലും രോമവും നിറഞ്ഞുനിൽക്കുന്ന നന്ദു പുറംകാഴ്ചയിൽ പൂർണപുരുഷനാണിന്ന്. ഒരു കാലത്ത് തന്നെ സപ്പോർട്ട് ചെയ്ത കമ്മ്യൂണിറ്റിയേയും അതിന്റെ പ്രവർത്തനങ്ങളേയും നന്ദു ഇപ്പോൾ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. കാരണം നന്ദു ട്രാൻസ്ജെൻഡർ എന്ന നാമമോ ലിംഗസൂചനകളോ ഇന്ന് ഇഷ്ടപ്പെടുന്നില്ല.

### 5.4 സിസ്റ്റർ ജസ്മി – ആമേൻ (2009)

ഭിന്നവർഗ്ഗലൈംഗികതയിൽ അധിഷ്ഠിതമായ സംസ്കാരത്തെ അംഗീകരിച്ച മലയാളികൾക്കു മുന്നിലേക്ക് സദാചാരസങ്കല്പങ്ങളെ തകിടം മറിച്ചുകൊണ്ടാണ് സിസ്റ്റർ ജസ്മിയുടെ ആമേൻ കടന്നുവരുന്നത്. ലൈംഗികത എന്ന വാക്ക് സ്വകാര്യമായി ഉച്ചരിച്ചിരുന്ന മലയാളിയുടെ മനസ്സിലേക്ക് സ്വകാര്യദുഃഖവും പേറി അനുഭവത്തിന്റെ സാക്ഷ്യപ്പെടുത്തലുകളുമായി ആമേൻ കടന്നുവരുമ്പോൾ വിവസ്ത്രമാക്കപ്പെട്ടത് സഭയും കപടസദാചാരവുമാണ്.

'ലൈംഗികത വിശുദ്ധമെന്ന്' പ്രഖ്യാപിച്ച ബൈബിൾ, സ്വായത്തമാക്കിയ ഒരു സന്ന്യാസിനി പാപബോധത്തിന്റെ കണ്ണുകൊണ്ടാണ് തന്റെ വിമതലൈംഗികാനുഭവങ്ങളെ നോക്കിക്കാണുന്നത്. തന്നെ കാമാവേശത്തിന് ഇരയാക്കിയ സഹസന്ന്യാസിനിയെക്കുറിച്ച് ജസ്മി തുറന്നുപറയുന്നു. പ്രത്യേക സ്നേഹത്തെക്കുറിച്ച് സഭാമേധാവികൾ ബോധവാന്മാരാണ്. ''ഏതെങ്കിലും രണ്ട് കന്യാസ്ത്രീകൾ തമ്മിലടുത്താൽ ഉടനെ ആ ബന്ധം 'പ്രത്യേക സ്നേഹ'മെന്ന് വ്യാഖ്യാനിക്കപ്പെടും. അത്തരം ബന്ധങ്ങൾ വളരെ പാപമായ കാര്യമായാണ് കണക്കാക്കിയിരുന്നത്. സ്വാധീനമുള്ള കന്യാസ്ത്രീമാരിൽ പ്രത്യേകസ്നേഹം വളർന്നാൽ അതിൽ സമൂഹത്തിലുള്ളവർ പിറുപിറുക്കുകയേ ചെയ്യാറുള്ളൂ. അവരെക്കുറിച്ച് ഒരിക്കലും ഉറക്കെപറയുകയോ ശിക്ഷിക്കുകയോ ചെയ്യാറില്ല. പക്ഷേ, ജൂനിയർമാരോ അപ്രധാനികളോ ആയ സിസ്റ്റർമാരുടെ കാര്യത്തിലാണെങ്കിൽ 'പ്രത്യേകസ്നേഹം' എന്ന അപഖ്യാതി വരുമോ എന്ന ഭയം ഞങ്ങളുടെ ഓരോ ബന്ധങ്ങളെയും വേട്ടയാടുമായിരുന്നു. ആയതിനാൽ ഞങ്ങളറിയാതെ ഞങ്ങളെ പിടിക്കാൻ കാവൽ നില്ക്കുന്ന

നായകൾ കാണാതിരിക്കാൻ പൊതുഇടത്തുവെച്ച് സംസാരിക്കാൻ സാധിക്കാത്ത ചില അത്യാവശ്യം സംഗതികളെക്കുറിച്ച് ഞങ്ങൾക്ക് പരസ്പരം കത്തുകളെഴുതേണ്ടിവന്നു''[20]

ഈ വെളിപ്പെടുത്തലുകളിലൂടെ ജസ്മി വായനക്കാരനുമുന്നിൽ തുറന്നുവെക്കുന്നത് പരിഹാസദ്യോതകമായ സഭാനിയമങ്ങളെയാണ്. സഭാവിശ്വാസികളായ സന്യാസിനികൾ ലൈംഗികതയെ ഭയപ്പെടുന്നു എന്ന് സാരം. ആഗ്രഹിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു എന്ന് അനുഭവം. അത് സത്യമാണെന്നു തെളിയിക്കുന്ന തരത്തിലാണ് 'സിസ്റ്റർ വിമി'യുടെ പെരുമാറ്റം. ''അങ്ങനെ അവർ മഠത്തിൽ എന്നും പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. എല്ലാവരുടെയും മുന്നിൽവെച്ച് അലറിവിളിക്കുന്നതിനാൽ മദർ പ്രാവിഷലിനുപോലും അവരെ ശാസിക്കാനോ ശിക്ഷിക്കാനോ സാധിക്കാറില്ല''. അവരുടെ പ്രേമഭാജനമായ മാലു എന്ന പെൺകുട്ടി പഠനം കഴിഞ്ഞ് പോയതിനുശേഷം അവർ കണ്ടെത്തുന്ന അടുത്ത ഇര സിസ്റ്റർ ജസ്മിയാണ്.

''സിസ്റ്റർ ഒരുപാട് പേജുകൾ, നിറച്ചും പ്രണയലേഖനങ്ങളെഴുതും. എന്നിട്ടത് എന്റെ കാനോനകളിൽ വെയ്ക്കും. ഞാനത് മഠത്തിലെ ഗുരുത്തിയമ്മയെ ഏല്പിക്കും അവർ ആ കത്തുകൾ കീറി ചവറ്റുകുട്ടയിൽ എറിയുകയാണ് പതിവ്. ഞാൻ തിരിച്ചു സ്നേഹം കൊടുക്കാത്തതിനാൽ സിസ്റ്റർ വിമി എനിക്കെതിരേ തിരിഞ്ഞു. എന്നെ അന്വേഷിച്ചുവരുന്ന ഹോസ്റ്റലിലെ കുട്ടികളോട് കയർത്തുകൊണ്ടും അലമാരയിൽ വെയ്ക്കാൻ കുട്ടികൾ കൊണ്ടുവരുന്ന ടേപ്പ് റെക്കോർഡർ വലിച്ചെറിഞ്ഞുകൊണ്ടും മറ്റും അവർ എന്നോട് പ്രതികാരം ചെയ്യാൻ തുടങ്ങി. അവളുടെ ആഗ്രഹങ്ങൾ ഞാൻ എതിർക്കുന്നതാണ് അവളുടെ ദേഷ്യത്തിനുകാരണമെന്ന് സിസ്റ്റേർസിന് മനസ്സിലാകുന്നുണ്ട്. അവസാനം അവരോട് സഹകരിക്കാൻ സിസ്റ്റേർസ് എനിക്ക് വ്യംഗ്യമായ സൂചനകൾ തന്നു. എന്നെ രക്ഷിക്കാൻ ആരും ഇല്ലാത്തതിനാൽ ഞാൻ കുറച്ചുകാലത്തേക്ക് അവരുടെ താത്പര്യങ്ങൾക്ക് വഴങ്ങി. ഈ ദിവസങ്ങളിൽ അവർ മഠത്തിലെല്ലാവരോടും സംസാരിച്ചും തമാശ പറഞ്ഞും പ്രാർത്ഥനാപരിപാടികളിൽ പങ്കെടുത്തും വളരെയധികം സന്തോഷവതിയും സമാധാനചിത്തയും ആയി കാണപ്പെട്ടു. മഠത്തിൽ സമാധാനം പുനഃസ്ഥാപിക്കപ്പെട്ടു.''[21]

ലൈംഗികത നിഷേധിക്കപ്പെട്ട ഒരു സമൂഹത്തിന്റെ അടങ്ങാത്ത അഭിനിവേശവും അതിന്റെ മുറവിളികളും സിസ്റ്റർ വിമിയിൽ അടങ്ങിയിരിക്കുന്നു. വിമി സ്വവർഗ്ഗരതി ഇഷ്ടപ്പെടാനുള്ള കാരണവും അവർ വ്യക്തമാക്കുന്നുണ്ട്. പുരുഷനുമായുള്ള ലൈംഗികബന്ധം തന്നെ ഗർഭിണിയാക്കുമോ എന്ന് അവൾ ഭയപ്പെട്ടിരുന്നു. എന്നാൽ വിദ്യാസമ്പന്നയായ വിമിക്ക് ഗർഭനിരോധന മാർഗങ്ങളെക്കുറിച്ച് അറിവില്ലായിരുന്നു എന്ന് വിശ്വസിക്കാൻ പ്രയാസമാണ്. എങ്കിലും എന്തുകൊണ്ട്? എന്നു ചിന്തിക്കുന്നിടത്താണ് സമൂഹത്തിന്റെ കപടസദാചാര സങ്കല്പങ്ങളുടെ പൊയ്മുഖം കണ്ടെത്താനാവുന്നത്.

- തന്റെ ലൈംഗികാഭിനിവേശം സന്യാസിനി ആയതുകൊണ്ട് അവർക്ക് ഒരു പുരുഷനോട് വെളിപ്പെടുത്താൻ സാധിക്കില്ല.
- തനിക്കുചുറ്റുമുള്ള ലോകത്ത് ലൈംഗികത പാപമാണെന്ന തിരിച്ചറിവ് അവർക്കുണ്ട്.
- ഗർഭനിരോധന മാർഗങ്ങൾ മാർക്കറ്റിൽനിന്ന് വിലകൊടുത്ത് വാങ്ങാൻ താൻ അണിഞ്ഞിരിക്കുന്ന സഭാവസ്ത്രം അവരെ അനുവദിക്കില്ല.

ഈ ബന്ധത്തിൽ കർതൃത്വസ്വഭാവി ഇവിടെ വിമിയാണ്. ഇതിൽ വിധേയസ്വഭാവി ആയിരുന്ന ജസ്മി സ്വവർഗ്ഗരതി ഇഷ്ടപെട്ടിരുന്നോ ഇല്ലയോ എന്നത് വ്യക്തമാകുന്നില്ല. പക്വമതിയും വിദ്യാസമ്പന്നയും ആയിരുന്നിട്ടും ഈ സാഹചര്യത്തെ നിഷേധിക്കാനോ അവഗണിക്കാനോ അവർക്കാകുന്നില്ല. രതിക്കു കീഴടങ്ങുമ്പോഴും കുറ്റബോധത്തേക്കാൾ കൂടുതൽ അവരെ വേവലാതിപ്പെടുത്തിയിരുന്നത് സ്വകാര്യതയുടെ അഭാവമായിരുന്നു.

''രാത്രികളിൽ എല്ലാവരും ഉറങ്ങുന്ന സമയത്ത് അവർ എന്റെ കട്ടിലിലേക്കു നുഴഞ്ഞുകയറും. എന്നിട്ട് എന്നോടുചെയ്യുന്ന അശ്ലീലകാര്യങ്ങൾ എനിക്കു തടയാൻ കഴിയുമായിരുന്നില്ല. പ്രത്യേകം വാതിലുകൾ ഒന്നുമില്ലാത്ത മുറികൾ തമ്മിൽ വിരിപ്പുകൾ കൊണ്ടാണ് മറച്ചിരുന്നത്. ആയതിനാൽ വാതിലടക്കുവാൻ സാധിച്ചിരുന്നില്ല.''[22] ജസ്മി കീഴടങ്ങിയിരുന്ന ദിവസങ്ങളിൽ വിമി വഴക്കടിക്കാതെ ശാന്തസ്വഭാവിയായി കാണപ്പെട്ടു. ഒടുവിൽ വിമിക്ക് സ്ഥലമാറ്റം ഓർഡർ വരുമ്പോൾ പോകാൻ തയ്യാറാകാത്ത വിമിയോട് ജസ്മി അലറുന്നുണ്ട്. 'മേലിൽ

ഇത്തരം കാര്യത്തിന് എന്റെ അടുക്കൽ വരരുത്. ഞാൻ നിന്നെ വെറുക്കുന്നു.' എന്ന് ഇവിടെ വിമിയുടെ പെരുമാറ്റവൈകൃതങ്ങളെയാണ് ജസ്മി തള്ളിപ്പറയുന്നത് വിമതലൈംഗികതാല്പര്യത്തെയല്ല.

തന്റെ ബന്ധുവായ കുട്ടിക്കുണ്ടായ ഒരനുഭവത്തെ കൂടി ജസ്മി സൂചിപ്പിക്കുന്നുണ്ട്. ബന്ധുവിന്റെ, അമ്മ നഷ്ടപ്പെട്ട റൂംമേറ്റിനെ മുലയൂട്ടുന്ന സീനിയർ വിദ്യാർത്ഥിനി. മുലയൂട്ടൽ കണ്ട് കണ്ട് തന്റെ ബന്ധുവിന്റെ ജീവിതം തകർന്നു എന്ന് പറയുമ്പോൾ രതിയെക്കുറിച്ചുള്ള അജ്ഞതയോ പാപബോധമോ രണ്ടും കൂടിച്ചേർന്നപ്പോൾ ഉണ്ടായ ഭയമോ ആണിവിടെ പ്രകടമാവുന്നത്. മുലയൂട്ടുന്ന സീനിയർ വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം അമ്മയുടെ വാത്സല്യത്തെക്കാളധികം അടങ്ങാത്ത കാമാവേശമാണ് മുന്നിട്ടുനിൽക്കുന്നത്. കാരണം അമ്മയാകാത്ത ഒരു യുവതിയെ സംബന്ധിച്ചിടത്തോളം മാറിടം വാത്സല്യാധിഷ്ഠിതമല്ല. തന്റെ അടങ്ങാത്ത ലൈംഗികവികാരത്തെ പുറംതള്ളാനുള്ള ഒരു ഉപാധിയായിരിക്കണം ഈ മുലയൂട്ടൽ. ഇതും വിമതരതിയുടെ മറ്റൊരു വശമാണ്.

**5.4.1 ഞാനും ഒരു സ്ത്രീ'** (2011) എന്ന ആത്മകഥാംശമുള്ള കൃതിയിൽ ജസ്മി വിമത ലൈംഗികതയെക്കുറിച്ചുള്ള തന്റെ അഭിപ്രായം തുറന്നുപറയുന്നുണ്ട്. വിമതരതി നിയമവിധേയമാക്കിക്കൊണ്ടുള്ള കോടതി പശ്ചാത്തലമാണ് ജസ്മിക്ക് തന്റെ അഭിപ്രായം തുറന്നുപറയാനുള്ള സാഹചര്യമൊരുങ്ങുന്നത്.

'വിമതരതി ഹൈക്കോടതി നിയമവിധേയമായി പ്രഖ്യാപിച്ചിരിക്കുന്നത് (2009 ജൂലൈ രണ്ടിലെ കോടതിവിധി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ആശ്വാസജനകവും ആഹ്ലാദപ്രദവുമായ വസ്തുതയാണ്. ഗേ സെക്സ്, ഹോമോ സെക്ഷ്വാലിറ്റി, ഗേ റൈറ്റ്സ് എന്നിവയാണ് കോടതി നിയമവിധേയമായി പ്രഖ്യാപിച്ചത്. എന്നാൽ ഇതിനെ പ്രകൃതിവിരുദ്ധമായ ലൈംഗികതയായും ഏറ്റവും വെറുക്കപ്പെട്ട പാപമായും മതവിശ്വാസികൾ പ്രത്യേകിച്ച് കത്തോലിക്കാതിരുസഭ മുദ്ര കുത്തിയിരിക്കുന്നു. ബൈബിളിലെ പഴയനിയമഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് സോദോം, ഗോമോറ എന്നീ സ്ഥലങ്ങൾ തീയും ഗന്ധകവും ഇട്ട് നശിപ്പിക്കാൻ ദൈവം മുതിർന്നത് അവിടുത്തെ പ്രകൃതിവിരുദ്ധപാപം കണ്ടു സഹികെട്ടാണെന്നാണ് സഭ ഊന്നിയൂന്നി പഠിപ്പിക്കുന്നത്.[23]

സ്രഷ്ടാവിന് അവരെക്കുറിച്ചുള്ള പദ്ധതി എന്താണെന്ന് സഭ വ്യക്തമായി പഠിപ്പിക്കുന്നില്ല. നൂറിൽ അഞ്ചുപേർ അത്തരത്തിൽ ജനിക്കുന്നുണ്ടെന്നും അവരിൽ ഭൂരിഭാഗവും സന്യാസിഭവനങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നു എന്നും മനഃശാസ്ത്രവിദഗ്ധനായ ഒരു വൈദികൻ പറഞ്ഞത് ഓർക്കുന്നു. ഇതു സത്യമാണെന്നതിന്റെ തെളിവാണ് അത്തരം സാഹചര്യങ്ങൾ നടമാടുന്ന വിമതരതിയുടെ രഹസ്യവും പരസ്യവുമായ സംഭവവിവരണങ്ങൾ. കത്തോലിക്കാസഭാ ശ്രേഷ്ഠൻ രാജ്യങ്ങൾ തോറും കയറിയിറങ്ങി മാപ്പുപറയാനും നഷ്ടപരിഹാരം ചെയ്യാനും ഇടവരുത്തുന്നത് ഇത്തരം വിക്രിയകളുടെ പരിണിതഫലമാണ്. സ്വവർഗ്ഗാനുരാഗികൾ രഹസ്യസങ്കേതങ്ങൾ തേടി ആശ്രമവാതിലുകൾ മുട്ടുന്നതിനുപകരം ഇനിമുതൽ നിയമാനുസൃതമായി ഇണയെ തേടാനും സ്വീകരിക്കാനും തയ്യാറായാൽ മതി, പരിശുദ്ധമായ അന്തരീക്ഷത്തിൽ വീർപ്പുമുട്ടി കഴിയേണ്ടിവരില്ല അവർക്ക്.[24]

ഈ വിഭാഗക്കാർ പുറത്ത് ഇണയെ കണ്ടെത്തുന്നതോടെ ഇത്തരം ചേഷ്ടകൾ ഇഷ്ടപ്പെടാത്ത ആശ്രമവാസികൾ അവരുടെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടുകയും ചെയ്യും.

ആശ്രമവാതിലുകൾ തുറന്നിട്ടാൽ ഉള്ളിൽ ശ്വാസം മുട്ടിക്കഴിയുന്ന ഈ ചെറിയ ശതമാനം പേർക്ക് നിയമാനുസൃതമായി ഇനിമുതൽ പുറംലോകത്ത് വിരാജിക്കാം എന്ന പ്രത്യാശയിലാണ് ജസ്മി. ചികിത്സിച്ചുമാറ്റാവുന്ന ഒരു രോഗമായും ജസ്മി വിമതരതിയെ നേരിടുന്നു. തന്റെതന്നെ കോളേജിലെ ആത്മഹത്യക്കു ശ്രമിച്ച പെൺകുട്ടിയിലെ സ്വവർഗ്ഗാനുരാഗത്തെ ഒരളവുവരെ മാറ്റിയെടുത്തതായും ജസ്മി അവകാശപ്പെടുന്നു.[25]

ജസ്മിയുടെ രണ്ടാം പുസ്തകമായ 'ഞാൻ സ്ത്രീ' എന്ന പുസ്തകത്തിലെ ഈ ലേഖനം ജന്മനാ വിമതലൈംഗികരായ വ്യക്തികളോട് അനുതാപം പുലർത്തുന്നതാണ്. എന്നാൽ 'ആമേൻ' എന്ന പുസ്തകത്തിൽ വിമതരതിയെ അടയാളപ്പെടുത്തുന്നത് പാപബോധത്തോടെയും വെറുപ്പോടെയുമാണ്.

## 5.5 രാജു

### വിപരീതം (2012)

ആണിൽനിന്നും പെണ്ണിലേക്കുള്ള ശാരീരിക മാറ്റമാണ് നിലമ്പൂർ കാട്ടിലെ

ആദിവാസി അറനാടൻ ഗോത്രവംശജനായ രാജുവിന്റെ ജീവിതം. തീക്കടി കോള നിയിൽ ചാത്തുകുട്ടിയുടെയും ആച്ചയുടെയും മകനായി ജനിച്ച രാജു പതിനെട്ടാം വയസ്സിലാണ് തന്റെ ശരീരത്തിന്റെ ആസാധാരണമായ മാറ്റം തിരിച്ചറിയുന്നത്. എട്ടാംവയസ്സിൽ അമ്മ മരിച്ച് അനാഥത്വം അനുഭവിച്ച രാജു സഹോദരി മാർക്കൊപ്പം ജീവിതം നയിക്കുന്നു. കാട്ടിലെ ജീവിതം അസഹ്യമായപ്പോൾ ഹോട്ടൽ ജോലിക്ക് ചേർന്നു.

''പതിനെട്ടാം വയസ്സിലാ ആദ്യായിറ്റ് എനിക്ക് നാഭിക്കടച്ചില് തൊടങ്ങിയത്. മൂത്രമൊയിക്കാൻ കശ്ടപ്പെട്ട് കുത്തിയിരുന്ന് അന്നേരം മൂത്രത്തുള്ളിയല്ല ചോരയാ ഒലിച്ച് പോയത്. പിന്നേം ആറു ദിവസം രക്തംപോക്കും വേദനേം ഉണ്ടായി.''[26]

തന്റെ അവസ്ഥ ഏതോ മാറാരോഗമായാണ് രാജു കാണുന്നത്. പക്ഷേ ഡോക്ടർമാർ തിരിച്ചറിഞ്ഞത്, ഗർഭപാത്രമുള്ള പുരുഷനാണ് രാജു എന്നാണ്. ഗർഭപാത്രം നീക്കംചെയ്യാൻ കഴിയാത്തതിനാൽ ലിംഗച്ഛേദം നടത്തുകയാണ് രാജുവിന്റെ ശരീരത്തിൽ ഡോക്ടർമാർ ചെയ്തത്. ഓപ്പറേഷൻപോലും തന്റെ നാഭിക്കടച്ചിലിനുള്ള ഒരു ചികിത്സയാണന്നേ രാജുവിനറിയൂ. പക്ഷേ, രാജുവിന്റെ സമ്മതത്തോടെയല്ലാതെ കാതുതുളച്ച് കമ്മലിട്ട് മുലവളരാനുള്ള മരുന്നെഴുതി രോമം വരാതിരിക്കാനുള്ള ക്രീമും നൽകി സ്ത്രീയിലേക്ക് പരിവർത്തനപാതയിൽ നിൽക്കുന്ന രാജുവിനെ തിരിച്ച് കാട്ടിലേയ്ക്ക് അയക്കുന്നു ഡോക്ടർ.

സ്വന്തം ഇഷ്ടപ്രകാരം മുലവളരാനുള്ള മരുന്ന് ഉപേക്ഷിക്കുകയാണ് രാജു. കാരണം മുലയില്ലാഞ്ഞിട്ടും രാജുവിന് സമാധാനത്തോടെ സ്വന്തം കുടിലിൽ ഉറ ങ്ങാനാവുന്നില്ല. ഓപ്പറേഷനും മുൻപും സ്വന്തം ശരീരത്തിന്റെ പ്രത്യേകത രാജു തിരിച്ചറിഞ്ഞില്ലെങ്കിലും 'കുണ്ടൻമാര്' തിരിച്ചറിഞ്ഞിരുന്നു എന്നാണ് രാജു പറയു ന്നത്.

'ഹോട്ടല് പണിക്കുപോയേന്റെ പിറ്റേന്നുമുതൽ അവിടുന്ന് പോന്നേന്റെ തലേന്നുവരെ എന്നെ ഒരോരുത്തര് കെടത്താൻ കൊണ്ടോയിന്'.[27]

തന്റെ മാസക്കുളി സംബന്ധമായ പ്രശ്നങ്ങൾ ആരുമറിയാതെ രാജു ഒളിച്ചു വെക്കുന്നുണ്ടെങ്കിലും ഹോട്ടലുടമ അതു കണ്ടുപിടിക്കുകയും പുറംലോകമറിയു കയും ചെയ്തു. തുടർന്ന് രാജു ഹോട്ടൽ ജോലി ഉപേക്ഷിക്കുകയാണ്.

“ഈ വിവരം പൊറത്ത് അറിഞ്ഞേല് പിന്നെ എന്നും എന്നെ മതി.

ആള്ക്കാര് വന്ന് രാത്രി നിർബന്ധം പിടിച്ച് വലിച്ചുകൊണ്ടുപോയി എടങ്ങേറാക്കും. ആദ്യമൊക്കെ ഞാൻ എതിർത്ത് നോക്കീര്ന്ന്. എതിർത്തിറ്റൊന്നും കാര്യമില്ല. പിന്നെ പിന്നെ എനക്കും ഇത് ചേലായി. മൊതലാളിമാരും കുണ്ടൻമാരും എന്നെ എടങ്ങാറാക്കിയ കൂട്ടത്തില്ണ്ട്. കുണ്ടൻമാരെ എനക്ക് ഭയങ്കരപേടിയാ”[28]

രാജുവിന്റെ നിസ്സഹായാവസ്ഥ ചൂഷണം ചെയ്യുന്ന കുണ്ടൻമാർ പൊതുസമൂഹത്തിൽ മാന്യജീവിതം നയിക്കുന്ന പുരുഷന്മാരാണ്.

“കുണ്ടമ്മാര് വിളിച്ച് കൂട്ടിക്കൊണ്ടേയിറ്റ് ഏതെങ്കിലും ഒയിഞ്ഞ സ്കൂളിന്റെ കെട്ടിടത്തിൽ ഒരുത്തരും ബരാത്ത പറമ്പിലോ ഒക്കയാ കെടത്ത്ന്നത്. ഒരാളൊന്നുമല്ല. കൊറെ ആൾക്കാര് കൂട്ടായിറ്റ് ബര്ണത്. എല്ലാരും തീരുന്നതുംവരെ ഞാൻ കെടന്ന് സയിക്കണം.”[29]

പലപ്പോഴും രക്ഷപ്പെടാൻവേണ്ടി രാജു ഒച്ചവെച്ച് ആളെക്കൂട്ടാൻ ശ്രമിക്കാറുണ്ട്. ക്രൂരമായ മർദ്ദനമായിരുന്നു അതിനുള്ള ശിക്ഷ.

“ആരും അറിയാണ്ട് കൊണ്ടോയി ഓരിക്ക് മാണ്ടതൊക്കെ ചെയ്യാൻ കുണ്ടൻമാർക്ക് കയ്യും. എതിർത്തേന് കെടത്ത്ന്നേന്റെ മുന്നേ അടീം കിട്ടും. അടീന്റെ ചൂടുമാറും മുമ്പ് എന്റെ തുണീം പറച്ചിട്ട് കാട്ടണ്ടതൊക്കെ കാട്ട്യോം ചെയ്യും. അതോണ്ട് പിന്നെ പിന്നെ ഓല് വിളിച്ചേടത്തേക്ക് അങ്ങ് ചെല്ലും ബെറ്തെ അടി മാങ്ങണ്ടല്ലോ.”[30]

രാജു ഒരു പുരുഷവേശ്യയായിരുന്നില്ല. തന്റെ അരികിൽ വരുന്ന ഒരു പുരുഷനോടൊപ്പവും ജീവിക്കാനും രാജു ആഗ്രഹിക്കുന്നില്ല. ഒരാൾ സ്ഥിരമായി രാജുവിനെ കൂടെനിർത്താൻ ആഗ്രഹിക്കുന്നുണ്ട്. അവനുവേണ്ടി വീടും സ്ഥലവും കൊടുക്കാനും ശ്രമിക്കുന്നുണ്ട്. പക്ഷേ, രാജു തയ്യാറായില്ല. തന്റെ ഏറ്റവും വലിയ വേദനയായ നാഭി കടച്ചിലിനെ ഭയന്നാണ് ഓരോ ദിവസവും രാജു തള്ളിനീക്കുന്നത്. തന്റെ ശരീരം കുണ്ടൻമാരിൽനിന്ന് സംരക്ഷിക്കാൻ കൂരയ്ക്ക് അകത്തും പുറത്തും നായ്ക്കളെ വളർത്തി രാത്രി ആളറിയാതിരിക്കാൻ വിളക്കൂതി കള്ളനെ

പോലെ സ്വന്തം കൂരയിൽ പതുങ്ങിജീവിക്കുന്ന രാജു മിക്ക ദിവസവും പട്ടിണിയനു ഭവിക്കുന്നു. എന്നിട്ടും ശാരീരിക അക്രമങ്ങളിൽനിന്ന് രാജുവിന് രക്ഷ ലഭിക്കു ന്നില്ല. ഓപ്പറേഷൻ കഴിഞ്ഞതിൽപ്പിന്നെ ജോലിക്കുപോകാൻ ആവാത്തതിനാൽ കുപ്പിയും പാട്ടയും പെറുക്കിയാണ് ജീവിക്കുന്നത്. ഓപ്പറേഷന് മുൻപ് മെൻസസ് പിരീഡിൽ മാത്രം വേദനയനുഭവിച്ചിരുന്ന രാജുവിന് ഓപ്പറേഷനുശേഷം മൂത്രമൊ ഴിക്കാൻ പോലും സാധിക്കാത്തവിധം നിത്യവേദന അനുഭവിക്കേണ്ടിവരുന്നു.

ഇന്നത്തെ അവസ്ഥയിൽ നിലമ്പൂർ ബസ്സ്റ്റാന്റിലാണ് രാജുവിന്റെ ജീവിതം. പണിയെടുക്കാൻ തീരെ സാധിക്കാതെ വരുമ്പോൾ ഭിക്ഷാടനം നടത്തിയാണ് രാജു ജീവിക്കുന്നത്. തന്റെ പ്രായമെത്രയെന്ന് പോലും അറിയാൻ കഴിയാത്ത രാജു സഹിച്ച വേദനകളുടെ ഓർമ്മയിൽ അടുത്ത ഓപ്പറേഷൻ വേണ്ട എന്ന തീരുമാന ത്തിലാണ്. ഓപ്പറേഷന് മുൻപ് രാജു ആണായിരുന്നു. ഓപ്പറേഷനുശേഷം പെണ്ണു മായില്ല, ആണുമായില്ല.

''ഒടുവിൽ ആണോ, പെണ്ണോ ചേട്ടനോ മാപ്പിളയോ ഇന്ദുവോ എന്തു വേണ മെങ്കിലുമാവാം എന്നെയൊന്നു ക്ലിയറാക്കിത്തരി''[31] എന്ന് ലോകത്തോട് നിലവി ളിച്ച് മടുത്ത് നിരാശനായ രാജു ഇന്നും അടുത്ത മാസക്കുളിക്കും അതിനൊപ്പമുള്ള കടുത്ത നാഭിക്കടച്ചിലിനുമുള്ള ദിവസങ്ങളെണ്ണി ഭയത്തോടെ കാത്തിരിക്കുന്നു.

അടച്ചുറപ്പുള്ള വാതിലുള്ള ഒരു കൂരയും വിശന്നു തളരുമ്പോൾ കഴിക്കാ നുള്ള ഭക്ഷണവും തുടർച്ചികിത്സക്കായി സൻമനസ്സുകളുടെ സഹായവും തേടിയാണ് 'ഉണ്ണികൃഷ്ണൻ ആവള', അനഭ്യസ്തനായ രാജുവിന്റെ ആത്മകഥ തയ്യാറാക്കു ന്നത്. 'വിപരീതം' എന്ന രാജുവിന്റെ ആത്മകഥയിൽ ആക്ടിവിസമില്ല. രാജുവിനെ തേടി ഒരു വിമതസംഘടനയും ചെല്ലുന്നില്ല. രാജുവിന് ജനിച്ചുവളർന്ന കാടിനെ വിട്ട് ഓടിപ്പോകാനുമറിയില്ല. ദയ അർഹിക്കുന്ന മറ്റൊരു തിരസ്കൃതജീവിതവു മായ് രാജു കേരളത്തിൽ ജീവിക്കുന്നു.

### 5.6 രേവതി

**ഒരു ഹിജഡയുടെ ആത്മകഥ (2013)**

തമിഴ്നാട്ടിൽ ജനിച്ച് ബാംഗ്ലൂരിൽ ജീവിക്കുന്ന എഴുത്തുകാരിയും അഭിനേ ത്രിയും ആക്ടിവിസ്റ്റുമായ എ.രേവതി എന്ന ഹിജഡയുടെ ആത്മകഥയാണിത്.

സേലം ജില്ലയിലെ നാമക്കൽ താലൂക്കിൽ സവർണ-അവർണ വിഭജനം നിലനിൽക്കുന്ന ഗ്രാമത്തിൽ വീട്ടിലെ അഞ്ചുകുട്ടികളിൽ ഇളയ ആളായാണ് 'ദൊരൈസ്വാമി' എന്ന രേവതി ജനിക്കുന്നത്. ഇളയകുട്ടി എന്ന നിലയ്ക്ക് പ്രത്യേക പരിഗണന ലഭിച്ച ഒരു ബാല്യമായിരുന്നു ദൊരൈസ്വാമിക്ക്. ആൺകുട്ടിയായാണ് ജനിച്ചതെങ്കിലും വീട്ടിലെ മറ്റ് ആൺകുട്ടികൾ ചെയ്യുന്ന ജോലികൾ ചെയ്യാൻ ദൊരൈസ്വാമിക്ക് താത്പര്യം ഉണ്ടായിരുന്നില്ല. അമ്മയോടൊപ്പം അടുക്കള ജോലി കളിൽ ഏർപ്പെടുന്നതിനായിരുന്നു ഇഷ്ടം.

'സ്കൂളിൽ നിന്നെത്തിയാൽ ചേച്ചിയുടെ നീളൻ പാവാടയും ബ്ലൗസും എടു ത്തിട്ട് ഒരു നവവധുവിനെപോലെ നാണം അഭിനയിക്കും. കുട്ടിക്കാലത്ത് ഇത്തരം കളികൾ ആരും വേണ്ടത്ര വിലക്കെടുത്തില്ല. എന്നാൽ സ്കൂളിലും വീടിനു പുറത്തും ദൊരൈസ്വാമിയെ കണ്ടവരൊക്കെ പെണ്ണ്, പെണ്ണുചെറുക്കൻ, ഒമ്പത് എന്നീ പേരുവിളിച്ച് കളിയാക്കാൻ തുടങ്ങി'.[32]

സ്ത്രീകൾ ചെയ്തുവന്നിരുന്ന മുറ്റമടി, കോലമിടൽ തുടങ്ങിയ ജോലികൾ, അമ്മ ദൊരൈസ്വാമിയെ ഏൽപ്പിച്ചു. ഇതുകണ്ട സഹോദരിപോലും 'പെണ്ണുചെറു ക്കൻ' എന്ന് അധിക്ഷേപിക്കുന്നു. വളരുന്തോറും താനൊരു പെൺകുട്ടിയാണ് എന്ന തോന്നൽ ദൊരൈസ്വാമിയിൽ ശക്തമാവുന്നു. കൂട്ടുകാർ കളിയാക്കുമ്പോൾ സ്ത്രീകൾ പരസ്പരം തെറിവിളിക്കാൻ ഉപയോഗിക്കുന്ന പദങ്ങളാണ് ദൊരൈ സ്വാമി ഉപയോഗിച്ചിരുന്നത്.

'ഞാൻ ഒരു പെൺകുട്ടിയെപ്പോലെയാണ് പെരുമാറുന്നത് എന്നെനിക്ക് അറിയില്ലായിരുന്നു. എന്നെ സംബന്ധിച്ച് വളരെ സ്വാഭാവികമായ പെരുമാറ്റമായി രുന്നു അത്. എങ്ങനെയാണ് ആൺകുട്ടിയാകേണ്ടത് എന്നെനിക്ക് അറിയില്ലായിരു ന്നു. എനിക്കുവേണ്ടി മറ്റാരോ ഭക്ഷണം കഴിക്കുന്നതുപോലെ ആയിരുന്നു അത്'.[33]

സ്കൂളിൽ 11, 12 ക്ലാസിൽ പഠിക്കുമ്പോൾ മുതിർന്ന ആൺകുട്ടികളോടൊപ്പം ഇരിക്കാനും അവരുടെ മുഖത്തു നോക്കാനും മടി തോന്നിത്തുടങ്ങി. അതേസമയം മറ്റ് ആൺകുട്ടികളോട് പ്രേമം തോന്നാനും തുടങ്ങി. സ്കൂളിലെ മറ്റു കുട്ടിക ളിൽനിന്ന് ഏറ്റുകൊണ്ടിരുന്ന പരിഹാസത്തെതുടർന്ന് പന്ത്രണ്ടാംക്ലാസോടെ പഠനം അവസാനിപ്പിച്ചു. പതുക്കെ നാടകത്തിലെ പെൺവേഷം കെട്ടാൻ ആരംഭി ച്ചു.

'ഞാനൊരു പുരുഷനായിട്ടും സ്ത്രീകളിൽ ആകൃഷ്ടനാകുന്നില്ല. എന്ന കാര്യം എന്നെതന്നെ അത്ഭുതപ്പെടുത്തി. എന്താണ് ഞാൻ പുരുഷൻമാരെ പ്രണയിക്കുന്നത് എനിക്ക് ഭ്രാന്താണോ? ഇങ്ങനെയൊക്കെ തോന്നുന്ന ഒരേ ഒരാൾ ഞാനാണോ അതോ എന്നെപ്പോലെയുള്ള മറ്റാളുകൾ ഈ ലോകത്തുണ്ടോ. വാസ്തവത്തിൽ അങ്ങനെയുള്ളവരുണ്ടെങ്കിൽ എനിക്കവരെ കണ്ടുപിടിക്കാനാവുമോ'.[34]

ഒരു പുരുഷശരീരത്തിൽ കുടുങ്ങിപ്പോയ സ്ത്രീ എന്നാണ് എനിക്ക് എന്നെക്കുറിച്ച് തോന്നിയത്. ലോകം എന്നെ ആ വിധത്തിൽ അംഗീകരിക്കുമോ. ഒരു സ്ത്രീയായി അംഗീകരിക്കപ്പെടാൻ ഞാൻ കൊതിച്ചു. ഒരു പുരുഷൻ എന്ന് പരിഗണിക്കപ്പെടുന്നതിൽ വേദനിച്ചു. പുരുഷൻമാരോടൊപ്പം കഴിയാൻ കൊതിച്ചു. പക്ഷേ ഈ വികാരം എന്നെ ലജ്ജിപ്പിച്ചു.[35]

ദൊരൈസ്വാമി പതുക്കെ പതുക്കെ തന്റെ സ്വാഭാവമുള്ള കൂട്ടുകാരുമായി അടുക്കുന്നു. നാമക്കലിലെ കുന്നിൻമുകളിൽവെച്ചാണ് അവർ പരസ്പരം കണ്ടുമുട്ടിയിരുന്നത്. അവർ തമ്മിൽ തമ്മിൽ സ്ത്രീകൾ എന്ന നിലയിൽ അഭിസംബോധന ചെയ്തു. ഒരു ദിവസം കൂടെയുള്ള ഒരാളെ റൗഡികൾ പിടികൂടി 'ഡണ്ട' ചെയ്തു. ഡണ്ട എന്താണെന്ന് ദൊരൈസ്വാമിക്ക് പറഞ്ഞുകൊടുക്കുന്നതും കൂട്ടുകാരാണ്.

''ഇങ്ങനെയാണ് നമ്മൾ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നത്. നീ പെണ്ണത്തമുള്ള ആണാണെങ്കിൽ നിനക്കു വേറെ മാർഗമില്ല.''[36]

ഈ വിധത്തിലുള്ള ഒരു ലൈംഗികബന്ധം തനിക്കുവേണ്ട എന്നും വിദ്യാഭ്യാസമുള്ള ഒരു പുരുഷനെ വിവാഹം ചെയ്ത് അതിനുശേഷംമാത്രം രതിയിലേർപ്പെടുന്ന ഒരാളാകാനാണ് താൻ ആഗ്രഹിക്കുന്നത് എന്ന് ദൊരൈസ്വാമി തിരിച്ചറിയുന്നു.

ദൊരൈസ്വാമിയിൽനിന്ന് രേവതിയിലേക്കുള്ള ആദ്യ യാത്രയാണ് ഡിണ്ടിഗലിലേക്ക് നടത്തിയ യാത്ര. അവിടെവെച്ച് തന്റെ രീതിയിലും ഭാവത്തിലുമുള്ള ഒട്ടേറെപേരെ കണ്ടുമുട്ടുകയും 'നിന്നെ കണ്ടാൽ നടി രേവതിയെപോലുണ്ട്' എന്ന് അവർ പറഞ്ഞതനുസരിച്ച് രേവതി എന്ന് പേരുമാറ്റുന്നു. പതിനാലോ പതി

നഞ്ചോവയസ് പ്രായമുള്ളപ്പോഴാണ് ഈ സംഭവം നടക്കുന്നത്. തുടർന്ന് ഗുരു-ചേലാ ബന്ധത്തിലൂടെ തന്റെ ഹിജഡാജീവിതം ആരംഭിക്കുന്നു.

'നിർവ്വാണം' ചെയ്യുന്നതിനുമുൻപ് ഒട്ടേറെ കഠിന പരീക്ഷണങ്ങൾ നേരിടേണ്ടിവരുന്നുണ്ട് ഡൊരൈസ്വാമി എന്ന രേവതിക്ക്.

ഒരു 'പൊട്ടായി'* ആയി ജനിക്കുകയും പൊട്ടായിമാർക്കൊപ്പം ജീവിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം മൂക്കും കാതും കുത്തുന്നതും മുടി നീട്ടി വളർത്തുന്നതും വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണെന്ന് രേവതി മനസ്സിലാക്കുന്നു.

തുടർന്ന് രേവതി നടത്തുന്ന വിവരണങ്ങൾ ഒരു മലയാളി ഹിജഡയുടെ ആത്മകഥയിലെ അനുഭവവിവരണത്തിന് സമാനമാണ്. ഗുരു-ചേല ബന്ധവും നിർവ്വാണവും തുടർജീവിതവും സമാനമാണ്.

വിവാഹശേഷം ഭർത്താവിനോടൊപ്പം ലൈംഗികത ആഗ്രഹിച്ച രേവതിക്ക് ഇരുപതു വയസ്സായതോടെ ലൈംഗികതാത്പര്യങ്ങളുണർന്നു തുടങ്ങി. വിവാഹം ചെയ്യാൻ ആരും തയ്യാറാകാതിരുന്നതുകൊണ്ട് ലൈംഗികതൊഴിലിനിറങ്ങാൻ തീരുമാനിച്ചു.

''ലൈംഗികത്തൊഴിൽ ചെയ്യുന്നത് എനിക്ക് ഇഷ്ടമല്ല. എനിക്ക് ലൈംഗികാനന്ദം അനുഭവിക്കണം എന്നുണ്ടായിരുന്നു. ഞാനിപ്പോൾ എന്റെ ലൈംഗികാനുഭവങ്ങളെ ഒരു തൊഴിലായാണ് കാണുന്നത്.''[37]

പൊതുസമൂഹത്തിൽനിന്ന് നേരിടുന്നതെല്ലാം വേദനാജനകമായ അനുഭവങ്ങളാണ്. ഹിജഡകളെ മനുഷ്യരായി കാണാൻ ആരും തയ്യാറാകുന്നില്ല. പകരം ലൈംഗികാസക്തി തീർക്കാനുള്ള ഉപകരണങ്ങളായാണ് ജനങ്ങൾ അവരെ നോക്കികാണുന്നത്.

സ്വന്തം വീട്ടിൽനിന്നേൽക്കുന്ന മർദ്ദനങ്ങളും കുത്തുവാക്കുകളുമാണ് പ്രധാനമായും ഒരു ഹിജഡയെ വീടും നാടും ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുന്നത് എന്ന് രേവതിയും തന്റെ അനുഭവങ്ങളിലൂടെ തിരിച്ചറിയുന്നു.

---

* തമിഴിൽ മൂന്നാം ലിംഗക്കാരെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന നാട്ടുഭാഷാപ്രയോഗം.

മദ്യപാനം ഹിജഡകൾ ശീലമാക്കുന്നത് കാമഭ്രാന്തൻമാർ നൽകുന്ന വേദന കളിൽനിന്ന് രക്ഷനേടാനാണ്. രേവതിയും മദ്യപാനത്തിന് അടിമപ്പെടുന്നു. ഹിജഡാത്തെരുവിലെ ജീവിതം മദ്യപാനവും വഴക്കും ഇടപാടുകാരെ സ്വന്തമാക്കാനുള്ള കടിപിടികൂടലുമായി നടന്നുകൊണ്ടിരിക്കേ പലപ്പോഴും ജയിലും പോലീസു കേസുമായും കഴിയേണ്ടിവരുന്ന രേവതി, പോലീസുകാരാലും ചൂഷണത്തിന് ഇരയാകുന്നുണ്ട്. പല ചൂഷണങ്ങൾക്കും തിക്താനുഭവങ്ങൾക്കും ശേഷമാണ് രേവതി സംഗമയിൽ എത്തിച്ചേരുന്നത്. മനോഹർ ഇലവർത്തിയുടെ ഭാര്യയായി മാറിക്കൊണ്ടുള്ള ഒരു ജീവിതമാണ് തുടർന്ന് സംഭവിക്കുന്നത്. പക്ഷേ, നിയമപ്രകാരമുള്ള ഒരു വിവാഹജീവിതമായിരുന്നില്ല അത്. താനൊരു ദ്വിലൈംഗികനാണെന്നും തുടർന്നുള്ള ജീവിതത്തിന് അതൊരു ബുദ്ധിമുട്ടാവരുതെന്നും അയാൾ തുറന്നുപറയുന്നുണ്ട്. അത് അംഗീകരിക്കാനും മനസ്സിലാക്കാനും കഴിയുന്ന ഒരു മനസ്സുതന്നെയായിരുന്നു രേവതിക്കും. ഒരു ഭർത്താവായല്ല ഒരു പങ്കാളിയായി മാത്രമേ തന്നെ കാണാവൂ എന്നും അയാൾ രേവതിയോട് ആവശ്യപ്പെടുന്നു.

മധുരമായി തുടങ്ങിയ ആ കുടുംബജീവിതം പതിയെ സാധാരണ കുടുംബ ജീവിതങ്ങളെപോലെ അലോസരങ്ങൾ സൃഷ്ടിക്കുകയും അവസാനിക്കുകയും ചെയ്യുന്നു. തുടർന്ന് സംഗമയിൽത്തന്നെ ജോലിചെയ്തുകൊണ്ട് സ്ത്രീജീവിതം നയിക്കുകയാണ് രേവതി.

ആൺകുട്ടിയായി തമിഴ്നാട്ടിൽ ജനിച്ച്, എം.ടു.എഫ് ട്രാൻസ്ജെൻഡർ ജീവിതത്തിലൂടെ പെണ്ണായിമാറാൻ കൊതിച്ച് രേവതി നേരിടേണ്ടിവന്ന പരീക്ഷണങ്ങളുടെയും വെല്ലുവിളികളുടെയും കഥകളാണ് ഈ ആത്മകഥയിൽ.

പലതരം അവകാശങ്ങളെക്കുറിച്ച് കൂടെക്കൂടെ ഉച്ചത്തിൽ സംസാരിക്കുന്നവരോട് പാർശ്വവത്ക്കരിക്കപ്പെട്ടവർ തുറന്നുപറയുന്ന തിരസ്കരണത്തിന്റെ അനുഭവലോകമാണ് ഒരു ഹിജഡയുടെ ആത്മകഥ.

**സംഗ്രഹം**

പ്രണയം, രതി തുടങ്ങി പെണ്ണെഴുത്തുകാർക്ക് സമൂഹം വിലക്കുകൾ കൽപിച്ച എന്തിനെയും തന്റെ രചനകളിലൂടെ തുറന്നുകാണിക്കാൻ ധൈര്യം കാണിച്ച മാധവിക്കുട്ടി തന്റെ ആത്മകഥയിൽ സ്വവർഗ്ഗപ്രണയം ആവിഷ്കരിക്കു

ന്നത് അത്ര നിറമുള്ളതായിട്ടല്ല. കുടുംബജീവിതത്തിലേക്ക് കടന്നതിനുശേഷം ഭർത്താവ് സ്വവർഗ്ഗബന്ധത്തിലേർപ്പെട്ടു ജീവിക്കുന്ന കാഴ്ച നേരിൽ കാണേണ്ടിവരുന്ന എഴുത്തുകാരി ദാമ്പത്യം അവസാനിപ്പിക്കുന്നതിനെക്കുറിച്ചും ആത്മഹത്യയെക്കുറിച്ചും ചിന്തിക്കുന്നു. കൂടെക്കൂടെ രോഗിയായി മാറുന്നു. അതായത് കുടുംബജീവിതത്തിൽ വിമതലൈംഗികത പ്രതിസ്ഥാനത്തുതന്നെ നിൽക്കുന്നു എന്നർത്ഥം.

ജറീനയുടെ 'ഒരു മലയാളി ഹിജഡയുടെ ആത്മകഥ'യും, ഒരു ട്രാൻസ്ജെൻഡറുടെ ആത്മകഥയായ ശ്രീനന്ദുവിന്റെ 'ഇടംതേടിയും' രേവതിയുടെ 'ഹിജഡയുടെ ആത്മകഥ'യും ദൈവം നൽകിയ ശരീരം അംഗീകരിക്കാൻ കഴിയാത്തതിനാൽ ജീവിതത്തോടും മരണത്തോടും പോരാടിയിട്ടും പോരാട്ടം അവസാനിപ്പിക്കാനാവാത്ത അവരുടെ ജീവിതാനുഭവങ്ങളുമാണ്. ജനിച്ച മണ്ണിൽ അഭിമാനത്തോടെ ചവിട്ടിനിൽക്കാൻ അംഗീകാരം മാത്രം ചോദിക്കുന്നവരാണ് ഇവർ. അത്തരം പാർശ്വവത്കൃത ജീവിതത്തിന്റെ അനുഭവങ്ങൾ രേഖപ്പെടുത്താൻ കഴിഞ്ഞവർ ആയിരത്തിൽ ഒന്നോ, രണ്ടോ. എന്നാൽ അടയാളപ്പെടുത്തപ്പെട്ട ആത്മകഥകളാകട്ടെ തങ്ങളെപ്പോലുള്ളവർക്കുകൂടി വേണ്ടി വാദിക്കുന്ന ജിഹ്വകളായി മാറിയിട്ടുണ്ട്.

കന്യാസ്ത്രീ മഠങ്ങളും സെമിനാരികളും സ്വവർഗ്ഗരതിക്കാരുടെ താവളങ്ങളാണെന്ന് വാർത്തയിലും മറ്റും മാത്രം വായിച്ചറിയുകയും ഊഹാപോഹങ്ങൾ വെച്ചുപുലർത്തുകയും ചെയ്തിരുന്ന പൊതുസമൂഹത്തോട് അത്തരം ചിന്തകൾ ശരിയായിരുന്നു എന്ന് വിളിച്ചുപറയുകയാണ് ആമേനിലൂടെ ജസ്മി.

ആദിവാസിയും അനഭ്യസ്ഥനുമായ 'രാജു' എന്ന ചെറുപ്പക്കാരന് തനിക്ക് ജന്മം നൽകിയ വൈകല്യത്തിൽനിന്ന് രക്ഷനേടാൻ സഹായം തേടി അവതരിപ്പിക്കുന്ന ആത്മകഥയാണ് 'വിപരീതം'. പൊതുസമൂഹം ഒളിച്ചുവെക്കുന്ന ചില കള്ളത്തരങ്ങൾ ബലപ്രയോഗത്തിലൂടെയുള്ള വിമതരതിബന്ധക്കാഴ്ചകളിലൂടെ വെളിപ്പെടുത്തുകയും അതിന് വിധേയനാക്കപ്പെടുന്നവന്റെ മാനസികവേദനയെക്കുറിച്ചും ശരീരദുരിതത്തെക്കുറിച്ചും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട് ഈ കൃതി. തന്റെ ജീവിതത്തിൽ സംഭവിച്ചതെല്ലാം മറയില്ലാതെ തുറന്നുപറയുകയാണ് രാജു.

ഓരോ ആത്മകഥയും പൊതുസമൂഹത്തോട് ആവശ്യപ്പെടുന്നത്, ജീവിക്കാനുള്ള അവകാശത്തെക്കുറിച്ച് മാത്രമാണ്; പിറന്നമണ്ണിൽ വളരാനും സ്വപ്നങ്ങൾ

കണ്ടും ഇണചേർന്നും ജീവിതം കെട്ടിപ്പടുക്കാനുമുള്ള ഒരു മനുഷ്യന്റെ ജന്മാവകാശത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളാണ്. എത്രയൊക്കെ ശബ്ദമുയർത്തിയിട്ടും വിമതലൈംഗികരുടെ ജീവിതം ഇന്നും ദുരിതത്തിൽ തന്നെ. ചില പ്രതീക്ഷകൾക്ക് വകനൽകുന്ന പ്രഖ്യാപനങ്ങൾ വർഷാവർഷം ഗവൺമെന്റ്തലത്തിൽ പ്രഖ്യാപിക്കപ്പെടുന്നുണ്ടെങ്കിലും വിമതലൈംഗികജീവിതം നയിക്കുന്നവർക്കിടയിലേക്ക് അതൊന്നും വേണ്ടരീതിയിൽ എത്തിപ്പെടുന്നില്ല.

**കുറിപ്പുകൾ**

1. മാധവിക്കുട്ടി, *എന്റെ കഥ,* (നാല്പത്തിയഞ്ചാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം, 1982), പുറം 42.
2. ടി. പുറം 43.
3. ടി. പുറം 27.
4. ടി. പുറം 47.
5. ടി. പുറം 63.
6. ജറീന, *ഒരു മലയാളി ഹിജഡയുടെ ആത്മകഥ*, (തയ്യാറാക്കിയത് വിജയൻ കോടഞ്ചേരി), (രണ്ടാം പതിപ്പ്, പാപ്പിയോൺ ബുക്സ്, കോഴിക്കോട്, 2006), പുറം 22.
7. ടി. പുറം 20.
8. ടി. പുറം 12, 13.
9. ടി. പുറം 38.
10. ടി. പുറം 70.
11. ടി. പുറം 76.
12. ടി. പുറം 77.
13. ശ്രീനന്ദു, *ഇടംതേടി ഒരു ട്രാൻസ് ജെൻഡർ അവളുടെ/ അവന്റെ കഥപറയുന്നു*. (തയ്യാറാക്കിയത് ജെ.രാജശേഖരൻ), (ഒന്നാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം, 2008), പുറം 10.
14. ടി. പുറം 23.
15. ടി. പുറം 24
16. ടി. പുറം 26.
17. ടി. പുറം 27.
18. ടി. പുറം 59.
19. ടി. പുറം 84.
20. സിസ്റ്റർ ജസ്മി, *ഒരു കന്യാസ്ത്രീയുടെ ആത്മകഥ: ആമേൻ,* (എട്ടാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം, 2009), പുറം 52, 53.
21. ടി. പുറം 54.
22. ടി. പുറം 55.

23. സിസ്റ്റർ ജെസ്മി, *ഞാനും ഒരു സ്ത്രീ*, (രണ്ടാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം, 2011), പുറം 48.

24. ടി. പുറം 48.

25. ടി. പുറം 48.

26. രാജു, *വിപരീതം ഗർഭപാത്രമുള്ള ഒരു പുരുഷന്റെ സാഹസിക ജീവിതം*, (തയ്യാറാക്കിയത് ഉണ്ണികൃഷ്ണൻ ആവള), (ഒന്നാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം 2012), പുറം 25.

27. ടി. പുറം 65.

28. ടി. പുറം 65.

29. ടി. പുറം 65.

30. ടി. പുറം 65.

31. ടി. പുറം 87.

32. എ.രേവതി, ദയ.ജെ, (വിവ.), *ഒരു ഹിജഡയുടെ ആത്മകഥ*, (ഒന്നാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം, 2013), പുറം 11.

33. ടി. പുറം 14.

34. ടി. പുറം 21.

35. ടി. പുറം 21.

36. ടി. പുറം 26.

37. ടി. പുറം 107.

# നിഗമനം

രതിയുടെ ലോകം വളരെ വിചിത്രമാണ്. സിദ്ധാന്തങ്ങൾക്കും വിലക്കുകൾക്കും പൗരാണികരേഖകൾക്കുമപ്പുറം അതിന് വ്യത്യസ്തമായ സാമൂഹികമാനങ്ങളും പരിസരങ്ങളുമുണ്ട്. രതി എന്ന വികാരത്തിൽ ശരിതെറ്റുകളില്ല. ഇണചേരുന്നവരുടെ അഭിരുചിക്കനുസരിച്ച് ഏതുമാർഗവും സ്വീകരിക്കാം. ജൻമസിദ്ധമായി ഒരുവന് ലഭിക്കുന്ന അടിസ്ഥാനചോദനയാണ് അവന്റെ രതി. അതിനെ നിയമത്തിന്റെ ഭാഷ ഉപയോഗിച്ച് സ്വാഭാവികം/പ്രകൃതിവിരുദ്ധം എന്നിങ്ങനെയുള്ള വിഭജനത്തിന്റെ ആവശ്യമില്ല. പ്രകൃതിക്ക് ഒന്നും വിരുദ്ധമല്ല. രതിയുടെ എല്ലാത്തരം ഭാവങ്ങളും പ്രകൃതിയിലെ മനുഷ്യേതരജീവികളിലും കണ്ടുവരുന്നുണ്ട്. വ്യവസ്ഥാപിതചട്ടക്കൂടുകൾക്കകത്തുള്ള സാമൂഹികജീവിതമല്ല അവർ നയിക്കുന്നത്. എന്ന കാരണത്താൽ അവർ ശിക്ഷിക്കപ്പെടുന്നില്ല എന്നുമാത്രം. അവർ സമൂഹത്തിന് വേണ്ടി കുടുംബബന്ധങ്ങൾ കെട്ടിപ്പടുക്കുന്നില്ല. സദാചാരമൂല്യങ്ങളിലധിഷ്ഠിതമായ മനസ്സോടെ സ്വന്തം രതിതാത്പര്യങ്ങളെ മറച്ചുവെക്കുന്നില്ല. രതി എന്ന ജൈവികചോദനയെ അതിന്റെ യാഥാർത്ഥ അർത്ഥത്തിൽ ഉൾകൊള്ളുകയും പ്രജനനത്തിനോ ആഹ്ലാദത്തിനോ കാരണമാകുന്ന രീതിയിൽ രതിയിൽ ഏർപ്പെടുകയും ചെയ്യുന്നു. രതിയുടെ വൈവിധ്യത്തിന്റെ പേരിൽ മനുഷ്യേതരജീവികളാരുംതന്നെ അപമാനിക്കപ്പെടുന്നില്ല, ലിംഗമാറ്റം നടത്തേണ്ടിവരുന്നില്ല. സ്വത്വത്തെ കുറിച്ചുള്ള ആത്മാന്വേഷണങ്ങളിൽ തളർന്നിരിക്കുന്നില്ല.

''ഈ ലോകം ആണിന്റെയും പെണ്ണിന്റേതുമാണ്. ഇവിടെ ദുർബലരായ ഞങ്ങളുടെ വേദനകൾ കാണാൻ ബഹുഭൂരിപക്ഷവും തയ്യാറാവുന്നില്ല. ഞങ്ങൾക്കു വേണ്ടി ശബ്ദമുയർത്തുന്നവർപോലും വിമർശിക്കപ്പെടുന്നു'' (ജറീന, ഒരു മലയാളി ഹിജഡയുടെ ആത്മകഥ).

രതിയെ സൃഷ്ടിപരമായി നിർവചിച്ച മഹത്തായ കലാസൃഷ്ടികൾ ഉണ്ടായ അതേലോകത്ത് രതിതാത്പര്യങ്ങളുടെ പേരിൽ ജീവിതത്തിന്റെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെട്ടവർ ഉയർത്തുന്ന ഈ രോദനം കണ്ടില്ല എന്നും നടിക്കുന്നത് പുരോഗമനപരമല്ല.

ഒട്ടനവധി വിദേശരാജ്യങ്ങളിൽ വിമതരതി നിയമവിധേയമാണ്. ബ്രിട്ടനിൽ സ്വവർഗ്ഗരതിക്കാരുടെ വിവാഹം നിയമവിധേയമാക്കി. ഉറുഗ്വേയിലും സൗത്ത് ആഫ്രിക്കയിലും കാനഡയിലും സ്പെയിനിലും ഇത് നിയമപരമായി അനുവദനീയമാണ്. യൂറോപ്യൻരാജ്യങ്ങളിൽ ഡൻമാർക്ക് വളരെ മുൻപുതന്നെ സ്വവർഗ്ഗ വിവാഹങ്ങൾ അനുവദിച്ചിരുന്നു. അമേരിക്കൻ പ്രസിഡന്റ് ബരാക്ക് ഒബാമ പങ്കെടുത്ത ഒരു മീറ്റിങ്ങിൽ വെച്ച് ഒൻപതു വയസ്സുള്ള രണ്ടു പെൺകുട്ടികൾ അവരുടെ അമ്മമാരുടെ സ്വവർഗ്ഗപ്രണയത്തെ ആഘോഷിച്ചു. അർജന്റീനയിൽ ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെയൊ ഹോർമോൺ ചികിത്സയിലൂടെയോ പുരുഷന് സ്ത്രീയായോ തിരിച്ചോ ആകാൻ നിയമം അനുവദിക്കുന്നു. വത്തിക്കാൻ സഭാമേധാവി മാർപാപ്പയും വിമതരതിക്കാരോട് അനുനയസ്വഭാവം പ്രകടമാക്കി.

ഇന്ത്യൻ സാമൂഹികപശ്ചാത്തലം പരിശോധിക്കുമ്പോഴും വിമതരതിതത്പരതയെ തള്ളിക്കളഞ്ഞ് വസുധൈവകുടുംബസങ്കല്പത്തെ മാത്രം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു ജീവിതവ്യവസ്ഥയൊ നിയമവ്യവസ്ഥയോ സമൂഹനിർമ്മിതിയോ പോലും സാധ്യമല്ല. അതിനാലാണ് സ്വവർഗ്ഗരതിയെ നിയമപരമായി അംഗീകരിച്ചില്ലെങ്കിൽപോലും 'ജെൻഡർ ഐഡന്റിറ്റി' പ്രശ്നങ്ങളെ അംഗീകരിക്കപ്പെടുകയും അവരെ രേഖാപരമായി അടയാളപ്പെടുത്തുകയും ചെയ്യേണ്ടിവരുന്നത്.

വിമതപ്രണയികൾക്ക് കുട്ടികളുമായുള്ള ലൈംഗികത ഒരു ബലഹീനതയാണെന്നും അവർ കുട്ടികളെ ലൈംഗികചൂഷണത്തിനിരയാക്കുന്നുവെന്നും അതിനാൽ അവർ ക്രിമിനലുകളാണ് എന്നും സമൂഹത്തിന് പൊതുവായ ഒരു കാഴ്ചപ്പാടുണ്ട്. അത് പൂർണമായും ശരിയെന്ന് പറയാനാവില്ല. യഥാർത്ഥ വിമതപ്രേമി തന്റെ ഐഡന്റിറ്റി മറച്ചുവെച്ചല്ല ജീവിക്കുന്നത്. അയാളുടെ വസ്ത്രധാരണത്തിലൊ, സംസാരത്തിലൊ, ജീവിതരീതികളിലോ ശരീരഭാഷയിലോ തന്റെ ലൈംഗിക താത്പര്യം ഏതു മേഖലയുമായി അടുത്തുനിൽക്കുന്നു എന്ന് സൂഷ്മനിരീക്ഷണത്തിൽ മനസിലാവുംവിധം ജനിക്കുകയോ ജീവിക്കുകയോ ചെയ്യുന്നവരാണ്. അവരിലധികവും വിധേയസ്വഭാവികളാണ്. കർതൃത്ത്വസ്വഭാവികളെ സൂക്ഷ്മപഠനത്തിനു വിധേയമാക്കിയാൽ അവർ (ബൈസെക്ഷ്വലുകൾ) അതായത് ഇരുലിംഗരമികൾ ആണെന്ന് കാണാൻ സാധിക്കും. ഇത്തരക്കാരെ തിരിച്ചറിയുക പ്രയാസമാണ്. ഇവരിൽ സമൂഹത്തിലെ ഉന്നതനില കൈയ്യാളുന്നവർ, കലാസാംസ്കാരികരംഗത്തു പ്രവർത്തിക്കുന്നവർ, കുടുംബസ്ഥർ, എതിർലിംഗഇണയുടെ അഭാവ

ത്താലൊ സാമൂഹികവിലങ്ങുകളാലോ മാത്രം സ്വലിംഗഇണയെ സ്വീകരിക്കേണ്ടി വരുന്നവരായ മഠാധിപതികൾ, വിദ്യാർത്ഥികൾ, മതനേതാക്കൻമാർ ജയിലിൽ അക പ്പെട്ടുപോയവർ തുടങ്ങി ഏതുമേഖലയിലും ഇവരുടെ സജീവസാന്നിധ്യം പ്രകടമാ ണ്. സമൂഹത്തിന്റെ കണ്ണിൽ ലൈംഗികതാത്പര്യത്തിന്റെ പേരിൽ അകറ്റിനിർത്ത പ്പെടാത്തതായതുകൊണ്ട് ഇവർ സമൂഹത്തിൽ മാന്യസ്ഥാനം കൈവരിക്കുകയും തങ്ങളുടെ ലൈംഗികതാത്പര്യത്തിനായ് കുട്ടികളെയും മറ്റും ഉപയോഗിക്കുകയും ചെയ്യുന്നു. ഇവരുടെ രതിപ്രക്രിയയിൽ സാഡിസത്തിന്റെ സ്വഭാവവും ചിലപ്പോൾ വന്നുചേരാറുണ്ട്. ഇണയെ ലൈംഗികമായി അനുഭവിക്കുന്നതോടൊപ്പം വേദനിപ്പി ക്കുകയൊ ചിലപ്പോൾ കൊലപാതകം വരെ നടത്തുകയോ ചെയ്യുന്നു.

ലൈംഗികസ്വത്വത്തിന്റെ പേരിൽ ഏറ്റവുമധികം സംഘർഷമനുഭവിക്കുന്ന വർ അപരലിംഗത്തിൽപ്പെട്ടവരൊ (Third Gender) ഹിജഡകളൊ ആണ്. ശാരീരിക മായി സ്ത്രീയായൊ പുരുഷനായൊ തോന്നിപ്പിക്കുമെങ്കിലും ശാരീരിക പ്രവർത്ത നങ്ങളിലും മാനസികമായ ചിന്തകളിലും അതിനോട് യോജിക്കാൻ പറ്റാത്ത അവ സ്ഥയെ നേരിടുന്ന ഇവർ ശരിയായ വിദ്യാഭ്യാസമോ സാങ്കേതിക വൈദഗദ്ധ്യമുള്ള തൊഴിൽ മേഖലകളിലൊ എത്തിപ്പെടാത്തവരാണ്. ഇവരുടെ അവകാശങ്ങളും നിലനിൽപും സംരക്ഷിക്കാൻ ശക്തമായ നിയമങ്ങളില്ല എന്നത് ഇവർക്കെതിരെ യുള്ള ചൂഷണങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നു. മാനസികവും ശാരീരികവുമായ ചൂഷണങ്ങൾക്ക് ഇവർ വിധേയരാകുന്നു. വിമതരതിക്കാർ നേരിടുന്ന മറ്റൊരു പ്രശ്നം അവർക്ക് രണ്ടോ അധിലധികമൊ അംഗങ്ങളുള്ള ഒരു കൂട്ടായ്മയിൽ മാത്രമേ ജീവിക്കാനാവൂ എന്നുള്ളതാണ്.

എല്ലാ വിഭാഗത്തിലുംപെട്ട വിമതരതിക്കാർ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം സാമൂഹികഭ്രഷ്ട് അഥവാ അയിത്ത(Social Stigma)മാണ്. മതപ്രഭാഷണ ങ്ങളിലൂടെയും മതപഠനങ്ങളിലൂടെയും വ്യത്യസ്ത മതവിഭാഗങ്ങൾ ഇവർക്കു നേരെയുള്ള സാമൂഹികഭ്രഷ്ട് നിരന്തരം വളർത്തിക്കൊണ്ടിരിക്കുന്നു. വിമതപ്രേമികൾ ഒരു കൂട്ടമായി പൊതുസമൂഹത്തിൽ പ്രത്യക്ഷപ്പെടാതെ ഇരിക്കാ നുള്ള കാരണവും വിമതപ്രേമികളോടുള്ള ഈ സാമൂഹിക അയിത്തം തന്നെ. വിമ തരതിക്കാർക്കെതിരെ സമൂഹത്തിൽ അവമതിപ്പുണ്ടാക്കി മുഖ്യധാരയിൽ നിന്നു മാറ്റി നിർത്തുന്നതിന്റെ പിന്നിൽ മതമേധാവികളുടെ സംഘടിതമായ പ്രവർത്തന

ങ്ങളുണ്ട്. വിമതപ്രേമികൾക്ക് അനുകൂലമായ ഡൽഹി ഹൈക്കോടതി വിധിയെ സുപ്രീംകോടതിയിൽ അവർ ചോദ്യം ചെയ്തത് ഏറ്റവും ഒടുവിലത്തെ അയിത്തോത്പാദന ശ്രമമാണ്.

ഇന്ത്യൻപാരമ്പര്യത്തിൽ എത്രയോ മുൻപുതന്നെ വിമതരതിയെ നൈസർഗികമായി കണ്ടെത്തിയിരുന്നു എന്ന വസ്തുത വിസ്മരിക്കാനാവുന്നതല്ല.ആദിവാസികൾക്കിടയിൽ അവർ ആദരിക്കുന്ന 'ഷാമൻമാർ' ഭിന്നരതിക്കാരാണെന്ന തിരിച്ചറിവ് ആദിവാസി സമൂഹത്തിനുപോലുമുണ്ട്. ഇന്ത്യയുടെ ശൈവപാരമ്പര്യത്തിൽ ഈശ്വരൻ അർദ്ധനാരീശ്വരനാണ്. കേരളത്തിന്റെ ഭക്തിതേജസ്സായ അയ്യപ്പൻ സ്വവർഗ്ഗരതിയുടെ ഉത്പന്നമായാണ് ചരിതങ്ങളും പുരാണങ്ങളും രേഖപ്പെടുത്തുന്നത് ശിവനും മോഹിനിരൂപത്തിലുള്ള വിഷ്ണുവുമാണ് അയ്യപ്പന്റെ മാതാപിതാക്കൾ. കൊല്ലം കൊറ്റംകുളങ്ങര ദേവിക്ഷേത്രോത്സവം, കൊടുങ്ങല്ലൂർ ഭരണി ഉത്സവം തുടങ്ങി ഇന്നത്തെ ഏത് ക്ഷേത്രസംബന്ധിയായ ഘോഷയാത്രയിലും സുന്ദരീവേഷം കെട്ടി ആടാനെത്തുന്നവർ വിമതരമികളെന്ന് ബാഹ്യക്കാഴ്ചയിൽത്തന്നെ തിരിച്ചറിയാം. ഹിജഡകളുടെ 'ബതായി' ശുഭസൂചകമായി ഇന്നും കരുതപ്പെടുന്നു. ഹിജഡകൾക്ക് ഹിന്ദു ആചാരങ്ങളിൽ ലഭിക്കുന്ന സ്വീകാര്യതയും ബഹുമാനവും ഇതിന്റെ ലക്ഷണങ്ങളാണ്.

കത്തോലിക്കാസഭയൊഴികയുള്ള ക്രിസ്ത്യൻ വിശ്വാസങ്ങളും ലോകരാഷ്ട്രങ്ങളും സ്വലിംഗരമിത്വം പ്രകൃതിദത്തമാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ലോകമതങ്ങളിൽ താത്ത്വികമായി ഏറ്റവും കാർക്കശ്യവും നിർദ്ദയവുമായ നിലപാട് സ്വിലിംഗരമികളോട് സ്വീകരിക്കുന്നത് ഇസ്ലാം മതമാണ്.

ഹോമോഫോബിയ എന്ന മനോരോഗത്തിന്റെ പിടിയിലാണ് ഇന്നത്തെ കേരളസമൂഹം. അതിന് കാരണങ്ങൾ ഉണ്ട്.

1. വിമതലൈംഗികതയിലേക്ക് ആകർഷിക്കപ്പെടുന്ന ഒരാൾക്ക് പിന്നീട് വൈവാഹികകുടുംബജീവിതം ദുഷ്കരമായിരിക്കും. അത് ഭാര്യയോട്/ ഭർത്താവിനോടുകൂടി ജീവിക്കുന്നതിൽനിന്നും വിമതഭോഗിയെ അകറ്റും, കുടുംബജീവിതം താളംതെറ്റും എന്ന വിശ്വാസം.

2. വിമതഭോഗി സ്വവർഗ്ഗത്തിൽനിന്ന് ഇണയെ സ്വീകരിച്ചാൽ വരും തലമുറയിലേക്കുള്ള സന്താന ഉത്പാദനപ്രക്രിയ നടപ്പാക്കുകയില്ല. ഇത് മക്കത്തായ സമ്പ്രദായത്തിന് എതിര് നിൽക്കുന്നു.

3. കുട്ടികളെ സ്വവർഗ്ഗപ്രേമികൾ അമിതമായി ചൂഷണം ചെയ്യുകയും അവരിൽ വിമതാഭിമുഖ്യം വളർത്തുകയും ചെയ്താൽ അത് വരുംതലമുറയുടെ ഭാവി തകർക്കുമെന്ന തെറ്റായ ചിന്താഗതി.

4. ക്രിസ്ത്യൻ മിത്തോളജിയിൽനിന്നും മറ്റു മതകേന്ദ്രങ്ങളിൽനിന്നും ഉയർന്നുവരുന്ന പാപബോധവിശ്വാസപ്രകാരം വിമതലൈംഗികത എതിർക്കപ്പെടേണ്ടതാണ് എന്ന ചിന്ത.

ഉഭയലിംഗജീവിതം നയിക്കുന്നവർക്കിടയിലെ വിമതരതി ഒരാഡംബരം എന്ന നിലയിലും ഏകലിംഗജീവിതം നയിക്കുന്നവരുടേത് ഒരു അനിവാര്യത എന്ന നിലയിലുമാണ് അപഗ്രഥിക്കപ്പെടേണ്ടത്. 'എനിക്കൊരു കട്ടൻ ചായയും ന്റെ കുണ്ടനൊരു ബിരിയാണിയും' എന്ന കോഴിക്കോടൻ പ്രയോഗം ഉഭയലിംഗലൈംഗികജീവിതം നയിക്കുന്നവർക്കിടയിൽ നിലനിൽക്കുന്ന വിമതരതിസാഹചര്യങ്ങളെ പ്രതീകവത്ക്കരിക്കുന്നു. കുണ്ടൻമാരെ കൈവശം വെക്കുന്നത് സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങൾ സംഘർഷത്തിലെത്തുന്നതും അപൂർവ്വമല്ല. 1970-കൾ മുതൽക്കാണ് അദൃശ്യരായി ഇരിക്കാൻ വിധിക്കപ്പെട്ട സ്വവർഗ്ഗതത്പരർ സ്വന്തം ലൈംഗികസ്വത്വം തുറന്നുപ്രഖ്യാപിക്കാൻ കഴിയുംവിധം സ്വതന്ത്രരാവുന്നത്. അതോടെയാണ് ഞങ്ങളുടെ ലിംഗപദവി ഞങ്ങൾതന്നെ തീരുമാനിക്കുമെന്ന അവരുടെ തീരുമാനം പുറത്തുവന്നത്. പാപമായി മതവും കുറ്റകൃത്യമായി നിയമവും മാനസികവൈകൃതമായി പരമ്പരാഗത മനഃശാസ്ത്രവും ഹോർമോൺ തകരാറായി വൈദ്യശാസ്ത്രവും സ്വന്തം കുടുംബത്തിനകത്തെ അഭിമാനക്ഷതമായി ഉഭയലിംഗ കുടുംബങ്ങളും പരസ്പരം മത്സരിച്ച് അക്രമിക്കുന്ന ഏകലിംഗജീവിതത്തിനും ഈ ഭൂമിയിൽ മറ്റുള്ളവർക്കുള്ളതുപോലെ സ്വതന്ത്രമായ ജീവിതത്തിന് അവകാശമുണ്ട്. ഹോമോഫോബിയക്കുപിന്നിൽ കൃത്യമായ രാഷ്ട്രീയ അജൻഡയുണ്ട്. അത് പേടിയിൽ അവസാനിക്കുന്നതിനുപകരം വെറുപ്പിലും ദേഷ്യത്തിലും കിടന്ന് തിളയ്ക്കുന്നു.

ലൈംഗികതയെക്കുറിച്ച് ചിന്തിക്കുമ്പോൾ, വ്യക്തിയുടെ അവകാശങ്ങൾ എവിടെ അവസാനിക്കുന്നു, സമൂഹത്തിന്റെ നിയന്ത്രണങ്ങൾ എവിടെ തുടങ്ങുന്നു എന്നത് പ്രധാനമാണ്. വ്യക്തിക്കാണ് സമൂഹത്തേക്കാൾ പ്രാധാന്യം എന്നാണ് ഇന്നത്തെ മുദ്രാവാക്യം. ആൺ/പെൺ പരികല്പനകളിൽനിന്ന് വ്യത്യസ്തമായ ആഭിമുഖ്യമുള്ളതുകൊണ്ടുമാത്രം ഒരു വിഭാഗത്തെ വേട്ടയാടുവാൻ മറ്റു ലിംഗവിഭാഗത്തിൽപ്പെട്ടവർക്ക് അർഹതയില്ല. വിമതരതിയെ ആക്ഷേപിക്കുന്നതിനുപകരം പ്രശ്നവത്ക്കരിക്കുകയാണ് വേണ്ടത്. ജെൻഡർ ഐഡന്റിറ്റി കൃത്യമായി അടയാളപ്പെടുത്താൻ സാധിക്കുംവിധം നിയമനിർമ്മാണം നടത്തണം. 'അദർ' എന്ന കോളത്തിൽ ഒതുങ്ങിത്തീർന്ന് പരിഹാസ്യരാവേണ്ടവരല്ലവർ. കുഞ്ഞുങ്ങളെ ദത്തെടുക്കാൻ ആഗ്രഹിക്കുന്നവർക്കായി നിലവിലുള്ള ദത്തുനിയമം അനുസരിച്ച് കുഞ്ഞുങ്ങളെ സ്വന്തമാക്കാൻ സാധിക്കണം. ഇതിനൊക്കെ പുറമേ അനാരോഗ്യകരമായ ജീവിതസാഹചര്യങ്ങളിൽനിന്നു മുക്തിനേടി, ലൈംഗികത്തൊഴിലല്ലാതെ കൃത്യമായി ശമ്പളം കിട്ടുന്ന തൊഴിലുകൾ നേടുന്നതിന് വിമതരതിക്കാരെ പ്രാപ്തരാക്കണം. ഇത്രയെങ്കിലും അവർക്കുവേണ്ടി ചെയ്താൽ മാത്രമേ; ഭിക്ഷാടനത്തിൽനിന്നും നിർബന്ധിതലൈംഗികചൂഷണപരിസരങ്ങളിൽനിന്നും അവർക്ക് മോചിതരാവാൻ സാധിക്കൂ. അതോടൊപ്പം ഇവരുടെ ആരോഗ്യപരമായ കാര്യങ്ങളിലും പ്രത്യേകശ്രദ്ധ എത്തേണ്ടതുണ്ട്. കുറഞ്ഞചെലവിൽ ആവശ്യമായ ചികിത്സാരീതികൾ മെച്ചപ്പെടുത്തുക, ആരോഗ്യകരമായ സാഹചര്യങ്ങളിൽ ലിംഗമാറ്റ ശസ്ത്രക്രിയ, ഹോർമോൺ ചികിത്സ എന്നിവയ്ക്ക് ഗവൺമെന്റ് ആനുകൂല്യങ്ങളോടെ സഹായങ്ങൾ നൽകുക, വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വിമതലൈംഗികരിലെ ഹിജഡ, കോത്തി വിഭാഗങ്ങളെ രക്ഷിക്കേണ്ട ചുമതല ഗവൺമെന്റ് ഏറ്റെടുക്കേണ്ടതുണ്ട്. വിവാഹം സാധ്യമാക്കുന്നതിനോടൊപ്പം വിവാഹമോചനത്തിനുള്ള അവകാശവും നൽകണം, എല്ലാം നിയമപരമാക്കണം. സ്വത്തവകാശം നൽകണം. ലൈംഗികഭിന്നതയുടെ പേരിൽ വീട് നഷ്ടപ്പെട്ടവർക്ക് തലചായ്ക്കാൻ ഗവൺമെന്റ് ചെലവിൽ ഓരോ നഗരങ്ങളിലും ഒരിടമെങ്കിലും മാറ്റിവെക്കണം. തൊഴിൽമേഖലയിൽ ജെൻഡർ രേഖപ്പെടുത്താൻ കഴിയാത്തവർക്കും മുൻഗണന നൽകണം.

വിമതലൈംഗികത മാനസികരോഗമല്ല എന്ന തിരിച്ചറിവോടെ വിമതലൈംഗികന്റെ മാനസികസംഘർഷങ്ങളും ജീവിതപ്രശ്നങ്ങളും ചിത്രീകരിക്കുന്ന

സാഹിത്യകൃതികൾ വിമതലൈംഗികതല്പരരിൽനിന്നും തന്നെ ഉണ്ടായി വരേണ്ടതുണ്ട്. വിമതലൈംഗിക വ്യക്തിത്വമുള്ളവർ സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടുപോകുന്നതിന്റെ വേദനകൾ പങ്കുവെക്കാനും ഇടം കണ്ടെത്താനും മാത്രമെ ഇതുവരെ ശ്രമങ്ങൾ നടത്തിയിട്ടുള്ളു എന്ന് അവരുടെ ആത്മകഥകളിൽനിന്ന് മനസ്സിലാവും. അവകാശപോരാട്ടങ്ങൾ ഫലംകണ്ടു തുടങ്ങിയ ഇക്കാലത്ത് ഏതു മേഖലയിലും സാന്നിധ്യം തെളിയിക്കാനും പരിമിതികളെ മറികടക്കാനും, വിമതലൈംഗികനെക്കൂടി ഉൾക്കൊള്ളാതെ ഒരുസമൂഹത്തിന് മുന്നോട്ടുപോവാനാവില്ല എന്ന് അധികാരകേന്ദ്രങ്ങളെ ബോധ്യപ്പെടുത്തിക്കൊണ്ട് ഓരോ വിമതലൈംഗികനും മുന്നോട്ടു വരേണ്ടതുണ്ട്. അതിനായി സാഹിത്യം, സിനിമ, രാഷ്ട്രീയം എന്നീ മേഖലകളിൽ മുന്നേറ്റം നടത്തണം. മലയാളസാഹിത്യം വിമതരതിയെ അടയാളപ്പെടുത്തുന്നത് പ്രകൃതിവിരുദ്ധമെന്ന ധാരണ മുൻനിർത്തിക്കൊണ്ടാവരുത്, വിമതലൈംഗികത മാനസിക രോഗമല്ല എന്ന തിരിച്ചറിവ് ഉണ്ടാവണം. സ്വകാര്യചർച്ചകളിൽനിന്ന് പൊതുചർച്ചകളിലേക്ക് വളരുന്ന പ്രശ്നനിർദ്ധാരണങ്ങളും, തുടർ പഠന സാധ്യതകളും, സ്ഥിരംജോലികളിൽ ഏർപ്പെടാനുള്ള സാഹചര്യവും ചൂഷണങ്ങളിൽനിന്ന് മോചനം നേടാനുള്ള അവബോധവും നൽകി, വിമതലൈംഗികന് മനുഷ്യജീവിതം അവകാശബോധത്തോടെ മുന്നോട്ടുനയിക്കാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കേണ്ടത് സമൂഹത്തിന്റെ നന്മയും കടമയുമാണ്. സാഹിത്യലോകത്തിനും ഈ ഉദ്യമത്തിൽനിന്ന് പിന്തിരിയാനോ മുഖംമറയ്ക്കാനോ കെട്ടുകഥകൾപോലെ വിമതലൈംഗികതയെ ആവിഷ്കരിക്കാനോ അവകാശമില്ല. വിമതലൈംഗികത പ്രകൃതിദത്തമാണ്. ഒളിച്ചുവെക്കുകയോ അടിച്ചമർത്തുകയോ ചെയ്തതുകൊണ്ട് ഈ സത്യത്തെ ഇല്ലായ്മ ചെയ്യാൻ കഴിയില്ല.

സാമൂഹികജീവിതത്തിൽ സാധാരണ ലൈംഗികതയെ ഉപജീവിച്ചുപോന്നവരെപ്പോലെ തന്നെ വിമതരതിയിൽ ഇടംകണ്ടെത്തിയവരും എക്കാലത്തും ഉണ്ടായിരുന്നു. അവരുടെ മാനസികനില മറ്റുള്ളവരിൽനിന്നും ഒട്ടും ഭിന്നമല്ല. എന്നുള്ള തിരിച്ചറിവിലേക്കാണ് സൈദ്ധാന്തികമായും അനുഭവപരമായും മുകളിൽ പറഞ്ഞ സാഹിത്യകൃതികളും പഠനങ്ങളും കൊണ്ടുചെന്നെത്തിക്കുന്നത്. വിമതരതിയിലും വിജാതീയരതിയിലും മനസ്സാണ് രതിയിൽ പ്രവർത്തിക്കുന്ന പ്രധാന ഇന്ദ്രിയം. എല്ലാ രാഷ്ട്രീയ ഉത്തരങ്ങൾക്കുമൊപ്പം ശരിയായ സൗന്ദര്യബോധവും കല

ഉയർത്തുന്ന ചോദ്യങ്ങളും നവീകരിക്കപ്പെടണം. അത്തരത്തിലുള്ള വളർച്ച വായനയിലും വിലയിരുത്തലിലും മുന്നോട്ടുവെച്ചുകൊണ്ട് വേണ്ടവിധത്തിൽ വിന്യസിക്കാൻ മലയാളസാഹിത്യത്തിന് കഴിഞ്ഞിട്ടുണ്ട് എന്ന് നിസ്സംശയം പറയാം. എന്നാൽ വിമതലൈംഗികന്റെ സാമൂഹികസാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ കാതലായ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്.

# ഗ്രന്ഥസൂചി


അയ്യൂബ്.എം.എസ്. (വിവ.) *പ്രണയത്തിന്റേയും ലൈംഗികതയുടേയും മനഃശാസ്ത്രം*, (പാപ്പിയോൺ ബുക്സ്, കോഴിക്കോട്, നവം. 2010).

അരുന്ധതി റോയ്, (വിവ.) പ്രിയ.എ.എസ്, *കുഞ്ഞുകാര്യങ്ങളുടെ ഒടേതമ്പുരാൻ*, (ഡി.സി.ബുക്സ്, കോട്ടയം, 2011).

അക്ബർ കക്കട്ടിൽ, *സ്ത്രീലിംഗം - പെൺപക്ഷകഥകൾ*, (പിയാനോ പബ്ലിക്കേഷൻ, കോഴിക്കോട്, 2011).

ഇന്ദുമേനോൻ, *കഥകൾ*, (കറന്റ് ബുക്സ്, തൃശ്ശൂർ, 2010).

ഇന്ദുമേനോൻ, *ചുംബന ശബ്ദതാരാവലി*, (ഡി.സി. ബുക്സ്, കോട്ടയം, 2011).

ഇന്ദുമേനോൻ, *എന്നെ ചുംബിക്കാൻ പഠിപ്പിച്ച സ്ത്രീയേ*, (ഡി.സി.ബുക്സ്, കോട്ടയം, 2013).

ഇന്ദിര കെ.ആർ, *സ്ത്രൈണ കാമസൂത്രം: വിമൻസ് എഡിഷൻ*, (ഡി.സി.ബുക്സ്, കോട്ടയം, 2012).

ഇന്ദുമേനോൻ, *ഹിന്ദുഛായയുള്ള മുസ്ലീം പുരുഷൻ*, (ഡി.സി.ബുക്സ്, കോട്ടയം, 2007).

ഉണ്ണികൃഷ്ണൻ ആവള, രാജു - *വിപരീതം: ഗർഭപാത്രമുള്ള പുരുഷന്റെ സാഹസിക ജീവിതം*, (ഡി.സി.ബുക്സ്, കോട്ടയം, 2012).

ഉഷാകുമാരി ജി. *ഉടൽ ഒരു നെയ്ത്ത് സംസ്ക്കാരത്തിന്റെ സ്ത്രീവായന*, (നാഷണൽ ബുക്ക് സ്റ്റാൾ, കോഴിക്കോട്, 2013).

കോളിൻ വിൽസൺ, (വിവ.) എം.ടി.എൻ. നായർ, *ലൈംഗികവാസനയുടെ ഉല്പത്തി*, (പാപ്പിയോൺ ബുക്സ്, കോഴിക്കോട്, 1989).

കെ.ഇ.എൻ. (എഡി.), *ലൈംഗികത ഉദാരണീകരണം പരിസരവും രാഷ്ട്രീയവും*, (പ്രോഗ്രസ് പബ്ലിക്കേഷൻ കോഴിക്കോട്, 2011).

ചെലവൂർ വേണു, *സ്ത്രീ പുരുഷബന്ധങ്ങളുടെ പൊരുളും പ്രേരണയും*, (നളന്ദ പബ്ലിക്കേഷൻ, തൃശ്ശൂർ, 2004).

ചെലവൂർ വേണു, *ദാമ്പത്യത്തിന്റെ കാണാപ്പുറങ്ങൾ*, (പൂർണ പബ്ലിക്കേഷൻ, കോഴിക്കോട്, 2005).

ജറീന, *ഒരു മലയാളി ഹിജഡയുടെ ആത്മകഥ*, (തയ്യാറാക്കിയത്), വിജയൻ കോട ഞ്ചേരി, (പാപ്പിറസ് ബുക്സ്, കോഴിക്കോട്, 2006)

ചന്ദ്രിക.സി.എസ്, *ലേഡീസ് കംപാർട്ട്മെന്റ്*, (ഡി.സി. ബുക്സ്, കോട്ടയം, 2002).

ചന്ദ്രിക.സി.എസ്, *ക്ലെപ്റ്റോമാനിയ*, (ഡി.സി.ബുക്സ്, കോട്ടയം, 2011).

ചന്ദ്രിക സി.എസ്, *ആർത്തവമുള്ള സ്ത്രീകൾ*, (ഫേബിയൻ ബുക്സ്, മാവേലിക്കര, 2008).

ബാലകൃഷ്ണൻ .എൻ, (എഡി.), *ഫെമിനിസം*, (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവ നന്തപുരം, 2011).

ജയകൃഷ്ണൻ എൻ, (എഡി.), *ഫെമിനിസം*, (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവന ന്തപുരം, 2011).

ജോജി കുട്ടുമ്മൽ, *ലൈംഗികത - നിലപാടുകളുടെ രാഷ്ട്രീയം*, (കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശ്ശൂർ, 2005).

തകഴി ശിവശങ്കരപ്പിള്ള, *ചങ്ങാതികൾ* - (കഥാസമാഹാരം), മംഗളോദയം പ്രസ്, തൃശ്ശൂർ, 1969.

തകഴി ശിവശങ്കരപ്പിള്ള, *ജീവിതം സുന്ദരമാണ് പക്ഷേ,* പൂർണ പബ്ലിക്കേഷൻ, കോഴിക്കോട്, 2006).

ദയാനന്ദൻ.ഡി, *സ്ത്രീ മനസ്സും ശരീരവും*, (മെലിൻഡ ബുക്സ്, തിരുവനന്തപുരം, 2004).

നാലപ്പാട്ട് നാരായണമേനോൻ, *രതി സാമ്രാജ്യം*, (മാതൃഭൂമി ബുക്സ്, കോഴിക്കോ ട്, 2013).

നഷാദ് (സമാഹരണം), *രതിയുടെ മന്ദാരങ്ങൾ*, (ഒലീവ് പബ്ലിക്കേഷൻ, മാർച്ച്, 2010).

നന്ദകുമാർ.വി.ടി, *രണ്ടുപെൺകുട്ടികൾ*, (ഡി.സി.ബുക്സ്, കോട്ടയം, 2010).

പത്മരാജൻ, *കഥകൾ സമ്പൂർണ്ണം*, (ഡി.സി.ബുക്സ്, കോട്ടയം, 2013).

പ്രമോദ് രാമൻ, *രതിമാതാവിന്റെ പുത്രൻ*, (മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്, 2011).

പ്രശാന്ത് കുമാർ.എൻ, *സ്ത്രീ രചനയുടെ സൗന്ദര്യശാസ്ത്രം*, (റെയിൻബോ പബ്ലി ഷേഴ്സ്, ചെങ്ങന്നൂർ, 2008).

ബർട്രാന്റ് റസ്സൽ, (വിവ.), ശ്യാമള, *വിവാഹവും സദാചാരമൂല്യങ്ങളും*, (പാപ്പി യോൺ ബുക്സ്, കോഴിക്കോട്, 2015).

ബുഖാരി.കെ.വി.കെ, മുഹമ്മദ് ബാഖവി, കെ.കെ.സി. *ഇസ്ലാമിക സെക്സ്* (ഡി. സി.ബുക്സ്, കോട്ടയം, 2010).

ബാലഭാരതി.എസ്, *അവൻ അത് അവർ*, (ഡി.സി.ബുക്സ്, കോട്ടയം, 2013).

ബാലചന്ദ്രൻ വടക്കേടത്ത്, *ചെറുത്തുനിൽപിന്റെ ദേശങ്ങൾ,* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011).

ഫാദർ അലോഷ്യസ് ഫെർണാന്റസ്.ഡി. *സ്ത്രീ കുടുംബം ലൈംഗികത*, (മൈത്രി ബുക്സ്).

മറിയം ടി.സി. (എഡി.), *പെണ്ണിര*, (ഡി.സി.ബുക്സ്, കോട്ടയം, ഏപ്രിൽ 2011).

മാധവിക്കുട്ടി, *സ്ത്രീകളെകുറിച്ചുള്ള കഥകൾ*, (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2006).

മംഗള ബാലകൃഷ്ണൻ, *പുരാണങ്ങളിലെ മാദക കഥകൾ*, (ഒലിവ് പബ്ലിക്കേഷൻ, കോഴിക്കോട്, ഫെബ്രുവരി, 2013).

മാധവിക്കുട്ടി, *മാധവിക്കുട്ടിയുടെ സ്ത്രീകൾ,* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2006).

മാധവിക്കുട്ടി, കെ.എൽ മോഹനവർമ്മ, *അമാവാസി,* (പൂർണ പബ്ലിക്കേഷൻ, കോഴിക്കോട്, 2007).

മാധവിക്കുട്ടി, *കഥകൾ സമ്പൂർണ്ണം.* (ഡി.സി.ബുക്സ്, കോട്ടയം, 2011).

മാധവിക്കുട്ടി, *എന്റെ കഥ*, (ഡി.സി.ബുക്സ്, കോട്ടയം, 2011).

മുരളീധരൻ മുല്ലമറ്റം, *ലൈംഗിക വിദ്യാഭ്യാസ നിഘണ്ടു,* (ഓറിയന്റ് ബുക്സ്, കോഴിക്കോട്, 2008).

മുരളീധരൻ മുല്ലമറ്റം, *രതിലോകം ലൈംഗികശാസ്ത്രം*, (മീഡിയ ബുക്സ്, കോഴിക്കോട്, 2001).

മായ എസ്, *യുക്തിവാദവും സ്ത്രീപക്ഷവാദവും*, (എതിർദിശ ബുക്സ്, പയ്യന്നൂർ, 2008).

മിനി പ്രസാദ്, *മാധവിക്കുട്ടികഥകൾ: ഒരു പെൺവായന*, (ഒലിവ് ബുക്സ്, കോഴിക്കോട്).

മ്യൂസ്മേരി ജോർജ്, *ഉടലധികാരം,* (ഒലിവ് പബ്ലിക്കേഷൻ, കോഴിക്കോട്, 2015).

യാക്കോബ് തോമസ്, *പുല്ലിംഗത്തിന്റെ ആൺനോട്ടങ്ങൾ*, (വിദ്യാർത്ഥി പബ്ലിക്കേഷൻ, 2011).

രശ്മി.ജി, അനിൽകുമാർ കെ.എസ്, *വിമതലൈംഗികത ചരിത്രം, സിദ്ധാന്തം, രാഷ്ട്രീയം*, (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, ജൂലൈ, 2016).

രേഷ്മ ഭരദ്വാജ്, (എഡി.), *മിഥ്യകൾക്കപ്പുറം സ്വവർഗ ലൈംഗികത കേരളത്തിൽ*, (ഡി.സി.ബുക്സ്, കോട്ടയം, 2009).

രാമകൃഷ്ണൻ ഇ.വി, *മാധവിക്കുട്ടി പഠനങ്ങളും രചനകളും*, (ഡി.സി.ബുക്സ്, കോട്ടയം, ജനുവരി, 2011).

രവീന്ദ്രൻ എൻ.കെ, *പെണ്ണെഴുതുന്ന ജീവിതം*, (മാതൃഭൂമി ബുക്സ്, കോഴിക്കോട്).

രാജശേഖരൻ പി.കെ, (ജനറൽ എഡി.), *പുത്രൻമാരും കാമുകൻമാരും* (സം.പു. ആ) ലോറൻസ്, ഡി.എച്ച്., (ഡി.സി.ബുക്സ്, കോട്ടയം, ഫെബ്രുവരി 2011).

വേണുഗോപാൽ കെ.എം, *കേരളം ലൈംഗികത ലിംഗനീതി*, സൈൻ ബുക്സ്, വികാസ് ഭവൻ, തിരുവനന്തപുരം, ആഗസ്റ്റ്, 2006).

വാത്സ്യായനൻ, *കാമസൂത്രം,* (ഗായത്രി പബ്ലിക്കേഷൻ, കോട്ടയം, 2004).

വൈക്കം മുഹമ്മദ് ബഷീർ, *ശബ്ദങ്ങൾ,* (ഡി.സി.ബുക്സ്, കോട്ടയം, ഫെബ്രുവരി 2011).

ഡോ.വേണു തോന്നക്കൽ, *സെക്സിന്റെ രസതന്ത്രം*, (പ്രഭാത് ബുക്ക് ഹൗസ്, ജൂൺ 2008).

ശാന്തകുമാർ എസ്, *സ്ത്രീകളും ലൈംഗിക പ്രവണതകളും*, (നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം, ഫെബ്രുവരി, 1983).

ശോഭ ഡേ (വിവ.), *കബനി സി, അഭിനിവേശത്തിന്റെ തടവറ*, (ഡി.സി.ബുക്സ്, കോട്ടയം, 2010).

സന്ധ്യ വി. സതീഷ്, *വീണ്ടും രണ്ടു പെൺകുട്ടികൾ*, (ഡി.സി.ബുക്സ്, കോട്ടയം, നവംബർ, 2011).

സിസ്റ്റർ ജസ്മി, *ആമേൻ: ഒരു കന്യാസ്ത്രീയുടെ ആത്മകഥ*, (ഡി.സി.ബുക്സ്, കോട്ടയം, ജൂൺ, 2009).

സിഗ്മണ്ട് ഫ്രോയിഡ്, (വിവ), സത്യൻ.പി.പി, *പ്രണയത്തിന്റേയും രതിയുടേയും മനശാസ്ത്രം*, (പേജ് പബ്ലിക്കേഷൻ, ഫെബ്രുവരി, 2008).

സാറാ ജോസഫ്, *ആളോഹരി ആനന്ദം*, കറന്റ് ബുക്സ്, തൃശ്ശൂർ, 2013).

ഡോ.ഷീജ.ആർ.എസ്, *സ്ത്രൈണതയുടെ ഭിന്നഭാവങ്ങൾ*, (നാഷണൽ ബുക്ക് സ്റ്റാൾ, തിരുവനന്തപുരം, 2014).

സുരേന്ദ്രൻ പി, *ദേവദാസികളും ഹിജഡകളും*, (ഡി.സി.ബുക്സ്, കോട്ടയം, മാർച്ച്, 2011).

സംഗീത ശ്രീനിവാസൻ, *ആസിഡ്*, (ഡി.സി.ബുക്സ്, കോട്ടയം, 2016).

ശ്രീജിത്ത് എസ്, *താരുണ്യത്തിന്റെ കഥാന്തരങ്ങൾ*, (പാപ്പിറസ് ബുക്സ്, കോട്ടയം, 2007).

സത്യൻ പി.പി, *ലൈംഗികതയുടെ ചരിത്രം*, (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2014).

സുധീഷ് വി.ആർ, *വിമതലൈംഗികം*, (ഒലിവ് പബ്ലിക്കേഷൻ, കോഴിക്കോട്, ജനുവരി, 2016).

സെബാസ്റ്റ്യൻ കെ.സി, *പരസ്പരം പ്രണയിക്കുന്ന സ്ത്രീകൾ*, (പ്രണത ബുക്സ്, കൊച്ചി, 2003).

ഡെഡ്മണ്ട് മോറീസ്, (വിവ.), കുഞ്ഞികൃഷ്ണൻ കെ, *നഗ്നനാരി*, (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2007).

ഡെഡ്മണ്ട് മോറീസ്, (വിവ.), കുഞ്ഞികൃഷ്ണൻ കെ, *നഗനവാനരൻ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2007).

രേവതി എ, (വിവ.), ദയ.ജെ, *ഒരു ഹിജഡയുടെ ആത്മകഥ*, (ഡി.സി.ബുക്സ്, കോട്ടയം, 2013).

ദീലീപ് വി, *സ്വവർഗം*, (ഡി.സി.ബുക്സ്, കോട്ടയം, 2008).

സിമോൺ' ദിബുവേ, (വിവ.), രമാമേനോൻ, *ജീവിതം കത്തുകൾ* (ഒലിവ് പബ്ലിക്കേഷൻ, കോഴിക്കോട്, നവംബർ 2015).

രാമനുണ്ണി കെ.പി, *ജാതി ചോദിക്കുക*, (ഡി.സി.ബുക്സ്, കോട്ടയം, 1999).

രാമനുണ്ണി കെ.പി, *ക്രിമിനൽ കുറ്റമാകുന്നരതി*, (ഒലീവ് പബ്ലിക്കേഷൻ, കോഴിക്കോട്, ജൂൺ, 2006).

രാമനുണ്ണി കെ.പി, *സൂഫി പറഞ്ഞ കഥ*, (ഡി.സി.ബുക്സ്, കോട്ടയം, 2011).

രാമനുണ്ണി കെ.പി, *ചരമവാർഷികം*, (ഡി.സി.ബുക്സ്, കോട്ടയം, 1996).

**ആനുകാലികങ്ങൾ**

1. Antara Devsen, "*Sex and Civilization*", (The Week Vol.22, No.38, August 2004).
2. ജയശ്രീ എ.കെ ''*പെണ്ണത്തത്തിന്റേയും ആണത്തത്തിന്റേയും പുനർ നിർണ്ണയനം*'', (മാധ്യമം ആഴ്ചപതിപ്പ്, പുസ്തകം 8, ലക്കം 360, ജനുവരി 2005).
3. മായ എസ്, ''*ലെസ്ബിയനിസം: ചരിത്രവും സിദ്ധാന്തവും*'', (ഭാഷാപോഷിണി, പുസ്തകം 28, ലക്കം 4, സെപ്തംബർ 2004).
4. പ്രമോദ് രാമൻ, കലേഷ് എസ്, ''*പുറത്തുവരാത്ത ശബ്ദമാണ് എന്റെ കഥ*'', (സമകാലിക മലയാളം വാരിക, 2014 ഒക്ടോബർ 10).
5. ശാരദക്കുട്ടി എസ്, ''*തലകൾക്ക് ചേരാമെങ്കിൽ മുലകൾക്കും ചേരാം*'', (സംഘടിത, വോള്യം 9, ലക്കം 3, മാർച്ച്, 2014).
6. ബിജുരാജ് ആർ.കെ, ''*ഗേവില്ലേജുകളും പള്ളിബാറുകളും*'', (പച്ചക്കുതിര, ആഗസ്റ്റ് 5, 2004).

7. ഡോ.ജോൺ സി.ജെ, ''*സ്വർഗാനുരാഗികളുടെ ദാമ്പത്യം*'', (മാതൃഭൂമി ആരോഗ്യമാസിക, ലക്കം പത്ത്, ഡിസംബർ, 2011).

8. ഡോ.ഷാഹുൽ അമീൻ, ''*സ്വവർഗാനുരാഗം മുൻവിധികളും വസ്തുതകളും*'', (മാതൃഭൂമി ആരോഗ്യമാസിക, 2012, ജൂൺ ലക്കം 4).

9. മ്യൂസ്മേരി ജോർജ്, ''*ജാതിപറയാം പെൺജാതി*'', (മാധ്യമം ആഴ്ചപതിപ്പ്, പുസ്തകം 7, ലക്കം 349, ഒക്ടോബർ, 2004).

10. ശ്രീരേഖ ബി. ''*സ്ത്രീ ലൈംഗികത പുതിയ ആകാശങ്ങൾ തേടുമ്പോൾ*'', (വനിത പുസ്തകം, 36, ലക്കം 12, ആഗസ്റ്റ്, 2004).

11. സാറാ ജോസഫ്, ''*വിമത ലൈംഗികത പാപമല്ല*'', (മനോപൂർണ്ണ മാസിക, ലക്കം 4, ഏപ്രിൽ, 2012).

12. കമലേഷ് എസ്, ''*കോടതി ഞങ്ങളെ കുറ്റവാളികൾ എന്നു വിളിച്ചു*'', (സമകാലിക മലയാളം വാരിക, ലക്കം 38, ഫെബ്രുവരി 14, 2014).

13. എതിരൻ കതിരവൻ, ''*സ്വവർഗ്ഗരതി ഭ്രൂണത്തിന്റെ തീരുമാനമാണ്*'', (മാതൃഭൂമി ആഴ്ചപതിപ്പ്, ലക്കം 52, മാർച്ച് 15, 2015).

14. സെബാസ്റ്റ്യൻ കെ.സി. ''*സ്വവർഗ്ഗപ്രണയിനികൾ ആത്മഹത്യ ചെയ്യുന്നു*'', (സമീക്ഷ, ജൂലായ് 11, 1996).

15. ഷീബ കെ.എം, ''*ലൈംഗികതയിലെ പ്രതിരോധങ്ങൾ*'' - പുസ്തക നിരൂപണം, (മാതൃഭൂമി ആഴ്ചപതിപ്പ്, പുസ്തകം 82, ലക്കം 13, മെയ് 2014).

16. ഡോ.പി.ഗീത, ''*സ്വവർഗാനുരാഗവും കുടുംബവും കോടതിയും*'', (മംഗളം ദിനപത്രം, ഡിസംബർ 17. 2013).

17. കിഷോർകുമാർ, ''*പ്രണയം ഒരുമനുഷ്യാവകാശ പ്രശ്നമാണ്*'', (മാതൃഭൂമി ആഴ്ചപതിപ്പ്, 2009 ജൂലൈ, 19).

18. ശ്രീജൻ വി.സി, ''*നിഷ്കപട ലൈംഗികത അങ്ങനെയെന്നുണ്ടോ?*'', (മാതൃഭൂമി ആഴ്ചപതിപ്പ്, ഫെബ്രുവരി 13, 2010).

19. മാനവേന്ദ്ര സിംങ് ഗോയൽ, ശ്രീനിവാസൻ കെ.കെ, ''*സ്വവർഗ്ഗരതി സ്വാഭാവിക രതിയാണ്*'', (മാതൃഭൂമി ആഴ്ചപ്പതിപ്പ്, മെയ് 9, 2010).

20. ജോസഫ് വി.കെ, *"ആൺനോട്ടത്തിന്റെ ആഹ്ലാദങ്ങൾ (ദേശം, സ്ത്രീ, സിനിമ)"*, (മാധ്യമം ആഴ്ചപ്പതിപ്പ്, ഓഗസ്റ്റ് 22, 2011).

21. നിലീന അത്തോളി, *"ഞാനോ ഒന്നാം പേജിലോ"*, (മാതൃഭൂമി വാരാന്ത്യപ തിപ്പ്, മെയ് 29, ഞായർ 2016).

22. സെബാസ്റ്റ്യൻ കെ.എ, *"മനുഷ്യത്തിയുടെ മസിൽ പവർ"*, (ഇന്ത്യ ടുഡേ, വാള്യം 15, ലക്കം 17, ഏപ്രിൽ 2004).

23. ശീതൾ ശ്യാം, *"ജീവിച്ചിരിക്കൽ ഒരു മനുഷ്യാവകാശമാണ്"*, (മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 94, ലക്കം 5, ഏപ്രിൽ പതിനേഴ്, 2016).

24. മായ എസ്, *"ലെസ്ബിയൻ ചരിത്രവും സിദ്ധാന്തവും"*, (ഭാഷാപോഷിണി പുസ്തകം 28, ലക്കം 4, സെപ്തംബർ 2004).

25. നന്ദു, ഷീല, *"സ്നേഹിച്ചാൽ പിരിയുന്നതെങ്ങനെ"*, (ഭാഷാപോഷിണി പുസ്തകം 28, ലക്കം 4, സെപ്തംബർ 2004).

**ഗവേഷണ പ്രബന്ധങ്ങൾ**

1. ഡോ.ഷാൻ പി, *പ്രച്ഛന്ന സ്വവർഗ്ഗലൈംഗികത കേരളത്തിൽ*, (കാലിക്കറ്റ് സർവ്വകലാശാല, 2016).

2. മിനി എ.കെ, *മലയാളിയുടെ പൊതുലൈംഗികവാബോധത്തിലെ പുരുഷാധിപത്യ പ്രത്യേയ ശാസ്ത്രം*, (പി.ജി.ഡെസർറ്റേഷൻ കണ്ണൂർ യൂണിവേഴ്സിറ്റി ക്യാംപസ്, 2004).

## Wibliography

www.lesbianfiction.org.

www.Homosexualhistoryinindia.org.

www.Queertheory.org.

www.homosexualbehaviourinanimals.org.

www.as.com

www.polarifest.com

www.jstore.com

**English Books**


Benedict Richard, O'Gorman Anderson, *Imagined Communities : Reflection and Origin and Spread of Nationalisam,* (1983).

Benedtto Croce, Douglas Ainslie (Trans.), *Philosophy of the Practical Economic and Ethic*, (Macmilland Company Limited London,1913).

Christine Downing, *Lesbian Mythology Historical Reflection*, Vol. 20, Summar, (1994).

Devdutt Pattanaik, *The Man Who Was a Women and other Queer Tales from Hindu love*, (First Edition, Harrigton Park Press, 2002).

Freud, Sigmund, (Complete Works , Ivan Smith) *Three Essays on the Theory of Sexuality*, (1905).

Ganguly, Kisari Mohan, (Trans.), *Mahabharatha (Virata-parava),* Second Edition, Project Guttanberg.

Johnston Jill, *Lesbian Nation: the Feminist Solution*, (Published by Simon & Schuster, 1973).

Michael Ruse, *Homosexuality: A Philosophical Enquiry*, (Oxford: Basil Black well).

Paul Michel Foucault, *The History of Sexuality Vol. 1.* (An Introudtion London: Allen Lane1979).

Richard W. Lariviere, *The Narada Smrithi* (Part One University of Philadelphia, 1989).

Stephen O, Murray and Will Rose Coe et al, *Islamic Homo Sexualities: Culture, History and Literature*, (New York, University Press, 1997).

Thomas Laqure, *Gender Trouble: Feminism and the subversion of Identity,* (Routledge, London, 1990).

Vanitha Routh, Kidwai Saleem, *Same Sex Love in India: Reading from literature and history* (Pal grave Mar Millan. U.K.2011).

Vanitha Ruth, *Queering India – Same Sex Love and Eroticism in Indian Culture and Society*, (Routledge, New York, 2002).

Wlater Thomas Laquear, *Solitary Sex : Cultural History of Masturbation and Making Sex: Body and Gender from Greeks to Freud* (Hward University Press).

# അനുബന്ധം ഒന്ന്

## അഭിമുഖസംഭാഷണങ്ങൾ

1

## കെ.പി. രാമനുണ്ണി

**ഒരെഴുത്തുകാരൻ എന്നനിലയ്ക്ക് സമൂഹത്തിൽ കണ്ടുവരുന്ന വിമതലൈംഗിക പ്രവണതകളെ അങ്ങ് എങ്ങനെ വിലയിരുത്തുന്നു?**

ഒരു എഴുത്തുകാരൻ എന്ന നിലയ്ക്ക് വിമതരതിയെക്കുറിച്ച് എന്റെ ചിത്രീകരണങ്ങൾ ഒരു ചിന്താപദ്ധതിയുടെയോ ജീവിതവീക്ഷണത്തിന്റെയോ ഭാഗമായി ഉരുത്തിരിഞ്ഞതല്ല. മനുഷ്യജീവിതസംബന്ധിയായ ഒന്നുംതന്നെ സാഹിത്യത്തിന് അന്യമല്ല എന്ന ബോധ്യത്തിൽനിന്ന് തീർത്തും ജൈവമായ ഒരു പ്രക്രിയ, എന്ന നിലയ്ക്കാണ് എന്റെ നോവലുകളിലും കഥകളിലും ചിലപ്പോഴെല്ലാം വിമതരതി പൂത്തു തളിർത്തിട്ടുള്ളത്. പല സർഗ്ഗസൃഷ്ടികളിലും സ്വാഭാവികമായി ആവിഷ്ക്കരിക്കപ്പെട്ടതിനുശേഷമാണ് വിമത ലൈംഗികതയെ ഞാൻ ചിന്താപരമായി അഭിമുഖീകരിച്ചിട്ടുള്ളത്. ശാസ്ത്രീയപഠനങ്ങൾ ഇന്ന് വെളിച്ചത്ത് കൊണ്ടുവന്നിട്ടുള്ള ഒരു വസ്തുത ലോകജനസംഖ്യയിൽ 3 മുതൽ 5 ശതമാനംവരെ ആളുകൾ വിമത ലൈംഗികതയോട് ആഭിമുഖ്യമുള്ളവർ ആണെന്നാണ്. അങ്ങനെയുള്ളവരുടെ മനുഷ്യാവകാശ പ്രശ്നത്തെ പൊതുസമൂഹം ഏറ്റെടുക്കുകതന്നെ വേണം. ഭിന്നലൈംഗികത പാപമോ വൈകൃതമോ ആയി കണക്കാക്കുന്ന പൊതുബോധത്തിനെതിരായുള്ള പ്രവർത്തനവും ആവശ്യമാണ്. പക്ഷേ, മറ്റൊരു പ്രധാനകാര്യം എനിക്ക് ഊന്നിപ്പറയേണ്ടതായിട്ടുണ്ട്. ലോകത്തിന് സ്ത്രീപുരുഷബന്ധങ്ങൾ അത്യന്തം സംഘർഷാത്മകമായിതീർന്നുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണുള്ളത്. സ്ത്രീയും പുരുഷനും ജന്മനാൽ ചോരാത്ത വൈരുദ്ധ്യങ്ങൾ ആയതുകൊണ്ടല്ല ഇത്. ആർത്തിയുടെതായ മുതലാളിത്ത യാന്ത്രികസംസ്കൃതിയുടെ ദുഷ്ഫലമായിട്ടാണ് ദാമ്പത്യങ്ങളും കാമുകീകാമുകബന്ധങ്ങളുമെല്ലാം അല്പായുസ്സുകളായി തകർന്ന് തരിപ്പണമാകുന്നത്. സാമ്പത്തികസാംസ്കാരിക മണ്ഡലങ്ങളിൽ തിരുത്തു സംഭവിച്ചാൽ സ്ത്രീപുരുഷബന്ധങ്ങൾ അതിന്റെ ചോതോഹരമായ അനുഭൂതി പ്രപഞ്ചം തിരിച്ചുപിടിക്കുക തന്നെ ചെയ്യും. കാരണം വംശവർദ്ധന പ്രകൃതി കനിഞ്ഞുനൽകിയ ആ ബന്ധത്തിന്റെ ആഴം അത്യന്തം നിർവൃതിദായകമാണ്. അതുകൊണ്ട് ബാഹ്യമായ കാരണങ്ങളാൽ സ്ത്രീക്കും പുരുഷനും ഇടയിലുണ്ടാകുന്ന സംഘർഷത്തിന്റെ പേരുപറഞ്ഞ് വിമതരതിയെ പ്രോത്സാഹിപ്പിക്കുന്നതിലൊ അതിനെ മഹത്തരമായ എന്തോ കാര്യമായി കൊട്ടിഗ്ഘോഷിക്കുന്നതിലൊ എനിക്ക് താത്പര്യമില്ല. 'ഫയർ' എന്ന സിനിമയിലും മറ്റും നോക്കു ഹെട്രോസെക്ഷ്വൽ ആകർഷണമില്ലാഞ്ഞിട്ടല്ല, നായിക ലെസ്ബിയൻ ബന്ധത്തിലേക്ക് വഴുതിവീഴുന്നത്. പുരുഷമേധാവിത്വപ്രേരണകളാൽ ഭർത്താവിനെ അത്ര മടുത്തിട്ടും വെറുത്തിട്ടുമാണ്. നിവൃത്തികേടുകൊണ്ട് ചെന്നുപെടുന്ന വിമതരതിബന്ധത്തെക്കാൾ എത്രയോ ഉചിതമായിരിക്കും പുരുഷാധിപത്യത്തിന്റെ ദുഷ്ടതകൾ നീക്കം ചെയ്തതിനു ശേഷം എത്തിച്ചേരാവുന്ന വിമതരതി.

**വിമതരതി നിയമവിധേയമാക്കിയാൽ അത് ഭാരതീയസംസ്കാരത്തെ തകർക്കും എന്ന് അങ്ങ് വിശ്വസിക്കുന്നുണ്ടോ?**

സ്വവർഗ്ഗരതി നിയമവിധേയമാക്കിയാൽ അതു ഭാരതീയസംസ്കാരത്തെ തകർക്കും എന്ന വിശ്വാസം എനിക്ക് ഒട്ടുമേയില്ല. ബഹുസ്വരമായ ഭാരതീയസംസ്കാരത്തിൽ ഭിന്നലൈംഗികതയുടേതായ എത്രയോ കഥാഖ്യാനങ്ങളുണ്ട്. അവർക്ക് ആരാധനാമൂർത്തികളായ ദേവൻമാരും ദേവിമാരും ഉണ്ട്. ഭാരതത്തിൽ ആധ്യാത്മിക ലോകത്തിന്റെ അനുവാദം കൂടി ലഭിച്ച ഭിന്നലൈംഗികതയെ ഇന്നു ചില മൗലികവാദികൾ എതിർക്കുന്നത് വിവരംകെട്ട അസംബന്ധമാണ്.

**വിമതലൈംഗികർ അനുഭവിക്കുന്ന സാമൂഹികപ്രശ്നങ്ങൾ അങ്ങയുടെ കൃതികളിൽ വിരളമായേ ചിത്രീകരിക്കുന്നുള്ളൂ. എന്തുകൊണ്ടാണത്?**

ലൈംഗികന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന സാമൂഹികപ്രശ്നങ്ങൾ എന്റെ ചില കഥകളിലെല്ലാം പരോക്ഷമായി അടയാളപ്പെട്ടു കിടക്കുന്നുണ്ട്. കരുതിക്കൂട്ടി അതിനെ ഒരു രാഷ്ട്രീയപ്രശ്നമായി എടുത്ത് ഞാൻ കഥകൾ എഴുതിയിട്ടില്ല എന്നേയുള്ളൂ. സൂഫി പറഞ്ഞ കഥയിൽ ദേവതുല്യയായ കാർത്തി കൗമാരക്കാരനായ അമീറിനെ കുളത്തിൽ മുക്കിക്കൊല്ലുന്നത് സമൂഹമനസ്സിൽ ഭിന്നവർഗ്ഗചായ്വുകളോട് പതിയിരിക്കുന്ന പകയുടെ നിദർശനമാണല്ലോ. 'സൂഫി പറഞ്ഞ കഥ'യിലും 'ചരമവാർഷിക'ത്തിലുമെല്ലാം ഭിന്നലൈംഗിക ആസക്തിയുടെ മാനസികവ്യാപാരങ്ങളിലാണ് ഞാൻ കൂടുതലായി ഊന്നിയിട്ടുള്ളത്. എന്നാൽ ഭിന്നലൈംഗികാസക്തികൾ സാമൂഹികമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതിന്റെ സൂക്ഷ്മാവിഷ്കാരങ്ങൾ സൂഫി പറഞ്ഞ കഥയിലുണ്ട്. സാമൂഹികമായി അനുഭവിക്കുന്ന സംഘർഷങ്ങളും മറ്റും ഭിന്നലൈംഗികതയ്ക്ക് പ്രചോദനമായി ഭവിച്ചതാണല്ലോ, മാമൂട്ടിയുടെ അമീറുമായുള്ള ബന്ധത്തിൽ നമുക്ക് കാണാൻ കഴിയുക. ഭർത്താവിന്റെ ചെറുക്കനുമായുള്ള ബന്ധം കാർത്തിയുടെ ശ്രദ്ധയിൽപ്പെടുന്നതോടെ ഉണ്ടാകുന്ന പ്രശ്നങ്ങൾക്കും സാമൂഹികമായ പ്രതലങ്ങളുണ്ട്. ഹെട്രോസെക്ഷ്വാലിറ്റിയുടെ കടുത്ത വക്താവായ കാർത്തിക്ക് മാമൂട്ടിയുടെ അമീറുമായുള്ള ബന്ധം കടുത്ത അശ്ലീലമായാണ് അനുഭവപ്പെടുന്നത്. ആ അശ്ലീലത്തെയും അവിശുദ്ധിയെയും ദുരീകരിച്ച് ചെറുപ്പക്കാരനെ മോചിതനാക്കാനാണല്ലോ അവൾ അമീറിനെ ഇല്ലാതാക്കുന്നതായി നോവലിൽ ചിത്രീകരിച്ചിട്ടുള്ളത്. എങ്കിലും പച്ചയ്ക്ക് പറഞ്ഞാൽ സമൂഹത്തിൽ നടക്കുന്ന നിഷ്ഠുരമായ കൊലപാതകമാണല്ലോ അത്. ഭിന്നലൈംഗികാഭിരുചിക്ക് സമൂഹം നൽകുന്ന ശിക്ഷയാണ് ആ കൗമാരക്കാരന്റെ കൊലപാതകത്തിലൂടെ ചിത്രീകരിക്കുന്നത്. കഥ, കഥാപാത്രം കഥാകൃത്ത് എന്ന ചെറുകഥയിൽ ലൈംഗികന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന സാമൂഹികപ്രശ്നങ്ങൾ കൃത്യമായി അവതരിപ്പിക്കുന്നുണ്ട്. അയമുട്ടിക്കയും മധുവും തമ്മിലുള്ള ബന്ധം അയമുട്ടിക്കയുടെ ജീവിതത്തെ തന്നെ തകർക്കുന്ന സാമൂഹികപ്രശ്നമായി ഇതിന്റെ പേരിൽ അയാൾ നാടുവിട്ടുപോവുകയും മധുവുമായി മരണം വരെ പിരിയുകയും ചെയ്യേണ്ടിവരുന്നു

**ലൈംഗികതയും അതിനോടുള്ള താത്പര്യവും ഒരാളുടെ വ്യക്തിപരമായ കാര്യമാണെന്നിരിക്കെ ഭരണഘടനയും പൊതുസമൂഹവും അതിൽ ഇടപെടുന്നതിന്റെ യുക്തിയെന്ത്?**

ലൈംഗികത തീർത്തും ഒരാളുടെ സ്വകാര്യത തന്നെ. ഇന്ത്യൻ ഭരണഘടന പ്രകാരം വ്യക്തികളുടെ സ്വകാര്യതകളെ അതിക്രമിച്ചുകടക്കാൻ ആർക്കും അധികാരമില്ല. അങ്ങനെ നോക്കുമ്പോൾ സമൂഹത്തിന്റെ ഭിന്നലൈംഗികതയുള്ളവരോടുള്ള അതിക്രമ ങ്ങൾ കുറ്റകൃത്യങ്ങളാണ്. IPC 377 എന്ന കച്ചിത്തുരുമ്പുപിടിച്ചാണ് യാഥാസ്ഥിതികവാ ദികൾ ഇന്ന് ഭിന്നലൈംഗികരെ വേട്ടയാടാൻ നടക്കുന്നത്. കൊളോണിയൽ ഭരണത്തിന്റെ ബാക്കിപത്രമായ 377 എന്നോ എടുത്തുകളയേണ്ടതായിരുന്നു. ഡൽഹി ഹൈക്കോടതി തന്നെ ഈ വകുപ്പിനെ അസ്ഥിരപ്പെടുത്തിക്കൊണ്ട് വിധി പ്രഖ്യാപിക്കുകയുണ്ടായില്ലേ. ഡൽഹിഹൈക്കോടതിക്കെതിരേ വന്ന സുപ്രീംകോടതിവിധി വിമതരതിക്ക് എതിരെയുള്ള തല്ല. നിയമത്തിന്റെ ലീഗാലിറ്റിയെ സംബന്ധിച്ചുള്ളത് മാത്രമാണ്. അതായത്, വിമതരതി നിയമവിധേയമാക്കാൻ പാർലമെന്റിൽ ബില്ലവതരിപ്പിക്കണമെന്നാണ് സുപ്രീംകോടതി യുടെ നിർദേശം.

**ഒരാൾ വിമതലൈംഗികതയിലേക്ക് ആകർഷിക്കപ്പെടുന്നത് എന്തുകൊണ്ടായിരിക്കും?**

ശാസ്ത്രഗവേഷണങ്ങൾ പറയുന്നത് ലോകജനസംഖ്യയിൽ 3 മുതൽ 5 ശത മാനംവരെ ഭിന്നലൈംഗികതയോട് ആഭിമുഖ്യമുള്ളവരാണ് എന്നാണ്. പിന്നെ ആധുനിക സംസ്കൃതിയുടെ ആഘാതങ്ങൾ സ്ത്രീ പുരുഷബന്ധങ്ങളിലുണ്ടാകുന്ന വിടവുകൾ പല രേയും വിമതരതിയിലേക്ക് ആനയിക്കുന്നുണ്ട്. സ്വാഭാവികരതിക്കാരായ ആളുക ളിൽതന്നെ നേരിയ ആംബിസെക്ഷ്വൽ പ്രവണതകൾ കാണാം. ഒരു കൗതുകത്തിനും മാറ്റത്തിനും വേണ്ടി വിമതലൈംഗികബന്ധങ്ങളിൽ ഏർപ്പെടുന്നത് സ്വാഭാവികമാണ്.

വിമതരതിയുടെതായ എത്രയോ സംഭവങ്ങൾ കേരളത്തിൽ, വിശേഷിച്ച് മലബാ റിൽ സുലഭമാണ്. കടലോരപ്രദേശങ്ങളിൽ സ്ത്രീകളെ വിട്ടുപിരിഞ്ഞുള്ള കടൽയാത്ര കൾ അനിവാര്യമാകുന്ന ഘട്ടങ്ങളിൽ മുട്ടുശാന്തിക്കെന്നോണം സ്വവർഗ്ഗലൈംഗികത മല ബാറിൽ ധാരാളമായി ഉണ്ടായിരുന്നു. നമ്മുടെ നാട്ടിലെ സ്വവർഗ്ഗലൈംഗികതയുടെ ഒരു സവിശേഷത അതു പലപ്പോഴും പ്രായപൂർത്തിയായ ഒരു പുരുഷനും കൗമാരക്കാരനായ ചെറുക്കനും തമ്മിലുള്ളതായിരിക്കും എന്നതാണ്. യൂറോപ്പിലെല്ലാം ഗേ ബന്ധങ്ങൾ ഒട്ടു മുക്കാലും പ്രായപൂർത്തിയായ പുരുഷൻമാർ തമ്മിൽ മാത്രമാണ്. കൗമാരക്കാരനെ ലൈംഗികമായി ഉപയോഗിക്കുന്നത് കൊടിയ ചൂഷണമായാണവർ കാണുന്നത്. നമ്മുടെ നാട്ടിൽ ഗേ ബന്ധങ്ങളിൽ പോലും ആണുങ്ങൾ തേടുന്നത് കൗമാരക്കാരായ ചെറുപ്പക്കാ രിലെ സ്ത്രൈണമായ മാർദ്ദവത്തെയാണെന്നു തോന്നുന്നു. ഇത്തരം ബന്ധ സുലഭതക ളിൽനിന്നാണ് സൂഫി പറഞ്ഞ കഥയിൽ മാമുട്ടി എന്ന കഥാപാത്രം ജീവനെടുത്ത് വന്നിട്ടു ള്ളത്. തന്നിലെ സ്വവർഗ്ഗ ആഭിമുഖ്യം ഒരു പ്രത്യേകകാരണത്താൽ പ്രചോദിപ്പിക്കപ്പെട്ട പ്പോൾ മാത്രമാണ് മാമുട്ടി കൗമാരക്കാരനായ അമീറുമായി അടുക്കുന്നത്. പല കാരണ

ങ്ങളാലും മാമുട്ടിക്ക് തന്റെ സൗന്ദര്യധാമമായ നവവധു കാർത്തിയുടെ മുന്നിൽ അപകർഷതാബോധം തോന്നുവാൻ ഇടയായി. നവവധുവിൽ നിന്നുള്ള ഒളിച്ചോട്ടത്തിനും മുട്ടുശാന്തിക്കും വേണ്ടിയാണ് സത്യത്തിൽ മാമുട്ടി കൗമാരക്കാരനായ അമീറിലെ സ്ത്രൈണമായ മൃദുത്വങ്ങളെ തേടിപ്പോകുന്നത്

**വിമതലൈംഗികത മനോവിഭ്രാന്തിയാണെന്നോ, അത് ശിക്ഷകൊടുത്താൽ ഇല്ലാതാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ? എന്തുകൊണ്ടാണ് 'സൂഫിപറഞ്ഞകഥ' യിലെ അമീറിനെ കഥാവസാനം കൊന്നുകളഞ്ഞത്?**

സാഹിത്യകൃതി എന്നു പറയുന്നത് ഒരു കാലത്തിന്റെയും ദേശത്തിന്റെയും സംസ്കാരികമായ ശരിതെറ്റുകളിൽ ഊന്നിനിന്നുകൊണ്ട് സൃഷ്ടിക്കപ്പെടുന്നതാണ്. സൂഫിപറഞ്ഞകഥയിലെ കഥ നടക്കുന്നത് 19-ാം നൂറ്റാണ്ടിലെ മരുമക്കത്തായ തറവാടിന്റെ പശ്ചാത്തലത്തിൽ വെച്ചാണ്. അമ്മ ദേവതമാരാൽ പരിലാളിക്കപ്പെടുന്ന പുരുഷസങ്കല്പവും പേറിയാണ് കാർത്തി മതം മാറി മാമൂട്ടിയെ വിവാഹം കഴിക്കുന്നത്. അവളെ സംബന്ധിച്ചിടത്തോളം ഒരു ചെറുക്കനുമായുള്ള തന്റെ ഭർത്താവിന്റെ ലൈംഗികബന്ധം നികൃഷ്ടമാണ്. അതിനു കാരണക്കാരനായവനെ നശിപ്പിക്കേണ്ടത് അവളുടെ ധാർമ്മികതയുമാണ്; സൂഫിപറഞ്ഞകഥയിലെ കഥാപാത്രങ്ങളുടെ പെരുമാറ്റം വെച്ച് മരണം കൊടുത്ത് ഇല്ലാതാക്കേണ്ടതാണ് സ്വവർഗ്ഗലൈംഗികത എന്ന് നോവലിസ്റ്റിന് അഭിപ്രായമുണ്ടെന്ന് വ്യാഖ്യാനിക്കരുത്. നേരത്തെ പറഞ്ഞപോലെ മനുഷ്യജനസംഖ്യയുടെ 2 മുതൽ 3 ശതമാനം വരെ ജനിതകമായിത്തന്നെ ഭിന്നലൈംഗികാസക്തികളോടെ നിർമിക്കപ്പെട്ടവരാണ്. കൂടാതെ ആംബിസെക്ഷ്വലായി സ്ത്രീകളിലും പുരുഷനിലും ഒരേപോലെ ആസക്തിയുള്ളവരും ഉണ്ടാകും. അല്ലാതെ ഹെട്രോസെക്ഷ്വലായ ഒരുവനോ ഒരുവൾക്കോ വൈവിധ്യത്തിനുവേണ്ടി ഹോമോസെക്ഷ്വാലിറ്റി പരീക്ഷിക്കാൻ സാധ്യമല്ല. പൂർണമായി ഹെട്രോസെക്ഷ്വലായിട്ടുള്ളവർക്ക് പൊതുവേ ഹോമോസെക്ഷ്വാലിറ്റിയോട് വെറുപ്പായിരിക്കും. അതുപോലെ പൂർണമായും ഗേ ആയിട്ടുള്ള ഒരുത്തന് സ്ത്രീയുമായുള്ള ബന്ധവും അത്യന്തം അരോചകമായിരിക്കും. എന്നാൽ സ്വാഭാവികരതിയുള്ളവർതന്നെ സ്ത്രീ-പുരുഷബന്ധത്തിൽ മുതലാളിത്തകാലം സൃഷ്ടിച്ച വിനാശകരമായ വിച്ഛേദത്താൽ ഗതികേടിന്റെ പേരിൽ ഗേ ആയും ലസ്ബിയനായും മാറുന്നവരുണ്ട്. ഉദാ: ഫയർ എന്ന സിനിമയിലെ കഥാപാത്രങ്ങൾ ദാമ്പത്യബന്ധത്തിലെ കയ്പൂനീർ സഹിക്കവയ്യാതെയാണ് ലെസ്ബിയനായി മാറുന്നത്.

കൃതിയിലെ കഥാപാത്രങ്ങളുടെ പെരുമാറ്റം മുഴുവൻ കഥാകൃത്ത് ശരിവെക്കുന്നതല്ല. നൂറുശതമാനം ഹെട്രോസെക്ഷ്വലായ കാർത്തിയുടെ വീക്ഷണത്തിൽ, അമീറിലുള്ള ഭിന്നലൈംഗികത മരണശിക്ഷ കൊടുത്ത് ഇല്ലാതാക്കേണ്ടതാണ്. സൂഫിപറഞ്ഞകഥ എന്ന നോവലിൽ കാർത്തി അങ്ങനെ പെരുമാറുന്നു എന്നു കരുതി നോവലിസ്റ്റ് ഭിന്നലൈംഗികർക്ക് വധശിക്ഷ വിധിക്കുന്നവനാണെന്ന് ഒരിക്കലും പറഞ്ഞുകൂടാ.

**വിമതലൈംഗികർക്ക് വേണ്ടി സംസാരിക്കാൻ ഒരു എഴുത്തുകാരൻ എന്ന നിലയിൽ താങ്കൾക്ക് അവസരം ലഭിച്ചാൽ അങ്ങ് എന്തായിരിക്കും അവർക്ക് വേണ്ടി കോടതിയിൽ സംസാരിക്കുക?**

ലൈംഗികത ഒരാളുടെ സ്വകാര്യതയാണ് എന്ന കാര്യത്തിൽ സംശയമില്ല. അതു കൊണ്ട് ഭരണകൂടവും സമൂഹവും അതിൽ ഇടപെടുന്നത് താത്ത്വികമായി ശരിയല്ല. നമ്മുടെ ഭരണഘടനയും ഈ സ്വകാര്യതയ്ക്കുള്ള അവകാശത്തെ പങ്കുവെച്ച് കൊടുക്കുന്നുണ്ട്. അതുകൊണ്ടാണ് സ്ത്രീയും പുരുഷനും തമ്മിലുള്ള ലൈംഗികത അവർ വിവാഹിതരാണെങ്കിലും അല്ലെങ്കിലും നിയമവിരുദ്ധമല്ലാതിരിക്കുന്നത്. അതിനുവിരുദ്ധമായി അഡൾട്ടറി എന്ന വകുപ്പിൽ വിവാഹിതരായ സ്ത്രീയുമായി ബന്ധപ്പെട്ട വകുപ്പിൽ ഒരു കേസുണ്ട്. അത് ലൈംഗികബന്ധം പുലർത്തുന്നു എന്നതിനല്ല മറ്റൊരാളുടെ സ്വകാര്യ സ്വത്ത് കവർന്നു എന്ന നിലയ്ക്കാണ്. ഇത് കൊളോണിയൽ നിയമങ്ങളുടെ ഒരു അവശിഷ്ടം മാത്രമാണ്. എന്നാൽ പരസ്ത്രീ ബന്ധമോ പരപുരുഷബന്ധമോ തെളിഞ്ഞാൽ അവരുടെ നിയമപരമായ പങ്കാളിക്ക് അവരുമായുള്ള കരാർ ലംഘിച്ചു എന്ന നിലയ്ക്ക് വിവാഹമോചനം ആവശ്യപ്പെടാം. ഈ വകുപ്പും സ്വകാര്യമായ ലൈംഗികതയെ കുറ്റകൃത്യമായി കാണുന്നില്ല. സ്വവർഗ്ഗരതിബന്ധം ഡൽഹിഹൈക്കോടതി അനുവദിച്ചെങ്കിലും സുപ്രീം കോടതി പുതിയ പാർലമെന്ററി ബില്ലിന്റെ പാസാക്കലിനായി തടഞ്ഞുവെച്ചതിനാൽ അത്തരം ബന്ധങ്ങൾ ഇപ്പോഴും കുറ്റകരമായി നിലനിൽക്കുന്നു. എന്റെ വീക്ഷണ പ്രകാരം വ്യക്തിയുടെ സ്വകാര്യ ലൈംഗികതയിൽ ഭരണകൂടമോ സമൂഹമോ കൈകടത്തുന്നത് ശരിയല്ല. എന്നാൽ വിവാഹബാഹ്യമായ ബന്ധങ്ങൾ ദാമ്പത്യപങ്കാളിയുടെ അവകാശങ്ങളെ ഹനിക്കുകയാണെങ്കിൽ അവർക്ക് വിവാഹമോചനം എളുപ്പത്തിൽ നേടാനുള്ള സൗകര്യം നൽകണം. ന്യൂനപക്ഷലൈംഗികവിഭാഗത്തിനെതിരെ ഇന്ത്യയിൽ നിലനിൽക്കുന്ന നിയമം ധാർമികമായി ശരിയല്ല. കാരണം മനുഷ്യജനസംഖ്യയുടെ 2 മുതൽ 3 ശതമാനംവരെ ജനങ്ങൾ ന്യൂനപക്ഷലൈംഗികസ്വഭാവത്തോടുകൂടി ജൻമമെടുക്കുന്നവരാണ് എന്ന് പുതിയ ഗവേഷണങ്ങൾ കണ്ടെത്തുന്നു. ഇവരെ ഭേദ്യം ചെയ്തോ ചികിത്സിച്ചോ സ്വാഭാവികലൈംഗികതയിലേക്ക് കൊണ്ടുവരാൻ സാധ്യമല്ല. അതുകൊണ്ടു തന്നെ ഇന്ത്യയിൽ നിലനിൽക്കുന്ന സ്വവർഗ്ഗലൈംഗികതാവിരുദ്ധ നിയമങ്ങൾ മനുഷ്യാവകാശ ലംഘനമാണ്. അത് എടുത്തുകളയേണ്ടതാണ്. ഇത്തരം നിയമങ്ങൾ നിലനിൽക്കുമ്പോൾ സ്വവർഗ്ഗപ്രേമികൾക്ക് തങ്ങളുടെ ജൈവികമായ പ്രവണതകളെ പാത്തും പരുങ്ങിയും ചെയ്യേണ്ട ഗതികെട്ട അവസ്ഥ സംജാതമാകുന്നു. അവർ പലതരം ചൂഷണങ്ങൾക്ക് വിധേയരാകുന്നു.

സ്വലിംഗപ്രേമികൾക്ക് അനുകൂലമായ ഏതൊരു കോടതിയിലും ഉന്നയിക്കേണ്ട വാദം മനുഷ്യരാശിയിൽ വലിയ ഒരു വിഭാഗം അങ്ങനെ സൃഷ്ടിക്കപ്പെട്ടതിനാൽ അവരുടെ ലൈംഗിക ആവശ്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നതാണ്. സ്വവർഗ്ഗപ്രേമം ചികിത്സിച്ചുമാറ്റാവുന്ന ഒരു രോഗമല്ല എന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. വിശപ്പ് തോന്നുന്നതും സ്ത്രീക്ക് പുരുഷനോടും പുരുഷന് സ്ത്രീയോടും കാമം തോന്നുന്നതും ചികി

ത്സിച്ചുമാറ്റാവുന്ന രോഗമാണെന്ന് പറയുന്നപോലെ തന്നെ അസംബന്ധമാണത്. സ്വവർഗ പ്രേമികളുടെ സ്വാഭാവികമായ ബന്ധങ്ങൾക്ക് വിലക്കു തീർക്കുന്നത് അവരെ ലൈംഗിക അരാജകത്വത്തിന്റെയും ലൈംഗികരോഗങ്ങളുടെയും ലോകത്തിലേക്ക് വലിച്ചെറിയുന്നതായിരിക്കും.

**അങ്ങയുടെ കഥാപാത്രസൃഷ്ടികൾ മിഴിവുറ്റതാണ്. ഇത്തരത്തിലുള്ള കഥാപാത്രങ്ങളെ അങ്ങ് നിത്യജീവിതത്തിൽ കണ്ടു പരിചയിച്ചതാണോ? അതോ അവ സാങ്കല്പിക കഥാപാത്രങ്ങളാണോ?**

മാമൂട്ടിയെ പ്രതിനിധീകരിക്കുന്ന ഒരു മനുഷ്യനെ കൃത്യമായി ഞാൻ പകർത്തിയതല്ല. ഇത്തരത്തിലുള്ള കുറെ മനുഷ്യരുടെ കലർപ്പാണ് മാമൂട്ടിയിൽ കാണാൻ കഴിയുക. സ്ത്രീയോടും പുരുഷനോടും ഒരേപോലെ ലൈംഗീകാഭിമുഖ്യം പുലർത്തുന്ന ആംബി സെക്ഷ്വാലിറ്റിയാണ് കേരളീയ സമൂഹത്തിൽ പണ്ടു മുതലേ കൂടുതൽ കണ്ടുവന്നിട്ടുള്ളത്. അതായത് ഭാര്യയും കാമുകിയും അവരോടുള്ള ഊഷ്മളമായ ബന്ധവും ഉണ്ടായിരിക്കേ തന്നെ കൗമാരക്കാരായ ആൺകുട്ടികളോടുള്ള ലൈംഗികാഭിമുഖ്യം. ഇവർക്കൊരിക്കലും സ്ത്രീയോട് ലൈംഗികമായി വിമുഖതയുണ്ടാവില്ല. എന്നാൽ പ്രായംകുറഞ്ഞ പുരുഷൻമാരോട് ആസക്തിയുമുണ്ടാകും. എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ളത് കൗമാരക്കാരായ കുട്ടികളിലെ സ്ത്രൈണതയെയാണ് അത്തരക്കാർ തേടുന്നത് എന്നാണ്. സ്ത്രീകളിൽനിന്ന് തിരിച്ചടികളോ വികർപ്പണമോ ഉണ്ടാകുന്ന സമയത്ത് ദമനം ചെയ്തുകിടക്കുന്ന ഇത്തരം ആസക്തികൾ ഉജ്ജ്വലമായി ഉയർന്നുവരും. സൂഫിപറഞ്ഞകഥയിലെ മാമൂട്ടിയിൽ ഇതാണ് സംഭവിക്കുന്നത്. അതുകൂടാതെ രണ്ടുതരം ലൈംഗികതകളും ഒരേപോലെ ആസ്വദിച്ച്കൊണ്ടുനടക്കുന്നവരും ഉണ്ട്.

**സൂഫിപറഞ്ഞകഥ ഫ്രഞ്ചിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുണ്ടല്ലോ? ആ അനുഭവത്തെക്കുറിച്ച് ഒന്നുപറയാമോ?**

സൂഫപറഞ്ഞകഥ ഫ്രഞ്ചിലേക്ക് പരിഭാഷപ്പെടുത്തിയ ലുക്ക് റോജർ ഒരു ഹോമോ സെക്ഷ്വൽ മാത്രമല്ല ഹോമോ/ലെസ്ബിയൻ അവകാശങ്ങൾക്കുവേണ്ടി യൂറോപ്പിൽ സമരങ്ങൾ നയിക്കുന്നവൻ കൂടിയായിരുന്നു. ബെൽജിയത്തിലെ ഒരു സ്കൂൾ പ്രിൻസിപ്പൽ ആയിരുന്നു ഇദ്ദേഹം. ഫുക്കാനാ സമ്മേളനത്തിന് അമേരിക്കയിൽ പോയപ്പോൾ ന്യൂയോർക്കിൽ വെച്ചായിരുന്നു ഞാൻ ലുക്ക് റോജറെയും അദ്ദേഹത്തിന്റെ സുഹൃത്ത് അലക്സാണ്ടറെയും പരിചയപ്പെട്ടത്. പിന്നീട് ആ പരിചയം കുറച്ച് ഇ-മെയിലുകളിൽ അവസാനിക്കുകയായിരുന്നു. പിന്നീട് 'വാട്ട് ദ സൂഫിസെഡ്' പുറത്തിറങ്ങിയപ്പോൾ ലുക്ക് റോജർ അത് വായിക്കാൻ ഇടയായി. അങ്ങനെയാണ് സൂഫിയുടെ ഫ്രഞ്ച് പരിഭാഷ സാധ്യമായത്.

ആൽകെമിസ്റ്റിനെക്കാൾ തനിക്കിഷ്ടമുള്ള നോവൽ എന്ന നിലയ്ക്കാണ് പരിഭാഷയ്ക്ക് ലുക്ക് റോജർ മുതിർന്നത് അദ്ദേഹത്തോടൊപ്പം ഞാൻ ബൽജിയത്ത് താമസിച്ചു.

സൂഫിയുടെ പരിഭാഷാവേളയിൽ വിസ്ഫോടകമായ ഒരു അഭിപ്രായം ലുക്ക് റോജർ പ്രകടിപ്പിച്ചു. 'സൂഫി എന്ന കൃതിയുടെ സൗന്ദര്യാത്മകഘടകങ്ങളാണ് താൻ ഇഷ്ടപ്പെടുന്നത്. എന്നാൽ കൃതിയിലെ ഹോമോസെക്ഷ്വാലിറ്റിയുടെ ചിത്രീകരണത്തോട് കഠിനമായി വിയോജിക്കുന്നു' എന്നായിരുന്നു അത്. വിമതരതിയെ പരിഹസിക്കുന്ന സമീപനമാണ് അതിൽ എടുക്കുന്നത് എന്നദ്ദേഹം പറഞ്ഞു. യൂറോപ്പിലെല്ലാം, ഗേ ബന്ധങ്ങൾ പ്രായപൂർത്തിയായ പുരുഷൻമാർ തമ്മിലാണുള്ളത്. മാമുട്ടിയും അമീറും തമ്മിൽ ക്രിമിനൽ കുറ്റമായ ബാല പീഡനമാണ് (പീഡോഫിലിയ) അത് താൻ അംഗീകരിക്കുന്നില്ല. മാമുട്ടി അമീറിലെ സ്ത്രൈണതയെയാണ് തേടുന്നത് എന്ന് ഞാൻ ന്യായവാദം ഉന്നയിച്ചപ്പോൾ അദ്ദേഹം ദേഷ്യംപിടിച്ച് പൊട്ടിത്തെറിക്കുകയാണ് ചെയ്തത്. വിമതരതിയെ കുറിച്ച് ദേശങ്ങൾ തമ്മിലുള്ള വീക്ഷണഭേദങ്ങൾ ഇവിടെ കാണാം.

**വിമതലൈംഗികതത്പരരും എന്നാൽ ഭിന്നവർഗ്ഗ വിവാഹിതരുമായ സുഹൃത്തുക്കൾ അങ്ങേക്ക് ഉണ്ടോ? അവർ എങ്ങനെയാണ് അവരുടെ അനുഭവങ്ങൾ താങ്കളുമായി പങ്കുവെച്ചത്?**

കുടുംബബന്ധങ്ങൾ നിലനിൽക്കുന്ന സമയത്ത് തന്നെ ഇടയ്ക്ക് വിമതരതിയിൽ ഏർപ്പെടുന്ന ആംബിസെക്ഷ്വൽ സുഹൃത്തുക്കളെ എനിക്കറിയാം. പക്ഷേ, ദാമ്പത്യബന്ധം യാതനയായി അനുഭവിച്ച് പുറത്തുചാടൻ ആഗ്രഹിക്കുന്ന സ്വവർഗ്ഗസ്നേഹികൾ അത്തരം കഥകൾ എന്നോടു തുറന്നുപറഞ്ഞിട്ടില്ല. ലൈംഗികന്യൂനപക്ഷ വ്യക്തിത്വം വെളിപ്പെടുത്തിയ പലരെയും മീറ്റിങ്ങുകളിൽ പരിചയപ്പെട്ടിട്ടുണ്ടെങ്കിലും എല്ലാം തുറന്നുപറഞ്ഞ സുഹൃത്തുക്കളില്ല. ഭിന്നലൈംഗികവിഭാഗത്തെക്കുറിച്ച്, ഇന്നത്തെ അവബോധം വരുന്നതിനു മുൻപെല്ലാം അത്തരക്കാരെന്ന് കേട്ടുകേൾവിയുള്ളവരെ കാണുമ്പോൾ ഒരു തരം വല്ലായ്മയും അകൽച്ചയും അടുത്തിടപഴകാൻ ജാള്യവും തോന്നിയിരുന്നു. കാലം മാറി, കാഴ്പ്പാടു മാറിയതോടെ ഇപ്പോൾ അത്തരക്കാരെ കാണുമ്പോൾ യാതൊരു വികർഷണവും തോന്നുന്നില്ല. മാത്രമല്ല തുല്യരായി പരിഗണിക്കണമെന്ന് പ്രജ്ഞ എന്നോട് ആവശ്യപ്പെടുകയും ചെയ്യുന്നു. അവരോട് സഹതാപം തോന്നുന്നത് പോലും ഒരുതരത്തിൽ അവരെ അപമാനിക്കലാണ്.

## 2

## ശ്രീനന്ദുവുമായുള്ള അഭിമുഖം

**ഇടംതേടി എന്ന ആത്മകഥയിൽ പറയുന്ന കാര്യങ്ങൾ സത്യമാണോ?**

എല്ലാം ശരിയാണ്.

**വീട്ടുകാർ നിങ്ങളെ എന്തിനാണ് ഉപേക്ഷിച്ചത്?**

എന്റെ അമ്മയ്ക്ക് വിവാഹത്തിനും മുൻപ് ജനിച്ച കുഞ്ഞാണ് ഞാൻ. അച്ഛൻ ഒരു ഡോക്ടറായിരുന്നു. അച്ഛന് വേറെ ഭാര്യയും മക്കളുമൊക്കെയുണ്ട്. അമ്മ മറ്റൊരാളെ വിവാഹം കഴിക്കാനായി എന്നെ വളർത്താൻ ഒരു വീട്ടിൽ ഏൽപ്പിച്ചതാണ്. ഇതൊക്കെ ഞാൻ വളർന്നതിനുശേഷമാണ് അറിഞ്ഞത്.

**ലൈംഗികന്യൂനപക്ഷമാണ് എന്ന് തുറന്ന് പറയുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിരുന്നോ?**

ഇല്ല. ഞാൻ ട്രാൻസ്ജെൻഡർ എന്നറിയപ്പെടാൻ ഇഷ്ടപ്പെട്ടു. ഒരാളെ കണ്ടാൽ അയാൾ ഹെട്രോസെക്ഷ്വൽ അല്ലെങ്കിൽ ലെസ്ബിയൻ എന്നു പറഞ്ഞ് പരിചയപ്പെടുത്താറില്ലല്ലോ. ഞാനും അതുപോലെ എന്റെ സ്വത്വം പറഞ്ഞ് പരിചയപ്പെടാറില്ല. പക്ഷേ സ്ത്രീയെന്ന് എന്നെക്കുറിച്ച് ആരും പറയുന്നത് എനിക്കിഷ്ടമില്ല. ഞാൻ സ്ത്രീയല്ല. മനുഷ്യനുണ്ടാക്കിയ ചില നിയമങ്ങളാണ് ആണും പെണ്ണും എന്നൊക്കെ. മനുഷ്യൻ എങ്ങനെ ജീവിക്കുന്നു എന്നാണ് ശ്രദ്ധിക്കേണ്ടത്. എന്റെ ഐഡന്റിറ്റി ഏതാണ് എന്നു വെളിപ്പെടുത്തേണ്ടത് അന്നത്തെ നിലനിൽപിന് ആവശ്യമായിരുന്നു. ഞാൻ സ്ത്രീയല്ല എന്ന് എനിക്ക് തെളിയിക്കണമായിരുന്നു. ഞാൻ വീട് വിട്ടിറങ്ങുമ്പോൾ ഞാൻ എന്താണ് എന്നോ സെക്ഷ്വൽമൈനോറിറ്റി എന്താണെന്നോ എനിക്കറിയില്ലായിരുന്നു. ചവിട്ടി നിൽക്കാൻ ഒരിടമില്ലായിരുന്നു. ആ ഇടം തന്നത് 'ഫേം' എന്ന സംഘടനയാണ്.

**ട്രാൻസ്ജെൻഡറാകാനുള്ള ഓപ്പറേഷൻ ചെയ്യുന്നതിനു മുൻപുള്ള സാഹചര്യത്തെക്കുറിച്ചൊന്ന് പറയാമോ?**

എനിക്കെന്റെ എട്ടാം ക്ലാസ്സ് മുതൽ കൗൺസലിങ് ചെയ്തുതുടങ്ങി. ചെറുപ്പം മുതലേ എനിക്ക് ആണാവാനാണ് ആഗ്രഹം. വേഷം ധരിക്കുന്നതും മറ്റും ആൺകുട്ടികളുടേതായിരുന്നു. ആണുങ്ങൾ ചെയ്യുന്നതുപോലെ മൂന്നു വയസ്സു മുതലേ നിന്നു മൂത്രമൊഴിക്കാൻ ഞാൻ ശീലിച്ചു.

**സ്ത്രീയായിട്ടാണ് ജനിച്ചത് എന്ന് ആത്മകഥയിൽ പറയുന്നുണ്ടല്ലോ. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് സർജറിക്കാവശ്യമായ കൗൺസലിങ് തുടങ്ങിയത് എന്നും പറയുന്നു. അങ്ങനെയെങ്കിൽ മെൻസസ് ആയിട്ടുണ്ടോ?**

ഇല്ല. ഞാൻ അതിനെ ഭയന്നിരുന്നു. എന്നെ ചികിത്സിച്ച ഗീത ഡോക്ടർ മെൻസസ് ആകാതിരിക്കാൻ എനിക്ക് മരുന്നുകൾ തന്നിരുന്നു. അത് തീരുമ്പോൾ വീണ്ടും ആധിയാവുകയും ഞാൻ വീട്ടിൽ പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുമായിരുന്നു. പിന്നെ ഗർഭപാത്രം എടുത്തുകളഞ്ഞു.

**എഡ്യുക്കേഷൻ എങ്ങനെ? എത്രവരെ പഠിച്ചു?**

ഞാൻ സ്കൂളിൽ അധികം പോയിട്ടില്ല. എന്റെ ഐഡന്റിറ്റി ക്രൈസിസ് കൊണ്ട് എനിക്ക് സ്കൂളിൽ പോകുന്നത് ഇഷ്ടമില്ലായിരുന്നു. പിന്നെ ചികിത്സയും മറ്റുകാര്യങ്ങളുമായി അധികസമയം ഹോസ്പിറ്റലിൽ ആയിരുന്നു. പെൺകുട്ടിയായി എനിക്ക് സ്കൂളിൽ പോകുന്നത് ഇഷ്ടമായിരുന്നില്ല. എന്നിട്ടും പത്താംക്ലാസ് പരീക്ഷ വീട്ടിലിരുന്ന് പഠിച്ച് എഴുതി പാസ്സായി.

**സമൂഹത്തിൽനിന്ന് ഏൽക്കേണ്ടിവന്ന പരിഹാസങ്ങൾ എങ്ങനെ നേരിട്ടു?**

ഞാൻ സമൂഹത്തെ കുറ്റം പറയുകയില്ല. സമൂഹത്തിന്റെ സപ്പോർട്ട് ഉള്ളതും കൊണ്ടല്ലേ ജീവിക്കുന്നത്. മറ്റുള്ളവർക്ക് സമൂഹത്തിൽ നിന്ന് പരിഹാസവും ഏൽക്കുന്നു എന്നു പറയുമ്പോൾ അവരുടെ അറിവില്ലായ്മ ഒരു കാരണമാണ് എന്നാണ് എനിക്ക് പറയാനുള്ളത്. ഒരു വീടുവിട്ട് ഇറങ്ങിപോകുമ്പോൾ ഒന്നുകിൽ പണം വേണം അല്ലെങ്കിൽ വിദ്യാഭ്യാസം വേണം. ഇതുരണ്ടുമില്ലാത്ത സാധാരണക്കാരൻ അനുഭവിക്കുന്ന മാനസിക വിഷമങ്ങളേ ഒരു ട്രാൻസ്ജെൻഡറിനും നേരിടേണ്ടതുള്ളൂ. ഞാൻ ഈ രംഗത്ത് എന്റെ ഐഡന്റിറ്റി വെളിപ്പെടുത്തിയപ്പോ അത് വലിയൊരു വാർത്തയായിരുന്നു. 2004 ലാണ് ഞാൻ സ്വത്വം വെളിപ്പെടുത്തുന്നത്. ഇന്ന് ഇത്തരം കാര്യങ്ങൾ അത്ര വലിയ വാർത്തയല്ല.

**നിങ്ങളുടെ ആദ്യ ഐഡന്റിറ്റി 'ലെസ്ബിയൻ' എന്നായിരുന്നുവല്ലോ. പത്രമാധ്യമങ്ങളിലും മറ്റും അത്തരം വാർത്തയാണ് ഞാൻ കണ്ടിട്ടുള്ളത്. അത് എന്തുകൊണ്ടാണ്?**

മഞ്ഞപ്പത്രങ്ങളാണ് അതിനു പിന്നിൽ പ്രവർത്തിച്ചത്. ഞാനല്ല എന്ന് പറഞ്ഞിട്ടും ആരും വിശ്വസിച്ചില്ല. പിന്നെ എനിക്ക് തോന്നി ഒന്നും ആരെയും ബോധ്യപ്പെടുത്തേണ്ടതില്ല എന്ന്. ബോധ്യപ്പെടുത്തിയിട്ട് എന്തിനാണ്. നമുക്ക് നമ്മുടെ പേഴ്സണാലിറ്റിയുണ്ടാവും നമ്മുടെ തിയറിയുണ്ടാവും. എന്റെ ജീവിതാണ് എന്റെ വഴി എന്നു ഞാൻ വിശ്വസിക്കുന്നു. എനിക്കിന്ന് എന്റെ ഫ്രീഡമാണ് വലുത്. എന്റെ കുടുംബങ്ങൾ ഇന്ന് എന്നെ ഒരു മകനായി കാണുന്നു. എന്റെ റോൾമോഡൽ ഞാൻ തന്നെയാണ്. എന്റെ കുട്ടിക്കാലത്ത് ഞാൻ എന്നെപോലെ മറ്റൊരാളെ കണ്ടിട്ടില്ല. ഒരു രാധാകൃഷ്ണനെക്കുറിച്ച് വായിച്ചറിവ് മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നെ ഗീത ഡോക്ടർ ഒരുപാട് സഹായിച്ചിട്ടുണ്ട്.

ഞാൻ പത്താം ക്ലാസ്സിൽ പഠിക്കമ്പോഴായിരുന്നു എന്റെ സർജറി. എന്റെ കുടുംബങ്ങ ളെല്ലാം ചേർന്ന് എടുത്ത തീരുമാനമായിരുന്നു. ഓരോരോ ഭാഗങ്ങളായാണ് സർജറി നട ന്നത്. ശബ്ദം മാറ്റം വരുന്നതുവരെ വലിയ ടെൻഷൻ ആയിരുന്നു. അന്നു സംസാരിക്കാൻ വലിയ മടിയായിരുന്നു. ബന്ധുക്കളെല്ലാം എന്നെ എന്തോ രോഗമുള്ള ഒരു കുട്ടിയെപോലെയാണ് കണ്ടിരുന്നത്.

**ഹിജഡയും ട്രാൻസ്ജെൻഡറും തമ്മിലുള്ള വ്യത്യാസത്തെ ശ്രീനന്ദു എങ്ങനെയാണ് നോക്കി കാണുന്നത്.?**

ഹിജഡകൾ എന്നാൽ സ്ത്രീകളാകാൻ ആഗ്രഹിക്കുന്ന പുരഷന്മാരാണ്. ഒരൊറ്റ ഹിജഡയും പുരുഷനാവാൻ ആഗ്രഹിക്കുന്നില്ല. അവർ പെനിസ് മുറിച്ച് കളയുന്നവരാണ്. ചിലർ മാത്രമേ രണ്ട് ഓർഗനോട് കൂടി ജനിക്കുന്നുള്ളൂ. ബ്രസ്റ്റ് അവർ വെച്ച് പിടിപ്പിക്കു ന്നു. സ്ത്രീയല്ല എന്ന രീതിയിൽ അവരോട് സംസാരിച്ചാൽ അവർ നമ്മളെ അടിക്കാൻ വരും.

**ഒരാളുടെ ലൈംഗിക വ്യതിരിക്തത അമ്മയുടെ ഗർഭപാത്രത്തിലേ ആരംഭിക്കുന്നതാണ് എന്നു വിശ്വസിക്കുന്നുണ്ടോ?**

ഉണ്ട്.

**കുട്ടിക്കാലത്ത് ലൈംഗികചൂഷണങ്ങൾക്ക് ഇരയായിട്ടുണ്ടോ?**

ഇല്ല.

**ആരുടെയെങ്കിലും പാർട്ണറാവാൻ അതായത് സ്ത്രീയാവാൻ കൊതിച്ച ഏതെങ്കിലും പുരുഷന്മാരുടെ ഗേ പാർട്ണർ ആവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ?**

ഉണ്ട്. കൽക്കി എന്നോട് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ എനിക്ക് ഒരു സ്ത്രീയെ മാത്രമേ എന്റെ പാർട്ണറായി കാണാൻ സാധിക്കുകയുള്ളൂ. കൽക്കി ഓപ്പറേഷൻ ചെയ്ത് പെണ്ണായതാണ്. എനിക്ക് അവരെ ഉൾകൊള്ളാൻ സാധിക്കുകയില്ല. അവരാരാണ് എന്ന് എനിക്കറിയാമെന്നതാണ് എന്റെ പ്രശ്നം.

**വിവാഹം കഴിക്കുന്നതിനു മുൻപ് എത്ര സ്ത്രീകളുമായി ബന്ധമുണ്ടായിട്ടുണ്ട്?**

അത്തരം ബന്ധം ഉണ്ടായിട്ടില്ല. നിങ്ങൾ ഉദ്ദേശിക്കുന്നത് ഷീലയുമായിട്ടുള്ള ബന്ധ മാണെങ്കിൽ ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നത് സൗഹൃദം മാത്രമായിരുന്നു. അവയവങ്ങൾ കൂട്ടി മുട്ടിക്കാത്ത ഒരു ബന്ധം. ഇന്നും ഞങ്ങൾ തമ്മിൽ ആ സൗഹൃദമുണ്ട്. പിന്നെ എന്റെ കൂടെ ജീവിച്ച സാമ്യയുമായി ബന്ധമുണ്ടായിരുന്നു. അവൾ പിന്നീട് ചതിക്കുകയാ ണുണ്ടായത്.

**നന്ദുവിനെ പോലെ ട്രാൻസ്മെൻ ആയ ആരെയെങ്കിലും അറിയുമോ?**

ഇവിടെ കേരളത്തിൽ ആരേയും അറിയില്ല. എന്നാൽ ബോംബെയിൽ ഒരാളുണ്ട്. സത്യൻ അയാൾ എന്റെ സുഹൃത്തായിരുന്നു. കാരണം ഞങ്ങൾ ഉപയോഗിക്കുന്ന ടെസ്റ്റാറ്ററോൺ പോലുള്ള മരുന്നുകൾ കേരളത്തിൽ ലഭിക്കാൻ ബുദ്ധിമുട്ടാണ്. അതുപയോഗിക്കാതെ ഒരു സ്റ്റേജ് കടന്നുപോവാൻ സാധിക്കില്ല. എന്റെ മാതാപിതാക്കൾ അറിവുള്ളവരായിരുന്നു. അതുകൊണ്ട് എനിക്ക് വേണ്ടി അവർ എത്തിച്ചുതരുമായിരുന്നു. എല്ലാവരും അങ്ങനെയാവണമെന്നില്ല.

**നന്ദു സെക്സ് ചെയ്യുന്നതിനുവേണ്ടി ഉത്തേജകമരുന്നുകൾ ഉപയോഗിക്കാറുണ്ടോ?**

ഇല്ല. അതിന്റെ ആവശ്യമില്ല. എനിക്ക് മനസ്സിന് ഇഷ്ടപ്പെട്ട ഒരു സ്ത്രീയെ കാണുമ്പോൾ സാധാരണയായി താത്പര്യം തോന്നാറുണ്ട്. പിന്നെ എല്ലാവരുമായി അത്തരം ബന്ധങ്ങൾ സൂക്ഷിക്കാറില്ല. കാരണം എയ്ഡ്സിനെ കുറിച്ച് നന്നായിട്ടറിയാം. അതിനെക്കുറിച്ച് ക്ലാസ്സുകളും നൽകാറുണ്ട്.

**സെക്ഷ്വൽമൈനോറിറ്റി ഗ്രൂപ്പിൽപ്പെട്ട പലരുടേയും ആത്മകഥകൾ ഞാൻ വായിച്ചിട്ടുണ്ട്. അവർ പറയുന്നു കുട്ടിക്കാലത്തേ അവർ ചൂഷണത്തിനിരയായിട്ടുണ്ട് എന്ന്. എന്റെ സംശയം ഇങ്ങനെയാണ്. സെക്ഷ്വൽമൈനോറിറ്റീസിന് ലൈംഗികതാത്പര്യം അധികമാണോ?**

എനിക്കതിനെക്കുറിച്ച് പറയാനറിയില്ല. എന്റെ കൗമാര പ്രായത്തിലൊന്നും ഞാൻ സെക്സിനെക്കുറിച്ച് ചിന്തിച്ചിട്ടില്ല. ആണാവണം എന്നേ ആഗ്രഹിച്ചിട്ടുള്ളൂ. ആണായി സെക്സ് ചെയ്യണം എന്നൊരാഗ്രഹം ഉണ്ടായിട്ടില്ല. പിന്നെ ചിലർ പറയുന്ന ചുഷണ കഥകളൊക്കെ കാപട്യമാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. പലരും ഐഡന്റിറ്റി തിരിച്ചറിഞ്ഞിട്ടും അവർ എതിർലിംഗത്തിൽ നിന്ന് വിവാഹം കഴിക്കുന്നു. അത് ആ സ്ത്രീയോടോ/പുരുഷനോടോ ചെയ്യുന്ന ചതിയല്ലേ. പലരും ലൈംഗികതൊഴിലിനിറങ്ങുന്ന പുരുഷവേശ്യകളാണ്. ഇന്നത്തെ സമൂഹത്തിൽ പുരുഷന്മാർക്ക് സ്ത്രീകളേക്കാൾ ആവശ്യം പുരുഷവേശ്യകളെയാണ്. കാരണം പുരുഷവേശ്യകൾക്ക് നന്നായി ഓറൽ സെക്സിൽ ഏർപെടാനാവുമെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

**ഇന്നത്തെ കാലത്ത് അവിഹിതബന്ധങ്ങളും വിമതലൈംഗികബന്ധങ്ങളും കൂടിക്കൊണ്ടിരിക്കുന്നതായി തോന്നിയിട്ടുണ്ടോ? എന്തായിരിക്കും അതിനു കാരണം?**

കൂടിവരുന്നുണ്ട്. ധാരാളം. എന്താണ് കാരണമെന്ന് ചോദിച്ചാൽ ഒറ്റ കാരണമേയുള്ളൂ. എല്ലാവരും ഡിപ്രഷനിലാണ്. വിവാഹജീവിതം പലരിലും അസംതൃപ്തിയുണ്ടാക്കുന്നു. ലൈഫ് പാർട്ണർ എന്നല്ലേ പറയേണ്ടത്. പലരും പാർട്ണർ എന്നു പറയുമെങ്കിലും ഇടപെടുന്നത് അടിമ-ഉടമ ബന്ധത്തിലായിരിക്കും. സ്നേഹത്തിന് ഇന്ന് മിക്ക കുടുംബബന്ധങ്ങളിലും സ്ഥാനമില്ല. അതൊക്കെ അഡ്ജസ്റ്റ്മെന്റ് മാത്രമായി കൊണ്ടിരിക്കുകയാണ്.

**ഇനി ഇങ്ങനെ ജനിക്കുന്നവരോട് അല്ലെങ്കിൽ ഇത്തരം മാനസിക വേദന കൾകൊണ്ടുനടക്കുന്നവരോട് എന്താണ് പറയാനുള്ളത്?**

ശ്രീനന്ദു അഭിമുഖീകരിച്ച പ്രശ്നങ്ങൾ അവർക്കുണ്ടാവില്ല. കാരണം ഇന്ന് ഇതൊന്നും അത്ര പ്രശ്നമല്ല. പിന്നെ നമ്മൾ നമ്മളായിട്ടിരിക്കുക. അനുകരിക്കാൻ പോക രുത്. സിഗരറ്റ് വലിച്ചാലേ ആണാവൂ, കള്ളുകുടിച്ചാലേ ആണാവൂ എന്നൊക്കെ വിചാരിച്ച് ആണാവാൻ ആഗ്രഹിക്കുന്നവർ പലരും പലതും കാട്ടിക്കൂട്ടുന്നത് ഞാൻ കണ്ടിട്ടുണ്ട് അത്തരം കാര്യങ്ങളൊക്കെ ഒഴിവാക്കണം. മെന്റലി പ്രിപ്പയർ ചെയ്തവർ പിന്നെ ശാരീരി കാഭിനയങ്ങൾ മതിയാക്കി ഓപ്പേറഷന് വിധേയരാവുകയാണ് വേണ്ടത്.

**നിങ്ങളുടെ മകൾ/മകൻ ലൈംഗികസ്വാതന്ത്ര്യം പ്രഖ്യാപിച്ച് ഒന്നിൽ കൂടുതൽ ലൈഫ് പാർട്ട്ണർമാരെ ഉപയോഗിച്ചാൽ നിങ്ങൾ ഏതു രീതിയിലാവും നോക്കിക്കാണുക?**

നമുക്ക് മക്കളുടെ കാര്യത്തിൽ ഇടപെടുന്നതിന് പരിധി നിശ്ചയിക്കണം. ഓരോരു ത്തരും ഓരോ വ്യക്തികളാണ് അവരുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും വ്യത്യസ്തമായിരി ക്കും. അച്ഛനമ്മമാർ മക്കളുടെ ജീവിതം ഡിസൈൻ ചെയ്യുന്നത് പതിനെട്ട് വയസ്സുവരെ മാത്രമേ ആകാവൂ. പിന്നെ അവരെ ജീവിക്കാൻ വിടണം. പരസ്പരവിശ്വാസമാണ് എല്ലാം. അമ്മയും അച്ഛനുമായും കുട്ടികൾ പ്രത്യേകം പ്രത്യേകം ജീവിതം ഷെയർ ചെയ്യണം. കുടുംബമായിട്ടല്ലാതെ അച്ഛനോടൊപ്പവും അമ്മയോടൊപ്പവും കുട്ടികൾ പുറത്തുപോക ണം. അച്ഛനമ്മമാർ കുട്ടികളുടെ സുഹൃത്തുക്കളല്ല കളിപ്പാട്ടങ്ങളാണ് ആവേണ്ടത്. അതി നാണ് ശ്രമിക്കേണ്ടത്. പിന്നെ തെറ്റ് ചെയ്യുന്നു എന്നു തോന്നുമ്പോൾ ശരിയും തെറ്റും നമ്മൾ പറഞ്ഞുകൊടുക്കുക. പിന്നേയും തെറ്റിലേക്ക് പോകുന്നുവെങ്കിൽ എന്തു സംഭവി ച്ചാലും ഞങ്ങൾ കൂടെയുണ്ടാവും എന്ന് ഉറപ്പുനൽകുക അല്ലാതെ അവരെ തള്ളിക്കളയു ന്നത് ശരിയല്ല. കൂടുതൽ തെറ്റിലേക്ക് വഴുതിവീഴലാവും അത്.

**കേരളത്തിന്റെ സദാചാര ബോധത്തെക്കുറിച്ച് എന്താണ് അഭിപ്രായം.**

കേരളമാണ് സദാചാരത്തിന്റെ ഏറ്റവും വലിയ കോടതി. സദാചാരക്കാരെ നോക്കി മുണ്ടുപൊക്കി കാണിക്കുകയാണ് വേണ്ടത്.

**എൻ.ജി.ഒ സ് നിങ്ങളെ എങ്ങനെയാണ് സഹായിക്കുക?**

പല പ്രോജക്ടുകളുണ്ട് പലരും ജീവിതമാർഗ്ഗങ്ങൾ കാണിച്ചുകൊടുക്കുന്നു. പിന്നെ എയ്ഡ്സിനെ പോലുള്ള അസുഖങ്ങളെക്കുറിച്ച് പഠിപ്പിച്ചു കൊടുക്കുന്നു. അങ്ങനെ പല പ്രൊജക്ടുകളുമുണ്ട്. ലെസ്ബിയൻ എന്ന പേരിൽ ഞാൻ അറിയപ്പെട്ട പ്പോൾ എന്റെ ചികിത്സയ്ക്ക് ആവശ്യമായ പണം നൽകിയിരുന്നത് ഫേം എന്ന സംഘടന യായിരുന്നു. ഇപ്പോൾ ഞാൻ സംഘടനാപ്രവർത്തനങ്ങളെല്ലാം അവസാനിപ്പിച്ച് സന്തോ ഷകരമായ കുടുംബജീവിതം നയിക്കുന്നു. അതിനാൽ പത്രമാധ്യമങ്ങളിലൊ മറ്റ് അഭിമു ഖങ്ങളിലോ പ്രത്യക്ഷപ്പെടാനോ എന്റെ ഫോട്ടോപോലും നൽകാനോ തയ്യാറല്ല.

3

## ട്രാൻസ്ജെൻഡർ ആക്റ്റിവിസ്റ്റും കോളം റൈറ്ററുമായ ശീതൾ ശ്യാമുമായുള്ള അഭിമുഖം

**ശീതളിന്റെ യഥാർത്ഥ പേര്?**

എന്റെ പേര് ശ്യാം എന്നായിരുന്നു. പിന്നെ ശീതൾ എന്നുകൂടി ചേർത്തു. അങ്ങനെ ശീതൾ ശ്യാമായി മാറി.

**സെക്സിനോട് വളരെയധികം താത്പര്യമുള്ളവരാണ് സ്വവർഗ്ഗരതിക്കാർ എന്ന ഒരു വിശ്വാസമുണ്ട് അത് ശരിയാണോ?**

അങ്ങനെയില്ല. മറ്റ് സ്വാഭാവികരതിക്കാരെപോലെ മാത്രമേ ഞങ്ങൾക്കും താത്പര്യമുള്ളു. ചിലർ വളരെ താത്പര്യമുള്ളവരായിരിക്കും. അത്രമാത്രമേ ഞങ്ങൾക്കിടയിലുമുള്ളു. ഞാൻ പത്ത് വർഷമായിട്ട് എന്റെ പാർട്ണർക്കൊപ്പമാണ് താമസിക്കുന്നത്. മറ്റാരുമായും എനിക്കിപ്പോൾ ബന്ധമില്ല. വേണമെന്ന് തോന്നിയിട്ടുമില്ല.

**ശീതൾ ഓപ്പറേഷന് വിധേയനായിട്ടുണ്ടോ?**

ഇല്ല. ഞാൻ അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. ആ അവയവം കൊണ്ട് എനിക്ക് യാതൊരു ബുദ്ധിമുട്ടോ ശല്യമോ തോന്നിയിട്ടില്ല. മാത്രമല്ല ഞങ്ങൾ അല്ലാതെ തന്നെ മാനസികമായ ഒട്ടേറെ വേദന തിന്നുന്നവരാണ്. ഇനി ഇതുകൂടി വയ്യ.

**ശീതൾ എന്നെങ്കിലും ഒരു സ്തീയുമായി ശാരീരികബന്ധത്തിൽ ഏർപ്പെടണമെന്ന് ആഗ്രഹിച്ചിട്ടുണ്ടോ? സാഹചര്യം ലഭിക്കുകയാണെങ്കിൽ അങ്ങനെയൊരു താത്പര്യം കാണിക്കുമോ?**

ഇല്ല. എനിക്കൊരിക്കലും ഒരു സ്ത്രീയുമായി ശാരീരികബന്ധം പുലർത്താൻ സാധിക്കില്ല. ഞാനൊരു സ്ത്രീയല്ലേ. പക്ഷേ അങ്ങനെ ചെയ്യേണ്ടിവന്ന സാഹചര്യം വളരെ മുൻപുണ്ടായിട്ടുണ്ട്. അന്ന് ഞാൻ ലൈംഗികതൊഴിലിന് പോകുമായിരുന്നു. അന്നൊരു ഭർത്താവും ഭാര്യയും വന്ന് എന്നെ തൃശ്ശൂരിൽനിന്ന് കൂട്ടികൊണ്ടുപോയി ഭർത്താവിന് ഇഷ്ടമുള്ള ലൈംഗികരീതികൾ ആ സ്ത്രീ എന്നോടു പറഞ്ഞു. ഞാനതിനൊക്കെ സമ്മതിച്ചു. എല്ലാം കഴിഞ്ഞപ്പോൾ ഭർത്താവിന്റെ നിർദ്ദേശപ്രകാരം ഭാര്യയുമായി വദനസുരതത്തിൽ ഏർപ്പെട്ടു. അവർ എനിക്ക് ധാരാളം കാശുതന്നു. അന്നെനിക്ക് കാശായിരുന്നു പ്രധാനം. പക്ഷേ, ഇന്ന് അങ്ങനെ പറ്റില്ല. ഞാനെന്റെ പാർട്ണറോട് കമ്മിറ്റഡാണ്. അദ്ദേഹം വളരെ സ്നേഹമുള്ളയാളാണ്. ഞങ്ങളുടെ ജീവിതത്തിൽ സെക്സ് മാത്രമല്ല ഒരു ഭാര്യയും ഭർത്താവും തമ്മിലുള്ള ജീവിതത്തിന്റെ എല്ലാ സുഖങ്ങ

ളുമുണ്ട്. എനിക്ക് പ്രസവിക്കാൻ കഴിയില്ല എന്ന ദു:ഖമേയുള്ളു. ഇന്നുവരെ അദ്ദേഹം എന്നോട് ഒരു തരത്തിലുള്ള പ്രശ്നവുമുണ്ടാക്കിയിട്ടില്ല.

**ആളുകൾ എന്തുകൊണ്ടാണ് സ്വവർഗ്ഗത്തിൽനിന്ന് ഇണചേരാൻ ആഗ്രഹിക്കുന്നത്. വിവാഹിതരായവർ പോലും നിങ്ങളെ തേടിവരുന്നുണ്ടല്ലോ. അത് വദനസുരത ത്തിനുവേണ്ടിയാണോ?**

അല്ല. പൊതുവേ ആളുകൾക്ക് ഒരു ധാരണയുണ്ട്. ഞങ്ങൾ വദനസുരതവും ഗുദര തിയും ചെയ്യുന്നതുകൊണ്ടാണെന്ന്. രതി എന്നുപറയുന്നത് മനുഷ്യനെയാണ് അടിസ്ഥാ നമാക്കുന്നത്. രതി എന്നുപറഞ്ഞാൽ അത് അവയവത്തിൽമാത്രം ഒതുങ്ങുന്നതല്ല. അടിമു തൽ മുടിവരെ അതുണ്ട്. നോട്ടത്തിൽ പോലുമുണ്ട്. എന്റെ പാർട്ണർ ചില സമയങ്ങളിൽ എന്റെ മുടിയിൽ തലോടാറുണ്ട്. അതുപോലും എന്നെ സുഖിപ്പിക്കുന്നു. ഞാൻ വിചാരി ക്കുന്നത് ഇഗോ ഇല്ലാത്ത ശാരീരകബന്ധം നടക്കുന്നതുകൊണ്ടായിരിക്കും എന്നാണ്. സാധാരണ കുടുംബജീവിതങ്ങളിൽ പുരുഷൻ മുൻകൈ എടുക്കണം. പുരുഷൻ സുഖിപ്പി ക്കണം എന്നി അവസ്ഥകളുണ്ടല്ലോ. പരിഗണിക്കുന്നതിനേക്കാൾ പരിഗണിക്കപെടാൻ ആഗ്രഹിക്കുന്നവരാണ് ആളുകൾ. അതുകൊണ്ടവർ ഞങ്ങളെ തേടിവരുന്നു എന്നാണ് ഞാൻ വിശ്വസിക്കുന്നത്. സെക്ഷ്വൽപ്ലഷർ വരുമ്പോൾ മാത്രമേ നമ്മൾ ശരീരത്തിന് പ്രാധാന്യം നൽകുകയുള്ളു.

**ഒരു കുഞ്ഞിനെ ദത്തെടുക്കാൻ ആഗ്രഹിക്കുന്നുണ്ടോ?**

വളരെയധികം ആഗ്രഹമുണ്ട്. പക്ഷേ സാധിക്കുകയില്ല. ചിലപ്പോഴൊക്കെ വല്ലാത്ത നിരാശതോന്നാറുണ്ട്. നമ്മുടെ നിയമങ്ങളൊക്കെ ഞങ്ങളെപോലുള്ളവർക്ക് എതിരല്ലേ.

**വിവാഹം രജിസ്ട്രർ ചെയ്യാൻ കഴിയാത്തതുകൊണ്ട് നിങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കു ന്നുണ്ടോ?**

ഉണ്ട്. ആരുടേയും സപ്പോർട്ട് ഇല്ലാത്തത് ഒരു പ്രശ്നമാണ്. ഏതൊരു വിവാഹ ത്തിലേയും മെയിൻ ഘടകം പാരന്റസിന്റേയും ഫാമിലിയുടേയും ഭാഗത്തുനിന്നുള്ള സപ്പോർട്ടാണല്ലോ. സപ്പോർട്ടില്ലാത്ത സാമൂഹികജീവിതം കെട്ടിപ്പടുക്കുന്നത് അത്രയെളുപ്പ മാല്ല. ഞങ്ങളുടെ ബന്ധങ്ങൾക്ക് ഒരു ഉറപ്പില്ലായ്മ അനുഭവപ്പെടുന്നുണ്ട്. എന്റെ പാർട്ണർ എന്നെ നിയമപ്രകാരം വിവാഹം കഴിക്കാൻ തയ്യാറാണ്. പക്ഷേ നമ്മുടെ കേര ളത്തിൽ ഇന്നുവരെ അതിനു സാഹചര്യം ഒത്തുവന്നിട്ടില്ല. നിയമം സമ്മതിച്ചാൽ എത്രയു പെട്ടന്ന് വിവാഹം കഴിക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. എന്നാലെ സർക്കാർ ആനു കൂല്യങ്ങളൊക്കെ ലഭിക്കൂ.

**നിങ്ങൾക്ക് ഐഡികാർഡൊക്കെ കിട്ടി തുടങ്ങിയോ?**

കിട്ടിതുടങ്ങി. എന്റെ ആധാർകാർഡിൽ ഞാൻ ട്രാൻസ്ജെൻഡറാണ്. പക്ഷേ ഐഡന്റിറ്റികാർഡിൽ മെയിൽ എന്നുതന്നെ. എന്റെ കൂട്ടുകാരിയായ 'സൂര്യ' ഫീമെയിൽ എന്ന ഐഡന്റിറ്റി കാർഡ് സ്വന്തമാക്കിയിട്ടുണ്ട്. പിന്നെ തിരുവനന്തപുരത്തുള്ള ശ്രീനന്ദു വിന് മെയിൽ ഐഡന്റിറ്റികാർഡാണുള്ളത്.

**ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളത്?**

ഞാൻ S.M.F.K സംഘടനയുടെ സെക്രട്ടറിയാണ്. മറ്റൊന്ന് കേരള ഗവൺമെന്റിന്റെ പ്ലാനിംഗ്ബോർഡ് മെമ്പറാണ്. അതിന്റെ വർക്കിംഗ് കമ്മറ്റിയിലും അംഗ മാണ്. മാതൃഭൂമിയിൽ കോളം റൈറ്ററാണ്. പിന്നെ കോളേജിലും സ്കൂളിലുമൊക്കെ പോയി ജെൻഡർ ഈക്വാലിറ്റിയെക്കുറിച്ചുള്ള ക്ലാസൊക്കെ എടുക്കാറുണ്ട്. മാധ്യമരം ഗത്തും വളരെ സജീവമാണ്.

**നിങ്ങളെ കുട്ടിക്കാലത്ത് ആരെങ്കിലും ലൈംഗികചൂഷണത്തിന് ഇരയാക്കിയിട്ടുണ്ടോ. അങ്ങനെയാണോ നിങ്ങൾ നിങ്ങളുടെ സ്വത്വപ്രശ്നം തിരിച്ചറിഞ്ഞത്?**

എന്റെ അച്ഛനുമ്മയ്ക്കും രണ്ട് ആൺമക്കളാണ്. ഞാനാണ് മൂത്തയാൾ. എനിക്ക് ചെറുപ്പം തൊട്ടെ വലിയ നാണമായിരുന്നു. അനുജൻ വളരെ സ്മാർട്ട് ആയിരുന്നു. ഞാനെല്ലാത്തിലും പിന്നിൽനിൽക്കുന്ന ഒരാളായിരുന്നു. എന്നിട്ടും എന്റെ ബന്ധുക്കളിൽ ചിലരും അയൽവക്കത്തുള്ള ചില ചേട്ടൻമാരും എന്നെ ഉപയോഗിച്ചിട്ടുണ്ട്. അന്നത് ലൈംഗികചൂഷണമാണെന്നൊന്നും അറിയില്ല. അവർ മിട്ടായിയൊക്കെ വാങ്ങി തരുമായി രുന്നു.

**നിങ്ങൾ വീട് വിട്ടുപോരണമെന്ന് സ്വയം തീരുമാനിച്ചതാണോ?**

അല്ല. വീടുവിട്ടുപോരാൻ എനിക്ക് ആഗ്രഹമുണ്ടായിരുന്നില്ല. ഞാൻ ബാംഗ്ലൂരി ലേക്ക് ജോലിതേടി പോയതാണ്. അവിടെവെച്ച് ഒരു ചേട്ടനാണ് എന്നെപോലെയുള്ള ആളുകൾ അവിടെ ധാരാളമുണ്ടെന്ന് പറഞ്ഞത്. ഞാൻ പിന്നെ അവരെപോയി കണ്ടു സംസാരിച്ചു. സംഗമയെക്കുറിച്ച് അറിഞ്ഞു. സംഗമയിലെത്തയതിനുശേഷമാണ് എനിക്ക് സെൽഫ്റെസ്പകട് ഉണ്ടായത്. നമ്മുടെ ഡിഗിനിറ്റിറൈറ്റ്സ്, ഈക്വാലിറ്റി എന്നി വയെക്കുറിച്ചൊക്കെ ഞാൻ മനസ്സിലാക്കിയത് അവിടെ വെച്ചാണ്. സത്യം പറഞ്ഞാൽ പത്താളുകളുടെ മുഖത്തുനോക്കി സംസാരിക്കാൻ എനിക്കായത് സംഗമയിലെത്തിയതു കൊണ്ടുമാത്രമാണ്. അവിടുത്തെ പല പ്രോഗ്രാമുകളും അവിടുത്തെ ആളുകളുടെ ബിഹേ വിയറും എന്നെ ധൈര്യവാനാക്കി. അവിടെ ഞാനനുഭവിച്ച സ്വാതന്ത്ര്യം ഇവിടെ അനുഭ വിക്കണമെന്ന് തോന്നിയപ്പോഴാണ് തിരിച്ചുവന്നത്. ഫേമിൽ അന്നെനിക്ക് ജോലിയും കിട്ടിയിരുന്നു. തൃശ്ശൂരായിരുന്നു ഫേം അന്നു പ്രവർത്തിച്ചിരുന്നത്. ഫേം ഒരു N.G.O ആണ്.പിന്നീട് 'പെഹചാൻ' എന്ന പ്രോജക്ടിൽ വർക്കുചെയ്തിരുന്നു. അവിടെ

കൗൺസിലർ ആയി പ്രവർത്തിച്ചു. H.I.V ബെയ്സ്ഡ് പ്രവർത്തനങ്ങളും റൈറ്റ്സ് മൂവ്മെന്റും ഉണ്ടായിരുന്നു. അന്ന് ഞങ്ങൾക്ക് വേണ്ടി ഗവൺമെന്റ് പോളിസികൊണ്ടുവരാൻ സാധിച്ചു. ആ പോളിസിയിൽ ദത്തെടുക്കൽ, വിവാഹംപോലുള്ള നയങ്ങൾ പക്ഷേ, ഗവൺമെന്റ് ഉൾപ്പെടുത്തിയിട്ടില്ല.

**അടുത്ത പ്ലാൻ എന്താണ്?**

ഞങ്ങളുടെ വിവാഹം ലീഗലാക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള നടപടികൾക്കായി പ്രവർത്തിക്കണം. ഒരുവീട് സ്വന്തമാക്കണം. സ്വന്തംവീട്ടിൽനിന്ന് എനിക്ക് ഒന്നും ലഭിക്കില്ല. വീട്ടുകാർ എന്നെ ഉപേക്ഷിച്ചിരിക്കുകയാണ്. ആരൊക്കെ അംഗീകരിച്ചാലും ജനിപ്പിച്ച അച്ഛൻപോലും എന്നെ അംഗീകരിക്കില്ല. വീട്ടിൽനിന്ന് ബലം പ്രയോഗിച്ച് ഇറക്കിവിടുകയായിരുന്നു. ഞാൻ മാധ്യമങ്ങളിലൂടെയും മറ്റും ജെൻഡർ ഐഡന്റിറ്റി വെളിപ്പെടുത്തിയത് അവർക്ക് ഇഷ്ടമായില്ല. ഒടുവിൽ എനിക്ക് പോലീസിന്റെ സഹായം തേടേണ്ടിവരന്നു. പോലീസ് സഹായത്തോടെ വീട്ടിൽ തുടർന്നുതാമസിച്ചുവെങ്കിലും ഇമോഷണലി അവരെന്നെ വേദനിപ്പിച്ചുകൊണ്ടേയിരുന്നു. പിന്നെ സ്വയം പുറത്താവാൻ തീരുമാനിച്ചു. അന്നെന്നെ സഹായിക്കാനും കൂടെ നിൽക്കാനും തയ്യാറായത് എന്റെ പാർട്ണറാണ്. അദ്ദേഹത്തിന്റെ കൂടെയായതുകൊണ്ടാണ് ഈ വീടെങ്കിലും വാടകയ്ക്ക് കിട്ടിയത്. എന്റെ കൂടെ ജീവിക്കാൻ തുടങ്ങിയതുകൊണ്ട് അദ്ദേഹവുമിപ്പോൾ സ്വന്തം വീടിന് പുറത്താണ്. എന്റെ ഭർത്താവ് പുരുഷനാണ്. അദ്ദേഹം മറ്റുള്ളവരുടെ കണ്ണിൽ ഹോമോസെക്ഷ്വൽ ആയിരിക്കാം. പക്ഷേ ഞങ്ങളുടെ ബന്ധം സ്ട്രൈറ്റ് ആണ്. ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം തന്നെയാണ് ഞങ്ങളുടേതും.

**സ്വവർഗ്ഗഭോഗികളെ 'പ്രകൃതിവിരുദ്ധർ' എന്ന് പൊതുസമൂഹം വിശേഷിപ്പിക്കാറുണ്ട്. അതിനോടെങ്ങനെ പ്രതികരിക്കുന്നു?**

എന്താണ് പ്രകൃതിവിരുദ്ധം എന്ന് പ്രകൃതിയാണ് പറയേണ്ടത്. ഈ ഭൂമിയിൽ ഇപ്പോൾ സംഭവിക്കുന്നതൊക്കെ പ്രകൃതിക്ക് അനുരൂപമാണൊ. ഏതോ വിവരമില്ലാത്തവൻ എഴുതിവെച്ച വാക്കാണ് 'പ്രകൃതിവിരുദ്ധം' എന്നത്. ഒന്നാലോചിച്ചുനോക്കു. ഭൂമിയിലെ മറ്റെല്ലാജീവികളും ഭക്ഷണം പച്ചയ്ക്കു കഴിക്കുന്നു. മനുഷ്യൻ മാത്രം വേവിച്ചു കഴിക്കുന്നു, വസ്ത്രം ധരിക്കുന്നു, വിവാഹം കഴിക്കുന്നു, വീടുവെയ്ക്കുന്നു. എല്ലാം പ്രകൃതി വിരുദ്ധമല്ലേ? അതിൽ രതിതാത്പര്യം കൊണ്ടുമാത്രം എങ്ങനെയാണ് പ്രകൃതി വിരുദ്ധരുണ്ടാവുക, പ്രത്യുത്പാദനത്തിനുപകരിക്കാത്തത് എന്ന അർത്ഥത്തിലാണ് ലൈംഗികത പ്രകൃതിവിരുദ്ധമാകുന്നതെങ്കിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള എല്ലാബന്ധങ്ങളും പ്രത്യത്പാദനത്തിനു വേണ്ടിയല്ല. അതൊക്കെ പ്രകൃതി വിരുദ്ധമാകേണ്ടെ?

**ഇപ്പോൾ മനസ്സിൽ കൊണ്ടുനടക്കുന്ന സ്വപ്നം എന്താണ്?**

കൃത്യമായി ശമ്പളം കിട്ടുന്ന ഒരു ജോലിവേണം അതോടൊപ്പം വിവാഹം രജിസ്റ്റർ ചെയ്യാൻ കഴിയണം. ഏതെങ്കിലും രണ്ട് സിറ്റികളിലെങ്കിലും ഞങ്ങളെപോലെ ജനിച്ച വീട്ടിൽനിന്ന് പുറത്താകുന്നവർക്ക് ജീവിക്കാൻ ഷെൽട്ടർ ഗവൺമെന്റ് നൽകണം. തോമസ് ഐസക് സർ ഇ.എം.എസ്. ഭവന പദ്ധതിയിൽ ഞങ്ങളെപോലുള്ളവരെയും ഉൾപ്പെടുത്താം എന്ന് ഒരിക്കൽ പറഞ്ഞിരുന്നു. അത് സാധ്യമായിരുന്നെങ്കിൽ ഭയക്കാതെ ജീവിക്കാമായിരുന്നു. ഞങ്ങൾക്കും ജീവിക്കേണ്ടെ, ഞങ്ങൾക്കും സെക്സ് ചെയ്യേണ്ടെ.

**സാധാരണ ഞാൻ കണ്ടുവരുന്നത് ട്രാൻസ് ഐഡന്റിറ്റിയിലുള്ളവർ മാധ്യമങ്ങൾക്കുമുന്നിലും മറ്റും പ്രത്യക്ഷപെടുമ്പോൾ വളരെയധികം മെയ്ക്കപ്പ് ചെയ്യുന്നു. എന്തിനാണത്?**

നിങ്ങൾ അറിയേണ്ടുന്ന ഒരു കാര്യം ഞങ്ങൾ സ്ത്രീകളിൽനിന്ന് സ്ത്രീയാകുന്നതല്ല. ഒരു പുരുഷന്റെ ശാരീരകഘടനകളോടെ ജനിക്കുന്നവരാണ് എന്നതാണ്. ഞങ്ങളുടെ ശരീരത്തിന്റെ പുരുഷത്വത്തെ മറയ്ക്കാനും സ്ത്രീത്വത്തെ ശ്രദ്ധിപ്പിക്കാനുംവേണ്ടി കൃത്രിമമായെങ്കിലും ഞങ്ങൾക്ക് ശ്രമിക്കേണ്ടതുണ്ട്. പിന്നെ അനുകരണം തന്നെയാണ് പ്രധാനം. ഞങ്ങൾ സ്ത്രീയാകാൻ ശ്രമിക്കുകയാണ്. അത് ഞങ്ങൾക്ക് ആഹ്ലാദം തരുന്നു. നാച്വറാലിറ്റിയും ആർട്ടിഫിഷാലിറ്റിയും രണ്ടാണ്. ഞങ്ങൾ ആർട്ടിഫിഷാലിറ്റിയിലൂടെ ജീവിക്കാൻ വിധിക്കപ്പെട്ടവരല്ലേ? ഞങ്ങൾക്ക് ലിംഗമാറ്റം ചെയ്യാത്തതുകൊണ്ട് പല ശാരീരിക പ്രശ്നങ്ങളും മറച്ചുവെക്കേണ്ടതുണ്ട്. അതിനുവേണ്ടികൂടിയാണ്.

**ട്രാൻസ്ജെൻഡേഴ്സ് എന്തുകൊണ്ടാണ് പഠനം പൂർത്തിയാക്കാത്തത്? സ്വന്തമായി ജോലികണ്ടെത്തുന്നവരും കുറവാണല്ലോ?**

ഡിസ്ക്രമിനേഷൻ തന്നെയാണ് പ്രധാനകാരണം. ഞങ്ങൾ വളരെയധികം ഡിസ്ക്രിമിനേഷൻ അനുഭവിക്കുന്നു. ആദ്യം വീട്ടിൽനിന്നും, സ്കൂളിൽനിന്നും നടക്കുന്ന വഴിയിൽപോലും ഡിസ്ക്രിമിനേഷൻ അനുഭവിക്കുന്നു. പിന്നെ ജോലിക്കു ശ്രമിച്ചാൽ പലരും അതിനെ തമാശരൂപത്തിൽ കാണും. ജോലികിട്ടിയാൽ അതിൽ തുടരണമെങ്കിലോ പലരേയും പലതരത്തിലും പ്രീതിപ്പെടുത്തേണ്ടിവരും. ഏതുമേഖലയിലും ചൂഷണമുണ്ട്. പിന്നെങ്ങനെ ജോലി ചെയ്യും? സെക്ഷ്വൽഹരാസ്മെന്റ് ഞങ്ങളനുഭവിക്കുന്ന വലിയ പ്രശ്നമാണ്. ഞങ്ങൾ ആരോടാണ് തുറന്നുപറയുക? ആരാണ് സംരക്ഷിക്കുക? ഞാനെന്റെ കുട്ടിക്കാലത്ത് അമ്മയോട് പറയുമായിരുന്നു. പക്ഷേ അമ്മയ്ക്ക് എന്തുചെയ്യാൻ സാധിക്കും.

**വളരെ യാന്ത്രികമായ പരിതസ്ഥിതിയിൽ പോലും ഹോമോസെക്ഷ്വൽ ബന്ധങ്ങൾ നടന്നുവരുന്നുണ്ട്. എങ്ങനെയാണ് അത് സാധ്യമാകുന്നത്. പരസ്പരം ഒരടുപ്പം രൂപപെട്ടാലല്ലേ സെക്സ് സാധിക്കൂ.**

ഞങ്ങളെ സംബന്ധിച്ച് സെക്സിന് വേറെ മാർഗ്ഗങ്ങളില്ല. നിങ്ങൾക്ക് ഒരു പ്രായമാകുമ്പോൾ വിവാഹം കഴിക്കാം. എല്ലാവരുടെയും സമ്മതത്തോടെ ബന്ധപ്പെടാം. ഞങ്ങളുടെ അവസ്ഥയെന്താണ്. ഞങ്ങളെ എങ്ങനെയെങ്കിലും പുറത്താക്കാനും ഒഴിവാക്കാനും പരിഹസിക്കാനുമാണ് എല്ലാവരും ശ്രമിക്കുന്നത്. ഞങ്ങളുടെ ലൈംഗികതാത്പര്യങ്ങളെ ഞങ്ങളെങ്ങനെ വെളിപ്പെടുത്തും. അത്തരം സാഹചര്യത്തിൽ കുറച്ചു നേരത്തിനാണെങ്കിലും ഒരാൾ തരുന്ന സ്നേഹവും രതിയും സ്വീകരിക്കാനേ ഞങ്ങൾക്കാവു. അതിന് പരിചയമോ, സാഹചര്യമോ ഒരു പ്രശ്നമല്ല. ഞങ്ങൾക്ക് സ്നേഹം വേണം. തലോടൽ വേണം, പരിഗണനവേണം. അതിനുവേണ്ടി ഞങ്ങൾ ഇങ്ങനെയൊക്കെ ആകുന്നു.

**ഒരു ട്രാൻസ്ജെൻഡർ മറ്റൊരു ട്രാൻസ്ജെൻഡറുമായി ശാരീരികബന്ധം പുലർത്താറുണ്ടോ?**

ഉണ്ട്. ചിലസാഹചര്യങ്ങളിൽ ഞങ്ങൾക്ക് അത്തരം ബന്ധങ്ങളുണ്ടാവാം. കാരണം കേരളത്തിലെ മുപ്പത് ശതമാനം ട്രാൻസ് ജെൻഡറുകളും വിവാഹിതരാണ്. അവർക്ക് സമൂഹത്തിന്റെ കണ്ണിൽ പൊടിയിട്ട് ജീവിക്കുവാൻ സാഹചര്യം നൽകുന്നത് സമൂഹം തന്നെ. അങ്ങനെ വിവാഹം കഴിക്കുന്നവർ അവരുടെ പാർട്ണറെ ശരിക്കും ചതിക്കുകയാണ് ചെയ്യുന്നത്. ഭാര്യയറിയാതെ ഒട്ടേറെ ബന്ധങ്ങൾ പുലർത്തുന്ന ട്രാൻസ്ജെൻഡറുകളെ എനിക്കറിയാം.

**ഭരതനാട്യത്തിൽ എം.ഫിൽ ചെയ്യുന്ന വിദ്യാർത്ഥിയും ഗേ സെക്സ്വർക്കറുമായ അരുണുമായുള്ള അഭിമുഖം**

**അരുൺ ലൈംഗികന്യൂനപക്ഷത്തെ പ്രതിനിധീകരിക്കുന്നുണ്ടോ?**

ഉണ്ട്. ഞാനൊരു ഗേ സെക്സ് വർക്കറാണ്. വിദ്യാഭ്യാസം നേടിയിട്ടുണ്ടെങ്കിലും ലൈംഗികതാത്പര്യങ്ങളെ ഇല്ലായ്മ ചെയ്യാനാവില്ലല്ലോ. എന്റെ ലൈംഗികസംതൃപ്തിക്കും പൂർത്തീകരണത്തിനുവേണ്ടി ഞാൻ സെക്സ്വർക്ക് ചെയ്യുന്നു.

**എന്തുകൊണ്ടാണ് ഒരൊറ്റ ഇണയെ സ്വീകരിച്ച് ജീവിതം നയിക്കാത്തത്?**

ഞാൻ വ്യത്യസ്തത ഇഷ്ടപ്പെടുന്നു. പിന്നെ വിശ്വസ്തനായ ഒരു പാർട്ണറെ ഇതുവരെ എനിക്കു കണ്ടെത്താനും ആയിട്ടില്ല.

**താങ്കൾക്ക് ഒരു സ്ത്രീയുമായി ശാരീരികബന്ധം പുലർത്താൻ സാധിച്ചിട്ടുണ്ടോ?**

ഇല്ലന്നു പറയാൻ പറ്റില്ല. പക്ഷേ ആ സമയത്ത് പൂർണനായ ഒരു പുരുഷനായി എനിക്കാബന്ധം പൂർത്തീകരിക്കാനായില്ല. ഞാനപ്പോൾ പുരുഷനുമായി ബന്ധപ്പെടുന്നതായി സങ്കല്പിച്ചാണ് ലൈംഗികപ്രവൃത്തി ചെയ്തത്. അതെന്നെ വല്ലാതെ മടുപ്പിച്ചു. പിന്നെ ഞാനത്തരം പ്രവൃത്തികൾക്ക് മുതിർന്നിട്ടില്ല. മാത്രമല്ല മറ്റു പുരുഷനെപോലെ ഒരു

സ്ത്രീ എന്നെ തൊട്ടാലൊ തലോടിയാലൊ എന്റെ ഉള്ളിൽ സ്ത്രീത്വമുള്ളതുകൊണ്ട് എനിക്ക് ലൈംഗികതാത്പര്യം ഉണർന്നുവരില്ല.

**നിങ്ങളുടെ ഉള്ളിലെ സ്ത്രീത്വത്തെ എപ്പോഴാണ് തിരിച്ചറിഞ്ഞത്?**

എന്റെ കുട്ടിക്കാലത്ത് ഞാനൊരു കോൺവെന്റിലാണ് പഠനകാലം ചിലവഴിച്ചത്. ആ കോൺവെന്റിന്റെ നടത്തിപ്പുകാരനായ ഒരു ഫാദർ എന്നെ അന്ന് ലൈംഗികമായി ഉപയോഗിച്ചിട്ടുണ്ട്. ആ അനുഭവത്തിനുശേഷം എന്റെ കൂട്ടുകാരിൽ പലരും ഇത്തരം ആവശ്യത്തിനായി എന്നെ സമീപിച്ചു തുടങ്ങി. ഞാൻ ഒരു സ്ത്രീയാണെന്നും എന്നെ സമീപിക്കുന്നവരൊക്കെ എന്റെ പുരുഷൻമാരാണെന്നും ഞാൻ ചിന്തിക്കാൻ തുടങ്ങി. ആരും അടിച്ചേൽപ്പിച്ച സ്ത്രീത്വമല്ല എനിക്കുള്ളത്. ദൈവം എന്നം അനുഗ്രഹിച്ചു എന്നാണ് ഞാൻ വിചാരിക്കുന്നത്. കാരണം ഇങ്ങനെയായതുകൊണ്ട് സ്ത്രീയെന്ത്, പുരുഷനെന്ത് രണ്ടുപേരുടെയും ചതി എപ്രകാരമാണ് തുടങ്ങിയ കാര്യങ്ങൾ എനിക്ക് മനസ്സിലാക്കാനായി. ഞാനെന്റെ ഈ ജീവിതത്തിൽ അഭിമാനിക്കുന്നു. ഞങ്ങൾക്ക് ഈശ്വര കൃപ വളരെ കൂടുതലാണ്. വൈകല്യത്തോടെ ഞങ്ങളെ ജനിപ്പിച്ചില്ലല്ലോ. മാത്രമല്ല ഞങ്ങൾക്ക് അനുഗ്രഹങ്ങൾ നൽകാനുള്ള അനുമതിയും തന്നു. എന്റെ വീടിനടുത്ത് താമസിക്കുന്ന പലരും എന്റെ കയ്യിൽനിന്ന് കൈ നീട്ടം വാങ്ങുന്നു. ഒന്നാന്തി വീട്ടിൽ കേറാൻ വിളിക്കുന്നു. അതൊക്കെ ദൈവം തന്ന അനുഗ്രഹത്തിന്റെ ഭാഗമല്ലേ.

**ഒരു പുരുഷന്റെ ഭാര്യയാവാൻ നിങ്ങൾക്ക് സാധിക്കുമോ?**

ഒരിക്കലുമില്ല.

**ഒരു കുഞ്ഞിന്റെ അച്ഛനാവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?**

ആഗ്രഹമുണ്ട്. പക്ഷേ ഒരു സ്ത്രീയിൽ ഗർഭധാരണം നടത്താൻ എനിക്ക് താത്പര്യമില്ല. നിയമം അനുവദിക്കുമെങ്കിൽ ഞാൻ ദത്തെടുക്കും. ഒരാൺകുഞ്ഞിനെയാണ് ദത്തെടുക്കുക. ആ കുഞ്ഞിന്റെ അച്ഛനും അമ്മയും ഞാൻ തന്നെയായിരിക്കും. പെൺകുഞ്ഞിനെ ദത്തെടുത്താൽ അവളുടെ വളർച്ചയുടെ എല്ലാ കാലത്തും അത് കൈകാര്യം ചെയ്യാൻ എനിക്കാവില്ല. പിന്നെ എന്നെ തേടിവരുന്നവർ ആ കുഞ്ഞിനെ ചൂഷണം ചെയ്യാനും സാധ്യതയുണ്ട്. ആൺകുട്ടികൾക്കും ഇത്തരം സാഹചര്യം നേരിടേണ്ടിവരുമെങ്കിലും എന്റെ കൂടെ കിടത്താനും കൊണ്ടുനടക്കാനും സംരക്ഷിക്കാനും ഏതു പ്രായത്തിലായാലും എനിക്ക് സാധിക്കും.

**നിങ്ങൾ വായിക്കാറുണ്ടോ?**

നിങ്ങൾ ഉദ്ദേശിച്ച വായന പുസ്തകവായനയാണല്ലോ. അത്തരം വായനകൾ കുറവാണ്. ഒന്നാമത് ഡാൻസ് പരിപാടികളും മറ്റുമായി നടക്കുന്നതുകൊണ്ട് സമയം കിട്ടാറില്ല എന്നതാണ് ശരി. പക്ഷേ മറ്റു പലവായനകളും നടത്തും. അതായത് പുരുഷൻമാർ

ഞങ്ങളെ സമീപിച്ച്, വായിക്കുമോ എടുക്കോ, കൊടുക്കൊ, തരുമോ എന്നൊക്കെ ചോദിക്കുന്നത് വദനസുരതത്തെക്കുറിച്ചുള്ള കോഡ് ഭാഷയായിട്ടാണ്.

**'എടി, പോടി' തുടങ്ങിയ സ്ത്രീ സംജ്ഞകളാൽ അഭിസംബോധനചെയ്യുന്നത് ഇഷ്ടമാണോ?**

അതാണ് ഞങ്ങൾക്കിഷ്ടം. എടി എന്നു വിളിക്കുമ്പോൾ ഞങ്ങളെ അംഗീകരിക്കുന്നതായി തോന്നും. എടാ പോടാ എന്നു വിളിക്കുന്നതുകേൾക്കുമ്പോൾ ദേഷ്യമാണ് വരിക. ഞങ്ങൾ കൂട്ടുകാർ തമ്മിൽ വിളിക്കുന്നത് 'എടി, പോടി', 'മോളെ' എന്നൊക്കെയാണ്. പബ്ലിക്കിന്റെ മുന്നിൽ മാത്രം ഞങ്ങൾ അങ്ങനെ വിളിക്കുന്നില്ല.

**വീടുമായി ബന്ധപ്പെട്ട് എങ്ങനെയുള്ള ജോലിചെയ്യാനാണ് ഇഷ്ടം?**

ഞാൻ നന്നായി കുക്ക് ചെയ്യും. വീട് നന്നായി അടുക്കി പെറുക്കി വെയ്ക്കും. ഒരു സ്ത്രീചെയ്യുന്ന വീട്ടുജോലികളെല്ലാം ചെയ്യും.

**സെക്സ്‌വർക്കറായി പോകുമ്പോൾ കിട്ടുന്ന പണം എന്തു ചെയ്യും?**

അതൊരിക്കലും കൂട്ടിവെയ്ക്കാറില്ല. അപ്പപ്പോൾ വരുന്ന ആവശ്യങ്ങൾക്ക് ഉപയോഗിക്കും. നല്ലഭക്ഷണം കഴിക്കാനും കറങ്ങിനടക്കാനുമൊക്കെ അ പണമാണ് ഉപയോഗിക്കുക. സേവ് ചെയ്യുന്നത് എന്റെ ഡാൻസ് പ്രൊഫഷനിൽനിന്നു കിട്ടുന്ന പണമാണ്. ഞാനിപ്പോൾ സ്വന്തമായി ഒരുവീടു വാങ്ങിച്ചു. അമ്മ എന്നോടൊപ്പമാണ് താമസിക്കുന്നത്.

**ഒരു പാർട്ണറെ നിങ്ങളിലേക്ക് ആകർഷിക്കാൻ നിങ്ങളെന്തൊക്കെ ചെയ്യും?**

എന്നിൽ എന്തെങ്കിലും വ്യത്യസ്തതയുണ്ടെന്ന് ഞാനാദ്യം അയാളെ ബോധിപ്പിക്കണം. അതിനായി സാധാരണ താളത്തിലല്ലാതെ 'അന്നനട'യായി രണ്ടുമുന്ന് തവണ അയാൾക്ക് മുന്നിലൂടെ നടക്കും. പിന്നെ അയാളുടെ ശ്രദ്ധകിട്ടുന്ന ഒരു ഭാഗത്തേക്ക് മാറി നിൽക്കും. രണ്ടോ മൂന്നോ പ്രാവശ്യം കണ്ണുകളിലൂടെ താത്പര്യം വ്യക്തമാക്കും. ഇപ്പോഴത്തെ കാലത്ത് പുരുഷൻമാർക്ക് പെട്ടന്ന് കാര്യം മനസ്സിലാകും. ചിലർ, കൂട്ടുകാരുള്ളപ്പോൾ നമ്മളോട് ദേഷ്യപ്പെടും. ഒറ്റയ്ക്ക് നിൽക്കുന്ന പുരുഷൻമാരെ പെട്ടന്ന് സ്വാധീനിക്കാൻ പറ്റും. ചിലർക്ക് താത്പര്യമുണ്ടാവില്ല. അങ്ങനെയുള്ളവർ ചിലപ്പോൾ ഉപദ്രവിക്കാനും സാധ്യതയുണ്ട്.

**നിങ്ങളിലാരെങ്കിലും എച്ച്.ഐ.വി പോസിറ്റീവാണോ?**

ഞങ്ങളാരും അല്ല. പക്ഷേ അങ്ങനെയുള്ളവർ ഞങ്ങൾക്കിടയിലുണ്ട്. എത്ര അവെയർനസ് കൊടുത്താലും പാർട്ണേഴ്സിനോടുള്ള അമിതമായ വിശ്വാസം കൊണ്ട് പ്രിക്കോഷൻസ് എടുക്കാതെ ബന്ധപ്പെടുന്നതിനാൽ അപകടം പറ്റുന്നവർ ധാരാളം.

**സ്ത്രീയും പുരുഷനും എന്ന ലൈംഗികചിന്താധാരകളിൽ നിങ്ങളുടെ സ്ഥാനം നിങ്ങൾ എങ്ങനെ സ്ഥാപിച്ചെടുക്കുന്നു?**

സാധാരണ സ്ത്രീ പുരുഷബന്ധങ്ങളിൽ പുരുഷന്റെ പുരുഷഭാവം മാത്രമേ സംതൃപ്തമാകുന്നുള്ളു. ഞങ്ങളുടെ അടുത്തുവരുന്ന പുരുഷന്മാരിലെ സ്ത്രീയേയും പുരുഷനേയും സംതൃപ്തമാക്കാൻ ഞങ്ങൾക്ക് കഴിയും. തൊട്ടും തലോടിയും ഞങ്ങളത് ഉണർത്തിയെടുക്കും. ഞങ്ങളുടെ വികാരങ്ങളെ ശമിപ്പിക്കാനാണ് ഞങ്ങൾ ഇണയുടെ അടുത്തേക്ക് ചെല്ലുന്നത്. അതുകൊണ്ട് ഞങ്ങൾ ആസ്വദിച്ച് രതിയിലേർപ്പെടുന്നു. ചിലഭാഗങ്ങളിൽ ഞങ്ങൾ നടത്തുന്ന സ്പർശനം, ചുംബനം എന്നിവ പുരുഷനെ ഉണർത്തും. സ്ത്രീയിൽ സംതൃപ്തരാകാത്തവർക്ക് ഞങ്ങളാണ് സംതൃപ്തി നൽകുക. അതുകൊണ്ടല്ലേ ഞങ്ങൾക്കിത്രയധികം പാർട്ണേഴ്സിനെ കിട്ടുന്നത്. സെക്സ് ആസ്വദിച്ചു ചെയ്യേണ്ട ഒരു കലയാണ്.

**ഏതെങ്കിലും സംഘടനയിൽ മെമ്പറാണോ?**

ആദ്യം സേവനയിൽ വർക്ക് ചെയ്തു. പിന്നെ 'ഫേം', 'സുരക്ഷ', ഇപ്പോൾ 'പെഹ്ചാൻ' എന്ന സംഗമ പ്രോജക്ടിൽ വർക്കുചെയ്യുന്നു. പക്ഷേ വളരെയധികം വഞ്ചനകൾ ഇത്തരം സംഘടനകളിലുണ്ട്. കാരണം അവരുടെ ടാർഗറ്റ് ഫില്ല് ചെയ്യാനുള്ള ഉപാധിമാത്രമാണ് ഞങ്ങൾ. അവർ ഇന്റർനാഷണൽ പ്രോജക്ടിന്റെ ഭാഗമായിട്ടായിരിക്കും പ്രവർത്തിക്കുന്നത്. ഇന്ത്യയിൽ ഇത്ര എച്ച്.ഐ.വി.പോസിറ്റീവുണ്ട്. ഇത്ര പേർ കോണ്ടം ഉപയോഗിക്കുന്നു? ഹോമോ സെക്ഷ്വൽസായിട്ടുള്ളവരെത്ര? തുടങ്ങിയ കണക്കുകളാണ് അവർക്കുവേണ്ടത്. തുച്ഛമായ വേതനം തന്ന് ഞങ്ങളെ പണിയെടുപ്പിക്കുന്നു. ഹിന്ദുസ്ഥാൻ ലാക്ടസിന്റെ വിവിധതരം കോണ്ടം വിൽക്കുന്നതിന് അവരുമായി കരാറുണ്ടാക്കി ഞങ്ങളെക്കൊണ്ട് ജോലി ചെയ്യിക്കുന്നു. അവരുടെ ടാർഗറ്റ് ഫില്ല് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഞങ്ങളുടെ ഇൻസെന്റീവ്സിൽ കുറവുവരുത്തും. ആകെ തരുന്ന 1700 രൂപയിൽനിന്ന് 200, 300 ഒക്കെ കട്ടുചെയ്യും. 'ഫേം' എന്ന എൻ.ജി.ഒ. മാത്രമേ സത്യസന്ധമായി പ്രവർത്തിച്ചിട്ടുള്ളു. അത് പെട്ടന്ന് പ്രവർത്തനം നിലച്ചപ്പോൾ ഞങ്ങൾക്ക് എന്തുചെയ്യണമെന്നറിയാതെ പകച്ചുപോയി. വിദ്യാഭ്യാസമില്ലാത്തവരായ എന്റെ കൂട്ടുകാരെ ശരിക്കും പറ്റിക്കുയാണ്. പല മീറ്റിങ്ങൾക്കും ഞങ്ങളെ വിളിക്കും. വെറുതെ ഒപ്പും വാങ്ങിച്ച് തിരിച്ചയക്കും. അതിനപ്പുറം ഞങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുകയോ ചർച്ച ചെയ്യുകയെ ചെയ്യില്ല. ചിലപ്പോഴൊക്കെ ഞങ്ങളെ രണ്ടാം തരക്കാരായും മോശക്കാരായും ഇത്തരം ഓർഗനൈസേഷൻ നടത്തിപ്പുകാർ ചിത്രീകരിക്കാറുണ്ട്.

**നിങ്ങൾ വെറുക്കുന്ന എന്തെങ്കിലുമുണ്ടോ?**

എനിക്ക് പുരുഷവർഗത്തെ വെറുപ്പാണ്. കാരണം അവർ അധികാരമേൽക്കോയ്മ കൊണ്ട് സ്ത്രീകളേയും ഞങ്ങളേയുമൊക്കെ അടിച്ചമർത്താൻ ശ്രമിക്കുന്നവരാണ്. 'യൂസ് ആന്റ് ത്രോ' സംസ്കാരം വെച്ചുപുലർത്തുന്നവരാണ് പുരുഷൻമാർ. ഞാൻ സ്നേഹിക്കുന്നതും വെറുക്കുന്നതും പുരുഷൻമാരെയാണ്.

## 5

## 'ട്രാണി' കൗൺസിലർ രാജശേഖരനുമായുള്ള അഭിമുഖം

**സർ, 'ഇടംതേടി' എന്ന പേരിൽ എഴുതിയ പുസ്തകം വായിച്ചിട്ടുണ്ട്. വിമതലൈംഗികരെക്കുറിച്ച് കൂടുതൽ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. വിവരങ്ങൾ പങ്കുവെക്കാൻ അങ്ങേക്ക് സമ്മതമല്ലേ?**

വിവരങ്ങൾ പങ്കുവെക്കാൻ എനിക്ക് സന്തോഷമേയുള്ളൂ. വിമതലൈംഗികരെക്കുറിച്ച് പഠിക്കാൻ എടുത്ത തീരുമാനത്തെ ഞാൻ അംഗീകരിക്കുന്നു. അഭിനന്ദിക്കുന്നു. അവരെക്കുറിച്ചും ലോകം അറിയണം.

**സർ, ഒരു കൗൺസിലർ കൂടിയാണല്ലോ? വിമതരതിക്കാർക്ക് കൗൺസിലിങ്ങ് ചെയ്യേണ്ടിവന്നിട്ടുണ്ടോ?**

സെക്ഷ്വൽ മൈനോറിറ്റി ഗ്രൂപ്പിൽപ്പെട്ടവർക്കുവേണ്ടി സ്ഥാപിച്ച കൗൺസിലിംഗ് യൂണിറ്റാണ് ട്രാണി. 'ഫേം'എന്ന ഓർഗനൈസേഷനാണ് ഇത് സ്ഥാപിച്ചത്. പത്രപ്രവർത്തകനായ ഞാൻ എന്റെ ഒഴിവുസമയങ്ങളിൽ ചെയ്യുന്ന സാമൂഹ്യസേവനം എന്ന നിലയ്ക്കാണ് ട്രാണിയിൽ കൗൺസിലിംഗ് നടത്തിതുടങ്ങിയത്. ഇപ്പോഴത് മുഴുവൻ സമയപ്രവർത്തനമായി മാറി.

**ഏതുപ്രായത്തിൽ പെട്ടവരാണ് കൗൺസിലിംഗിനായി കൂടുതൽ വരുന്നത്?**

കൗൺസിലിംഗിന് അങ്ങനെ പ്രായമൊന്നുമില്ല. പത്തുവയസ്സു മുതൽ 70 വയസ്സുള്ളവർ വരെ വന്നിട്ടുണ്ട്. പത്തുവയസ്സിൽ അവർക്ക് എന്താണ് പ്രശ്നമെന്നൊന്നും അറിയില്ല. പക്ഷേ എന്തോ പ്രശ്നമുണ്ടെന്ന് പാരന്റ്സ് ചിന്തിച്ചുതുടങ്ങുമ്പോൾ അവർ ചികിത്സയ്ക്കു കൊണ്ടുവരുന്നു. അച്ഛനമ്മമാരിൽനിന്നുണ്ടാകുന്ന ചില അലക്ഷ്യതയും കുട്ടികളിൽ തെറ്റായ ചിന്ത വരുത്താറുണ്ട്.

**ട്രാണിയുടെയും ഫേമിന്റെയും പ്രവർത്തനളെക്കുറിച്ച് പറയാമോ?**

ട്രാണി ആദ്യമായി തുടങ്ങുന്നത് എച്ച്.ഐ.വിയുടെ ബോധവത്ക്കരണത്തിന്റെ ഭാഗമായാണ്. എച്ച്.ഐ.വി.ക്കാർക്ക് 24 മണിക്കൂർ ഹെൽപ്പ്ലൈൻ എന്ന ആശയമായിരുന്നു. തുടക്കത്തിൽ പ്രധാനമായും കൗൺസിലിംഗ് ആണ് നടത്തിക്കൊണ്ടിരുന്നത്. അന്ന് ഈ പ്രവർത്തനം ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. അതുകൊണ്ടാണ് ഫേം അത് ഏറ്റെടുത്തത്. പിന്നീട് സെക്സ്വർക്കേഴ്സിന്റെ പ്രശ്നങ്ങളിലേക്ക് ശ്രദ്ധവെച്ചു. സെക്സ് വർക്കേഴ്സ് യൂണിയൻ ഒരു ട്രേഡ്യൂണിയനായി രജിസ്റ്റർചെയ്തു. അതുകഴിഞ്ഞാണ് പുരുഷസെക്സ്വർക്കേഴ്സിനെ ഒന്നിപ്പിക്കുന്നത്. ഫേം എന്നത് യൂറോപ്യൻ യൂണിയന്റെ

ഒരു പ്രൊജക്ടായിരുന്നു.പിന്നെ സാമ്പത്തികമാന്ദ്യം വന്നതോടെ പ്രൊജക്ട് പെട്ടെന്ന് നിർത്തേണ്ടിവന്നു.

**ഫേമിന് തൃപ്തികരമായി ജോലിചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ?**

ഫേമിന്റെ പ്രവർത്തനം പ്രധാനമായും ഫണ്ടിനെ ആശ്രയിച്ചായിരുന്നു. 50 ലക്ഷം രൂപവീതം വരുന്ന 4 പ്രൊജക്ടുകൾ ഒരേസമയം ഞങ്ങൾ ചെയ്തിരുന്നു. പക്ഷേ ഫണ്ട് പെട്ടെന്ന് നിന്നപ്പോൾ പ്രവർത്തനം നിർത്തേണ്ടിവന്നു. സംഘടനാതലത്തിലേക്ക് ഉയർന്നുവന്നിരുന്ന മെയിൽ സെക്സ് വർക്കേഴ്സിന്റെയൊക്കെ പ്രവർത്തനങ്ങളെ പെട്ടെന്ന് പിരിച്ചുവിടേണ്ടിവന്നു.

**ആരൊക്കെയാണ് 'ഫേമിന്' ഫണ്ട് നൽകിയിരുന്നത്?**

പ്രധാനമായും യൂറോപ്യൻ യൂണിയൻ രാജ്യങ്ങളായിരുന്നു. കേരള ഗവണ്മെന്റിന്റെ എയ്ഡ് കൺട്രോൾ യൂണിയന്റെ സഹായവുമുണ്ടായിരുന്നു. സെക്സ് വർക്കേഴ്സ് ഫോറം സംഘടിപ്പിക്കാൻ വളരെയധികം ബുദ്ധിമുട്ടി.

**ഇടംതേടി എന്ന പുസ്തകത്തിൽ പറയുന്നു നന്ദു ട്രാൻസ്ജെൻഡർ ആണെന്ന്. ട്രാൻസ്ജെൻഡറായ നന്ദുവിനെ എന്തുകൊണ്ടാണ് ലെസ്ബിയനായി ചിത്രീകരിച്ചത്?**

ഞങ്ങളെ സഹായിക്കുന്ന സംഘടനകൾക്ക് ഓരോ പ്രൊജക്ടിന്റെ പേരിലേ പണം നൽകാൻ സാധിക്കുമായിരുന്നുള്ളു. ലെസ്ബിയൻസിനെ സംരക്ഷിക്കാനാണ് ലെസ്ബിയൻ പ്രൊജക്ട്. കേരളത്തിൽ ലെസ്ബിയൻ ഉണ്ടെന്ന് തെളിയിക്കണമായിരുന്നു. നന്ദു ഒരുപക്ഷേ ട്രാൻസ്ജെൻഡർ ആയിരിക്കാം. സാഹചര്യവശാൽ നന്ദു ഷീലബന്ധം ലെസ്ബിയൻ ബന്ധമാണെന്ന് തെറ്റിദ്ധരിക്കപ്പെട്ടു. അത് ഞങ്ങൾ ഉപയോഗിക്കുകയായിരുന്നു. അതിന്റെ ഫലം നന്ദുവിന് മാത്രമല്ല ഒട്ടേറെ പേർക്ക് ലഭിച്ചു. നന്ദുവിനോട് അന്യായമായി പെരുമാറിയെങ്കിലും നന്ദുവിനെ തള്ളിക്കളയാൻ വേണ്ടിയല്ല. സംരക്ഷണം നൽകാൻ വേണ്ടിയാണ്. നന്ദുവിന് S.R.S സർജറി നടത്താനുള്ള പണമൊക്കെ നൽകിയത് 'ഫേം'ആണ്.

**ഫേം എന്ന എൻ.ജി.ഒ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പിരിച്ചുവിട്ടതാണോ?**

'ഫേം' നല്ല ആശയങ്ങളോടെയാണ് ആരംഭിച്ചത്. പക്ഷേ, അതിന്റെ പ്രവർത്തനം പലപ്പോഴും ചില വ്യക്തികളിൽ മാത്രമായി ഒതുങ്ങി. പ്രത്യേകിച്ചും ഫണ്ട് ചെലവഴിക്കുന്ന കാര്യങ്ങളിലൊക്കെ ലക്ഷക്കണക്കിന് ശമ്പളം വാങ്ങുന്ന എൻ.ജി.ഒ ഉദ്യോഗസ്ഥർ യഥാർത്ഥപ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കാൻ തയ്യാറല്ലാത്ത സാഹചര്യം വന്നു. അതുപോലെ സെക്സ്വർക്കേഴ്സിനേയും മറ്റും പല മീറ്റിങ്ങുകൾക്കും മറ്റുമായി ഡൽഹിയിലേക്കൊക്കെ കൊണ്ടുപോയിരുന്നു. അവർ മീറ്റിങ്ങുകളേക്കാൾ പ്രാധാന്യം നൽകിയത് സെക്സ് ചെയ്യാനും കാശ് സമ്പാദിക്കാനുമായിരുന്നു. അവർക്ക് സെക്സ് ചെയ്യാൻ

ഗ്രൗണ്ട് ഉണ്ടാക്കലല്ലോ 'ഫേം'മിന്റെ ജോലി. അവരുടെ അവകാശങ്ങളെക്കുറിച്ച് ലോകത്തെ ബോധ്യപ്പെടുത്തുകയല്ലേ. പലപ്പോഴും ഇത്തരം പ്രവർത്തനങ്ങളെ ശക്തമായി താക്കീത് ചെയ്യേണ്ടിവന്നിട്ടുണ്ട്.

**ഇവിടെ ഏതുതരത്തിൽ പെട്ട വിമതലൈംഗികരാണ് കൂടുതലായുള്ളത്?**

ദ്വിലൈംഗികരാണ് ഇവിടെ കൂടുതലുള്ളത്. ട്രാൻസ്ജെൻഡർ ആയിട്ടുള്ള ആളുകളുടെ സെക്സ് ഹെട്രോസെക്ഷ്വലാണ്.

**നന്ദു, ഷീല ബന്ധം പുറത്തറിയിച്ചതിൽ ഫേമിന് പറ്റിയ പാളിച്ചയെന്ത്?**


കേരളത്തിൽ ആദ്യമായിട്ട് റിപ്പോർട്ട് ചെയ്യപ്പെട്ട ലെസ്ബിയൻ ബന്ധം നന്ദുവിന്റേതും ഷീലയുടേതുമാണ്. പക്ഷേ ഷീല ഒരിക്കലും ഒരു ലെസ്ബിയനല്ല. അവൾ ഹെട്രോസെക്ഷ്വലായിരുന്നു. നന്ദു അവരെ ചില സാഹചര്യങ്ങൾകൊണ്ട് സഹായിക്കാൻ ചെന്നതായിരുന്നു. ആ ബന്ധം പിന്നീട് ഇത്തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടു എന്നുമാത്രം. എങ്കിലും കേരളത്തിൽ സെക്ഷ്വാലിറ്റി ചർച്ച ചെയ്യപ്പെടുന്നത് ഷീല-നന്ദു ബന്ധത്തിലൂടെയാണ്. അതിനു തുടക്കം കുറിക്കാൻ ആ പ്രവർത്തനംകൊണ്ട് സാധിച്ചു. നന്ദുവിന്റെ സെക്സ് സ്ത്രീയുടേതോ പുരുഷന്റേതോ ആകാം. എന്നാൽ നന്ദുവിന്റെ ബോധം ജെൻഡറുമായി ബന്ധപ്പെട്ടിരിക്കുന്നു. സെക്സ് ബയോളജിക്കലാണ്. ജെൻഡർ ബോധതലമാണ്. ആ ബോധം രൂപപ്പെടുത്തുന്നതിൽ നന്ദുവിനെ സഹായിക്കുകയാണ് ചെയ്തത്. കുടുംബം പുറംതള്ളിയ നന്ദുവിന് സമൂഹത്തിൽ സ്പെയ്സ് ഉണ്ടാക്കികൊടുത്തുത് ഫേം ആണ്.

# അനുബന്ധം രണ്ട്

## ചിത്രങ്ങൾ



**എം. ടു എഫ്. ട്രൻസ്ജെൻഡറായ സൂര്യ**




**സൂര്യ ഹിജഡ കമ്മ്യൂണിലെ ഗുരുവായ ഹരിണിക്കൊപ്പം**



ചില സിനിമകളുടെ ചിത്രീകരണവേളയിൽ സൂര്യ







അർദ്ധനാരീശ്വരൻ എന്ന സിനിമയിലെ ചില രംഗങ്ങൾ





എം.എസ്.എമ്മുകളായ സെക്സ് വർക്കേഴ്സിനൊപ്പം
ഒരഭിമുഖ സംഭാഷണം







**ദ്വിലൈംഗികരായ ജോയിയും പ്രേമും**



**എഫ്. ടു എം. ട്രാൻസ്ജെൻഡറായ ദേവ**



ഗേ സെക്സ് വർക്കർ വിനു എന്ന അർച്ചന
പുരുഷവേഷത്തിൽ



വിനു എന്ന അർച്ചന സ്ത്രീവേഷത്തിൽ



**ഹിജഡയായ ഹരിണി**



**വിമത ലൈംഗിക ആക്ടിവിസ്റ്റ് ശീതൾ ശ്യാം**